നെയ്യാറ്റിൻകര മാസ്റ്റർ പ്ലാൻ 2038

നെയ്യാറ്റിൻകര നഗരസഭ
തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
കേരള സർക്കാർ
2023

മുഖവുര

നമ്മുടെ സംസ്ഥാനം ത്വരിത നഗരവത്ക്കരണത്തിന്റെ പാതയിലാണ്. ഇതോടൊപ്പം ഉയർന്നു വരുന്ന നിരവധി വികസന പ്രശ്നങ്ങൾക്കു പരിഹാരമായി ആസൂത്രിത വികസനം എന്ന കാഴ്ചപ്പാടിനെ മുൻനിർത്തി, എല്ലാ മുനിസിപ്പൽ പ്രദേശങ്ങൾക്കും മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് നെയ്യാറ്റിൻകര പട്ടണത്തിനു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗിനെ ചുമതലപ്പെടുത്തി നഗരസഭ തീരുമാനം കൈക്കൊണ്ടിരുന്നു. 1913-ൽ രൂപീകൃതമായ നെയ്യാറ്റിൻകര നഗരസഭ തിരുവനന്തപുരം ജില്ലയിൽ നിന്ന് കന്യാകുമാരിയിലേക്കുള്ള പ്രവേശന കവാടമായി വർത്തിക്കുന്നു. കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ഭൂമികയിൽ നെയ്യാറ്റിൻകരയ്ക്ക് സവിശേഷമായ സ്ഥാനമുണ്ട്.

നെയ്യാറ്റിൻകര നഗരസഭയുടെ 19/01/2013 ലെ 19 (1)-ാം നമ്പർ, 30/04/2018 ലെ 11 -ാം നമ്പർ എന്നീ തീരുമാനങ്ങൾ പ്രകാരം, തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്, മാസ്റ്റർ പ്ലാൻ ജോലികൾ ഏറ്റെടുക്കുകയും, മുനിസിപ്പാലിറ്റിയുടെ വികസന വിഭാവനകൾക്ക് അനുസൃതമായി സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തു. ഈ മാസ്റ്റർ പ്ലാനിൽ വിവിധ മേഖലകളിലെ വികസന പരിപ്രേക്ഷ്യങ്ങളെ അനുയോജ്യമായ രീതിയിൽ ഉൾക്കൊള്ളിക്കുവാനും സാധിച്ചിട്ടുണ്ട്. ഗതാഗത മേഖലകളിലെ നിലവിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുവാനും, ഭാവി വികസന സാധ്യതകൾ കണക്കിലെടുത്ത് നിർദ്ദിഷ്ട ഗതാഗത ശൃംഖല മാസ്റ്റർ പ്ലാനിൽ നിർദ്ദേശിക്കുവാനും സാധിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയുടെ ഭാവി വികസനം കണക്കിലെടുത്ത് നൂതനമായ വിവിധ വികസന പദ്ധതികളും മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനു പുറമെ പ്രകൃതിദത്ത ജലാശയങ്ങൾ, താഴ്ന്ന ഭൂപ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണത്തിനു മാസ്റ്റർ പ്ലാനിൽ ഊന്നൽ നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്, 06/12/2021-ലെ സ. ഉ. (കൈ) നം. 290/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുന്നതിനും, പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിനും അനുമതി ലഭിച്ചു. തുടർന്ന് 22.12.2021 -ലെ VOL. X, 3759 നമ്പർ ഗസറ്റിൽ വിജ്ഞാപനം ചെയ്ത് പ്രസിദ്ധീകരിച്ച മാസ്റ്റർപ്ലാൻ സംബന്ധിച്ച്, ജനങ്ങളിൽ നിന്ന് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും, നഗരസഭാ സ്പെഷ്യൽ കമ്മിറ്റി വിവിധ തലത്തിൽ ചർച്ച ചെയ്തു. ഈ ചർച്ചകളിലെ അഭിപ്രായ രൂപീകരണം കണക്കിലെടുത്ത് നഗരസഭാ കൗൺസിൽ ഉചിതമായ മാറ്റങ്ങൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നെയ്യാറ്റിൻകര മുനിസിപ്പൽ പ്രദേശത്തിന്റെ ഭാവി വികസനത്തിനായി പ്രാദേശിക കാഴ്ചപ്പാടോടു കൂടി വികസിപ്പിച്ച ഈ മാസ്റ്റർ പ്ലാൻ നിരവധി ചർച്ചകളുടെ ഫലമാണ്. നഗരസഭ കൗൺസിൽ 26.04.2023 ലെ 1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഈ മാസ്റ്റർപ്ലാൻ, നെയ്യാറ്റിൻകര നഗരസഭയുടെ സമഗ്രവും, സുസ്ഥിരവുമായ വികസനം പ്രാവർത്തികമാക്കുന്നതിനു സഹായിക്കുമെന്ന വിശ്വാസത്തോടെ ജനങ്ങൾക്കായി സമർപ്പിക്കുന്നു.

ചെയർമാൻ
നെയ്യാറ്റിൻകര നഗരസഭ

P.K. Raja Mohanan
Chairman
Neyyattinkara Municipality

ആമുഖം

പ്രാബല്യത്തിലുള്ള നഗര-ഗ്രാമാസൂത്രണ നിയമമനുസരിച്ച സംസ്ഥാനത്തെ നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിൽ നഗരസഭകൾക്ക് സാങ്കേതിക സഹായം നൽകുന്ന ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗിനാണ്. സംസ്ഥാനം ത്വരിത നഗരവൽക്കരണത്തിന്റെ പാതയിലാണെന്ന് സുവ്യക്തമായതിനാൽ സംസ്ഥാനത്തെ എല്ലാ നഗര അധിവാസകേന്ദ്രങ്ങൾക്കും മുൻഗണനാടിസ്ഥാനത്തിൽ വികസന രൂപരേഖകൾ തയ്യാറാക്കേണ്ടത് അനുപേക്ഷണീയമാണ്. സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ പ്രദേശങ്ങളെയും ഉൾക്കൊള്ളിച്ച് ആദ്യ ഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും, രണ്ടാം ഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുക എന്ന വെല്ലുവിളി നിറഞ്ഞ കർത്തവ്യം വകുപ്പിന് നൽകുകയുണ്ടായി. ഈ ഉദ്യമത്തിലെ ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ടതാണ് നെയ്യാറ്റിൻകര മാസ്റ്റർ പ്ലാൻ രൂപീകരണം.

നെയ്യാറ്റിൻകര നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചത് 13/11/2008 ലെ ജി.ഒ.(ആർ.ടി.) 3982/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം 32 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ സർക്കാർ അംഗീകാരം നൽകിയപ്പോഴാണ്. നെയ്യാറ്റിൻകര നഗരസഭ തങ്ങളുടെ 19/01/2013 ലെ 19 (1) -ാം നമ്പർ, 30/04/2018 ലെ 11 -ാം നമ്പർ എന്നീ പ്രമേയങ്ങൾ മുഖേന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ആവശ്യപ്പെട്ടു. ഇതു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗും, നെയ്യാറ്റിൻകര നഗരസഭയും ചേർന്ന് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്, 06/12/2021 -ലെ സ. ഉ. (കൈ) നം. 290/2021/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുന്നതിനും, പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിനും അനുമതി ലഭിച്ചു. തുടർന്ന് 22.12.2021 -ലെ VOL. X, 3759 നമ്പർ ഗസറ്റിൽ വിജ്ഞാപനം ചെയ്ത് പ്രസിദ്ധീകരിച്ച മാസ്റ്റർപ്ലാൻ സംബന്ധിച്ച്, ജനങ്ങളിൽ നിന്ന് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും, നഗരസഭാ സ്പെഷ്യൽ കമ്മിറ്റി പരിഗണിക്കുകയും, കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, നഗരസഭാ കൗൺസിൽ ഉചിതമായ മാറ്റങ്ങൾ മാസ്റ്റർപ്ലാനിൽ ഉൾകൊള്ളിക്കുകയും ചെയ്തു. ഇത്തരത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തിയ മാസ്റ്റർപ്ലാൻ നഗരസഭാ കൗൺസിൽ 26.04.2023 ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര നഗരസഭയുടെ ആസൂത്രിത വികസനത്തിന് പ്രസ്തുത രൂപരേഖ ദിശാസൂചികയാകുമെന്നു പ്രതീക്ഷിക്കുന്നു.

8/8/23

പ്രശാന്ത് എച്ച്.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്

തിരുവനന്തപുരം

OFFICE OF THE CHIEF TOWN PLANNER
THIRUVANANTHAPURAM

കൃതജ്ഞത

സംസ്ഥാനത്തിന്റെ സമഗ്ര നഗരവികസനം സാധ്യമാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ സ്വീകരിച്ച പദ്ധതിയാണ് നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ. ഈ കാഴ്ചപ്പാടിൽ തദ്ദേശ സ്വയംഭരണ വകുപ്പ് രണ്ടു ഘട്ടങ്ങളിലായി കേരളത്തിലെ 61 പട്ടണങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗിനെ ഏൽപ്പിച്ചിരുന്നു. 13/11/2008 ലെ ജി.ഒ. (ആർ.ടി.) 3982/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം ഘട്ട പ്ലാനുകളുടെ പട്ടികയിൽ നെയ്യാറ്റിൻകര നഗരസഭ ഉൾപ്പെടുന്നു. തിരുവനന്തപുരം – കന്യാകുമാരി ദേശിയ പാതയിൽ തിരുവനന്തപുരം നഗരത്തിന്റെ തെക്ക് – കിഴക്ക് ദിശയിൽ നെയ്യാറ്റിൻകര താലൂക്കിന്റെ ആസ്ഥാനമായി വർത്തിക്കുന്ന പ്രദേശമാണ് നെയ്യാറ്റിൻകര പട്ടണം.

നൂതനമായ രീതിയിൽ സാങ്കേതികമായ മികവോടു കൂടി സമഗ്ര വികസന ലക്ഷ്യം മുൻനിർത്തിയാണ് നെയ്യാറ്റിൻകര മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പ്രവർത്തികൾ നിറവേറ്റിയിരിക്കുന്നത്. ഇതിനോടൊപ്പം പ്ലാൻ തയ്യാറാക്കിയ വേളയിൽ സാമൂഹിക–സാമ്പത്തിക സർവ്വെ, കൗൺസിലർമാരുടെ അഭിപ്രായ സർവ്വെ തുടങ്ങിയ പ്രവർത്തികളിലൂടെ ജനഹിതം മനസ്സിലാക്കാനും സാധിച്ചു. ഭൂവിനിയോഗ സർവ്വേ, ഗതാഗത സർവ്വേ തുടങ്ങിയ പ്രാഥമിക സർവ്വേ വിവരങ്ങളും, മറ്റ് ദ്വിതീയ വിവരങ്ങളും പ്ലാനിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

മാസ്റ്റർ പ്ലാനിലെ നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റിയിൽ അവതരിപ്പിക്കുകയും ബഹു. എം.എൽ.എ.–യുടെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തു. തികച്ചും ജനകീയമായ ഒരു വികസന രൂപരേഖ ഇതിനാൽ നിർമ്മിക്കാൻ സാധിച്ചു എന്നതിൽ ഞാൻ കൃതാർത്ഥത രേഖപ്പെടുത്തുന്നു.

ബഹുമാന്യനായ ചെയർമാൻ ശ്രീ പി. കെ. രാജമോഹനൻ, വൈസ് ചെയർമാൻ ശ്രീ. കെ. കെ, ഷിബു, മുനിസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, മുനിസിപ്പൽ സെക്രട്ടറി എന്നിവരുടെ നിസ്വാർത്ഥ സഹകരണത്തിനും, മാസ്റ്റർ പ്ലാൻ നിർമ്മാണ വേളയിൽ കാഴ്ചവച്ച സഹായത്തിനും എന്റെ നന്ദി രേഖപ്പെടുത്തുന്നു. നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിലിലെ എല്ലാ മാന്യ അംഗങ്ങൾക്കും ഈ അവസരത്തിൽ എന്റെ നന്ദി രേഖപ്പെടുത്തുന്നു.

നെയ്യാറ്റിൻകര മാസ്റ്റർ പ്ലാനിന്റെ തുടക്കം മുതൽ പൂർണ്ണ പിന്തുണ നൽകിയ മുൻ ചെയർ പേഴ്സൺ ശ്രീമതി ഡബ്ല്യു. ആർ. ഹീബ, മുൻ സെക്രട്ടറിമാർ, മുൻ കൗൺസിലംഗങ്ങൾ എന്നിവർക്ക് എന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

മുഖ്യ നഗരാസൂത്രണ ഓഫീസിലെ എല്ലാ പ്ലാനർമാർക്കും, അവരുടെ യഥാസമയത്തുള്ള നിർദ്ദേശങ്ങൾക്കും, സഹായങ്ങൾക്കും, ഇടപെടലുകൾക്കും ഈ അവസരത്തിൽ എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

മുൻ ടൗൺ പ്ലാനർമാരായ ശ്രീ എസ്. അജയകുമാർ, ശ്രീ. രാമചന്ദ്രൻ എ., ശ്രീമതി ഷാരി എം.വി., ശ്രീ. ജിമ്മിച്ചൻ മാത്യു, ശ്രീ. ഖാജാ ഷറഫുദ്ദീൻ കെ.പി., ശ്രീ. ബൈജു കെ., ശ്രീമതി ജിനുമോൾ വർഗ്ഗീസ്, ശ്രീമതി ജയശ്രീ വി.കെ., ശ്രീ. രാജേഷ് ടി. എൻ. എന്നിവർക്ക് ഈ അവസരത്തിൽ എന്റെ നന്ദി പ്രകാശിപ്പിക്കുന്നു.

ഈ കർത്തവ്യം വിജയകരമായി നിർവ്വഹിക്കുന്നതിൽ ശ്രീ. പ്രദീപ്. ആർ, ടൗൺ പ്ലാനർ, ശ്രീമതി. ഗിരിജ, റിട്ട. അസിസ്റ്റന്റ് ടൗൺ പ്ലാനർ എന്നിവർ വഹിച്ചിരുന്ന സുപ്രധാനമായ പങ്ക് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. ഡെപ്യൂട്ടി ടൗൺ പ്ലാനർമാരായ ശ്രീമതി സീമ എസ്.ആർ., ശ്രീമതി അൻജു W. C., ശ്രീമതി മിനു പത്രോസ്, ശ്രീ. നെഹ്റൽ ദേവൻ കെ.

ആർ., അസിസ്റ്റന്റ് ടൗൺ പ്ലാനർ ശ്രീ. റെജി ആർ., പ്ലാനിംഗ് സർവ്വേയർമാരായ ശ്രീ. കിരൺ ജെ., ശ്രീ. ജോവിൻ ജോസ് ജെ., ജി.ഐ.എസ്. അസിസ്റ്റന്റ് ശ്രീമതി. ദീപ്തി പി., കമ്പ്യൂട്ടർ അസിസ്റ്റന്റ് ശ്രീമതി കല എ. എന്നിവരെയും, നെയ്യാറ്റിൻകര മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിൽ ഈ ഓഫീസിൽ പ്രവർത്തിച്ച എല്ലാ സഹപ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ടൗൺ പ്ലാനർ (i/c)
ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം

തിരുവനന്തപുരം

ഉള്ളടക്കം

ഭാഗം I

പഠനവും വിശകലനവും

01. ആമുഖം	1
02. ചരിത്രവും, പ്രാദേശിക പശ്ചാത്തലവും	2 – 3
03. മുൻകാലആസൂത്രണ പരിശ്രമങ്ങൾ	4 – 6
04. പട്ടണത്തിന്റെ രേഖാചിത്രം	7 – 8
05. ജനസംഖ്യാ പഠനം	9 – 14
06. തൊഴിൽഘടന	15 – 20
07. ഭൂവിനിയോഗം	21 – 24
08. കൃഷി	25 – 28
09. മൃഗപരിപാലനം / മൃഗസംരക്ഷണം	29 – 31
10. വാണിജ്യ – വ്യാപാര മേഖല	32 – 36
11. വ്യവസായം	37 – 38
12. വിനോദസഞ്ചാരവും,പൈതൃകവും	39 – 41
13. ഗതാഗത സൗകര്യങ്ങൾ	42 – 57
14. ജലവിതരണം	58 – 63
15. ഊർജ്ജം	64 – 67
16. വിദ്യാഭ്യാസം	68 – 70
17. ആരോഗ്യം	71 – 75
18. പൊതു ശുചിത്വം	76 – 79
19. പരിസ്ഥിതി	80 – 83
20. പാർപ്പിടങ്ങളും, ചേരികളും	84 – 89
21. നഗരസൗകര്യങ്ങൾ	90 – 94
22. ദുരന്ത നിവാരണം	95 – 103

ഭാഗം II

സംയോജിത വികസന കാഴ്ചപ്പാട്

23. മേഖലാതല പഠനങ്ങളുടെ സംഗ്രഹങ്ങളും കണ്ടെത്തലുകളും	104 – 106
24. വികസന വീക്ഷണം, വികസന ലക്ഷ്യങ്ങൾ	107
25. വികസന സങ്കല്പം	108 – 115

ഭാഗം III

നിർദ്ദിഷ്ട ഭൂവിനിയോഗവും മേഖലാ വികസന നിർദ്ദേശങ്ങളും

26. നിർദ്ദിഷ്ട ഭൂവിനിയോഗം – 2038	116 – 120
27. നിർദ്ദിഷ്ട ഗതാഗത ശൃംഖലയും, വികസന നിർദ്ദേശങ്ങളും – 2038	121 – 128
28. വികസനമേഖലാ നിർദ്ദേശങ്ങൾ	129 – 166
29. വികസനപദ്ധതികൾ – വിഭവസമാഹരണം	167 – 174
30. മുൻഗണനാ പ്രവർത്തന പ്ലാൻ	175 – 193
31. വിശദനഗരാസൂത്രണ പദ്ധതിയും റദ്ദാക്കലും	194 – 196

ഭാഗം IV

ഭൂവിനിയോഗ മേഖലാ നിയന്ത്രണങ്ങളും, അനുബന്ധങ്ങളും

32. മേഖലാ നിയന്ത്രണങ്ങൾ (ZONING REGULATIONS)	197 – 210
33. അനുബന്ധം	211 – 219

അനുബന്ധം 1: ശല്യരഹിതവും, അസഹനീയവുമല്ലാത്ത വ്യവസായങ്ങളുടെ ലിസ്റ്റ്

അനുബന്ധം 2: ശല്ല്യമുള്ളതും, അസഹനീയവുമായ ഇനം വ്യവസായങ്ങളുടെ ലിസ്റ്റ്

അനുബന്ധം 3: നെയ്യാറ്റിൻകര നഗരസഭ – വാർഡുകൾ

അനുബന്ധം 4: നെയ്യാറ്റിൻകര നഗരസഭ – വില്ലേജ്, ബ്ലോക്ക് വിവരങ്ങൾ

ചിത്രങ്ങൾ

ചിത്രം	2.1	പ്രാദേശിക പശ്ചാത്തലം
ചിത്രം	2.2	നെയ്യാറ്റിൻകര പട്ടണത്തിന്റെ സ്ഥാനം
ചിത്രം	3.1	നെയ്യാറ്റിൻകര പട്ടണത്തിന്റെ വികസന രൂപരേഖ 2001
ചിത്രം	3.2	നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് ഏരിയ - വിശദ നഗരാസൂത്രണ പദ്ധതി
ചിത്രം	4.1	നെയ്യാറ്റിൻകര - വാർഡുകൾ
ചിത്രം	5.1	ഗ്രോസ് പോപുലേഷൻ ഡെൻസിറ്റി
ചിത്രം	5.2	നെറ്റ് പോപുലേഷൻ ഡെൻസിറ്റി
ചിത്രം	5.3	വാസഗൃഹ മേഖല അടിസ്ഥാനപ്പെടുത്തിയുള്ള ജനസാന്ദ്രത
ചിത്രം	6.1	കൃഷിക്കാരുടെയും, കർഷകതൊഴിലാളികളുടെയും കേന്ദ്രീകരണം
ചിത്രം	6.2	കുടിൽ വ്യവസായ തൊഴിലാളികളുടെയും, മറ്റു തലത്തിലുള്ള തൊഴിലാളികളുടെയും കേന്ദ്രീകരണം
ചിത്രം	7.1	ജില്ലാ തലത്തിലുള്ള ഭൂവിനിയോഗം കേന്ദ്രീകരണം
ചിത്രം	7.2	നിലവിലെ ഭൂവിനിയോഗ ഭൂപടം
ചിത്രം	8.1	ജില്ലാതല കാർഷിക ഭൂവിനിയോഗകേന്ദ്രീകരണം
ചിത്രം	10.1	വാണിജ്യ ഭൂവിനിയോഗമാപ്പ്
ചിത്രം	10.2	വാണിജ്യ കേന്ദ്രങ്ങളുടെ ശ്രേണി
ചിത്രം	10.3	ചന്ത/കമ്പോളങ്ങളുടെ ശ്രേണി
ചിത്രം	10.4	ചന്ത/കമ്പോളങ്ങളിലെ സൗകര്യങ്ങൾ
ചിത്രം	12.1	വിനോദസഞ്ചാര മേഖലകളുടെ സ്ഥലപര വിന്യാസം
ചിത്രം	13.1	ഗതാഗത ശൃംഖല: റോഡുകൾ, റെയിൽവേ
ചിത്രം	13.2	പട്ടണത്തിലെ ഉൾനാടൻ ജലപാതകൾ
ചിത്രം	13.3	റോഡ് ശൃംഖലയുടെ വിശദാംശങ്ങൾ
ചിത്രം	13.4	വിവിധ തരത്തിലുള്ള വാഹനങ്ങളുടെ അനുപാതം - ജില്ലാതലത്തിൽ
ചിത്രം	13.5	പട്ടണത്തിലെ വിവിധതരം വാഹനങ്ങളുടെ അനുപാതം
ചിത്രം	13.6	ഗതാഗത സാന്ദ്രതയുടെ സ്ഥലപരമായ ചിത്രീകരണം
ചിത്രം	13.7	O-D സർവ്വെ വിവരങ്ങൾ
ചിത്രം	13.8	O-D സർവ്വെക്കുള്ള വിവിധ സോണുകൾ
ചിത്രം	13.9	മോഡൽ സ്പ്ലിറ്റ്
ചിത്രം	13.10	യാത്രാ വിവരങ്ങൾ
ചിത്രം	14.1	പ്രകൃത്യാലുള്ള ജല സ്രോതസ്സുകളുടെ വിന്യാസം
ചിത്രം	15.1	വൈദ്യുത വിതരണത്തിലെ നിലവിലെ സ്ഥിതിഗതികൾ
ചിത്രം	15.2	സോളാർ DNI Map
ചിത്രം	15.3	സോളാർ GHI Map
ചിത്രം	16.1	നിലവിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങളുടെ സ്ഥലപര വിന്യാസം
ചിത്രം	17.1	നഗരസഭയ്ക്കകത്തെ ആതുരാലയ സൗകര്യങ്ങളുടെ സ്ഥലപര വിന്യാസം
ചിത്രം	17.2	നഗരത്തിലെ പ്രധാന ആരോഗ്യ കേന്ദ്രങ്ങൾ
ചിത്രം	19.1	നവീകരണ പ്രവർത്തനം നടത്തേണ്ട കുളങ്ങളുടെ വിന്യാസം
ചിത്രം	20.1	ചേരികളുടെ സ്ഥലപര വിന്യാസം
ചിത്രം	21.1	ഹാളുകളുടെ സ്ഥാനങ്ങൾ
ചിത്രം	21.2	നഗരസൗകര്യങ്ങളുടെ വിന്യാസം
ചിത്രം	22.1	തിരുവനന്തപുരം ജില്ലയിൽ വരൾച്ച സാധ്യതയുള്ള പ്രദേശങ്ങൾ
ചിത്രം	22.2	നെയ്യാറ്റിൻകരയിൽ വരൾച്ച സാധ്യതയുള്ള പ്രദേശങ്ങൾ
ചിത്രം	22.3	ഭൂകമ്പ സാധ്യതയുള്ള പ്രദേശങ്ങൾ
ചിത്രം	22.4	മിന്നലാക്രമണ സാധ്യതയുള്ള പ്രദേശങ്ങൾ
ചിത്രം	22.5	മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങൾ
ചിത്രം	22.6	പ്രളയ ബാധിത പ്രദേശങ്ങൾ
ചിത്രം	22.7	2018 ൽ വെള്ളപ്പൊക്കത്തിനിടയായ വാർഡുകൾ
ചിത്രം	22.8	നിലവിലെ ഭൂവിനിയോഗവും, വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങളും
ചിത്രം	25.1	വികസന സങ്കല്പ്പ രൂപീകരണ മാർഗ്ഗരേഖ

ചിത്രം	25.2	വാർഡ്തല ഭൂവികസന സാധ്യത
ചിത്രം	25.3	നിർമ്മിത ഉപയോഗ നിബിഡത
ചിത്രം	25.4	വിഴിഞ്ഞം തുറമുഖം സ്വാധീന മേഖല
ചിത്രം	25.5	വികസന സങ്കല്പം
ചിത്രം	26.1	നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പ്
ചിത്രം	27.1	നിർദ്ദിഷ്ട ഗതാഗത ശൃംഖല
ചിത്രം	27.2	നിർദ്ദിഷ്ട ബസ് ബേകളുടെ സ്ഥാനം
ചിത്രം	27.3	നിർദ്ദിഷ്ട കാൽനട യാത്രാസൗകര്യങ്ങൾ നല്കേണ്ട റോഡുകൾ
ചിത്രം	27.4	നിർദ്ദിഷ്ട പാർക്കിംഗ് നിയന്ത്രണങ്ങൾ
ചിത്രം	27.5	റോഡ് വികസന നിർദ്ദേശങ്ങൾ
ചിത്രം	28.1	കേന്ദ്രീകൃത കാർഷികസേവന കേന്ദ്രം
ചിത്രം	28.2	നിർദ്ദിഷ്ട വ്യവസായ ഏരിയ
ചിത്രം	28.3	ഉപകേന്ദ്രങ്ങളുടെ സ്ഥാനം
ചിത്രം	28.4	ഉപകേന്ദ്രങ്ങളിലെ മുനിസിപ്പൽ സേവന കേന്ദ്രത്തിന്റെ മാതൃക
ചിത്രം	28.5	വാണിജ്യ കേന്ദ്രങ്ങളുടെ വിതാനം
ചിത്രം	28.6	നെയ്യാർ നദീ പാർക്ക് വിഭാവനം
ചിത്രം	28.7	ഈരാറ്റിൻപുറം നദീ പാർക്ക് വിഭാവനം
ചിത്രം	28.7a	ക്വാറി പാർക്ക് വിഭാവനം
ചിത്രം	28.8	നെയ്യാർ നദീതട പൈതൃക പാത വിഭാവനം
ചിത്രം	28.9	കുളങ്ങളുടെ ഉപയോഗങ്ങൾ
ചിത്രം	28.10	കർമ്മസേന രൂപീകരണ പ്രക്രിയ
ചിത്രം	28.11	കർമ്മസേന പ്രവർത്തന നയം
ചിത്രം	28.12	നിർദ്ദിഷ്ട ആശുപത്രി വിപുലീകരണ മേഖല
ചിത്രം	28.13	പ്രാദേശിക കായിക പരിശീലന കേന്ദ്രം
ചിത്രം	28.14	വയോജന കേന്ദ്രം, ബഡ്സ് സ്കൂൾ
ചിത്രം	28.15	പുതിയ ടൗൺ ഹാൾ, കായിക ക്രേന്ദം-ടൗൺ പാർക്ക് നിർദ്ദേശങ്ങൾ
ചിത്രം	28.16	അമരവിള മാർക്കറ്റ് പുനർ വികസന മാതൃക
ചിത്രം	28.17	നിർദിഷ്ട ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ പ്രളയ സാധ്യത പ്രദേശങ്ങളുടെ അവലോകനം
ചിത്രം	28.18	സംരക്ഷണ മാർഗ്ഗങ്ങൾ
ചിത്രം	28.19	ഫ്ളഡ് വാൾ മാതൃക
ചിത്രം	28.20	എഞ്ചിനിയറിംഗ് പരിഹാരങ്ങൾ- ഫ്രീബോർഡ്, തറ നിരപ്പിൽ നിന്നുയർന്ന കെട്ടിടങ്ങൾ
ചിത്രം	28.21	എഞ്ചിനിയറിംഗ് പരിഹാരങ്ങൾ- ഡ്രൈ ഫ്ളഡ് പ്രൂഫിംഗ്, വെറ്റ് ഫ്ലഡ് പ്രൂഫിംഗ്
ചിത്രം	28.22	ടെറസിംഗ് സംവിധാനം
ചിത്രം	28.23	പ്രകൃതിദത്ത ഡ്രെയിനേജ് ശൃംഖലകൾ
ചിത്രം	28.24	ഹെലിപാഡ് സൗകര്യങ്ങൾ
ചിത്രം	28.25	ദുരന്ത സാധ്യതയുള്ള റോഡുകൾ
ചിത്രം	28.26	സ്മാർട്ട് വികസനം
ചിത്രം	28.27	വിവര അധിഷ്ഠിത നഗരസഭാ ഭരണ നിർവഹണ സഹായക സംവിധാനം
ചിത്രം	30.1.	നിർദ്ദിഷ്ട കാർഷിക സേവന കേന്ദ്രം സ്ഥാനം
ചിത്രം	30.2.	നിർദ്ദിഷ്ട കാർഷിക സേവന കേന്ദ്രം ഏകദേശ സ്ഥാനം -ഉപഗ്രഹ ചിത്രം
ചിത്രം	30.3	പ്രാദേശിക കായിക കേന്ദ്രവും ടൗൺ പാർക്കും ഏകദേശ സ്ഥാനം -ഉപഗ്രഹ ചിത്രം
ചിത്രം	30.4	പ്രാദേശിക കായിക കേന്ദ്രവും ടൗൺ പാർക്കും പദ്ധതി സ്ഥാനം
ചിത്രം	30.5	വയോജന കേന്ദ്രവും, ബഡ്സ് സ്കൂളും ഏകദേശ സ്ഥാനം -ഉപഗ്രഹ ചിത്രം
ചിത്രം	30.6	വയോജന കേന്ദ്രവും ബഡ്സ് സ്കൂളും പദ്ധതി സ്ഥാനം
ചിത്രം	30.7	ആശുപത്രി വിപുലീകരണ മേഖല ഏകദേശ സ്ഥാനം -ഉപഗ്രഹ ചിത്രം
ചിത്രം	30.8	ആശുപത്രി വിപുലീകരണ മേഖല പദ്ധതി സ്ഥാനം
ചിത്രം	30.9	ഈരാറ്റിൻപുറം പാർക്ക് ഏകദേശ സ്ഥാനം - ഉപഗ്രഹ ചിത്രം
ചിത്രം	30.10	ഈരാറ്റിൻപുറം പാർക്ക് പദ്ധതി സ്ഥാനം
ചിത്രം	30.11	നെയ്യാർ പാർക്ക് ഏകദേശ സ്ഥാനം - ഉപഗ്രഹ ചിത്രം
ചിത്രം	30.12	നെയ്യാർ പാർക്ക് പദ്ധതി സ്ഥാനം

ചിത്രം	30.13	ടൗൺ ഹാൾ ഏകദേശ സ്ഥാനം – ഉപഗ്രഹ ചിത്രം
ചിത്രം	30.14	ടൗൺ ഹാൾ പദ്ധതി സ്ഥാനം
ചിത്രം	30.15	വ്യാവസായിക ഏരിയ പദ്ധതി ഏകദേശ സ്ഥാനം – ഉപഗ്രഹ ചിത്രം
ചിത്രം	30.16	വ്യാവസായിക ഏരിയ പദ്ധതി സ്ഥാനം
ചിത്രം	33.1	വില്ലേജ്-ബ്ലോക്ക് അതിർത്തി മാപ്പ്

ചാർട്ടുകൾ

ചാർട്ട്	5.1	ജനസംഖ്യാ വിശദാംശങ്ങൾ
ചാർട്ട്	5.2	ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക്
ചാർട്ട്	5.3	കുടുംബങ്ങളുടെ എണ്ണം: നെയ്യാറ്റിൻകര താലൂക്ക്, ടൗൺ
ചാർട്ട്	5.4	വയസ്-ലിംഗം ആധാരമാക്കിയുള്ള പിരമിഡ്
ചാർട്ട്	6.1	തൊഴിൽ പങ്കാളിത്തം – നെയ്യാറ്റിൻകര പട്ടണം
ചാർട്ട്	6.2	തൊഴിൽ പങ്കാളിത്തം തിരുവനന്തപുരം ജില്ല
ചാർട്ട്	6.3	തൊഴിൽ പങ്കാളിത്തം: തിരുവനന്തപുരം ജില്ല, നെയ്യാറ്റിൻകര പട്ടണം
ചാർട്ട്	6.4	തൊഴിൽ പങ്കാളിത്ത നിരക്കുകളുടെ താരതമ്യം
ചാർട്ട്	6.5	തൊഴിൽ വർഗ്ഗീകരണം
ചാർട്ട്	6.6	മേഖലാതല തൊഴിൽ വർഗ്ഗീകരണം
ചാർട്ട്	7.1	നഗരസഭാ പരിധിയിലെ നിലവിലെ ഭൂവിനിയോഗ ക്രമം
ചാർട്ട്	11.1	MSME രജിസ്ട്രേഷൻ നിരക്ക് ശതമാന കണക്കിൽ
ചാർട്ട്	13.1	വാർഷിക വാഹന വളർച്ചാ നിരക്ക്
ചാർട്ട്	14.1	കുടിവെള്ള സ്രോതസ്സുകൾ
ചാർട്ട്	14.2	ജല ദൗർലഭ്യം
ചാർട്ട്	16.1	സാക്ഷരതാ നിരക്ക്
ചാർട്ട്	16.2	ഓരോ വിദ്യാഭ്യാസ മേഖലയിലുമുള്ള വിദ്യാർത്ഥികളുടെ എണ്ണം ശതമാന കണക്കിൽ
ചാർട്ട്	17.1	വിവിധ ചികിത്സാ മേഖലകളിൽ ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ
ചാർട്ട്	18.1	മാലിന്യങ്ങളുടെ തരം തിരിവ്
ചാർട്ട്	19.1	ജലത്തിന്റെ ഗുണ നിലവാര വിശകലനം
ചാർട്ട്	19.2	വായു മലിനീകരണ തോത്
ചാർട്ട്	20.1	പാർപ്പിടങ്ങളുടെ വിസ്തീർണ്ണ വിന്യാസം
ചാർട്ട്	20.2	നഗരസഭയിലെ കെട്ടിടങ്ങളുടെ തരം
ചാർട്ട്	20.3	പ്ലോട്ട് സൈസിനനുസരിച്ചുള്ള വിന്യാസം
ചാർട്ട്	20.4	ഭൂഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ
ചാർട്ട്	21.1	നഗര സൗകര്യങ്ങളുടെ വാർഡ് തല വിശദാംശങ്ങൾ
ചാർട്ട്	26.1	നിർദ്ദിഷ്ട ഭൂവിനിയോഗ വിതാനം

പട്ടികകൾ

പട്ടിക	5.1	ഭാവിയിലെ ജനസംഖ്യ 2041
പട്ടിക	6.1	തൊഴിൽ പങ്കാളിത്ത ശതമാനം
പട്ടിക	6.2	വിവിധ വിഭാഗങ്ങളിലെ തൊഴിലാളികളുടെ ശതമാനക്കണക്ക്
പട്ടിക	7.1	ഭൂവിനിയോഗ വിതാനം
പട്ടിക	8.1	വിള തിരിച്ചുള്ള ഉല്പാദനം
പട്ടിക	9.1	ലൈവ് സ്റ്റോക്ക് പോപ്പുലേഷൻ
പട്ടിക	9.2	ഇറച്ചി ഉല്പാദനത്തിന്റെ കണക്ക്, നെയ്യാറ്റിൻകര പ്രദേശം
പട്ടിക	10.1	വാണിജ്യ നോഡുകളുടെ വിവരങ്ങൾ
പട്ടിക	10.2	മാർക്കറ്റുകളുടെ ശ്രേണി
പട്ടിക	10.3	ചന്ത/കമ്പോളങ്ങളിലെ സൗകര്യങ്ങളുടെ വിശദീകരണം
പട്ടിക	13.1	പഠന വിധേയമാക്കിയ പ്രധാന റോഡുകളും, ട്രാഫിക് പഠന ഫലങ്ങളും

പട്ടിക	13.2	0.5 ൽ കൂടുതൽ V/C ratio ഉള്ള റോഡുകൾ
പട്ടിക	13.3	പഠന വിധേയാക്കിയ ജംഗ്ഷനുകൾ
പട്ടിക	13.4	ചരക്കുഗതാഗതം - വിവരങ്ങൾ
പട്ടിക	13.5	ഭാവിയിലെ ഗതാഗത വളർച്ചാ നിരക്ക്
പട്ടിക	14.1	കുടി വെള്ളവിതരണ സംവിധാന ഉറവിടം
പട്ടിക	14.2	ട്രീറ്റ്മെന്റ് പ്ലാന്റ് വിശദാംശങ്ങൾ
പട്ടിക	14.3	വിതരണ ശൃംഖല
പട്ടിക	15.1	പട്ടണ പ്രദേശത്തെ വൈദ്യുതി കണക്ഷനുകൾ
പട്ടിക	15.2	വൈദ്യുത ഉപഭോഗത്തിന്റെ വിശദാംശം
പട്ടിക	17.1	രോഗങ്ങളുടെ ശതമാനക്കണക്കുകൾ
പട്ടിക	18.1	ഖരമാലിന്യ സംസ്ക്കരണം : നിലവിലെ സംവിധാനങ്ങൾ
പട്ടിക	18.2	വാസഗൃഹ സ്രോതസ്സുകളിൽ നിന്നുള്ള ഗ്രേ വാട്ടറിന്റെ അളവ്
പട്ടിക	18.3	വാസഗൃഹമല്ലാത്ത സ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഗ്രേ വാട്ടറിന്റെ അളവ്
പട്ടിക	18.4	ദിവസേനയുള്ള സെപ്റ്റേജ് ജനറേഷന്റെ വിശദാംശങ്ങൾ
പട്ടിക	20.1	പാർപ്പിട ഘടനയും നിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കളും
പട്ടിക	20.2	IHSDP ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ചേരികൾ
പട്ടിക	21.1	നഗരത്തിലെ പാർക്കുകളും, കളിസ്ഥലങ്ങളും
പട്ടിക	22.1	തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ട ദുരന്തങ്ങൾ
പട്ടിക	22.2	2018 ൽ വെള്ളപ്പൊക്കത്തിനിടയായ പ്രദേശങ്ങൾ
പട്ടിക	22.3	നിലവിലെ ഭൂവിനിയോഗവും, വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങളും അടിസ്ഥാനമാക്കിയുള്ള അവലോകനം
പട്ടിക	22.4	2018 ൽ പ്രളയബാധിതമായ 16 വാർഡുകൾക്ക് അനുയോജ്യമായി തയ്യാറാക്കിയ ദുരിതാശ്വാസ കേന്ദ്രവും മൃഗസംരക്ഷണ കേന്ദ്രവും
പട്ടിക	25.1	ഭാവി വികസന സങ്കല്പ്പ രൂപീകരണം
പട്ടിക	26.1	നിർദ്ദിഷ്ട ഭൂവിനിയോഗ വിതാനം
പട്ടിക	27.1	റോഡുകളുടെ വീതി കൂട്ടൽ സംബന്ധിച്ച വിവരങ്ങൾ
പട്ടിക	27.2	ജം. മെച്ചപ്പെടുത്തൽ വിശദാംശങ്ങൾ
പട്ടിക	27.3	പെയ്ഡ് പാർക്കിംഗ് നിർദ്ദേശങ്ങൾ
പട്ടിക	28.1	മുനിസിപ്പൽ സേവന കേന്ദ്രത്തിലെ സൗകര്യങ്ങൾ.
പട്ടിക	28.2	കുളങ്ങളുടെ പട്ടിക
പട്ടിക	28.3	വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങളിൽ ഉൾപ്പെടുന്ന നിർദിഷ്ട ഭൂവിനിയോഗ വിസ്തൃതി
പട്ടിക	28.4	വെള്ളപ്പൊക്കത്തിന് അനുയോജ്യമായ ദുരിതാശ്വാസ കേന്ദ്രങ്ങൾ
പട്ടിക	28.5	നിർണയിക്കപ്പെട്ടിട്ടുള്ള സുരക്ഷിതമായ പുനരധിവാസ കേന്ദ്രങ്ങൾ
പട്ടിക	28.6	ദുരിതാശ്വാസ ക്യാമ്പ് മാനദണ്ഡങ്ങൾ
പട്ടിക	28.7	ദുരന്ത സാധ്യത റോഡുകളുടെ വിവരങ്ങൾ
പട്ടിക	28.8	സ്മാർട്ട് വികസന ഘടകങ്ങൾ
പട്ടിക	28.9	പ്ലാനിംഗ് മാനദണ്ഡങ്ങൾ പ്രകാരമുള്ള വികസന മേഖലാ നിർദ്ദേശങ്ങൾ
പട്ടിക	29.1	മേഖല നിർദ്ദേശങ്ങൾ, നിർവ്വഹണ ഏജൻസികൾ, സാമ്പത്തിക സ്രോതസ്സ് എന്നിവയുടെ വിശദാംശങ്ങൾ
പട്ടിക	31.1	വിശദ നഗരാസൂത്രണ പദ്ധതി നിർദ്ദേശങ്ങൾ
പട്ടിക	31.2	വിശദ നഗരാസൂത്രണ പദ്ധതി വിലയിരുത്തൽ
പട്ടിക	31.3	വിശദ നഗരാസൂത്രണ പദ്ധതി മാസ്റ്റർ പ്ലാനിൽ ഉൾകൊള്ളിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ

ഭാഗം - I
പഠനവും വിശകലനവും

01. ആമുഖം

പശ്ചിമ ഘട്ടത്തിൽ നിന്നും ഉത്ഭവിക്കുന്ന നെയ്യാറിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന 'നെയ്യാറ്റിൻകര' പട്ടണം തിരുവനന്തപുരം ജില്ലയുടെ തെക്ക് കിഴക്ക് ഭാഗത്തായും, തിരുവനന്തപുരം നഗരത്തിന്റെ 18 കി.മീ തെക്കായും ദേശീയ പാത 66 ന് അരികിലായി സ്ഥിതി ചെയ്യുന്നു. നെയ്യാറ്റിൻകര താലൂക്കിന്റെ ആസ്ഥാനമാണ് ഈ പട്ടണം.

പ്രമുഖ സ്വാതന്ത്ര്യ സമര സേനാനികളായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, അത്താഴമംഗലം വീരരാഘവൻ എന്നിവരുടെ ജന്മദേശമാണ് നെയ്യാറ്റിൻകര. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലേക്ക് ഏകദേശം 20 കി.മീ മാത്രമാണ് പട്ടണത്തിൽ നിന്നുള്ള ദൂരം. തെക്കേ ഭാരതത്തിലെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ കന്യാകുമാരി ടൗണിൽ നിന്നും ഏകദേശം 66 കി.മീ അകലെ സ്ഥിതി ചെയ്യുന്നു.

1.1 മാസ്റ്റർ പ്ലാനിന്റെ ആവശ്യകത

സംസ്ഥാനത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനമായിരുന്നു, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കലും, സ്ഥലപരമായ ആസൂത്രണവും ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ നഗരങ്ങൾക്കും പട്ടണങ്ങൾക്കും മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

അതിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര നഗരസഭാ കൗൺസിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ തീരുമാനിക്കുകയും അതിനായുള്ള പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

നിലവിലുള്ള വികസന രൂപരേഖ 9.7 ച.കി.മീ നായി (അന്നത്തെ ടൗൺ വിസ്തൃതി) 1982 ൽ തയ്യാറാക്കുകയും, 1991 ൽ നിലവിൽ വരുകയും ചെയ്തതാണ്. പ്രസ്തുത പ്ലാനിന്റെ കാലാവധി അധികരിക്കുകയും, നിലവിലുള്ള ടൗൺ വിസ്തൃതി 28.84 ച.കി.മീ ആയി ഉയരുകയും ചെയ്ത സാഹചര്യത്തിൽ ഒരു പുതിയ വികസന രൂപരേഖയുടെ തയ്യാറാക്കലിന് പ്രസക്തി ഏറെയുണ്ട്.

മാത്രമല്ല, മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ നിലനിൽക്കുന്ന വികസന പ്രവണത വളരെ വ്യത്യസ്തമാണ്. കാർഷികമായ സാമ്പത്തിക അടിത്തറയുണ്ടായിരുന്ന നെയ്യാറ്റിൻകരയിൽ ഇപ്പോൾ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ കുറയുകയും, വാണിജ്യ പ്രവർത്തനങ്ങൾ മുന്നേറുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ പ്രകൃതിയിൽ വികസന സമ്മർദ്ദം വർദ്ധിക്കുന്ന പ്രവണതയാണ് കാണുന്നത്. ഇത് നിയന്ത്രിക്കുവാൻ ഒരു പുതിയ രൂപരേഖ ആവശ്യമാണ്.

ഇതിനു പുറമേ നാഗരികമായി ഭവിക്കുന്ന പുതിയ വികസന മാറ്റങ്ങൾ; വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, ടെക്നോപാർക്ക് വികസനം എന്നിവ ഉൾക്കൊള്ളുവാനും, നെയ്യാറ്റിൻകര പട്ടണത്തിലെ ജനങ്ങൾക്ക് ഈ സൗകര്യങ്ങൾ ഉപയോഗപ്രദമാക്കുവാനും ഇതിനു വേണ്ടി മെച്ചപ്പെട്ട ഗതാഗത ശൃംഖല ഒരുക്കുവാനും, നിലവിലുള്ള സ്ഥിതിഗതികളെ മനസ്സിലാക്കി ഭാവിയിലേക്ക് ഊന്നൽ നൽകുന്ന ഒരു രൂപരേഖ അത്യന്താപേക്ഷിതമാണ്.

നെയ്യാറ്റിൻകര പട്ടണത്തിന്റെ സമഗ്ര വികസനത്തിനു എല്ലാ മേഖലകളിലും ആവശ്യമായ വികസന വീക്ഷണങ്ങളും അതിൽ നിന്നും ഉരുത്തിരിയുന്ന വികസന പദ്ധതികളും ആവശ്യമാണ്. രൂപരേഖ തയ്യാറാക്കുന്നതിൽ മുൻഗണന നൽകപ്പെടുന്നത് അത്തരത്തിൽ മേഖലാതല വികസനത്തിനാണ്.

1.2 മാസ്റ്റർ പ്ലാനിന്റെ പ്രയോഗ പരിധി

- നെയ്യാറ്റിൻകര പട്ടണ പ്രദേശത്ത് മാത്രമാണ് പഠനങ്ങൾ നടത്തിയിട്ടുള്ളത്. പട്ടണത്തിന്റെ അടുത്ത ഇരുപത് വർഷത്തേക്ക് ആസൂത്രണം ചെയ്ത വികസന രൂപരേഖ, വികസന പ്രവണതയുടെ ഏറ്റകുറച്ചിലിനനുസരിച്ച് തുടർച്ചയായ പുനപരിശോധനയ്ക്കും ആവശ്യമായ തിരുത്തലിനും അനുയോജ്യമായ മാറ്റങ്ങൾക്കും വിധേയമാകുന്നതാണ്.
- പദ്ധതി തയ്യാറാക്കുന്നതിലേക്കായി പ്രാഥമിക, ദ്വിതീയ വിവരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. 2010-11 ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് ആണ് മുനിസിപ്പൽ മേഖലയുടെ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കിയത്. ഇതേ സമയത്തു തന്നെ സാമൂഹിക സാമ്പത്തിക സർവ്വെ 10% കുടുംബങ്ങളിൽ നടത്തി. National Transportation Planning and Research Centre (NATPAC) മാസ്റ്റർ പ്ലാനിനുവേണ്ടി ഗതാഗത പഠനങ്ങൾ നടത്തി.

02. ചരിത്രവും, പ്രാദേശിക പശ്ചാത്തലവും

പട്ടണത്തിന്റെ ചരിത്രവും, പ്രാദേശിക പശ്ചാത്തല വിവരങ്ങളും ഈ ഭാഗത്തിൽ പ്രതിപാദിക്കുന്നു.

നെയ്യാറിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന ഈ പട്ടണത്തിന് രാജഭരണ കാലം മുതൽക്കേ പ്രാധാന്യം കൽപ്പിച്ചിരുന്നു. 1729 AD മുതൽ 1758 AD വരെ ഭരിച്ചിരുന്ന അവിട്ടം തിരുനാൾ മാർത്താണ്ഡവർമ്മയുടെ കാലത്ത് തഹസിൽദാർ ആസ്ഥാന കേന്ദ്രമായിരുന്നു നെയ്യാറ്റിൻകര.

നെയ്യാറ്റിൻകര സംബന്ധിക്കുന്ന ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഐതിഹ്യം മാർത്താണ്ഡ വർമ്മയെ കുറിച്ചുള്ളതാണ്. എട്ടുവീട്ടിൽ പിള്ളമാരുടെ പക്കൽ നിന്നും രക്ഷപ്പെടാനായി രാജാവ് ശ്രമിക്കവേ ഒരു കുട്ടി (ഭ്രാന്തൻ ചാന്നാൻ) ഒരു പ്ലാവിനുള്ളിൽ ഒളിക്കാൻ നിർദ്ദേശിക്കുകയും, ഇതിനാൽ അദ്ദേഹത്തിന്റെ ജീവനു ആപത്ത് വരാതെ രക്ഷപ്പെടുകയും ചെയ്തു. രാജാവിന്റെ ജീവൻ രക്ഷിച്ചതു മറ്റാരുമല്ല വേഷപകർച്ച നടത്തിയ കൃഷ്ണ ഭഗവാനാണെന്നും കൊട്ടാര ജോത്സ്യൻ പറയുക യുണ്ടായി. ഇതിന്റെ സ്മരണയിൽ രാജാവ് തത്സ്ഥാ നത്ത് ഒരു ക്ഷേത്രം നിർമ്മിക്കാൻ തീരുമാനിക്കുയും, 1755 ൽ ക്ഷേത്രത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. രാജാവിന്റെ ജീവൻ രക്ഷിച്ച പ്ലാവിനെ 'അമ്മച്ചി പ്ലാവ്' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ക്ഷേത്രത്തിൽ ഇപ്പോഴും അമ്മച്ചി പ്ലാവിന്റെ ശേഷഭാഗം നിലനിൽക്കുന്നു.



ചിത്രം. 2.1 പ്രാദേശിക പശ്ചാത്തലം

ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരവുമായി പട്ടണ ത്തിനു വളരെയധികം ബന്ധമുണ്ട്. സമൂഹത്തിൽ നില നിന്നിരുന്ന സാമൂഹിക അനൈക്യത്തിനും, തൊട്ടു കൂടായ്മയ്ക്കും എതിരെയും നടന്ന സമരങ്ങളിലും നെയ്യാറ്റിൻകരയുടെ പേര് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനെതിരെ പ്രതികരിക്കുകയും, സാമൂഹിക പരിഷ്ക്കരണത്തിന് ചുക്കാൻ പിടിക്കുകയും ചെയ്ത ആരാധ്യനായ ശ്രീനാരായണ ഗുരു 1888 ൽ സ്ഥാപിച്ച ശിവക്ഷേത്രം നെയ്യാറ്റിൻകരയിലെ അരുവിപ്പുറത്താണ് സ്ഥിതി ചെയ്യുന്നത്.

സംസ്ഥാനത്തെ തന്നെ ഏറ്റവും പഴക്കമേറിയ ഒരു സർക്കാർ വിദ്യാലയമാണ് പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന ഗവ. എച്ച് എസ്സ് എസ്സ് വിദ്യാലയം. മൂലംതിരുനാൾ രാമവർമ്മയുടെ (1885-1924) കാലഘട്ടത്തിൽ, 1890 കളിലാണ് ഈ വിദ്യാലയം സ്ഥാപിച്ചത്.

സ്വാതന്ത്ര്യസമരവുമായി നെയ്യാറ്റിൻകരയെ ബന്ധപ്പെടുത്തുന്ന മറ്റൊരു വ്യക്തിയാണ് സ്വദേശാഭിമാനി ശ്രീ. കെ. രാമകൃഷ്ണപിള്ള (1878-1916). തിരുവിതാംകൂർ രാജാക്കന്മാർക്കെതിരെയും, അന്നത്തെ ദിവാനായ ശ്രീ. പി. രാജഗോപാലാചാരിക്കെതിരെയും അദ്ദേഹം തന്റെ തൂലിക ചലിപ്പിക്കുകയും, ഭരണ കർത്താക്കന്മാരെ ഇത് ചൊടിപ്പിക്കുകയും, അതിന്റെ ഫലമായി 1910 ൽ അദ്ദേഹത്തിനെ തിരുവിതാംകൂറിൻ നിന്നും നാടു കടത്തുകയും ചെയ്തു. പ്രസിദ്ധമായ നെയ്യാറ്റിൻകര വെടിവയ്പ്പും, ശ്രീ. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പങ്കും 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നെയ്യാറ്റിൻകരയെ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ശ്രദ്ധേയ കേന്ദ്രമാക്കി മാറ്റി. അദ്ദേഹത്തിന്റെ സ്മരണയിലാണ് പട്ടണ ഹൃദയത്തിൽ സ്ഥാപിച്ചിരിക്കുന്ന സ്വദേശാഭിമാനി ഉദ്യാനം.

സ്വദേശാഭിമാനിക്കു പുറമേ മറ്റനേകം വീരനായകന്മാർ നെയ്യാറ്റിൻകരയിൽ നിന്നും സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിരുന്നു. ശ്രീ. അത്താഴമംഗലം വീരരാഘവൻ, കല്ലുവിള പൊടിയൻ, നടുവൂർ കൊല്ലകുട്ടൻ, കുട്ടൻപിള്ള വരുവിളകം, മുതൻപിള്ള വരുവിളകം, ഡോ.ജി.രാമചന്ദ്രൻ, പദ്മനാഭൻ പിള്ള മരുതത്തൂർ, വാസുദേവൻ എന്നിവർ ഇതിൽ പ്രമുഖരായിരുന്നു.

ദേശീയ-പ്രാദേശിക തലത്തിലെ പല മഹാൻമാരുടെ പാദസ്പർശം ഏറ്റ മണ്ണാണ് നെയ്യാറ്റിൻകരയുടേത്. സ്വാമി വിവേകാന്ദൻ, ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമികൾ, വൈകുണ്ഠസ്വാമികൾ, അയ്യൻകാളി, മഹാത്മാഗാന്ധി എന്നിവർ ഇവിടെ സന്ദർശിച്ചിരുന്നു. മഹാത്മാവ് നെയ്യാറ്റിൻകരയെ തിരുവിതാംകൂറിലെ ബർദോളി എന്നും അഭിസംബോധന ചെയ്തിരുന്നു.

പ്രസിദ്ധ കർണാടക സംഗീതജ്ഞരായ നെയ്യാറ്റിൻകര വാസുദേവൻ, നെയ്യാറ്റിൻകര എം.കെ മോഹനചന്ദ്രൻ എന്നിവരുടെ ജന്മദേശം നെയ്യാറ്റിൻകരയാണ്. നെയ്യാറ്റിൻകര കോമളം; സ്വാതന്ത്ര്യ സമര നേതാവായ ശ്രീ. ബോധേശ്വരൻ (കവയിത്രി ശ്രീമതി. സുഗതകുമാരിയുടെ പിതാവ്), കവിയായ ശ്രീ. വി. മധുസൂദനൻ നായർ എന്നിവരും കലാലോകത്തിന് നെയ്യാറ്റിൻകരയുടെ സംഭാവന ആണ്.

1913 ലാണ് നെയ്യാറ്റിൻകര നഗരസഭ രൂപപ്പെട്ടത്. അന്ന് പട്ടണത്തിന്റെ വിസ്തൃതി 9.75 ച.കി.മീ. ആയിരുന്നു. 2000 ൽ പെരുമ്പഴുതൂർ ഗ്രാമ പഞ്ചായത്തും കൂട്ടി ചേർത്ത് പട്ടണത്തിന്റെ വിസ്തൃതി 28.84 ച.കി.മീ ആയി ഉയർത്തി. നിലവിൽ 44 വാർഡുകളാണ് നഗരസഭയിൽ ഉള്ളത്. ആദ്യത്തെ സ്ത്രീകളുടെ ജയിൽ 1990 ൽ നെയ്യാറ്റിൻകരയിലാണ് സ്ഥാപിതമായത്.

2.1 പ്രാദേശിക പശ്ചാത്തലം



ചിത്രം 2.2 നെയ്യാറ്റിൻകര പട്ടണത്തിന്റെ സ്ഥാനം

തിരുവനന്തപുരം ജില്ലയിലെ നാലു നഗരസഭകളിൽ ഒന്നാണ് നെയ്യാറ്റിൻകര. ടൗണുമായി ഏറ്റവും അടുത്തു കിടക്കുന്ന നഗരപ്രദേശമാണ് തിരുവനന്തപുരം നഗരസഭ. പള്ളിച്ചൽ, ആര്യൻകോട്, മാറനല്ലൂർ, തിരുപുറം, ചെങ്കൽ, കൊല്ലയിൽ, പെരുങ്കടവിള, ബാലരാമപുരം, അതിയന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളാണ് നഗരസഭയുടെ അതിര് പങ്കിടുന്നത്. നെയ്യാറ്റിൻകര പട്ടണത്തിന്റെ സ്ഥാനം ചിത്രം 2.2 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2.2 ഗതാഗത ബന്ധം

തിരുവനന്തപുരം നഗര പ്രദേശത്ത് നിന്നും കന്യാകുമാരിയിലേക്ക് 101 കി.മീ. ഉം നാഗർകോവിലിലേക്ക് 84 കി.മീ ഉം ആണ് ദൂരം. നെയ്യാറ്റിൻകര പട്ടണം കന്യാകുമാരിയിലേയ്ക്കുള്ള മാർഗ്ഗമധ്യേ നഗരത്തിൽ നിന്നും 18 കി.മീ അകലെ സ്ഥിതി ചെയ്യുന്നു. പട്ടണത്തിൽ നിന്നും നാഗർകോവിലിലേക്ക് 50 കി.മീ ഉം കന്യാകുമാരിയിലേക്ക് 77 കി.മീ ഉം ആണ് ദൂരം. നഗരത്തെയും പട്ടണത്തെയും തമിഴ്നാടുമായി ബന്ധപ്പെടുത്തുന്ന പ്രധാന പാതയാണ് ദേശീയപാത 66.

നെയ്യാറ്റിൻകര പട്ടണത്തെ മറ്റുള്ള പ്രദേശങ്ങളുമായി ബന്ധപ്പെടുത്തുന്നത് റോഡ്, റെയിൽ ഗതാഗത മാർഗ്ഗങ്ങളാണ്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏകദേശം 23 കി.മീ അകലെ സ്ഥിതി ചെയ്യുന്നു.

നെയ്യാറ്റിൻകര പട്ടണത്തിൽ നെയ്യാറ്റിൻകര, അമരവിള റെയിൽവേ സ്റ്റേഷനുകൾ നിലവിലുണ്ട്; തമിഴ്നാട്ടിലേക്കും, തിരുവനന്തപുരം ജില്ലയിലേക്കും ഉള്ള ഗതാഗത ബന്ധം ഇതുവഴിയാണ്. രാജ്യത്തിലെ പ്രമുഖ ഭാഗങ്ങളിലേക്കുള്ള ട്രെയിനുകൾക്ക് ഇവിടെ സ്റ്റോപ്പുകൾ ഉണ്ട്. ദേശീയപാത 66 നഗര മധ്യത്തിൽ കൂടി കടന്നു പോകുന്നു. ഇതിനു പുറമെ പൂവാർ-കാട്ടാക്കട, അമരവിള-പെരുങ്കടവിള, പെരുമ്പഴുതൂർ-അരുവിപ്പുറം എന്നീ പ്രാദേശിക പാതകളും പട്ടണത്തിൽ നിന്നു മറ്റു പ്രദേശങ്ങളിലേക്ക് ഗതാഗത ബന്ധം നൽകുന്നു.

03. മുൻകാല ആസൂത്രണ പരിശ്രമങ്ങൾ

നഗരഗ്രാമാസൂത്രണ വകുപ്പ് (ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്) നെയ്യാറ്റിൻകര പട്ടണത്തിനു വേണ്ടി മുൻപ് രണ്ടു വികസന രേഖകൾ തയ്യാറാക്കിയിരുന്നു. ഒരു വികസന രൂപരേഖയും (മാസ്റ്റർ പ്ലാൻ), നെയ്യാറ്റിൻകര ബസ് സ്റ്റാൻഡിനു വേണ്ടി ഒരു വിശദ നഗരാസൂത്രണ പദ്ധതിയുമാണ് ഇവ. മാസ്റ്റർ പ്ലാൻ 1991 ലും, വിശദ നഗരാസൂത്രണ പദ്ധതി 1986 ലും നിലവിൽ വന്നു.

3.1 നെയ്യാറ്റിൻകര വികസന രൂപരേഖ

9.7 ച.കീ.മി വിസ്തൃതിയുണ്ടായിരുന്ന പഴയ പട്ടണ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയ ഈ രൂപരേഖ 1991 സർക്കാർ ഉത്തരവ് G.O.(P) 197/91/LAD dt.01/08/1991 പ്രകാരം അംഗീകരിച്ചിരുന്നു. 1981-2001 വർഷത്തേക്കു വേണ്ടിയായിരുന്നു ഈ രൂപരേഖ തയ്യാറാക്കിയിരുന്നത്. (ചിത്രം 3.1)



ചിത്രം 3.1 നെയ്യാറ്റിൻകര പട്ടണത്തിന്റെ വികസന രൂപരേഖ 2001

ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ആസൂത്രിതമായ ഭൂവികസനം നടപ്പിലാക്കുക എന്നതായിരുന്നു. ഈ വികസനോദ്ദേശ്യം സാധ്യമാക്കുവാൻ താഴെപ്പറയുന്ന വികസന തന്ത്രങ്ങളാണ് അവലംബിച്ചിരുന്നത്. നഗര പ്രദേശത്തിന്റെ നിയതമായ വികസനം വഴി ഭാവിയിൽ കൂടുതൽ ജനസാന്ദ്രത കൊണ്ടുവരാൻ ശ്രമിച്ചിരുന്നു. തൊഴിൽ സംബന്ധമായ വികസനം നഗര പ്രദേശത്തെ പ്രധാന കേന്ദ്രങ്ങളായ അമരവിള, ടൗൺ, ആറാലുംമൂട് എന്നിവിടങ്ങളിൽ കൊണ്ടുവരുവാൻ കൂടുതൽ വാണിജ്യ-വ്യാവസായിക പ്രവർത്തനങ്ങൾ ഈ പ്രദേശങ്ങളിൽ നിർദ്ദേശിച്ചിരുന്നു. പട്ടണത്തിലെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഗതാഗത ശൃംഖല വികസിപ്പിയ്ക്കുക വഴി കാര്യക്ഷമമായ ഭൂവിനിയോഗം നടപ്പിലാക്കുകയും ചെയ്യുക എന്നത് ഈ പ്ലാനിന്റെ ഉദ്ദേശമായിരുന്നു. കൃഷിയ്ക്ക് അനുയോജ്യമായ ഭൂമി പരമാവധി സംരക്ഷിക്കുകയും അതോടൊപ്പം വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഭൂമിയും ഈ രൂപരേഖയിൽ നിർദ്ദേശിച്ചിരുന്നു.

മേഖലാപരമായ വികസനം പ്രോത്സാഹിപ്പിക്കാനുള്ള നയങ്ങളും പദ്ധതികളും രൂപരേഖയിൽ പ്രതിപാദിച്ചിരുന്നു.

ഭാവിയിലേയ്ക്കുള്ള വികസന പരിപ്രേക്ഷ്യവും, ജനസംഖ്യാ വർദ്ധനവും കണക്കിലെടുത്ത് പ്രത്യേക വാസഗൃഹ മേഖലകൾ നഗരസഭാ പ്രദേശത്ത് നർദ്ദേശിച്ചിരുന്നു. 27 ഹെക്ടറോളം ഭൂമിയാണ് വാണിജ്യ ആവശ്യങ്ങൾക്കായി മുനിസിപ്പൽ പ്രദേശത്ത് നിർദ്ദേശിച്ചിരുന്നത്. ഒരു ഹെക്ടറോളം ഭൂമി കെഎസ്ആർടിസി ബസ് സ്റ്റാൻഡിനു എതിർവശം വാണിജ്യ കേന്ദ്രത്തിനായി രൂപരേഖയിൽ പറഞ്ഞിരുന്നു. മൂന്ന് മാർക്കറ്റുകളുടെ വികസനവും പ്ലാനിൽ പറഞ്ഞിരുന്നു. ആറാലുമൂട് ചന്തയുടെ വികസനവും, പ്രദേശങ്ങളിൽ വാണിജ്യ വികസനവും പ്രതിപാദിച്ചിരുന്നു.

വ്യാവസായിക ആവശ്യങ്ങൾക്കായി ആറാലുമൂടിനു സമീപം ഏകദേശം 32 ഹെക്ടറോളം ഭൂമിയും, പൊതു ഉപയോഗങ്ങൾക്കായി 44 ഹെക്ടറോളം ഭൂമിയും മാറ്റി വച്ചിരുന്നു. നഗരസഭാ പ്രദേശത്തിന്റെ ഏകദേശം 4.5% ത്തോളവും ഭൂവിസ്തൃതി ഈ ഉപയോഗത്തിനാണ് നിർദ്ദേശിച്ചിരുന്നത്. സർക്കാർ ആഫീസുകൾക്കായി ഒരു പൊതു ഓഫീസ് കെട്ടിടവും ഇതിന്റെ ഭാഗമായി നിർദ്ദേശിച്ചിരുന്നു. കോൺവെന്റ് റോഡിൽ 9.28 ഹെക്ടറിൽ ഒരു കോളേജും 3 ഹെക്ടറോളം ഭൂമി സ്റ്റേഡിയം നിർമ്മാണത്തിനും, 2.3 ഹെക്ടർ ഭൂമി പാർക്കുകളുടെ വികസനത്തിനും മാറ്റിവച്ചിരുന്നു. നെയ്യാറിന്റെ ഇരു കരകളിലുമായി നദിയോട് ചേർന്നുള്ള 80 മീറ്റർ ഭൂമി നദീതട സംരക്ഷണത്തിനായി നിർദ്ദേശിച്ചിരുന്നു. ഈ ഭാഗത്തിൽ ഒരു വിധത്തിലുമുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും സാധ്യമായിരുന്നില്ല. നെൽവയലുകളുടെ കർശന സംരക്ഷണവും പ്ലാനിൽ പ്രതിപാദിച്ചിരുന്നു.

ടൗണിനെ മറ്റു നഗര പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന ഗതാഗത പാതയാണ് എൻഎച്ച് 66. നഗരസഭയുടെ കേന്ദ്ര പ്രദേശം ഒഴികെ ബാക്കിയുള്ള ഭാഗങ്ങളിൽ ഈ പാതയ്ക്ക് 25 മീ. വീതിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഹൃദയഭാഗത്തെ തിരക്ക് കുറയ്ക്കുവാനായി കോടതി റോഡിന് 25 മീ വീതിയും, എൻഎച്ച് 66 ന് പട്ടണ കേന്ദ്രത്തിൽ 18 മീ. വീതിയും നിർദ്ദേശിച്ചിരിക്കുന്നു. പുതിയതായി നിർദ്ദേശിച്ച സ്റ്റേഡിയത്തിനും, കോളേജിനുമായി ഒരു പുതിയ റോഡും പ്ലാനിൽ നിർദ്ദേശിച്ചിരുന്നു. കാട്ടാക്കട, വിഴിഞ്ഞം, കാഞ്ഞിരംകുളം പ്രദേശങ്ങളിലേക്കുള്ള റോഡുകളുടെ വീതി 18 മീ. ആയി വർദ്ധിപ്പിക്കാനും, നെയ്യാറിനു കുറുകെ നാല് പുതിയ പാലങ്ങൾ നിർമ്മിക്കാനും, 2.3 ഹെക്ടറിൽ പുതിയ ഒരു ലോറി സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷനു സമീപം ഒരു ബസ് സ്റ്റേഷൻ, ടാക്സി സ്റ്റാൻഡ് എന്നിവയും പ്രസ്തുത പ്ലാനിൽ നിർദ്ദേശിച്ചിരുന്നു.

പട്ടണത്തിൽ മലിനജല നിർമ്മാർജ്ജനം സാധ്യമാക്കുവാൻ ഓടകൾ നിർമ്മിക്കുവാനും രൂപരേഖയിൽ പ്രതിപാദിച്ചിരുന്നു.

മുൻകാല രൂപരേഖയിൽ പ്രതിപാദിച്ചിരുന്ന പദ്ധതികളുടെ നടത്തിപ്പിനെപ്പറ്റിയുള്ള അവലോകനം ചുവടെ ചേർക്കുന്നു.

മാസ്റ്റർപ്ലാനിൽ പ്രതിപാദിച്ചിരുന്ന നിർദ്ദേശങ്ങൾ ഭാഗീകമായി നടപ്പിലായി എന്നു അവലോകനത്തിൽ നിന്നും മനസ്സിലാകുന്നു. മാർക്കറ്റുകളുടെ നവീകരണം പൂർണ്ണമായി നടപ്പിലായില്ല. വ്യാവസായിക മേഖലയിൽ കേരള ആട്ടോമൊബൈൽസിന്റെ വികസനം മാത്രമാണ് എടുത്തു കാണിക്കാൻ തക്കതായത്. കോടതിയും, സിവിൽ സ്റ്റേഷനും നടപ്പിലായെങ്കിലും ഹൃദയഭാഗത്തെ ഗതാഗത തിരക്കിന് ശമനം കൊണ്ടു വരാൻ സാധിച്ചിട്ടില്ല. സ്റ്റേഡിയം വികസനവും ഭാഗികമായി മാത്രമേ കൊണ്ടുവരുവാൻ സാധിച്ചുള്ളൂ. വാണിജ്യ-മേഖലയിൽ അക്ഷയ വ്യാപാര കേന്ദ്രത്തിന്റെ നിർമ്മാണം ഒരു നല്ല ചുവടുവയ്പ്പായി കാണാവുന്നതാണ്. ഓട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗികമായി മാത്രമേ പൂർത്തിയായുള്ളൂ. റോഡുകളുടെ വീതി കൂട്ടൽ പൂർണമായി നടന്നിട്ടില്ല. പ്രായുമ്മൂട്, അമരവിള, പാലക്കടവ്, അറക്കുന്ന് എന്നീ ഭാഗങ്ങളിൽ പാലം നിർമ്മാണം പൂർത്തിയാക്കി. ടൗൺ ഹാളിന്റെ നവീകരണവും സാധ്യമായതായി കാണുന്നു.

പ്രസ്തുത മാസ്റ്റർപ്ലാനിന്റെ സോണിംഗ് റെഗുലേഷൻ, 30.03.2010 ലെ G.O.(Ms) No. 65/10/LSGD പ്രകാരം വേരിയേഷൻ വരുത്തി സർക്കാർ അംഗീകരിച്ചിരുന്നു.

3.2 ബസ് സ്റ്റാൻഡ് – വിശദനഗരാസൂത്രണ പദ്ധതി

ബസ് സ്റ്റാൻഡ് ഉൾപ്പെടുന്ന 0.19 ച.കീ.മീ നു വേണ്ടി ചെയ്ത വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് സർക്കാർ ഉത്തരവ് G.O.(ms) No. 240/86/LAD dt: 22.11.1986 പ്രകാരം അംഗീകാരം ലഭിച്ചിരുന്നു. (ചിത്രം 3.2)

ഈ പദ്ധതിയുടെ പ്രധാന നിർദ്ദേശങ്ങൾ ഇവയായിരുന്നു:

ദേശീയപാത എൻഎച്ച് 66 നു 18മീ. വീതി കൂട്ടൽ, നെയ്യാറ്റിൻകര - പൂവാർ റോഡിനു 18മീ. - വീതി കൂട്ടൽ, കെഎസ്ആർടിസി സ്റ്റാൻഡിനു സമീപത്ത് കൂടി കോൺവെന്റ് റോഡിലേക്കുള്ള റോഡിന് - 12മീ. വീതി കൂട്ടൽ, ദേശീയപാതയും പൂവാർ റോഡും ബന്ധിപ്പിക്കുന്ന രണ്ടു റോഡുകൾക്ക് 18മീ. വീതി കൂട്ടൽ. ഇതിനു പുറമെ പാർപ്പിട വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും പ്രതിപാദിച്ചിരുന്നു.



ചിത്രം 3.2 നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് ഏരിയ - വിശദ നഗരാസൂത്രണ പദ്ധതി

മാസ്റ്റർപ്ലാൻ പോലെ വിശദ നഗരാസൂത്രണ പദ്ധതിയുടെ നിർദ്ദേശങ്ങളും ഭാഗീകമായി മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ എന്നു അവലോകനത്തിൽ നിന്നും ബോദ്ധ്യമാകുന്നു.

3.3 സംഗ്രഹം

നെയ്യാറ്റിൻകര പട്ടണത്തിന് വേണ്ടി നിരവധി ആസൂത്രണ ശ്രമങ്ങൾ മുൻകാലങ്ങളിൽ നടത്തിയിരുന്നു. എന്നാൽ ഇവയിൽ ഉൾപ്പെട്ട എല്ലാ പദ്ധതികളും പൂർത്തീകരിക്കുവാനും, പൂർണ്ണമായി നടപ്പിലാക്കുവാനും സാധിച്ചിട്ടില്ല. മുൻകാലങ്ങളിൽ ഉള്ള ആസൂത്രണ ശ്രമങ്ങൾ പൂർണ്ണമായി ഫലവത്താവാത്തതിനാൽ, ആസൂത്രിത വികസനത്തിന്റെ അഭാവം ടൗണിൽ നിലനിൽക്കുന്നു. മുൻകാല ആസൂത്രണ ശ്രമങ്ങൾ പഠനവിധേയമാക്കുന്നതിലൂടെ ഇവയുടെ വികസന ലക്ഷ്യങ്ങൾ അപഗ്രഥിക്കുവാനും, അപര്യാപ്തതകൾ മനസ്സിലാക്കുവാനും സാധിക്കുന്നു.

04. പട്ടണത്തിന്റെ രേഖാചിത്രം

തിരുവനന്തപുരം ജില്ലയുടെ തെക്ക് ഭാഗത്തായി നെയ്യാറ്റിൻകര പട്ടണം സ്ഥിതി ചെയ്യുന്നു. തിരുവനന്തപുരം നഗരത്തിൽ നിന്നും ഏകദേശം 18 കി.മീ അകലെ സ്ഥിതി ചെയ്യുന്ന ടൗൺ നെയ്യാറ്റിൻകര താലൂക്കിന്റെ ആസ്ഥാനമായും വർത്തിക്കുന്നു. സമുദ്ര നിരപ്പിൽ നിന്നും ശരാശരി 26മീ ഉയരത്തിൽ ഈ നഗരസഭ സ്ഥിതി ചെയ്യുന്നു. വടക്ക് -തെക്ക് ദിശയിൽ ഒഴുകുന്ന നെയ്യാറിന്റെ ഇരു കരകളിലുമാണ് ടൗൺ സ്ഥിതി ചെയ്യുന്നത്.

4.1 ഭരണ വിഭാഗങ്ങൾ

2192 ച.കീ.മി വിസ്തൃതിയുള്ള തിരുവനന്തപുരം ജില്ലയിൽ ആറു താലൂക്കുകളാണ് നിലവിൽ ഉള്ളത്. നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, ചിറയിൻകീഴ്, വർക്കല, തിരുവനന്തപുരം എന്നിവയാണ് ഈ താലൂക്കുകൾ. ഒരു ജില്ലാ പഞ്ചായത്തും, 11 ബ്ലോക്ക് പഞ്ചായത്തുകളും, 73 ഗ്രാമ പഞ്ചായത്തുകളും ജില്ലയിൽ ഉണ്ട്. ജില്ലയിലെ നാല് നഗരസഭയിൽ ഒന്നാണ് നെയ്യാറ്റിൻകര. തിരുവനന്തപുരം നഗരമാണ് ഏക കോർപ്പറേഷൻ പ്രദേശം.

നെയ്യാറ്റിൻകര നഗരസഭയിൽ 5 വില്ലേജുകളാണ് ഉള്ളത്. (ഇവയിൽ 3 എണ്ണം പൂർണ്ണമായും, 2 എണ്ണം ഭാഗികമായും ഉൾപ്പെടുന്നു).

2011 കാനേഷുമാരി പ്രകാരം ടൗണിൽ 41 വാർഡുകളാണ് ഉള്ളത്. നിലവിൽ 44 വാർഡുകളാണ് ഉള്ളത്. നഗരസഭയുടെ വാർഡ് വിവരങ്ങൾ ചുവടെ ചിത്രം 4.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു:

4.2 ഭൂപ്രകൃതി

ഏകദേശം 74 കി.മീ നീളമാണ് തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശ വ്യാപ്തി. വടക്ക് കൊല്ലം ജില്ലയും, തമിഴ്നാട്ടിലെ തിരുനെൽവേലി, കന്യാകുമാരി ജില്ലകൾ തെക്കും കിഴക്കുമായി സ്ഥിതി ചെയ്യുന്നു. ജില്ലയുടെ ഭൂതലത്തെ മൂന്നു വിഭാഗങ്ങളിലായി തരംതിരിക്കാവുന്നതാണ്; സമതലം, മധ്യതലം, ഉയർന്ന പ്രദേശം. നെയ്യാറ്റിൻകര താലൂക്ക് ഈ മൂന്നു ഭൂതല വിഭാഗങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നു.

വടക്ക്-തെക്ക് ഭാഗങ്ങൾവഴികെ ടൗണിലെ മറ്റു പ്രദേശങ്ങൾ സമതല ഭൂമിയായി കാണപ്പെടുന്നു. സമതലത്തിൽ, സമുദ്ര നിരപ്പിൽ നിന്നും ശരാശരി 26മീ ഉയർന്നും, മറ്റു ഉയർന്ന പ്രദേശങ്ങളിൽ ഏകദേശം 50മീ. ഉയർന്നുമാണ് ടൗണിന്റെ ഭൂതല സ്ഥിതി. ടൗണിലെ അരുവിപ്പുറം ഭാഗത്ത് ഒരു കുന്നും സ്ഥിതി ചെയ്യുന്നു. ടൗണിൽ നിന്നും ഏകദേശം 10.കീ.മി അകലെയാണ് തീരപ്രദേശം സ്ഥിതി ചെയ്യുന്നത്. നഗരസഭാ പ്രദേശത്ത് പ്രധാനമായും ലാറ്ററൈറ്റും, ചെമ്മണ്ണുമാണുള്ളത്.

ടൗണിൽ കൂടി ഒഴുകുന്ന നെയ്യാർ, ജില്ലയില മൂന്ന് നദികളിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. നെയ്യാറിന്റെ ഉത്ഭവം അഗസ്ത്യാർ കൂടത്തിലാണ്.

4.3 സാമൂഹിക-സാമ്പത്തിക സ്ഥിതി

2011 കാനേഷുമാരി പ്രകാരം കേരളമാണ് രാജ്യത്തിലെ ഏറ്റവും സാക്ഷരത നേടിയ സംസ്ഥാനം. 90.92% മാണ് ഇവിടത്തെ സാക്ഷരതാ നിരക്ക്. തിരുവനന്തപുരം ജില്ലയുടെ നിരക്ക് 89.4% വും നെയ്യാറ്റിൻകര ടൗണിന്റെത് 82% വുമാകുന്നു.

കേരള സംസ്ഥാനത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്ക് 32.3% വും ജില്ലയുടെത് 32.4% വും, ടൗണിന്റേറത് 34% വുമാണ്.



ചിത്രം 4.1 നെയ്യാറ്റിൻകര - വാർഡുകൾ

05. ജനസംഖ്യാ പഠനം

വികസന പ്രവർത്തനങ്ങൾക്ക് ജനസംഖ്യ ഒരു പ്രധാന മാനദണ്ഡമാണ്. നഗരസഭാ പ്രദേശത്തെ ജനസംഖ്യാ പഠനത്തിൽ നിന്നും ജനസംഖ്യാ വർദ്ധനവിന്റെ കാലികമായ വ്യതിയാനങ്ങളെക്കുറിച്ചും, പട്ടണത്തിലെ ജനസംഖ്യാ വിന്യാസത്തെക്കുറിച്ചും മനസ്സിലാക്കാം. ഈ അദ്ധ്യായത്തിൽ നെയ്യാറ്റിൻകര ടൗണിലെ ജനസാന്ദ്രതയെക്കുറിച്ചും, ജനസംഖ്യാ മാറ്റത്തെക്കുറിച്ചും, ജനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശത്തെക്കുറിച്ചും, ഭാവിയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ജനസംഖ്യാ വർദ്ധനവിനെക്കുറിച്ചും പ്രതിപാദിക്കുന്നു.

5.1 ജനസംഖ്യ

2011 ലെ സെൻസസ് പ്രകാരം നെയ്യാറ്റിൻകര താലൂക്കിലെ ജനസംഖ്യ 879579 ഉം നഗരസഭയിലേത് 70850 ഉം ആണ്.

ജനസംഖ്യാ വർദ്ധനവിൽ സ്ഥിരതയാർന്ന വളർച്ചയാണ് കഴിഞ്ഞ ദശകങ്ങളിൽ പ്രകടമാകുന്നത്. നഗരസഭാ പ്രദേശം ജനസംഖ്യയിൽ ക്രമാനുഗതമായ വർദ്ധനവ് പ്രദർശിപ്പിയ്ക്കുന്നുണ്ട്. ഒപ്പംതന്നെ നഗരസഭയുടെ വിസ്തൃതി വർദ്ധിച്ചതും ഇതിനെ സ്വാധീനിച്ചിട്ടുണ്ട്. വാർഡുകളുടെ സ്ഥലപരമായ വിസ്തൃതിയിൽ 200% വർദ്ധനവുണ്ടായിട്ടുണ്ട്; ആനുപാതികമായ ജനസംഖ്യാ വർദ്ധനവ് 130% ത്തോളമാണ്.

1981–2011 വരെയുള്ള ദശകങ്ങളിൽ താലൂക്കിലും നഗരസഭാ പ്രദേശത്തും ഉണ്ടായ ജനസംഖ്യാ വർദ്ധനവ് ചാർട്ട് 5.1 ൽ കാണിച്ചിട്ടുണ്ട്.



ചാർട്ട് 5.1 ജനസംഖ്യാ വിശദാംശങ്ങൾ (സ്രോതസ്സ്: സെൻസസ്)

5.2 ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക്

ജനസംഖ്യാ വർദ്ധനവിന്റെ നിരക്കിൽ നിന്നും പ്രദേശത്തെ ജനസംഖ്യാ വളർച്ചയെക്കുറിച്ചുള്ള വ്യക്തമായ ധാരണയുണ്ടാക്കാം. നഗരസഭാ പ്രദേശത്തെ വളർച്ചാ നിരക്ക് താഴെക്കൊടുത്തിരിക്കുന്നു.

താലൂക്കടിസ്ഥാനത്തിലും നഗരസഭാതലത്തിലും വളർച്ചാ നിരക്ക് കുറഞ്ഞു വരുന്നതായാണ് കാണുന്നത്. വാർഡുകളിലും തൽസ്ഥിതി തന്നെയാണ്. 2001–2011 വർഷത്തിൽ നഗരസഭയിലെ വളർച്ചാ നിരക്ക് 1.95% ആണ്. 1991 ൽ നഗരസഭാ വാർഡുകളിലെ വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നതിനാൽ, 56% ൽ നിന്നും 1.95% ത്തിലേയ്ക്കുള്ള വളർച്ചാ നിരക്കിലെ വ്യതിയാനം, നിലവിലെ ജനസംഖ്യയെ

അത്രകണ്ട് ബാധിക്കുന്നില്ലാ എങ്കിലും ആയത് വളർച്ചാ നിരക്കിന്റെ മൊത്തത്തിലുള്ള വ്യതിയാനത്തെ കാണിക്കുന്നു.

താലൂക്കടിസ്ഥാനത്തിലുള്ള കണക്കുകളിൽ നിന്നും വളർച്ചാ നിരക്ക് കുറഞ്ഞു വരുന്നതിനെക്കുറിച്ച് മനസ്സിലാക്കാം.

ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലുമുള്ള സമാന സൗഹചര്യത്തെയാണ് വളർച്ചാ നിരക്കിന്റെ ഇന വ്യതിയാനം അടി വരയിടുന്നത്.

ജനസംഖ്യാ വളർച്ചാ നിരക്കും കുടുംബങ്ങളുടെ എണ്ണവും തമ്മിൽ താരതമ്യപ്പെടുത്തുന്നത് നഗരസഭാ പ്രദേശത്തെ വർദ്ധിത നഗരവൽക്കരണത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകും.



ചാർട്ട് 5.2 ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക് (സ്രോതസ്സ്: സെൻസസ്)

5.3 ജനസംഖ്യാ വിന്യാസം

ഭൂരിഭാഗം വാർഡുകളിലും 1500 ലധികം താമസക്കാരുണ്ട്. നഗരസഭാ പ്രദേശത്തിന്റെ മദ്ധ്യഭാഗത്തും, പടിഞ്ഞാറൻ ഭാഗത്തുമായാണ് ജനസംഖ്യ കൂടുതലുള്ള വാർഡുകൾ കേന്ദ്രീകരിച്ചിരിക്കുന്നത്.

5.4 ജനസാന്ദ്രത

2011 ലെ കണക്ക് പ്രകാരം നെയ്യാറ്റിൻകര നഗരസഭയിലെ ജനസാന്ദ്രത 2457 ആളുകൾ / ച.കീ.മി ആണ്. സംസ്ഥാന ശരാശരിയായ 859, ജില്ലാ ശരാശരിയായ 1509, താലൂക്ക് ശരാശരിയായ 1541 ആളുകൾ / ച.കീ.മി എന്നിവയെ അപേക്ഷിച്ച് നഗരസഭയിലേത് ഉയർന്ന ശരാശരിയാണ്. തൊട്ടടുത്ത നഗരമായ തിരുവനന്തപുരത്തെ (4444 ആളുകൾ / ച.കീ.മി) പ്പോലെ നെയ്യാറ്റിൻകര പട്ടണവും നഗരവത്ക്കരണ സ്വഭാവമാണ് പ്രകടിപ്പിക്കുന്നത്.

നഗരസഭാ പരിധിയിലെ ജനസാന്ദ്രത മനസ്സിലാക്കുന്നതിനായി മൂന്ന് തലത്തിലെ വിശകലനങ്ങളാണ് നടത്തിയിരിക്കുന്നത്.

നഗരസഭയിലെ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ ജനസാന്ദ്രത 2457 ആളുകൾ / ച.കീ.മി. ആണ്. എന്നാൽ നിർമ്മിത ഉപയോഗ ഭൂമിയുടെ വിസ്തീർണ്ണം കണക്കിലെടുക്കുമ്പോൾ ആയത് 2563 ആളുകൾ / ച.കീ.മി ഉം വാസഗൃഹ മേഖലയുടെ വിസ്തീർണ്ണം മാത്രം പരിഗണിക്കുമ്പോൾ ആയത് 6585 ആളുകൾ / ച.കീ.മി ഉം ആണ്.

ജനസാന്ദ്രതയുടെ സ്ഥലപര വിന്യാസം കണ്ടെത്താനായി മേൽ പരാമർശിച്ച വിശകലനം തന്നെയാണ് വാർഡ് തലത്തിലും നടത്തിയിരിക്കുന്നത്.

പ്രാഥമിക ഘട്ടത്തിൽ ഓരോ വാർഡിലെയും ജനസംഖ്യ പരിഗണിച്ച് മൊത്തം ജനസംഖ്യാ സാന്ദ്രതയും, ആയതിന് സമാനമായ വിസ്തീർണ്ണവും പരിഗണിക്കുന്നു. രണ്ടാമതായി ഓരോ വാർഡിലെയും ജനസംഖ്യയും നിർമ്മിത ഭൂമിയും കണക്കിലെടുത്തുള്ള ജനസാന്ദ്രതയും പരിഗണിക്കുന്നു.

ജനവാസ സൗകര്യങ്ങൾ കണക്കിലെടുത്തുള്ള മൂന്നാം ഘട്ടത്തിൽ ജനസംഖ്യയും, വാസഗൃഹ ഉപയോഗ സ്ഥലങ്ങളും മാത്രം പരിഗണിച്ചാണ് ജനസാന്ദ്രത കണക്കാക്കിയിരിക്കുന്നത്. താഴെപ്പറയുന്ന കണക്കുകളിൽ നിന്നും ഇവ മനസ്സിലാക്കാം.

മൊത്ത ജനസാന്ദ്രത (Gross population density) യുടെ വിശകലനത്തിൽ നിന്നും നഗരസഭാ പ്രദേശത്തിന്റെ വടക്കേ അറ്റത്താണ് കുറഞ്ഞ ജനസാന്ദ്രതയെന്നു കാണാം. ഇത് ചിത്രം 5.1 ൽ കാണിച്ചിരിക്കുന്നു. ഗതാഗത ശൃംഖലകളോട് ബന്ധപ്പെട്ടു കിടക്കുന്ന വാർഡുകളിൽ ഉയർന്ന ജനസാന്ദ്രത കാണിക്കുന്നു. കൂടിയ ജനസാന്ദ്രതയുള്ള ഭൂരിഭാഗം വാർഡുകളും എൻഎച്ചിനും കാട്ടാക്കട-പൂവാർ റോഡിനും അനുബന്ധമായവയാണ്. ആദ്യഘട്ട വിശകലനത്തിൽ നിന്നും വളരെ ഉയർന്നതും കുറഞ്ഞ ജനസാന്ദ്രതയുള്ളതുമായ വാർഡുകൾ വഴിമുക്കും (11401 ആളുകൾ /ച.കീ.മി) ഇളവനിക്കരയുമാണ് (835 ആളുകൾ / ച.കീ.മി).

ജനസാന്ദ്രതയുടെ വിശകലനഫലം പരിഗണിക്കുമ്പോൾ, ചിത്രം 5.2 കാണിക്കും പ്രകാരം Net population density യും മൊത്ത ജനസാന്ദ്രതയും (Gross population density) തമ്മിൽ നേരിയ വ്യതിയാനം നിലനില്ക്കുന്നതായി കാണാം.

ചിത്രം 5.3 കാണിക്കും പ്രകാരം, ആകെ വാസഗൃഹ മേഖല അടിസ്ഥാനപ്പെടുത്തിയുള്ള ജനസാന്ദ്രതയുടെ മൂന്നാം ഘട്ട വിശകലനത്തിന്, വാർഡുകളിലെ ജനസാന്ദ്രതയാണ് പരിഗണിച്ചിരിക്കുന്നത്.

വാസഗൃഹ മേഖല അടിസ്ഥാനപ്പെടുത്തിയുള്ള ജനസാന്ദ്രത പ്രകാരം ഉയർന്ന സാന്ദ്രതയുള്ള വാർഡുകൾ എൻഎച്ച് 66 ന് അനുബന്ധമായിട്ടുള്ളവയാണ്. നഗരസഭാ പ്രദേശത്തുടനീളം ജനസാന്ദ്രത വിഭിന്നമായാണ് കാണുന്നത്.

5.5 സ്ത്രീ-പുരുഷ അനുപാതം (Sex Ratio)

2011 ലെ കണക്കുകൾ പ്രകാരം താലൂക്കിലെ സ്ത്രീ-പുരുഷ അനുപാതം 1039 ആണ്. ജില്ലാതല സൂചികയെക്കാൾ കുറവാണിത്.

0-6 വയസ്സു വരെയുള്ളവരുടെ അനുപാതം 960 ആണ്. 2011 ലെ സെൻസസ് പ്രകാരം നഗരസഭയിലെ അനുപാതം 1052 ; താലൂക്ക് തലത്തിലേതിനേക്കാൾ കൂടുതലാണിത്. വയസ്സും ലിംഗവും ആധാരമാക്കിയുള്ള പിരമിഡ് ചാർട്ട് 5.4 ൽ കാണിച്ചിട്ടുണ്ട് (സാമൂഹ്യ-സാമ്പത്തിക സർവ്വെ പ്രകാരമുള്ളത്)

ജില്ലാ സംസ്ഥാന, താലൂക്കടിസ്ഥാനത്തിലെ പോലെ നഗരസഭാ പ്രദേശത്ത് തൊഴിൽ ക്ഷമതയുള്ളവർ (20-60 വയസ്സു വരെയുള്ളവർ) കൂടുതലായതിനാൽ, നിലവിലെ ജനസംഖ്യാ വളർച്ച ശുഭപ്രതീക്ഷ ഉളവാക്കുന്നു.

5.6 കുടുംബങ്ങളുടെ എണ്ണം

നെയ്യാറ്റിൻകര താലൂക്കിലെയും പട്ടണത്തിലെയും കുടുംബങ്ങളുടെ വർദ്ധനവ് ചാർട്ട് 5.3 ൽ രേഖപ്പെടുത്തിയിരിക്കുന്നു. 2011 സെൻസസ് പ്രകാരമുള്ള ആകെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ നഗരസഭയിലെ കുടുംബങ്ങളിലെ ശരാശരി അംഗസംഖ്യ (House Hold size) 3.89 ആണ്.



ചിത്രം 5.1 ഗ്രോസ് പോപുലേഷൻ ഡെൻസിറ്റി



ചിത്രം 5.2 നെറ്റ് പോപുലേഷൻ ഡെൻസിറ്റി



ചിത്രം 5.3 വാസഗൃഹ മേഖല അടിസ്ഥാനപ്പെടുത്തിയുള്ള ജനസാന്ദ്രത



ചാർട്ട് 5.3 കുടുംബങ്ങളുടെ എണ്ണം : നെയ്യാറ്റിൻകര താലൂക്ക്, ടൗൺ (സ്രോതസ്സ്: സെൻസസ്)



ചാർട്ട് 5.4 വയസ്-ലിംഗം ആധാരമാക്കിയുള്ള പിരമിഡ് (സ്രോതസ്സ്: സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

5.7 ഭാവിയിലെ ജനസംഖ്യ

കഴിഞ്ഞ ദശകങ്ങളിലെ കണക്കുകൾ അടിസ്ഥാനപ്പെടുത്തി, 2041 വരെയുള്ള ജനസംഖ്യ കണക്കാക്കിയിരിക്കുന്നു. ഇതിനായി 3.5% സ്ഥിരമായ വളർച്ചാ നിരക്ക് (uniform growth rate) അടിസ്ഥാനമാക്കി 2041 ലെ ഭാവി ജനസംഖ്യ 78553 ആയി നിർണ്ണയിച്ചിരിക്കുന്നു.

പട്ടിക 5.1 ഭാവിയിലെ ജനസംഖ്യ 2041

വർഷം	ജനസംഖ്യ	**ഭാവിയിലെ ജനസംഖ്യ** (സ്ഥിരവളർച്ചാ നിരക്ക് അടിസ്ഥാനത്തിൽ)
2001	69467 (Census 2001)	
2011	70850 (Census 2011)	
2021		73330
2031		75897
2041		78553

5.8 സംഗ്രഹം

നെയ്യാറ്റിൻകര പട്ടണത്തിലെ ജനസംഖ്യാ പഠനം പ്രദേശത്തെ ശ്രദ്ധേയമായ ഘടകങ്ങളിലേയ്ക്ക് വെളിച്ചം വീശുന്നു. താലൂക്കിലേതിനും, ജില്ലയിലേതിനും സമാനമായ ജനസംഖ്യാ വ്യതിയാനങ്ങളാണ് നഗരസഭയിലും കാണാൻ സാധിക്കുന്നത്. ജനസംഖ്യാ വർദ്ധനവുണ്ടെങ്കിലും വളർച്ചാ നിരക്ക് കുറവാണ്. 2001 ൽ നഗരസഭാ പ്രദേശത്തെ ജനസംഖ്യയിൽ 130% വർദ്ധനവുണ്ടായിട്ടുണ്ട്, ഭൂവിസ്തൃതിയിൽ ഉണ്ടായ വർദ്ധനവാണ് ഇതിന് കാരണം. എന്നാൽ 2011 ലെ ജനസംഖ്യയിൽ ഈ വർദ്ധനവ് സ്വാധീനം ചെലുത്തിയിട്ടില്ല എന്നു കാണുന്നു. ഈ പ്രവണതയുടെ അടിസ്ഥാനത്തിലാണ് 2041 ലെ ജനസംഖ്യ കണക്കാക്കിയിരിക്കുന്നത്. ഭാവിയിലെ ജനസംഖ്യ കണക്കാക്കിയിരിക്കുന്നത് സ്ഥിരമായ വളർച്ചാ നിരക്ക് ആധാരമായ രീതി ഉപയോഗിച്ചാണ്; അതിൽ പട്ടണത്തിലെ ഭാവി ജനസംഖ്യാ വർദ്ധനവിൽ എടുത്തു പറയത്തക്ക മാറ്റം ദൃശ്യമാകുന്നുമില്ല.

ജനസാന്ദ്രതയുടെ വിശകലനത്തിൽ നിന്നും നഗരത്തിലെ ജനസംഖ്യയുടെ സ്ഥലപരമായ വിതരണത്തെക്കുറിച്ച് മനസ്സിലാക്കാവുന്നതാണ്. മൊത്തം ജനസാന്ദ്രതയുടെ കണക്കുകൾ പരിഗണിക്കുമ്പോൾ നഗരസഭാ പ്രദേശത്തിന്റെ മദ്ധ്യഭാഗത്തും വടക്ക്-പടിഞ്ഞാൻ ഭാഗത്തുമായാണ് കൂടുതൽ താമസക്കാർ കേന്ദ്രീകരിച്ചിരിക്കുന്നതെന്നു കാണാം. വാസഗൃഹ സാന്ദ്രതയുടെ അടിസ്ഥാനത്തിലുള്ള ജനവാസ മേഖലയുടെ കണക്കുകൾ പരിഗണിക്കുമ്പോഴും ഈ പ്രവണത തുടരുന്നതായാണ് കാണുന്നത്. ഈ ഭാഗത്തെ ഭൂരിഭാഗം വാർഡുകളിലും ഏകദേശ ജനസാന്ദ്രത 5000 ആളുകൾ / ച.കീ.മി നും മേലെയാണെന്നു വരുന്നു.

നഗരസഭാ പരിധിയിലെ ജനസംഖ്യയുടെ സ്ഥലപര വിന്യാസവുമായി ബന്ധപ്പെട്ട വിവരങ്ങളിലേയ്ക്ക് മേൽ സൂചിപ്പിച്ച കാര്യങ്ങൾ വിരൽ ചൂണ്ടുന്നു. നെയ്യാറ്റിൻകര പട്ടണ പ്രദേശത്തെ പരിശോധിക്കുമ്പോൾ ജനവാസ മേഖലകളുടെ ക്രമരഹിതമായ വിന്യാസമാണ് ദൃശ്യമാകുന്നത്. ഇതിൽ നിന്നും ഗതാഗത സൗകര്യമുള്ള പ്രധാന റോഡുകളെ മാത്രം ആശ്രയിച്ചല്ലാതെ, നഗരസഭാ പ്രദേശത്ത് ഒട്ടാകെ വാസഗൃഹ മേഖലകൾ വിന്യസിച്ചിരിക്കുന്നതായി കണക്കാക്കാം.

06. തൊഴിൽഘടന

ഒരു പ്രദേശത്തെ തൊഴിൽ ശക്തി മനസ്സിലാക്കുന്നതിന് സെൻസസിൽ നിന്നുള്ള തൊഴിൽഘടനയെ കുറിച്ചുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നു. ആധുനിക കാലത്ത് സാമ്പത്തിക സൂചകങ്ങളാണ് വികസനത്തിന്റെ മാനദണ്ഡം. ഒരു പ്രദേശത്തിന്റെ അഥവാ പ്രദേശവാസികളുടെ സാമ്പത്തിക വളർച്ചയുടെ തോത് നിശ്ചയിക്കപ്പെടുക മൊത്തം ആഭ്യന്തര ഉല്പ്പാദനം (GDP) കണക്കാക്കിയാണ്. തൊഴിൽ പങ്കാളിത്ത നിരക്കും (WPR) തൊഴിൽ ഘടനയും (Occupational structure) സാമ്പത്തിക വളർച്ചയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

നെയ്യാറ്റിൻകര നഗരസഭയിലെ തൊഴിൽ പങ്കാളിത്ത നിരക്ക്, തൊഴിൽ ഘടന, തൊഴിലാളികളുടെ വിന്യാസം എന്നിവയാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

6.1 തൊഴിൽ പങ്കാളിത്ത നിരക്ക് (WPR)

2011 സെൻസസ് പ്രകാരം നെയ്യാറ്റിൻകര നഗരസഭയിലെ തൊഴിൽ പങ്കാളിത്ത നിരക്ക് 34% ആണ്.

തൊഴിലാളികളെ മുഖ്യ തൊഴിലാളികൾ, ഭാഗിക തൊഴിലാളികൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. (ചാർട്ട് 6.1) മൊത്തം തൊഴിലാളികളിൽ 75% ത്തിലധികവും മുഖ്യ തൊഴിലാളികളാണ്. ഈ തൊഴിലാളികളെ വീണ്ടും നാലായി തിരിച്ചിട്ടുണ്ട്. (സെൻസസ് വർഗ്ഗീകരണ പ്രകാരം).

ചാർട്ട് 6.1 തൊഴിൽ പങ്കാളിത്തം - നെയ്യാറ്റിൻകര പട്ടണം ജില്ലയിലെ തൊഴിൽ പങ്കാളിത്ത നിരക്കുകളുടെ താരതമ്യ പഠനം ചാർട്ട് 6.2 ൽ കാണിച്ചിരിക്കുന്നു.



ചാർട്ട് 6.1 തൊഴിൽപങ്കാളിത്തം - നെയ്യാറ്റിൻകര പട്ടണം (സ്രോതസ്സ്: സെൻസസ്, 2011)



ചാർട്ട് 6.2 തൊഴിൽ പങ്കാളിത്തം -തിരുവനന്തപുരം ജില്ല (സ്രോതസ്സ്: സെൻസസ്, 2011)

6.2 തൊഴിൽ വർഗ്ഗീകരണം

സെൻസസ് വർഗ്ഗീകരണ പ്രകാരം തൊഴിലാളികളെ ഉല്പ്പാദകർ, കർഷക തൊഴിലാളികൾ, ഗാർഹിക വ്യവസായ തൊഴിലാളികൾ, മറ്റു തൊഴിലാളികൾ എന്നിങ്ങനെ നാലായി തരം തിരിച്ചിരിക്കുന്നു. ഈ വർഗ്ഗീകരണ പ്രകാരമുള്ള തൊഴിലാളികളുടെ സ്ഥിതി ചാർട്ട് 6.3 ൽ കാണിച്ചിട്ടുണ്ട്. ചാർട്ട് 6.3 തൊഴിൽ പങ്കാളിത്തവും, ജില്ലയിലേയും പട്ടണത്തിലേയും തൊഴിലാളികളുടെ വർഗ്ഗീകരണവും കാണിച്ചിട്ടുണ്ട്.

ജില്ലയിലെയും, നഗരസഭയിലേയും തൊഴിൽ വർഗ്ഗീകരണത്തിൽ പ്രകടമായ വ്യതിയാനം കാണുന്നില്ല.

നെയ്യാറ്റിൻകര പട്ടണത്തിലെയും ജില്ലയിലെ മറ്റു നഗരസഭകളിലെയും തൊഴിൽ പങ്കാളിത്ത നിരക്കുകൾ താരതമ്യം ചെയ്ത് ചാർട്ട് 6.4 ൽ കാണിച്ചിരിക്കുന്നു.

6.3 തൊഴിൽ ഘടന

തൊഴിൽ ഘടനയുടെ വിശകലനത്തിന് മുൻ കാലഘട്ടങ്ങളിലെ തൊഴിൽ സ്ഥിതിയെപ്പറ്റി മനസ്സിലാക്കേണ്ടതാവശ്യമാണ്. 2001, 2011 കാലഘട്ടങ്ങളിലെ തൊഴിലാളികളുടെ നാലിന വർഗ്ഗീകരണം ചാർട്ട് 6.5 ൽ കാണിച്ചിരിക്കുന്നു.

മേൽ കാലഘട്ടത്തിൽ മറ്റു മേഖലകളിലെ തൊഴിലാളികളുടെ എണ്ണത്തിൽ (other workers) വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ, കൃഷി, വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. ഇത് തൊഴിൽ പ്രവണതയിൽ വന്ന വ്യത്യാസം കാണിക്കുന്നു.



ചാർട്ട് 6.3 തൊഴിൽ പങ്കാളിത്തം : തിരുവനന്തപുരം ജില്ല, നെയ്യാറ്റിൻകര പട്ടണം (സ്രോതസ്സ്: സെൻസസ്, 2011)



ചാർട്ട് 6.4 തൊഴിൽ പങ്കാളിത്ത നിരക്കുകളുടെ താരതമ്യം (സ്രോതസ്സ്: സെൻസസ്, 2011)



ചാർട്ട് 6.5 തൊഴിൽ വർഗ്ഗീകരണം (സ്രോതസ്സ്: സെൻസസ്, 2010,2011)

പട്ടിക 6.1 ൽ രണ്ടു ദശാബ്ദത്തിലെ മൊത്തം തൊഴിൽ ശക്തിയുടെ തൊഴിൽ പങ്കാളിത്ത ശതമാനം രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.1 തൊഴിൽ പങ്കാളിത്ത ശതമാനം (സ്രോതസ്സ്: സെൻസസ്, 2010,2011)

Type	Cultivators	Agriculture labour	HH Industrial workers	Other workers
Average %, 2001	1.77	11.27	4.96	82.00
Average %, 2011	2.18	7.64	2.63	87.55

തൊഴിലുകളെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളായി തരംതിരിച്ച് ചാർട്ട് 6.6 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രാഥമിക മേഖലയിലെ തൊഴിലാളികൾ ദ്വിതീയ മേഖലയെക്കാൾ എണ്ണത്തിൽ കൂടുതൽ ആണ്. വ്യാവസായിക തൊഴിലാളികൾക്ക് പട്ടണത്തിൽ അവസരങ്ങൽ കുറവാണ്. തൃതീയ മേഖലകളിലെ തൊഴിലാളികളുടെ വൻ പങ്കാളിത്തം, മറ്റു തൊഴിൽ മേഖലകളിലെ തൊഴിലവസരങ്ങളുടെ സ്വാധീനം വെളിവാക്കുന്നു. ഒപ്പം തന്നെ പ്രാഥമിക വിഭാഗം തൊഴിലാളികളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തം കാർഷിക മേഖലയെ കൂടുതൽ ഉപയോഗപ്പെടുത്തേണ്ടതിലേയ്ക്ക് വിരൽ ചൂണ്ടുന്നു.



ചാർട്ട് 6.6 മേഖലാതല തൊഴിൽ വർഗ്ഗീകരണം (സ്രോതസ്സ്: സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

പട്ടിക 6.2 പരിഗണിക്കുമ്പോൾ, മറ്റു തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ 68.31% ൽ ഭൂരിഭാഗവും സർക്കാർ ഉദ്യോഗസ്ഥർ, മറ്റു തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ എന്നിവർ ഉൾപ്പെടുന്നു.

പട്ടിക 6.2 വിവിധ വിഭാഗങ്ങളിലെ തൊഴിലാളികളുടെ ശതമാനക്കണക്ക് (സ്രോതസ്സ്: സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

Sector	Sub sector	Work class	% of workers
Primary workers		Cultivators	3.75
		Agriculture laborer	3.06
		Live stock worker	1.98
		Conventional fish man	0
		Plantation worker	0.4
Secondary workers		Beedi workers	5.52
		House hold industrial worker	2.14
		Coir worker	0.16
		Other major industrial worker	5.48
Tertiary workers	Other services	Government employee	**21.17**
		Outside country	1.98
		Other workers	**13.59**
		Head load workers	5.56
		Carpenter	2.06
		Construction (helper)	6.09
		Beverage worker	0.2
		Construction worker	**17.66**
		Driver	5.28
		Hotel worker	0.85
		Vegetable trader	0.73
		Retail fish vendor	0.24
		Whole sale fish vendor	0
		Retail seller (other than edible items)	2.1

6.4 തൊഴിലാളികളുടെ സ്ഥലപരമായ കേന്ദ്രീകരണം

നാല് ഇന തൊഴിലാളി വർഗ്ഗീകരണ പ്രകാരം വ്യത്യസ്ത തലത്തിലുള്ളവരുടെ സ്ഥലപര കേന്ദ്രീകരണം തുടർന്ന് വിശദീകരിക്കുന്നു. കേന്ദ്രീകരണം കണക്കാക്കിയിരിക്കുന്നത് കേന്ദ്രീകൃത മൂല്യ സൂചിക (concentration index value) പ്രകാരമാണ്. ഓരോ തൊഴിൽ വിഭാഗത്തിന്റെ വാർഡ് തലത്തിലെ തൊഴിലാളികളുടെ പ്രാതിനിധ്യവും, നഗരസഭയിലെ ഓരോ തൊഴിൽ വിഭാഗത്തിലെയും മൊത്തം തൊഴിലാളികളുടെ പ്രാതിനിധ്യവും, തമ്മിലുള്ള അംശബന്ധം പരിഗണിച്ചാണ് മൂല്യ സൂചിക കണക്കാക്കിയിരിക്കുന്നത്.

$$\frac{\left(\frac{No.of\ workers\ in\ each\ classification\ in\ \ a\ war}{Total\ workers\ in\ war}\right)}{\left(\frac{No.of\ workers\ in\ each\ classification\ in\ \ municipality}{Total\ workers\ in\ munic}\right)}$$

നഗരസഭയുടെ വടക്ക്, കിഴക്ക്, തെക്ക് ഭാഗങ്ങളിൽ കൃഷിക്കാരും, കർഷക തൊഴിലാളികളും ഉൾപ്പെട്ട പ്രാഥമിക മേഖലയിലെ തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്നു (ചിത്രം 6.1). തൊഴിലുകളുടെയും തൊഴിലാളികളുടെയും സ്ഥലപരമായ കേന്ദ്രീകരണം പരിശോധിക്കുമ്പോൾ ഭൂവിനിയോഗവും തൊഴിൽ ഘടനയും തമ്മിലുള്ള ബന്ധം വ്യക്തമാകുന്നു. കുടിൽ വ്യവസായ തൊഴിലാളികളുടെയും, മറ്റു തലത്തിലുള്ള തൊഴിലാളികളുടെയും കേന്ദ്രീകരണം ചിത്രം 6.2 ൽ രേഖപ്പെടുത്തിയിരിക്കുന്നു. പട്ടണത്തിന്റെ വടക്ക്- പടിഞ്ഞാറും, തെക്ക്-കിഴക്കും ഭാഗങ്ങളിൽ കുടിൽ വ്യവസായ തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്നു. കേന്ദ്രീകൃത സൂചികാ ഭൂപടം അനുസരിച്ച് നഗരസഭയുടെ മദ്ധ്യമേഖലയിലും, വടക്കു പടിഞ്ഞാറൻ മേഖലയിലും തൃതീയ മേഖലയിൽപ്പെട്ട ഭൂരിഭാഗം തൊഴിലാളികളും കാണപ്പെടുന്നു.



ചിത്രം 6.1 കൃഷിക്കാരുടെയും, കർഷക തൊഴിലാളികളുടെയും, കേന്ദ്രീകരണം



ചിത്രം 6.2 കുടിൽ വ്യവസായ തൊഴിലാളികളുടെയും, മറ്റു തലത്തിലുള്ള തൊഴിലാളികളുടെയും കേന്ദ്രീകരണം

6.5 സംഗ്രഹം

നെയ്യാറ്റിൻകര പട്ടണത്തിന്റെ തൊഴിൽ വ്യവസ്ഥിതിയുടെ ഭാവി ശുഭപ്രതീക്ഷകൾ ഉളവാക്കുന്നവയാണ്. തൊഴിൽ പങ്കാളിത്ത നിരക്ക് 2001 ലെ 33% ൽ നിന്നും 2011 ൽ 34% മായി വർദ്ധിച്ചിട്ടുണ്ട്. പട്ടണത്തിന്റെ നിലവിലെ സ്ഥിതി ചിത്രീകരിക്കുമ്പോൾ തൊഴിലാളികളിൽ ഭൂരിഭാഗവും മുഖ്യതൊഴിലാളികൾ അഥവാ സ്ഥിരം തൊഴിലാളികൾ ആണ്.

തൊഴിൽ ഘടന പരിഗണിക്കുമ്പോൾ ഭൂരിഭാഗം തൊഴിലാളികളും തൃതീയ മേഖലയിൽ നിന്നുള്ളവരാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും സർക്കാർ ഉദ്യോഗസ്ഥരും, നിർമ്മാണ തൊഴിലാളികളും മറ്റു വിഭാഗത്തിൽ ഉൾപ്പെടുന്നവരും ആണ്. നഗരസഭ സ്ഥിതി ചെയ്യുന്നത്, സംസ്ഥാനത്തിന്റെ ഭരണ തലസ്ഥാനമായ തിരുവനന്തപുരത്തിന് അടുത്തായതിനാൽ സർക്കാർ ജോലിക്കാരുടെ എണ്ണം താരതമ്യേന കൂടുതലാണ്. റിയൽ എസ്റ്റേറ്റ് മേഖലയുടെ വളർച്ച നിർമ്മാണ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്.

കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ താരതമ്യേന കുറവാണെങ്കിലും കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഭൂമി ലഭ്യമാണ്. തൊഴിലാളികളുടെ വളർച്ചാനിരക്ക് പരിഗണിക്കുമ്പോൾ കാർഷിക മേഖലയിലൂന്നിയ വികസനം നഗരസഭയുടെ സാമൂഹിക - സാമ്പത്തിക വളർച്ചയെ സഹായിക്കുമെന്ന് കാണുന്നു.

07. ഭൂവിനിയോഗം

നഗരസഭയിലെ ഭൂമിയുടെ നിലവിലെ ഉപയോഗം അടിസ്ഥാനമാക്കിയാണ് ഭൂവിനിയോഗം രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണത്തിന് പാർപ്പിട, വാണിജ്യ, വ്യവസായ, കാർഷിക ഉപയോഗങ്ങൾ എന്നിങ്ങനെ. ഭൂലഭ്യതയുടെ അടിസ്ഥാനത്തിൽ ഭാവിയിലെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഭൂവിനിയോഗത്തെ വിശകലനം ചെയ്യേണ്ടത് അനിവാര്യമാണ്.

ഈ അദ്ധ്യായത്തിൽ നെയ്യാറ്റിൻകര നഗരസഭാ പരിധിയിലെ ഭൂവിനിയോഗ ക്രമത്തെക്കുറിച്ചും ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണത്തെക്കുറിച്ചും വിശദീകരിക്കുന്നു.

7.1 ജില്ലാതലത്തിലുള്ള ഭൂവിനിയോഗം

ഭൂപ്രകൃതി അനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ വേർതിരിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയും സമാന ഭൂപ്രകൃതിയാണ് പ്രദർശിപ്പിക്കുന്നത്. ജില്ല കേന്ദ്രീകരിച്ചുള്ള ഭൂവിനിയോഗത്തിൽ നിന്നും വിവിധ മേഖലകളെക്കുറിച്ചുള്ള വ്യക്തമായ ധാരണയുണ്ടാക്കാം. കിഴക്കൻ മേഖലയിൽ വനാന്തരങ്ങളും, ഇടനാട്ടിൽ കാർഷിക മേഖലയും, തീരപ്രദേശത്ത് കാർഷിക ഇതര മേഖലയുമാണെന്ന് മനസ്സിലാക്കാം (ചിത്രം 7.1). നെയ്യാറ്റിൻകര താലൂക്ക് സമ്മിശ്ര ഭൂവിനിയോഗത്തിലും, നഗരസഭാ പ്രദേശം നിർമ്മിതികൾ ഉൾപ്പെട്ട ഭൂവിനിയോഗത്തിലുമാണ്.



ചിത്രം 7.1 ജില്ലാതലത്തിലുള്ള ഭൂവിനിയോഗം കേന്ദ്രീകരണം (സ്രോതസ്സ്: DUR, Thiruvananthapuram)

7.2 നഗരസഭാതല ഭൂവിനിയോഗം

മുൻവർഷങ്ങളെ അപേക്ഷിച്ച് നഗരസഭയുടെ വിസ്തീർണ്ണത്തിൽ വർദ്ധനവു വന്നിട്ടുണ്ട്. 1981 ൽ 9.7 ച.കി.മീ ആയിരുന്നത്, ചില പ്രദേശങ്ങളെ കൂട്ടിച്ചേർത്തതിനാൽ 1991 കാലഘട്ടിൽ 28.84 ച.കി.മീ ആയിട്ടുണ്ട്. കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളുടെ സ്വാധീനത്താൽ ജനസംഖ്യ, ജനസാന്ദ്രത, ഭൂവിനിയോഗം എന്നിവയിൽ മാറ്റം സംഭവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലെ നിലവിലെ ഭൂവിനിയോഗ ക്രമം ചാർട്ട് 7.1

ലും പട്ടിക 7.1 ലും കാണിച്ചിട്ടുണ്ട്. ആയതിൽ നിന്നും നെയ്യാറ്റിൻകര നഗരസഭാ പരിധിയിൽ കാർഷിക മേഖലയും, വാസഗൃഹമേഖലയുമാണ് പ്രധാന ഭൂവിനിയോഗങ്ങളെന്ന് മനസ്സിലാക്കാം.



ചാർട്ട് 7.1 നഗരസഭാ പരിധിയിലെ നിലവിലെ ഭൂവിനിയോഗ ക്രമം

പട്ടിക 7.1 ഭൂവിനിയോഗവിതാനം

ഭൂവിനിയോഗം	വിസ്തീർണ്ണം ച.കി.മീ	വിതാന വിസ്തീർണ്ണത്തിന്റെ ശതമാനം
വാസഗൃഹ ഉപയോഗം	10.70	37.10
വാണിജ്യ ഉപയോഗം	0.25	0.88
വ്യവസായ ഉപയോഗം	0.13	0.45
പൊതു-അർദ്ധ പൊതു ഉപയോഗം	0.81	2.81
കരകൃഷി	12.21	42.32
താഴ്ന്ന/നെൽകൃഷി	2.91	10.09
ഗതാഗത ഉപയോഗം	0.753	2.61
ക്വാറി	0.07	0.24
ജലാശയങ്ങൾ	1.01	3.50
ആകെ	**28.84**	**100.00**

മൊത്തം വിസ്തീർണ്ണം പരിഗണിക്കുമ്പോൾ, കാർഷിക പ്രവർത്തനങ്ങൾക്കായി 15.12 ച.കി.മീ ഉപയോഗപ്പെടുത്തുന്നു. ആയത് മൊത്തം ഭൂവിനിയോഗത്തിന്റെ 52.4% ആണ്. ഭൂവിനിയോഗത്തിന്റെ 37% വാസഗൃഹമേഖലയാണ്. ഇതിനായി 10.7 ച.കി.മീ ഉപയോഗിക്കുന്നു. മൊത്തം വിസ്തീർണ്ണത്തിന്റെ ഭൂരിഭാഗവും കാർഷിക, വാസഗൃഹ മേഖലയാണ് (89%). പൊതുഗതാഗത സംവിധാനങ്ങൾ, പൊതു സ്ഥലങ്ങൾ, ജലാശയങ്ങൾ എന്നിവ ഭൂവിനിയോഗത്തിന്റെ യഥാക്രമം 2.6%, 2.81%, 3% വീതവും ശേഷിക്കുന്നവ മറ്റു ഭൂവിനിയോഗങ്ങളുമാണ്. ഏകദേശം 1% വാണിജ്യാവശ്യങ്ങൾക്കും, 0.5% വ്യവസായ ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തുന്നു. നഗരസഭയുടെ നിലവിലെ ഭൂവിനിയോഗ മാപ്പ് ചിത്രം 7.2 ൽ കാണിച്ചിട്ടുണ്ട്.

വടക്കൻ മേഖലയിൽ കാർഷിക ഭൂവിനിയോഗങ്ങൾക്കാണ് പ്രാമുഖ്യം, ബാക്കിയുള്ളവ കാർഷിക-വാസഗൃഹ മേഖല ഉൾപ്പെട്ട മിശ്ര ഭൂവിനിയോഗമാണ്. വാണിജ്യ, പൊതു സ്ഥാപനങ്ങൾ പ്രധാന ഗതാഗത ഇടനാഴിയായ NH-66 നു ഇരുവശത്തായും നഗര ഹൃദയത്തിലും സ്ഥിതി ചെയ്യുന്നു. ജില്ലയുമായി ബന്ധപ്പെട്ട് വീക്ഷിക്കുമ്പോൾ പട്ടണത്തിന്റേത് ഭാഗിക ഗ്രാമീണ സ്വഭാവമാണ്. കാർഷിക-വാസഗൃഹ മേഖല ഉൾപ്പെട്ട മിശ്ര വികസനമാണ് കാണുവാൻ സാധിക്കുന്നത്.



ചിത്രം 7.2 നിലവിലെ ഭൂവിനിയോഗ ഭൂപടം

7.3 ഭൂവിനിയോഗ വിന്യാസം

പട്ടണത്തിലെ പ്രധാന ഉപയോഗങ്ങളുടെ ഭൂവിനിയോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

7.3.1 പാർപ്പിട ഉപയോഗ വിന്യാസം

നഗരസഭയുടെ വടക്കൻ മേഖലയിലെ വാർഡുകളിൽ വാസഗൃഹ വിന്യാസം കുറവായി കാണുന്നു. നഗരസഭാ മധ്യത്തിലുള്ള തൊഴുക്കൽ വാർഡിലാണ് ഉയർന്ന വാസഗൃഹ കേന്ദ്രീകരണം. വടക്കുള്ള ഇളവണിക്കര വാർഡിൽ കുറഞ്ഞ വാസഗൃഹ കേന്ദ്രീകരണവുമാണ്.

7.3.2 കാർഷിക ഉപയോഗ വിന്യാസം

നഗരസഭാ പ്രദേശത്തിന്റെ വടക്ക്, വടക്ക്-കിഴക്കൻ ഭാഗങ്ങളിൽ കാർഷിക കേന്ദ്രീകരണം കൂടുതലായി കാണുന്നു.

തെക്ക്, തെക്ക്-പടിഞ്ഞാറൻ ഭാഗങ്ങളിൽ കുറഞ്ഞ കാർഷിക കേന്ദ്രീകരണമാണ്. വാർഡ് അടിസ്ഥാനത്തിൽ തൊഴുക്കൽ വാർഡിൽ കുറവും, ഇളവണിക്കര വാർഡിൽ ഉയർന്ന കാർഷിക കേന്ദ്രീകരണവുമാണ്.

7.3.3 വാണിജ്യ ഉപയോഗ വിന്യാസം

നഗരസഭാ പ്രദേശത്തിന്റെ മധ്യമേഖലയിൽ വാണിജ്യ കേന്ദ്രീകരണം കൂടുതലായി കാണുന്നു. തിരുവനന്തപുരം പട്ടണത്തോട് ചേർന്നു വരുന്ന നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിലും ഉയർന്ന വാണിജ്യ കേന്ദ്രീകരണമാണ്. വാർഡ് അടിസ്ഥാനത്തിൽ ഊരുട്ടുകാലയിൽ ഉയർന്ന കേന്ദ്രീകരണവും, നിലമേൽ കുറഞ്ഞ കേന്ദ്രീകരണവുമാണ്.

7.3.4 വ്യവസായ ഉപയോഗ വിന്യാസം

നഗരസഭയുടെ പടിഞ്ഞാറും, മധ്യമേഖലയിലും അവിടവിടെയായി വ്യവസായ കേന്ദ്രീകരണമുണ്ട്. പ്രധാന ഹൈവേയ്ക്ക് (NH66) അനുബന്ധമായും, വാർഡ് അടിസ്ഥാനത്തിൽ അതിയന്നൂരിലും ഉയർന്ന കേന്ദ്രീകരണമാണ്.

7.3.5 പൊതുസ്ഥാപനങ്ങളുടെ ഉപയോഗ വിന്യാസം

നഗരസഭയുടെ മധ്യമേഖലയിലും, തെക്ക് പ്രദേശത്തും പൊതുസ്ഥാപനങ്ങളുടെ കേന്ദ്രീകരണമുണ്ട്. വാർഡടിസ്ഥാനത്തിൽ പ്ലാവിളയിൽ കുറഞ്ഞ കേന്ദ്രീകരണമാണ്. മധ്യമേഖലയിൽ വരുന്ന ഫോർട്ട് വാർഡിൽ ഉയർന്ന കേന്ദ്രീകരണമാണ്.

7.4 സംഗ്രഹം

ഭൂവിനിയോഗ വിശകലനത്തിൽ നിന്നും വാസഗൃഹ ആവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കായുമാണ് ഭൂരിഭാഗം ഭൂമിയും ഉപയോഗിക്കപ്പെടുന്നതെന്നു കാണുന്നു.

നഗരസഭയിലെ ഭൂവിനിയോഗം ജില്ലാതലത്തിലെയും, സംസ്ഥാനതലത്തിലെയും ഭൂവിനിയോഗ രീതിയോട് സാമ്യം പുലർത്തുന്നു. ഇടനാടിനെയും, ഉയർന്ന പ്രദേശത്തേയും അപേക്ഷിച്ച് താഴ്ന്ന പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു. നഗരസഭയുടെ തെക്കൻ പ്രദേശത്ത് ഉയർന്ന സാന്ദ്രതയിൽ വികസന പ്രവർത്തനങ്ങൾക്ക് സാധ്യതയുണ്ട്.

വാണിജ്യ, വ്യവസായ ഭൂവിനിയോഗങ്ങൾ കൂറവായി കാണപ്പെടുന്നു. ദേശീയ പാതയോട് അനുബന്ധമായാണ് ഇത്തരം വികസനങ്ങൾ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്.

08. കൃഷി

കാർഷിക അടിത്തറയുള്ള പട്ടണമാണ് നെയ്യാറ്റിൻകര. ഈ അദ്ധ്യായത്തിൽ ജില്ലാ തലത്തിലേയും, നെയ്യാറ്റിൻകര പട്ടണത്തിലേയും കാർഷിക മേഖലയെക്കുറിച്ചും, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

8.1 ജില്ലാതല അവലോകനം

നെല്ല്, തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, റബ്ബർ എന്നിവയാണ് ജില്ലയിലെ അടിസ്ഥാന വിളകൾ. ജില്ലയിൽ ആകെ കൃഷി ചെയ്യുന്നത് 91807 ഹെക്ടർ ഭൂമിയിലാണ്. ആയത് ജില്ലാ വിസ്തൃതിയുടെ 55% (167184 ഹെക്ടർ) ആണ്. 2001 സെൻസസ് പ്രകാരം തൊഴിലാളികളിൽ 17% വും കർഷകരും, കർഷക തൊഴിലാളികളുമാണ്. ആയത് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 5% മാണ്. കൃഷിക്കനുയോജ്യമായ കാലാവസ്ഥയാണ് ജില്ലയിലേത്. ചിത്രം 8.1 ൽ ജില്ലാതല കാർഷിക ഭൂവിനിയോഗ കേന്ദ്രീകരണത്തെ കാണിക്കുന്നു. (വിവരശേഖരണം: ജില്ലാതല നഗരവത്ക്കരണരേഖ) മദ്ധ്യമേഖലയിലാണ് കാർഷിക ഭൂവിനിയോഗം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്.



ചിത്രം 8.1 ജില്ലാതല കാർഷിക ഭൂവിനിയോഗ കേന്ദ്രീകരണം (സ്രോതസ്സ്: DUR, Thiruvananthapuram)

8.2 നഗരതല അവലോകനം

പട്ടണത്തിന്റെ ഭൂവിനിയോഗം വിശകലനം ചെയ്ത മുൻ അദ്ധ്യാത്തിൽ നിന്നും കൃഷി ഭൂമിയാണ് പട്ടണത്തിൽ കൂടുതലാണെന്നു കാണുന്നു. രണ്ടാം സ്ഥാനത്ത് വാസഗൃഹാവശ്യത്തിനുള്ള ഭൂമിയാണ്. പട്ടണത്തിലെ ആകെ കൃഷിഭൂമി 147.5 ഹെക്ടർ ആണ്. പട്ടണത്തിലെ പ്രധാന വിളകൾ – തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, ഇഞ്ചി, പച്ചക്കറികൾ എന്നിവയാണ്. കൊല്ലമാംവിള, വഴുതൂർ, വടകോട്, അമരവിള, വ്ളാങ്ങാമുറി, രാമേശ്വരം വാർഡുകളിൽ പച്ചക്കറി കൃഷിചെയ്യുന്നു. പട്ടണത്തോട് അനുബന്ധമായി നെൽകൃഷി കുറഞ്ഞു വരുന്ന എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

പട്ടിക 8.1 വിളതിരിച്ചുള്ള ഉല്പാദനം (സ്രോതസ്സ്: നെയ്യാറ്റിൻകര കൃഷി ഭവൻ)

ക്രമ നം.	വിളകളുടെ തരം	വിസ്തീർണ്ണം (ഹെ.)	വാർഷിക ഉല്പ്പാദനം
1.	നാളികേരം	410	30000 Kg
2.	വാഴ	60	231 Tonne
3	പച്ചക്കറി	15	30 Tonne
4	നെല്ല്	0	-
5	കുരുമുളക്	5	40000 Kg

പട്ടിക 8.1 ൽ വിള തിരിച്ചുള്ള ഉല്പാദനത്തെക്കുറിച്ച് വിശദമാക്കുന്നു. വിസ്തീർണ്ണാടിസ്ഥാനം പരിഗണിക്കുമ്പോൾ നാളികേരം, വാഴക്കൃഷി എന്നിവയാണ് പ്രധാന വിളകളായി കാണപ്പെടുന്നത്.

കാർഷിക ആവശ്യത്തിനുള്ള ജലത്തിനായി ആശ്രയിക്കുന്നത് പ്രകൃതി സ്രോതസ്സുകളെയാണ്. ആയത് കനാലുകളിലൂടെയും, ചാലുകളിലൂടെയും ലഭിക്കുന്നു. ഉയർന്ന ഉല്പാദന ക്ഷമതയുള്ള കൈരളി, ജ്യോതി, അന്നപൂർണ്ണ, ഭാരതി, എച്ച്-4 തുടങ്ങിയ വിത്തുകൾ കൃഷ്ക്കായി ഉപയോഗിക്കുന്നു. കുരുമുളകിന്റെ വ്യത്യസ്ത ഇനങ്ങളായ പന്നിയൂർ, കരിമുണ്ട, കുട്ടനാടൻ തുടങ്ങിയവയും പച്ചക്കറികൾ, ഇഞ്ചി, മരച്ചീനി, മറ്റു കിഴങ്ങു വർഗ്ഗങ്ങൾ, പച്ചമുളക് തുടങ്ങിയവയും പട്ടണ പ്രദേശത്ത് കൃഷിചെയ്യുന്നു. സബ്സിഡി അടിസ്ഥാനത്തിൽ കൃഷിഭവൻ മുഖേനെയാണ് വിത്തകളും തൈകളും വിതരണം ചെയ്യുന്നത്. നേരത്തേ വെള്ളപ്പൊക്കം വിളകൾക്ക് ഭീഷണിയായിരുന്നു. എന്നാൽ, സർക്കാർ തലത്തിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ വെള്ളപ്പൊക്ക ഭീഷണി കുറച്ചിട്ടുണ്ട്.

ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളയായ റബ്ബർ കൃഷിചെയ്ത് തുടങ്ങിയത് നല്ലൊരു പ്രവണതയല്ലെന്നു കാണുന്നു. സ്ഥിരം വിപണികളായ ടൗൺ മാർക്കറ്റ്, ആറാലുംമൂട്, അമരവിള, ഓലത്താന്നി, പെരുമ്പഴുതൂർ, പ്രാദേശിക ചന്തകൾ എന്നിവ കാർഷിക വില്പ്പന കേന്ദ്രങ്ങളാണ്. ഒപ്പം തന്നെ സംഘമൈത്രി വിപണന കേന്ദ്രങ്ങളുമുണ്ട്. മറ്റുള്ളവർ തിരുവനന്തപുരം നഗരസഭയിലെ ചാല മാർക്കറ്റിനെയും ആശ്രയിക്കുന്നു. വിപണി ആവശ്യങ്ങൾക്കായി തിരുവനന്തപുരം നഗരസഭയിലെ ആനയറ മാർക്കറ്റുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം നിലവിലുണ്ട്.

ഗതാഗത സൗകര്യങ്ങൾ പരിശോധിക്കുമ്പോൾ, റോഡുകളുടെയും മറ്റു ഭൗതിക സൗകര്യങ്ങളുടെയും നല്ലൊരു ശൃംഖല നിലവിലുണ്ട്. എന്നാൽ പട്ടണ പ്രാന്ത പ്രദേശങ്ങളിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

8.3 പ്രശ്നങ്ങൾ

കീടങ്ങളുടെ അമിതാക്രമണവും, രോഗങ്ങളും നാളികേര ഉല്പ്പാദനം കുറച്ചിട്ടുണ്ട്. പ്രതിരോധക്ഷമതയുള്ള അത്യുല്പ്പാദന ഇനങ്ങളുടെ ലഭ്യതക്കുറവും ശാസ്ത്രീയ കൃഷിരീതികളുടെ അഭാവവും, ഉല്പ്പന്നങ്ങളുടെ വിലക്കുറവും മറ്റു പ്രശ്നങ്ങളാണ്. വിളവെടുപ്പു സമയത്തെ തൊഴിലാളികളുടെ ക്ഷാമവും, വിപണന പ്രതിസന്ധിയുമുണ്ട്. വാഴ, പച്ചക്കറി കൃഷികളെ വൻതോതിൽ കീടങ്ങൾ ആക്രമിക്കുന്നുണ്ട്. വൻതോതിലുള്ള നഗരവത്ക്കരണം മൂലം കൃഷിയോഗ്യമായ ഭൂമിയുടെ പരിവർത്തനവും, വളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധനയും, സംഘടിതമായ വിപണിയുടെ അഭാവവും പ്രധാന പ്രശ്നങ്ങളാണ്.

നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയത് നിലങ്ങളുടെ നാശത്തിന് വഴി തെളിച്ചിട്ടുണ്ട്. നഗരവത്ക്കരണത്തെ തുടർന്നുള്ള വാസഗൃഹാവശ്യങ്ങൾക്കും കരക്കൃഷിയ്ക്കുമായി നെൽപ്പാടങ്ങൾ രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. ചില പ്രദേശത്ത് ജലദൗർലഭ്യമുണ്ട്.

8.4 സാധ്യതകൾ

നഗരപ്രാന്ത പ്രദേശത്ത് നാളികേരള ഉല്പ്പാദനത്തിന് സാദ്ധ്യതകളേറെയാണ്. വാഴപ്പഴത്തിന്റേയും, പച്ചക്കറിയുടെയും ആവശ്യതകത ഏറെയാണ്. നികത്തിയ നെൽപ്പാടങ്ങളിലാണ് ഇവ കൃഷിചെയ്യുന്നത്. വാഴക്കൃഷിയ്ക്ക് ഇടവിളയായി മരച്ചീനി, ചേമ്പ്, കാച്ചിൽ മറ്റു പച്ചക്കറികൾ തുടങ്ങിയവ കൃഷിചെയ്യുന്നു. ഉന്നത ഉല്പ്പാദനക്ഷമതയുള്ള വിത്തിനങ്ങൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്നുണ്ട്. സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി തുടങ്ങിയവയും മിശ്ര വിളയായി

കൃഷി ചെയ്യുന്നു. ഓലത്താന്നി, തുണ്ടവിള വാർഡുകളിൽ റബ്ബർ കൃഷിയുണ്ട്. നാമമാത്രമായ നെൽപ്പാടങ്ങളേ ടൗൺ പ്രദേശത്ത് അവശേഷിക്കുന്നുള്ളൂ.

8.5 മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ

നഗരസഭയോടൊപ്പം കൃഷി വകുപ്പാണ് മേഖലയിൽ സജീവമായി ഇടപെടുന്നത്. പെരുമ്പഴുതൂർ, നെയ്യാറ്റിൻകര കൃഷി ഭവനുകൾ നിലവിലുണ്ട്. റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൻ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് (RAIDCO) കേരള ലിമിറ്റഡിനും മേഖലയിൽ സ്വാധീനമുണ്ട്. പമ്പ് സെറ്റുകൾ, കാർഷിക ഉപകരണങ്ങൾ, ജൈവവളങ്ങൾ തുടങ്ങിയവ RAIDCO മുഖാന്തിരം വിതരണം ചെയ്യുന്നു.

അംഗീകൃത കർഷക സംഘങ്ങൾ

കൃഷിഭവനുകൾക്ക് കീഴിൽ കൃഷി വകുപ്പിൽ രജിസ്റ്റർ ചെയ്താണ് കർഷക സംഘങ്ങൾ പ്രവർത്തിയ്ക്കുന്നത്.

കുടുംബശ്രീ: കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തി സംഘടിത കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. തരിശായി കിടക്കുന്ന ഭൂമിയിലും, കൃഷിക്കനുയോജ്യമായ പാഴ്ഭൂമികളിലും കാർഷികോത്പാദനം വർദ്ധിപ്പിക്കുക എന്നതിൽ കുടുംബശ്രീ പങ്കു വഹിക്കുന്നുണ്ട്. സ്ത്രീകളാണ് ഉല്പാദകരായി മുന്നിട്ടിറങ്ങുന്നത്.

ജനശ്രീ: കാർഷിക രംഗത്ത് സുസ്ഥിര വികസനമാണ് ജനശ്രീ വിഭാവനം ചെയ്യുന്നത്.

കേരള സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ: കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണിത്. പഴം, പച്ചക്കറി ഉല്പ്പാദന മേഖലയുടെ സമഗ്ര വികസനമാണ് പ്രഖ്യാപിത ലക്ഷ്യം. ഉല്പ്പാദന, വിതരണ, വിപണന രംഗത്ത് ശ്രദ്ധ ചെലുത്തുന്നു.

കേരള അഗ്രി ഹോർട്ടി സൊസൈറ്റി: കൃഷിക്കാവശ്യമായ സാമഗ്രികൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് സൊസൈറ്റിയുടെ ഉദ്ദേശം.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (VFPCK): പഴം, പച്ചക്കറി ഉല്പ്പാദന മേഖലയുടെ സമഗ്ര വികനമാണ് VFPCK യുടെ ലക്ഷ്യം. കർഷകരുടെയും സർക്കാർ, ധനകാര്യ സ്ഥാനങ്ങളുടെയും കൂട്ടായ പങ്കാളിത്തമുള്ള പ്രസ്ഥാനമാണിത്.

കേന്ദ്ര കിഴങ്ങുഗവേഷണ കേന്ദ്രം (CTCRI): ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് (ICAR) നു കീഴിൽ പ്രവർത്തിക്കുന്ന കിഴങ്ങുവിളകളെക്കുറിച്ചുള്ള സ്ഥാപനമാണിത്. തിരുവനന്തപുരത്തെ ശ്രീകാര്യം കേന്ദ്രമാക്കി പ്രവർത്തിയ്ക്കുന്നു.

നാളികേര വികസന ബോർഡ് (CDB): നാളികേര ഉല്പ്പാദന വൈവിദ്ധ്യവത്ക്കരണവും ഉല്പ്പാദന വർദ്ധനവും ലക്ഷ്യമിട്ട് കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിയ്ക്കുന്ന സ്വയംഭരണ സ്ഥാപനമാണിത്. കൊച്ചിയാണ് ആസ്ഥാനം.

കേരള കാർഷിക സർവ്വകലാശാല (KAU): കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി സാങ്കേതികവിദ്യ, മനുഷ്യ വിഭവം എന്നിവ ഒരുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. കാർഷിക വിളകളുടെ ഉല്പ്പാദനം, മൃഗസംരക്ഷണം, മത്സ്യക്കൃഷി, വനവിഭവങ്ങൾ തുടങ്ങിയ കര, ജല വിഭവങ്ങളുമായി ബന്ധപ്പെട്ട ഉല്പ്പാദന മേഖലകളെ ഏകോപിപ്പിച്ച് പഠന, ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക എന്നത് കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനമേഖലയാണ്.

നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡ് (NSC): കാർഷിക വിത്തുകളുടെ ഉല്പ്പാദനം, സംരക്ഷണം, വിപണനം എന്നിവയിലൂന്നി കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിൽ 1963 ൽ സ്ഥാപിതമായി. നെല്ല്, ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, കാലിത്തീറ്റപ്പുല്ല്, പച്ചക്കറി വിളകൾ എന്നിവയുടെ വിത്തുകൾ ഉല്പ്പാദിപ്പിക്കുന്നു.

അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് : കർഷകർക്ക് സഹായകരമാകും വിധത്തിൽ സുസ്ഥിരമായ ഒരു ഭരണതല സംവിധാനം ഒരുക്കുക എന്നതാണ് കമ്പനിയുടെ പ്രഖ്യാപിത ലക്ഷ്യം. ദേശീയ കാർഷിക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക എന്നത് അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ ചുമതലയാണ്.

കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (KSCMFL): കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കും വിധത്തിൽ മികച്ച വിപണന സൗകര്യങ്ങൾ MARKETFED ഒരുക്കുന്നു.

കർഷകർക്ക് ന്യായവില ഉറപ്പാകും വിധം ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽ നിന്നും ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുകയും വിപണനം ചെയ്യുകയുമാണ് ലക്ഷ്യം. കാർഷിക വിളകളായ സുഗന്ധദ്രവ്യങ്ങൾ, കൊപ്ര, അടയ്ക്ക, റബ്ബർ, കശുവണ്ടി തുടങ്ങിയവ MARKETFED മുഖാന്തിരം വിജയകരമായി വിപണനം ചെയ്യുന്നു. ഒപ്പം തന്നെ ജൈവ, രാസ വളങ്ങളും, കീടനാശിനികളും വിപണനം ചെയ്യുന്നു. പ്രവർത്തനങ്ങൾക്ക് Horticorp ന്റെയും സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റികളുടെയും സഹകരണവുമുണ്ട്.

8.6 നഗരസഭയുമായി ബന്ധപ്പെട്ട് നിലവിൽ നടപ്പിലാക്കി വരുന്നതും, ഏറ്റെടുത്തിട്ടുള്ളതുമായ പദ്ധതികളുടെ വിലയിരുത്തൽ

നാളികേര ഉല്പന്നവുമായി ബന്ധപ്പെട്ട പദ്ധതികൾ: നാളികേര വികസന ബോർഡ് മുഖാന്തിരം മരങ്ങൾ നടുന്നതിനും മുറിച്ചു മാറ്റുന്നതിനും സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ മരങ്ങളുടെ സംരക്ഷണത്തിനായി രണ്ട് വർഷക്കാലയളവിലേക്ക് വളങ്ങളും നൽകുന്നു.

ജനകീയാസൂത്രണ പദ്ധതിയോട് അനുബന്ധമായാണ് ഇവ നടപ്പാക്കിയത്. വിളകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നടപടിയില്ല എന്നത് ഈ പദ്ധതിയുടെ പ്രധാന പോരായ്മയാണ്. പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും സമയക്ലിപ്തത ഇല്ല എന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

വാഴക്കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ : സമഗ്രമായ വാഴക്കൃഷി ഉല്പാദന പദ്ധതി പ്രകാരം പട്ടണത്തിലെ 30,000 വാഴകൾക്ക് വളങ്ങളും സ്പ്രേയേഴ്സും വിതരണം ചെയ്യുന്നു. കൃഷിഭവൻ മുഖാന്തിരം ഗുണഭോക്താക്കളെ കണ്ടെത്തി നഗരസഭയാണ് പദ്ധതി നടപ്പിലാക്കുന്നത്.

മഴക്കാലത്ത് ഈ പദ്ധതി പ്രയോജനപ്രദമല്ല എന്നത് പ്രധാന ന്യൂനതയാണ്.

പച്ചക്കറിയുമായി ബന്ധപ്പെട്ട പദ്ധതികൾ : കൃഷിഭവനുകൾ മുഖേന കർഷകർക്കും, സ്കൂൾ കുട്ടികൾക്കും വിത്തുകൾ കവറിലാക്കി വിതരണം ചെയ്തു വരുന്നു. സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണാവശ്യത്തിനായി സ്കൂൾ പരിസരത്തുതന്നെ കൃഷി ചെയ്യുന്നുണ്ട്. പുതിയ കൃഷിക്കാരെ കാർഷിക വൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനായി പരിശീലനവും പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നുണ്ട്.

ഹോർട്ടികൾച്ചറുമായി ബന്ധപ്പെട്ട പദ്ധതികൾ (സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ): ഈ പദ്ധതി പ്രകാരം വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്. കൃഷിഭവൻ മുഖേന കാർഷിക ഇൻഷുറൻസും നടപ്പാക്കി വരുന്നു. ഒപ്പം തന്നെ നാളികേര സംഭരണവും, മണ്ണു പരിശോധനയും നടത്തുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് നവീന നടീൽ വസ്തുക്കളും നൽകി വരുന്നു.

8.7 സംഗ്രഹം

കാർഷിക മേഖലയുടെ വികസനത്തിനുതകുന്ന വിധത്തിൽ, സ്ഥല ലഭ്യത, തൊഴിലാളികൾ, മറ്റു അനുകൂല സാഹചര്യങ്ങൾ എന്നിവ നെയ്യാറ്റിൻകര പട്ടണത്തിൽ ഒരുക്കേണ്ടതാണ്. സമീപ പഞ്ചായത്തുകളെ ആകർഷിക്കും വിധത്തിൽ ഭൗതിക സാഹചര്യങ്ങളും, മൂല്യവർദ്ധിത ഉല്പന്നങ്ങളും ഒരുക്കി നിലവിലെ വിപണി, വിപണന ബുദ്ധിമുട്ടുകൾ ഒഴിവാക്കിയാൽ 2038 ഓടു കൂടി നെയ്യാറ്റിൻകര പട്ടണത്തെ ഒരു കാർഷികസേവന പട്ടണമാക്കി വികസിപ്പിക്കാനാവും.

09. മൃഗപരിപാലനം / മൃഗസംരക്ഷണം

മൃഗപരിപാലനം, സാമ്പത്തിക ലാഭത്തോടൊപ്പം ഭക്ഷ്യോല്പാദന രംഗത്തും കാർഷിക മേഖലയിലും പ്രധാന പങ്കു വഹിക്കുന്നു. ഈ അദ്ധ്യായത്തിൽ മൃഗസംരക്ഷണ രംഗത്ത് നെയ്യാറ്റിൻകര നഗരസഭയിലെ നിലവിലെ സ്ഥിതിഗതികളെയും, പോരായ്മകളെയും പറ്റി വിശദമായി പ്രതിപാദിക്കുന്നു.

9.1 നിലവിലെ സ്ഥിതിഗതി

മൃഗസംരക്ഷണ മേഖലയിൽ സ്ത്രീ പങ്കാളിത്തം കൂടുതലായി കാണുന്നു. പാൽ, മുട്ട, ഇറച്ചി എന്നിവ ഈ മേഖലയിലെ പ്രധാന ഉൽപ്പന്നങ്ങളും, വ്യാവസായിക ആവശ്യങ്ങൾക്കായുള്ള കൊഴുപ്പ്, തുകൽ, തുടങ്ങിയവ ഈ മേഖലയിലെ ഉപോല്പന്നങ്ങളാണ്.

മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക മേഖലയ്ക്കൊപ്പം മൃഗസംരക്ഷണ മേഖലയും പ്രധാന പങ്കു വഹിക്കുന്നു. നെയ്യാറ്റിൻകര പട്ടണത്തിന്റെ ഏകദേശം 50% ത്തോളം ഭൂവിനിയോഗം കാർഷിക അധിഷ്ഠിതമാണ്. സുസ്ഥിരമായ കാർഷിക വ്യവസ്ഥയ്ക്ക് മൃഗസംരക്ഷണ മേഖലയുടെയും കാർഷിക മേഖലയുടെയും പരസ്പര പങ്കാളിത്തം അനിവാര്യമാണ്. വളത്തിനായും, ഭക്ഷണ ആവശ്യങ്ങൾക്കായും രണ്ടു മേഖലയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ 2010 ലെ റിപ്പോർട്ട് അനുസരിച്ച് നെയ്യാറ്റിൻകര നഗരസഭയിൽ 288637 വളർത്തു മൃഗങ്ങളുണ്ട്. ആയതിന്റെ വിശദമായ കണക്ക് പട്ടിക 9.1 ൽ കാണിച്ചിരിക്കുന്നു. വളർത്തു മൃഗങ്ങളിൽ ഏറെയും പശുക്കളും, എരുമയും, കോഴിയുമാണ്.

പട്ടിക 9.1 ലൈവ് സ്റ്റോക്ക് പോപ്പുലേഷൻ (സ്രോതസ്സ്: മൃഗസംരക്ഷണ വകുപ്പ്, 2010)

വളർത്തു മൃഗങ്ങളുടെ എണ്ണം						
പശു/കാള	ആട്	കോഴി	താറാവ്	പന്നി	മറ്റുള്ളവ	ആകെ
2549,53	4345	25136	490	13	3700	288637

നഗരസഭാ പരിധിയിൽ തവരവിള, മാരായമുട്ടം, ചായ്ക്കോട്ടുകോണം എന്നിവിടങ്ങളിൽ മൂന്നു ക്ഷീരോത്പാദക കേന്ദ്രങ്ങളുണ്ട്. നഗരസഭാ പരിധിയിലുള്ള ഏഴ് പാൽ സംഭരണ കേന്ദ്രങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ മാസം 11800 ലിറ്റർ പാൽ സംഭരിക്കുന്നു. പ്രാദേശികമായി 12,000 ലിറ്ററോളം പാലിന്റെ ആവശ്യകത നിലവിലുണ്ട്. ആവശ്യകതയ്ക്ക നുസരിച്ച് പാൽ വിതരണം ചെയ്യാനാവുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. കർഷകർക്ക് ശരിയായ നിർദ്ദേശവും, സാമ്പത്തിക സഹായവും നൽകിയാൽ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താനാവും.

മാംസ ഉല്പാദന രംഗം പരിശോധിക്കുമ്പോൾ, ആട്, ഇറച്ചിക്കോഴി, മുയൽ, പന്നി എന്നിവയെ മാംസ ഉല്പാദനത്തിനായി ഉപയോഗിക്കുന്നു. നെയ്യാറ്റിൻകര നഗരസഭ പ്രദേശത്തെ ഇറച്ചി ഉല്പാദനത്തിന്റെ കണക്ക് പട്ടിക 9.2 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 9.2 ഇറച്ചി ഉല്പാദനത്തിന്റെ കണക്ക്, നെയ്യാറ്റിൻകര പ്രദേശം (സ്രോതസ്സ്: മൃഗസംരക്ഷണ വകുപ്പ്, 2010)

വാർഡിന്റെ പേര്/സ്ഥലം	പൗൾട്രി ഫാം		അറവുശാല	
	മുനിസിപ്പാലിറ്റിക്കുള്ളിലെ ഫാം	മാസംതോറുമുള്ള ഉല്പാദനത്തിന്റെ അളവ് (കി.ഗ്രാം)	അറവുശാലകളുടെ എണ്ണം	മാസംതോറുമുള്ള ഉല്പാദനത്തിന്റെ അളവ് (കി.ഗ്രാം)
ആറാലുമ്മൂട്	13	12750	1	5000

പ്രതിവർഷം 1250406 മുട്ടയുടെ ആവശ്യകത മേഖലയിലുണ്ട്. ഇതിനായി 0.44 ലക്ഷം പക്ഷികളെയാണ് വേണ്ടത്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും വലിയ തോതിൽ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നുണ്ട്. ആയത് പ്രാദേശിക ഉല്പാദനത്തിന്റെയും ആവശ്യകതയുടെയും അന്തരം വെളിവാക്കുന്നു. ഒപ്പം ഇത് മേഖലയുടെ വികസന സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

9.2 മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ

മൃഗസംരക്ഷണ വകുപ്പ്:

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ വെറ്റിറിനറി ഡിസ്പെൻസറി, വെറ്റിനറി ഹോസ്പിറ്റൽ, വെറ്റിറിനറി പോളിക്ലിനിക്, ജില്ലാ വെറ്റിനറി കേന്ദ്രം, ഇന്റൻസീവ് കാറ്റിൽ ഡെവലപ്മെന്റ് പ്രോജക്ട് (ICDP sub centres) തുടങ്ങിയവ മുഖേന നടത്തി വരുന്നു.

നെയ്യാറ്റിൻകര നഗരസഭയിൽ രണ്ട് വെറ്റിറിനറി ആശുപത്രികളും, നാല് ICDP sub centres ഉം ഉണ്ട്. കൂടാതെ ആറാലുംമൂട്ടിൽ ഒരു പ്രാദേശിക കൃത്യമ ബീജസങ്കലന കേന്ദ്രവും പ്രവർത്തിയ്ക്കുന്നു.

ക്ഷീരവികസന വകുപ്പ്:

വകുപ്പ് മുഖേന ക്ഷീരസഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായവും, ക്ഷീര കർഷകർ, വീട്ടമ്മമാർ, ക്ഷീര സഹകരണ സംഘങ്ങൾ, സഹകരണ സംഘം ജീവനക്കാർ എന്നിവർക്ക് ക്ഷീര പരിശീലന കേന്ദ്രം മുഖേന നവീന സാങ്കേതിക വിദ്യയിലും മറ്റും പരിശീലനവും സംഘടിപ്പിക്കുന്നുണ്ട്.

ക്ഷീര ഉല്പ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഒരു ഡയറി ലാബ് നിലവിലുണ്ട്. പ്രദേശത്തുള്ള ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സ്വരൂപിക്കുന്ന പണമുപയോഗിച്ച് കേരള ഡയറി ഫാർമേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് മുഖാന്തിരം ക്ഷീരകർഷകർക്ക് പെൻഷൻ നൽകി വരുന്നുണ്ട്.

സംസ്ഥാന ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (KLDB):

1976 ൽ സ്ഥാപിതമായി. സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് ഇണങ്ങും വിധത്തിൽ നവീന ഇനത്തിൽപ്പെട്ട കന്നുകാലികളെ ഉല്പ്പാദിപ്പിക്കുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം. നവീന സാങ്കേതിക വിദ്യയുടെ സഹായത്താൽ KLDB ഇക്കാര്യത്തിൽ ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ട്. ബോർഡിന്റെ നേതൃത്വത്തിൽ ബീജബാങ്ക്, വിത്തുകാള കേന്ദ്രം, കന്നുകാലി, ആട്, പന്നി എന്നിവയ്ക്കായുള്ള പ്രജനന കേന്ദ്രങ്ങൾ, പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവ പ്രവർത്തിയ്ക്കുന്നു.

മൃഗസംരക്ഷണരംഗത്തെ വികസനം ലക്ഷ്യമിട്ട് കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള ഫീഡ്സ് ലിമിറ്റഡ്, കേരള വെറ്റിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ഡെബ്റ്റ് റിലീഫ് കമ്മിഷൻ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

9.3 മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ഉല്പ്പന്നങ്ങളുടെ സംഭരണ – വിതരണ മേഖലകളിൽ ആധുനികവൽക്കരണത്തിന്റെ കുറവ് പ്രധാന പോരായ്മയാണ്. കന്നുകാലി ഉല്പ്പന്നങ്ങളുടെ ആവശ്യകതയിലെയും വിതരണത്തിലെയും അന്തരം ഒഴിവാക്കാൻ അടിസ്ഥാന സൗകര്യ വികസനം അനിവാര്യമാണ്. ഉയർന്ന ഉല്പ്പാദന ചിലവും, കുറഞ്ഞ വരുമാനവും കർഷകരെ മേഖലയിൽ നിന്നും പിന്തിരിപ്പിക്കുന്നുണ്ട്. ഉല്പ്പന്നങ്ങളുടെ വില സ്ഥിരതയില്ലായ്മ, താങ്ങുവില ഇല്ലായ്മ എന്നിവയും മറ്റു പ്രശ്നങ്ങളാണ്.

കർഷകർക്ക് പ്രോത്സാഹകമായി കുറഞ്ഞ പലിശ നിരക്കിൽ ലോണുകൾ, സബ്സിഡി, എന്നിവ അനുവദിച്ചാൽ കൂടുതൽ കർഷകരെ മേഖലയിലേയ്ക്ക് ആകർഷിക്കാനാവും.

കന്നുകാലികൾക്കായി മിതമായ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമല്ലാത്തത് മറ്റൊരു പോരായ്മയാണ്. കറവക്കാരുടെ ക്ഷാമവും, കറവ യന്ത്രങ്ങളുടെ ഉയർന്ന വിലയും നിരവധി പാൽ ഉല്പ്പാദന കേന്ദ്രങ്ങളെ മേഖലയിൽ നിന്ന് അകറ്റുന്നുണ്ട്.

ഫാമുകളുടെ ആധുനികവൽക്കരമവും, നവീന സാങ്കേതികവിദ്യകളുടെ ഉപയോഗവും മേഖലയെ ഉയർന്ന ഉല്പ്പാദന ക്ഷമതയിലെത്തിക്കാൻ സഹായകമാണ്.

9.4 മേഖലയിലെ സാധ്യതകൾ:

പാലിനും മുട്ടയ്ക്കും ഇറച്ചിയ്ക്കും വർദ്ധിത ആവശ്യകതയാണുള്ളത്. നെയ്യാറ്റിൻകര പോലെ കാർഷിക പ്രാധാന്യമുള്ള പട്ടണത്തിൽ ഈ മേഖലയുടെ വളർച്ചയ്ക്ക് വലിയ അവസരങ്ങളാണുള്ളത്.

തൊഴിൽഘടന പരിശോധിയ്ക്കുമ്പോൾ മേഖലയിലെ മൂല്യ വർദ്ധിത വ്യവസായങ്ങൾ ക്കാവശ്യമായ തൊഴിലാളികൾ ലഭ്യമാണെന്നു കാണുന്നു. സാമൂഹ്യ-സാമ്പത്തിക വിവരങ്ങളുടെ വിശകലനത്തിൽ നിന്നും തൊഴിലിലേർപ്പെടുന്ന വനിതകളുടെ എണ്ണത്തിൽ (age group 20-60) വർദ്ധനയുള്ളതായി കാണുന്നു. ആയത് കന്നുകാലി വളർത്തൽ മേഖലയ്ക്ക് ഗുണകരമാവുമെന്ന് കരുതുന്നു.

കാർഷിക ഭൂമിയുടെ ലഭ്യതയും, ജലാശയങ്ങളുടെ സാന്നിദ്ധ്യവും കന്നുകാലി വളർത്തൽ, കോഴിഫാമുകൾ, മത്സ്യകൃഷി എന്നിവയ്ക്ക് സാദ്ധ്യതയേറുന്നു. പാൽ, മുട്ട, ഇറച്ചി എന്നിവ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി സാദ്ധ്യതയുണ്ട്. ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ മുഖേന ഇവ നിർമ്മിക്കാവുന്നതാണ്.

വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികളുണ്ട്. ഇവയുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്താൽ പ്രദേശത്തെ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിൽ വൻ കുതിച്ചുചാട്ടം നടത്താൻ സാധിച്ചേക്കും.

9.5 സംഗ്രഹം

നെയ്യാറ്റിൻകര നഗരസഭയുടെ അർദ്ധ ഗ്രാമീണ സ്വഭാവം മൃഗസംരക്ഷണ മേഖലയ്ക്ക് സഹായകരമാണ്. പ്രാദേശിക ആവശ്യകതയ്ക്ക് അനുസരിച്ച് ഉല്പാദന രംഗത്ത് വർദ്ധനവില്ല. മൃഗസംരക്ഷണ മേഖല സാമ്പത്തികമായി ലാഭകരമല്ലാത്തത് കർഷകരെ മറ്റു മേഖലകളിലെ തൊഴിലുകളിൽ ഏർപ്പെടാൻ നിർബന്ധിതരാക്കുന്നു.

ഈ മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കാനുള്ള സാഹചര്യം നഗരസഭയിലുണ്ട്. നിലവിലെ തൊഴിൽ ഘടന, ലഭ്യമായ സൗകര്യങ്ങൾ, തൊഴിലാളി ലഭ്യത, അനുയോജ്യമായ ഭൂമി എന്നിവ പുരോഗതിയിലേയ്ക്കുള്ള സൂചനയാണ് നല്കുന്നത്. സർക്കാർ വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ ഉചിതമായി നടപ്പിലാക്കുന്നതിലൂടെ നെയ്യാറ്റിൻകര നഗരസഭയ്ക്ക് മൃഗസംരക്ഷണ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനാകും.

10. വാണിജ്യ-വ്യാപാര മേഖല

ഒരു പ്രദേശത്തെ സാമ്പത്തിക വളർച്ചയിലേയ്ക്ക് നയിക്കുന്നതിലും തൊഴിൽ സൃഷ്ടിക്കുന്നതിലും വാണിജ്യ വ്യാപാര സംരംഭങ്ങൾക്ക് പ്രധാന പങ്കുണ്ട്. ഈ അദ്ധ്യായത്തിൽ നെയ്യാറ്റിൻകര പട്ടണത്തിലെ നിലവിലെ വാണിജ്യ മേഖലയെയും, മാർക്കറ്റുകളെയും കുറിച്ച് വിശകലനം ചെയ്യുന്നു.

10.1 പട്ടണത്തിലെ നിലവിലെ സ്ഥിതി

2011 സെൻസസ് പ്രകാരം നെയ്യാറ്റിൻകര നഗരസഭ തൊഴിൽ പങ്കാളിത്ത നിരക്ക് (WPR) 34% ആണ്. 2010 ലെ സാമൂഹിക സാമ്പത്തിക സർവ്വെ പ്രകാരം പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകളിലെ തൊഴിലാളികൾ ശതമാന പ്രകാരം 9%, 13%, 78% എന്നിങ്ങനെയാണ്. കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത് തൃതീയ മേഖലയിലാണ്. ആയതിൽ 4% മാത്രമാണ് വാണിജ്യ വ്യാപാര മേഖലയിൽ നിന്നുള്ളത്.

വാണിജ്യ വ്യാപാര മേഖലയിലെ കുറഞ്ഞ പങ്കാളിത്ത നിരക്ക്പട്ടണത്തിന്റെ അർദ്ധ ഗ്രാമീണ സ്വഭാവത്തിന്റെ സവിശേഷതയായി കണക്കാക്കാം. അടുത്തുള്ള തിരുവനന്തപുരം നഗരത്തിൽ സ്വകാര്യ പൊതുമേഖലാ രംഗത്ത് കൂടുതൽ ജോലി സാദ്ധ്യതകൾ ഉള്ളതും വ്യാപാര രംഗത്ത് പണിയെടുക്കുന്നവരുടെ കുറവിന് കാരണമാകാം. കൂടാതെ വ്യാപാര-വാണിജ്യ ആവശ്യങ്ങൾക്കായി നഗരവാസികൾ കൂടുതലായും തിരുവനന്തപുരം നഗരത്തെ ആശ്രയിക്കുന്നു എന്നതും ഇതിന് കാരണമാകാം.



ചിത്രം 10.1 വാണിജ്യ ഭൂവിനിയോഗ മാപ്പ്

10.2 വാണിജ്യ ക്ലസ്ററുകളുടെ നിലവിലെ ശ്രേണി

പ്രാധാന്യവും, സവിശേഷതകളും അനുസരിച്ച് നഗരസഭാ പരിധിയിൽ വ്യത്യസ്ത വാണിജ്യ മേഖലകളുണ്ട്. ജംഗ്ഷനുകൾ കേന്ദ്രീകരിച്ചുള്ള വാണിജ്യ സ്ഥാപനങ്ങളുടെ തുടർച്ചയായ ശ്രേണികളെയാണ് പ്രത്യേക മേഖലകളായി ചൂണ്ടിക്കാണിക്കാനാവുക. ചിത്രം 10.1 ലെ വാണിജ്യ ഭൂവിനിയോഗ മാപ്പിൽ നിന്നും വാണിജ്യ മേഖലകളെക്കുറിച്ച് മനസ്സിലാക്കാം.

പ്രധാന ഗതാഗത ഇടനാഴികളായ NH-66 ഉം പൂവാർ-കാട്ടാക്കട റോഡും കേന്ദ്രീകരിച്ചാണ് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ കാണപ്പെടുന്നത്. വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്ന ഭൂമിയുടെ വ്യാപ്തി നന്നേ കുറവാണ്.



ചിത്രം 10.2 വാണിജ്യ കേന്ദ്രങ്ങളുടെ ശ്രേണി

വാണിജ്യ മേഖലകളുടെ വ്യാപ്തി അനുസരിച്ചാണ് ശ്രേണി നിർണ്ണയിക്കാനാവുക. പട്ടിക 10.1 ൽ നഗരസഭാ പരിധിയിലെ വാണിജ്യ മേഖലകളും അവയോട് ബന്ധപ്പെട്ട ജംഗ്ഷനുകളുടെ വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

പട്ടിക 10.1 വാണിജ്യ നോഡുകളുടെ വിവരങ്ങൾ

ക്രമ നം.	പേര്	വിസ്തീർണ്ണം (ച.കി.മീ)	വാണിജ്യ ഭൂഉപയോഗം (%)	ശ്രേണി
1	ആലുംമൂട് ജം., സ്വദേശാഭിമാനി പാർക്ക്, ടിബി ജം., ജില്ലാ ആശുപത്രി ജം., കെഎസ്ആർടിസി ജം എന്നിവ ഉൾപ്പെടുന്ന കേന്ദ്ര പ്രദേശം	0.15	0.521	1-ാം ശ്രേണി
2	ആറാലുംമൂട്	0.040	0.140	2-ാം ശ്രേണി
3	മൂന്ന്കല്ലിൻമൂട്	0.044	0.152	
4	ഓലത്താന്നി	0.050	0.173	
5	വഴിമുക്ക്	0.027	0.092	3-ാം ശ്രേണി
6	അമരവിള	0.022	0.076	
7	പെരുമ്പഴുതൂർ	0.017	0.060	

നഗരത്തിലെ പ്രധാന ജംഗ്ഷനും വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ വളരെ ഏറെ കേന്ദ്രീകരിച്ചിരിക്കുന്നതുമായ ഇടത്തെ ഒന്നാം ശ്രേണി (First order) ആയി കണക്കാക്കാം. മുനിസിപ്പൽ പരിധിയിൽ മൂന്ന് രണ്ടാം ശ്രേണി (second order), മൂന്നാം ശ്രേണി (third order) ഇനത്തിൽപ്പെട്ട വ്യാപാര മേഖലകൾ ഉണ്ട്. ഒപ്പം തന്നെ പ്രാദേശിക ചന്തകളുടെ രൂപത്തിൽ നാലാം ശ്രേണിയിൽപ്പെട്ട വാണിജ്യ വ്യാപാര മേഖലയുമുണ്ട്. റോഡുകളുടെ ശൃംഖല കേന്ദ്രീകരിച്ചാണ് വ്യാപാര മേഖലകൾ രൂപപ്പെട്ടിരിക്കുന്നത്. ചിത്രം 10.2 ൽ പ്രാഥമിക, ദ്വിതീയ വാണിജ്യ മേഖലകൾ വടക്ക്-തെക്ക്, കിഴക്ക്-പടിഞ്ഞാറ് ദിശയിലെ റോഡുകൾ കേന്ദ്രീകരിച്ചാണ് കാണപ്പെടുന്നത്.

10.3 നിലവിലെ കമ്പോളങ്ങളുടെ ശ്രേണി

പ്രാധാന്യമനുസരിച്ച് നഗരസഭാ പരിധിയിൽ 14 ചന്തകൾ നിലവിലുണ്ട്. ജില്ലയുമായി ബന്ധപ്പെട്ട വ്യാപാര വാണിജ്യ മേഖലയിൽ നെയ്യാറ്റിൻകര നഗരസഭയ്ക്ക് പ്രധാന സ്ഥാനമുണ്ട്. ദൈനംദിന ആവശ്യങ്ങൾക്കായുള്ള ഉല്പന്നങ്ങളും, കാർഷിക ഉല്പന്നങ്ങളും കേന്ദ്രീകരിച്ചാണ് വ്യാപാരം.

പട്ടണ കേന്ദ്രത്തിന് തൊട്ട് പുറത്തുള്ള ആറാലുമൂട് മാർക്കറ്റ് പ്രാധാന്യമർഹിക്കുന്നു. ആയതുമായി ബന്ധപ്പെട്ടൊരു കന്നുകാലി ചന്തയും, പ്രവർത്തിക്കുന്നുണ്ട്. (പട്ടിക 10.2)

പട്ടിക 10.2 മാർക്കറ്റുകളുടെ ശ്രേണി

ക്രമ നം.	മാർക്കറ്റിന്റെ പേര് / സ്ഥാനം	ശ്രേണി
1	ആറാലുമ്മൂട് മാർക്കറ്റ്	1
2	ആറാലുമ്മൂട് മൃഗ മാർക്കറ്റ്	1
3	ടൗൺ മാർക്കറ്റ്	2
4	പെരുമ്പഴുതൂർ	2
5	കൊടങ്ങാവിള	3
6	അമരവിള	3
7	ഓലത്താന്നി	3
8	മരുതത്തൂർ	3
9	മാമ്പഴക്കര മാർക്കറ്റ്	3
10	ഇരുമ്പിൽ	4
11	ചായ്ക്കോട്ടുകോണം	4
12	ബ്രഹ്മംകോട്	4
13	പുന്നക്കാട് മാർക്കറ്റ്	4
14	തൊഴുക്കൽ മാർക്കറ്റ്	4

പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിനായി ചെറു ചന്തകളും പ്രവർത്തിക്കുന്നുണ്ട്. ചന്തകളുടെ വലുപ്പവും സൗകര്യവും പരിഗണിച്ചാണ് അവയെ തരംതിരിച്ചിരിക്കുന്നത്.

10.4 കമ്പോളങ്ങളിലെ സൗകര്യങ്ങൾ

കമ്പോളങ്ങളിൽ ലഭ്യമായ സൗകര്യങ്ങളെക്കുറിച്ച് ചിത്രം 10.4, പട്ടിക 10.3 എന്നിവയിൽ നിന്നും മനസ്സിലാക്കാം. കൂടാതെ ഇത്തരം വ്യാപാര മേഖലയുടെ ഭാവി വികസന സാദ്ധ്യതകളും ഇതിൽ നിന്ന് മനസിലാക്കാം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ കമ്പോളങ്ങൾ വളരെ കുറച്ചേയുള്ളൂ. മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ആറിടത്ത് മാത്രമേയുള്ളൂ. ഉപയോക്താക്കളുടെ ആവശ്യത്തെ തൃപ്തിപ്പെടുത്തും വിധം സൗകര്യങ്ങളിൽ അപര്യാപ്തതയുണ്ട്.

സൗകര്യങ്ങൾ കൂടുതലുള്ള കമ്പോളങ്ങൾ പ്രധാന വാണിജ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടും, അല്ലാത്തവ പ്രാദേശികമായും പ്രവർത്തിക്കുന്നു. കമ്പോള വാണിജ്യ മേഖലകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ വ്യാപാര മേഖലയിൽ പുത്തൻ ഉണർവ്വ് സൃഷ്ടിക്കാനാവും.



ചിത്രം 10.3 ചന്ത/കമ്പോളങ്ങളുടെ ശ്രേണി

10.5 മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

കമ്പോളങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയും, ക്രമമല്ലാത്ത കേന്ദ്രീകരണവും പ്രധാന പ്രശ്നങ്ങളാണ്. വാണിജ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി പ്രാദേശിക കമ്പോളങ്ങളെ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്.

പട്ടിക 10.3 ചന്ത/കമ്പോളങ്ങളിലെ സൗകര്യങ്ങളുടെ വിശദീകരണം (സ്രോതസ്സ്: നെയ്യാറ്റിൻകര നഗരസഭ)

മാർക്കറ്റിന്റെ പേര് / സ്ഥാനം	റോഡ് അക്സസ് (R)	മാലിന്യ നിയന്ത്രണ സംവിധാനം (WM)	ഫംങ്ഷണൽ സ്പെയ്സസ് (S)	പാർക്കിംഗ് (P)	അറവുശാല സൗകര്യം (SH)
ആറാലുമ്മൂട് മാർക്കറ്റ്	*	*	*	*	
ആറാലുമ്മൂട് മൃഗ മാർക്കറ്റ്	*	*	*	*	
പെരുമ്പഴുതൂർ മാർക്കറ്റ്	*	*			*
ടൗൺ മാർക്കറ്റ്	*	*	*		*
അമരവിള മാർക്കറ്റ്		*	*	*	
ഇരുമ്പിൽ മാർക്കറ്റ്			*		
കൊടങ്ങാവിള മാർക്കറ്റ്			*		*
ഓലത്താന്നി മാർക്കറ്റ്	*	*	*	*	*
മാമ്പഴക്കര മാർക്കറ്റ്	*		*	*	
ബ്രഹ്മംകോട് മാർക്കറ്റ്					*



ചിത്രം 10.4 ചന്ത/കമ്പോളങ്ങളിലെ സൗകര്യങ്ങൾ

10.6 സാധ്യതകൾ

നഗരസഭാ പ്രദേശത്തെ വാണിജ്യ മേഖലകളെയും കമ്പോളങ്ങളെയും സമഗ്രമായി വികസിപ്പിക്കുകയാണെങ്കിൽ ആയത് വ്യാപാര മേഖലയ്ക്ക് പുത്തനുണർവ്വേകും. പട്ടണ കേന്ദ്രവുമായി ബന്ധപ്പെട്ട ഭാവി വികസന പ്രവർത്തനങ്ങൾക്ക് സാധ്യതയുണ്ട്. വാണിജ്യ വ്യാപാര മേഖലയ്ക്കുണ്ടാകുന്ന വികസനം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കും സാമ്പത്തിക വളർച്ച കൈവരിക്കുന്നതിലേയ്ക്കും വഴിതെളിക്കും.

10.7 സംഗ്രഹം

വാണിജ്യ വ്യാപാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടേണ്ടതുണ്ട്. നഗരസഭാ പ്രദേശത്ത് നിലവിൽ വാണിജ്യ വ്യാപാര മേഖലകളുണ്ടെങ്കിലും ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റും വിധത്തിൽ ആയവ നവീകരിക്കേണ്ടതുണ്ട്. വാണിജ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി കമ്പോളങ്ങളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ളവ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

11. വ്യവസായം

നെയ്യാറ്റിൻകര പോലുള്ള ഇടത്തരം പട്ടണത്തിൽ വ്യവസായ മേഖലയിലെ നിലവിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭാവി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഈ അദ്ധ്യായത്തിൽ ജില്ലാ, പട്ടണതലങ്ങളിലെ ചെറു-ഇടത്തരം വ്യവസായങ്ങളുടെ വിന്യാസത്തെ കുറിച്ചും, ആയത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

11.1 ജില്ലാതല വ്യവസായങ്ങൾ

തിരുവനന്തപുരം ജില്ലയിൽ 2010-11 കാലഘട്ടത്തിൽ പ്രവർത്തനക്ഷമമായ വ്യവസായ ശാലകളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. 2011 ലെ സാമ്പത്തിക സ്ഥിതി വിവരം വിശകലനം ചെയ്യുമ്പോൾ തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത ചെറു-ഇടത്തരം യൂണിറ്റുകളുടെ വളർച്ച (8.6%), സംസ്ഥാന ശരാശരി (9.57%) നേക്കാൾ കുറവാണ്. സംസ്ഥാനതോതിനോട് താരതമ്യപ്പെടുത്തുമ്പോൾ തിരുവനന്തപുരം ജില്ലയിലെ ചെറു-ഇടത്തരം യൂണിറ്റുകളുടെയും ആയതിന്റെ തൊഴിൽ സാദ്ധ്യതകളുടെയും വളർച്ചയുടെ തോത് കുറഞ്ഞുവരുന്നതായി കാണുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി തൽസ്ഥിതി തുടരുന്നു. സംസ്ഥാന തലത്തിലും വ്യവസായ രംഗത്ത് മാന്ദ്യമുണ്ട്.

സംസ്ഥാനതലത്തിൽ ചെറുകിട വ്യവസായങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ തിരുവനന്തപുരം ജില്ലയുടെ വിഹിതം 9.9% ആണ്. ഈ രംഗത്തെ തൊഴിൽ സാദ്ധ്യതയും കുറഞ്ഞുവരുന്നതായി കാണുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനു കീഴിൽ (KSIDC) പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളിൽ 9725 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 2012 വർഷത്തിൽ രജിസ്റ്റർ ചെയ്ത 1020 SSI/MSME യൂണിറ്റുകൾ ഉണ്ടായിരുന്നു. കരകൗശല ഉല്പന്നങ്ങൾ കരകൗശല വികസന കോർപ്പറേഷന്റെ കീഴിലുള്ള S.M.S.M Institute മുഖാന്തിരമാണ് വിപണനം ചെയ്യുന്നത്. ആയതിന് വിദേശത്തും വൻ ആവശ്യകതയുണ്ട്. 2010-11 കാലയളവിൽ ജില്ലയിലെ 1077 SSI/MSME യൂണിറ്റുകളിലായി 9725 തൊഴിലാളികൾ പ്രവർത്തിച്ചിരുന്നു.

തിരുവനന്തപുരം ജില്ലയിൽ 360 കൈത്തറി സഹകരണ യൂണിറ്റുകളുണ്ട്. ആയത് സംസ്ഥാന ശരാശരിയുടെ 48% ആണ്. ജില്ലയിലെ MSME യൂണിറ്റുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത് കോർപ്പറേഷനിലും, ചിറയിൻകീഴ്, നെടുമങ്ങാട്, നെയ്യാറ്റിൻകര സോണുകളിലുമാണ്. 2010-11 കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത MSME യൂണിറ്റുകൾ ശതമാന കണക്കിൽ ചാർട്ട് 11.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ MSME രജിസ്ട്രേഷനുകൾ പരിശോധിക്കുമ്പോൾ തിരുവനന്തപുരം താലൂക്ക് പരിധിയിൽ 40%, നെയ്യാറ്റിൻകരയിൽ 29%, നെടുമങ്ങാട് 15%, ചിറയിൻകീഴ് 14% യൂണിറ്റുകളാണുള്ളത്, ഭക്ഷ്യസംസ്ക്കരണം, നിർമ്മാണ അനുബന്ധ, കൈത്തറി, വസ്ത്രോല്പ്പന്ന, തടിപ്പണി വ്യവസായങ്ങളാണ് രജിസ്ട്രേഷൻ നടത്തിയവയിൽ ഭൂരിഭാഗവും.



ചാർട്ട് 11.1 MSME രജിസ്ട്രേഷൻ നിരക്ക് ശതമാന കണക്കിൽ (സ്രോതസ്സ്: KSIDC)

11.2 നഗരത്തിലെ വ്യവസായങ്ങൾ:

1978 ൽ സ്ഥാപിതമായ കേരള ഓട്ടോ മൊബൈൽ ലിമിറ്റഡാണ് (KAL) നെയ്യാറ്റിൻകര പട്ടണത്തിലെ ഒരേ ഒരു പ്രധാന വ്യവസായ സ്ഥാപനം. ടൈൽ ഫാക്ടറികൾ, മാധവി മന്ദിരം ലോകസേവ ട്രസ്റ്റിന്റെ കീഴിലുള്ള ബയോമെഡിക്കൽ ഉല്പ്പന്നങ്ങളുടെ ഉത്പാദന പ്ലാന്റുകൾ, തൊഴുക്കലുള്ള ക്ലേ ഫാക്ടറി, ഗാന്ധിസ്മാരക നിധി നിലമേലുള്ള ആൽകോട്ട്, പുത്തനമ്പലത്തെ അൽവെസ്റ്റ, കെൽട്രോണിനും, കെ.എ.എൽ -നും നട്ടും, ബോൾട്ടും നിർമ്മിച്ചു നല്കുന്ന Serum industries, കറി പൗഡർ, ഹോളോ ബ്രിക്സ് യൂണിറ്റുകൾ, തൊഴുക്കലുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, എന്നിവ മറ്റു വ്യവസായ യൂണിറ്റുകളാണ്. ഇതു കൂടാതെ കൈത്തറി, ആയുർവേദ മരുന്നു നിർമ്മാണ യൂണിറ്റും ഉൾപ്പെടെ മുന്നൂറോളം ചെറുകിട വ്യവസായ യൂണിറ്റുകളും പട്ടണത്തിലുണ്ട്.

11.3 മേഖലയിലെ പ്രശ്നങ്ങൾ:

സ്ഥലലഭ്യതയുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ടില്ലെങ്കിലും, ഭൂമിയുടെ വില വർദ്ധന വ്യവസായങ്ങളെ ബാധിക്കുന്നുണ്ട്. ഭൂവിനിയോഗത്തിന്റെ ഒരു ശതമാനം മാത്രമേ വ്യവസായ ആവശ്യത്തിനായി ഉപയോഗിക്കുന്നുള്ളൂ. ഭൂമിയുടെ വിലവർദ്ധന വലിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് തടസ്സമായേക്കാം. പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തേണ്ടതുണ്ട്.

11.4 മേഖലയുടെ സാദ്ധ്യതകൾ

കൈത്തറി, ആയുർവേദ മരുന്നു നിർമ്മാണ മേഖലകളുടെ വികസനത്തിനുള്ള സാധ്യത നെയ്യാറ്റിൻകര പട്ടണത്തിലുണ്ട്. ടൈൽ (ഓട്) ഫാക്ടറികളും, കളിമണ്ണ് അധിഷ്ഠിത നിർമ്മാണങ്ങൾക്കും, ബയോ മെഡിക്കൽ വ്യവസായങ്ങൾക്കും സാധ്യതയുണ്ട്.

കാർഷിക അധിഷ്ഠിത വ്യവസായങ്ങൾക്കും അവയുടെ മൂല്യ വർദ്ധിത ഉല്പ്പന്നങ്ങൾക്കും വിപണന സാധ്യതയുണ്ട്.

നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, തിരുവനന്തപുരത്തെ പുതിയ ഇന്റർ നാഷണൽ എയർപോർട്ട് ടെർമിനലിന്റെ നിർമ്മാണം, നെയ്യാറ്റിൻകരയെ നഗരവുമായി ബന്ധിപ്പിക്കുന്ന മോണോ റെയിൽ പദ്ധതി എന്നിവ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു.

ചെറു-ഇടത്തരം യൂണിറ്റുകളുടെ എണ്ണത്തിൽ നെയ്യാറ്റിൻകര താലൂക്ക് മുൻപന്തിയിലാണ്. KAL മായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കും, ആയുർവേദ മരുന്നുകളുടെ മൂല്യവർദ്ധിത ഉല്പ്പാദനം അടിസ്ഥാനമാക്കിയ ചെറു-ഇടത്തരം നിർമ്മാണ യൂണിറ്റുകൾക്ക് സാധ്യതയേറെയാണ്.

11.5 സംഗ്രഹം

മൃഗസംരക്ഷണ മേഖലയുമായി സഹകരിച്ച് കാർഷിക രംഗത്ത് മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് നെയ്യാറ്റിൻകര പട്ടണത്തിൽ സാദ്ധ്യതയുണ്ട്. KAL മായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കും, ആയൂർവേദ മരുന്നു നിർമ്മാണ മേഖലയോടു ബന്ധപ്പെട്ട ലഘു, ചെറു-ഇടത്തരം വ്യവസായങ്ങൾക്കും പട്ടണത്തിൽ സാദ്ധ്യതയേറെയാണ്. സർക്കാരിന്റെ നവീന വ്യവസായ നയങ്ങൾക്ക് അനുസൃതമായി MSME, startups എന്നീ സംരംഭങ്ങൾക്ക് നഗരസഭയിൽ അവസരങ്ങൾ നിലനിൽക്കുന്നു.

12. വിനോദസഞ്ചാരവും പൈതൃകവും

നിലവിൽ വിനോദസഞ്ചാര രംഗത്ത് നെയ്യാറ്റിൻകര പട്ടണത്തിൽ പരിമിതമായ സൗകര്യങ്ങളാണുള്ളത് എന്നിരിക്കിലും തലസ്ഥാന നഗരത്തെ തമിഴ്നാടുമായി ബന്ധിപ്പിയ്ക്കുന്ന പാതയിലെ പ്രധാന പട്ടണം എന്ന നിലയിൽ നെയ്യാറ്റിൻകരയ്ക്ക് പ്രാധാന്യമുണ്ട്. ഈ അധ്യായത്തിൽ പട്ടണത്തിലെ വിനോദസഞ്ചാര മേഖലയുടെ അവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്നു.

12.1 വിനോദ സഞ്ചാര ആകർഷണങ്ങൾ

നെയ്യാർ, പ്രശസ്തമായ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം എന്നിവ നഗരസഭാ അതിർത്തിക്കുള്ളിലെ പ്രധാന വിനോദ സഞ്ചാര ശ്രദ്ധാ കേന്ദ്രങ്ങളാണ്. പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉൾക്കൊള്ളുന്ന തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള കവാടമായും നെയ്യാറ്റിൻകര നിലകൊള്ളുന്നു. നഗരസഭയിലെയും, ചുറ്റുമുള്ള വിനോദസഞ്ചാര മേഖലകളുടെയും സ്ഥലപര വിന്യാസം ചിത്രം 12.1 ൽ കാണിച്ചിട്ടുണ്ട്.



ചിത്രം 12.1 വിനോദ സഞ്ചാര മേഖലകളുടെ സ്ഥലപര വിന്യാസം

12.1.1 പൈതൃക വിനോദ സഞ്ചാര മേഖല

- ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം

പട്ടണ മധ്യത്തുള്ള ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം തിരുവിതാംകൂർ മഹാരാജാവ് മാർത്താണ്ഡവർമ്മ 1755 ൽ നിർമ്മിച്ചതാണ്. എട്ടുവീട്ടിൽ പിള്ളമാരുടെ പക്കൽ നിന്നും രക്ഷപ്പെടാനായി രാജാവ് ഒളിച്ച അമ്മച്ചി പ്ലാവിന്റെ ശേഷഭാഗം ക്ഷേത്രത്തിൽ ഇപ്പോഴും നിലനിൽക്കുന്നു.

ശ്രീകൃഷ്ണക്ഷേത്ര ഉത്സവവും, നവരാത്രി ആഘോഷവും, അരുവിപ്പുറത്തെ ശിവരാത്രി ആഘോഷവും സഞ്ചാരികളെയും, ഭക്തരെയും ആകർഷിക്കാനുതകുന്ന സാംസ്കാരിക പരിപാടികളാണ്. നവരാത്രി ആഘോഷത്തോടനുബന്ധിച്ച് തമിഴ്നാട്ടിൽ നിന്നും പദ്മനാഭസ്വാമി ക്ഷേത്രത്തിലേയ്ക്കുള്ള ഘോഷയാത്രാ സംഘം ഒരുരാത്രി തങ്ങുന്നത് നെയ്യാറ്റിൻകര ക്ഷേത്രത്തിലാണ്.

- അരുവിപ്പുറം ക്ഷേത്രം

ശ്രീനാരായണ ഗുരു പ്രതിഷ്ഠ നടത്തിയ ആദ്യത്തെ ക്ഷേത്രമായ അരുവിപ്പുറം, നെയ്യാറ്റിൻകര പട്ടണത്തിനോടു ചേർന്നു സ്ഥിതി ചെയ്യുന്നു. അദ്ദേഹം തപസ്സനുഷ്ഠിച്ച ഗുഹകൾ, കൊടിതൂക്കിമല എന്നിവ നഗരസഭക്കുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. അരുവിപ്പുറത്തെ ശിവരാത്രി ആഘോഷം സഞ്ചാരികളെയും, ഭക്തരെയും ഒരുപോലെ ആകർഷിക്കുന്നതാണ്.

12.1.2 പ്രകൃതിദത്ത വിനോദസഞ്ചാരം

തീരദേശ മേഖലയുമായി നേരിട്ട് ബന്ധമില്ലാത്ത പ്രദേശമാണ് നെയ്യാറ്റിൻകര പട്ടണം. അഗസ്ത്യാർകൂട മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന നെയ്യാർ പ്രധാന വിനോദസഞ്ചാര സാധ്യതയൊരുക്കുന്നു. നെയ്യാർ ഡാം നിർമ്മിച്ചിരിക്കുന്നത് നെയ്യാറിലാണ്.

പട്ടണ പ്രദേശത്ത് 10 കി.മീ ൽ കൂടുതൽ നെയ്യാറൊഴുകുന്നു. തദ്ദേശീയ സഞ്ചാരികളെ ആകർഷിക്കാൻ നെയ്യാറിനാകുന്നുണ്ട്.

12.1.3 ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട വിനോദ സഞ്ചാരം

ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ നഗരത്തിൽ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളുണ്ട്.

നഗരസഭാ പരിധിയിലുള്ള ആയുർവേദ സിദ്ധ ആശുപത്രികളും, NIMS മെഡിസിറ്റിയും ഇത്തരത്തിലുള്ളതാണ്. ആരോഗ്യ ടൂറിസം രംഗത്തിന് സഹായകരമായ വിധത്തിൽ ആയുർവ്വേദ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. നിലവാരമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാണ് NIMS മെഡിസിറ്റി. ആയതിന് അനുബന്ധമായി NIMS Heart Foundation (NHF) ഉം പ്രവർത്തിക്കുന്നു.

12.2. വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ

നെയ്യാറ്റിൻകര നഗരസഭയിൽ വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തതയുണ്ട്. വിനോദസഞ്ചാര വികസനത്തിന് സാധ്യതയേകുന്ന തരത്തിൽ ഗതാഗത സൗകര്യങ്ങൾ ലഭ്യമായത് നഗരസഭയ്ക്കൊരു മുതൽക്കൂട്ടാണ്. എൻഎച്ച് 66 ന്റെയും റെയിൽവേയുടെയും സാമീപ്യം ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള സഞ്ചാരികളുടെ വരവിനെ ത്വരിതപ്പെടുത്തുന്നു.

ഉന്നതനിലവാരത്തിലുള്ള താമസഭക്ഷണ സൗകര്യങ്ങൾ നിലവിലില്ല, പ്രാദേശികതലത്തിലുള്ള ആവശ്യകതയ്ക്കുതകും വിധത്തിലേ നിലവിലെ സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളൂ.

വ്യത്യസ്തവും വിഭിന്നവുമായ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അഭാവമാവാം വിനോദ സഞ്ചാര മാപ്പിൽ പ്രദേശം ഉൾപ്പെടാതെ പോകാൻ കാരണം.

12.3 നിലവിലെ വിനോദ സഞ്ചാര മേഖല

നഗരത്തിനുള്ളിലെ വിനോദസഞ്ചാര മേഖലയ്ക്ക് സഹായകരമാവും വിധത്തിൽ ഗതാഗത മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്.

12.4 മേഖലയിൽ പ്രവർത്തിയ്ക്കുന്ന ഏജൻസികൾ

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (KTDC), ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ (DTPC) എന്നിവയ്ക്ക് മേഖലയിൽ സ്വാധീനമുണ്ട്. വിനോദസഞ്ചാര മേഖലയിൽ കാര്യമായ പ്രാധാന്യമില്ലാത്തതിനാൽ KTDC, DTPC തുടങ്ങിയവയുടെ ഓഫീസുകൾ നഗരസഭയിലില്ല.

12.5 മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങളുടെ ആസൂത്രിത വികസനവും ഉൾക്കാഴ്ചയോടെയുള്ള പ്രവർത്തനങ്ങളും, മേഖലയുടെ പുരോഗതിയും ഈ മേഖലയിലെ സാമ്പത്തിക അടിത്തറയുടെ വികസനത്തിനും സഹായകമാകുന്നതാണ്.

വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങളെ വിനോദസഞ്ചാര മാപ്പിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക വിധത്തിലുള്ള സൗകര്യങ്ങൾ നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് മെച്ചപ്പെടുത്തേണ്ടതുണ്ട്.

വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിയ്ക്കുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും, നവീന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയുമാണെങ്കിൽ ഒരു വിനോദ സഞ്ചാര കേന്ദ്രമെന്ന നിലയ്ക്ക് സഞ്ചാരികളെ ആകർഷിക്കാനാവും.

12.6 മേഖലയിലെ സാദ്ധ്യതകൾ

വിനോദസഞ്ചാരവും അനുബന്ധ സൗകര്യങ്ങളും. കേരളത്തിൽ അതിവേഗ വളർച്ച യുള്ള മേഖലയാണ്. പ്രാദേശികമായ നവീന വിനോദസഞ്ചാര പദ്ധതികൾ മേഖലയുടെ വികസനത്തിന് കാരണമാകും.

വിനോദസഞ്ചാര രംഗത്തെ നിലവിലെ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുകയാണെങ്കിൽ സഞ്ചാരികളെ ഫലപ്രദമായി ആകർഷിക്കാനാവും.

12.7 സംഗ്രഹം

അന്താരാഷ്ട്ര രംഗത്ത് ശ്രദ്ധേയമായ വിധത്തിൽ കേരളത്തിലെ വിനോദസഞ്ചാര മേഖല വളർന്നിട്ടുണ്ട്. ആഗോളതലത്തിലെ പുത്തൻ വിനോദസഞ്ചാര മേഖലകളുടെ വരവും, ചിലവു കുറഞ്ഞ യാത്രാ സൗകര്യങ്ങളും വിനോദസഞ്ചാര മേഖലയെ മത്സരാധിഷ്ഠിതമാക്കിയിട്ടുണ്ട്. കേരളത്തിന്റെ സാംസ്കാരിക ചുറ്റുപാടുകളും, തനതായ പ്രകൃതി സൗന്ദര്യവും ശ്രദ്ധേയമായ ഘടകങ്ങളാണ്. എന്നാൽ വർദ്ധിച്ചു വരുന്ന നഗരവത്ക്കരണവും, അടിസ്ഥാന സൗകര്യങ്ങളുടെ ത്വരിതഗതിയിലുള്ള വികസനവും ചിലപ്പോഴൊക്കെ പ്രകൃതിക്കെതിരാവുന്നുണ്ട്.

വിനോദസഞ്ചാര രംഗത്ത് സമഗ്രമായ കാഴ്ചപ്പാടും നടത്തിപ്പിന് വേണ്ടത്ര മേൽനോട്ടവും അനിവാര്യമാണ്. ഒപ്പം തന്നെ സുസ്ഥിരമായ വികസനവും പ്രാദേശികമായ വിനോദ സഞ്ചാര സാധ്യതകളുടെ വികസനവും പ്രാധാന്യമർഹിക്കുന്നു.

നഗരസഭയിൽ പ്രകൃതിദത്തവും, സാംസ്ക്കാരികവുമായ പ്രത്യേകതകളുള്ളതിനാൽ പ്രാദേശികമായ വിനോദസഞ്ചാര ആകർഷണ കേന്ദ്രമാക്കി പട്ടണത്തെ വികസിപ്പിക്കാനാവും. ഗതാഗത മേഖലയുടെ വികസനം ആയതിന്റെ ഗതിവേഗം വർദ്ധിപ്പിയ്ക്കും.

13. ഗതാഗത സൗകര്യങ്ങൾ

ഭൗതികമായ സ്ഥലപര ആസൂത്രണത്തിൽ ഗതാഗത സംവിധാനങ്ങളുടെ ആസൂത്രണം പ്രാധാന്യമർഹിക്കുന്നു. ഒരു പ്രദേശത്തെ ഗതാഗത സംവിധാനം ആസൂത്രണം ചെയ്യുന്നതിലേയ്ക്കായി ഇവ സംബന്ധിച്ച പഠനങ്ങളും വിശകലനങ്ങളും അനിവാര്യമാണ്.

ലോകത്തൊട്ടാകെയുള്ള നഗരപ്രദേശങ്ങളിൽ വാഹനത്തിരക്ക് അനുദിനം വർദ്ധിച്ചു വരികയാണ്. ഗതാഗത സംബന്ധിയായ പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് ഏതൊരു രാഷ്ട്രത്തിന്റെയും ആസൂത്രണ സംബന്ധിയായ അജണ്ടയിൽ പ്രഥമ പരിഗണനയർഹിയ്ക്കുന്നു. സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിൽ നഗര ഗ്രാമ ഭേദമില്ലാതെ വർദ്ധനവുണ്ടായിട്ടുണ്ട്.

ശരിയായ റോഡ് സംവിധാനങ്ങളുടെ അഭാവം സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഗതാഗതക്കുരുക്ക് രൂക്ഷമാക്കിയിട്ടുണ്ട്. ഡ്രൈവർമാരുടെ അശ്രദ്ധയും, റോഡുകളുടെ അസൗകര്യങ്ങളും പല റോഡുകളെയും മരണക്കയങ്ങളാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ വിഷയങ്ങളുടെ വെളിച്ചത്തിൽ ഗതാഗത സംബന്ധിയായ വിഷയങ്ങളിൽ ശ്രദ്ധിയ്ക്കുന്നത് പ്രാധാന്യമർഹിയ്ക്കുന്നു. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരം നഗരത്തെ തമിഴ്നാടുമായി ബന്ധിപ്പിയ്ക്കുന്ന പ്രധാന ഗതാഗത ഇടനാഴി കടന്നു പോകുന്നത് നെയ്യാറ്റിൻകര നഗരസഭയിലൂടെയാണ്. ആയതിനാൽ തന്നെ ഗതാഗത പഠനങ്ങളും വിശ കലനവും പ്രാധാന്യമർഹിയ്ക്കുന്നു.

ഈ അദ്ധ്യായത്തിൽ ഗതാഗതവുമായി ബന്ധപ്പെട്ട വിവരങ്ങളെയും സൗകര്യങ്ങളെയും കുറിച്ച് വിശദീകരിക്കുന്നു. അടിസ്ഥാന പഠനങ്ങൾക്കൊപ്പം തന്നെ വിശദമായ പഠനങ്ങളും ഗതാഗത സംവിധാനങ്ങളെക്കുറിച്ച് നടത്തിയിട്ടുണ്ട്.

13.1 നിലവിലെ ഗതാഗത സംവിധാനങ്ങളുടെ അവസ്ഥ

പട്ടണത്തിലെ പ്രധാന ഗതാഗത ശൃംഖലകളെക്കുറിച്ചും, ജില്ലാതലത്തിലെ വാഹനങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങളും, നഗരസഭയിലെ റോഡുകളുടെ സവിശേഷതകളെപ്പറ്റിയും ചുവടെ വിശദീകരിച്ചിരിക്കുന്നു.

13.1.1 ഗതാഗത ശൃംഖലകൾ

വിശാലമായ റോഡ് ശൃംഖലയും, റെയിൽവേ ശൃംഖലയുമാണ് പട്ടണ പ്രദേശത്തെ പ്രധാന ഗതാഗത സംവിധാനങ്ങൾ. പട്ടണത്തിലൂടെ നെയ്യാറൊഴുകുന്നുവെങ്കിലും ആയതിലൂടെ ഗതാഗത സംവിധാനങ്ങൾ കുറവാണ്. വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ടും ചരക്കുഗതാഗതത്തിനുമായി നെയ്യാറിനെ ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നു.

നഗരസഭാ പ്രദേശത്തുടനീളം എത്താൻ പാകത്തിലുള്ള റോഡ് ശൃംഖല മേഖലയിലുണ്ട്. ചിത്രം 13.1 ൽ പട്ടണത്തിലെ ഗതാഗത ശൃംഖലയുടെ സ്ഥലപര വിന്യാസം കാണിച്ചിരിക്കുന്നു. മേഖലയിൽ മൂന്ന് തലങ്ങളിലായുള്ള റോഡ് ശൃംഖലയുണ്ട്. ദേശീയപാതയായ എൻഎച്ച് 66 ആണ് പ്രഥമസ്ഥാനത്ത്. നഗരസഭയുടെ മദ്ധ്യഭാഗത്തുകൂടി കിഴക്ക്-പടിഞ്ഞാറ് ദിശയിലാണിത്. പ്രദേശത്തെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നതിലുപരിയായി നഗരസഭയുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിലും ദേശീയപാത പ്രധാന പങ്കുവഹിയ്ക്കുന്നു. രണ്ടാമതായി കാട്ടാക്കടയെയും പൂവാറിനെയും തമ്മിൽ ബന്ധിപ്പിച്ച് പട്ടണത്തിന്റെ കേന്ദ്രഭാഗത്തു കൂടി കടന്നുപോകുന്ന റോഡാണ്. പട്ടണത്തിന് വടക്ക്-തെക്ക് ദിശയിലാണിത്. മൂന്നാമതായി പെരുമ്പഴുതൂരിനെ അരുവിക്കരയുമായി ബന്ധിപ്പിയ്ക്കുന്ന മേഖലയ്ക്ക് വടക്കായുള്ള റോഡും, അമരവിള മുതൽ മാരായമുട്ടം വരെയുള്ള കിഴക്കൻ മേഖലയിലുള്ള റോഡുമാണ്.

ഒപ്പം തന്നെ പട്ടണ പ്രദേശത്തുടനീളം സഞ്ചാര സൗകര്യം ഒരുക്കത്തക്ക വിധത്തിൽ പ്രാദേശിക റോഡുകളുമുണ്ട്.

പട്ടണത്തിലെ രണ്ടാമത്തെ പ്രധാന ഗതാഗത സംവിധാനം റെയിൽവേയാണ്. മേഖലയിലൂടെ കടന്നുപോകുന്ന ബ്രോഡ്ഗേജ് ലൈനിലൂടെ തിരുവനന്തപുരം, നാഗർകോവിൽ, കന്യാകുമാരി, രാജ്യത്തെ മറ്റു പ്രദേശങ്ങൾ തുടങ്ങിയ ഭാഗങ്ങളിലേയ്ക്ക് സഞ്ചാര സ്വാതന്ത്ര്യം സാദ്ധ്യമാക്കുന്നു. നഗര കേന്ദ്രത്തിന് അടുത്തായാണ് നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ. ഇവ ചിത്രം 13.1 ൽ ലഭ്യമാണ്.



ചിത്രം 13.1 ഗതാഗത ശൃംഖല: റോഡുകൾ, റെയിൽവേ

ചിത്രം 13.2 ൽ പട്ടണത്തിൽ നാളിതുവരെയായി പൂർണ്ണ അർത്ഥത്തിൽ ഉപയോഗപ്പെടുത്താത്ത ഉൾനാടൻ ജലപാതകളെക്കുറിച്ച് പ്രതിപാദിക്കുന്നു.

പട്ടണത്തിന് വടക്ക്-തെക്ക് ദിശയിൽ നെയ്യാഓഴുകുന്നു. നദിയുമായി ബന്ധിപ്പിയ്ക്കും പാകത്തിൽ ഉചിതമായ കൈവഴികൾ ഇല്ലാത്തതും, ആയതിലൂടെ ഗതാഗതത്തിനുള്ള സാഹചര്യമില്ലാത്തതും പോരായ്മയാണ്. ഭൂരിഭാഗം കൈത്തോടുകളും, ഉപചാലുകളും ഉൾനാടൻ ജലഗതാഗതത്തിന് യോജിച്ചവയല്ല. ചില ഭാഗത്ത് കടത്ത് വള്ള സൗകര്യമുണ്ട്.

ഗതാഗത സംവിധാനത്തെക്കുറിച്ചുള്ള പൊതുവായ വീക്ഷണത്തിൽ നിന്നും മേഖലയൊട്ടാകെ സേവനം നല്കുന്നതിൽ റോഡ് ശൃംഖല പ്രാധാന്യമർഹിയ്ക്കുന്നതായി കാണാം. ഇതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ തുടർഭാഗങ്ങളിൽ കൊടുത്തിരിക്കുന്നു.

13.1.2. റോഡ് ശൃംഖലയുടെ വിശദാംശങ്ങൾ

മേൽ പരാമർശിച്ച പ്രധാന റോഡുകളെ കൂടാതെ വിവിധ ശ്രേണിയിൽപ്പെടുന്ന മറ്റു റോഡുകളും പ്രദേശത്തുണ്ട്. പട്ടണത്തിലെ റോഡുകളെ എൻഎച്ച് റോഡുകൾ, പി.ഡബ്ല്യു.ഡി (പൊതുമരാമത്ത് വകുപ്പ്) റോഡുകൾ, നഗരസഭാ റോഡുകൾ എന്നിങ്ങനെ തരംതിരിക്കാം. 10 കീ.മി ദേശീയപാതയെ കൂടാതെ ഏകദേശം 25 കീ.മി പിഡബ്ല്യുഡി റോഡും, 47 കീ.മി നഗരസഭാ റോഡും പ്രദേശത്തുണ്ട് (2006 ലെ നെയ്യാറ്റിൻകര നഗരസഭ വികസന റിപ്പോർട്ട് പ്രകാരം)



ചിത്രം 13.2 പട്ടണത്തിലെ ഉൾനാടൻ ജലപാതകൾ



ചിത്രം 13.3 റോഡ് ശൃംഖലയുടെ വിശദാംശങ്ങൾ (സ്രോതസ്സ്: നെയ്യാറ്റിൻകര നഗരസഭ)

2010 ൽ NATPAC (National Transportation Planning and Research Centre) നടത്തിയ ഗതാഗത സർവ്വെ പ്രകാരം പ്രദേശത്തെ 24 പ്രധാന റോഡുകളെ ഉൾപ്പെടുത്തി പഠനം നടത്തിയിട്ടുണ്ട് (Link volume studies). ആയവ പട്ടിക 13.1 നൽകിയിരിക്കുന്നു.

13.1.3 വാഹനങ്ങളുടെ എണ്ണത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ

നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തൊട്ടാകെയുള്ള വാഹനങ്ങളുടെ എണ്ണത്തെ സംബന്ധിച്ച പ്രത്യേകമായ വിവരങ്ങൾ ലഭ്യമല്ല എങ്കിൽ തന്നെയും, ജില്ലയിലെയും സംസ്ഥാനത്തൊട്ടാകെയുമുള്ള വാഹന എണ്ണത്തെ സംബന്ധിച്ച മുൻ വർഷങ്ങളിലെ കണക്കുകൾ അപഗ്രഥന വിധേയമാക്കിയിട്ടുണ്ട്.

കഴിഞ്ഞ കാലങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമായി വാഹനങ്ങളുടെ എണ്ണത്തിൽ സ്ഥിരമായ വളർച്ചയാണ് കാണിക്കുന്നത്.

കണക്കുകളിൽ നിന്നും സംസ്ഥാനതലത്തിൽ 2007 വർഷത്തിൽ വാഹനങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്, എന്നാൽ ജില്ലതലത്തിൽ വാഹനങ്ങളുടെ എണ്ണം സ്ഥിരമായി വർദ്ധിയ്ക്കുന്നുണ്ട്.

താഴെക്കാണിച്ചിട്ടുള്ള വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ ചാർട്ടിൽ (ചാർട്ട് 13.1) ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. ജില്ലയുടെ ഗതാഗത സംവിധാനത്തെക്കുറിച്ച് പറയുമ്പോൾ സംസ്ഥാനതലത്തിൽ 2006-2007 വർഷത്തിൽ വളർച്ചാ നിരക്കിലുണ്ടായ ഇടിവും, അതേ വർഷം ജില്ലാതലത്തിലുണ്ടായ വളർച്ചയും എടുത്തു പറയത്തക്കതാണ്. തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന വളർച്ചയാണ് ജില്ലയിലുള്ളത്. ഗതാഗത രംഗത്ത് മേഖലയിലുണ്ടായ മാറ്റത്തെ ഇത് വെളിവാക്കുന്നു.



	2000 - 01	2001 - 02	2002 - 03	2003 - 04	2004 - 05	2005 - 06	2006 - 07	2007 - 08	2008 - 09
Thiruvananthapuram	100	105.1	113.9	127.8	140.7	160.9	173.3	214.94	234.8
Kerala	100	115.3	127	136.3	150	166.5	183.8	181.3	199.2

ചാർട്ട് 13.1 വാർഷിക വാഹന വളർച്ചാ നിരക്ക് (സ്രോതസ്സ്: NATPAC, 2010)



ചിത്രം 13.4 വിവിധതരത്തിലുള്ള വാഹനങ്ങളുടെ അനുപാതം - ജില്ലാതലത്തിൽ (സ്രോതസ്സ്: NATPAC)

പട്ടണത്തിലും സമാന പ്രവണത തന്നെയെന്ന് അനുമാനിക്കാം. വാഹനങ്ങളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ് പട്ടണ പ്രദേശത്ത് ഗതാഗത തടസ്സത്തിന് കാരണമാകുന്നുണ്ട്.

ജില്ലാതലത്തിലെ വിവിധ തരത്തിലുള്ള വാഹനങ്ങളുടെ പങ്കാളിത്തം (ചിത്രം 13.4) ഗതാഗതരംഗത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച നല്കാൻ സഹായിക്കും. ഇരുചക്ര ഗണത്തിൽപ്പെട്ട വാഹനങ്ങളാണ് കൂടുതലും, ഗതാഗതരംഗത്ത് സ്വകാര്യ വാഹനങ്ങളാണ് അധികവും, താരതമ്യേന മികച്ച പൊതുമേഖലാ ഗതാഗത സംവിധാനവുമുണ്ട്.

13.2 ഗതാഗതരംഗത്തെ നിലവിലെ സ്ഥിതി

ഗതാഗത പഠനത്തിൽ നിന്നും നിലവിലെ റോഡുകളുടെ ഉപയോഗക്ഷമതയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകും. ഗതാഗത സംവിധാനത്തിൽ ഭാവിയിലുണ്ടാകേണ്ട വികസന ആവശ്യകതയിലേയ്ക്കും ഇത് വിരൽ ചൂണ്ടുന്നുണ്ട്. മേഖലയിലെ ഗതാഗത ഇടനാഴികളെ പരിഗണനയിലെടുക്കുമ്പോൾ ആയത് ഗതാഗത ആവശ്യതകളെ നിറവേറ്റുക മാത്രമല്ല, പ്രദേശത്തെ സാമൂഹ്യ-സാമ്പത്തിക രംഗത്തെ വികസനത്തിന്റെ ചാലക ശക്തിയായി വർത്തിയ്ക്കുന്നതായും കാണാം.

ഭൂവിനിയോഗത്തിന്റെ വിശകലനത്തിൽ നിന്നും ഗതാഗത ഇടനാഴികളെ കേന്ദ്രീകരിച്ചുള്ള വികസനമാണ് പ്രദേശത്തുള്ളതെന്ന് കാണാം. ജില്ലയിലും, സംസ്ഥാനത്തൊട്ടാകെ തന്നെയും സമാന സ്ഥിതി വിശേഷമാണ് പ്രകടമാകുന്നത്.

സാധാരണഗതിയിൽ ഗതാഗതത്തിരക്കിന്റെ വിശകലനത്തിൽ നിന്നും ഗതാഗത പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തുന്നിടങ്ങളിൽ ആയത് പരിഹരിക്കുന്നതിനുള്ള സമഗ്രമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് വിരളമാണ്. നെയ്യാറ്റിൻകര നഗരസഭയിലെ സാഹചര്യങ്ങൾ തന്നെ ഇതിനുദാഹരണമാണ്. റോഡിലെ ഇടുങ്ങിയ ഭാഗങ്ങളും, വാഹനങ്ങൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ പാകത്തിൽ മതിയായ സ്ഥല സൗകര്യമില്ലായ്മ, കാൽനടയാത്രക്കാർക്കുള്ള സൗകര്യങ്ങളുടെ അപര്യാപ്തത, മതിയായ പാർക്കിംഗ് സൗകര്യങ്ങളുടെ അഭാവം എന്നിവ നിലവിലുണ്ട്.

നിലവിലെ പോരായ്മകൾ പരിഹരിക്കും പാകത്തിലുള്ള വിശകലനങ്ങളാണ് ഗതാഗത തിരക്കുമായി ബന്ധപ്പെട്ട് നടത്തിയിരിക്കുന്നത്.

13.2.1 ഗതാഗത ഇടനാഴികളിലെ ഗതാഗതത്തിരക്ക്

നഗരസഭാ പരിധിയിലെ പ്രധാന റോഡുകളിലെ 24 നിശ്ചിത ഭാഗങ്ങളിൽ ഇതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. (Link volume Studies) (പട്ടിക 13.1).

ഗതാഗതത്തിരക്ക് ഏറ്റവും കൂടുതൽ കാണുന്നത് ദേശീയപാതയിലാണ്. മേഖലകളിലൂടെയുള്ള ഗതാഗതത്തിന്റെ 56% ഉം ഇതിലൂടെയാണ്.

പ്രസ്തുത റോഡിന് പ്രഥമ പരിഗണന നല്കേണ്ടതിന്റെ ആവശ്യകതയാണ് ഇതിലൂടെ വെളിവാകുന്നത്. ദേശീയപാതയിലെ ഗതാഗതത്തിരക്ക് 14000-34000 PCU ന് ഇടയിലാണ്.

പട്ടണ കേന്ദ്രത്തെ കാട്ടാക്കടയുമായി ബന്ധിപ്പിയ്ക്കുന്ന റോഡിലാണ് രണ്ടാമതായി ഏറ്റവും കൂടുതൽ ഗതാഗതത്തിരക്കനുഭവപ്പെടുന്നത് ; 12000 PCU ൽ കൂടുതൽ. പ്രദേശത്തനുഭവപ്പെടുന്ന ഗതാഗതത്തിരക്കിന്റെ 10% ഉം ഇതിലൂടെയാണ്. പട്ടണ കേന്ദ്രത്തെ പൂവാറുമായി ബന്ധിപ്പിയ്ക്കുന്ന റോഡിലും മേഖലയിലനുഭവപ്പെടുന്ന ഗതാഗതത്തിരക്കിന്റെ 10% വഹിക്കുന്നുണ്ട് ; അതായത് 8000 – 16000 PCU.

പട്ടിക 13.1 പഠന വിധേയമാക്കിയ പ്രധാന റോഡുകളും ട്രാഫിക് പഠന ഫലങ്ങളും (സ്രോതസ്സ്: NATPAC)

Sl. No	Road Link		Capacity (PCU/ day)	2010	
				Volume (PCU/ day)	Volume-capacity ratio
1	**തിരുവനന്തപുരം - നാഗർകോവിൽ റോഡ് (എൻഎച്ച് 66)**				
L-01	Border	Vazhimkukku	18,000	34,041	1.89
L-02	Vazhimkukku	Aralummoodu	18,000	24,568	1.36
L-03	Aralummoodu	Pathamkallu	18,000	24,459	1.36
L-04	Pathamkallu	Koottappana	18,000	26,149	1.45
L-05	Koottappana	Munnukallinmoodu	18,000	27,184	1.51
L-06	Munnukallinmoodu	TB Jn	18,000	25,540	1.42
L-07	TB Jn	Alummoodu Jn	18,000	19,986	1.11
L-08	Alummoodu Jn	Neyyattinkara	18,000	35,897	1.99
L-09	Neyyattinkara	Toll Jn	18,000	21,626	1.20
L-10	Toll Jn	CSI Jn	18,000	17,121	0.95
L-11	CSI Jn	Check Post Jn	18,000	18,275	1.02
L-12	Check Post Jn	Amaravila Jn	18,000	21,269	1.18
L-13	Amaravila Jn	Border	18,000	14,629	0.81
L-14	Amaravila Bridge	Link	18,000	-	-
2	**നെയ്യാറ്റിൻകര-പൂവാർ റോഡ്**				
L-15	Neyyattinkara	Vlangamury Jn	18,000	16,326	0.91
L-16	Vlangamury Jn	Pirayimmoodu	18,000	9,471	0.53
L-17	Pirayimmoodu	Kavalakulam	18,000	8,856	0.49
L-18	Kavalakulam	Olathanni	18,000	9,311	0.52
L-19	Olathanni	Border	18,000	10,351	0.58
3	**പിരായുമ്മൂട്-ഉദിയൻകുളങ്ങര റോഡ്**				
L-20	Pirayimmoodu	Border	10,800	2,812	0.26
L-21	Border	Kattilvila	10,800	2,812	0.26
4	**ടൈൽ ഫാക്ടറി റോഡ്**				
L-22	CSI Jn	Border	10,800	3,267	0.30
L-23	Border	Kattilvila	10,800	3,267	0.30
5	**മാച്ച് ഫാക്ടറി റോഡ്**				
L-24	Toll Jn	Vlangamury Jn	10,800	2,663	0.25
6	**കവലകുളം-മരപ്പാലം-കുരിശ്ശടി റോഡ്**				
L-25	Kavalakulam	Neyyatinkara Bus Stand	10,800	5,663	0.52
7	**കോൺവന്റ് റോഡ്**				
L-26	Kurissadi	Alummoodu Jn	10,800	4,939	0.46
8	**നിലമേൽ-കാവുവിള-കൊന്നമൂട് റോഡ്**				
L-27	Neyyattinkara	Konnammoodu	10,800	3,821	0.35
8	**ഊരുട്ടുകാല റോഡ്**				
L-28	Munnukallinmoodu	Konnammoodu	10,800	4,069	0.38
9	**കൂട്ടപ്പന-ഓലത്താന്നി റോഡ്**				
L-29	Koottappana	Konnammoodu	14,400	5,959	0.41
L-30	Konnammoodu	Olathanni	14,400	7,418	0.52
10	**പഴയ എൻഎച്ച് റോഡ്**				
L-31	Koottappana	NH-66	10,800	2,295	0.21
11	**ടിബി ജം.-ടിഎച്ച് ജം. റോഡ്**				
L-32	TB Jn	Taluk Hospital Jn	14,400	9,022	0.63
12	**റെയിൽവേ സ്റ്റേഷൻ റോഡ്**				
L-33	NH-66	Taluk Hospital Jn	10,800	3,476	0.32
13	**പനയത്തേരി റോഡ്**				

L-34	Pathamkallu	Punnackadu	10,800	944	0.09
L-35	Punnackadu	Perumpazhuthur	10,800	2,098	0.19
14	**നെയ്യാറ്റിൻകര-കാട്ടാക്കട റോഡ്**				
L-36	Border	Perumpazhuthur	18,000	9,759	0.54
L-37	Perumpazhuthur	Thozhukkal	18,000	10,742	0.60
L-38	Thozhukkal	Railway Overbridge Jn	18,000	10,722	0.60
L-39	Railway Overbridge Jn	Taluk Hospital Jn	18,000	12,573	0.70
L-40	Taluk Hospital Jn	Alummoodu Jn	18,000	16,229	0.90
15	**നെയ്യാറ്റിൻകര-കണ്ണൻകുഴി റോഡ്**				
L-41	Krishnancoil Jn	Rameswaram Jn	14,400	5,663	0.39
L-42	Rameswaram Jn	Kannankuzhy Jn	14,400	2,656	0.18
16	**രാമേശ്വരം-തെവിയൽ ജം.- താവരവിള റോഡ്**				
L-43	Rameswaram Jn	Theviyal Jn	14,400	1,091	0.08
L-44	Theviyal Jn	Thavaravila	14,400	940	0.07
17	**നെയ്യാറ്റിൻകര-മാരായമുട്ടം റോഡ്**				
L-45	Railway Overbridge Jn	Panchikadu	14,400	5,200	0.36
L-46	Panchikadu	Thavaravila	14,400	3,711	0.26
L-47	Thavaravila	Poovankala	14,400	4,838	0.34
18	**അമരവിള-മാരായമുട്ടം റോഡ്**				
L-48	Border	Poovankala	14,400	4,112	0.29
L-49	Poovankala	Parakkottukonam	14,400	3,660	0.25
L-50	Parakkottukonam	Chaickottukonam	14,400	3,209	0.22
L-51	Chaickottukonam	Kannankuzhy Jn	14,400	4,851	0.34
L-52	Kannankuzhy Jn	Check Post Jn	14,400	5,314	0.37
19	**അമരവിള-കാരക്കോണം റോഡ്**				
L-53	Amaravila Jn	Border	14,400	5,616	0.39
20	**ചായ്ക്കോട്ടുകോണം-മഞ്ചവിളാകം റോഡ്**				
L-54	Chaickottukonam	Border	10,800	2,056	0.19
21	**പഞ്ചിക്കാട്-കൊല്ലംവിള-അരുവിപ്പുറം ക്ഷേത്രം റോഡ്**				
L-55	Panchikadu	Kollamamvila	10,800	509	0.05
L-56	Kollamamvila	Aruvippuram Temple	10,800	246	0.02
22	**പെരുമ്പഴുതൂർ-അരുവിപ്പുറം റോഡ്**				
L-57	Perumpazhuthur	Kurissadinada	14,400	2,177	0.15
L-58	Kurissadinada	Aruvippuram	14,400	2,474	0.17
L-59	Aruvippuram	Aruvippuram Temple	14,400	459	0.03
23	**കുരിശ്ശടി നട-ഭഗവതി നഗർ റോഡ്**				
L-60	Kurissadinada	Bhagavathinagar	10,800	444	0.04
24	**കീലിയോട് - മാമ്പഴക്കര റോഡ്സ്ച**				
L-61	Border	Bhagavathinagar	10,800	4,097	0.38
L-62	Bhagavathinagar	Border	10,800	4,633	0.43

പട്ടണ കേന്ദ്രത്തെ കാട്ടാക്കടയുമായി ബന്ധിപ്പിയ്ക്കുന്ന റോഡിലാണ് രണ്ടാമതായി ഏറ്റവും കൂടുതൽ ഗതാഗതത്തിരക്കനുഭവപ്പെടുന്നത് ; 12000 PCU ൽ കൂടുതൽ. പ്രദേശത്തനുഭവപ്പെടുന്ന ഗതാഗതത്തിരക്കിന്റെ 10% ഉം ഇതിലൂടെയാണ്. പട്ടണ കേന്ദ്രത്തെ പൂവാറുമായി ബന്ധിപ്പിയ്ക്കുന്ന റോഡിലും മേഖലയിലനുഭവപ്പെടുന്ന ഗതാഗതത്തിരക്കിന്റെ 10% വഹിക്കുന്നുണ്ട് ; അതായത് 8000 – 16000 PCU.

അമരവിള-മാരായമുട്ടം റോഡ്, നെയ്യാറ്റിൻകര-മാരായമുട്ടം റോഡ്, കൂട്ടപ്പന- ഓലത്താന്നി റോഡ് എന്നിവിടങ്ങളിൽ ഇടത്തരം ഗതാഗതത്തിരക്കുണ്ട്. പഠനത്തിനായി തിരഞ്ഞെടുത്ത 40% ത്തോളം റോഡുകളിൽ 5000 PCU വിൽ താഴെ വാഹനത്തിരക്കുണ്ട്.

ട്രാഫിക് സർവ്വെയുടെ അടിസ്ഥാനത്തിൽ പ്രധാന പട്ടണത്തിലെ വിവിധ തരത്തിലുള്ള വാഹനങ്ങളുടെ അനുപാതം ചിത്രം 13.5 ൽ കാണിച്ചിരിക്കുന്നു.



ചിത്രം 13.5 പട്ടണത്തിലെ വിവിധതരം വാഹനങ്ങളുടെ അനുപാതം (സ്രോതസ്സ്: NATPAC)



ചിത്രം 13.6 ഗതാഗത സാന്ദ്രതയുടെ സ്ഥലപരമായ ചിത്രീകരണം (സ്രോതസ്സ്: NATPAC)

മോട്ടോർ സൈക്കിളുകൾ ഉൾപ്പെടുന്ന ഇരുചക്ര വാഹനങ്ങളാണ് ഏറ്റവുമധികം, ഒപ്പംതന്നെ ഗതാഗതത്തിരക്കിൽ 10% ത്തോളം ചരക്കു വാഹനങ്ങൾ ഉൾപ്പെട്ട വാണിജ്യ മേഖലയിലെ വാഹനങ്ങളും, 22% പൊതുഗതാഗത സംവിധാനത്തിലെ വാഹനങ്ങളും, ശേഷിക്കുന്നവ സ്വകാര്യ വാഹനങ്ങളുമാണ്.

പ്രദേശത്തെ റോഡുകളിൽ അനുഭവപ്പെടുന്ന ഗതാഗത സാന്ദ്രതയുടെ സ്ഥലപരമായ ചിത്രീകരണം ചിത്രം 13.6 ൽ നൽകിയിട്ടുണ്ട്.

13.2.2 റോഡുകളുടെ ഉപയോഗക്ഷമത

Volume Capacity Ratio (v/c ratio) വിശകലനത്തിൽ നിന്നും റോഡുകളുടെ ഉപയോഗക്ഷമതയെക്കുറിച്ച് മനസ്സിലാക്കാം നിലവിലെ റോഡുകളുടെ എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന വിശദാംശങ്ങൾ ഇതിൽ നിന്നും ലഭ്യമാകും.

IRC (Indian Roads Congress) മാനദണ്ഡങ്ങൾ അനുസരിച്ചും ഗതാഗത സർവ്വെയിൽ നിന്നുള്ള ഗതാഗത കണക്കുകൾ പരിശോധിച്ചുമാണ്, ഓരോ റോഡുകളുടെയും വാഹകക്ഷമത കണക്കാക്കിയിരിക്കുന്നത്. Volume Capacity Ratio 50% (0.5) ത്തിൽ അധികരിക്കുന്നവ താഴെക്കാണിച്ചിട്ടുണ്ട്. (പട്ടിക 13.2)

പട്ടിക 13.2 0.5 ൽ കൂടുതൽ V/C ratio ഉള്ള റോഡുകൾ (സ്രോതസ്സ്: NATPAC)

Sl. No.	Road links		V/C ratio
തിരുവനന്തപുരം - നാഗർകോവിൽ റോഡ് (എൻഎച്ച് 66)			
L-01	Border	Vazhimukku	1.89
L-02	Vazhimukku	Aralummoodu	1.36
L-03	Aralummoodu	Pathamkallu	1.36
L-04	Pathamkallu	Koottappana	1.45
L-05	Koottappana	Munnukallinmoodu	1.51
L-06	Munnukallinmoodu	TB Jn	1.42
L-07	TB Jn	Alummoodu Jn	1.11
L-08	Alummoodu Jn	Neyyattinkara	1.99
L-09	Neyyattinkara	Toll Jn	1.20
L-10	Toll Jn	CSI Jn	0.95
L-11	CSI Jn	Check Post Jn	1.02
L-12	Check Post Jn	Amaravila Jn	1.18
L-13	Amaravila Jn	Border	0.81
നെയ്യാറ്റിൻകര-പൂവാർ റോഡ്			
L-15	Neyyattinkara	Vlangamury Jn	0.91
L-16	Vlangamury Jn	Pirayimoodu	0.53
L-17	Pirayimoodu	Kavalaakulam	0.49
L-18	Kavalaakulam	Olathanni	0.52
L-19	Olathanni	Border	0.58
കവലകുളം-മരപ്പാലം-കുരിശ്ശടി റോഡ്			
L-25	Kavalaakulam	Neyyatinkara Bus Stand	0.52
	കൂട്ടപ്പന-ഓലത്താന്നി റോഡ്		
L-30	Konnammoodu	Olathanni	0.52
	ടിബി ജം.-ടിഎച്ച് ജം. റോഡ്		
L-32	TB Jn	Taluk Hospital Jn	0.63
നെയ്യാറ്റിൻകര-കാട്ടാക്കട റോഡ്			
L-36	Border	Perumpazhuthur	0.54
L-37	Perumpazhuthur	Thozhukkal	0.6
L-38	Thozhukkal	Railway Overbridge Jn	0.6
L-39	Railway Overbridge Jn	Taluk Hospital Jn	0.7
L-40	Taluk Hospital Jn	Alummoodu Jn	0.9

നിലവിലെ റോഡിൽ ഉൾകൊള്ളാവുന്നതിലും അധികം വാഹനങ്ങൾ ഉപയോഗിക്കുമ്പോഴാണ് v/c ratio ഒന്നിൽ അധീകരിക്കുന്നത്. ഗതാഗത ആസൂത്രണത്തിൽ ഇത്തരം റോഡുകൾക്ക് പ്രഥമ പരിഗണന നല്കി, ഗതാഗതം തിരിച്ചുവിട്ടും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും, ഗതാഗത നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്.

ജില്ലാതലത്തിൽ ഉണ്ടാകുന്ന 20% വാഹന വർദ്ധനവ് തന്നെ പട്ടണ പ്രദേശത്തും ഉണ്ടാകുമെന്ന് അനുമാനിക്കുമ്പോൾ, ഗതാഗതത്തിരക്കിന് ആനുപാതികമായി റോഡുകളുടെ സ്ഥിതി മാറുന്നില്ല എന്നത്

വസ്തുതയാണ്. പട്ടണത്തിലെ തിരക്കേറിയ നിലവിലെ റോഡുകളെ പരിഗണിക്കുമ്പോൾ ഈ രംഗത്ത് അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

13.2.3 പ്രധാന കവലകളിലെ ഗതാഗതത്തിരക്ക്

കവലകളിലെ ഗതാഗതത്തിരക്കിനെ സംബന്ധിച്ച പഠനങ്ങളും അനുബന്ധ വിശകലനങ്ങളും നിലവിലെ ജംഗ്ഷനുകളുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കും. കവലകളുടെ രൂപകല്പനയിലും ഘടനയിലും മാറ്റം വരുത്താൻ ഇത് ഉപകരിക്കും.

പട്ടിക 13.3 പഠന വിധേയാക്കിയ ജംഗ്ഷനുകൾ (സ്രോതസ്സ്: NATPAC)

ക്രമ നം.	റോഡിന്റെ പേര്	യോജിക്കുന്ന സ്ഥലം
1	എൻഎച്ച് 66	അമരവിള
2		ചെക്ക് പോസ്റ്റ് ജം.
3		നെയ്യാറ്റിൻകര
4		ആലുമ്മൂട്
5		ടിബി ജം.
6		കൂട്ടപ്പന
7		വഴിമുക്ക്
8	പൂവാർ റോഡ്	ഓലത്താന്നി
9		കവലകുളം
10	കാട്ടാക്കട റോഡ്	തൊഴുക്കൽ
11		പെരുമ്പഴുതൂർ
12	അമരവിള-പെരുങ്കടവിള റോഡ്	ചായ്ക്കോട്ടുകോണം

നഗരസഭാ പ്രദേശത്തെ 12 പ്രധാനപ്പെട്ട കവലകളിലാണ് പഠനം നടത്തിയിരിക്കുന്നത്. തിരക്കേറിയ സമയത്തെ കണക്കുകളാണ് പഠന വിധേയമാക്കിയത്. ഇവയുടെ വിശദാംശങ്ങൾ പട്ടിക 13.3 ൽ കാണിച്ചിരിക്കുന്നു.

തിരക്കേറിയ സമയത്തെ ഏറ്റവും കൂടിയ ട്രാഫിക് തോത് (traffic volume) 2612, നെയ്യാറ്റിൻകര ജംഗ്ഷനിലാണ്, തുടർന്നു വരുന്ന മറ്റു ജംഗ്ഷനുകൾ എൻഎച്ച് ഭാഗത്തും, ആലുംമൂട്ടിലും, വഴിമുക്കിലുമാണ്. ശേഷിക്കുന്നവ ദേശീയ പാതയോട് അനുബന്ധിച്ചുമാണ്. 1300-1800 PCU. ദേശീയ പാതയുമായി താരതമ്യപ്പെടുത്തുമ്പോൾ മറ്റു പ്രധാന റോഡുകളിലെ കവലകളിലെ തിരക്ക് കുറവാണ്. ഗതാഗത സംവിധാനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ ദേശീയപാതക്ക് നല്കേണ്ട മുൻഗണനയിലേക്കിത് വിരൽ ചൂണ്ടുന്നു.

13.2.4 പാർക്കിംഗ്

പട്ടണത്തിന്റെ കേന്ദ്രഭാഗത്തും, അനുബന്ധവുമായ ഏഴു റോഡുകളിലെ വാഹന പാർക്കിംഗ് ആണ് പഠനവിധേയമാക്കിയിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

ടി.ബി ജംഗ്ഷനും താലൂക്ക് ആശുപത്രി ജംഗ്ഷനും ഇടയ്ക്കുള്ള ഭാഗത്താണ് ഏറ്റവും കൂടുതൽ പാർക്കിംഗ്. ആശുപത്രിയുടെയും മറ്റു ഗവൺമെന്റ് സംവിധാനങ്ങളുടെയും സാന്നിദ്ധ്യമാകാം, ഈ ഭാഗത്തെ പാർക്കിംഗ് ലോഡ് അധികരിക്കാൻ കാരണം. ആറാലുംമൂടിനും ടി.ബി ജംഗ്ഷനുമിടയിലെ സ്ഥലത്തെ പാർക്കിംഗിന് കാരണം പ്രധാന റോഡിനരികിലെ പ്രാദേശിക ചന്തയുടെ സാമീപ്യമാണ്. പട്ടണ കേന്ദ്രത്തോട് അനുബന്ധിച്ച പ്രദേശത്തെ പാർക്കിംഗ് സൗകര്യങ്ങൾ നവീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് നിലവിലെ സാഹചര്യങ്ങൾ വിരൽ ചൂണ്ടുന്നത്.

വളരെ കുറച്ചു സമയത്തേയ്ക്ക് മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യുന്ന രീതിയാണ് കാണപ്പെട്ടത്. ഏകദേശം മുപ്പതു മിനിട്ട് നേരത്തേയ്ക്കാണ് ഭൂരിഭാഗം വാഹനങ്ങളും നിശ്ചിത സ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്നത്. ഏറെ നേരത്തെയ്ക്കുള്ള പാർക്കിംഗ് താരതമ്യേന കുറവാണ്. വാണിജ്യ ആവശ്യങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പാർക്കിംഗ് ആവശ്യ ങ്ങളിലേയ്ക്ക് ഈ വിവരങ്ങൾ വിരൽ ചൂണ്ടുന്നു.

13.2.5 കാൽനടയാത്രക്കാരുടെ എണ്ണം

ഏറ്റവും കൂടുതൽ ആൾക്കാർ റോഡുമുറിച്ച് കടക്കുന്നിടങ്ങളിലാണ് കാൽനടയാത്രക്കാരുടെ എണ്ണം കണക്കാക്കുന്നതിനുള്ള പഠനം നടത്തിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് പരിസരത്തും, ആശുപത്രി പരിസരത്തും, ആലുംമൂട് ജംഗ്ഷൻ (വാണിജ്യമേഖല) പരിസരത്തുമാണ് ഏറ്റവും കൂടുതൽ കാൽനടയാത്രക്കാരെ കാണുന്നത്.

യാത്ര സുഗമമാക്കുന്ന തരത്തിൽ യാതൊരു നവീന അടിസ്ഥാന സൗകര്യങ്ങളും ഈ പ്രദേശങ്ങളിലില്ല. കാൽനടയാത്രക്കാരുടെ എണ്ണം ഈ പ്രദേശത്തെ തിരക്കിനെ സ്വാധീനിക്കുന്നുണ്ട്.

13.3 യാത്രാ സ്വഭാവത്തിന്റെ നിലവിലെ സ്ഥിതി

ട്രാഫിക് തോതിന്റെ പഠനങ്ങളിൽ നിന്നും ഒരു നിശ്ചിത സമയത്ത് ഒരു നിശ്ചിത പ്രദേശത്തുകൂടി കടന്നു പോകുന്ന വാഹനങ്ങളെക്കുറിച്ചറിയാം, എന്നാൽ ഇതിൽ നിന്നും യാത്രക്കാരുടെ യാത്രാ സ്വഭാവത്തെക്കുറിച്ചറിയാൻ സാധിക്കില്ല. പ്രത്യേക മേഖലകളിലേയ്ക്കുള്ള യാത്രയുടെ രീതികളും ഉദ്ദേശ്യവും മനസ്സിലാക്കുക എന്നത് ആസൂത്രണ പ്രക്രിയയിൽ പ്രാധാന്യമർഹിക്കുന്നു.

ഒറിജിൻ-ഡെസ്റ്റിനേഷൻ സർവെയിൽ (O-D Survey) നിന്നുള്ള ഈ വിവരങ്ങൾ യാത്രാ സ്വഭാവത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കും. ചിത്രം 13.7 ൽ ആയത് കാണിച്ചിരിക്കുന്നു.



ചിത്രം 13.7 O-D സർവ്വെ വിവരങ്ങൾ (സ്രോതസ്സ്: NATPAC)



ചിത്രം 13.8 O-D സർവ്വെക്കുള്ള വിവിധ സോണുകൾ (സ്രോതസ്സ്: NATPAC)



ചിത്രം 13.9 മോഡൽ സ്പ്ലിറ്റ് (സ്രോതസ്സ്: NATPAC)

യാത്രാ സ്വഭാവത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിയ്ക്കുന്നതിനായി മേഖലയെ പല സോണുകളായി തിരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചിത്രം 13.8 ൽ കാണിച്ചിരിക്കുന്നു. യാത്ര തുടങ്ങുന്നിടത്തെയും എത്തിച്ചേരുന്നിടത്തെയും വിവരങ്ങളുടെ വിശകലനത്തിൽ നിന്നും മേഖലയിലെ യാത്രാരീതികളെക്കുറിച്ചുള്ള പ്രാധാന്യമേറിയ വിവരങ്ങൾ മനസ്സിലാക്കാം. മേഖലയിൽ 5000 ൽ കൂടുതൽ പാസഞ്ചർ ട്രിപ്പുകളുണ്ട്.

മേൽ പഠനത്തിൽ നിന്നും നഗരസഭയിലെ നിശ്ചിത സോണുകളിലേയ്ക്ക് മൊത്തം 253197 ആഭ്യന്തര സഞ്ചാരികൾ ഉള്ളതായി കാണാം. ഇത്തരം യാത്രകളിൽ ഭൂരിഭാഗവും തിരുവനന്തപുരം സിറ്റി-പട്ടണത്തിന്റെ കേന്ദ്രഭാഗം-പാറശ്ശാല-കന്യാകുമാരി എന്നീ സോണുകൾ കേന്ദ്രീകരിച്ചാണെന്നു കാണാം. സുഗമമായ ഗതാഗതത്തിന് ഈ മേഖലയിൽ സജീവ ശ്രദ്ധ ചെലുത്തേണ്ടതുലേക്കാണിത് വിരൽ ചൂണ്ടുന്നത്. സഞ്ചാരത്തിന്റെ രീതികളുടെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയ്ക്കുള്ളിലെ

മൊത്തം യാത്രകളുടെ എണ്ണമായ 68,000 ൽ ഭൂരിഭാഗവും പട്ടണ കേന്ദ്രവുമായി ബന്ധപ്പെട്ടാണെന്ന് കാണാം (50,000 യാത്രകൾ).



ചിത്രം 13.10 യാത്രാ വിവരങ്ങൾ (സ്രോതസ്സ്: NATPAC)

ആഭ്യന്തര സഞ്ചാരത്തിന്റെ കണക്കെടുക്കുമ്പോൾ, മൊത്തം 163000 യാത്രകളിൽ 108000 ഉം തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം-നെയ്യാറ്റിൻകര ഭാഗങ്ങൾ, നെയ്യാറ്റിൻകര-പാറശ്ശാല ഭാഗങ്ങൾ എന്നീ സോണുകളിൽ നിന്നുമാണ് ആരംഭിയ്ക്കുന്നതെന്ന് കാണാം.

യാത്രയുടെ ഉദ്ദേശ്യം പരിഗണിച്ചുള്ള സഞ്ചാരത്തിന്റെ രീതികളിൽ നിന്നും ഭൂരിഭാഗം യാത്രകളും പട്ടണത്തിന്റെ കേന്ദ്രഭാഗത്തേയ്ക്ക് ആകർഷിയ്ക്കപ്പെടുന്നതായി കാണാം (86000 ൽ 68000 യാത്രകൾ). പ്രാദേശികതലത്തിൽ വീക്ഷിക്കുമ്പോൾ യാത്രയുടെ ഉദ്ഭവസ്ഥാന വിശകലനത്തോട് സമാനമായതാണിത്.

മേഖലയിലൊട്ടാകെയുള്ള സഞ്ചാരരീതികളെ പരിഗണിക്കുമ്പോൾ ഭൂരിഭാഗം യാത്രകളും നഗരസഭാ പരിധിക്ക് പുറത്ത് നിന്നു തുടങ്ങി പുറത്തു തന്നെ (39%) അവസാനിക്കുന്നവയാണ്; പുറത്തു നിന്നും ഉൾപ്രദേശങ്ങളിലേയ്ക്കുള്ള യാത്രകൾ (നഗരസഭാ പരിധിയ്ക്കുള്ളിൽ) ആകെ യാത്രകൾ 34% വരും.

നഗരസഭയ്ക്കുള്ളിൽ നിന്നും പുറത്തേക്കുള്ള യാത്രകൾ ആകെ യാത്രകളുടെ 27% വരുന്നു. യാത്ര തുടങ്ങുന്നിടത്തേയും എത്തിച്ചേരേണ്ട ഇടത്തേയും ബന്ധപ്പെടുത്തിയുള്ള പഠനത്തിൽ നിന്നും ഉരിത്തിരിഞ്ഞ വിവരങ്ങളായ യാത്രയിലെ വാഹനങ്ങൾ, യാത്രയുടെ ഉദ്ദേശ്യം, യാത്രക്കാരുടെ തൊഴിൽ മേഖലകൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ചിത്രങ്ങളിൽ കാണിച്ചിട്ടുണ്ട്. (ചിത്രം 13.9, ചിത്രം 13.10)

യാത്രയിൽ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നത് പൊതുഗതാഗതത്തെയാണ്. ഗതാഗതത്തിന്റെ 30% വരുന്നത് സ്വകാര്യ വാഹനങ്ങളാണ്.

ജോലിക്കായും, സാമൂഹ്യ ആവശ്യങ്ങൾക്കായുമാണ് 60% ത്തോളം യാത്രയുടെയും ഉദ്ദേശം. മാനസികോല്ലാസത്തിനായാണ് 20% യാത്രകൾ നടത്തുന്നത്. ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾക്കായാണ് 11% യാത്രകളും.

ആഭ്യന്തര സഞ്ചാരികളുടെ തൊഴിൽഘടന പരിഗണിക്കുമ്പോൾ, ഭൂരിഭാഗവും തൊഴിൽ ആവശ്യങ്ങൾക്കായാണ് യാത്ര ചെയ്യുന്നത്. 25% താമസക്കാരും കച്ചവട ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നു. സ്വകാര്യ-പൊതുമേഖലയിലെ തൊഴിലാളികളാണ് 35% യാത്രക്കാർ.

തൊഴിലുമായി ബന്ധപ്പെട്ട് യാത്ര ചെയ്യുന്നവരുടെ എണ്ണത്തിലെ വർദ്ധനവാണിത് വെളിവാക്കുന്നത്. ഇതിൽ നിന്നും ഭൂരിഭാഗം തൊഴിൽ മേഖലകളും നഗരസഭാ പരിധിയിൽ നിന്നും അകന്നാണ് സ്ഥിതി ചെയ്യുന്നതെന്ന് മനസ്സിലാക്കാം.

13.4 ചരക്ക് ഗതാഗതം – നിലവിലെ സ്ഥിതി

താലൂക്ക് ആസ്ഥാനമെന്ന നിലയിൽ, അടുത്തുള്ള പഞ്ചായത്തുകൾക്കും പ്രയോജനപ്രദമായ വാണിജ്യ കേന്ദ്രമായാണ് നെയ്യാറ്റിൻകര നഗരസഭ നിലകൊള്ളുന്നത്. ചരക്കു വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിലാണ്, പട്ടണത്തിലെ കച്ചവടവുമായി ബന്ധപ്പെട്ട ഗതാഗതത്തെക്കുറിച്ച് വിശദീകരിക്കുന്നത്.

പട്ടണത്തിനുള്ളിലും, പട്ടണത്തിന് പുറമെ നിന്നും മൊത്തം 5571 ചരക്കു വാഹനങ്ങൾ സേവനം നടത്തുന്നുണ്ട്. ഇതുവഴി 20358 ടൺ സാധനങ്ങൾ കൈകാര്യം ചെയ്യുന്നു. ഭൂരിഭാഗം ചരക്കു ഗതാഗതത്തിനും ലോറികളും, മിനി ലോറികളും ഉപയോഗപ്പെടുത്തുന്നു.

പട്ടിക 13.4 ചരക്കു ഗതാഗതം – വിവരങ്ങൾ (സ്രോതസ്സ്: NATPAC)

ട്രാഫിക് ജനറേഷൻ			ട്രാഫിക് അട്രാക്ഷൻ		
ഗതാഗത മേഖല	MT of goods transported	Percentage share of traffic	**ഗതാഗത മേഖല**	MT of goods transported	Percentage share of traffic
മറ്റു സംസ്ഥാനം	8400	48.01	തിരുവനന്തപുരം	12800	63.78
തിരുവനന്തപുരം	6498	37.14	മറ്റു സംസ്ഥാനം	4700	23.42
മറ്റു ജില്ല	1309	7.48	സിബിഡി	1923	9.58
സിബിഡി	1291	7.38	മറ്റു ജില്ല	645	3.21

പഠനങ്ങളിൽ നിന്ന് വെളിവാകുന്നത് പട്ടണത്തിന്റെ കേന്ദ്രഭാഗമാണ് ചരക്കു ഗതാഗതത്തിന്റെ പ്രധാന ആകർഷണ കേന്ദ്രമെന്നതാണ്. പ്രാദേശിക ഗതാഗതവുമായി താരതമ്യപ്പെടുത്തുമ്പോൾ തൊട്ടടുത്ത നഗരകേന്ദ്രത്തെയും, അയൽ സംസ്ഥാനത്തെയും അപേക്ഷിച്ച് പട്ടണത്തിലെ ചരക്കു ഗതാഗത സാദ്ധ്യതകൾ കുറവാണെന്നു കാണാം.

ചരക്ക് ഗതാഗതത്തിൽ പ്രദേശത്തിന് തനതായ സ്വാധീനമില്ലെങ്കിലും, ചരക്ക് ഗതാഗതത്തിന് സുഗമമായി കടന്നു പോകാൻ പാകത്തിലുള്ള സംവിധാനങ്ങൾ നഗരസഭാ പ്രദേശത്തുണ്ട്. മേഖലയിലൂടെയുള്ള ചരക്കുഗതാഗതത്തിന്റെ 21% മാത്രമേ പട്ടണവുമായി ബന്ധപ്പെട്ടു വരുന്നുള്ളൂ. റോഡു സംവിധാനങ്ങളെ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ചരക്കു ഗതാഗതം മൂലമുള്ള ഗതാഗത സ്തംഭനം ഒരളവുവരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

മേഖലയിലൂടെയുള്ള ചരക്കു ഗതാഗതത്തിന്റെ 61% ഉം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഉല്പന്നങ്ങളും, 26% ദൈനംദിന ഉപഭോഗ ഉല്പന്നങ്ങളുമാണ്. ഒരു ചെറിയ വിഭാഗം ഉപഭോഗ ഇതര ഉല്പന്നങ്ങളും ചരക്കു ഗതാഗതത്തിലൂടെ കൈകാര്യം ചെയ്യുന്നുണ്ട്.

13.5 ഭാവിയിലെ സാദ്ധ്യതകൾ

ഭാവിയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഗതാഗത വർദ്ധനവും, ഇതിനെ വഹിക്കാനുള്ള റോഡുകളുടെ ക്ഷമതയും കണക്കിലെടുത്താണ് ഭാവിയെ മുന്നിൽക്കണ്ടുകൊണ്ടുള്ള സാധ്യതകൾ വിലയിരുത്തപ്പെടുന്നത്.

ഗതാഗത സംവിധാനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഗതാഗത ആസൂത്രണത്തിൽ ഉൾപ്പെടുന്നത്. ഒപ്പം തന്നെ സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക ഘടകങ്ങളും ഗതാഗതവുമായി ബന്ധപ്പെട്ട പദ്ധതികളിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. പ്രദേശത്തും സംസ്ഥാനത്തൊട്ടാകെയുമായുണ്ടാകുന്ന ഗതാഗതവർദ്ധനവും, സാമൂഹ്യ-സാമ്പത്തിക ഘടകങ്ങളുടെ സ്വാധീനവും പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന ഗതാഗത വർദ്ധനവുണ്ടാകുമെന്ന് വിവക്ഷിയ്ക്കാം. (പട്ടിക 13.5). നിലവിലെ റോഡുകളിൽ ഭാവിയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള തിരക്കിനെ പരിഗണിച്ചും, വാഹനത്തിരക്കും-റോഡുകളുടെ ക്ഷമതയും വിശകലനം ചെയ്തും, ഗാതഗത മേഖലയെ വീക്ഷിക്കുമ്പോൾ, ഭാവിയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഗതാഗതത്തിരക്കിനെ വഹിക്കാനുള്ള ശേഷി പ്രധാന റോഡുകൾക്കില്ല എന്നു കാണാം.

പട്ടിക 13.5 ഭാവിയിലെ ഗതാഗത വളർച്ചാ നിരക്ക് (സ്രോതസ്സ്: NATPAC)

റോഡുകളുടെ ശ്രേണി	ഗതാഗത വളർച്ചാ നിരക്ക് (%)	
	2020 വരെ	2020 ന് ശേഷം
ആർട്ടേരിയൽ റോഡ്	5	4
സബ്-ആർട്ടേരിയൽ റോഡ്	4	3
കളക്ടർ റോഡ്	3	2

ഭാവിയിലെ ഗതാഗത സാദ്ധ്യതകളുടെ വിശകലനത്തിൽ നിന്നും മേഖലയിലൊട്ടാകെ സുസ്ഥിരമായ ഗതാഗത ആസൂത്രണ സംവിധാനങ്ങളുടെ ആവശ്യകത വർദ്ധിയ്ക്കുകയാണ്.

13.6 മേഖലയിലെ പോരായ്മകൾ

പ്രാദേശിക സർവ്വെയുടെയും, ഗതാഗത പഠനങ്ങളുടെയും വിശകലനങ്ങളിലൂടെയുമാണ് പട്ടണത്തിലെ ഗതാഗത സംബന്ധിയായ പ്രശ്നങ്ങളെക്കുറിച്ച് വിലയിരുത്തിയിരിക്കുന്നത്.

പ്രാധാന്യമർഹിക്കുന്ന രണ്ട് പ്രധാന റോഡ് ശൃംഖലകൾ നെയ്യാറ്റിൻകര നഗരസഭയിലുണ്ട്. ദേശീയ പ്രാധാന്യത്തോടെ പട്ടണത്തിന് കിഴക്ക്-പടിഞ്ഞാറ് ദിശയിൽ എൻഎച്ച് 66 കടന്നു പോകുന്നു. തിരുവനന്തപുരം നഗരവുമായും, സംസ്ഥാനത്തെ മറ്റു ജില്ലകളുമായും അയൽ സംസ്ഥാനമായ തമിഴ്നാടുമായും ബന്ധപ്പെടാൻ ഈ റോഡ് സഹായകരമാണ്. കാലാനുസൃതമായ നവീകരണമില്ലായ്കയാലും, കൃത്യമായ ആസൂത്രണത്തിന്റെ അഭാവത്താലും ഈ റോഡിനോടു ചേർന്നുള്ള നിർമ്മാണ വികസന പ്രവർത്തനങ്ങൾ ക്രമാതീതമായി വർദ്ധിയ്ക്കുകയാണ്. നഗരസഭാ പരിധിയിലുടനീളം എൻഎച്ച് ന് നിയതമായ വീതിയില്ല. എൻഎച്ച് ലെ തിരക്ക് കുറയ്ക്കാൻ പാകത്തിൽ സഹായകമായ മറ്റു റോഡുകൾ ഇല്ലാത്തത് പോരായ്മയാണ്. മേഖലയ്ക്കുള്ളിലെ യാത്രക്കാരുടെയും, സംസ്ഥാനത്തിന് പുറത്തേയ്ക്കുള്ള യാത്രക്കാരുടെയും തിരക്കുമൂലം എൻഎച്ച് ൽ പലയിടുത്തും ഗതാഗത സ്തംഭനം അനുഭവപ്പെടുന്നുണ്ട്.

ദേശീയപാതയോളം പ്രാധാന്യമർഹിയ്ക്കുന്നതല്ല പൂവാർ-നെയ്യാറ്റിൻകര-കാട്ടാക്കട റോഡ് എന്നിരിക്കിലും പ്രധാന പ്രാദേശിക റോഡാണിത്. ഈ രണ്ടു റോഡുകളും കൂടിച്ചേരുന്നത് നെയ്യാറ്റിൻകര പട്ടണത്തിന്റെ ഹൃദയഭാഗത്താണ് എന്നത് ഗതാഗതത്തിരക്ക് വർദ്ധിപ്പിയ്ക്കാൻ മറ്റൊരു കാരണമാണ്.

പ്രദേശത്തെ ഗതാഗത ആസൂത്രണത്തിലെ പ്രശ്നങ്ങളെ വിശകലനം ചെയ്യുമ്പോൾ, പട്ടണ കേന്ദ്രവുമായി ബന്ധപ്പെട്ടു വളരുന്ന വൻതോതിലുള്ള വാണിജ്യ, സാമൂഹിക പ്രവർത്തനങ്ങളെയും പരിഗണിയ്ക്കേണ്ടതുണ്ട്.

പ്രധാന റോഡുകളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിയ്ക്കുമ്പോഴും, ഗതാഗത സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിനായി റോഡുകൾ കൂടിച്ചേരുന്ന കവലകളുടെ പരിഷ്ക്കരണത്തിലും, ബസ്ബേകളും, നടപ്പാതകളും, പാർക്കിംഗ് സൗകര്യങ്ങളും, കാൽനടയാത്രക്കാർക്ക് സുരക്ഷിതമായ റോഡ് മുറിച്ചു കടക്കാൻ പാകത്തിലുള്ള സൗകര്യങ്ങളും ഒരുക്കേണ്ടതിലും ശ്രദ്ധിക്കേണ്ടതുണ്ട്. ഒപ്പം തന്നെ സുഗമമായ ഗതാഗതത്തിന് ലിങ്ക് റോഡുകളുടെ ആവശ്യകതയുമുണ്ട്.

മേഖലയിലൂടെ റെയിൽ ഗതാഗതമുണ്ടെങ്കിലും, കൂടുതലായി റോഡുകളെ ആശ്രയിക്കുന്നതും ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിയ്ക്കുന്നുണ്ട്. യാത്രാ സവിശേഷതകളുടെ പഠന ഫലത്തിൽ നിന്നും പ്രദേശത്തെ തൊഴിലും പാർപ്പിടവുമായി ബന്ധപ്പെട്ട വിവരങ്ങളെക്കുറിച്ച് ഉൾക്കാഴ്ച ലഭിയ്ക്കുന്നു. തൊഴിവുമായി ബന്ധപ്പെട്ട യാത്രകൾ ഗതാഗതത്തിരക്കിനെ സ്വാധീനിക്കുന്നുണ്ട്. ബസ്സുകളും, മിനി ബസ്സും ഉൾപ്പെട്ട പൊതുഗതാഗത സംവിധാനത്തെ പ്രധാനമായും ആശ്രയിച്ചുള്ള ഗതാഗത സംവിധാനം ഭാവിയിൽ മെച്ചപ്പെട്ട പൊതുമേഖലാ ഗതാഗത സംവിധാനം ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

13.7 സാദ്ധ്യതകൾ

നഗരസഭാ പ്രദേശത്തുടനീളം സഞ്ചരിക്കുവാൻ പാകത്തിൽ ആഭ്യന്തര റോഡ് ശൃംഖല നിലവിലുണ്ട്. ഒപ്പം തന്നെ സമീപ മേഖലകളിലേയ്ക്ക് സഞ്ചരിക്കാൻ പാകത്തിൽ പ്രാധാന്യമർഹിയ്ക്കുന്ന റോഡ് ശൃംഖലയും പ്രദേശത്തുണ്ട്. ഇതൊക്കെതന്നെ ഭാവിയെ മുന്നിൽ കണ്ടുള്ള ഗതാഗത നവീകരണ പ്രവർത്തനങ്ങൾക്ക് ശുഭസൂചന നല്കുന്നു.

പ്രധാന റോഡുകളിൽ ചില ഭാഗത്ത് നിലവിലെ വാഹക ശേഷിയിലും കവിഞ്ഞ അളവിലാണ് വാഹനങ്ങൾ കടന്നു പോകുന്നത്. നിലവിലെ ഭൂരിഭാഗം റോഡുകളും തിരക്കേറിയ ഗതാഗതത്തെ വഹിക്കാൻ ശേഷിയുള്ളവയല്ല.

പ്രധാന റോഡുകളിലൂടെ പലതലത്തിലെ ഗതാഗത സംവിധാനങ്ങളെ ഒരുമിച്ച് കൈകാര്യം ചെയ്യുന്നതും ഗതാഗത തിരക്കിന് കാരണമാകുന്നു. പ്രധാന റോഡുകൾക്ക് സമാന്തരമായി ഗതാഗത ശൃംഖലകൾ വികസിപ്പിയ്ക്കുന്നത് പട്ടണത്തിലെ ഗതാഗതം സുഗമമാകാൻ സഹായകമാവും.

കാൽനടയാത്രക്കാരുടെയും, വാഹനങ്ങളുടെയും സുരക്ഷയ്ക്കായി നിലവിലെ സംവിധാനത്തിൽ നവീകരണം വരുത്തേണ്ടതുണ്ട്. ഒപ്പം തന്നെ സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ട് പൊതുഗതാഗത സംവിധാനത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഭാവിയെ മുന്നിൽ കണ്ട് തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് വരുന്ന പദ്ധതികളെ ഈ അർത്ഥത്തിൽ ഏകോപിപ്പിയ്ക്കേണ്ടതുണ്ട്. ഒപ്പം തന്നെ മേഖലാതലത്തിലുള്ള ഗതാഗതത്തിരക്കിന് അയവു വരുത്താൻ കോവളം-കളിയിക്കാവിള എൻഎച്ച് ബൈപ്പാസ്, outer ring road എന്നിവയ്ക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കാം. നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടും പട്ടണത്തിലുള്ള റോഡുകൾക്ക് വികസന സാധ്യതയുണ്ട്.

റോഡ് ഗതാഗത മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉൾപ്പെടുത്തുമ്പോൾ തന്നെ നിലവിലെ റെയിൽ സംവിധാനത്തെ ഫലപ്രദമായി വിനിയോഗിക്കുന്നതും നഗരസഭ അഭിമുഖീകരിക്കുന്ന ഗതാഗത പ്രശ്നം ലഘൂകരിക്കാൻ സഹായിക്കും.

13.8 സംഗ്രഹം

തിരുവനന്തപുരം നഗരത്തിൽ നിന്നും 21 കീ.മി അകലെയാണ് നെയ്യാറ്റിൻകര നഗരസഭ സ്ഥിതി ചെയ്യുന്നത് എന്നത് മേഖലയ്ക്ക് ഗതാഗത ശൃംഖലയിലുള്ള പ്രാധാന്യം വെളിവാക്കുന്നു. തിരുവനന്തപുരം നഗരത്തിനും അയൽ സംസ്ഥാനമായ തമിഴ്നാടിനും ഇടയ്ക്കുള്ള അർത്ഥ-ഗ്രാമീണ സ്വഭാവ പ്രകടിപ്പിയ്ക്കുന്ന പട്ടണമാണിത്. നെയ്യാറ്റിൻകര താലൂക്കിന്റെ ആസ്ഥാനവുമാണിത്. ഒപ്പം തന്നെ തിരുവനന്തപുരം ജില്ലയുടെ കിഴക്കൻ ഭാഗത്തായുള്ള ജനങ്ങളുടെ വാണിജ്യ, സാംസ്ക്കാരിക ഭരണ ആവശ്യങ്ങൾ നിറവേറ്റപ്പെടത്തക്ക രീതിയിൽ നിലകൊള്ളുകയും ചെയ്യുന്നു.

ഗതാഗത രംഗത്ത് പട്ടണത്തിന് പ്രാമുഖ്യം കൈവരാൻ കാരണം എൻഎച്ച് 66 ന്റെയും ആഭ്യന്തര സഞ്ചാരത്തിനായുള്ള കാട്ടാക്കടയെയും പൂവാറിനെയും ബന്ധിപ്പിച്ച റോഡുകളുമാണ്.

ഗതാഗത സംവിധാനങ്ങളുടെ വിശകലനത്തിൽ നിന്നും പട്ടണത്തിലെ നിലവിലെ ഗതാഗതത്തിന്റെ പോരായ്മകളെക്കുറിച്ച് മനസ്സിലാക്കാം. വിശദമായ വിശകലനത്തിൽ നിന്നും ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ പാകത്തിൽ വിവരങ്ങൾ ലഭ്യമാണ്. ഒപ്പം തന്നെ ആയത് മേഖലയുടെ ഭാവി വികസനത്തിന് മുതൽക്കൂട്ടാവുകയും ചെയ്യുന്നു.

പ്രശ്നങ്ങളുടെ വിശകലനത്തിൽ നിന്നും പട്ടണത്തിലെ നിലവിലെ സാദ്ധ്യതകൾ പരിഗണിച്ചും മേഖലയ്ക്ക് അനുഗുണമായതും കാലാതിവർത്തിയുമായ പദ്ധതികൾ ആവിഷ്ക്കരിക്കാനാകും.

14. ജലവിതരണം

ഏതൊരു മേഖലയിലെയും ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ജലവിതരണ സംവിധാനം. പ്രദേശവാസികളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിൽ തടസ്സമില്ലാതെ യഥേഷ്ടം ശുദ്ധജലം ലഭ്യമാക്കുക എന്നത് ഏതൊരു ജലവിതരണ സംവിധാനത്തിന്റെയും പ്രഖ്യാപിത ലക്ഷ്യമാണ്.

പട്ടണത്തിൽ കൂടി ഒഴുകുന്ന പ്രധാന നദിയായ നെയ്യാറുമായി ബന്ധപ്പെട്ടു കിടക്കുന്ന സ്ഥലമായതിനാലാണ് നെയ്യാറ്റിൻകര എന്ന പേരു തന്നെ പ്രദേശത്തിനു ലഭിച്ചത്. ഈ അദ്ധ്യായത്തിൽ നെയ്യാറ്റിൻകര പട്ടണത്തിലെ ജലവിതരണ സംവിധാനത്തിന്റെ പോരായ്മകളെയും സാദ്ധ്യതകളെയും കുറിച്ച് വിശദീകരിക്കുന്നു.

14.1 ജല സ്രോതസ്സുകൾ

നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. നഗരസഭയുടെ 75% പ്രദേശത്തും കേരള വാട്ടർ അതോറിറ്റി (KWA) മുഖാന്തിരം ജലവിതരണം നടത്തുന്നുണ്ട്. 2010 ലെ സാമൂഹ്യ-സാമ്പത്തിക സർവ്വെ പ്രകാരം 67% ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറിനെയാണ്. 30% പേർ കേരള വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള ജലവിതരണത്തെ ആശ്രയിക്കുന്നു.

അഗസ്ത്യാർകൂട മലനിരകളിൽ നിന്നുത്ഭവിക്കുന്ന നെയ്യാറാണ് മറ്റൊരു പ്രധാന ജലസ്രോതസ്സ്. നെയ്യാറിന്റെ സാന്നിദ്ധ്യത്താൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കുടിവെള്ള ലഭ്യതയുടെ കാര്യത്തിൽ പട്ടണം സ്വയംപര്യാപ്തമാണ്. ജനസംഖ്യാ വർദ്ധനവും, കാലാവസ്ഥാ വ്യതിയാനവും, പ്രകൃതി ചൂഷണവുമൊക്കെ നെയ്യാറിലെ കുടിവെള്ള ലഭ്യതയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉയർന്ന പ്രദേശത്ത് താമസിയ്ക്കുന്നവർക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

നെയ്യാറിനെ കൂടാതെ നിരവധി തോടുകളും കനാലുകളും, കുളങ്ങളും പട്ടണത്തിലുണ്ട്. നെയ്യാറ്റിൻകര ഇറിഗേഷൻ കനാലും, കൂട്ടപ്പന തോടും പ്രധാന ജലവാഹിനികളാണ്.



ചാർട്ട് 14.1 കുടിവെള്ള സ്രോതസ്സുകൾ (സ്രോതസ്സ്: സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

ചാർട്ട് 14.1 ൽ നിന്നും പ്രധാന കുടിവെള്ള സ്രോതസ്സുകൾ കിണറും, KWA യിൽ നിന്നുമുള്ള ജലവുമാണെന്ന് മനസ്സിലാക്കാം. മേഖലയിലെ നേരിയ വിഭാഗം മാത്രമേ മറ്റു സ്രോതസ്സുകളെ ആശ്രയിക്കുന്നതായി കാണുന്നുള്ളൂ.

ചിത്രം 14.1 ൽ നിന്നും പട്ടണ പ്രദേശം പ്രകൃത്യാലുള്ള ജലസ്രോതസ്സുകളാൽ സമ്പന്നമാണെന്ന് മനസ്സിലാക്കാം. ജലത്തിന്റെ ഇത്തരം ഉറവിടങ്ങൾ അവയുടെ തരത്തിലും, ഗുണനിലവാരത്തിലും, ജലലഭ്യതയുടെ സാദ്ധ്യതയിലും വിഭിന്നമാണെങ്കിലും ഭാവിയിലെ ജല ദൗർലഭ്യം പരിഹരിക്കാൻ പര്യാപ്തമാണ്.



ചിത്രം 14.1 പ്രകൃത്യാലുള്ള ജലസ്രോതസ്സുകളുടെ വിന്യാസം

14.2 കുടിവെള്ള വിതരണ ശൃംഖല

1971 കളുടെ തുടക്കം മുതൽ പട്ടണത്തിന് ഒരു കുടിവെള്ള വിതരണ പദ്ധതിയുണ്ടായിരുന്നു. പ്രാരംഭഘട്ടത്തിൽ എൽ.ഐ.സി യുടെ സാമ്പത്തിക സഹകരണത്താൽ തുടങ്ങിയ ജലവിതരണ സംവിധാനമാണ് നിലവിൽ ഉപയോഗിക്കുന്നത്. ആയത് നിലവിൽ കെ.ഡബ്ലു.എ കൈകാര്യം ചെയ്യുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ വിതരണ സംവിധാനത്തിന്റെ ഉറവിടം, ശേഖരണം, ശുദ്ധീകരണം, ഗുണനിലവാരം, സംഭരണം, വിതരണം, വിതരണ നഷ്ടം എന്നിവയെ കുറിച്ച് വിശദീകരിക്കുന്നു.

14.2.1 ഉറവിടം

പട്ടിക 14.1 ൽ കുടിവെള്ള വിതരണ സംവിധാനത്തിന്റെ ഉറവിടത്തെ പ്രതിപാദിക്കുന്നു.

പട്ടിക 14.1 കുടിവെള്ള വിതരണ സംവിധാന ഉറവിടം (സ്രോതസ്സ്: KWA)

ക്രമ നം.	ജല സ്രോതസ്സ്	സ്ഥാനം	സ്രോതസ്സിനനുസരിച്ച് ജലത്തിന്റെ ശുദ്ധത (ക്ലോറിനേഷനുശേഷമുള്ള ജലം-1.ഇരുമ്പ്, ഉപ്പ് എന്നിവയുള്ള ജലം 2- കാഠിന്യം, 3-ട്രീറ്റ് ചെയ്ത ജലം)	സ്രോതസ്സിൽ നിന്നും ലഭ്യമായത്
1	നെയ്യാർ നദി	ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിനു സമിപം	1	4.6 (ട്രീറ്റ്മെന്റ് പ്ലാന്റ്)
2	നെയ്യാർ നദി	അരുവിപ്പുറം ക്ഷേത്രം	1	2.00
3	നെയ്യാർ നദി	അരുവിപ്പുറം ക്ഷേത്രം	1	0.85

14.2.2 ശേഖരണം

നെയ്യാറ്റിൻകര ജലവിതരണ പദ്ധതിയുടെ ഭാഗമായ, കൃഷ്ണൻ കോവിലിനടുത്തുള്ള പമ്പ് ഹൗസിൽ നിന്നാണ് ജലം ശേഖരിക്കുന്നത്. അരുവിപ്പുറം ക്ഷേത്രത്തിനടുത്തെ പമ്പ് സ്റ്റേഷനിൽ നിന്നും ജലം ശേഖരിക്കുന്നു.

14.2.3 ശുദ്ധീകരണം

ജലത്തെ 100 എച്ച്.പി മോട്ടോർ ഉപയോഗിച്ച് 4.6 എംഎൽഡി കപ്പാസിറ്റിയുള്ള (പട്ടിക 14.2) ശുദ്ധീകരണ പ്ലാന്റിലേക്ക് പമ്പ് ചെയ്യുന്നു. അതിൽ ആലവും ലൈമും കലർത്തുന്നു. ഈ വെള്ളത്തെ ഫിൽറ്ററിംഗും, ക്ലോറിനേഷനും നടത്തിയ ശേഷം സംഭരണ ടാങ്കിലേക്ക് മാറ്റുന്നു. ശുദ്ധീകരണ പ്രക്രിയയിലെ പ്രധാന ഘട്ടങ്ങൾ pre chlorination, pH adjustment with lime, Coagulation with aluminium sulphate, Flocculation, Clarification, Rapid gravity filters and post chlorination എന്നിവയാണ്.

പട്ടിക 14.2 ട്രീറ്റ്മെന്റ് പ്ലാന്റ് വിശദാംശങ്ങൾ (സ്രോതസ്സ്: KWA)

ക്രമ നം.	ജലസ്രോതസ്സ്	സ്ഥാനം	പ്ലാന്റിന്റെ കപ്പാസിറ്റി (MLD)	ട്രീറ്റ്മെന്റ് തരം	പ്രവർത്തന ക്ഷമത
1	നെയ്യാർ നദി	ഓഫീസ് കോംപ്ലക്സിനകത്ത്	4.6	റാപ്പിഡ് ഫിൽറ്റർ പ്ലാന്റ്	നല്ലത്

14.2.4 ഗുണനിലവാരം ഉറപ്പിയ്ക്കൽ

കെഡബ്ലുഎ ഓഫീസിന് അനുബന്ധമായി പ്രവർത്തിയ്ക്കുന്ന QC lab മുഖാന്തിരമാണ് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നത്.

ജലത്തിന്റെ ദൈനംദിന പ്രതിമാസ പരിശോധകൾ ഇവിടെ നടത്തുന്നു. വിവിധ പ്രദേശങ്ങളിൽ നിന്നു ശേഖരിക്കുന്ന വെള്ളത്തിന്റെ സാമ്പിളുകൾ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലും പരിശോധിക്കുന്നുണ്ട്. ശുദ്ധീകരിക്കുന്ന ജലം ഓരോ മണിക്കൂറിലും ലാബിൽ പരിശോധിക്കുന്നു. കെമിക്കൽ ട്രീറ്റ്മെന്റ് വഴി വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

14.2.5 സംഭരണം

ശുദ്ധീകരണ പ്ലാന്റിൽ നിന്നും ജലം നേരിട്ട് ഊരുട്ടുകാല, അമരവിള, ആറാലുംമൂട്, തൊഴുക്കൽ എന്നിവിടങ്ങളിലെ പ്രധാന ജലസംഭരണികളിലേയ്ക്ക് പമ്പ് ചെയ്ത് എത്തിക്കുന്നു.

14.2.6 വിതരണം

നെയ്യാറ്റിൻകര വാട്ടർ സപ്ലൈ സ്കീമിൽ (NWSS) 8000 ത്തോളം ഗാർഹിക ഉപഭോക്താക്കളുണ്ട്. ഇതുകൂടാതെ 600 ഗാർഹികേതര ഉപഭോക്താക്കളും 10 വ്യാവസായിക ഉപഭോക്താക്കളും പ്രദേശത്തുണ്ട്. (KWA, 2011). വിതരണ ശൃംഖലയുടെ വിവരങ്ങൾ പട്ടിക 14.3 ൽ ചേർത്തിട്ടുണ്ട്.

590 പൊതു ടാപ്പുകൾ മുഖേന മേഖയിൽ പൊതു ആവശ്യങ്ങൾക്കുള്ള ജലവിതരണവുമുണ്ട്. വ്യക്തിഗതമായ കണക്ഷൻ ലഭ്യമല്ലാത്തവരാണ് പൊതുടാപ്പിനെ ആശ്രയിക്കുന്നത്. (ചേരിവാസികളും, ബിപിഎൽ കുടുംബങ്ങളും).

പ്രതിദിന ശരാശരി ഉപഭോഗം 135 LPC/day (Litres per Capita per day) ആയി കണക്കാക്കിയാൽ മൊത്തം ആവശ്യകത 9.56 MLD (Million litres per day) ആണ്. എന്നാൽ ശുദ്ധീകരണ പ്ലാന്റിന്റെ നിലവിലെ ശേഷി 4.6 MLD മാത്രമാണ്. അതായത്, 5MLD യുടെ കുറവ് പട്ടണത്തിൽ നിലവിലുണ്ട്.

പട്ടിക 14.3 വിതരണ ശൃംഖല (**സ്രോതസ്സ്**: KWA)

ക്രമ നം.	**ശൃംഖല**	**സ്രോതസ്**	**കവറേജിന്റെ ഏരിയ (വാർഡുകൾ)**	**കവർ ചെയ്ത വീടുകളുടെ എണ്ണം/ കണക്ഷൻ നമ്പർ**	**ഓവർഹെഡ് ടാങ്കിന്റെ സ്ഥലവും കപ്പാസിറ്റിയും (ML)**	**ദിനംപ്രതി വിതരണം ചെയ്യുന്ന മൊത്ത അളവ്**	**ജലത്തിന്റെ ശുദ്ധത**
1	നെയ്യാറ്റിൻകര ജല വിതരണ സംവിധാനം (NWSS)	നെയ്യാർ നദി	എല്ലാ വാർഡുകളിലെയും മൊത്തം കവറേജ് 75%	7614	നെയ്യാറ്റിൻകര (2.25 lakh)	10 lakh	ക്ലോറിനേറ്റഡ്
2					തൊഴുക്കൽ (90,000)	2 lakh	ക്ലോറിനേറ്റഡ്
3					അമരവിള (90,000)	3 lakh	ക്ലോറിനേറ്റഡ്
4					ഓലത്താന്നി (90,000)	1.8 lakh	ക്ലോറിനേറ്റഡ്
5					കൊടിതൂക്കിമല (GL) (90,000)	2 lakh	ബ്ലീച്ചിംഗ് പൗഡർ മാത്രം ചേർക്കുന്നു

14.2.7 വിതരണ നഷ്ടം (physical losses)

വിതരണ നഷ്ടം 35.50% ആണ്, അതായത് ഏകദേശം 2MLD ശുദ്ധീകരിച്ച ജലം. ഭൂരിഭാഗം ജലനഷ്ടവും സംഭവിക്കുന്നത് പഴയ പൈപ്പുകൾ ഉപയോഗിച്ചുള്ള വിതരണ ശൃംഖലയിലൂടെയാണ്.

14.3 ജലദൗർലഭ്യം

ഭൂരിഭാഗം വാർഡുകളിലും ജലദൗർലഭ്യം നേരിടുന്നില്ല. ജനസംഖ്യയിൽ ഭൂരിഭാഗം പേരും ജലദൗർലഭ്യം അനുഭവിക്കുന്നില്ല എന്ന് 2010 ലെ സാമൂഹ്യ-സാമ്പത്തിക സർവ്വെ വെളിവാക്കുന്നു. ആയതുമായി ബന്ധപ്പെട്ട കണക്കുകൾ ചാർട്ട് 14.2 ൽ കാണിച്ചിരിക്കുന്നു.



ചാർട്ട് 14.2 ജലദൗർലഭ്യം (സ്രോതസ്സ്: സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

പ്രകൃതിദത്ത ജലാശയങ്ങളുടെ നശീകരണം ആയതിനെ ആശ്രയിച്ച് ജീവിക്കുന്നവരെ ബാധിക്കുന്നുണ്ട്. സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവത്താൽ പല കുളങ്ങളിലെയും ജലം ഉപയോഗ ശൂന്യമായിത്തീർന്നിട്ടുണ്ട്.

14.4 നിലവിൽ പ്രവർത്തിക്കുന്നതും അംഗീകാരം കിട്ടിയതുമായ പദ്ധതികൾ

ഭാവിയിലെ ജലവിതരണ ആവശ്യങ്ങൾ നിറവേറ്റും വിധത്തിലാണ് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. കാളിപ്പാറയിലെ 36 MLD ശേഷിയുള്ള ശുദ്ധീകരണ പ്ലാന്റ് ഇത്തരത്തിലൊന്നാണ്.

താലൂക്കടിസ്ഥാനത്തിൽ നാലു പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര, തൊഴുക്കൽ, ആറാലുംമൂട് എന്നിവിടങ്ങളിൽ പുതിയ ജലസംഭരണികൾ നിർമ്മിക്കാൻ പദ്ധതിയിടുന്നുണ്ട്. ഈ പദ്ധതികൾ യാഥാർത്ഥ്യമാകുമ്പോൾ നിലവിലെ ജലദൗർലഭ്യ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും, ജലവിതരണ മേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാകുമെന്നും കണക്കാക്കുന്നു.

14.5 മേഖലയിലെ ഏജൻസികൾ

നഗരസഭയും, KWA യുമാണ് മേഖലയിൽ ഈ രംഗത്ത് പ്രവർത്തിയ്ക്കുന്നത്. ജലവിതരണ സംവിധാനത്തിന്റെ നടത്തിപ്പും നവീകരണവും കേരള ജല അതോറിട്ടിയുടെ ചുമതലയാണ്. നഗരസഭാ പ്രതിനിധികളും, KWA അധികൃതരും ഉൾപ്പെട്ട മാനേജ്മെന്റ് കമ്മിറ്റിയാണ് ഭാവിയിലെ പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നത്.

14.6 മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

നഗരസഭയിലെ ജലവിതരണ സംവിധാനത്തിലെ പോരായ്മകളെ രണ്ട് തലത്തിൽ കാണാവുന്നതാണ്. ജലസ്രോതസ്സുകൾക്ക് നല്കേണ്ട പരിരക്ഷയും ജലവിതരണ സംവിധാനത്തിന് നല്കേണ്ട ശ്രദ്ധയും.

പ്രകൃതിദത്ത ജലസ്രോതസ്സുകളെ കാര്യക്ഷമമായി സംരക്ഷിക്കാത്തത് പ്രദേശത്തെ ജലലഭ്യതയെ ബാധിക്കുന്നുണ്ട്. മലിനീകരണവും, മനുഷ്യന്റെ ഇടപെടലും, വെള്ളത്തിന്റെ പ്രകൃത്യാലുള്ള ഒഴുക്കിനെ തടസ്സപ്പെടുത്തുന്നുണ്ട്. ശ്രദ്ധിക്കപ്പെടാതെ പോകുന്ന പ്രാദേശിക ജലസ്രോതസ്സുകളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.

നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട മണൽ ഖനനം പ്രാദേശിക ജലസ്രോതസ്സുകളെയും, നെയ്യാറിനെയും ബാധിക്കുന്നുണ്ട്. നിയന്ത്രണമില്ലാത്ത മണൽ ഖനനം നദികളുടെ നാശത്തിനുതന്നെ കാരണമായേക്കാം. ഈ രംഗത്ത് കൃത്യമായ നിയമ നിർമ്മാണവും, ഇടപെടലും അത്യാവശ്യമാണ്.

വാസഗൃഹങ്ങളുടെയും, വാണിജ്യ കെട്ടിടങ്ങളുടെയും രൂപത്തിലുള്ള അനിയന്ത്രിതമായ ഭൂവികസനം മണ്ണിലേയ്ക്ക് ഊർന്നിറങ്ങുന്ന ജലത്തിന്റെ അളവ് കുറച്ചിട്ടുണ്ട്.

ഭൂജലത്തെ പോഷിപ്പിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാതിരുന്നാൽ ആയത് ഭൂജല നിരപ്പിനെ തന്നെ പ്രതികൂലമായി ബാധിച്ചേക്കാം. പ്രദേശവാസികൾ ജലത്തിനായി ആശ്രയിക്കുന്ന കിണറുകളുടെ ജലനിരപ്പ് താഴാൻ ആയത് ഇടയാക്കും.

കാലാനുസൃതമായി നവീകരിക്കാത്ത ജലവിതരണ സംവിധാനത്തെ തന്നെ ആശ്രയിക്കുന്നത് പ്രധാന പോരായ്മയാണ്. കൃത്യമായ ആസൂത്രണമില്ലായ്മ മൂലം ജനസംഖ്യാനുപാതികമായുണ്ടായ കുടിവെള്ളത്തിന്റെ ആവശ്യകതയെ തൃപ്തിപ്പെടുത്താനാവുന്നില്ല. ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം കൂടി വരികയാണ്. നിലവിൽ ഇത് 5MLD ആണ്. നിലവിലെ കുടിവെള്ള വിതരണ സംവിധാനത്തിലൂടെ ഉണ്ടാകുന്ന വിതരണ നഷ്ടം പ്രാധാന്യമർഹിക്കുന്നു. നിലവിലത് 2MLD ആണ്. വിതരണ സംവിധാനത്തിൽ കാലാനുസൃതമായ നവീകരണവും അറ്റകുറ്റപ്പണികളും അനിവാര്യമാണ്.

പൊതുടാപ്പുകൾ വഴിയുള്ള ജലദുരുപയോഗവും തടയപ്പെടേണ്ടതുണ്ട്.

14.7 സാധ്യതകൾ

നെയ്യാറിനാലും, അനുബന്ധ ജലസ്രോതസ്സുകളാലും സമ്പന്നമാണ് നെയ്യാറ്റിൻകര നഗരസഭ. നിലവിലെ സംവിധാനത്തിൽ പോരായ്മകളുണ്ടെങ്കിലും ആയത് പരിഹരിക്കാവുന്നതാണ്.

പ്രഖ്യാപിത പദ്ധതികൾ നിലവിൽ വരുമ്പോൾ നിലവിലെ ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം പരിഹരിക്കപ്പെടുന്നതാണ്.

ജലത്തിന്റെ ഭാവിയിലെ ആവശ്യകതയും, നിലവിലെ വിതരണത്തിലെ പോരായ്മകളും പരിഹരിക്കപ്പെടുന്നതിൽ പുതിയ പദ്ധതികൾ സഹായകരമാകും.

പ്രാദേശിക ജലസ്രോതസ്സുകൾ കാലാകാലങ്ങളിൽ നവീകരിക്കുകയും, ബണ്ട് കെട്ടി വൃത്തിയാക്കി സൂക്ഷിക്കേണ്ടതുമുണ്ട്. വെള്ളത്തിന്റെ സുസ്ഥിര ഉപയോഗത്തിനായി പ്രദേശവാസികൾക്ക് അറിവു പകർന്നു നല്കേണ്ടതുണ്ട്. ജലസംരക്ഷ മാർഗ്ഗങ്ങളുടെ നവീന മാതൃകകൾ പൊതുജനങ്ങൾക്ക് പകർന്നു നല്കണം. ജലസംരക്ഷണ മാർഗ്ഗങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

ജലവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി KWA യുടെയും ജനപ്രതിനിധികളുടെയും കൂട്ടായ ഉദ്യമം അനിവാര്യമാണ്.

14.7 സംഗ്രഹം

നെയ്യാറും കിണറുകളുമാണ് പട്ടണത്തിലെ പ്രധാന ജലസ്രോതസ്സുകൾ. കേന്ദ്രീകൃതമായ ജലവിതരണ സംവിധാനത്തിനൊപ്പം തന്നെ പ്രാദേശികമായ ജലവിഭവ മാർഗ്ഗങ്ങളെയും പല പ്രദേശങ്ങളും ആശ്രയിക്കുന്നുണ്ട്. ജലവിതരണത്തിലെ പ്രശ്നങ്ങളും, ജലക്ഷാമവും നടത്തിപ്പിലെ പാളിച്ചകളും നിലവിലുണ്ട്.

പ്രദേശവാസികൾ ദൈനംദിന ആവശ്യങ്ങൾക്കായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ഭൂരിഭാഗം പ്രദേശത്തും ജലക്ഷാമം നിലവിലില്ലെങ്കിലും, ചില പ്രദേശങ്ങളിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണക്കുറവ്, വർഷങ്ങൾ പഴക്കമുള്ള ജലവിതരണ ശൃംഖലയെ തന്നെ ആശ്രയിക്കൽ, മഴയുടെ ലഭ്യതക്കുറവ്, ജലസംരക്ഷണ സംവിധാനങ്ങളുടെ അപര്യാപ്തത, ഇവയെല്ലാം തന്നെ ഈ മേഖലയിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്ന് ഓർമ്മിപ്പിക്കുന്നു.

പ്രദേശത്ത് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുകയും നിലവിലുള്ളവയെ കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുന്നത് ഭാവിയിലെ ജലവിതരണത്തെ ഗുണപരമായി സഹായിക്കുന്നതാണ്.

15. ഊർജ്ജം

നഗരത്തിന്റെ വികസനത്തിന് വൈദ്യുതിയുടെ ലഭ്യത അത്യന്താപേക്ഷിതമാണ്. വാണിജ്യ വ്യാവസായിക രംഗത്ത് ഉല്പ്പാദനക്ഷമത വർദ്ധിപ്പിച്ച് ആഭ്യന്തര വളർച്ച കൈവരിക്കുക എന്നത് ഏതൊരു വികസന പദ്ധതിയുടെയും ഉദ്ദേശലക്ഷ്യങ്ങളിലൊന്നാണ്. ഈ അദ്ധ്യായത്തിൽ നെയ്യാറ്റിൻകര നഗരസഭയിലെ വൈദ്യുത രംഗത്തെ സ്ഥിതിഗതികൾ വിശദീകരിക്കുന്നു.

15.1 വൈദ്യുത സ്രോതസ്സുകൾ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (KSEB) മുഖേനയാണ് നഗരത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്. പാരമ്പര്യേതര മാർഗ്ഗങ്ങളായ സോളാർ വൈദ്യുതി, കാറ്റിൽ നിന്നും ഉല്പ്പാദിപ്പിയ്ക്കുന്ന വൈദ്യുതി എന്നിവ പട്ടണത്തിൽ വലിയ തോതിൽ ഉപയോഗപ്പെടുത്തുന്നില്ല.

തടി, മണ്ണെണ്ണ, ബയോഗ്യാസ് തുടങ്ങിയവ ചെറിയ തോതിൽ ഉപയോഗിക്കുന്നുണ്ട്.

15.2 ജില്ലാതല അവസ്ഥ

വൈദ്യുതി വിതരണത്തിന്റെ (ട്രാൻസ്മിഷൻ സർക്കിൾ) അടിസ്ഥാനത്തിൽ, തിരുവനന്തപുരം നഗരം, കാട്ടാക്കട, കഴക്കൂട്ടം എന്നിങ്ങനെ ജില്ലയെ മൂന്നായി തിരിച്ചിരിക്കുന്നു. വൈദ്യുതി ഉപഭോഗത്തിന്റെ 43% ഉം ഗാർഹിക ഉപയോക്താക്കളാണ്. ബാക്കിയുള്ളവ വാണിജ്യ വ്യാവസായിക മേഖലയിൽ നിന്നാണ്. വൈദ്യുതി വിതരണ ലക്ഷ്യം കൈവരിക്കുന്നതിനായി ഒരു 220 കെ.വി, ഒൻപത് 110 കെ.വി, ആർ 66 കെ.വി സബ്സ്റ്റേഷനുകളും, പവർ ഗ്രിഡ് കോർപ്പറേഷന്റെതായി കമ്മീഷൻ ചെയ്ത 400 കെ.വി സബ് സ്റ്റേഷനുമുണ്ട്.

15.3 പട്ടണത്തിലെ അവസ്ഥ

പട്ടണത്തിന് വടക്കായുള്ള തൊഴുക്കലിൽ സ്ഥിതി ചെയ്യുന്ന 66/11 കെ.വി സബ്സ്റ്റേഷൻ വഴിയാണ് പട്ടണത്തിലേയ്ക്കുള്ള വൈദ്യുതി വിതരണം ചെയ്യുന്നത്. ഒപ്പം തന്നെ നെയ്യാറ്റിൻകര, വിഴിഞ്ഞം, മാരായമുട്ടം, കാട്ടാക്കട, ഹോസ്പിറ്റൽ, പാറശ്ശാല, കേരള ആട്ടോ മൊബൈൽ ലിമിറ്റഡ് (കെ.എ.എൽ) എന്നിവിടങ്ങളിലേയ്ക്കുള്ള ഫീഡറുകളായും ഈ സബ്സ്റ്റേഷനുകൾ വഴി വൈദ്യുതി എത്തിയ്ക്കുന്നു. പ്രദേശത്തെ സബ് സ്റ്റേഷനുകളുടെ സ്ഥാനം ചിത്രം 15.1 ൽ കാണിച്ചിരിക്കുന്നു.

പട്ടണ പ്രദേശത്ത് 23021 കണക്ഷനുകൾ കെ.എസ്.ഇ.ബി നല്കിയിട്ടുണ്ട്. ആയതിൽ ഭൂരിഭാഗവും ഗാർഹിക ഉപഭോക്താക്കളാണ്, അതായത് മൊത്തം കണക്ഷനുകളുടെ 80%.

പട്ടിക 15.1 പട്ടണ പ്രദേശത്തെ വൈദ്യുതി കണക്ഷനുകൾ (സ്രോതസ്സ്:KSEB)

ക്രമ നം.	ആകെ കണക്ഷനുകളുടെ എണ്ണം	കാറ്റഗറി അനുസരിച്ചുള്ള ബ്രേക്ക് - കണക്ഷനുകളുടെ എണ്ണം				
		ഗാർഹികം	വ്യാവസായികം	വാണിജ്യം	കാർഷികം	മറ്റുള്ളവ
1	23021	19316	139	3274	302	Nil

പട്ടിക 15.2 വൈദ്യുത ഉപഭോഗത്തിന്റെ വിശദാംശം(സ്രോതസ്സ്:KSEB)

ക്രമ നം.	ആകെ ഉപഭോഗം (MKWH)	കാറ്റഗറി അനുസരിച്ചുള്ള ബ്രേക്ക് - പവർ ഉപയോഗം (MKWH)				
		ഗാർഹികം	വ്യാവസായികം	വാണിജ്യം	കാർഷികം	മറ്റുള്ളവ
1	1,98,36,516	13075836	1814208	3876103	79366	991003

വൈദ്യുത ഉപഭോഗത്തിന്റെ വിശദാംശങ്ങൾ പട്ടിക 15.2 ൽ കാണിച്ചിരിക്കുന്നു. ആയതിൽ നിന്നും വ്യാവസായിക ആവശ്യത്തിനായുള്ള ഉപഭോഗം പട്ടണത്തിൽ കുറവാണെന്നു കാണാം. ഭാവിയിൽ വ്യാവസായിക ഗാർഹിക മേഖലകളിലെ വർദ്ധിത ആവശ്യങ്ങൾ കണക്കിലെടുത്ത് വൈദ്യുതി മേഖലയിൽ കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.



ചിത്രം 15.1 വൈദ്യുത വിതരണത്തിലെ നിലവിലെ സ്ഥിതിഗതികൾ

ഉപഭോക്താക്കളുടെ എണ്ണത്തിൽ ക്രമമായ വർദ്ധനവാണ് ദൃശ്യമാകുന്നത്. ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ വൈദ്യുത വിതരണം കാര്യക്ഷമമാകേണ്ട പല പ്രദേശങ്ങളും പട്ടണത്തിലുണ്ട്. പ്രാദേശികമായി പലയിടത്തും വോൾട്ടേജ് ക്ഷാമവുമുണ്ട്. വൈദ്യുത വിതരണത്തിലെ നിലവിലെ സ്ഥിതിഗതികൾ ചിത്രം 15.1 ൽ സ്ഥലപരമായി ചിത്രീകരിച്ചിരിക്കുന്നു.

15.4 മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ

സംസ്ഥാനത്ത് വൈദ്യുത വിതരണം ചെയ്യുന്നത് കെ.എസ്.ഇ.ബി മുഖാന്തിരമാണ്. മറ്റു സ്വകാര്യ ഏജൻസികൾ ഒന്നും തന്നെ സംസ്ഥാനത്തിലും നഗരസഭാ പ്രദേശത്തും നിലവിലില്ല.

15.5 അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് നഗരസഭാ പ്രദേശത്തെ പ്രശ്നങ്ങൾ നേരത്തേ സൂചിപ്പിച്ചിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക വിശദാംശങ്ങളിലും നഗരസഭാ പ്രദേശത്ത് വൈദ്യുത വിതരണത്തിൽ 100% നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നു കാണുന്നു. പാരമ്പര്യേതര ഊർജ്ജ രംഗത്തെ സാധ്യതകൾ പ്രദേശത്ത് ഉപയോഗപ്പെടുത്തി തുടങ്ങിയിട്ടില്ല. പ്രാദേശികമായി വൈദ്യുതി

ഉല്പാദിപ്പിക്കാനുള്ള സാധ്യതകൾ കണ്ടെത്താനാകാത്തത് നഗരസഭയുടെയും, ജില്ലയുടെ തന്നെയും പ്രധാന പോരായ്മയാണ്. വൈദ്യുത വിതരണത്തിലെ പ്രസരണ നഷ്ടം KSEB അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്.

15.6 ഈ രംഗത്തെ സാധ്യതകൾ

വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് ചില പോരായ്മകൾ നിലനിൽക്കുന്നുണ്ടെങ്കിലും നിലവിലെ ഭൗതിക സാഹചര്യങ്ങൾ നവീകരിച്ച് നഗരസഭാ പ്രദേശത്തെ മുഴുവൻ ജനവാസ മേഖലകളിലും വൈദ്യുത വിതരണം സാദ്ധ്യമാക്കാവുന്നതാണ്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് എന്ന നിലയ്ക്ക് സൗരോർജ്ജത്തിൽ നിന്നുമുള്ള വൈദ്യുതി ഉല്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കേരളത്തിൽ ആയതിന് സാധ്യതയുണ്ട്. ചിത്രം 15.2, 15.3 എന്നിവ കേരളത്തിലേയും, നഗരസഭാ പ്രദേശത്തെയും സൗരോർജ്ജ സാധ്യതകളിലേയ്ക്ക് വെളിച്ചം വീശുന്നു.

Ministry of New and Renewable Energy (MNRE) യുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ, GHI (Global Horizontal Innadiance Values), DNI (Direct Normal Innadiance) എന്നിവ കൂടി വരുന്ന പ്രദേശമായതിനാൽ സൗരോർജ്ജ രംഗത്ത് കൂടുതൽ നേട്ടം കൈവരിക്കാനാവും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒപ്പം തന്നെ ഭൂവിനിയോഗ മാപ്പ് പരിശോധിക്കുമ്പോൾ പട്ടണത്തിൽ കാർഷിക മേഖലയും മറ്റും ഉൾപ്പെട്ട വിശാലമായ തുറസ്സായ ഇടങ്ങൾ സൗരോർജ്ജത്തെ ഉപയോഗപ്പെടുത്തക്കവിധത്തിൽ പര്യാപ്തമാണെന്നു കാണുന്നു.



ചിത്രം 15.2 സോളാർ DNI Map (**സ്രോതസ്സ്**:MNRE)



ചിത്രം 15.3 സോളാർ GHI Map (**സ്രോതസ്സ്**:MNRE)

15.7 സംഗ്രഹം

നിലവിലെ സാഹചര്യത്തിൽ നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് വൈദ്യുത വിതരണത്തിൽ കാര്യമായ ക്ഷാമം നേരിടേണ്ടി വരുന്നില്ല. കൂടുതലും ഗാർഹിക ഉപഭോക്താക്കളാണ്. വ്യാവസായിക വാണിജ്യ ആവശ്യങ്ങൾക്കുള്ള കണക്ഷനുകൾ താരതമ്യേന കുറവാണ്. പട്ടണത്തിന്റെ അർദ്ധ-ഗ്രാമീണ സ്വഭാവമാണ് ഇത് വെളിവാക്കുന്നത്. പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം

പരിഹരിക്കപ്പെടേണ്ടതുണ്ട്. ഒപ്പം തന്നെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കേണ്ടതുമുണ്ട്. പ്രാദേശികമായി വൈദ്യുതി ഉല്പ്പാദിപ്പിക്കാനുള്ള സാദ്ധ്യതകൾ കണ്ടെത്തി, ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കേണ്ടത് നഗരവികസനത്തിന് അനിവാര്യമാണ്. കൃത്യമായ ആസൂത്രണത്തോടെ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പ്പാദിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് നഗരസഭയ്ക്ക് ഗുണകരമാണ്.

16. വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്തെ സമഗ്രമായ ആസൂത്രണം സാമൂഹികമായി ഉയർന്ന നിലവാരമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കും. നൊബേൽ സമ്മാന ജേതാവും വർണ്ണ വിവേചനത്തിനെതിരെ പോരാടിയ വിപ്ലവകാരിയുമായ നെൽസൺ മണ്ഡേലയുടെ അഭിപ്രായത്തിൽ "ലോകത്തെ മാറ്റിമറിക്കാൻ പാകത്തിലുള്ള ആയുധമാണ് വിദ്യാഭ്യാസം". വികസിത രാജ്യങ്ങൾക്ക് സമാനമായ സാമൂഹികമായി ഉയർന്ന നിലവാരം കൈവരിച്ച 'കേരള മാതൃക' പ്രശസ്തമാണ്. അതിനു ഉപോത്ബലമകമായത് വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റമാണ്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും മുമ്പേ തന്നെ സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ കേരളത്തിനായിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് നെയ്യാറ്റിൻകര നഗരസഭയിലെ സാദ്ധ്യതകളെയും പോരായ്മകളെയും കുറിച്ച് ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നു.

16.1 നിലവിലെ സ്ഥിതി

തൊട്ടടുത്ത നഗരമായ തിരുവനന്തപുരവുമായി താരതമ്യപ്പെടുത്തുമ്പോൾ നെയ്യാറ്റിൻകരയിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ താരതമ്യേന കുറവാണ്. നിലവിൽ നിരവധി പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഹൈസ്കൂളുകളും നഗരസഭയിലുണ്ട്. പരിമിതമായ കേളേജ് സൗകര്യങ്ങളും, വളരെ കുറച്ച് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണുള്ളത്. വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റുന്നതിനായി 20 സ്കൂളുകൾ നഗരസഭയ്ക്കുള്ളിലുണ്ട്. സർക്കാർ, പ്രൈവറ്റ്-എയ്ഡഡ് സ്കൂളുകളാണ് ഇവ.

നഗരത്തിനകത്ത് ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിലില്ല. ആറാലുംമൂട് പ്രവർത്തിക്കുന്ന 'യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി' യിൽ നിരവധി കോഴ്സ് നടത്തുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയ്ക്ക് പെരുമ്പഴുതൂരിൽ ഒരു സർക്കാർ പോളിടെക്നിക് പ്രവർത്തിക്കുന്നുണ്ട്. അമരവിള കേന്ദ്രമായി 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ്' എന്ന സ്ഥാപനവും പ്രവർത്തിയ്ക്കുന്നുണ്ട്. ടി.ബി ജംഗ്ഷൻ കേന്ദ്രമായി 'Academy for Mountaineering and Adventure Sports' എന്ന സ്ഥാപനവും, പട്ടണ കേന്ദ്രീകൃതമായി 'സ്വാതിതിരുനാൾ എഡ്യൂക്കേഷൻ ഫൗണ്ടേഷൻസും', വിദ്യാഭ്യാസ മേഖലയിലുണ്ട്. ഇതു കൂടാതെ നഗരത്തിൽ നിരവധി സ്വകാര്യ ട്യൂഷൻ സെന്ററുകളും, മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളുമുണ്ട്.

നിംസ് മെഡിസിറ്റിയ്ക്ക് അനുബന്ധമായി ആറാലുംമൂട് പ്രവർത്തിയ്ക്കുന്ന നൂറുൽ ഇസ്ലാം (NI) കോളേജ് ഓഫ് നഴ്സിംഗ് ആന്റ് സയൻസസ്, ആരോഗ്യ രംഗത്ത് ഉന്നത വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നു.

നഗരസഭാ പരിധിയ്ക്കുള്ളിൽ നിലവിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങളുടെ സ്ഥലപര വിന്യാസം ചിത്രം 16.1 ൽ കാണിച്ചിരിക്കുന്നു.



ചാർട്ട് 16.1 സാക്ഷരതാ നിരക്ക്

സെൻസസ് റിപ്പോർട്ട് വിശകലനം ചെയ്യുമ്പോൾ വിദ്യാഭ്യാസ സൗകര്യങ്ങളുടെ സ്വാധീനത്താൽ മുൻകാലങ്ങളെ അപേക്ഷിച്ച് സാക്ഷരതാ നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. (ചാർട്ട് 16.1)



ചിത്രം 16.1 നിലവിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങളുടെ സ്ഥലപര വിന്യാസം

നഗരസഭാ പരിധിയിലെ പഠിതാക്കളിൽ 50% ത്തിലധികവും സ്കൂൾ വിദ്യാർത്ഥികളാണ്. സാങ്കേതിക പ്രൊഫഷണൽ വിദ്യാഭ്യാസം നേടുന്നവർ 10% ത്തോളം മാത്രമാണ്.



ചാർട്ട് 16.2 ഓരോ വിദ്യാഭ്യാസ മേഖലയിലുമുള്ള വിദ്യാർത്ഥികളുടെ എണ്ണം ശതമാന കണക്കിൽ (സ്രോതസ്സ്: സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

16.2 മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

നഗരസഭയിലെ സാഹചര്യങ്ങൾ വിശലനം ചെയ്യുമ്പോൾ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായി കാണുന്നു. ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ ആശ്രയിക്കുന്നത് അയൽ സംസ്ഥാനമായ തമിഴ്നാടിനെയും, തിരുവനന്തപുരം നഗരത്തെയുമാണ്. സ്കൂളുകളുടെ നിലവാരമുയർത്തുക എന്നത് പ്രഥമ പരിഗണന അർഹിക്കുന്നു. പട്ടണത്തിൽ മികവിന്റെ കേന്ദ്രങ്ങളും സ്പെഷ്യൽ സ്കുളുകളും നിലവിലില്ല.

16.3 സാധ്യതകൾ

ഭാവിയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ അനുയോജ്യമാണിവിടം. ഉയർന്ന സാക്ഷരതാ നിരക്കും, വിവിധ പഠനതലത്തിലുള്ള വിദ്യാർത്ഥി പങ്കാളിത്തവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. നിംസ് മെഡിസിറ്റിയ്ക്ക് അനുബന്ധമായ നഴ്സിംഗ് കോളേജിന്റെ പ്രവർത്തന വിജയം പട്ടണത്തിലെ ഉന്നത വിദ്യാഭ്യാസ സാദ്ധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ പാകത്തിൽ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ നെയ്യാറ്റിൻകര നഗരസഭയിലുണ്ട്. യാത്രാ സൗകര്യങ്ങളുടെ കാര്യത്തിലും, മറ്റു സാമൂഹിക അടിസ്ഥാന സൗകര്യങ്ങളാലും സമ്പന്നമാണിവിടം. മികച്ച പഠന സൗകര്യങ്ങൾ ഒരുക്കുകയാണെങ്കിൽ തിരുവനന്തപുരം ജില്ലയുടെ വടക്ക്-കിഴക്ക് ഭാഗത്തെ വിദ്യാർത്ഥി സമൂഹത്തെ ആകർഷിക്കാൻ സാധിക്കും.

16.4 സംഗ്രഹം

ഭാവി തലമുറയ്ക്കായി നല്കാൻ കഴിയുന്ന മികച്ച സമ്മാനമെന്ന് വിദ്യാഭ്യാസത്തെ വിശേഷിപ്പിയ്ക്കാം. നെയ്യാറ്റിൻകര നഗരസഭയുടെ കാര്യമെടുത്താൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ഉന്നത വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാനായി തൊട്ടടുത്ത പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കത്തക്ക വിധം മികച്ച അടിസ്ഥാന സൗകര്യങ്ങളോടെ പുതിയ സ്ഥാപനങ്ങൾ തുടങ്ങുക എന്നത് വെല്ലുവിളി തന്നെയാണ്. വിദ്യാർത്ഥികൾക്ക് ഡിഗ്രിതലം വരെയെങ്കിലുമുള്ള വിദ്യാഭ്യാസം നഗരത്തിനുള്ളിൽ തന്നെ പൂർത്തിയാക്കാൻ പാകത്തിൽ സൗകര്യങ്ങൾ ഒരുക്കാൻ യത്നിക്കേണ്ടതുണ്ട്.

17. ആരോഗ്യം

"ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാവൂ" എന്ന ലാറ്റിൻ പഴമൊഴി തന്നെ ആരോഗ്യത്തിന്റെ പ്രാധാന്യം വെളിവാക്കുന്നു. കാലാകാലങ്ങളിലുള്ള വികസന പ്രക്രിയകളിലൂടെ, രോഗാവസ്ഥകൾക്ക് കൃത്യമായ ചികിത്സകൾ നിർവ്വചിച്ചാണ് ഇന്നത്തെ ആധുനിക ചികിത്സാ രംഗം പുരോഗതി പ്രാപിച്ചത്.

പല വികസ്വര രാജ്യങ്ങളും തങ്ങളുടെ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ഒരുക്കി നൽകുന്നതിൻ പരാജയപ്പെട്ടിട്ടുണ്ട്. എന്നാൽ നമ്മുടെ രാജ്യത്ത് മെച്ചപ്പെട്ട ചികിത്സ നല്കാൻ പാകത്തിൽ ആരോഗ്യരംഗം വളർന്നിട്ടുണ്ട്. മികച്ച ആരോഗ്യ സൗകര്യങ്ങൾ ഉള്ള ഒരു നാട്ടിൽ ആരോഗ്യമുള്ള ജീവിത നിലവാരമുണ്ടാവുകയും ആയത് ആരോഗ്യമുള്ളൊരു സമൂഹത്തെ തന്നെ സൃഷ്ടിക്കുകയും ചെയ്യും.

സംസ്ഥാനത്തെ മറ്റേതൊരു മേഖലയിലും എന്ന പോലെ നെയ്യാറ്റിൻകര നഗരസഭയിലും മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾ നിലവിലുണ്ട്. ഈ അദ്ധ്യായത്തിൽ പട്ടണത്തിലെ നിലവിലെ ആരോഗ്യരംഗത്തെ സാധ്യതകളെയും പ്രശ്നങ്ങളെയും കുറിച്ച് വിശദീകരിക്കുന്നു.

17.1 നിലവിലെ സ്ഥിതി

ആരോഗ്യ മേഖലയിൽ നെയ്യാറ്റിൻകര നഗരസഭയ്ക്ക് മികച്ച പ്രതിഛായയാണുള്ളത്. കുറഞ്ഞ ജനസംഖ്യാ വർദ്ധന നിരക്ക്, കുറഞ്ഞ ജനന-മരണ നിരക്കുകൾ, കുടുംബാസൂത്രണ പദ്ധതികളുടെ സ്വീകാര്യത, കുറഞ്ഞ ശിശുമരണ നിരക്ക്, സ്ത്രീകളുടെ ആയുർദൈർഘ്യം, കുറഞ്ഞ അംഗവൈകല്യ നിരക്ക്, എന്നിവയും അനുകൂല ഘടകങ്ങളാണ്. പട്ടണത്തിലെ ആരോഗ്യ സൂചകങ്ങൾ സംസ്ഥാന ശരാശരിയ്ക്കും മുകളിലാണ്.

പരമ്പരാഗത ചികിത്സാരംഗത്ത് പട്ടണത്തിന് സവിശേഷസ്ഥാനമാണുള്ളത്. അഗസ്ത്യാർകൂട മലനിരകളുടെ സാന്നിദ്ധ്യത്താലും, ആയുർവേദ മരുന്നു ചെടികളുടെ ലഭ്യതയാലും പ്രദേശം സമ്പന്നമാണ്. ആയുർവേദ പ്രകൃതി ചികിത്സകൾക്കായി സഞ്ചാരികളെത്തുന്നത് നഗരത്തിന്റെ പാരമ്പര്യമൂല്യത്തെ ഉയർത്തുന്നുണ്ട്. ആധുനിക കാലഘട്ടത്തിലും നിരവധി വിദ്യാർത്ഥികൾ പാരമ്പര്യ ചികിത്സാ രീതികളായ അഷ്ടവൈദ്യം, മർമ്മവൈദ്യം, സിദ്ധം, വിഷചികിത്സ, യുനാനി, കായചികിത്സ, യോഗചികിത്സ, പ്രകൃതി ചികിത്സ എന്നിവ പഠിക്കാനെത്തുന്നുണ്ട്.

മിതമായ നിരക്കിൽ ചികിത്സാ സൗകര്യങ്ങളൊരുക്കുന്ന നിരവധി ആശുപത്രികൾ പട്ടണത്തിലെ ചികിത്സാ രംഗത്ത് കടന്നു വന്നതിനാൽ ഈ രംഗത്ത് മികവ് നേടാൻ സഹായിച്ചിട്ടുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് ചികിത്സാ സൗകര്യങ്ങൾക്കായി തിരുവനന്തപുരം നഗരത്തെ ആശ്രയിച്ചിരുന്നത് കുറഞ്ഞിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് പട്ടണത്തിലെ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ജില്ലാ ആശുപത്രിയിൽ മികച്ച ചികിത്സാ സൗകര്യങ്ങൾ ഒരുക്കുകയാണെങ്കിൽ സാധാരണ ജനവിഭാഗങ്ങൾക്ക് ആശ്വാസകരമാകും.

പട്ടണത്തിൽ നിരവധി സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. നിംസ് ആശുപത്രി സമുച്ചയം, റോളൻഡ്സ് ആശുപത്രി തുടങ്ങിയവ ഇത്തരത്തിലുള്ളവയാണ്. നിംസ് മെഡിസിറ്റി, നഴ്സിംഗ്, ഡെന്റൽ കോളേജ്, ഹൃദയ-കരൾ രോഗങ്ങൾക്കുള്ള പ്രത്യേക ചികിത്സാ വിഭാഗം എന്നിവ നിംസിന്റെ ഭാഗമായി പ്രവർത്തിയ്ക്കുന്നു.

പ്രദേശത്ത് നിലവിലുള്ള ആരോഗ്യ സംവിധാനങ്ങൾ പട്ടണവാസികൾക്ക് മാത്രമല്ല, സമീപ പ്രദേശങ്ങളിലെയും അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നുമുള്ള ജനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലുള്ളതാണെന്ന് നിസ്സംശയം പറയാം.

17.2 നിലവിലെ രോഗാവസ്ഥകൾ (Existing Disease Scenario)

ചിക്കുൻഗുനിയ, ഡെങ്കിപ്പനി, മലേറിയ, ലപ്റ്റോസ്പൈറോസിസ് (Leptosprirosis), കോളറ, ടൈഫോയ്ഡ് എന്നിവയാണ് കഴിഞ്ഞകാലങ്ങളിൽ നഗരത്തിലുണ്ടായ പ്രധാന സാംക്രമിക രോഗങ്ങൾ (പട്ടിക 17.1). രോഗാവസ്ഥകളെ പ്രതിരോധിക്കുന്നതിൽ ആതുരാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും, രോഗം ഉണ്ടാകുന്ന സാഹചര്യങ്ങൾ പ്രദേശത്ത് നിലവിലുണ്ട്. കാര്യക്ഷമമല്ലാത്ത ഖരമാലിന്യ സംസ്ക്കരണവും, ആരോഗ്യകരമല്ലാത്ത ജീവിത സാഹചര്യങ്ങൾ, ജലാശയങ്ങളുടെയും തോടുകളുടെയും ശുചീകരണത്തിന്റെ അഭാവം എന്നിവയും രോഗകാരണങ്ങളായി നിലനിൽക്കുന്നുണ്ട്.

ജീവിതശൈലിയിലെ മാറ്റങ്ങൾ ജീവിതശൈലീ രോഗങ്ങൾക്ക് വഴിതെളിച്ചു. പുതിയ പഠനങ്ങൾ പ്രകാരം കേരളത്തിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. പരമ്പരാഗത ഭക്ഷ്യസംസ്കാരത്തിൽ നിന്നുള്ള വ്യതിചലനവും, ജങ്ക്ഫുഡ് ശീലവും, മാംസാഹാരത്തിന്റെ അമിതോപയോഗവും, മാരകമായ കീടനാശിനികൾ ഉപയോഗിച്ച് കൃഷിചെയ്ത പഴം-പച്ചക്കറികളുടെ ഉപഭോഗം, എന്നിവ ആരോഗ്യം ക്ഷയിക്കാനും പുതിയ രോഗങ്ങൾക്കും കാരണമായിത്തീർന്നു. നെയ്യാറ്റിൻകര നഗരസഭയ്ക്ക് അർദ്ധ ഗ്രാമീണ സ്വഭാവമായതിനാൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇത്തരം പ്രശ്നങ്ങൾ സാരമായി ബാധിച്ചിട്ടില്ല. എന്നാൽ പട്ടണവാസികളുടെ മാറിവരുന്ന ജീവിതരീതികൾ ജീവിതശൈലീ രോഗങ്ങൾക്ക് കാരണമായേക്കാം.

പട്ടിക 17.1 രോഗങ്ങളുടെ ശതമാനക്കണക്കുകൾ(സ്രോതസ്സ്: സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

രോഗം	ഓരോ കാറ്റഗറിയിലും ടൗണിലെ ഏകദേശ ശതമാനം
കോളറ	0
ഡെങ്കി	1.51
ചിക്കൻഗുനിയ	19.45
ഹെപ്പറ്റൈറ്റിസ്	0.7
ടിബി	0.32
ടൈഫോയിഡ്	0.48
മലേറിയ	0.16
ചിക്കൻപോക്സ്	1.13

17.3 ആരോഗ്യരക്ഷാരംഗത്തെ സൗകര്യങ്ങൾ (Healthcare infrastructure)

നേരത്തെ സൂചിപ്പിച്ചതുപോലെ തന്നെ പ്രദേശവാസികൾക്ക് പ്രയോജനപ്പെടുത്തക്ക വിധത്തിൽ നിരവധി ആശുപത്രികൾ പട്ടണത്തിലുണ്ട്.

സ്വകാര്യ ആശുപത്രികൾക്കിടയിൽ നിംസ് ഹോസ്പിറ്റൽ ഒരു ബൃഹദ് സംരംഭമാണ്. 16 സ്പെഷ്യാലിറ്റി വിഭാഗങ്ങളും 14 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഇവിടെ പ്രവർത്തിയ്ക്കുന്നു. ഒപ്പം തന്നെ അത്യാധുനിക സൗകര്യങ്ങളോടെ ഹൃദയ ചികിത്സാ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ചിത്രം 17.1 ൽ നഗരസഭയ്ക്കകത്തെ ആതുരാലയ സൗകര്യങ്ങളുടെ സ്ഥലപരാവസ്ഥ ചിത്രീകരിച്ചിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെട്ട് സ്ഥലങ്ങളെയും ചിത്രത്തിൽ കാണിച്ചിട്ടുണ്ട്.

വിവിധ ചികിത്സാ മേഖലകളിൽ ലഭ്യമായ ചികിത്സാ സൗകര്യങ്ങളെക്കുറിച്ച് ചാർട്ട് 17.1 ൽ കാണിച്ചിരിക്കുന്നു.

17.4 മേഖലയിൽ പ്രവർത്തിയ്ക്കുന്ന ഏജൻസികൾ

പൊതുജനാരോഗ്യ രംഗത്തെ നിയന്ത്രിയ്ക്കുന്നതും, നിരീക്ഷിക്കുന്നതും, നയങ്ങൾ നടപ്പിലാക്കുന്നതും സംസ്ഥാന ആരോഗ്യ വകുപ്പാണ്.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (PHC) വഴി ആരോഗ്യ വകുപ്പ് പ്രാഥമിക ആരോഗ്യരക്ഷാ സൗകര്യങ്ങൾ ഒരുക്കുന്നു. നഗരവാസികൾക്കും പ്രയോജനപ്പെടുത്തക്ക വിധത്തിൽ വിവിധ സ്ഥലങ്ങളിൽ PHC കൾ പ്രവർത്തിയ്ക്കുന്നുണ്ട്.

NRHM (National Rural Health Mission) നും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും നഗരസഭയ്ക്കുള്ളിൽ അവയുടെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.



ചിത്രം 17.1 നഗരസഭയ്ക്കകത്തെ ആതുരാലയ സൗകര്യങ്ങളുടെ സ്ഥലപരവിന്യാസം



ചാർട്ട് 17.1 വിവിധ ചികിത്സാ മേഖലകളിൽ ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ (സ്രോതസ്സ്: നെയ്യാറ്റിൻകര നഗരസഭ)

17.5 പ്രശ്നങ്ങൾ

കഴിഞ്ഞ കാലങ്ങളിലുണ്ടായ പകർച്ചാവ്യാധികൾക്ക് പ്രാധാന്യം കല്പിക്കേണ്ടതുണ്ട്. ശരിയായ ഖരമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി സുരക്ഷിതമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത നിലവിലുണ്ട്.

പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനും, ആരോഗ്യകരമായൊരു ഭാവിക്കും വേണ്ടി ആരോഗ്യകാര്യങ്ങളിൽ ഒരു സാമൂഹിക ഉണർവു വരേണ്ടതുണ്ട്.

സർക്കാർതല ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളിലുള്ള പോരായ്മകൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക്. സാധാരണ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന സംവിധാനം എന്ന നിലയ്ക്ക് സർക്കാർ ആശുപത്രികളുടെ നിലവാരമുയർത്തേണ്ടത് അത്യാവശ്യമാണ്.

നഗരകേന്ദ്രത്തിലാണ് ജില്ലാ ആശുപത്രിയും അനുബന്ധ ആരോഗ്യ സംവിധാനങ്ങളും പ്രവർത്തിയ്ക്കുന്നത്. ജില്ലാ ആശുപത്രിയുടെ വികസന കാര്യത്തിൽ സ്ഥലപരിമിതി തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഭാവി വികസനത്തെ മുന്നിൽ കണ്ടുള്ള സ്ഥലലഭ്യയും എളുപ്പത്തിൽ എത്തിച്ചേരാനുള്ള സാഹചര്യവും ഒരുക്കിയാവണം ആരോഗ്യ രംഗത്തെ ആസൂത്രണം ചെയ്യേണ്ടത്.

ഗവൺമെന്റ് നടപ്പിലാക്കുന്ന ആരോഗ്യ സേവനങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും ജനങ്ങൾക്ക് വ്യക്തതയുണ്ടാവേണ്ടതും, സർക്കാർ ആശുപത്രികളിലേയ്ക്കും, പൊതുജനാരോഗ്യ കേന്ദ്രങ്ങളിലേക്കും പൊതുജനങ്ങൾക്ക് എത്തിപ്പെടാൻ വേണ്ട സാഹചര്യവും ഒരുക്കേണ്ടതുണ്ട്.

17.6 സാദ്ധ്യതകൾ (Potentials)

പ്രദേശവാസികൾക്കും, സമീപവാസികൾക്കും, അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നുള്ളവർക്കും ഉപയോഗപ്പെടുത്തക്കവിധം ആരോഗ്യ സേവന കേന്ദ്രങ്ങൾ ഉള്ളിടമാണ് നെയ്യാറ്റിൻകര പട്ടണം. ചിത്രം 17.2 ൽ പ്രദേശത്തെ പ്രധാന ആരോഗ്യ കേന്ദ്രങ്ങളെ കാണിച്ചിരിക്കുന്നു.



ചിത്രം 17.2 നഗരത്തിലെ പ്രധാന ആരോഗ്യ കേന്ദ്രങ്ങൾ (സ്രോതസ്സ്: നെയ്യാറ്റിൻകര നഗരസഭ)

നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ ഏറിയകൂറും എൻഎച്ച് 66 ന് അനുബന്ധമായാണ് പ്രവർത്തിയ്ക്കുന്നത്. ആരോഗ്യ രംഗത്തിന് സ്ഥലപര സൗകര്യങ്ങൾ ഒരുക്കുന്നതിൽ പ്രത്യേക പരിഗണന നല്കി പ്രാദേശികമായ വിശദ ആസൂത്രണം ആവശ്യമാണ്.

നഗരത്തിന് വടക്കു ഭാഗത്ത് ഒരു പുതിയ ആരോഗ്യ സ്ഥാപനത്തിന്റെ വികസനം, ആ ഭാഗത്തെ ജനങ്ങൾക്കും, നെയ്യാറ്റിൻകര താലൂക്കിലെ മറ്റു വില്ലേജുകളിലേയും, തിരുവനന്തപുരം ജില്ലയുടെ വടക്ക്-കിഴക്കേ ഭാഗത്തെ ജനവിഭാഗങ്ങൾക്കും സഹായകരമാകും.

ആയുർവേദ ചികിത്സാ രീതികളാലും, അഗസ്ത്യാർകൂട മലനിരകളുടെ സാന്നിദ്ധ്യത്താലും മെഡിക്കൽ ടൂറിസത്തിന്റെ സാദ്ധ്യതകൾ ഏറെയാണ് .

17.7 സംഗ്രഹം

ആരോഗ്യമേഖലയുടെ കാര്യത്തിൽ അനുകൂലമായ സാഹചര്യമാണ് നെയ്യാറ്റിൻകര പട്ടണത്തിലുള്ളത്. ആരോഗ്യരക്ഷാ കേന്ദ്രങ്ങളുടെ നല്ലൊരു ശൃംഖല തന്നെ ഉള്ളതു കാരണം പൊതുജനാരോഗ്യ രംഗത്ത് മികവും, കുറഞ്ഞ ശിശുമരണ നിരക്കും, ഉയർന്ന ആയുർദൈർഘ്യവും കൈവരിക്കാനായിട്ടുണ്ട്.

ആരോഗ്യ രംഗത്തെ സൗകര്യങ്ങൾ നിലവാരം ഉയർത്തൽ, പകർച്ച വ്യാധികൾ തടയുക എന്നീ വിഷയങ്ങളിൽ ഭാവിയെ മുന്നിൽ കണ്ട് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

ആയുർവേദ ചികിത്സാ രംഗത്ത് കൂടുതൽ സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്. ആയുർവ്വേദവും ആയതുമായി ബന്ധപ്പെട്ട വിനോദ സഞ്ചാരവും പ്രോത്സാഹിപ്പിയ്ക്കുകയാണെങ്കിൽ നഗരസഭയ്ക്ക് അതൊരു മുതൽക്കൂട്ടാവും.

18. പൊതു ശുചിത്വം

നഗരവികസനത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘടകമാണ് മാലിന്യ സംസ്ക്കരണം. മുൻകാലങ്ങളെ അപേക്ഷിച്ച് ജനസംഖ്യ വർദ്ധിച്ചതിനാലും, ഭൂലഭ്യത കുറയുന്നതിനാലും മാലിന്യ സംസ്ക്കരണം സങ്കീർണ്ണമായ പ്രക്രിയയായി തീർന്നിരിക്കുന്നു.

മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സ്ഥല സൗകര്യക്കുറവ്, പൊതുജനാരോഗ്യ രംഗത്തിന്റെ വളർച്ച, മാരകമായ അസുഖങ്ങളുടെ വർദ്ധനവ്, സാങ്കേതിക വിദ്യയുടെ വളർച്ച, ഖരമാലിന്യങ്ങളുടെ അളവിലുള്ള വർദ്ധനവ്, പരിസ്ഥിതിയ്ക്ക് ഹാനികരമായ പുതിയതരം മാലിന്യങ്ങളുടെ സാന്നിദ്ധ്യം എന്നിവയെല്ലാം തന്നെ മാലിന്യ സംസ്ക്കരണ രംഗത്ത് പുതിയ നയങ്ങളോടും പദ്ധതികളോടും കൂടിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ആവശ്യകതയിലേയ്ക്ക് വഴിതെളിച്ചു. ഒപ്പം തന്നെ പാരിസ്ഥിതിക പ്രശ്നങ്ങളും ഇല്ലാതാക്കുന്നതിനായി മാലിന്യങ്ങളുടെ സംസ്കരണത്തിലൂടെ സുസ്ഥിരമായ ഊർജ്ജ ഉല്പ്പാദനത്തെ പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്.

മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള പരസ്പര ബന്ധത്തിലധിഷ്ഠിതമാണ് പരിസ്ഥിതി സംരക്ഷണം. 1972 ൽ സ്റ്റോക്ക്ഹോമിൽ നടന്ന ലോകപരിസ്ഥിതി സമ്മേളനത്തിലാണ്, പാരിസ്ഥിതിക സുസ്ഥിരതയിലൂന്നിയ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. ഓരോ രാജ്യങ്ങൾക്കും പരിസ്ഥിതി വിഷയത്തിൽ തങ്ങളുടേതായ നയങ്ങളും, പദ്ധതികളുമുണ്ട്.

ഈ അദ്ധ്യായത്തിൽ നെയ്യാറ്റിൻകര നഗരസഭയുമായി ബന്ധപ്പെട്ട മാലിന്യ സംസ്ക്കരണ പദ്ധതികളെയും പ്രദേശത്തെ പാരിസ്ഥിതിക ഘടകങ്ങളെയും കുറിച്ച് വിശദീകരിക്കുന്നു.

18.1 ഖരമാലിന്യ സംസ്ക്കരണം – നിലവിലെ സ്ഥിതി

ജില്ലയിൽ, അർദ്ധ – ഗ്രാമീണ സ്വഭാവം പ്രദർശിപ്പിക്കുന്ന നെയ്യാറ്റിൻകരയിലും ശാസ്ത്രീയമായ ഖരമാലിന്യ സംസ്ക്കരണ സംവിധാനത്തിന്റെ അഭാവം അലട്ടുന്നുണ്ട്. ഖരമാലിന്യത്തിന്റെ ഉല്ഭവം, ശേഖരണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നിവയെ അധിഷ്ഠിതമാക്കി പട്ടണത്തിലെ നിലവിലെ ഖരമാലിന്യ സംസ്ക്കരണ സംവിധാനത്തെ വിശകലനം ചെയ്യാം.

2010 ലെ സാമൂഹിക – സാമ്പത്തിക സർവ്വെ പ്രകാരം, നെയ്യാറ്റിൻകര നഗരസഭയിലെ പ്രതിദിന മാലിന്യം 10 ടൺ എന്നു കണക്കാക്കുന്നു.

നഗരസഭാ പരിധിയിലെ ഖരമാലിന്യങ്ങളുടെ തരംതിരിവ് ചാർട്ട് 18.1 ൽ കാണിച്ചിരിക്കുന്നു.



ചാർട്ട് 18.1 മാലിന്യങ്ങളുടെ തരംതിരിവ് (സ്രോതസ്സ്: നെയ്യാറ്റിൻകര നഗരസഭ)

18.1.1 ശേഖരണം

നഗരസഭയിലെ വാർഡുകളിലെ മാലിന്യങ്ങൾ ഒരു കേന്ദ്രീകൃത സംവിധാനം വഴി ശേഖരിക്കുന്നു. ഒരു ടിപ്പർ ലോറിയും രണ്ടു ട്രാക്കുകളും 32 ജീവനക്കാരും ഇതിനായുണ്ട്. (സ്രോതസ്: നഗരസഭ 2013)

ശേഖരണ കേന്ദ്രങ്ങളിൽ ഭൂരിഭാഗവും പ്രധാന റോഡിന് അനുബന്ധമായാണ് സ്ഥിതി ചെയ്യുന്നത്. ഒപ്പം തന്നെ ഭൂരിഭാഗം വാണിജ്യ വ്യാവസായിക സ്ഥാപനങ്ങളും ഈ മേഖലയിലാണ്.

നഗരസഭയുടെ വടക്ക്, തെക്ക് മേഖലയിലെ ഗ്രാമീണ, അർദ്ധ ഗ്രാമീണ സ്വാഭാവം പ്രകടിപ്പിയ്ക്കുന്ന സ്ഥലങ്ങളിൽ സൗകര്യങ്ങൾ കുറവാണ്. മാലിന്യങ്ങൾ ശേഖരിയ്ക്കുന്നതിലെ ഏകീകരണ സംവിധാനത്തിന്റെ അഭാവമാണ് ഇത് വെളിവാക്കുന്നത്.

18.1.2 സംസ്ക്കരണം

നിലവിൽ നിലവാരമുള്ള മാലിന്യ സംസ്ക്കരണ സംവിധാനങ്ങളൊന്നും നഗരസഭയിലില്ല. ശേഖരിക്കുന്ന മാലിന്യം കൃഷി ആവശ്യങ്ങൾക്ക് കർഷകർക്ക് നല്കുകയും, ഉപയോഗപ്പെടുത്താനാവുന്നവയെ വേർതിരിച്ച് കർഷകർക്ക് നല്കുകയും, ശേഷിക്കുന്നവ മറ്റ് പ്രക്രിയകളൊന്നും നടത്താതെ നശിപ്പിച്ചു കളയുകയും ചെയ്യുന്നു.

18.1.3 നിർമ്മാർജ്ജനം

സാമൂഹിക-സാമ്പത്തിക സർവ്വെയുടെ അടിസ്ഥാനത്തിൽ ഭൂരിഭാഗം ജനങ്ങളും തങ്ങളുടെ പുരയിടത്തിൽ തന്നെയാണ് ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതെന്ന് വെളിവാകുന്നു. മാലിന്യങ്ങൾ ശേഖരിയ്ക്കുന്നതിനുള്ള പൊതു സംവിധാനങ്ങൾ കുറവാണ്. നിലവിലെ സംവിധാനത്തിലെ പോരായ്മയാണ് ഇത് വ്യക്തമാകുന്നത്.

പട്ടിക 18.1 ഖരമാലിന്യ സംസ്ക്കരണം : നിലവിലെ സംവിധാനങ്ങൾ

മാലിന്യ നിർമ്മാർജ്ജന സ്ഥലത്തിന്റെ തരം	സ്വന്തം കോംപൗണ്ട്	തെരുവ്	ഗാർബേജ് ബിൻ	തുറന്ന ഗ്രൗണ്ട്	മറ്റുള്ളവ
ഓരോ വിഭാഗത്തിലെയും എൽഎസ്ജിഐ യിലെ ഏകദേശ ശതമാനം	96	0.4	1	2.4	0.2

18.2 ഖരമാലിന്യ സംസ്ക്കരണത്തിന്റെ ഭാവി

നഗരസഭയിൽ ഖരമാലിന്യ സംസ്ക്കരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഉറവിട മാലിന്യ സംസ്ക്കരണത്തിന് പ്രധാന്യം നല്കി ചില മാർക്കറ്റുകളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ ശുചിത്വമിഷൻ മുഖാന്തിരമാണ് ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

18.3 ഖരമാലിന്യ സംസ്ക്കരണം – പ്രശ്നങ്ങൾ

നഗരസഭാതലത്തിലെ ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനത്തിൽ പലവിധ പ്രശ്നങ്ങൾ നിലവിലുണ്ട്. പ്രദേശത്ത് സമഗ്രമായൊരു സംവിധാനമില്ല എന്ന പ്രധാന പോരായ്മയാണ്. മാലിന്യങ്ങൾ യഥാസ്ഥാനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന്റെയും സംസ്ക്കരണ സംവിധാനത്തിന്റെയും പോരായ്മകളുമുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി ഫലപ്രദമായ രീതിയില്ലാത്തതും ഭാവിയെ മുന്നിൽ കണ്ടുള്ള പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും അഭാവവും പോരായ്മകളാണ്.

മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി ശാസ്ത്രീയമായി തയ്യാറാക്കിയ ഇടങ്ങൾ നഗരസഭയിൽ ഉണ്ടാവേണ്ടതുണ്ട്. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പരിസ്ഥിതിയെ ബാധിക്കുകയും, ആയത് വായു-ജല മലിനീകരണങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യും.

അശാസ്ത്രീയ ഖരമാലിന്യ സംസ്ക്കരണം പകർച്ച വ്യാധികളും, രോഗാണു വ്യാപനത്തിനും കാരണമായിത്തീരും. ഇത്തരം സ്ഥിതി വിശേഷം നഗരസഭയുടെ പല ഭാഗത്തു നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

നഗരസഭാ പ്രദേശം മുഴുവനായി ഒരു ഹെൽത്ത് സർക്കിളിനു കീഴിലാണ്. ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വാർഡടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

18.4 ഖരമാലിന്യ സംസ്ക്കരണം – സാധ്യതകൾ

സംസ്ഥാന സർക്കാരിന്റെ മാലിന്യ മുക്ത പദ്ധതികൾ, KSWMP തുടങ്ങിയവയിലൂടെ നഗരസഭാ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സീറോ വേസ്റ്റ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിക്കും. ഉറവിട മാലിന്യ സംസ്ക്കരണത്തിനായി മാർക്കറ്റ് പ്രദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതികളും, വാർഡടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതും കാര്യക്ഷമമായൊരു ഖരമാലിന്യ സംസ്ക്കരണ സംവിധാനമൊരുക്കുന്നതിന് സഹായിക്കുന്നു.

18.5 സ്വീവേജ് മാലിന്യം

സ്വീവേജ് മാലിന്യ സംസ്ക്കരണത്തിനായി കേന്ദ്രീകൃതമായ ഒരു സംവിധാനം പട്ടണത്തിലില്ല. സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റുകൾ തുടങ്ങിയ ഓരോരോ വീടുകൾക്കായുള്ള സംവിധാനമാണ് പ്രധാനമായും ആശ്രയിക്കപ്പെടുന്നത്. ഭാവിയിലെ വികസന സാധ്യതകളും ഭൂഗർഭജലം മലിനമാകുന്നതിനുള്ള സാധ്യതയും കണക്കിലെടുക്കുമ്പോൾ സോക്ക്പിറ്റിൽ നിന്നും സെപ്റ്റിക് ടാങ്കിൽ നിന്നുമുള്ള മാലിന്യത്തിന് ഒരു സംസ്കരണ സംവിധാനത്തിന്റെ ആവശ്യകത ബോധ്യമാകുന്നു. അതിനായി ചെറുകിട വികേന്ദ്രീകൃത മാതൃകകൾ വാർഡുതലത്തിൽ വികസിപ്പിക്കേണ്ടതുണ്ടെന്നു കാണുന്നു.

നഗരത്തിന്റെ ഭാവി ആവശ്യകത വിലയിരുത്തുന്നതിന് ഉത്പാദിപ്പിക്കുന്ന ദ്രവമാലിന്യത്തിന്റെ അളവ് കണക്കാക്കേണ്ടതുണ്ട്. നഗരത്തിൽ ഉൽപാദിപ്പിക്കുന്ന മൊത്തം ഗ്രേ വാട്ടറും, നഗരത്തിൽ ഉൽപാദിപ്പിക്കുന്ന സെപ്റ്റേജും സംഗ്രഹിച്ചാണ് ദ്രവമാലിന്യത്തിന്റെ അളവ് കണ്ടെത്തുന്നത്.

18.5.1 ഗ്രേ വാട്ടറിന്റെ അളവ്

പട്ടിക 18.2 പ്രകാരം, വാസഗൃഹസ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഗ്രേ വാട്ടറിന്റെ അളവ് 4.1 MLD ആണ്. അതുപോലെ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ വാണിജ്യ സ്ഥാപനങ്ങൾ, തുടങ്ങിയ മറ്റ് പ്രധാന സ്ഥാപനങ്ങളിൽ (വാസഗൃഹമല്ലാത്ത സ്രോതസ്സുകൾ) നിന്ന് ഉത്പാദിപ്പിക്കുന്ന ഗ്രേ വാട്ടറിന്റെ അളവ് സംബന്ധിച്ച് മുനിസിപ്പാലിറ്റിയിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ പട്ടിക 18.3-ൽ നൽകിയിരിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന ഗ്രേ വാട്ടറിന്റെ അളവ് ഉപയോഗിക്കുന്ന വെള്ളത്തിന്റെ 50% ആണെന്ന് അനുമാനിക്കപ്പെടുന്നു.

പട്ടിക 18.2 വാസഗൃഹ സ്രോതസ്സുകളിൽ നിന്നുള്ള ഗ്രേ വാട്ടറിന്റെ അളവ്

Population of the town (2011 census) : 70850
Projected population for year 2040 : 78553
Water consumption in year 2040 (@70lpcd) : 5,498,710 (i.e. 78553x70)
Total quantity of grey water (@75% of water consumed) : 4,124,033 (5498710*0.75) =[**4.1 MLD]**

പട്ടിക 18.3 വാസഗൃഹമല്ലാത്ത സ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഗ്രേ വാട്ടറിന്റെ അളവ് (സ്രോതസ്: നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി)

Sl. no	Type of establishment	No of establishments	LPCD	No of seats/beds/ users	Total water consumption/ day (L)
(1)	(2)	(3)	(4)	(5)	(6)=(4)x(5)
1.	Hotels	2	180/bed	250 persons	45000
2.	Restaurants	70	70/seat	100 seat	7000
3.	Hospitals with number of beds > 100	3	450/bed	1500	675000
4.	Hospitals with number of beds <100	6	340/bed	470	159800
5.	Nurse homes	1	135	60 bed	8100
6.	Hostels	3	135	90 bed	12150
7.	Boarding schools and colleges	2	135	50 bed	6750
8.	Day schools and colleges	39	45	15656	704520
9.	Offices	150	45	2620	117900

10.	Factories	1	45-30	20 seat	900
11.	Any other establishments	KAL	-	150	150
	Total quantity of water consumed				1737270 L/d
	Total quantity of grey water (50% of water consumed)			**868635 L/d**	

പട്ടിക 18.3 പ്രകാരം വാസഗൃഹമല്ലാത്ത സ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഗ്രേ വാട്ടറിന്റെ അളവ് പ്രതിദിനം 868,635 ലിറ്റർ അതായത് ഏകദേശം 0.87 MLD ആണ്. ഗ്രേ വാട്ടറിന്റെ ആകെ അളവ് = റെസിഡൻഷ്യൽ ഗ്രേ വെള്ളത്തിന്റെ അളവ് + നോൺ റെസിഡൻഷ്യൽ ഗ്രേ വെള്ളത്തിന്റെ അളവ് (4124033 + 868635), അതായത്, 4992668 (5.0 MLD).

18.5.2 സെപ്റ്റേജ് അളവ്

IS കോഡ് (CSE, 2017) അടിസ്ഥാനമാക്കി, ഇന്ത്യൻ സാഹചര്യങ്ങളിൽ പ്രതിവർഷം ആളോഹരി 120 ലിറ്റർ സെപ്റ്റേജ് ഉത്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്കാക്കുന്നത്.

പട്ടിക 18.4 ദിവസേനയുള്ള സെപ്റ്റേജ് ജനറേഷന്റെ വിശദാംശങ്ങൾ

Projected Population of town : 78553
Septage generation rate : 120 L per capita per yr
Annual septage generation in town : 9,426,360 L per yr (i.e. 120 x 78553)
Daily septage generation in town : 25826 (9426360/365) i.e **25.8 KLD**

പട്ടിക 18.4-ലെ കണക്കാക്കിയ അളവിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര നഗരസഭയിൽ ഉൽപ്പാദിപ്പിക്കുന്ന സെപ്റ്റേജ് 25.8 KLD ആണ്. സെപ്റ്റേജിന്റെ 50% ശേഖരിക്കുമെന്നാണ് കരുതുന്നത്. അതായത് 12,913 (ഏകദേശം 13 KLD).

ഉൽപ്പാദിപ്പിക്കപ്പെടുന്ന മൊത്തം ദ്രവ മാലിന്യത്തിന്റെ കണക്ക്:

നഗരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ദ്രവമാലിന്യത്തിന്റെ ആകെ അളവ് ഗ്രേ വാട്ടറിന്റെയും സെപ്റ്റേജിന്റെയും അളവാണ്. അതായത് (4992668 + 12,913)= 5,005,581 =5.01 MLD. ഭാവിയിൽ 5.01 MLD ദ്രവ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ നഗരസഭയിൽ ഒരുക്കേണ്ടതുണ്ട്.

18.6 മഴവെള്ള നിർഗമന സംവിധാനം

പാതയോരങ്ങളിൽ നിർമ്മിക്കാറുള്ള ഓടകളും, അനുബന്ധ നിർമ്മാണങ്ങളും പ്രധാനമായും മഴവെള്ളം ഒഴുക്കിക്കളയുന്നതിനും റോഡുകളിലും മറ്റും വെള്ളം കെട്ടി നിൽക്കുന്നത് തടയുന്നതിനുമാണ്. പട്ടണത്തിലെ എല്ലാ പ്രധാന റോഡുകളിലും ഇത്തരത്തിലുള്ള ഡ്രെയിനേജ് സൗകര്യങ്ങൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

18.7 സംഗ്രഹം

നഗരസഭാ പരിധിയിലൊട്ടാകെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉതകും വിധത്തിലല്ല നിലവിലെ ഖരമാലിന്യ സംസ്ക്കരണ സംവിധാനം. വികേന്ദ്രീകൃത ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങളും, കേന്ദ്രീകൃത മേൽനോട്ട പ്രവർത്തനങ്ങളും അനിവാര്യമാണ്. പുതിയ പദ്ധതികൾ ഇത്തരത്തിലുള്ളതാവണം. സ്വീവേജ് സംസ്കരണത്തിനും മഴവെള്ള നിർഗ്ഗമനത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കേണ്ട ആവശ്യകതയും, ഇതോടൊപ്പമുണ്ട്.

19. പരിസ്ഥിതി

19.1 പാരിസ്ഥിതിക ഘടകങ്ങൾ നിലവിലെ സ്ഥിതി

പരിസ്ഥിതി സംബന്ധിയായ വിഷയത്തിൽ പ്രധാനമായും വായു, ജല, മലിനീകരണ ത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്. നഗരസഭ അഭിമുഖീകരിക്കുന്ന വിഷയങ്ങളിൽ വച്ച് പ്രഥമ പരിഗണന ഇവയ്ക്കാണ്.

19.2 ജലമലിനീകരണം

മാലിന്യ നിക്ഷേപവും, മലിനജലം കൃത്യമായി ഒഴുക്കി വിടാത്തതും, ജലസ്രോതസ്സുകളുടെ നാശോന്മുഖാവസ്ഥയും, മണൽ ഖനനവും ജലമലിനീകരണത്തിന് കാരണമായിത്തീരുന്നുണ്ട്. അനധികൃത മണൽ ഖനനം നെയ്യാറിന്റെ നിലനില്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രദേശത്തെ ഭൂജലവിതാനം തന്നെ അടിക്കടി താഴ്ന്നു കൊണ്ടിരിക്കുകയാണ്. ഇത് പ്രദേശവാസികൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണറുകളെ സാരമായി ബാധിച്ചേക്കാം. ഒപ്പം തന്നെ ജലദൗർലഭ്യ പ്രശ്നങ്ങൾക്കും ആയത് കാരണമായിത്തീരും.

മാലിന്യ നിക്ഷേപം കാരണം പ്രകൃത്യാലുള്ള വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. ഒപ്പം തന്നെ കെട്ടിക്കിടക്കുന്ന വെള്ളം മറ്റു പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയാക്കുകയും ചെയ്യും. കാലാനുസൃതമായി അറ്റകുറ്റപ്പണികളും, നവീകരണ പ്രവർത്തനങ്ങളും നടത്താത്തതിനാൽ ജലാശയങ്ങളിലേറെയും നാശോന്മുഖമായി. ശരിയായ അറ്റകുറ്റപ്പണികൾ നടത്തിയില്ലെങ്കിൽ പായലും മറ്റും വളർന്ന് ജലാശയങ്ങളുടെ നിലനില്പിനെ തന്നെ ബാധിച്ചേക്കും. പല കുളങ്ങളും ഇറിഗേഷൻ കനാലിലേയ്ക്കുള്ള ജലലഭ്യതയെ സഹായിക്കുന്നവയാണ്. ഇവ നശിക്കുന്നത് കാർഷിക മേഖലയെയും സാരമായി ബാധിച്ചേക്കാം.



ചിത്രം 19.1 നവീകരണ പ്രവർത്തനം നടത്തേണ്ട കുളങ്ങളുടെ വിന്യാസം

ഇതോടൊപ്പം തന്നെ ഇത്തരത്തിൽ നിർഗമനം ചെയ്യുന്ന ജലം കെട്ടി നിറുത്തുന്നതിനുള്ള ഒരു സംവിധാനത്തിന്റെ ആവശ്യകത കൂടി ബോധ്യപ്പെട്ടിട്ടുണ്ട്. ഭൂവിനിയോഗത്തിലുണ്ടായ മാറ്റം നിമിത്തം മുൻപ് നിലങ്ങളും താഴ്ന്ന പ്രദേശങ്ങളുമായിക്കിടന്ന സ്ഥലങ്ങൾ നികത്തപ്പെട്ടു പോയിട്ടുണ്ട്. തന്മൂലം വെള്ളം കെട്ടി നിന്ന് ഭൂഗർഭ ജലനിരപ്പിനെ ഉയർത്തുന്നതിനുള്ള സാധ്യതകൾ നഷ്ടമായിട്ടുണ്ട്. ആയതിനാൽ ഇത്തരം ഓടകളിൽ നിന്നുള്ള ജലം അടുത്തു തന്നെയുള്ള ഒരു കുളത്തിലേക്കോ താഴ്ന്ന പ്രദേശത്തേയ്ക്കോ തിരിച്ചു വിട്ട് സംരക്ഷിക്കുന്നത് ഭാവിയിലെ ജലദൗർലഭ്യ സാധ്യത കണക്കിലെടുക്കുമ്പോൾ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണ്.

അടിയന്തിരമായി നവീകരിക്കേണ്ട ജലാശയങ്ങളുടെ സ്ഥലപര വിന്യാസം മാപ്പ് 19.1 ൽ കാണിച്ചിരിക്കുന്നു.

ഇത്തരത്തിലുള്ള ജലാശയങ്ങളിലധികവും പട്ടണത്തിന്റെ മദ്ധ്യമേഖല കേന്ദ്രീകരിച്ചാണെന്ന് കാണുന്നു.

19.3 ജലത്തിന്റെ ഗുണനിലവാര പരിശോധന

ജലത്തിന്റെ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ ഒരു ജലാശയം എത്രത്തോളം മലിനമാണെന്ന് കണ്ടെത്താം. സംസ്ഥാനത്തെ പ്രമുഖ ജലാശയങ്ങളിലെല്ലാം തന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (KSPCB) മുഖാന്തിരം ഇത്തരം പരിശോധനകൾ നടത്താറുണ്ട്.



ചാർട്ട് 19.1 ജലത്തിന്റെ ഗുണനിലവാര വിശകലനം (സ്രോതസ്സ്: KSPCB ഡയറക്ടറി 2008-2011)

നെയ്യാർ നദീജലവും നിരന്തര പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. പ്രാധാന്യം കുറഞ്ഞ ജലസ്രോതസ്സുകളിൽ ഇത്തരം പരിശോധകൾ നടത്തപ്പെടുന്നില്ല. അരുവിപ്പുറത്തും അമരവിളയിലും ഇത്തരം നിരീക്ഷണ കേന്ദ്രങ്ങളുണ്ട്.

2008 മുതൽ 2011 കാലഘട്ടങ്ങളിലെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് നെയ്യാറിലെ ജലത്തിന്റെ ഗുണനിലവാര വ്യത്യാസത്തെ സംബന്ധിച്ച് ഒരു താരതമ്യ പഠനം നടത്തിയിരിക്കുന്നു. ചാർട്ട് 19.1 ജലത്തിന്റെ ഗുണനിലവാരത്തെ സൂചിപ്പിയ്ക്കുന്നു. (ചാർട്ട് 19.1)

ജലത്തിന്റെ ഗുണനിലവാരം കണ്ടെത്താനായി നിരവധി മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ട്. pH, Dissolved oxygen (DO) [mg/l], Bio-chemical-oxygen Demand (BOD) [mg/l], Nitrate [mg/l], Nitrate/Ammonia [mg/l], Total Coliform [no./100 ml], Faecal Coliform [no.100ml] and Conductivity [Hmhos/cm]. കണ്ടെത്തിയ മൂല്യങ്ങളെ അടിസ്ഥാന മൂല്യങ്ങളുമായി താരതമ്യപ്പെടുത്തുന്നു. ഇതിലൂടെ അഭികാമ്യമായ പരിധി കണ്ടെത്താം.

ജലാശയങ്ങളുടെ ഗുണനിലവാരവും സുരക്ഷയും നിശ്ചയിക്കപ്പെടുന്നത് അവ ഏതളവോളം അഭികാമ്യ പരിധി ലംഘിക്കുന്നു എന്നത് അടിസ്ഥാനമാക്കിയാണ്.

അരുവിപ്പുറത്തെയും, അമരവിളയിലെയും ജലത്തിന്റെ pH മൂല്യങ്ങൾ വിശകലനം ചെയ്തതിൽ അവ അഭികാമ്യ പരിധിക്കുള്ളിലെ മൂല്യത്തെ കാണിക്കുന്നു. നെയ്യാറിലെ ജലത്തിൽ ഓക്സിജന്റെ ലീന മൂല്യം (Dissolved Oxygen Value) അഭികാമ്യമായ തോതിലും അധികമാണെന്നു കാണാം. ഇതിൽ നിന്നും ജലമലിനീകരണത്തിന്റെ താഴ്ന്ന തോതാണ് വെളിവാകുന്നത്. ഒപ്പം തന്നെ നദിയിലെ BOD (Bio-chemical Oxygen Demand) മൂല്യവും പരിധിക്കുള്ളിലാണ്. ഒരളവുവരെ ഓർഗാനിക് മാലിന്യങ്ങളുടെ സാന്നിദ്ധ്യം നെയ്യാറിലില്ല എന്നു കണക്കാക്കാം. നൈട്രേറ്റുകളും, നൈട്രേറ്റ്/അമോണിയ സംയുക്തങ്ങളും പരിധിക്കുള്ളിലാണ്. ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി (വൈദ്യുത-ചാലക) മൂല്യങ്ങളും മുൻകാലങ്ങളെപ്പോലെ വലിയ മാറ്റമില്ലാതെ തുടരുന്നു. Total and Faecal Coliform values ഉം അഭികാമ്യമായ പരിധിക്കുള്ളിലാണെന്ന് കണ്ടെത്താം.

കാലികമായ മാറ്റങ്ങൾ ജലാശയങ്ങളിലെ വെള്ളത്തിന്റെ ഗുണനിലവാരത്തെയും ബാധിച്ചിട്ടുണ്ട്. അരുവിപ്പുറം മുതൽ അമരവിള വരെയുള്ള ജനവാസ മേഖലയിലൂടനീളം പല വിധ ഘടകങ്ങൾ ജലാശയത്തെ മലീമസമാക്കും വിധം സ്വാധീനം ചെലുത്തുന്നുണ്ട്.

19.4 വായു മലിനീകരണം – വിശകലനം

അന്തരീക്ഷ വായുവിലെ മലിനീകരണ തോത് അളക്കാൻ പാകത്തിൽ നിരീക്ഷണ കേന്ദ്രങ്ങൾ പ്രദേശത്ത് നിലവിലില്ല എന്നത്, നഗരസഭയിലെ വായുവിന്റെ ഗുണനിലവാരം കണ്ടെത്തുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. നിലവിൽ KSPCB യുടെ നിരീക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നത് തിരുവനന്തപുരം നഗര പരിധിയ്ക്കുള്ളിലാണ്. ആയതിനാൽ മുൻവർഷത്തെ കണക്കുകൾ അപഗ്രഥിച്ചേ ഇക്കാര്യത്തിൽ ഒരു ഗതിനിർണയം നടത്താനാകൂ.



ചാർട്ട് 19.2 വായു മലിനീകരണ തോത് (സ്രോതസ്സ്: KSPCB ഡയറക്ടറി 2008-2011)

സൾഫർ ഡയോക്സൈഡിന്റെയും, നൈട്രജൻ ഓക്സൈഡിന്റെയും, മറ്റു ഹാനികരമായ വസ്തുക്കളുടെയും സാന്നിദ്ധ്യം കണ്ടെത്തുകയും അവ അടിസ്ഥാന അഭികാമ്യ മൂല്യവുമായി താരതമ്യം ചെയ്തുമാണ് വായുവിന്റെ ഗുണനിലവാരമളക്കുന്നത് (ചാർട്ട് 19.2). പഠനഫലങ്ങളിൽ നിന്നും വായുമലിനീകരണം വലിയ തോതിൽ നെയ്യാറ്റിൻകര പട്ടണത്തെ ബാധിച്ചിട്ടില്ല എന്ന് കണക്കാക്കാം.

19.5 പാരിസ്ഥിതിക പ്രശ്നങ്ങൾ

ജലാശയങ്ങൾ കാലാനുസൃതമായി നവീകരിക്കാത്തതും മാലിന്യങ്ങൾ നിക്ഷേപിയ്ക്കുന്നതും പ്രധാന പോരായ്മകളാണ്.

അനധികൃത മണൽ ഖനനം തടയുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. പ്രാദേശിക ഭരണകൂടങ്ങളുടെ സഹകരണത്തോടെ ജലത്തിന്റെ ഗുണനിലവാരം നിലനിറുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ പ്രദേശത്തെ മറ്റു ജലാശയങ്ങളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. ഒപ്പം തന്നെ നഗര പരിധിയ്ക്കുള്ളിലെ വായുമലിനീകരണം കണ്ടെത്താനുതകും വിധത്തിൽ നിരീക്ഷണ കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതുണ്ട്.

പ്രദേശവാസികൾക്ക് പാരിസ്ഥിതിക വിഷയത്തിൽ അവഗാഹം സൃഷ്ടിക്കുന്നതിന് വിധത്തിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമുണ്ട്.

19.6 പരിസ്ഥിതി സാദ്ധ്യതകൾ

രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രദേശത്ത് നിലവിലില്ല എന്നത് ആശ്വാസകരമായ വസ്തുതയാണ്. ഒപ്പം തന്നെ നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകതയും, ഈ വിഷയത്തിൽ നിലനില്ക്കുന്നു.പട്ടണത്തിലെ പാരിസ്ഥിതക ഘടകങ്ങൾ ഉചിതമായി പരിപാലിക്കുക വഴി വിനോദ സഞ്ചാരം, ജലവിതരണം, കാർഷിക മേഖല തുടങ്ങി വിവിധ മേഖലകളിൽ പട്ടണത്തിന് വമ്പിച്ച വികസന സാധ്യത നിലനില്ക്കുന്നു.

19.7 സംഗ്രഹം

വായു-ജല മലിനീകരണത്തിലൂന്നിയ പാരിസ്ഥിതിക വിഷയങ്ങൾ പട്ടണത്തെ വലിയ തോതിൽ ബാധിച്ചിട്ടില്ല. ജലാശയങ്ങളെ സംരക്ഷിക്കാനുതകും വിധത്തിൽ ശരിയായ ആസൂത്രണത്തോടു കൂടിയ പ്രവർത്തനങ്ങൾ നിലവിലില്ല. പട്ടണത്തിലെ ജലസമ്പത്ത് സംരക്ഷിക്കാനുതകും വിധത്തിൽ കൃത്യമായ നിരീക്ഷണവും, വിലയിരുത്തലും ഉണ്ടാവേണ്ടതുണ്ട്. വായു മലിനീകരണ തോത് അളക്കാനുള്ള സംവിധാനങ്ങൾ പ്രദേശത്ത് ഒരുക്കുന്നത് ഈ വിഷയത്തിൽ സഹായകരമാവും.

20. പാർപ്പിടങ്ങളും ചേരികളും

മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. ഒപ്പം തന്നെ പ്രദേശവാസികളുടെ മാറി വരുന്ന അഭിരുചികളെയും ആവശ്യങ്ങളെയും നിറവേറ്റാനുതകുന്ന വിധത്തിൽ ഈ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ദേശവാസികൾക്ക് സുസ്ഥിരമായൊരു പാർപ്പിട സംവിധാനം ഒരുക്കുന്നതിന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പുതിയ പദ്ധതികളും, തന്ത്രങ്ങളും ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്.

2001 ലെ സെൻസസ് അടിസ്ഥാനമാക്കിയ കേരള സ്റ്റേറ്റ് ഹൗസിംഗ് പോളിസി റിപ്പോർട്ട് 2011 ൽ പാർപ്പിട രംഗത്തെ അപര്യാപ്തതയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 63000 യൂണിറ്റുകളുടെ കുറവും, നവീകരണം ആവശ്യമായ 5.38 ലക്ഷം കാലഹരണപ്പെട്ട കെട്ടിടങ്ങളും, പുതിയ വാസഗൃഹങ്ങളുടെ 4.5 ലക്ഷം ആവശ്യകതയും ചൂണ്ടിക്കാട്ടുന്നു. സമൂഹത്തിലെ താഴേക്കിടയിലുള്ളവരെയാണ് പാർപ്പിട പ്രശ്നം രൂക്ഷമായി ബാധിക്കുന്നത്.

അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത നേരിടുന്ന ഇടങ്ങളാണ് ചേരികൾ. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വലിയൊരു വിഭാഗം ജനങ്ങൾ തങ്ങളുടെ പാർപ്പിടാവശ്യത്തിനായി ചേരികളിൽ അഭയം തേടുന്നുണ്ട്.

ഇന്ത്യയിൽ 68 മില്യൺ ആളുകൾ ചേരികളിൽ ജീവിക്കുന്നതായി Times of India, “68 millions Indians living in slums”, March 21, 2013 ലെ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് കുറഞ്ഞ ശതമാനം ചേരികളുള്ളത്. 2001 ലെ സെൻസസ് പ്രകാരം, കേരളത്തിൽ 65000 ആളുകൾ ചേരിയിൽ താമസിയ്ക്കുന്നു.

നെയ്യാറ്റിൻകര നഗരസഭയിലെ പാർപ്പിട മേഖലയെയും ചേരികളെയും കുറിച്ച് ഈ ഭാഗത്ത് പ്രതിപാദിക്കുന്നു.

20.1. പാർപ്പിടം - നിലവിലെ സ്ഥിതി

പ്രദേശത്തെ പാർപ്പിടങ്ങളുടെ നിലവിലെ സ്ഥിതിയും സ്ഥല സൗകര്യങ്ങളും പരിഗണിച്ചാണ് പാർപ്പിട അവസ്ഥയെക്കുറിച്ച് വിശദീകരിക്കുന്നത്. ഒപ്പം തന്നെ പാർപ്പിട സൗകര്യങ്ങളുടെ അപര്യാപ്തതയയും പ്രതിപാദിക്കുന്നു.

ചാർട്ട് 20.1 ൽ നിന്നും വെളിവാകുന്നത്, 15% ത്തോളം വീടുകളുടെ വിസ്തീർണ്ണം 20 ച.മീറ്ററിൽ താഴെയാണ്. 10% വാസഗൃഹങ്ങൾ മാത്രമാണ് 250 ച.മീറ്ററിൽ അധികം വിസ്തീർണ്ണമുള്ളത്. ബഹുഭൂരിപക്ഷം വീടുകളും 50-75 ച.മീറ്റർ വിസ്തൃതിയുള്ളവയാണ്.



ചാർട്ട് 20.1 പാർപ്പിടങ്ങളുടെ വിസ്തീർണ്ണ വിന്യാസം (സ്രോതസ്സ്:സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

ചാർട്ട് 20.2 ൽ കെട്ടിടങ്ങളുടെ തരത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ഭൂരിഭാഗം ആളുകളും ഉറപ്പുള്ള കോൺക്രീറ്റ് (പക്ക) കെട്ടിടങ്ങളിലാണ് താമസിയ്ക്കുന്നത്. ഓലമേഞ്ഞ അഥവാ കച്ചാ

കെട്ടിടങ്ങളിൽ താമസിക്കുന്നവരുടെ എണ്ണം 18% ത്തോളം മാത്രമാണ്. ഇടത്തരം നിർമ്മാണ ശൈലിയിലുള്ള ഓട് മേഞ്ഞ കെട്ടിടങ്ങളാണ് ശേഷിക്കുന്നവ.



ചാർട്ട് 20.2 നഗരസഭയിലെ കെട്ടിടങ്ങളുടെ തരം (സ്രോതസ്സ്:സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

മേൽ സൂചിത കണക്കുകളിൽ നിന്നും വാസഗൃഹങ്ങളുടെ ഘടനയെക്കുറിച്ച് മനസ്സിലാക്കാം. ടൈൽ, സിമെന്റ്, മാർബിൾ എന്നിവ കൊണ്ട് നിർമ്മിച്ച തറയാണ് ഭൂരിഭാഗം വാസഗൃഹങ്ങളിലുമുള്ളത്. ഒപ്പം തന്നെ പ്രകൃത്യാലുള്ളതും, ഈടുനില്ക്കുന്നതുമായ ഉല്പ്പന്നങ്ങൾ ഉപയോഗിച്ചുള്ള മേൽക്കൂരയുള്ള കെട്ടിടങ്ങൾ നാമമാത്രമാണ്. വിശദാംശങ്ങൾ പട്ടിക 20.1 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 20.1 പാർപ്പിട ഘടനയും നിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കളും (സ്രോതസ്സ്: സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

തറയുടെ തരം	സാധാരണ ടൈൽസ്/സിമെന്റ്	മോസെയ്ക്/മാർബിൾ	മറ്റുള്ളവ
എൽഎസ്ജിഐ യിലെ ഏകദേശ ശതമാനം	59.59	22.74	6.41

ചുവരിന്റെ തരം	പ്ലാസ്റ്റിക്	തെങ്ങോല	മൺകട്ട	മൺകട്ട പൂശിയത്	ചുടുകട്ട	ചുടുകട്ട പൂശിയത്
എൽഎസ്ജിഐ യിലെ ഏകദേശ ശതമാനം	0.05	0.7	15	14	20.25	50

മേൽക്കൂരയുടെ തരം	പ്ലാസ്റ്റിക്/പുല്ല്/തെങ്ങോല	ടിൻ/ആസ്ബറ്റോസ്/ടൈൽസ്	കോൺക്രീറ്റ്
എൽഎസ്ജിഐ യിലെ ഏകദേശ ശതമാനം	6	37	57

പാർപ്പിടങ്ങളെ സംബന്ധിച്ച കാര്യങ്ങൾ വീടുകളുടെ തരത്തിലും, വിസ്തീർണ്ണത്തിലും ഒതുക്കാവുന്നതല്ല, മറിച്ച് വീട് സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ വലുപ്പവും പ്രാധാന്യമർഹിക്കുന്നുണ്ട്. മൃഗപരിപാലനത്തിനുള്ള കെട്ടിടവും, ഇടത്തരം കാർഷിക പ്രവർത്തനങ്ങൾക്കുള്ള കെട്ടിടവും ഒക്കെ തന്നെ നമ്മുടെ നാട്ടിൽ വാസഗൃഹവുമായി അനുബന്ധിച്ച് വരുന്നുണ്ട്.

വസ്തുവിന്റെ വലുപ്പത്തെ (പ്ലോട്ട് സൈസ്) സംബന്ധിച്ച വിശകലനത്തിൽ നിന്നും 3 മുതൽ 10 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമിയാണ് ബഹുഭൂരിപക്ഷം താമസക്കാരും കൈവശം വച്ചിരിക്കുന്നത്. ചാർട്ട് 20.3 ൽ വസ്തുവിന്റെ വലുപ്പ വ്യത്യാസങ്ങളെ പരാമർശിക്കുന്നു.

പാർപ്പിടത്തെക്കുറിച്ചുള്ള പഠനത്തിൽ പ്രദേശത്തെ വസ്തു ഉടമസ്ഥതയും പ്രാധാന്യമർഹിയ്ക്കുന്നുണ്ട്. ആയത് ജനങ്ങളുടെ ക്രയവിക്രയ ശേഷിയിലേയ്ക്കും, വസ്തുവിന്റെ ലഭ്യതയിലേയ്ക്കും ഒപ്പം തന്നെ പ്രദേശത്തെ ഭാവി വികസന സാദ്ധ്യതകളിലേക്കും വെളിച്ചം വീശുന്നു.



ചാർട്ട് 20.3 പ്ലോട്ട് സൈസിനനുസരിച്ചുള്ള വിന്യാസം (സ്രോതസ്സ്:സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

നഗരസഭാ പ്രദേശത്തെ ഭൂരിഭാഗം ഭൂമിയും വ്യക്തികളുടെ ഉടമസ്ഥതയിലാണ്. വാസഗൃഹ നിർമ്മാണ രംഗത്ത് ഈയൊരവസ്ഥ അനുകൂല സാഹചര്യം സൃഷ്ടിക്കുമെങ്കിലും അമിതമായി ഭൂമിയെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ഉടമസ്ഥതയെ സംബന്ധിച്ച വിവരങ്ങൾ ചാർട്ട് 20.3 ൽ കാണിച്ചിരിക്കുന്നു.

20.2 പാർപ്പിട സൗകര്യങ്ങളുടെ അപര്യാപ്തത

2001 ലെ സെൻസസ് അടിസ്ഥാനമാക്കിയാണ് പട്ടണത്തിലെ പാർപ്പിട സൗകര്യങ്ങളുടെ അപര്യാപ്തതയെക്കുറിച്ച് വിശകലനം ചെയ്യുന്നത്.

സെൻസസ് സൂചികകൾ പ്രകാരം 2011 ലെ ജനസംഖ്യ 70850 ഉം, മൊത്തം കുടുംബങ്ങൾ 18176 ഉം ആണ്. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ 12 ഉം ജനങ്ങളുടെ എണ്ണം 52 ഉം ആണ്.



ചാർട്ട് 20.4 ഭൂഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ (സ്രോതസ്സ്:സാമൂഹിക-സാമ്പത്തിക സർവ്വെ, 2010)

അടുത്ത ദശകങ്ങളിലെ ജംസംഖ്യ വർദ്ധനവ് കണക്കാക്കുമ്പോൾ ഏകദേശം 400 - ഓളം കുടുംബങ്ങളുടെ വർദ്ധനവ് ഉണ്ടാകാനാണ് സാധ്യത കാണുന്നത്.

നിലവിൽ പാർപ്പിടമില്ലാത്തവരുടെ എണ്ണത്തോടൊപ്പം മേൽ സൂചിപ്പിച്ച എണ്ണം പാർപ്പിടങ്ങൾ കൂടി ആവശ്യമായി വരുമെന്ന് കരുതാവുന്നതാണ്.

വിവിധ വിഭാഗങ്ങളിലെ ജനങ്ങൾക്കായി സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന ഭവന പദ്ധതികൾ പട്ടണത്തിലെ പാർപ്പിടങ്ങളുടെ അപര്യാപ്തത പരിഹരിക്കുമെന്ന് പ്രതീക്ഷിക്കാം.

20.3 ചേരികൾ

സ്ഥല സൗകര്യങ്ങളുടെ കാര്യത്തിൽ അപര്യാപ്തത നേരിടുന്ന നഗര പ്രദേശങ്ങളിലെ വാസഗൃഹ മേഖലയാണ് ചേരികൾ.

'നഗര പ്രദേശത്തെ ദാരിദ്ര്യത്തിന്റെ ഭൗതികവും സ്ഥപരവുമായ ഉത്തമ ദൃഷ്ടാന്തം' എന്നാണ് ചേരിയെക്കുറിച്ച് National Resource Centre on Urban Poverty (SPA) New Delhi യുടെ "Research study on slum typology and Grading for improvement inputs"റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്.

ചിട്ടയില്ലാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവുമുള്ള വാസഗൃഹ സംവിധാനമാണ് ചേരികൾ, വ്യത്യസ്ത തലങ്ങളിൽ നിർവ്വചനത്തിലും മാറ്റം വരാം. വ്യത്യസ്ത സംഘടനകൾ ചേരികൾക്ക് നല്കിയിരിക്കുന്ന നിർവ്വചനങ്ങളും വിഭിന്നമാണ്.

ഇന്ത്യൻ സെൻസസ് പ്രകാരം ചേരികളെ നിർവ്വചിച്ചിരിക്കുന്നത് മുന്നൂറോളം ജനസംഖ്യയും, 60-70 വാസഗൃഹങ്ങളും ഉൾപ്പെട്ട ഇടുങ്ങിയതും, അനാരോഗ്യകരമായ ചുറ്റുപാടുകളും, അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തതയും ഉള്ള, മോശം അവസ്ഥയിലുള്ള കെട്ടിങ്ങൾ ഉൾപ്പെടുന്ന പ്രദേശം എന്നാണ്.

UNDP (United Nations Development Program)യുടെ അഭിപ്രായത്തിൽ - ചേരി പ്രദേശം എന്നാൽ ഒരു കൂട്ടം ആളുകൾ ഒരേ മേൽക്കൂരയ്ക്കു കീഴിൽ താമസിക്കുന്നതും കുടിവെള്ളത്തിന്റെ അപര്യാപ്തതയാലും, പൊതുശുചിത്വ സൗകര്യങ്ങളുടെ അപര്യാപ്തതയാലും, ഇടുങ്ങിയ മുറികളാലും ഉറപ്പുള്ള സുരക്ഷിത ഭവനങ്ങളുടെ അപര്യാപ്തതയാലും ബുദ്ധിമുട്ട് നേരിടുന്ന പ്രദേശം എന്നാണ്.

പ്രാദേശികമായ ചുറ്റുപാടുകൾ പരിഗണിക്കപ്പെടുമ്പോൾ ചേരി പ്രദേശങ്ങൾ വിഭിന്ന സ്വഭാവം പ്രകടിപ്പിക്കുന്നതിനാൽ ആയതിന്റെ നിർവ്വചനങ്ങൾ പ്രാദേശികമായ സൂചികകൾക്കനുസരിച്ച് വ്യത്യസ്തമാകുന്നതാണ്.

20.4 ചേരികൾ - നിലവിലെ അവസ്ഥ

2001 ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 1.81% ഉം നഗരപ്രദേശത്തെ ജനങ്ങളുടെ 0.78% ഉം ചേരികളിൽ അധിവസിക്കുന്നു. 2001 ലെ BPL സർവ്വെ പ്രകാരം മൊത്തം ജനസംഖ്യയുടെ 18% ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ചേരി നിവാസികളുടെ എണ്ണത്തിലുള്ള വർദ്ധനവ് പരിഗണിച്ച്, 2004-2005 വർഷത്തെ NSSC (National Sample Survey Organisation) റിപ്പോർട്ടിൽ മൊത്തം ജനസംഖ്യയുടെ 2.1% ഉം ചേരി നിവാസികളാണെന്ന് സൂചിപ്പിയ്ക്കുന്നു.

നഗരസഭാടിസ്ഥാനത്തിൽ നടത്തിയ 2009 ലെ BPL സർവ്വെ പ്രകാരം 2400 കുടുംബങ്ങളിലെ 9761 പേർ ദാരിദ്ര്യരേഖക്കു താഴേയാണ്. ചേരികൾക്ക് സമാനമായ അവസ്ഥയുള്ള ചുറ്റുപാടുകളിലാണ് ഇവർ ജീവിയ്ക്കുന്നത്. മൊത്തം 2500 കുടുംബങ്ങളാണ് ചേരികളിൽ അധിവസിക്കുന്നത്.

കേന്ദ്ര തൊഴിൽ ദാരിദ്ര്യനിർമ്മാർജ്ജന മന്ത്രാലയത്തിനു കീഴിൽ പാർപ്പിട രംഗത്തെ നവീകരണത്തിനും ചേരികളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയാണ് IHSDP. ചേരി നിവാസികൾക്കായി പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം, ഒപ്പം തന്നെ വീടില്ലാത്തവർക്കും, നാശോന്മുഖമായ വാസഗൃഹങ്ങളിൽ താമസിക്കുന്നവർക്കും സ്ഥിരം പാർപ്പിട സൗകര്യം ഒരുക്കി നല്കുന്നതും, പ്രാഥമിക സൗകര്യങ്ങളായ റോഡ്, കക്കൂസ്, കുടിവെള്ളം, മലിനജലം ഒഴുകിപ്പോകാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതും മറ്റു പ്രവർത്തനങ്ങളാണ്.

2008 ലെ IHSDP റിപ്പോർട്ടിൽ, നഗരസഭാ പ്രദേശത്ത് 122 ചേരികൾ കണ്ടെത്തിയിട്ടുണ്ട്. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ 9 ചേരികളെ IHSDP യുടെ ഒന്നാം ഘട്ടത്തിനായുള്ള ചുരുക്കപ്പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. താഴെക്കാണിച്ചിട്ടുള്ള പട്ടിക 20.2 ൽ ആയത് വ്യക്തമാക്കിയിട്ടുണ്ട്. കണ്ടെത്തിയിട്ടുള്ള ചേരികളിലെ മൊത്തം ജനസംഖ്യ 18400 ആണ്.

പട്ടിക 20.2 IHSDP ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ചേരികൾ (സ്രോതസ്സ്: നെയ്യാറ്റിൻകര നഗരസഭ)

IHSDPഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ചേരികൾ		
ക്രമ നം.	ചേരിയുടെ പേര്	ജനസംഖ്യ
1	വടക്കേതൈതോട്ടം	223
2	മുട്ടയ്ക്കാട് ലക്ഷം വീട് കോളനി	136
3	കടവൻകോട് എസ് സി കോളനി (സ്ഥാന മാറ്റത്തിനായി)	241(155)
4	മേലേകോണം (മാമ്പഴക്കര)	310
5	തോവോട്ടുകോണം(സ്ഥാന മാറ്റത്തിനായി)	310(188)
6	തീച്ചക്കുഴി	242
7	കവലകുളം കോളനി	280
8	കിഴങ്ങുവിളാകം വൃന്ദാവനം	521
9	ആറാലുമ്മൂട്	220

2008 ലെ റിപ്പോർട്ടിൽ ചേരികളെ കണ്ടെത്തുന്നതിനായുള്ള മാനദണ്ഡങ്ങളെക്കുറിച്ചും വിശദീകരിച്ചിട്ടുണ്ട്. പാർപ്പിടം, സുരക്ഷാ സംവിധാനങ്ങൾ, കുടിവെള്ള വിതരണം, മലിനജലം ഒഴുക്കിക്കളയാനുള്ള സംവിധാനം, ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ, റോഡ് സൗകര്യം, തെരുവ് വിളക്ക് സൗകര്യം, ആരോഗ്യ കേന്ദ്രങ്ങളുടെ സാന്നിദ്ധ്യം തുടങ്ങിയവ ചില മാനദണ്ഡങ്ങളാണ്. 2022 ഓടെ എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ 2015-2022 കാലഘട്ടത്തിലേക്ക് കേന്ദ്ര പാർപ്പിട - നഗരകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന 'PMAY' (Pradhan Manthri Awas Yojna) ൽ നഗര പ്രദേശത്ത് വീടില്ലാത്തവർക്കുള്ള പാർപ്പിടമൊരുക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നവകേരള മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് പദ്ധതി സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ലാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയാണ്.

2013 ൽ ജനങ്ങൾക്കിടയിൽ നടത്തിയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങളാണ് ചേരികളെക്കുറിച്ചുള്ള സവിശേഷതകൾ മനസ്സിലാക്കാനായി പരിഗണിച്ചിരിക്കുന്നത്. ചേരികളുടെ പേരുകൾ, നഗരസഭാ പരിധിയിൽ അവയുടെ സ്ഥാനം, ലഭ്യമായ സൗകര്യങ്ങൾ (കുടിവെള്ള വിതരണം, മലിനജലം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനങ്ങൾ, വൈദ്യുതി വിതരണം, വഴിവിളക്കുകൾ, വാഹന സഞ്ചാര യോഗ്യത) എന്നിവ പരിഗണിച്ചാണ് ചേരികളുടെ വിവരങ്ങൾ ശേഖരിച്ചത്. നഗരസഭയിലെ അൻപതു ശതമാനമാനത്തോളം വാർഡുകളിലും ചേരി പ്രദേശങ്ങളുണ്ട്.

20.5 മേഖലയിലെ പ്രശ്നങ്ങൾ

നഗരസഭാ പരിധിയിൽ ഭാവിയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള പാർപ്പിട ആവശ്യങ്ങൾ കൂടി പരിഗണനയിലെടുക്കേണ്ടതുണ്ട്. ഒപ്പം തന്നെ നാശോന്മുഖമായ കെട്ടിടങ്ങളെ നവീകരിക്കാനുള്ള പ്രവർത്തനങ്ങളും വീടില്ലാത്തവർക്ക് പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതിനും മുൻകൈ എടുക്കേണ്ടതുണ്ട്.

അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ മൂലമുള്ള പാരിസ്ഥിതികാഘാതം ഭൂഗർഭജല നിരപ്പ് താഴുന്നതിനിടയാക്കിയിട്ടുണ്ട്. പ്രദേശവാസികൾ കിണറുകളെയാണ് കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത്. ഇക്കാരണത്താൽ ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള മണലിന്റെ ഉയർന്ന ആവശ്യകത, നിയമ വിധേനയല്ലാതെയും, പ്രകൃതിയെ ചൂഷണം ചെയ്തുമുള്ള മണൽ ഖനനത്തിനിടയാക്കിയിട്ടുണ്ട്. മണൽ ഖനനം നെയ്യാറിനെയും വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. ഭൂപ്രകൃതിയ്ക്ക് നാശം വരുത്തുന്ന ഇത്തരം പ്രവർത്തനങ്ങളെ തടയേണ്ടതുണ്ട്. നവീന കെട്ടിട നിർമ്മാണ മാർഗ്ഗങ്ങൾ നടപ്പാക്കിയും, പ്രകൃതി സംരക്ഷണ നിയമങ്ങൾ പാലിച്ചും, വ്യക്തമായ ആസൂത്രണത്തോടു കൂടി മേൽപ്പറഞ്ഞ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റത്തക്ക വിധം പാർപ്പിട മേഖലയിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ട്.

പട്ടണത്തിലെ ചേരി പ്രദേശങ്ങളിൽ പലതിലും പ്രാഥമിക സൗകര്യങ്ങൾ പോലും ലഭ്യമല്ല. ചിലയിടത്ത് സൗകര്യങ്ങൾ ലഭ്യമാണെങ്കിലും പലയിടത്തും ഇത്തരം സൗകര്യങ്ങൾ എത്തിയിട്ടില്ല എന്ന് കാണാം.



ചിത്രം 20.1 ചേരികളുടെ സ്ഥലപര വിന്യാസം

ചേരികളുടെ നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ലഭ്യമല്ല എന്നത് പ്രശ്നമാണ്. എന്നാൽ പല പാർപ്പിട മേഖലകളിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായതിനാൽ മൊത്തത്തിലുള്ള നവീകരണം ആവശ്യമില്ല എന്നു കാണുന്നു.

20.6 സംഗ്രഹം

ശരാശരി ജീവിത നിലവാരം പുലർത്താൻ പര്യാപ്തമാണ് പട്ടണത്തിലെ പാർപ്പിട മേഖല. 80% ത്തിലധികം കുടുംബങ്ങളും ഉറപ്പുള്ള കെട്ടിടങ്ങളിലാണ് താമസിയ്ക്കുന്നത്. 70% ത്തിലധികം കുടുംബങ്ങളും അധിവസിക്കുന്നത് 50 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലാണ്. ഭൂരിഭാഗം കെട്ടിടങ്ങളും തറയോട് ഉപയോഗിച്ച നിലവും പൂശിയ ഭിത്തിയും, ഉറപ്പുള്ള മേൽക്കൂരകളാലും നിർമ്മിതമാണ്.

90% വീടുകളും ഉടമകളുടെ സ്വന്തം ഭൂമികളിലാണ് സ്ഥിതി ചെയ്യുന്നത്. 80% ത്തോളം ആൾക്കാർക്ക് മൂന്ന് സെന്റിൽ കൂടുതൽ ഭൂമിയുണ്ട്.

പാർപ്പിട രംഗത്തെ അപര്യാപ്തതയെ സംബന്ധിച്ച വിശകലനത്തിൽ നിന്നും എടുത്തു പറയത്തക്ക പ്രശ്നങ്ങൾ സമീപ ഭാവിയിൽ ഉണ്ടാകില്ലെന്നു കാണുന്നു. പൊതുജനങ്ങൾക്കായുള്ള പാർപ്പിട പദ്ധതികൾ കാലാനുസൃതമായി നടപ്പിലാക്കിയും വ്യക്തമായ ആസൂത്രണത്തിലൂടെയും ഭാവിയിൽ പാർപ്പിട രംഗത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള അപര്യാപ്തതയെ ഇല്ലാതാക്കാൻ സാധിക്കും.

കേന്ദ്ര - സംസ്ഥാന സർക്കാരുകൾ മുൻഗണന നൽകുന്ന പാർപ്പിട മേഖലയിൽ PMAY (U), LIFE പദ്ധതികൾ നടപ്പിലാക്കുന്നത് വഴി വീടില്ലാത്തവർക്കെല്ലാം സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാനാകും.

21. നഗര സൗകര്യങ്ങൾ

പൊതുജനങ്ങൾക്ക് അവശ്യം വേണ്ട നഗരസൗകര്യങ്ങൾ ഏതൊരു നഗരത്തിന്റെയും ജീവിത നിലവാരത്തിന്റെ സൂചികയാണ്. നെയ്യാറ്റിൻകര പട്ടണം താരതമ്യേന കാർഷിക അടിത്തറയുള്ള പട്ടണമായതിനാൽ ഉയർന്ന നഗരസൗകര്യങ്ങൾ പരിമിതമാണ്. ഇക്കാര്യങ്ങളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

21.1 നിലവിലെ സ്ഥിതിഗതികൾ

കമ്മ്യൂണിറ്റി ഹാളുകൾ, ഗ്രന്ഥശാലകൾ, സിവിൽ സ്റ്റേഷൻ, കോടതി, കളിസ്ഥലങ്ങൾ, പാർക്കുകൾ തുടങ്ങിയവയാണ് നെയ്യാറ്റിൻകര പട്ടണത്തോടനുബന്ധിച്ചുള്ള പ്രധാന സൗകര്യങ്ങൾ.

21.1.1 കമ്മ്യൂണിറ്റി ഹാളുകൾ

നഗരസഭ കേന്ദ്രീകരിച്ച് നിരവധി കമ്മ്യൂണിറ്റി ഹാളുകളും, ആഡിറ്റോറിയങ്ങളുമുണ്ട്. NH 66 ന് അനുബന്ധമായാണ് ഇവ സ്ഥിതി ചെയ്യുന്നത് എന്നതിനാൽ പാർക്കിംഗ് സൗകര്യങ്ങളുടെ കാര്യത്തിലും, സ്ഥലം ഉപയോഗപ്പെടുത്തുന്ന രീതിയിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഹാളുകളുടെ സ്ഥാനങ്ങൾ ചിത്രം 18.1 ൽ കാണിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമരകാലത്തെ പ്രമുഖ വിപ്ലവകാരിയുടെ ഓർമ്മയ്ക്കായി, സ്വദേശാഭിമാനി ടൗൺ ഹാൾ എന്നറിയപ്പെടുന്ന മുനിസിപ്പൽ ടൗൺ ഹാളാണ് നഗരസഭയുടെ പ്രധാന കമ്മ്യൂണിറ്റിഹാൾ.

21.1.2 ഗ്രന്ഥശാലകളും, വായനശാലകളും

മുനിസിപ്പൽ ലൈബ്രറിയും, ജ്ഞാനപ്രദായനി ലൈബ്രറിയുമാണ് നഗരത്തിൽ സ്ഥിതി ചെയ്യുന്ന പ്രധാന ഗ്രന്ഥശാലകൾ. NH66ന് അരികെ നഗരത്തിന്റെ കേന്ദ്രഭാഗത്തായാണ് മുനിസിപ്പൽ ലൈബ്രറി. ടി.ബി ജംഗ്ഷനടുത്തായി ജ്ഞാനപ്രദായനി ലൈബ്രറിയും സ്ഥിതി ചെയ്യുന്നു. നഗരത്തിന്റെ കേന്ദ്രഭാഗത്തായതിനാൽ മുനിസിപ്പൽ ലൈബ്രറിയിൽ എത്തിച്ചേരാൻ എളുപ്പമാണ്.

21.1.3 കോടതിയും സിവിൽ സ്റ്റേഷനും

പട്ടണത്തിൽ ഒരു കോടതിയും ഒരു മിനി സിവിൽ സ്റ്റേഷനുമുണ്ട്. പ്രദേശത്തെ നീതിന്യായ, ഭരണാവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇവ നിലകൊള്ളുന്നു.





കോടതിയും, മിനി സിവിൽ സ്റ്റേഷൻ



സ്വദേശിമാനി ടൗൺ ഹാൾ



മുനിസിപ്പൽ ലൈബ്രറി



ചിത്രം 21.1 ഹാളുകളുടെ സ്ഥാനങ്ങൾ

21.1.4 ജയിൽ

1990 ൽ സ്ഥാപിതമായൊരു വനിതാ ജയിൽ നഗരസഭാ പരിധിക്കുള്ളിലുണ്ട്. നിലവിൽ സ്പെഷ്യൽ സബ് ജയിലായാണ് പ്രവർത്തിക്കുന്നത്.



സ്പെഷ്യൽ സബ് ജയിൽ

21.1.5 അറവുശാല

ടൗൺ മാർക്കറ്റിന് അനുബന്ധമായും, ആറാലുംമൂട്ടിലുമായി രണ്ട് അറവുശാലകൾ നിലവിലുണ്ട്. പ്രദേശത്തെ മാംസോത്പാദനത്തിന്റെ 30% ഉം ആറാലുംമൂട്ടിലെ മാർക്കറ്റിൽ നിന്നാണ്.

21.1.6 പാർക്കുകളും, കളിസ്ഥലങ്ങളും

നഗര കേന്ദ്രവുമായി ബന്ധപ്പെട്ട പാർക്കുകളുടെയും കളിസ്ഥലങ്ങളുടെയും വിശദാംശങ്ങൾ താഴെക്കാണിച്ചിരിക്കുന്നു.

പട്ടിക 21.1 നഗരത്തിലെ പാർക്കുകളും, കളിസ്ഥലങ്ങളും (സ്രോതസ്സ്: നെയ്യാറ്റിൻകര നഗരസഭ)

നം.	സൗകര്യങ്ങൾ	പേര്	സ്ഥാനം/വാർഡ്
1	പാർക്ക്	സ്വദേശാഭിമാനി പാർക്ക്	നെയ്യാറ്റിൻകര ജം. സമീപം
2	ഓപ്പൺ ഗ്രൗണ്ട്/സ്റ്റേഡിയം	സ്റ്റേഡിയം	ടിബി ജം. നു സമീപം

ഭൂവിനിയോഗ വിശകലനത്തിൽ നിന്നും, നഗരസഭാ പ്രദേശത്ത് തുറസ്സായ സ്ഥലങ്ങൾ വളരെ കുറവായാണ് കാണപ്പെടുന്നത്.

21.1.7 മറ്റു നാഗരിക സൗകര്യങ്ങൾ

നഗര കേന്ദ്രവുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ, തപാലാപ്പീസ്, സിനിമാ തീയേറ്ററുകൾ എന്നിവയുണ്ട്.

21.1.8 നിലവിലെ വാർഡ്തല സ്ഥിതിഗതികൾ

വാർഡുതല നഗര സൗകര്യങ്ങളെ പരാമർശിക്കുമ്പോൾ, നഗരസഭാ പരിധിയ്ക്കുള്ളിൽ ഇത്തരം സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായി കാണുന്നു. ചിത്രം 21.2 ൽ പ്രദേശത്തെ നാഗരിക അനുബന്ധ സൗകര്യങ്ങൾ സ്ഥലപരമായി സൂചിപ്പിച്ചിരിക്കുന്നു. ചില വാർഡുകളിൽ ഇത്തരം സംവിധാനങ്ങളില്ല, മറ്റിടങ്ങളിൽ ഒന്നിലധികം സൗകര്യങ്ങൾ നിലവിലുണ്ട്.

നഗരസഭയിലൊട്ടാകെയുള്ള സൗകര്യങ്ങളെ വിശകലനം ചെയ്യുമ്പോൾ 44 വാർഡുകളിലായി 10 പോലീസ് സ്റ്റേഷനുകളും, 13 തപാലാഫീസുകളും, 11 വായനശാലകളും, 8 ഫയർ സ്റ്റേഷനുകളുമുണ്ട്.

21.2 മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

പ്രദേശവാസികൾക്കൊന്നാകെ പ്രയോജനപ്പെടുത്തക്കവിധത്തിൽ മതിയായ സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുണ്ട്. പൊതുവായ പാർക്കിംഗ് സൗകര്യങ്ങളുടെയും, പൊതു ശ്മശാനത്തിന്റെയും ആവശ്യകത ജനങ്ങൾ ഉന്നയിക്കുന്നുണ്ട്.



ചിത്രം 21.2 നഗരസൗകര്യങ്ങളുടെ വിന്യാസം



ചാർട്ട് 21.1 നഗരസൗകര്യങ്ങളുടെ വാർഡ്തല വിശദാംശങ്ങൾ (സ്രോതസ്സ്: നെയ്യാറ്റിൻകര നഗരസഭ)

നാഗര സൗകര്യങ്ങളുടെ കൃത്യമായ വിന്യാസം പ്രദേശവാസികളുടെ ക്ഷേമത്തിനും, സാമൂഹികവും, വ്യക്തിപര വികസനത്തിനുമിടയാക്കും. ഇത്തരം സൗകര്യങ്ങളുടെ അപര്യാപ്ത, തൊട്ടടുത്ത പ്രദേശങ്ങളെ അമിതമായി ആശ്രയിക്കുന്നതിലും, അത് മൂലമുണ്ടാകുന്ന ഗതാഗത സ്തംഭനത്തിനും, ഒപ്പംതന്നെ കൂടുതൽ സ്ഥലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിനാൽ ജീവനക്കാരുടെ അമിത ജോലി ഭാരത്തിനും ഇടയാക്കും.

21.3 സാദ്ധ്യതകൾ

നിലവിലെ ആവശ്യങ്ങൾക്കനുസൃതമായി പുതിയ സൗകര്യങ്ങൾ വികസിപ്പിയ്ക്കാനാവശ്യമായ സാഹചര്യം പട്ടണത്തിലുണ്ട്. ഇത്തരം ആവശ്യങ്ങൾക്ക് ഉപയുക്തമായ സ്ഥലസൗകര്യം

പട്ടണത്തിലുണ്ട്. ഭാവിയെ മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളിലൂടെ പൊതു ജനത്തിന് മെച്ചപ്പെട്ട സേവനം നൽകാനാവും. പുതിയ സംവിധാനങ്ങൾ ഒരുക്കുന്നതിന് സഹായകരമായൊരു ഗതാഗത ശൃംഖല നിലവിലുണ്ട്.

ഭാവിയിലെ വികസന സാദ്ധ്യത കണക്കിലെടുത്ത് നഗര കേന്ദ്രത്തിലെ സൗകര്യങ്ങളെ മറ്റിടങ്ങളിലേക്ക് വിന്യസിപ്പിക്കേണ്ടതുമുണ്ട്.

21.4 സംഗ്രഹം

നെയ്യാറ്റിൻകര നഗരസഭയിൽ നിലവിൽ പരിമിതമായേ പൊതുജനങ്ങൾക്കുള്ള സൗകര്യങ്ങളുള്ളൂ. പ്രദേശത്തിന്റെ വിസ്തൃതിക്കാനുപാതികമായല്ല നിലവിലെ സൗകര്യങ്ങൾ.

നാഗരിക സൗകര്യങ്ങൾ ജനജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെയും, അത്തരം സൗകര്യങ്ങളുടെ അപര്യാപ്തതയെയും ശ്രദ്ധാപൂർവ്വം വിലയിരുത്തേണ്ടതുണ്ട്. നവീന സൗകര്യങ്ങളും, നിലവിലുള്ളവയുടെ നവീകരണവും ഇത്തരം വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തേണ്ടതുണ്ട്.

ഭാവിയെ മുന്നിൽ കണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലൂടെ നഗരസഭാ പ്രദേശത്തുടനീളം പൊതു ജനങ്ങൾക്കായി അവശ്യ സൗകര്യങ്ങൾ ഒരുക്കാനാവും.

22. ദുരന്ത നിവാരണം

വെള്ളപ്പൊക്കം, വരൾച്ച, മിന്നൽ, ഭൂകമ്പങ്ങൾ എന്നിവ അടിസ്ഥാന സൗകര്യങ്ങളെയും ജീവിത നിലവാരത്തെയും ബാധിക്കുന്ന പ്രധാന അപകടങ്ങളാണ്. പ്രകൃതി ദുരന്തങ്ങളും, മനുഷ്യ കാരണങ്ങളാലുള്ള മറ്റ് അപകടങ്ങളും ഏറി വരുന്ന ഒരു കാലഘട്ടമാണിത്. കാലാവസ്ഥാ വ്യതിയാനവും അതുമായി ബന്ധപ്പെട്ട പ്രകൃതി പ്രതിഭാസങ്ങളും ദുരന്തങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നുണ്ട്. ഇത് റിസ്ക് ഇൻഫോർമഡ് പ്ലാനിംഗിനെ ദുരന്ത നിവാരണത്തിന്റെ ഒരു പ്രധാന ഘടകമാക്കി മാറ്റുന്നു. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ ദുരന്തസാധ്യതകൾ ഈ അധ്യായത്തിൽ വിശകലനം ചെയ്തിരിക്കുന്നു. 2018 ലെ വിനാശകരമായ വെള്ളപ്പൊക്കത്തിനു ശേഷമാണ്, നഗര കേന്ദ്രങ്ങളുടെ ആസൂത്രണത്തിൽ ദുരന്തനിവാരണത്തിന് പ്രത്യേക ശ്രദ്ധ കൈവന്നത്. 2018-ലെയും 2019-ലെയും വെള്ളപ്പൊക്കം, ഓഖി ചുഴലിക്കാറ്റ്, നിപ, ഡെങ്കിപ്പനി, കൊവിഡ് എന്നിവ കേരളം നേരിട്ടു. കാലാവസ്ഥാ വ്യതിയാനവും അതുമായി ബന്ധപ്പെട്ട പ്രകൃതി പ്രതിഭാസങ്ങളുമാണ് ദുരന്തങ്ങളുടെ ഈ വർദ്ധനവിന് കാരണം. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്ക് താഴെ പറയുന്ന ദുരന്തസാധ്യത ഘടകങ്ങൾ കണക്കിലെടുത്തിട്ടുണ്ട്.

- വരൾച്ച
- ഭൂകമ്പങ്ങൾ
- ഇടിമിന്നൽ
- ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ
- വെള്ളപൊക്കം

22.1 നഗരത്തിന്റെ ദുരന്ത സാധ്യത പശ്ചാത്തലം

22.1.1 വരൾച്ച

വേനൽകാലത്തുള്ള വരൾച്ച കേരളത്തിൽ വ്യാപകമായ ഒരു പ്രശ്നമാണ്. ചിത്രം 22.1 ലെ ഭൂപടത്തിൽ തിരുവനന്തപുരം ജില്ലയിലെ വരൾച്ച സാധ്യതയുള്ള പ്രദേശങ്ങളെ രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 22.1 തിരുവനന്തപുരം ജില്ലയിൽ വരൾച്ച സാധ്യതയുള്ള പ്രദേശങ്ങൾ (സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, 2012- 2013)

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ (KSDMA) കണക്കനുസരിച്ച്, തിരുവനന്തപുരം ജില്ല കേരളത്തിൽ ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന ജില്ലകളിൽ നാലാം സ്ഥാനത്താണ് (4.1%). വയനാട് (12.1%), കൊല്ലം (8.4%), പാലക്കാട് (4.5%) എന്നിവയാണ് മറ്റ് വരൾച്ച അനുഭവപ്പെടുന്ന ജില്ലകൾ. ഇത് 2012-2013 വരെയുള്ള വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. നെയ്യാറ്റിൻകര പട്ടണത്തിന്റെ 65% ഭൂപ്രദേശവും മിതമായ വരൾച്ചയും (Moderate drought status) 28.9% നേരിയ വരൾച്ചയും (Slight drought) നേരിടുന്നു.

നെയ്യാറ്റിൻകര പട്ടണത്തിൽ മിതമായതും കടുത്ത വരൾച്ചയുള്ളതുമായ പ്രദേശങ്ങൾ ഉള്ളതായി ചിത്രം 22.2 ൽ നിന്ന് വ്യക്തമാണ്. നെയ്യാർ തീരത്തുള്ള പട്ടണമായിരുന്നിട്ടും പട്ടണത്തിന്റെ 50% ത്തോളം

പ്രദേശങ്ങൾ വരൾച്ച സാധ്യതയുള്ളതാണ്. മഴവെള്ള സംരക്ഷണത്തിന്റെയും, മഴവെള്ള കൊയ്ത്തിന്റെയും, ഭൂഗർഭജലവിതാനം നിലനിറുത്തുന്നതിന്റെയും ആവശ്യകത ഇതിൽ നിന്ന് വ്യക്തമാകുന്നു.



ചിത്രം 22.2 നെയ്യാറ്റിൻകരയിൽ വരൾച്ച സാധ്യതയുള്ള പ്രദേശങ്ങൾ (സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, 2019)

22.1.2 ഭൂകമ്പം



ചിത്രം 22.3 ഭൂകമ്പ സാധ്യതയുള്ള പ്രദേശങ്ങൾ (സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, 2019)

നെയ്യാറ്റിൻകര പട്ടണം ഇതുവരെ ഒരു ഭൂകമ്പത്തിന്റെയും പ്രഭവകേന്ദ്രമായിട്ടില്ല. KSDMA-യുടെ ഭൂപടമനുസരിച്ച് (ചിത്രം 22.3) തിരുവനന്തപുരം ജില്ലയിൽ ഇതുവരെ ഉണ്ടായിട്ടുള്ള രണ്ടു ഭൂചലനങ്ങളും, നെയ്യാറ്റിൻകരയിൽ നിന്ന് വളരെ അകലെയാണ്. മുനിസിപ്പാലിറ്റിയിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ അകലെയാണ് ഏറ്റവും അടുത്തുള്ള ഭ്രംശ രേഖയുടെ (Fault Line) സ്ഥാനം. അതിനാൽ, നെയ്യാറ്റിൻകരയിൽ ഭൂകമ്പം മൂലമുള്ള അപകടസാധ്യത വളരെ കുറവായി കണക്കാക്കപ്പെടുന്നു.

22.1.3 ഇടിമിന്നൽ

കേരളത്തിൽ ഒക്ടോബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിലാണ് ഇടിമിന്നൽ കൂടുതലും ഉണ്ടാകാറുള്ളത്. KSDMA-യുടെ ഇടിമിന്നൽ അപകടസാധ്യത കണക്കനുസരിച്ച്, നെയ്യാറ്റിൻകരയെ ഏറ്റവും കുറഞ്ഞ റിസ്ക് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (ചിത്രം 22.4)



ചിത്രം 22.4 മിന്നലാക്രമണ സാധ്യതയുള്ള പ്രദേശങ്ങൾ (സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, 2019)

22.1.4 ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ

ദുരന്ത നിവാരണ ആസൂത്രണ രേഖ 2020 – 2021 പ്രകാരം, പ്രകൃതി ദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഭൂരിഭാഗവും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാരണമാണ്. മഴക്കാലത്ത് ഇതിനുള്ള സാധ്യത വളരെ കൂടുതലുമാണ്. നെയ്യാറ്റിൻകര നഗരസഭയിൽ ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലകളിൽ സ്ഥിതി ചെയ്യുന്ന 7 വീടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മുനിസിപ്പാലിറ്റി അതിർത്തിയുടെ വടക്കുകിഴക്കൻ ഭാഗത്തുള്ള കുറച്ച് പ്രദേശങ്ങളെ മണ്ണിടിച്ചിൽ അപകടസാധ്യതയുള്ള സ്ഥലങ്ങളായി (Low Landslide Hazard spots) KSDMA – Kerala State Disaster Management Authority തരംതിരിച്ചിരിക്കുന്നു. (ചിത്രം 22.5) മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലെ നിർമ്മാണ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതായി കാണുന്നു.



ചിത്രം 22.5 മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങൾ (സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, 2012–2013)

22.1.5 വെള്ളപ്പൊക്കം

ചിത്രം 22.6 ൽ 2018 ലെ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ നഗരസഭയിലെ പ്രളയ സാധ്യതയുള്ള പ്രദേശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. 2018 ൽ നടന്ന വെള്ളപ്പൊക്കം നഗരത്തിലെ പല ഭാഗങ്ങളെയും ബാധിച്ചിരുന്നതായി കാണുന്നു. നെയ്യാർ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന പട്ടണമായതിനാൽ നദിയോട് ചേർന്നുള്ള പല പ്രദേശങ്ങളും പ്രളയ സാധ്യതയുള്ളതാണ്.

നിരവധി വീടുകളിൽ വെള്ളം കയറിയതിനാൽ താമസക്കാരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് (relief camps) മാറ്റേണ്ടി വന്നിരുന്നു. നെയ്യാറിന്റെ തീരത്തുള്ള ചില വീടുകൾ പൂർണ്ണമായും വെള്ളത്തിൽ മു ിയിരുന്നു.

2019 ലെ വെള്ളപ്പൊക്കത്തിൽ നെയ്യാർ തീരത്ത് പ്രളയ സമാനമായ അവസ്ഥയുണ്ടായിട്ടില്ല എന്ന് ദുരന്ത നിവാരണ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. എന്നിരുന്നാലും കാലാവസ്ഥാ വ്യതിയാനത്തിന്റെ സമീപകാല പ്രത്യാഘാതങ്ങളുടെ സാഹചര്യത്തിൽ നെയ്യാർ തീരത്തെ താഴ്ന്ന ദേശങ്ങളിൽ നിന്നും ആൾക്കാരെ സ്ഥിരമായി പുനരധിവസിപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്നത് ഉചിതമാകും. കൂടാതെ, ടി പ്രദേശത്ത് ഭാവിയിൽ വരാൻ സാധ്യതയുള്ള പ്രളയ സാധ്യത പരിഗണിച്ച് നിർമ്മാണ വികസന പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തേണ്ടിയിരിക്കുന്നു.



ചിത്രം 22.6 പ്രളയ ബാധിത പ്രദേശങ്ങൾ (സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, 2019)

നെയ്യാറ്റിൻകര നഗരസഭ തയ്യാറാക്കിയ ദുരന്ത നിവാരണ ആസൂത്രണ രേഖ 2020-21 ൽ തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ട ദുരന്തങ്ങളുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം ചുവടെ പട്ടിക 22.1 നൽകിയിരിക്കുന്നു. വെള്ളപ്പൊക്കമാണ് പ്രധാന ദുരന്തമെന്നും, ഇതിലൂടെ അതിതീക്ഷ്ണമല്ലാത്ത പ്രശ്നങ്ങൾ 2018, 2019 വർഷങ്ങളിൽ നഗരസഭ നേരിട്ടിട്ടുണ്ട് എന്നും പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പട്ടിക 22.1 തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ട ദുരന്തങ്ങൾ (സ്രോതസ്സ്: ദുരന്ത നിവാരണ ആസൂത്രണ രേഖ 2020-2021)

ക്രമ നമ്പർ	നേരിട്ട ദുരന്തം	വർഷവും മാസവും	ആഘാതം														
			ആളപായം സംഭവിച്ചവർ					പകർച്ച വ്യാധികൾ ബാധിച്ച മരിച്ചവരുടെ എണ്ണം	വളർത്തു മൃഗങ്ങൾ	തകർന്ന വീടുകൾ							ജീവനോപാധികൾ നഷ്ടപ്പെട്ടവർ (എണ്ണം)
			പുരുഷൻ	സ്ത്രീ	ട്രാൻസ്ജെൻഡർ	കുട്ടികൾ	ആകെ			ഭാഗികമായി	പൂർണ്ണമായി	റോഡിന്റെ തരവും വുരവും കി.മീ.	പാലം കലുങ്ക് തരവും എണ്ണവും	ഗാർഹികേതര കെട്ടിടങ്ങൾ (എണ്ണം)	ഇൻഷ്വറൻസ് ഉള്ളവ (ഹെക്ടർ)	ഇൻഷ്വറൻസ് ഇല്ലാത്തവ (ഹെക്ടർ)	
1.	വെള്ളപ്പൊക്കം	2018 ആഗസ്റ്റ്	ഇല്ല	ഇല്ല	-	-	-	ഇല്ല	പശു-20 ആട്-10 കോഴി-100	100	11	ടാർ റോഡ് 13	ഇല്ല	ഇല്ല	1	4	ഇല്ല
2.	വെള്ളപ്പൊക്കം	2019 ആഗസ്റ്റ്	ഇല്ല	ഇല്ല	-	-	-	ഇല്ല	ഇല്ല	20	2	ടാർ റോഡ് 4	കലുങ്ക് 1	ഇല്ല	2/1	3	ഇല്ല

22.2 ദുരന്ത നിവാരണ ആസൂത്രണം

22.2.1 ദുരന്ത സാധ്യത മേഖല

മഹാപ്രളയങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാർ നിർദ്ദേശമനുസരിച്ച് നെയ്യാറ്റിൻകര നഗരസഭ ദുരന്ത നിവാരണ ആസൂത്രണ രേഖ 2020-21 തയ്യാറാക്കിയിരുന്നു.

നഗരസഭ തയ്യാറാക്കിയ ദുരന്ത നിവാരണ ആസൂത്രണ രേഖയിൽ 2018 ൽ വെള്ളപ്പൊക്കം ബാധിച്ച 16 വാർഡുകളെ കണ്ടെത്തിയിരുന്നു. നെയ്യാർ നദിയോട് ചേർന്ന് കിടക്കുന്ന 10 മുതൽ 18, 23, 24, 26, 27, 30, 31, 32 വാർഡുകളാണ് അവ (പട്ടിക 22.2, ചിത്രം 22.7). പ്രസ്തുത പ്രദേശത്ത്, മുനിസിപ്പാലിറ്റിയിലെ മൊത്തം ജനസംഖ്യയുടെ 27 ശതമാനം അധിവസിക്കുന്നുണ്ടെന്നും 545 വീടുകൾ ഉണ്ടെന്നും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു.

നീണ്ടുനിൽക്കുന്ന മഴ മൂലം കെട്ടിടങ്ങൾക്കും ഗതാഗത അടിസ്ഥാന സൗകര്യങ്ങൾക്കും നഷ്ടം ഉണ്ടാകുന്നതു കൂടാതെ മണ്ണിടിച്ചിലിൽ വീടുകൾ ഒലിച്ചു പോകുവാനും സാധ്യതയുണ്ട്. നഗരസഭയുടെ കണക്കനുസരിച്ച് 1,000 കു ംബങ്ങൾ പുൽ, വൈക്കോൽ, ഓല മേഞ്ഞ വീടുകളിലാണ് താമസിക്കുന്നത്. ഇത്തരത്തിലുള്ള വീടുകളാണ് ദുരന്തങ്ങളിൽ ഏറ്റവുമധികം ബാധിക്കപ്പെടുന്നത്. 6,750 കുടുംബങ്ങൾ ഓടിട്ട വീടുകളിലും 2,425 കു ംബങ്ങൾ ആസ്ബസ്റ്റോസ് ഷീറ്റിട്ട വീടുകളിലും താമസിക്കുന്നു. അപ്പാർട്ട്മെന്റുകൾ/ ഫ്ലാറ്റുകൾ, ടെറസ്സുള്ള പക്ക വീടുകളിൽ താമസിക്കുന്ന 12,534 കുടുംബങ്ങളുണ്ട് എന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നു.

പട്ടിക 22.2 2018 ൽ വെള്ളപ്പൊക്കത്തിനിടയായ പ്രദേശങ്ങൾ (സ്രോതസ്സ്: ദുരന്ത നിവാരണ ആസൂത്രണ രേഖ 2020-2021)

ദുരന്ത സാധ്യത	ദുരന്ത ഭീഷണിയുള്ള വാർഡുകൾ	ദുരന്ത ഭീഷണിയുള്ള പ്രദേശം	പ്രദേശത്തെ റോഡിന്റെ അവസ്ഥ	പ്രദേശത്തെ പാലങ്ങളുടെ അവസ്ഥ	പ്രദേശത്തെ ജലാശയങ്ങളുടെ എണ്ണം	പ്രദേശത്തെ ജനവാസ സ്ഥലങ്ങൾ കോളനികൾ (എണ്ണം)	ദുരന്ത ഭീഷണിയുള്ള പ്രദേശത്തെ ജനസംഖ്യ	മറ്റുള്ളവ
വെള്ളപ്പൊക്കം	10,11,12,13,14,15, 16,17, 18,23,24, 26,27,30,31,32 എന്നീ വാർഡുകൾ	താഴ്ന്ന പ്രദേശങ്ങൾ	ടാർ റോഡുകൾ നാശനഷ്ടം വന്നിട്ടുണ്ട്	വർഷങ്ങളായി പണിതിട്ടുള്ള പഴയ പാലങ്ങൾ ഉണ്ട്	1 നെയ്യാർ നദി	2	ഏകദേശം 27% ജനങ്ങൾ വെള്ളപ്പൊക്കം പ്രദേശത്ത് താമസിക്കുന്നു.	

22.2.2 ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള ദുരന്ത സാധ്യത പ്രദേശങ്ങൾ

പട്ടിക 22.3 നിലവിലെ ഭൂവിനിയോഗവും, വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങളും അടിസ്ഥാനമാക്കിയുള്ള അവലോകനം

Existing land use	Area of each Land use in flood prone area (sqkm)	% of each land use to total flood prone area	Total area of each land use in Municipality (in sqkm)	% of flood prone area of each land use, to the total of each land use
Dry Agriculture	2.87	40.05	12.21	23.55
Commercial use	0.04	0.53	0.25	0.31
Industrial use	0.06	0.81	0.13	0.48
Low lying/Paddy land	1.11	15.42	2.91	9.07
Public/Semi-public use	0.17	2.31	0.81	1.36
Quarry	0.00	0.01	0.07	0.01
Transport use	0.19	2.58	0.75	1.52

Residential use	2.31	32.11	10.70	18.88
Total flood prone land area (in sqkm)	**6.75**			



ചിത്രം 22.7 2018 ൽ വെള്ളപ്പൊക്കത്തിനിടയായ വാർഡുകൾ (സ്രോതസ്സ്: ദുരന്ത നിവാരണ ആസൂത്രണ രേഖ 2020-2021)

നിലവിലെ ഭൂവിനിയോഗവും, വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങളും ചിത്രം 22.8 ൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രധാനമായും നെയ്യാറിന്റെ കരകളിലും, താഴ്ന്ന പ്രദേശങ്ങളിലുമാണ് വെള്ളപ്പൊക്ക സാധ്യത കാണപ്പെടുന്നത്.

നഗരസഭാ പ്രദേശത്തു വെള്ളപ്പൊക്ക സാധ്യതയാൽ കൂടുതൽ ബാധിക്കപ്പെട്ടിരിക്കുന്നത് കര കൃഷി മേഖലയാണ് എന്ന് പട്ടിക 22.3 ൽ രേഖപ്പെടുത്തിയിരിക്കുന്ന അവലോകനത്തിൽ നിന്നും വ്യക്തമാകുന്നു. വെള്ളപ്പൊക്ക സാധ്യത പ്രദേശത്തിന്റെ ഏകദേശം 40% ഈ ഭൂവിനിയോഗമാണ്. ഇത് കൂടാതെ നിലവിലെ പാർപ്പിട മേഖലയിലും ദുരന്ത സാധ്യത നിലനിൽക്കുന്നു. വെള്ളപ്പൊക്ക സാധ്യത പ്രദേശത്തിന്റെ ഏകദേശം 32% പാർപ്പിട മേഖലയാണ്. വെള്ളപ്പൊക്ക ദുരന്തത്തിന്റെ ആഘാതം ഉൾക്കൊള്ളുവാൻ സാധിക്കുന്ന താഴ്ന്ന ഭൂപ്രദേശങ്ങൾ ഏകദേശം 15% ആണ്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ മറ്റു ഭൂ-ഉപയോഗങ്ങളിൽ കുറവായിട്ടാണ് വെള്ളപ്പൊക്ക സാധ്യത കാണുന്നത്.

താഴ്ന്ന ഭൂപ്രദേശങ്ങൾ, പാർപ്പിട ഉപയോഗത്തിലേക്കും, കരകൃഷി ഉപയോഗത്തിലേക്കും ദ്രുതഗതിയിൽ തരം മാറ്റപ്പെടുന്നുണ്ട്. ഈ മേഖലകളുടെ ദുരന്ത സാധ്യത വർദ്ധനവിന് ഒരു കാരണം ഇതായിരിക്കാം.

നഗരസഭ പ്രദേശത്തിന്റെ ഏകദേശം 25% ത്തോളം (6.75 ച.കിമീ) പ്രളയ ബാധിത പ്രദേശമായി കാണുന്നു. അതിനാൽ തന്നെ ഭാവിയിലെ വികസന സാധ്യതകൾ കണക്കാക്കുമ്പോൾ, ഈ വിഷയം അടിസ്ഥാനപ്പെടുത്തിയുള്ള വികസന കാഴ്ചപാട് രൂപീകരിക്കേണ്ടതുണ്ട്.

ഇത് കൂടാതെ ഓരോ ഭൂവിനിയോഗങ്ങളുടെയും, എത്ര ശതമാനം ഭൂമി വെള്ളപ്പൊക്ക സാധ്യത ഉള്ളതാണെന്നും പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. നഗരസഭ പ്രദേശത്തിന്റെ ഏകദേശം 93% ത്തോളം ഭൂമി കരകൃഷി, താഴ്ന്ന ഭൂപ്രദേശങ്ങൾ, പാർപ്പിട മേഖല എന്നീ ഭൂവിനിയോഗങ്ങളാണ് എന്നതും, ഇവയിലാണ് പ്രളയ സാധ്യത കൂടുതൽ എന്നതും ശ്രദ്ധേയമാണ്.



ചിത്രം 22.8 നിലവിലെ ഭൂവിനിയോഗവും, വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങളും (സ്രോതസ്സ്: LSGD പ്ലാനിംഗ്, SDMA)

22.2.3 ദുരിതാശ്വാസ സൗകര്യങ്ങൾ

നഗരസഭ തയ്യാറാക്കിയ ദുരന്ത നിവാരണ ആസൂത്രണ രേഖയിൽ 2018 ൽ വെള്ളപ്പൊക്കം ബാധിച്ച 16 വാർഡുകളെ കണ്ടെത്തിയിരുന്നു, ഇവ നെയ്യാർ നദിയോട് ചേർന്ന് കിടക്കുന്ന താഴ്ന്ന ഭൂപ്രദേശങ്ങളാണ്. പ്രസ്തുത വാർഡുകൾക്കായി തയ്യാറാക്കിയ ഏറ്റവും അനുയോജ്യമായ ദുരിതാശ്വാസ കേന്ദ്രങ്ങളും, മൃഗസംരക്ഷണ കേന്ദ്രങ്ങളും റിപ്പോർട്ടിൽ മുന്നോട്ടു വയ്ക്കുന്നു (പട്ടിക 22.4).

പട്ടിക 22.4 2018 ൽ പ്രളയബാധിതമായ 16 വാർഡുകൾക്ക് അനുയോജ്യമായി തയ്യാറാക്കിയ ദുരിതാശ്വാസ കേന്ദ്രവും മൃഗസംരക്ഷണ കേന്ദ്രവും (സ്രോതസ്സ്: ദുരന്ത നിവാരണ ആസൂത്രണ രേഖ 2020–2021)

ദുരന്തസാധ്യതയുള്ള വാർഡുകൾ	ജനസംഖ്യ (പുരുഷൻ, സ്ത്രീ)	ഏറ്റവും അടുത്ത ദുരിതാശ്വാസകേന്ദ്രം	ദുരിതാശ്വാസ കേന്ദ്രത്തിൽ ഉൾക്കൊള്ളുന്ന ജനസംഖ്യ	വഴി		മൃഗങ്ങൾക്കുള്ള ഷെൽട്ടർ
				1	2	
1 ഇരുവനിക്കര	100	വേങ്കുഴി LPS	200			മാമ്പഴക്കര മാർക്കറ്റ്
2 മാമ്പഴക്കര	50	വേങ്കുഴി LPS	100			മാമ്പഴക്കര മാർക്കറ്റ്
3 മുള്ളറവിള	50	നേഴ്സറി സ്കൂൾ	100			മാമ്പഴക്കര മാർക്കറ്റ്
4 പൊന്നയ്യൻ	25	ഹൈസ്കൂൾ	100			പൊന്നയ്യൻ സ്കൂൾ ഗ്രൗണ്ട്
5 ആലംപൊറ്റ	25	ഹൈസ്കൂൾ	100			"
6 പ്ലാവിള	150	CSI ഹാൾ മലയാനി	200			"
7 തൊഴുക്കൽ	50	പെണ്ണത്തിവിള ചർച്ച്	150			തൊഴുക്കൽ സ്കൂൾ ഗ്രൗണ്ട്
8 വഴുതൂർ	100	പെണ്ണത്തിവിള ചർച്ച്	150			"
9 കൊല്ലവാംവിള	100	LMS LP സ്കൂൾ	200			"
10 ഇരുമ്പിൻ	50	LMS LP സ്കൂൾ	100			ഗവ. ഗേൾസ് സ്കൂൾ ഗ്രൗണ്ട്
11 ഫോർട്ട്	45	ടൗൺ LPS	100			"
12 കൃഷ്ണപുരം	60	അമരവിള LMS	200			"
13 രാമപുരം	125	അമരവിള LMS	300			അമരവിള സ്കൂൾ ഗ്രൗണ്ട്
14 പുല്ലാമല	200	അമരവിള LMS	300			പുല്ലാമല സ്കൂൾ ഗ്രൗണ്ട്
15 പിരായുംമൂട്	80	മലയാനി CSI ചർച്ച് ഹാൾ	200			മലയാനി മാർക്കറ്റ്
16 മാലയാനി	100	മലയാനി CSI ചർച്ച് ഹാൾ				"

22.3 അവലോകനങ്ങൾ അടിസ്ഥാനമാക്കിയുള്ള കണ്ടെത്തലുകൾ

നഗരസഭ പ്രദേശത്തിന്റെ ദുരന്ത ചരിത്രവും, ദുരന്ത സാധ്യത അവലോകനങ്ങളും, ദുരിതാശ്വാസ സൗകര്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള ദുരന്ത സംബന്ധിയായ ശക്തി/ ദൗർബല്യങ്ങൾ/ സാധ്യത/ വെല്ലുവിളികൾ എന്നീ ഘടകങ്ങൾ ചുവടെ ചിത്രീകരിച്ചിരിക്കുന്നു. നഗരസഭയുടെ ദുരന്തസാധ്യത കൃത്യമായ ദുരന്തനിവാരണ സംവിധാന മെച്ചപ്പെടുത്തലിലൂടെ കുറയ്ക്കാൻ സാധിക്കുമെന്ന് ഇതിൽ നിന്നും അനുമാനിക്കാം.

ശക്തി

1) പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകർ
2) സുരക്ഷിത പുനരധിവാസകേന്ദ്രങ്ങളുടെ എണ്ണം
3) അവയിലേയ്ക്ക് എത്തിച്ചേരാനുള്ള സൗകര്യങ്ങൾ
4) നേരത്തേയുള്ള മുന്നറിയിപ്പ് സംവിധാനം

ദൗർബല്യം

1) അറിയിപ്പ് നൽകുന്നതിന്
2) സുരക്ഷിത പുനരധിവാസകേന്ദ്രങ്ങളുടെ കുറവ്
3) ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അഭാവം
4) പരിശീലനം സിദ്ധിച്ച വോളന്റിയർമാരുടെ അഭാവം
5) ഒറ്റപ്പെട്ട സമൂഹങ്ങൾ ദുർഘട പ്രദേശങ്ങൾ

സാധ്യത

1) ദുരന്ത ക്ഷോപുനരധിവാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത
2) സംഘടനകളുമായുള്ള നെറ്റ് വർക്ക്/വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ഗവേഷണ സ്ഥാപനങ്ങൾ/മിലിട്ടറി പാരാമിലിട്ടറി സേവനങ്ങളുടെ ലഭ്യത.

വെല്ലുവിളികൾ

1) ദുരന്തങ്ങളുടെ മുന്നനുഭവത്തിന്റെ അഭാവം
2) ദുരന്ത സാധ്യതാ സ്ഥലത്തെ ജനപ്പെരുപ്പം

22.4 സംഗ്രഹം

ഭൂകമ്പം, ഇടിമിന്നൽ എന്നീ ദുരന്തങ്ങൾ നെയ്യാറ്റിൻകര പട്ടണത്തെ അധികം ബാധിക്കുന്നില്ല. നിലവിൽ അല്ലെങ്കിലും കാലാവസ്ഥ വ്യതിയാനങ്ങൾ കണക്കിലെടുക്കുമ്പോൾ വരൾച്ചയും ഭാവിയിൽ ഒരു പ്രത്യക്ഷ ദുരന്തമായി ഭവിക്കാവുന്നതാണ്. നിലവിൽ നഗരസഭാ പ്രദേശത്തു ളയത്തിനും മണ്ണിടിച്ചിലിനുമുള്ള സാധ്യതകൾ ഗൗരവമായി എടുക്കേണ്ടതുണ്ട്. ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ ആസൂത്രിതമായ നിയന്ത്രിത ഉപയോഗം കൊണ്ടു വരേണ്ടത് ആവശ്യമാണ് എന്ന് പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നു.

താഴ്ന്ന പ്രദേശങ്ങളാണ് നഗരസഭാ പ്രദേശത്തു ഏറ്റവുമധികം വെള്ളപ്പൊക്ക ഭീഷണി നേരിടുന്നത്. ഇത്തരം പ്രദേശങ്ങളിൽ നിർമ്മാണ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത ഇതിൽ നിന്നും വ്യക്തമാകുന്നു. കാർഷിക പ്രാധാന്യമുള്ള ഇത്തരം പ്രദേശങ്ങൾ കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും ഇണങ്ങുന്ന വിധവും, ദുരന്ത സാധ്യത മുൻപിൽ കണ്ടു അനുയോജ്യമായി സംരക്ഷിക്കുന്നതും, പ്രതിവിധികളോടുള്ള വികസനം നടത്തുന്നതും, സുഗമമായ ജന ജീവിതത്തിനും പട്ടണത്തിന്റെ പൊതുവിലുള്ള വികസനത്തിനും അത്യന്താപേക്ഷിതമാണ്.

ഭാഗം - II
സംയോജിത വികസന കാഴ്ചപ്പാട്

23. മേഖലാതല പഠനങ്ങളുടെ സംഗ്രഹങ്ങളും, കണ്ടെത്തലുകളും

നെയ്യാറ്റിൻകര പട്ടണത്തെ സംബന്ധിക്കുന്ന, വിവിധ വികസന മേഖലകളുടെ വിശദ പഠനങ്ങൾ മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ പഠനങ്ങളുടെ സംഗ്രഹങ്ങളുടെയും, ഇവയിൽ നിന്നും ഉൾതിരിഞ്ഞ കണ്ടെത്തലുകളുടെയും ഒരു സമഗ്ര രൂപം ഈ ഭാഗത്തിൽ നല്കിയിരിക്കുന്നു. ഒരു സംയോജിത വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനായി ഈ ക്രോഡീകരണം ഉപയോഗപ്രദമായി കരുതുന്നു.

23.1 മുൻകാല ആസൂത്രണ ശ്രമങ്ങൾ

നെയ്യാറ്റിൻകര പട്ടണത്തിന് വേണ്ടി നിരവധി ആസൂത്രണ ശ്രമങ്ങൾ മുൻകാലങ്ങളിൽ നടത്തിയിരുന്നു. എന്നാൽ ഇവയിൽ ഉൾപ്പെട്ട എല്ലാ പദ്ധതികളും പൂർത്തീകരിക്കുവാനും, പൂർണ്ണമായി നടപ്പിലാക്കുവാനും സാധിച്ചിട്ടില്ല. മുൻകാലങ്ങളിൽ ഉള്ള ആസൂത്രണ ശ്രമങ്ങൾ പൂർണ്ണമായി ഫലവത്താവാത്തതിനാൽ, ആസൂത്രിത വികസനത്തിന്റെ അഭാവം ടൗണിൽ നിലനിൽക്കുന്നു. മുൻകാല ആസൂത്രണ ശ്രമങ്ങൾ പഠന വിധേയമാക്കുന്നതിലൂടെ ഇവയുടെ വികസന ലക്ഷ്യങ്ങൾ അപഗ്രഥിക്കുവാനും, അപര്യാപ്തതകൾ മനസ്സിലാക്കുവാനും സാധിക്കുന്നു. കാലികവും ചലനാത്മകവുമായ ആസൂത്രണ സംവിധാനത്തിന്റെ അഭാവം നികത്തേണ്ടതുണ്ട്.

23.2 ജനസംഖ്യാ പഠനം

സെൻസസ് 2011 പ്രകാരം പട്ടണത്തിലെ നിലവിലെ ജനസംഖ്യ 70850 ഉം, ജനസാന്ദ്രത 2457 വ്യക്തികൾ/ച.കി.മീ ഉം ആണ്. ജനസംഖ്യ വർദ്ധിക്കുകയും വളർച്ചാ നിരക്ക് കുറയുകയും ചെയ്യുന്ന പ്രാദേശിക പ്രവണതയാണ് ഇവിടെയും കണ്ടുവരുന്നത്. നിലവിലെ ജനസംഖ്യാ വളർച്ചാ നിരക്കായ 1.99% വും, കഴിഞ്ഞ ദശാബ്ദങ്ങളിലെ വളർച്ചാ പ്രവണതയും, ഭാവിയിലെ വികസന സാധ്യതകളെയും കണക്കിലെടുത്ത് 2041 ലേക്ക് കണക്കാക്കപ്പെടുന്ന ജനസംഖ്യ 78553 ആകുന്നു.

23.3 തൊഴിൽപങ്കാളിത്തം

താരതമ്യേന ചെറിയ മാറ്റം മാത്രമാണ് തൊഴിൽപങ്കാളിത്തത്തിൽ, കഴിഞ്ഞ കാലയളവിൽ ഉണ്ടായിരിക്കുന്നത്. കാർഷികാധിഷ്ഠിത ഭൂഉപയോഗമാണ് കൂടുതൽ എങ്കിലും തൊഴിൽ പങ്കാളിത്തത്തിൽ കാർഷികവൃത്തി താരതമ്യേന കുറവായും, സേവന മേഖലയിൽ കൂടുതലായും കാണപ്പെടുന്നു. വർധിച്ചു വരുന്ന നഗരവത്കരണത്തിന്റെ സൂചനയാണിത്.

23.4 ഭൂവിനിയോഗം

ഭൂവിനിയോഗ പഠനങ്ങളിൽ നിന്നും പട്ടണത്തിലെ 50% ത്തിലധികം ഭൂമി കാർഷിക ഉപയോഗത്തിലാണ്; ഇതിൽ 10% ത്തോളം നെൽക്കൃഷിക്കനുയോജ്യമാണ്, 40% ത്തോളം ഭൂമി പാർപ്പിട ഉപയോഗമാണ്. വിനോദ കേന്ദ്രങ്ങളുടെയും, പാർക്കുകളുടെയും അഭാവം നിലനിൽക്കുന്നു. സുസ്ഥിര ഭൂവികസന സാധ്യതകൾ കാണപ്പെടുന്നു.

23.5 വ്യവസായം

കേരള ഓട്ടോമൊബൈൽസ് ഒഴികെ പ്രസക്തമായ മറ്റ് വ്യാവസായിക സംരംഭങ്ങൾ പട്ടണത്തിൽ നിലവിലില്ല. കളിമൺ, ഇഷ്ടിക ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്ന നിരവധി സ്ഥാപനങ്ങൾ പട്ടണത്തിലുണ്ട്. ഭാവിയിലേക്കുള്ള വികസനത്തിനായി, കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഒരു വ്യാവസായിക അടിത്തറക്കുള്ള സാധ്യത നിലനിൽക്കുന്നു.

23.6 വാണിജ്യ-വ്യാപാരം

വാണിജ്യ-വ്യാപാരമേഖലയിൽ ഒരു മിശ്ര സ്ഥിതിഗതിയാണ് പട്ടണത്തിൽ കാണപ്പെടുന്നത്. പട്ടണത്തിലെ വ്യാപാര കേന്ദ്രങ്ങളുടെയും മാർക്കറ്റുകളുടെയും നിലവിലെ സ്ഥിതി മനസ്സിലാക്കുകയും ഇവ തമ്മിലുള്ള സ്ഥലപരമായ ബന്ധം അവലോകനം ചെയ്യുകയും ചെയ്തിരുന്നു. പട്ടണ പ്രദേശത്തിനുതകുന്ന വികസന സാദ്ധ്യതകൾ നിലനിൽക്കുന്നതായി ഇതിൽ നിന്നും മനസ്സിലാക്കുന്നു. ഇതിന് പുറമെ പട്ടണത്തിനെ പ്രാദേശിക തലത്തിൽ ഒരു വാണിജ്യ-വ്യാപാരകേന്ദ്രമായി ഉയർത്തുവാനുള്ള സാദ്ധ്യതകളും നിലനിൽക്കുന്നു.

23.7 വിനോദസഞ്ചാരം

നിലവിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ടൂറിസം മേഖലയിൽ പട്ടണത്തിനുള്ളത്. ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ പട്ടണത്തിലും അടുത്തുള്ള പ്രദേശങ്ങളിലും നിലനിൽക്കേ പ്രസക്തമായ ഒരു സ്ഥാനം നേടിയെടുക്കേണ്ടതായിട്ടുണ്ട്. അരുവിപ്പുറം ക്ഷേത്രവും പരിസരങ്ങളും, ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, അമ്മച്ചിപ്ലാവ് തുടങ്ങിയ പൗരാണികകേന്ദ്രങ്ങളും, കൊടിതൂക്കിമല, ഈരാറ്റിൻപുറം, പാണ്ടവൻപാറ, നെയ്യാർ തുടങ്ങിയ പ്രകൃതിസമ്പന്നമായ ടൂറിസം പ്രദേശങ്ങളും പട്ടണത്തിലും ചുറ്റുവട്ടത്തുമുണ്ട്. ടൂറിസം സാധ്യതകൾ ഉപയുക്തമാക്കി പട്ടണത്തിനെ ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുവാനുള്ള നിരവധി സാധ്യതകൾ പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നു.

23.8 ജലവിതരണം

നിലവിൽ പട്ടണത്തിലെ കുടിവെള്ള ആവശ്യകത നിറവേറ്റപ്പെടുന്നത് കിണറുകളെയും, ജല അതോറിറ്റി സംവിധാനങ്ങളെയും ആശ്രയിച്ചാണ്. എന്നിരുന്നാലും ജലദൗർലഭ്യ പ്രശ്നങ്ങൾ പട്ടണത്തിൽ പല ഭാഗങ്ങളിലായി നിലനിൽക്കുന്നു. കൂടുതൽ പൈപ്പ് ലൈനുകളുടെ ആവശ്യകതയും നിലവിലുള്ളവയുടെ പരിപാലനവും, പ്രകൃതി സ്രോതസ്സുകളുടെ സംരക്ഷണവും പ്രധാന വിഷയങ്ങളാണ്. മെച്ചപ്പെട്ട സംവിധാനങ്ങൾ നൽകുവാനുള്ള സാധ്യതകൾ നിലനിൽക്കുന്നു എന്നുള്ളത് പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നു.

23.9 പൊതു ശുചിത്വം

പട്ടണത്തിൽ പ്രവർത്തന ക്ഷമതയുള്ള ഒരു ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനമോ, സ്വിവറേജ് സംവിധാനമോ നിലവിലില്ല. താല്ക്കാലികമായി ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം ഉണ്ടെങ്കിലും കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. സ്വിവറേജ് സംവിധാനം കൂടുതലായും സെപ്റ്റിക് ടാങ്ക് മുഖേനെയാണ്. മഴവെള്ള നിർമ്മാർജ്ജന സംവിധാനം കാര്യക്ഷമമായി ഇല്ലാത്തതിനാൽ വെള്ളക്കെട്ട് പല പ്രദേശങ്ങളിലും അനുഭവപ്പെടുന്നു. പട്ടണത്തിലെ പൊതു ശുചിത്വ സംവിധാനം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

23.10 വിദ്യാഭ്യാസം

സ്കൂൾതലത്തിൽ പ്രമുഖമായ പല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ മതിയായ വിദ്യാഭ്യാസ സംവിധാനം പട്ടണത്തിൽ നിലനിൽക്കുന്നു. എന്നിരുന്നാലും ഇവയിൽ ലഭ്യമായ സൗകര്യങ്ങൾ മെച്ചപ്പെടേണ്ടതായിട്ടുണ്ട്. സാങ്കേതിക ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ പരിമിതമായി മാത്രമേ പട്ടണത്തിലുള്ളൂ. നിലവിലെ വിദ്യാഭ്യാസ സംവിധാനങ്ങളിൽ ഉള്ള കുറവുകളും പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നു.

23.11 ആരോഗ്യം

കാര്യക്ഷമമായ സേവനം പ്രദായനം ചെയ്യുന്ന പ്രമുഖമായ രണ്ട് ആരോഗ്യപരിപാലന കേന്ദ്രങ്ങളാണ് പട്ടണത്തിലുള്ളത്; നിംസ് ആശുപത്രിയും, ജില്ലാ ആശുപത്രിയും. ഇതിനു പുറമെ മറ്റ് ആശുപത്രി സംവിധാനങ്ങളും ആയുർവേദ, ഹോമിയോ ചികിത്സാ സംവിധാനങ്ങളും പട്ടണത്തിൽ ലഭ്യമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ മെച്ചപ്പെടുത്തൽ അനിവാര്യമാണെന്ന് പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നു. ജില്ലാ് ആശുപത്രിയുടെ വികസനവും ഒരു പ്രധാനപ്പെട്ട ഘടകമാണ്.

23.12 പാർപ്പിടങ്ങളും ചേരികളും

പട്ടണത്തിലെ നിലവിലെ പൊതുവായ പാർപ്പിട സൗകര്യ സ്ഥിതി തൃപ്തികരമാണ് എന്ന് പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നു. സ്വന്തമായി പാർപ്പിട സൗകര്യമില്ലാത്ത വ്യക്തികളുടെ എണ്ണം താരതമ്യേന വളരെ കുറവാണ് എന്നും സെൻസസ് പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നു. PMAY(U), LIFE പദ്ധതികൾ മുഖേന ചേരികളുടെ പുനർ വികസനം അനിവാര്യമാണ് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

23.13 ഗതാഗതം

നിലവിലെ ഗതാഗത സംവിധാന സ്ഥിതിഗതിയുടെ പഠനങ്ങളുടെയും അവലോകനങ്ങളുടെയും അടിസ്ഥാനത്തിൽ പട്ടണത്തിലെ ഗതാഗത മേഖലയിലെ സാധ്യതകളും പ്രശ്നങ്ങളും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ബസ് സ്റ്റോപ്പുകളുടെ സ്ഥാനങ്ങളും, റോഡുകളുടെ വീതിയുടെ അപര്യാപ്തതയും, പാർക്കിംഗ് സംവിധാനങ്ങളുടെയും, കാൽനടയാത്രാ സംവിധാനങ്ങളുടെയും അപര്യാപ്തതയുമാണ്

പ്രധാനമായും ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ദേശീയപാതയുടെ അരികിലാണ് പട്ടണത്തിലെ വികസനം കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതിനാൽ പ്രാദേശികവും തദ്ദേശീയവുമായ ഗതാഗത ഒഴുക്കുകളുടെ മിശ്രണവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഗതാഗത പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത് ജനങ്ങൾ പൊതുഗതാഗത സൗകര്യങ്ങളെ കൂടുതൽ ആശ്രയിക്കുന്നു എന്നതാണ്. റെയിൽ ഗതാഗത സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ഈ സംവിധാനം മെച്ചപ്പെടുത്തേണ്ട ആവശ്യകത നിലനിൽക്കുന്നു.

23.14 കാർഷികമേഖല

കാർഷിക ഉപയോഗത്തിലുള്ള ഭൂമി കൂടുതലാണെങ്കിലും കാർഷിക പ്രവർത്തനങ്ങൾ താരതമേന്യ കുറവാണ്, നെൽക്കൃഷിക്കനുയോജ്യമായ ഭൂമി ലഭ്യമാണെങ്കിലും നിലവിൽ നെൽക്കൃഷി ചെയ്യപ്പെടുന്നില്ല. കാർഷിക ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നു. വാഴ, പച്ചക്കറി കൃഷിക്ക് സാധ്യത കാണുന്നുണ്ട്.

23.15 മൃഗസംരക്ഷണ മേഖല

കാർഷിക മേഖലയോട് സമാനമായ സ്ഥിതിഗതിയാണ് മൃഗസംരക്ഷണമേഖലയിലും കാണപ്പെടുന്നത്. ഈ രണ്ടു മേഖലകളും സമന്വയിപ്പിച്ചുള്ള ഒരു വികസന നയം സാമ്പത്തികമായും സാമൂഹികമായും ഉള്ള വികസനം പ്രാവർത്തികമാക്കാൻ സഹായകമാകും.

23.16 ഊർജ്ജം

നിലവിലെ ഭൗതിക സാഹചര്യങ്ങൾ നവീകരിച്ച് നഗരസഭാ പ്രദേശത്തെ മുഴുവൻ ജനവാസ മേഖലകളിലും വൈദ്യുത വിതരണം സാദ്ധ്യമാക്കാവുന്നതാണ്.പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് എന്ന നിലയ്ക്ക് സൗരോർജ്ജത്തിൽ നിന്നുമുള്ള വൈദ്യുതി ഉല്പ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

23.17 പരിസ്ഥിതി

നിലവിൽ ലഭ്യമായ പ്രകൃതി വിഭവങ്ങളെ ദോഷകരമായ രീതിയിൽ ബാധിക്കുന്ന വികസന പ്രക്രിയകളും മലിനീകരണവും നടന്നു വരുന്നു. പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നല്കേണ്ടത് അനിവാര്യമാണ് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

23.18 പൊതുജന സൗകര്യങ്ങൾ

ടൗൺ തലത്തിൽ ആവശ്യമാകുന്ന പൊതുജന സൗകര്യങ്ങൾ ഏറെക്കുറേ പട്ടണത്തിൽ ലഭ്യമാണ്. എന്നിരുന്നാലും ഭാവി വികസനത്തിന്റെ കാഴ്ചപ്പാടിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളുടെ ആവശ്യകത നിലനിൽക്കുന്നു.

23.19 ദുരന്തനിവാരണം

പഠനങ്ങളിൽ നിന്നും, നിലവിൽ ദുരന്ത സാധ്യത പൊതുവെ കുറവായിട്ടുള്ള പ്രദേശമാണ് നെയ്യാറ്റിൻകര നഗരസഭ എന്ന് വ്യക്തമാണ്. വെള്ളപ്പൊക്ക സാധ്യത പഠനത്തിൽ നിന്നും പ്രധാന റോഡുകൾ ദുരന്ത സാധ്യത പ്രദേശത്ത് ഉൾപ്പെടുന്നുവെന്ന് മനസ്സിലാക്കാം. കൂടാതെ നഗരത്തിനുള്ളിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യവും, ഡ്രെയിനേജ് ശൃംഖലകളുടെ സുഗമമായ പ്രവർത്തനത്തിന്റെ ആവശ്യകതയും വ്യക്തമാകുന്നു. മെച്ചപ്പെട്ട ദുരന്ത നിവാരണ മാർഗ്ഗങ്ങൾ ഭാവിയിൽ അവലംബിക്കേണ്ടതുണ്ട്.

24. വികസന വീക്ഷണം, വികസന ലക്ഷ്യങ്ങൾ

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയെ സംബന്ധിക്കുന്ന, പഠനങ്ങൾക്കനുസൃതമായതും, ഭാവി വികസന കാഴ്ച്ചപ്പാടുകൾ ഉൾക്കൊണ്ടിട്ടുള്ളതുമായ, ഭാവി വികസന വീക്ഷണവും (Vision), ലക്ഷ്യങ്ങളും (Goals) ഈ ഭാഗത്തിൽ പ്രതിപാദിക്കുന്നു.

24.1 വികസന വീക്ഷണം

''ദ്വിതീയതല സേവനകേന്ദ്രമായി വികസിപ്പിക്കുകയും, പ്രാദേശികതലത്തിൽ ഒരു കാർഷിക കേന്ദ്രമായി മാറ്റുകയും, മുനിസിപ്പാലിറ്റിയിലെ ജനങ്ങൾക്ക് എല്ലാ പട്ടണസൗകര്യങ്ങളും ലഭ്യമാക്കി, ഒരു സുസ്ഥിര ജീവിത സാഹചര്യം പ്രദാനം ചെയ്യുകയും ചെയ്യുക.''

24.2 വികസന ലക്ഷ്യങ്ങൾ

- പട്ടണത്തിൽ ലഭ്യമായ വിഭവങ്ങളെ വിവേക പൂർവ്വം ഉപയോഗപ്പെടുത്തി, പ്രാദേശികതലത്തിൽ സുസ്ഥിര വികസനം കൊണ്ടുവരാൻ പ്രോത്സാഹിപ്പിക്കുക.

- സമീപത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി ഉപയോഗപ്രദമാകും വിധം പട്ടണത്തെ ഒരു പ്രാദേശിക വാണിജ്യ കേന്ദ്രമായി മാറ്റുക.

- പട്ടണത്തിലെയും സമീപ പ്രദേശങ്ങളിലെയും വിനോദസഞ്ചാര സാധ്യതകൾ പരിശോധിക്കുകയും, അവയ്ക്ക് ഉതകുന്ന വികസന നയങ്ങൾ കൊണ്ടുവരുകയും, പട്ടണത്തിൽ വിനോദ സഞ്ചാരികൾക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

- പട്ടണത്തിലെ പൊതു സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

- പട്ടണത്തിലെ നെൽകൃഷിക്കനുയോജ്യമായ താഴ്ന്ന പാടശേഖരങ്ങളെയും ജലാശയങ്ങളെയും സംരക്ഷിക്കുക.

- പട്ടണത്തിനെ പ്രാദേശിക മേഖലയിൽ (താലൂക്കടിസ്ഥാനത്തിൽ) ഒരു കാർഷിക സേവന കേന്ദ്രമായി വളർത്തുകയും, ഇതു മുഖേന കാർഷിക മേഖലയേയും, അനുബന്ധ മേഖലകളേയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക. സാങ്കേതിക വാണിജ്യ സൗകര്യങ്ങളുള്ള ഒരു 'കാർഷിക സേവന കേന്ദ്രം' ഇതിനായി ഇവിടെ സ്ഥാപിക്കുകയും ചെയ്യുക.

- നഗരസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, സുസ്ഥിരമായ ജനവാസ അന്തരീക്ഷം കൊണ്ടുവരുകയും ചെയ്യുക.

25. വികസന സങ്കല്പം

പട്ടണത്തിന്റെ ഭാവി വികസന കാഴ്ച്ചപ്പാടും, വീക്ഷണവും, ലക്ഷ്യങ്ങളും സ്ഥലപരമായി വിശകലനം നടത്തി നിർദ്ദിഷ്ട ഭൂവിനിയോഗ രൂപരേഖ തയ്യാറാക്കുന്നതിന്റെ ആദ്യ ചുവടാണ് വികസന സങ്കല്പ രൂപീകരണം. വികസന സങ്കല്പം രൂപപ്പെടുത്തുന്നതിനായി അവലംബിച്ചിരിക്കുന്ന മാർഗ്ഗവും, ഇതിനായി പരിഗണിച്ചിരിക്കുന്ന വസ്തുതകളും ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.

25.1 വികസന സങ്കല്പം രൂപീകരണം

വികസന ഘടകങ്ങളുടെ സ്ഥലപരമായ സൂക്ഷ്മ വിശകലനമാണ് വികസന സങ്കല്പ രൂപീകരണത്തിന്റെ ആധാരമെങ്കിലും, മറ്റു പ്രാധാന്യമുള്ള വികസന വസ്തുതകളും ഇതിനായി പരിഗണിച്ചിരിക്കുന്നു. ഇതിനായി അവലംബിച്ചിരിക്കുന്ന മാർഗ്ഗരേഖ ചിത്രം 25.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 25.1 വികസന സങ്കല്പ രൂപീകരണ മാർഗ്ഗരേഖ

പ്രധാനമായും ആറ് ഘടകങ്ങളാണ് വിശകലനത്തിനായി പരിഗണിച്ചിരിക്കുന്നത്. നിലവിലെ ഗതാഗത ശൃംഖല, ഭൂവിനിയോഗ വിശകലനം, ഭാവി വികസന പദ്ധതികൾ (പ്രാദേശികതലത്തിലും, പട്ടണ പ്രദേശത്തും ഉള്ളവ), പാരിസ്ഥിതിക ഘടകങ്ങൾ, നിലവിലെ ജനസംഖ്യാ വിന്യാസം, വാണിജ്യ-വ്യാപാര-വ്യാവസായിക വികസനത്തിലൂടെ സാമ്പത്തിക വളർച്ചാ സാധ്യത, എന്നിവയെ ആധാരമാക്കിയാണ് വിശകലനങ്ങൾ നടത്തിയിരിക്കുന്നത്. സുസ്ഥിര വികസന കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മേൽ പ്രസ്താവിച്ച ഘടകങ്ങൾക്ക് പുറമെ സാമൂഹികവും, പൈതൃക മൂല്യമുള്ള ഘടകങ്ങൾ കൂടി പരോക്ഷമായി പരിശോധിച്ചാണ് വികസന സങ്കല്പ രൂപീകരണം പൂർത്തീകരിച്ചിരിക്കുന്നത്.

ഈ ഘടകങ്ങളെ വിശകലനം ചെയ്യുവാൻ അവലംബിച്ചിരിക്കുന്ന മാർഗ്ഗങ്ങളും, വിശകലന ഫലങ്ങളും ചുവടെ പ്രതിപാദിച്ചിരിക്കുന്നു.

25.2 ഭൂവിനിയോഗ സ്ഥിതിയും, ഭാവി കാഴ്ച്ചപ്പാടും

നിലവിലെ ഭൂവിനിയോഗത്തിന്റെ വിശകലനത്തിൽ നിന്ന് മനസ്സിലാകുന്നത് പട്ടണത്തിൽ പ്രാമുഖ്യം അർഹിക്കുന്ന പ്രധാന ഭൂഉപയോഗങ്ങൾ കൃഷി ഉപയോഗവും (Agriculture), വാസഗൃഹ ഉപയോഗവുമാണ് (Residential). പട്ടണത്തിലെ ഏകദേശം 90% ഓളം ഭൂമി ഈ ഉപയോഗങ്ങളിൽ പെടുന്നതാണ്. അതിനാൽ ഭൂവിനിയോഗ വിശകലനത്തിൽ ഈ ഉപയോഗങ്ങളെയാണ് പ്രാധാന്യത്തോടെ പരിഗണിച്ചിരിക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ, കാർഷിക ഉപയോഗത്തിനെയും,

വാസഗൃഹ ഉപയോഗത്തിനെയും വ്യത്യസ്തമായി പരിഗണിച്ച്, സ്ഥലപരമായ ഭൂവിനിയോഗ തോത് നിർവചിക്കാൻ ശ്രമിച്ചിരിക്കുന്നു. 60% ത്തിൽ കൂടുതൽ ഭൂമി കാർഷിക ഉപയോഗത്തിൽ പെടുന്ന വാർഡുകളെ ഉയർന്ന കാർഷിക പ്രാധാന്യമുള്ളവയായി, പരിഗണിക്കുന്നു. വാസഗൃഹ ഉപയോഗങ്ങളുടെ ഭൂവിനിയോഗ തോത് നിശ്ചയിക്കാൻ സ്ഥലപരമായ വിന്യാസത്തിനുപരിയായി, ജനസാന്ദ്രത ഘടകമാണ് പരിഗണിച്ചിരിക്കുന്നു. 5000-7500 ജനങ്ങൾ/ച.കീ.മി നു പുറമെ ജനസാന്ദ്രത വരുന്ന പ്രദേശങ്ങളെ വാസഗൃഹ ഉപയോഗത്തിന് ഉയർന്ന പ്രാധാന്യമുള്ളവയായി പരിഗണിച്ചിരിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം ലഭിച്ച ഭൂവിനിയോഗ വിന്യാസത്തിനെ അടിസ്ഥാനമാക്കി ഭാവി വികസന സങ്കല്പ രൂപീകരണത്തിനായി പട്ടിക 25.1 ഉപയോഗിച്ചിരിക്കുന്നു. മേൽ വിവരിച്ച വിശകലന പ്രക്രിയ പ്രകാരം വാർഡ്തല വികസനസാധ്യത ഏത് ഉപയോഗത്തിന് എന്നുള്ളത് തിരിച്ചറിയുവാനാണ് പട്ടിക 25.1 ഉപയുക്തമാക്കിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

പട്ടിക 25.1 ഭാവി വികസന സങ്കല്പ രൂപീകരണം

	വളരെ പ്രാധാന്യമുള്ള കാർഷിക മേഖലകൾ	**മിതമായ പ്രാധാന്യമുള്ള കാർഷിക മേഖലകൾ**	**പ്രാധാന്യം കുറഞ്ഞ കാർഷിക മേഖലകൾ**
കൂടിയ സാന്ദ്രത	ബാധകമല്ല	ബാധകമല്ല	മിശ്ര വികസന മേഖല
മിതമായ സാന്ദ്രത	തീവ്ര കാർഷിക മേഖല	മിശ്ര വികസന മേഖല	ഗാർഹിക പ്രധാന മേഖല
കുറഞ്ഞ സാന്ദ്രത	തീവ്ര കാർഷിക മേഖല	മിശ്ര വികസന മേഖല	ഗാർഹിക പ്രധാന മേഖല



ചിത്രം 25.2 വാർഡ്തല ഭൂവികസന സാധ്യത

ഉദാഹരണം 1: ഒരു പ്രദേശത്തിൽ മിതമായ ജനസാന്ദ്രതയും (medium density), ഉയർന്ന കാർഷിക പ്രാധാന്യവും (High Priority Agriculture Area) ഒരുമിച്ച് കണ്ടു വരികയാണെങ്കിൽ ഈ പ്രദേശത്തിന് ഭാവി വികസനത്തിൽ കാർഷിക പ്രാധാന്യമാണ് (Intensive Agriculture zone) അനുയോജ്യമെന്ന് നിർണ്ണയിക്കുന്നു.

ഉദാഹരണം 2: കുറഞ്ഞ കാർഷിക പ്രാധാന്യവും (Low Priority Agriculture Area), മിതമായ ജനസാന്ദ്രതയും (medium density) ദൃശ്യമാകുന്ന ഒരു പ്രദേശത്തെ ഇപ്രകാരം ഉയർന്ന വാസഗൃഹ വികസന സാധ്യതയിൽ (Residential Priority zone) ഉൾപ്പെടുത്തിയിരിക്കുന്നു.

ഇപ്രകാരം പട്ടണ പ്രദേശത്തിലെ വാർഡതല വികസന സാധ്യതകളെ കണക്കാക്കിയിരിക്കുന്നത് സ്ഥലപരമായി ചിത്രം 25.2 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

മിശ്ര വികസന സാധ്യതകളാണ് ഇതിൽ നിന്നും കാണുവാൻ സാധിക്കുന്നത്. പട്ടണത്തിന്റെ മധ്യഭാഗത്തും, പ്രധാന റോഡുകൾക്കരികിലും കൂടുതൽ വികസന സാധ്യതയും, വടക്ക്, തെക്ക്, വടക്ക്-കിഴക്ക് ഭാഗങ്ങളിലേക്ക് കുറയുന്ന തോതിലുള്ള വികസന സാധ്യതയുമാണ് ഈ വിശകലനത്തിൽ നിന്നും ഉരുത്തിരിയുന്നത്.

25.3 നിർമ്മിത ഉപയോഗ സാന്ദ്രത (Built-up Density)

വാസഗൃഹ ഉപയോഗ വ്യാപ്തിയും, ജനസാന്ദ്രത ഘടകവും നിലവിലെ ഭൂവികസനത്തിനെ കുറിച്ചുള്ള ചില ഉൾക്കാഴ്ചകൾ നൽകുന്നുവെങ്കിലും, മറ്റു നിർമ്മിത ഉപയോഗങ്ങളുടെ വിന്യാസ പഠനത്തിന്റെ ഭാഗമായി മേൽ ഉപയോഗങ്ങളുടെ (built-up use) നിബിഡതാ തോത് (Compaction level) കണക്കാക്കുന്നത് ഉപയോഗ പ്രദമായി കരുതുന്നു.



ചിത്രം 25.3 നിർമ്മിത ഉപയോഗ നിബിഡത

ഒരു വിശദ വിശകലനത്തിനായി മുനിസിപ്പൽ പ്രദേശത്തെ 500 മീ. X 500 മീ.വരുന്ന ഗ്രിഡുകൾ (grids) ആയി തിരിച്ചിരിക്കുന്നു. ഒരു ഗ്രിഡിന്റെ വ്യാപ്തി 0.25 ച.കീ.മി ആണ്. ഇത്തരത്തിലുള്ള ഗ്രിഡുകളിലെ

ഭൂവിനിയോഗ വിന്യാസ (നിർമ്മിത ഉപയോഗങ്ങളുടെ) സൂചിക തയ്യാറാക്കി ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചിത്രം 25.3 ൽ ഇത് കാണിച്ചിരിക്കുന്നു.

ടൗൺ പ്രദേശത്ത് നിബിഡ വികസനത്തിനുള്ള സാധ്യതകൾ കൂടുതലായി നിലനിൽക്കുന്നതായി ഈ വിശകലനത്തിൽ നിന്നു വ്യക്തമാകുന്നു.

25.4 മേഖലാതല പഠനങ്ങളുടെ അവലോകനം

മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന മേഖലാതല പഠനങ്ങളുടെ കണ്ടെത്തലുകളും വികസന സങ്കല്പ രൂപീകരണത്തിൽ പരിഗണിച്ചിരിക്കുന്നു. സ്ഥലപരമായി ബന്ധപ്പെടുത്തുവാൻ സാധിക്കുന്നവയെ ഭൂഉപയോഗ വിന്യാസ വിശകലനവുമായി സംയോജിപ്പിച്ചിരിക്കുന്നു. പട്ടണ കേന്ദ്ര പ്രദേശത്തിന്റെ ആസൂത്രിത വികസനത്തിന്റെ അഭാവം മൂലമാണ് ചില മേഖലകളിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നത് എന്ന് മനസ്സിലാക്കുന്നു. ഇത്തരം തിരിച്ചറിവുകൾ വികസന സങ്കല്പ രൂപീകരണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

25.5 ഗതാഗത ശൃംഖല

നെയ്യാറ്റിൻകര പട്ടണത്തിനെ സംബന്ധിച്ച് ഗതാഗത മേഖല പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ദേശീയപാതയുടെയും, ഇന്റർ ടൗൺ (കാട്ടാക്കട-പൂവാർ) റോഡിന്റെയും, റെയിൽവേയുടെയും സാന്നിദ്ധ്യം ഈ മേഖലയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു. ഭൂവിനിയോഗ വിശകലനങ്ങളിൽ നിന്നും കൂടുതലും പാതയോര വികസനമാണ് (Ribbon development) പട്ടണത്തിൽ കാണപ്പെടുന്നത്. ഇതിനു പുറമെ ദേശീയപാതയുടെ ഭാവി വികസന സാദ്ധ്യതകൾ (കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികൾ), ഭാവി റെയിൽ വികസന സാദ്ധ്യതകൾ (കേന്ദ്ര സർക്കാർ പദ്ധതികൾ), ദ്രുത വേഗ മെട്രോ റെയിൽ പദ്ധതികളുടെ സാധ്യത (Mass Rapid Transit System, (MRTS), Light Rail Transit System (LRTS) മാതൃകയിൽ ഉള്ളവ) എന്നിവയും കണക്കിലെടുക്കുമ്പോൾ പട്ടണ ഭാവി വികസനത്തിനു ഈ മേഖലയുടെ സ്വാധീനം വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ഇതിനാൽ വികസന സങ്കല്പ രൂപീകരണത്തിൽ മേൽപ്പറഞ്ഞ ഗതാഗത ഇടനാഴികൾക്കും അനുബന്ധ പ്രദേശങ്ങൾക്കും അർഹമായ സ്ഥാനം നൽകിയിരിക്കുന്നു. പട്ടണത്തിന്റെ ഭാവി വികസനത്തിന്റെ ദിശ നിയന്ത്രിക്കുന്നതിൽ ഈ മേഖലയിലെ ഭാവി പദ്ധതികൾക്ക് ഗണ്യമായ സ്ഥാനമുണ്ട്.

25.6 വാണിജ്യ-വ്യാപാര കേന്ദ്രീകരണം

ഭൂവിനിയോഗ അവലോകനത്തിൽ നിന്നും കൂടുതൽ ഭൂഉപയോഗം കാർഷിക മേഖലയിലാണ് എന്നു വ്യക്തമാകുന്നു. എന്നാൽ, സാമ്പത്തിക സ്ഥിതിയും, തൊഴിൽ സ്ഥിതിയും പരിശോധിക്കുമ്പോൾ, സാമ്പത്തിക വളർച്ചയുടെ പ്രധാന ഉറവിടം വാണിജ്യ-വ്യാപാര മേഖലയും അനുബന്ധമായ സേവന മേഖലയുമാണെന്ന് വ്യക്തമാകുന്നു. ഇതിനാൽ വികസന സങ്കല്പ രൂപീകരണത്തിൽ ഇവയുടെ സ്ഥലപര കേന്ദ്രീകരണം ഒരു പ്രധാന ഘടകമാകുന്നു. ഭൂവികസന മാതൃകയിൽ നിന്നും പാതയോര വികസന പ്രവണതയുടെ സാന്നിദ്ധ്യം വ്യക്തമാണ്. പട്ടണത്തിലെ റോഡരികിൽ സ്ഥിതി ചെയ്യുന്ന നിലവിലെ വാണിജ്യ-വ്യാപാര കേന്ദ്രങ്ങളും ഇവയുടെ സ്ഥലപരമായ വികസന സാധ്യതകളും ഇതിനാൽ പ്രാധാന്യം അർഹിക്കുന്നു. ആറാലുമൂട്, ടൗൺ കേന്ദ്ര പ്രദേശം, അമരവിള തുടങ്ങിയ കേന്ദ്രങ്ങൾ ദേശീയപാതയിലും; ഓലത്താന്നി, പെരുമ്പഴുതൂർ എന്നിവ കാട്ടാക്കട-പൂവാർ റോഡിലും ഉള്ള പ്രധാനപ്പെട്ട വാണിജ്യ കേന്ദ്രങ്ങളായി ഭാവിയിലും പരിണമിക്കാൻ ഉള്ള സാധ്യതകളെ കണക്കിലെടുത്താണ് വികസന സങ്കല്പം രൂപപ്പെടുത്തിയിരിക്കുന്നത്.

25.7 വികസന പദ്ധതികളും അവയുടെ സ്വാധീനവും

പട്ടണത്തിനുള്ളിലെ മേഖലാതല വികസന സാധ്യതകൾക്ക് പുറമെ, പട്ടണത്തിന്റെ വികസനത്തിനെ സ്വാധീനം ചെലുത്താൻ കഴിയുന്നവയാണ് പ്രാദേശിക തലത്തിലെ വികസന പദ്ധതികൾ. സംസ്ഥാന വികസനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെയും, മറ്റ് ഏജൻസികളുടെയും നേതൃത്വത്തിൽ അനേകം വികസന പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, നെയ്യാറ്റിൻകര പട്ടണപ്രദേശത്തെ വികസനം സ്വാധീനിക്കാൻ തക്കതായ ചില പദ്ധതികൾ ഇവിടെ അവലോകനം ചെയ്യുന്നു.

വികസന പ്രാമുഖ്യമുള്ള മൂന്നു പ്രധാന പദ്ധതികളാണ് ഈ ഭാഗത്തിൽ വിശകലനം ചെയ്യുന്നത്; വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി, തിരുവനന്തപുരം നഗരത്ത് നിന്ന് തുടങ്ങി നെയ്യാറ്റിൻകരയിൽ അവസാനിക്കുന്ന ദ്രുതവേഗ മെട്രോ ട്രെയിൻ സർവീസ് (MRTS/LRTS) പദ്ധതി;

നെയ്യാറ്റിൻകര നഗരസഭയെ ഉപഗ്രഹ പട്ടണമായി വികസിപ്പിക്കുവാനുള്ള പദ്ധതി. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

25.7.1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

കേരള സംസ്ഥാനത്തിന്റെ മുഖമുദ്ര മാറ്റാൻ കഴിയുന്ന പദ്ധതിയായിട്ടാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയെ കണക്കാക്കുന്നത്. രാജ്യത്തിലെ ഒരു പ്രധാന തുറമുഖമായി മാറുവാൻ സാധ്യത ഉള്ള വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്നത്, തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം പ്രദേശത്താണ്. മുനിസിപ്പൽ അതിർത്തിയിൽ നിന്നും ഏകദേശം 10-15 കീ.മി അകലത്തിലാണ് തുറമുഖം നടപ്പിലാക്കുന്നത്. ഇതിന് പുറമെ ജില്ലയിൽ നടപ്പാക്കി വരുന്ന ദേശീയപാത ബൈപ്പാസ് പദ്ധതി (കഴക്കൂട്ടത്ത് നിന്ന് തുടങ്ങി, കാരോട് അവസാനിക്കുന്നു) നഗരസഭാ പ്രദേശത്തിന്റെ തെക്കേ അതിർത്തിയിൽ നിന്നും ഏകദേശം 2-3 കീ.മി ദൂരത്തിലും, വിഴിഞ്ഞം പദ്ധതി പ്രദേശത്തിലൂടെയും കടന്നു പോകുന്നു.

പട്ടണ പ്രദേശവും വിഴിഞ്ഞം തുറമുഖവും ഉൾപ്പെട്ട പ്രാദേശിക ഭൂപടം ചിത്രം 25.4 ൽ രേഖപ്പെടുത്തിയിരിക്കുന്നു. തുറമുഖവുമായി ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന നഗര പ്രദേശം നെയ്യാറ്റിൻകര നഗരസഭയാണ്. ഇതിനു പുറമെ പുതിയ ബൈപ്പാസ് പദ്ധതി നടപ്പിലാക്കുന്നതോടു കൂടി കോട്ടൂർ-അംബാസമുദ്രം പദ്ധതിയുമായി തുറമുഖത്തെ ബന്ധിപ്പിക്കുവാൻ ഉള്ള എളുപ്പ മാർഗ്ഗം നെയ്യാറ്റിൻകര പട്ടണം വഴിയാണ്. (പൂവാർ-കാട്ടാക്കട റോഡ് മുഖേന)



ചിത്രം 25.4 വിഴിഞ്ഞം തുറമുഖം സ്വാധീന മേഖല

ഈ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ഈ പദ്ധതി മുഖേന പട്ടണത്തിന് വികസന സാധ്യത നിലനിൽക്കുന്നതായി മനസ്സിലാക്കാം. പ്രാദേശിക ഭൂപടം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്, തുറമുഖത്തിന് ചുറ്റും സ്ഥിതി ചെയ്യുന്ന നിരവധി പഞ്ചായത്തുകളിലും ഭൂവികസനത്തിനുള്ള സാധ്യത നിലനിൽക്കുന്നു എന്നാണ്. തുറമുഖവുമായി ബന്ധപ്പെട്ട ഭൂവികസനത്തിൽ പട്ടണത്തിനു ലഭിക്കുന്ന പ്രാധാന്യം ഉൾക്കൊള്ളുന്ന വിധത്തിലുള്ള വികസന നയം പട്ടണത്തിന്റെ സാമൂഹ്യ-സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താൻ സഹായകമാകും.

ഈ വസ്തുതകൾ എല്ലാം കണക്കിലെടുക്കമ്പോൾ മിശ്ര സ്വഭാവമുള്ള ഒരു വികസന സ്വാധീനമാണ് വിവക്ഷിക്കുന്നത്. ഇതിനാൽ വരാൻ സാധ്യതയുള്ള വികസനത്തിനു മുന്നോടിയായി

വികസന സങ്കല്പത്തിലൂടെ പട്ടണത്തിനെ ഇതിനു സജ്ജമാക്കുവാൻ ശ്രമിച്ചിരിക്കുന്നു. പട്ടണത്തിലെ കിഴക്ക്-പടിഞ്ഞാറ് ഭാഗത്തിന് വികസന സ്വാധീനം കൂടുതലാകാമെന്ന് വിശകലനങ്ങളിലൂടെ അനുമാനിക്കുന്നു.

25.7.2 ദ്രുതവേഗ മെട്രോ റെയിൽ പദ്ധതി (MRTS/LRTS)

സംസ്ഥാന സർക്കാരിന്റെ മറ്റൊരു ബൃഹത്തായ പദ്ധതിയാണ് ജില്ലയിൽ നടപ്പിലാക്കാൻ പോകുന്ന ലൈറ്റ് മെട്രോ റെയിൽ ട്രാൻസിറ്റ് സിസ്റ്റം (LRTS) പ്രധാനമായും തിരുവനന്തപുരം നഗരത്തിലെ ഗതാഗത മേഖലയിലെ പ്രശ്നങ്ങളുടെ പരിഹാരമായി നടപ്പിലാക്കുന്ന LRTS പദ്ധതി, വരും ഘട്ടങ്ങളിൽ നെയ്യാറ്റിൻകര നഗരസഭാ പരിധിയിലേക്കും നടപ്പിലാക്കുവാൻ ഉള്ള സാധ്യത നിലനിൽക്കുന്നു. പദ്ധതിയെക്കുറിച്ചുള്ള സാധ്യതാ പഠനത്തിൽ നെയ്യാറ്റിൻകര നഗരസഭാ പ്രദേശവും ഉൾപ്പെട്ടിരുന്നു.

പട്ടണ പ്രദേശത്തിലെ ഈ പദ്ധതി വിശദാംശങ്ങൾ നിലവിൽ ലഭ്യമല്ലെങ്കിലും, നിലവിലെ ദേശീയ പാതയ്ക്ക് സമാന്തരമായിട്ടുള്ള വികസനമാണ് വിഭാവനം ചെയ്യുന്നത്. വികസന സങ്കല്പ രൂപീകരണത്തിൽ ഈ ഘടകവും പരിഗണിച്ചിരിക്കുന്നു.

25.7.3 ഉപഗ്രഹ പട്ടണ സാധ്യത

പട്ടണ വികസന സങ്കല്പത്തിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു ബാഹ്യ ഘടകമാണ് ഉപഗ്രഹ പട്ടണ വികസന സാധ്യത. സ്ഥാനപരമായി തിരുവനന്തപുരം നഗര പ്രദേശത്തിന് സമീപം സ്ഥിതി ചെയ്യുന്നതിനാൽ ഭാവിയിൽ നഗരത്തിന്റെ ഒരു ഉപഗ്രഹ പട്ടണമായി വികസിക്കുവാനുള്ള സാധ്യത കണക്കിലെടുക്കേണ്ടതുണ്ട്. നഗരവുമായി സാമൂഹിക- സാമ്പത്തിക- വാണിജ്യ- സാംസ്ക്കാരിക - ഗതാഗതപരമായ അടുത്ത ബന്ധം പുലർത്തുന്ന നിലയിലും, നിരവധി സേവന സൗകര്യങ്ങൾക്ക് നഗരത്തെ ആശ്രയിക്കുന്ന പട്ടണമെന്ന നിലയിലും ഈ സാധ്യത പ്രാധാന്യം അർഹിക്കുന്നു.

നഗരത്തിന്റെ ഭൂവിസ്തൃതി കണക്കിലെടുക്കുമ്പോൾ, നഗരപ്രദേശത്തു തന്നെ വികസന സാധ്യതകൾ നിലനിൽക്കുന്നതായും, നഗര വ്യാപ്തിയിൽ തന്നെ ഇവയെ ഉൾക്കൊള്ളിക്കുവാൻ സാധിക്കുന്നതായും മനസ്സിലാക്കുന്നു. നെയ്യാറ്റിൻകര പട്ടണത്തിന്റെ വികസന കാഴ്ച്ചപ്പാടിൽ ഇതിനാൽ ഈ ഘടകം പ്രസക്തമായി കാണുന്നില്ല.

25.8 പാരിസ്ഥിക ഘടകങ്ങൾ

ഭാവി വികസന കാഴ്ച്ചപ്പാടിൽ പ്രമുഖമായ സ്ഥാനം നൽകേണ്ട ഘടകമാണ് പരിസ്ഥിതി. പ്രകൃതിദത്തമായ ഒട്ടനവധി വിഭവങ്ങൾ ലഭ്യമായ പ്രദേശമാണ് നെയ്യാറ്റിൻകര. പ്രകൃതി സംരക്ഷണത്തിനു പ്രധാനപ്പെട്ട സ്ഥാനമാണ് സംസ്ഥാന വികസന പദ്ധതികളിൽ നൽകുന്നത്. ഈ കാഴ്ചപ്പാട് തന്നെയാണ് പട്ടണ പ്രദേശത്തെ വികസന സങ്കല്പ രൂപീകരണത്തിലും സ്വീകരിച്ചിരിക്കുന്നത്. നെൽകൃഷി പ്രദേശങ്ങൾ / പാടശേഖരങ്ങൾ / താഴ്ന്ന ഭൂപ്രദേശങ്ങൾ, ജലാശയങ്ങൾ, കനാലുകൾ, നെയ്യാർ നദി, മലഞ്ചെരിവുകൾ, പാറമടകൾ എന്നീ പ്രദേശങ്ങളെ അർഹമായ രീതിയിൽ പരിഗണിച്ചുകൊണ്ടാണ് വികസന സങ്കല്പം രൂപീകരിച്ചിരിക്കുന്നത്.

25.9 വികസന സങ്കല്പം

മേൽ പരാമർശിച്ചിരിക്കുന്ന എല്ലാ ഘടകങ്ങളേയും, അതിനോടൊപ്പം സാമൂഹികപരമായ മറ്റ് അവശ്യ വികസന കാഴ്ചപ്പാടുകളെയും സംയോജിതമായി പരിഗണിച്ച് വികസന സങ്കല്പം രൂപീകരിച്ചിരിക്കുന്നു. വികസന ആവശ്യങ്ങൾക്ക് അനുസൃതമായി അവയ്ക്ക് മുൻതൂക്കം നൽകുകയും എന്നാൽ അതിനോടൊപ്പം പ്രകൃതി സംരക്ഷണത്തിന് അർഹമായ ഊന്നൽ നൽകിയുമുള്ള ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളെ നിലനിർത്തിയും, മറ്റു പ്രദേശങ്ങൾക്ക് അർഹിക്കുന്ന തോതിലുള്ള വികസന നയം രൂപീകരിക്കുകയും ചെയ്തിരിക്കുന്നു. ചിത്രം 25.5 ൽ വികസന സങ്കല്പം രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 25.5 വികസന സങ്കല്പം

വികസന സങ്കല്പത്തിൽ മുനിസിപ്പൽ പ്രദേശത്തെ പ്രധാനമായും മൂന്നു വികസന മേഖലകളായി തരംതിരിച്ചിരിക്കുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- **കാർഷികാധിഷ്ഠിത വികസന മേഖല** : പട്ടണ പ്രദേശത്തെ വടക്ക്, വടക്ക്-കിഴക്ക് ഭാഗങ്ങളെ (പച്ച നിറത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത്) ഈ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രധാനമായും പെരുമ്പഴുതൂർ, അരുവിപ്പുറം, മാമ്പഴക്കര, ഇളവണിക്കര, ഇരാറ്റിൻപുറം തുടങ്ങിയ വടക്കൻ പ്രദേശങ്ങളും; ചായ്കോട്ടുകോണം, മാരായമുട്ടം, പൂവൻകാല, മഞ്ചവിളാകം ഭാഗം തുടങ്ങിയ വടക്ക്-കിഴക്ക് പ്രദേശങ്ങളുമാണ് ഈ മേഖലയിൽ വരുന്നത്. ഇതിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ നിലനിൽക്കുന്ന കാർഷിക പ്രവർത്തികളെ പരിപോഷിപ്പിക്കുവാനും, ഇത്തരത്തിലുള്ള കൂടുതൽ വികസനം ഈ ഭാഗങ്ങളിൽ കൊണ്ടുവരുവാനും ഉദ്ദേശിക്കുന്നു. പട്ടണത്തിൽ കാർഷികാധിഷ്ഠിത വികസനം കൂടുതൽ ത്വരിതപ്പെടുത്തുന്നതിൽ ഈ മേഖലയ്ക്ക് ഒരു കേന്ദ്ര സ്ഥാനം വഹിക്കുവാൻ സാധിക്കും എന്നു വിഭാവനം ചെയ്യുന്നു. കൂടാതെ ഭാവി വികസന പദ്ധതികൾക്കാവശ്യമായ സ്ഥലലഭ്യത ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു.

- **ഊർജ്ജിത വികസന മേഖല** : പട്ടണത്തിന്റെ പടിഞ്ഞാറ്, തെക്ക്-പടിഞ്ഞാറ്, തെക്ക്-കിഴക്ക് ഭാഗങ്ങളിലാണ് തീവ്ര വികസനം വിഭാവനം ചെയ്യുന്നത്. പാതയോര വികസന പ്രവണത വിശകലനങ്ങളിൽ നിന്ന് വ്യക്തമായ നിലയിൽ ദേശീയ പാതയുടെയും, കാട്ടാക്കട-പൂവാർ റോഡുകളുടെയും സമീപ പ്രദേശങ്ങളാണ് ഈ മേഖലയിൽ പ്രധാനമായും ഉൾപ്പെടുന്നത്.

മുനിസിപ്പൽ പ്രദേശത്തെ എല്ലാ പ്രധാന ജംഗ്ഷനുകളും ഈ മേഖലയിൽ ഉൾപ്പെടുന്നു. മഞ്ഞ നിറത്തിൽ ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു ഈ മേഖല. വിശകലന പഠനങ്ങളിൽ പരിഗണിച്ചിരുന്ന നിരവധി ഘടകങ്ങൾ പരിശോധിക്കുമ്പോൾ ഭാവി വികസനത്തിൽ ഈ മേഖലയുടെ സ്ഥാനം വ്യക്തമാകുന്നു. പ്രാദേശിക വികസന സ്വാധീനവും കൂടുതൽ ഈ പ്രദേശങ്ങളിലാണ് വരുവാൻ സാധ്യതയെന്ന് പഠനങ്ങളിൽ നിന്നും മനസ്സിലാക്കുന്നു. വിഴിഞ്ഞം പദ്ധതി, റെയിൽ പദ്ധതി, റോഡ് വികസന പദ്ധതി എന്നിവയിൽ എല്ലാം ഈ പ്രദേശത്തിന് പ്രാമുഖ്യം നിലനിൽക്കുന്നു. നിലവിലെ വികസന സാധ്യതകൾക്ക് ഊന്നൽ നൽകുമ്പോഴും ഈ പ്രദേശങ്ങളിൽ പ്രകൃതി സംരക്ഷണത്തിനു അർഹമായ സ്ഥാനം നൽകപ്പെട്ടിരിക്കുന്നു.

- **മിശ്ര വികസന മേഖല :** മേൽ പ്രസ്താവിച്ച രണ്ട് വികസന മേഖലകളുടെ ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മിശ്ര വികസന മേഖലയായി വിഭാവനം ചെയ്തിരിക്കുന്നു. മിതമായ വികസന സാധ്യതകളാണ് ഈ പ്രദേശത്ത് വിഭാവനം ചെയ്യുന്നത്.

  വികസന മേഖലകളുടെ തരം അനുസരിച്ച് ഭാവി ജനസംഖ്യാ സാന്ദ്രത വിതരണം കണക്കാക്കിയിരിക്കുന്നു. ഭാവി ജനസംഖ്യാ കണക്കും, നിലവിൽ ഈ മേഖലകളിലെ ജനസംഖ്യാ വിന്യാസവും, നൽകപ്പെട്ടിരിക്കുന്ന വികസന പരിപ്രേക്ഷ്യവും അനുസൃതമാക്കിയാണ് ജനസാന്ദ്രതാ വിതരണം വിഭാവനം ചെയ്തിരിക്കുന്നത്.

25.10 സംഗ്രഹം

വ്യത്യസ്തമായി നിരവധി സാമൂഹിക-സാമ്പത്തിക-പാരിസ്ഥിത-വികസന ഘടകങ്ങളുടെ സമ്മിശ്രമായ വിശകലനത്തിലൂടെയാണ് വികസന സങ്കല്പ രൂപീകരണം നടത്തിയിരിക്കുന്നത്. എല്ലാ ഘടകങ്ങളേയും കണക്കിലെടുത്ത് ഒരു വികസന കാഴ്ചപ്പാട് തയ്യാറാക്കിയിരിക്കുന്നു. പട്ടണ പ്രദേശത്തിന്റെ വികസന സാധ്യതയുടെ തോത് അനുസരിച്ച് വിവിധ വികസന മേഖലകളായാണ് തരംതിരിച്ചിരിക്കുന്നത്. നിർദ്ദിഷ്ട ഭൂവിനിയോഗ രൂപീകരണത്തിനായുള്ള പ്രധാന ഘടകമായി വർത്തിക്കുന്നു ഈ വികസന സങ്കല്പം.

ഭാഗം - III
നിർദ്ദിഷ്ട ഭൂവിനിയോഗവും മേഖലാ വികസന നിർദ്ദേശങ്ങളും

26. നിർദ്ദിഷ്ട ഭൂവിനിയോഗം - 2038

പട്ടണത്തിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗത്തെ സംബന്ധിച്ച് ഈ അധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.

26.1 നിർദ്ദിഷ്ട ഭൂവിനിയോഗം

മുൻ അധ്യായങ്ങളിൽ വ്യക്തമാക്കിയതു പോലെ നെയ്യാറ്റിൻകര പട്ടണത്തിലെ നിലവിലെ മുഖ്യ ഭൂവിനിയോഗങ്ങൾ കൃഷിയും പാർപ്പിട ഉപയോഗവുമാണ്.

നിലവിലെ ഭൂവിനിയോഗത്തിന്റേയും അതിലുപരി പട്ടണത്തിന്റെ വികസന കാഴ്ചപ്പാടിന്റേയും, ഭാവി വികസന സങ്കല്പത്തിന്റേയും അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ട ഭൂവിനിയോഗം രൂപീകരിച്ചിരിക്കുന്നത്. വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട നയങ്ങളും, വികസന വീക്ഷണങ്ങളും പ്രാവർത്തികമാക്കുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് നിർദ്ദിഷ്ട ഭൂവിനിയോഗം.

ഊർജ്ജിത വികസന മേഖല, മിശ്ര വികസനമേഖല, കൃഷി പ്രാമുഖ്യ മേഖല എന്നിങ്ങനെ വികസന സങ്കൽപ്പത്തിൽ വിഭാവനം ചെയ്തതിനനുസൃതമായി തന്നെയാണ് നിർദ്ദിഷ്ട ഭൂവിനിയോഗവും നിർദ്ദേശിച്ചിരിക്കുന്നത്. തുടർന്നുള്ള ഭാഗങ്ങളിൽ നിർദ്ദിഷ്ട ഭൂവിനിയോഗ രൂപരേഖാ വിശദാംശങ്ങൾ, സോണുകൾ അവയുടെ ഉദ്ദേശ്യങ്ങൾ, നിർദ്ദിഷ്ട ഭൂവിനിയോഗവിതാനം തുടങ്ങിയവയെ സംബന്ധിച്ച് വിശദീകരിച്ചിരിക്കുന്നു.

ചിത്രം 26.1 ൽ നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.നിർദ്ദിഷ്ട ഭൂവിനിയോഗ വിതാന ചാർട്ട് 26.1 ലും പട്ടിക 26.1 ലും കാണിച്ചിരിക്കുന്നു. നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ പ്രദേശത്തെ വിവിധ സോണുകളായി തരംതിരിച്ചിരിക്കുന്നു.



ചാർട്ട് 26.1 നിർദ്ദിഷ്ട ഭൂവിനിയോഗ വിതാനം



ചിത്രം 26.1 നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പ്

പട്ടിക 26.1 നിർദ്ദിഷ്ട ഭൂവിനിയോഗ വിതാനം

ഭൂവിനിയോഗം	ഭൂവിസ്തൃതി (sq.km.)	ഭൂവിസ്തൃതി (%)
പാർപ്പിട ഉപയോഗ സോൺ	13.34	46.28
വാണിജ്യ ഉപയോഗ സോൺ	0.56	1.97
വാണിജ്യ ഉപകേന്ദ്ര സോൺ	0.42	1.46
വ്യാവസായിക ഉപയോഗ സോൺ	0.10	0.35
പൊതു /അർദ്ധ പൊതു ഉപയോഗ സോൺ	0.71	2.45
കരകൃഷി സോൺ	8.70	30.16
നെൽ പാടങ്ങളും /താഴ്ന്ന ഭൂപ്രദേശങ്ങളും	2.87	9.95
ഗതാഗത സോൺ	0.86	2.99
ക്വാറി പ്രദേശം	0.07	0.24
ജലാശയങ്ങൾ	1.08	3.73
നിർദ്ദിഷ്ട ടൗൺ ഹാൾ	0.01	0.03
നിർദ്ദിഷ്ട വ്യാവസായിക ഏരിയ	0.01	0.03
സ്പെഷ്യൽ സോൺ	0.11	0.38
Total	***28.84***	***100.00***

26.2 ഭൂവിനിയോഗ സോണുകൾ

പട്ടണ പ്രദേശത്തെ താഴെ നൽകിയിരിക്കുന്ന സോണുകളായി വിഭജിച്ചിരിക്കുന്നു.

- പാർപ്പിട ഉപയോഗ സോൺ
- പാർപ്പിട സമ്മിശ്ര ഉപയോഗ സോൺ (മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല)
- വാണിജ്യ ഉപയോഗ സോൺ.
- വാണിജ്യ ഉപകേന്ദ്ര സോൺ
- വ്യാവസായിക ഉപയോഗ സോൺ.
- പൊതു /അർദ്ധ പൊതു ഉപയോഗ സോൺ
- കരകൃഷി സോൺ.
- നെൽ പാടങ്ങളും /താഴ്ന്ന ഭൂപ്രദേശങ്ങളും
- ഗതാഗത സോൺ
- ക്വാറി പ്രദേശം
- ജലാശയങ്ങൾ
- നിർദ്ദിഷ്ട ടൗൺ ഹാൾ
- നിർദ്ദിഷ്ട വ്യാവസായിക ഏരിയ

ഇതിനു പുറമെ, വ്യക്തിഗത വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി താഴെ പ്രതിപാദിക്കുന്ന പ്രത്യേക മേഖലകൾ (Special zones) കൂടി നിർദ്ദേശിച്ചിരിക്കുന്നു.

- സ്പെഷ്യൽ സോൺ I – കാർഷിക സേവന കേന്ദ്രം (Agriculture facilitation centre)
- സ്പെഷ്യൽ സോൺ II – പ്രാദേശിക കായിക കേന്ദ്രവും, ടൗൺപാർക്കും (Regional sports centre and Town park)
- സ്പെഷ്യൽ സോൺ III – വയോജന കേന്ദ്രവും, ബഡ്സ് സ്കൂളും (Geriatric centre and Buds school)
- സ്പെഷ്യൽ സോൺ IV – ആശുപത്രി വിപുലീകരണ മേഖല (Hospital expansion area)
- സ്പെഷ്യൽ സോൺ V – ഈരാറ്റിൻപ്പുറം പാർക്ക് (Erattinpuram park)
- സ്പെഷ്യൽ സോൺ VI – നെയ്യാർ പാർക്ക് (Neyyar park)

ഓരോ സോണിനേയും സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ വിവരിക്കുന്നു:

1. **പാർപ്പിട ഉപയോഗ സോൺ**:- നിലവിലേയും ഭാവിയിലേയും പാർപ്പിടവികസന ആവശ്യങ്ങളാണ് ഈ മേഖലയിൽ നിർദ്ദേശിച്ചിരിക്കുന്നത്. പാർപ്പിട ഉപയോഗത്തിനാണ് മുൻഗണന നൽകിയിരിക്കുന്നതെങ്കിലും മറ്റു മിശ്ര ഉപയോഗങ്ങളും ഈ മേഖലയിൽ അനുവദനീയമാണ്.

2. **പാർപ്പിട സമ്മിശ്ര ഉപയോഗ സോൺ**:- ഭൂവിനിയോഗ പഠനങ്ങളിൽ നിന്നും പാതയോര വികസന പ്രവണതയാണ് (റിബൺ ഡെവലപ്മെന്റ്) പട്ടണ പ്രദേശത്ത് കാണുവാൻ സാധിക്കുന്നത്. ഭാവി വികസന പദ്ധതികളെ (റോഡ്, എൽ.ആർ.ടി.എസ്) കണക്കിലെടുത്തുകൊണ്ട് പ്രധാന റോഡുകളുടെ അരികിൽ വികസനം ത്വരിതപ്പെടുത്തുവാൻ ഒരു മിശ്ര വികസന മേഖല വിഭാവനം ചെയ്തിരിക്കുന്നു. ദേശീയപാത (തിരുവനന്തപുരം-കളിയിക്കാവിള), കാട്ടാക്കട-പൂവാർ റോഡ് എന്നീ റോഡുകളിലാണ് ഈ സോൺ നിർദ്ദേശിച്ചിരിക്കുന്നത്. റോഡിന്റെ ഇരുവശങ്ങളിലേയ്ക്കും ഒരു നിശ്ചിത ദൂരത്തിൽ (100 മുതൽ 200 മീ. വരെ) ഈ സോൺ ബാധകമായിരിക്കും. നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ പ്രസ്തുത സോൺ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത സോണിന്റെ വിശദാംശങ്ങൾ അദ്ധ്യായം 27 ൽ (മേഖല നിയന്ത്രണങ്ങൾ) നൽകിയിരിക്കുന്നു.

3. **വാണിജ്യ ഉപയോഗ സോൺ** :- പട്ടണമധ്യത്തിലെ വാണിജ്യ-വ്യാപാര മേഖലയാണ് പ്രധാനമായും ഈ സോണിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പട്ടണത്തിലേയും ചുറ്റുമുള്ള പ്രദേശങ്ങളുടേയും വാണിജ്യ വ്യാപാര ആവശ്യങ്ങൾക്ക് പര്യാപ്തമാകും വിധമാണ് ഈ മേഖലയിലെ വികസനം നിർദ്ദേശിച്ചിരിക്കുന്നത്.

4. **വാണിജ്യ ഉപകേന്ദ്ര സോൺ** :- സേവന സൗകര്യങ്ങൾ വികേന്ദ്രീകരിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ മേഖല നിർദ്ദേശിച്ചിരിക്കുന്നത്. പെരുമ്പഴുതൂർ, അമരവിള, ആറാലുംമൂട്, ഓലത്താന്നി എന്നിവിടങ്ങളിലാണ് ഈ മേഖലകൾ നിർദ്ദേശിച്ചിരിക്കുന്നത്.

5. **വ്യാവസായിക സോൺ** :- നിലവിലെ വ്യാവസായിക കേന്ദ്രങ്ങൾ നിലനിറുത്തുന്നതിനും, മെച്ചപ്പെടുത്തുന്നതിനും, പട്ടണത്തിൽ വ്യാവസായിക വികസനം സാധ്യമാകുന്നതിനുമായാണ് ഈ മേഖല നിർദ്ദേശിച്ചിരിക്കുന്നത്. പ്രധാനപ്പെട്ടവ മാത്രമാണ് മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

6. **പൊതു/അർദ്ധ പൊതു ഉപയോഗ സോൺ** :- നിലവിലുള്ള പൊതു/അർദ്ധ പൊതു ഉപയോഗങ്ങളെയാണ് ഈ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. **കരകൃഷി സോൺ** :- നിലവിലുള്ള കാർഷിക ഉപയോഗ പ്രദേശങ്ങളെയും, മിതമായ തോതിൽ മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതുമായ പ്രദേശങ്ങളെയുമാണ് ഈ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാർഷിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനവും, ഭാവിയിൽ വൻകിട പദ്ധതികൾക്കാവശ്യമായ ഭൂലഭ്യതയും ഈ മേഖലയിൽ ഉദ്ദേശിക്കുന്നു.

8. **നെൽ പാടങ്ങളും/താഴ്ന്ന ഭൂപ്രദേശങ്ങളും** :- പരിസ്ഥിതി പ്രാധാന്യമുള്ള ഭൂമിയുടെയും സംരക്ഷണവും പരിപാലനവുമാണ് ഈ മേഖലയിൽ ഉദ്ദേശിച്ചിരിക്കുന്നത്. പട്ടണത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടാണ് ഇത്തരത്തിൽ ഒരു മേഖല നിർദ്ദേശിച്ചിരിക്കുന്നത്.

9. **ഗതാഗത സോൺ**:- നിലവിലെ റോഡ്/റെയിൽ പ്രദേശങ്ങളും, ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ എന്നിവയുമാണ് ഈ സോണിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

10. **ക്വാറി പ്രദേശം** :- പട്ടണത്തിലെ മാമ്പഴക്കര, പെരുമ്പഴുതൂർ പ്രദേശങ്ങളിലുള്ള ക്വാറികളെയാണ് ഈ സോണിൽ പരാമർശിച്ചിരിക്കുന്നത്. വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുവാനാണ് ഈ സോണിൽ ഉദ്ദേശിക്കുന്നത്.

11. **ജലാശയങ്ങൾ** :- പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി പട്ടണത്തിലെ എല്ലാ പ്രകൃതിദത്ത ജലാശയങ്ങളുടെയും (നെയ്യാർ, പ്രധാന തോടുകൾ, കനാലുകൾ, കുളങ്ങൾ തുടങ്ങിയവ) സംരക്ഷണവും പരിപാലനവുമാണ് ഈ മേഖലയിൽ ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ നെയ്യാറിന്റെ ഇരു കരയിൽ നിന്നും 20 മീറ്റർ ദൂരം വരെയും, മരുത്തൂർ തോട്, കണ്ണം കഴി തോട്, ചെമ്പകപ്പാറ - വിഷ്ണുപുരം തോട്, കൂട്ടപ്പന തോട്, എന്നിവക്ക് ഇരുവശങ്ങളിൽ നിന്നും 5 മീറ്റർ വരെയും സംരക്ഷണ മേഖല നിർദ്ദേശിക്കുകയും ഇത് ജലാശയ ബഫർ ആയി നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

12. **നിർദ്ദിഷ്ട ടൗൺ ഹാൾ** :- ഏകദേശം 1.87 ഏക്കർ വിസ്തൃതിയുള്ള നിലവിലെ മുനിസിപ്പൽ സ്റ്റേഡിയം പ്രദേശത്ത് നവീനമായ ഒരു ടൗൺഹാൾ നിർമ്മിക്കാൻ നിർദ്ദേശിക്കുന്നു. ടൗൺ ഹാളിനോടൊപ്പം ഒരു ചെറിയ പാർക്കും കൂടാതെ പ്രദർശനങ്ങൾക്കും മേളകൾക്കുമായി മൈതാന സൗകര്യവും നിർദ്ദേശിക്കുന്നു.

13. **നിർദ്ദിഷ്ട വ്യാവസായിക ഏരിയ** :- നഗരസഭയിലെ ഭാവി വ്യാവസായിക വികസന പദ്ധതികൾ നടപ്പിലാക്കുവാനായി ഒരു വ്യവസായ ഏരിയ നിർദ്ദേശിച്ചിരിക്കുന്നു. സിഎസ്ഐ ജം. നു

സമീപത്തായുള്ള പ്രവർത്തനരഹിതമായ സിഡ്കോ വ്യവസായ പ്രദേശമാണ്. (ഏകദേശം 1.88 ഏക്കർ വിസ്തൃതിയിൽ) ഇതിനായി നിർദ്ദേശിച്ചിരിക്കുന്നത്.

പ്രത്യേക മേഖലകൾ (Special zones)

മേഖലാതല വികസന പഠനങ്ങളിൽ നിന്നും മനസ്സിലാക്കിയ വികസന സാദ്ധ്യതകൾ ഉപയുക്തമാക്കുവാനായി വികസന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുവാനായി നിർദ്ദിഷ്ട ഭൂവിനിയോഗ രൂപരേഖയിൽ ഇവയെ സ്ഥലപരമായി പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്പെഷ്യൽ സോൺ I –കാർഷിക സേവനകേന്ദ്രം :- കാർഷിക വികസനത്തിന് ഊന്നൽ നൽകുവാനായി ഒരു കേന്ദ്രീകൃത കാർഷിക സേവന കേന്ദ്രം പട്ടണത്തിൽ വിഭാവനം ചെയ്തിരിക്കുന്നു. പട്ടണത്തിനും പ്രാദേശികതലത്തിലും കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിലൂടെ കാർഷിക അഭിവൃദ്ധി ലക്ഷ്യം വെയ്ക്കുന്നു. കാട്ടാക്കട റോഡിൽ ആലംപൊറ്റ ജം. ന് സമീപം ഏകദേശം 2.62 ഏക്കർ വിസ്തൃതിയിൽ ഈ പദ്ധതി നിർദ്ദേശിച്ചിരിക്കുന്നു.

2. സ്പെഷ്യൽ സോൺ II – പ്രാദേശിക കായിക കേന്ദ്രവും, ടൗൺ പാർക്കും:- കായിക വികസന ലക്ഷ്യത്തോടെ പട്ടണത്തിനും പ്രാദേശികതലത്തിലും ഉപയോഗപ്രദമാകുംവിധം ഒരു പ്രാദേശിക കായിക കേന്ദ്ര പദ്ധതി പട്ടണത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനോടൊപ്പം പട്ടണത്തിലെ ജനങ്ങൾക്കാവശ്യമായ വിനോദ സൗകര്യങ്ങളൊരുക്കുവാനായി ഒരു ടൗൺ പാർക്കും വികസിപ്പിക്കുവാൻ വിഭാവനം ചെയ്യുന്നു. നിലവിലെ മുനിസിപ്പൽ സ്റ്റേഡിയം പ്രദേശത്തിന്റെ എതിർവശത്തായി ഏകദേശം 8.23 ഏക്കർ വിസ്തൃതിയിൽ, ഇൻഡോർ / ഔട്ട് ഡോർ സ്റ്റേഡിയം, കളിസ്ഥലങ്ങൾ, കായിക താരങ്ങൾക്കായുള്ള താമസ സൗകര്യങ്ങൾ, കൂടാതെ ടൗൺ പാർക്ക് എന്നിവ ഉൾപ്പെട്ട ഒരു പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

3. സ്പെഷ്യൽ സോൺ III – വയോജന കേന്ദ്രവും, ബഡ്സ് സ്കൂളും:- റെയിൽവേ ലൈനിനും, നിലവിലെ പോലീസ് ക്വാർട്ടേഴ്സിനും സമീപത്തായി, ഏകദേശം 0.72 ഏക്കർ സ്ഥലത്ത്, നിർദ്ദിഷ്ട ആശുപത്രി വികസന പദ്ധതിയോടൊപ്പം വയോജന കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നു. ഇതിനോടൊപ്പം കുട്ടികൾക്കായുള്ള ഒരു സ്പെഷ്യൽ സ്കൂളും (ബഡ്സ് മാതൃകയിൽ), പാർക്കും നിർദ്ദേശത്തിലുൾപ്പെടുന്നു.

4. സ്പെഷ്യൽ സോൺ IV – ആശുപത്രി വിപുലീകരണ മേഖല :- നിലവിലെ ജില്ലാ ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സ്ഥല ലഭ്യത ഉറപ്പാക്കുവാനായി ഈ പദ്ധതി നിർദ്ദേശിച്ചിരിക്കുന്നു. ഏകദേശം 8.28 ഏക്കർ വിസ്തൃതിയിൽ ആശുപത്രി വികസനം, ക്വാർട്ടേഴ്സ് സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലെ പോലീസ് ക്വാർട്ടേഴ്സിനു സമീപത്തായാണ് നിർദ്ദിഷ്ട ആശുപത്രി വികസന പദ്ധതിയുടെ സ്ഥാനം.

5. സ്പെഷ്യൽ സോൺ V – ഈരാറ്റിൻപ്പുറം പാർക്ക്:- നെയ്യാർ നദി കേന്ദ്രീകരിച്ചുള്ള ടൂറിസം മേഖലയിലെ സാധ്യതകൾ വർദ്ധിപ്പിക്കുവാനായി നെയ്യാർ നദീതട പാർക്കുകൾ വികസിപ്പിക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നു. ഈരാറ്റിൻപുറം പ്രദേശത്ത് നിലവിലുള്ള പാർക്ക് ഏകദേശം 4.2 ഏക്കർ വിസ്തൃതിയിൽ വികസിപ്പിക്കുവാൻ ഈ പദ്ധതിയിലൂടെ നിർദ്ദേശിക്കുന്നു.

6. സ്പെഷ്യൽ സോൺ VI – നെയ്യാർ പാർക്ക്:- നദീതട പാർക്ക് വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയുള്ള മറ്റൊരു പദ്ധതിയാണ് നെയ്യാർ പാർക്ക് പദ്ധതി. സിഎസ്ഐ ജം. നു സമീപത്തായി നദിയോടു ചേർന്ന് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. ഏകദേശം 3.43 ഏക്കർ വിസ്തൃതിയിൽ ഈ പദ്ധതി നിർദ്ദേശിക്കുന്നു.

26.3 സംഗ്രഹം

നെയ്യാറ്റിൻകര പട്ടണത്തിനായി രൂപീകരിച്ച വികസന സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ട ഭൂവിനിയോഗം തയ്യാറാക്കിയിരിക്കുന്നത്. ഭാവി വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളെയും, വികസന സാധ്യതകളെയും പ്രസ്തുത രൂപരേഖയിലൂടെ കണക്കിലെടുത്തിരിക്കുന്നു. പട്ടണ പ്രദേശത്തെ വികസന സാധ്യതയനുസരിച്ച് വിവിധ സോണുകളായി തരംതിരിച്ചിരിക്കുന്നു. ഇതിന് പുറമെ വ്യക്തിഗത മേഖലാതല വികസന പദ്ധതികൾ ഉൾപ്പെടുന്ന സ്പെഷ്യൽ സോണുകളും നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു.

27. നിർദ്ദിഷ്ട ഗതാഗത ശൃംഖലയും, വികസന നിർദ്ദേശങ്ങളും – 2038

27.1 നിർദ്ദിഷ്ട ഗതാഗത ശൃംഖല 2038

നെയ്യാറ്റിൻകര പട്ടണത്തിനായി വിഭാവനം ചെയ്തിട്ടുള്ള നിർദ്ദിഷ്ട ഗതാഗത ശൃംഖലയെ കുറിച്ചുള്ള വിവരങ്ങൾ ഈ ഭാഗത്തിൽ പ്രതിപാദിക്കുന്നു. നിർദ്ദിഷ്ട ഗതാഗത ശൃംഖലാ മാപ്പ് ചിത്രം 27.1 ൽ ചേർത്തിരിക്കുന്നു.

പട്ടണ പ്രദേശത്തെ വിവിധ റോഡുകളെ വികസന ക്രമമനുസരിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. നിർദ്ദിഷ്ട റോഡ് വികസന വിശദാംശങ്ങൾ, ഗതാഗത മേഖലയിലെ മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ എന്നിവയും വികസന നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

27.2 ഗതാഗത മേഖല വികസന നിർദ്ദേശങ്ങൾ

നിർദ്ദിഷ്ട ഗതാഗത രൂപരേഖയിൽ വിവിധ തരത്തിലുള്ള ഗതാഗത മാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള പഠനത്തിനടിസ്ഥാനമാക്കിയുള്ള മേഖലാ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

1. റോഡ് ശൃംഖല വികസനം, പാലങ്ങൾ
2. ജംഗ്ഷൻ മെച്ചപ്പെടുത്തൽ
3. ബസ് ബേ
4. കാൽനടയാത്രാ സൗകര്യങ്ങൾ
5. പാർക്കിംഗ് സൗകര്യങ്ങൾ
6. റെയിൽ ഗതാഗതം
7. ജലഗതാഗതം
8. മാസ്സ് റാപ്പിഡ് ട്രാൻസിറ്റ് സംവിധാനം (ലൈറ്റ് മെട്രോ, ലൈറ്റ് റെയിൽ)

27.2.1 നിർദ്ദിഷ്ട റോഡ് ശൃംഖല, പാലങ്ങൾ

പട്ടണത്തിലെ വിവിധ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വിധത്തിലും, ഗതാഗത പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും, പൊതുഗതാഗതത്തിന് പ്രാധാന്യം നൽകിക്കൊണ്ടുമാണ് റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. മെച്ചപ്പെട്ട ഒരു ഗതാഗത ശൃംഖലയും അതിനനുബന്ധമായ നയങ്ങളും വികസന തന്ത്രങ്ങളും പട്ടണത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ജനങ്ങളുടെ ജീവിത നിലവാര ഉന്നമനത്തിനും അത്യന്താപേക്ഷിതമാണ്. നിർദ്ദിഷ്ട റോഡ് വികസനത്തിന്റെ വിശദാംശങ്ങൾ ചിത്രം 27.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭാവി ഗതാഗത നയത്തിന്റെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- ഭാവിയിലെ ഗതാഗത വളർച്ചയ്ക്ക് അനുസൃതമായി എൻ.എച്ച്, മറ്റ് പ്രധാന റോഡുകൾ എന്നിവയുടെ വീതി കൂട്ടൽ
- മറ്റു റോഡുകളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തൽ
- പുതിയ റോഡുകളുടെയും പാലങ്ങളുടെയും വികസനം

ഭാവിയിലെ ഗതാഗത വളർച്ചയുടെയും, വികസന സാധ്യതകളുടെയും അടിസ്ഥാനത്തിൽ റോഡുകളുടെ വീതി കൂട്ടലും, പുതിയ റോഡുകളുടെ ആവശ്യകതയും മനസ്സിലാക്കിയിരിക്കുന്നു. നിലവിലുള്ള പ്രധാന റോഡുകൾ മെച്ചപ്പെടുത്തുന്നതിന് പ്രധാന പരിഗണന നൽകാൻ നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ റെയിൽ ഗതാഗതം ജനങ്ങൾക്ക് കൂടുതൽ ഉപയുക്തമാകും വിധം പുതിയ റോഡുകളും, നിലവിലെ റോഡുകളുടെ മെച്ചപ്പെടുത്തലുകളും നിർദ്ദേശിച്ചിരിക്കുന്നു.

റോഡ് അലൈൻമെന്റ് നിർണ്ണയിക്കുന്നതിനായി കൂടുതൽ പഠനങ്ങളും വിശദ പദ്ധതി രേഖയും (DPR) ആവശ്യമാണ്. അതിനാൽ ഇത്തരത്തിൽ വിശദ രേഖ തയ്യാറാക്കും വരെ നിലവിൽ വീതി കൂട്ടാൻ ഉദ്ദേശിക്കുന്ന റോഡുകളിൽ അവയുടെ മധ്യരേഖയിൽ നിന്നും ഇരുവശത്തേക്കും തുല്യമായിട്ടാണ് വീതി കണക്കാക്കേണ്ടത്. നിർദ്ദിഷ്ട റോഡ് ശൃംഖലയുടെ വീതി കൂട്ടലിനെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 27.1 ൽ സൂചിപ്പിച്ചിരിക്കുന്നു.

നിലവിലെ റോഡുകളെ ബന്ധിപ്പിച്ച് പ്രാദേശിക റോഡ് ശൃംഖല മെച്ചപ്പെടുത്തുന്നതിനായി നെയ്യാറിന് കുറുകെ 3 പുതിയ പാലങ്ങളും, അനുബന്ധമായ റോഡ് വികസനവും നിർദ്ദേശിക്കുന്നു.

1. ചെമ്പരത്തിവിള കടവിൽ; **2.** കന്നിപ്പുറം പാലം; **3.** ആയയിൽ-കരിയിലകുളങ്ങര പാലം



ചിത്രം 27.1 നിർദ്ദിഷ്ട ഗതാഗത ശൃംഖല

പട്ടിക 27.1 റോഡുകളുടെ വീതി കൂട്ടൽ സംബന്ധിച്ച വിവരങ്ങൾ

Sl. No.	ROAD WIDENING – Road stretches (Proposed Right of way)
	30.2 മീ നിർദ്ദിഷ്ട വീതി
1	എൻഎച്ച് 66
	18 മീ നിർദ്ദിഷ്ട വീതി
2	കാട്ടാക്കട-നെയ്യാറ്റിൻകര റോഡ് (പെരുമ്പഴുതൂർ ജം. മുതൽ ആലുംമൂട് ജം. വരെ)
3	നെയ്യാറ്റിൻകര-പൂവാർ റോഡ് (നെയ്യാറ്റിൻകര ജം. മുതൽ മുനിസിപ്പൽ അതിർത്തി വരെ)
	16 മീ നിർദ്ദിഷ്ട വീതി
4	പെരുമ്പഴുതൂർ-അരുവിപ്പുറം - മാരായമുട്ടം- പൂവൻകാല-ചായ്കോട്ടുകോണം-കണ്ണൻകുഴി-ചെക്ക് പോസ്റ്റ് ജം.
5	ആർഒബി ജം.-അറക്കുന്നത്തു പാലം -തെക്കത്തുനട-തവരവിള ജം. - പൂവൻകാല ജം.
6	ടിബി ജം. മുതൽ - ഡിസ്ട്രിക്ട് ഹോസ്പിറ്റൽ ജം. വരെ
7	വഴിമുക്ക്-കൊടങ്ങാവിള റോഡ്
	12 മീ നിർദ്ദിഷ്ട വീതി
8	കീളിയോട് ജം. - പന്തവിള - മുട്ടക്കാട് - ഭഗവതി നഗർ - കല്ലുപാലം - മുള്ളറവിള - മങ്ങോട്ടുകോണം - മാമ്പഴക്കര ജം.-ഇളവനിക്കര
9	കൂട്ടപ്പന ക്ഷേത്രം - പുന്നക്കാട് ജം. - വേട്ടമംഗലം - കല്ലുമല - പെരുമ്പഴുതൂർ ജം.
10	കൂട്ടപ്പന ജം. - മരുതൂർ റോഡ്
11	കൂട്ടപ്പന ജം. - മരുതൂർ റോഡ് മുതൽകൂട്ടപ്പന ക്ഷേത്രം വരെ
12	കൂട്ടപ്പന ജം. മുതൽ - കൊന്നമൂട് ജം. വരെ
13	മൂന്നുകല്ലിൻമൂട് ജം. - കൊന്നമൂട് ജം. -കൊടങ്ങാവിള ജം. - ശാസ്താംതല ജം. - മണലിവിള ജം. - അയണിമൂട് ജം.- ഓലത്താന്നി ജം.
14	നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ മുതൽ ജില്ലാ ആശുപത്രി ജം. വരെ
15	കണിച്ചാംകോട് റോഡ് (സ്റ്റേഡിയം ജം. മുതൽ - റെയിൽവേ സ്റ്റേഷൻ റോഡ് വരെ)
16	കോർട്ട് റോഡ്
17	വിശ്വഭാരതി റോഡ്
18	കണ്ണൻകുഴി ജം. മുതൽ -രാമേശ്വരം ജം. വഴി -കോർട്ട് റോഡ് വരെ
19	ടോൾ ജം. മുതൽ - വ്ളാങ്ങാമുറി ജം. വരെ
20	താന്നിമൂട് ജം. മുതൽ - കാരക്കോണം റോഡ്
	8 മീ നിർദ്ദിഷ്ട വീതി
21	ഇളവനിക്കര ജം.മുതൽ- ഈരാറ്റിൻപുറം വഴി മാറനല്ലൂർ റോഡ്
22	മാമ്പഴക്കര മുടിപ്പുര ജം. - മാറനല്ലൂർ റോഡ്
23	മാമ്പഴക്കര - പെരുങ്കടവിള റോഡ്
24	മങ്ങോട്ടുകോണം മുതൽ വെളിയംകോട് റോഡ് വരെ
25	മുള്ളറവിള-ആയയിൽ കരിയിലകുളങ്ങര റോഡ്
26	ഭഗവതി നഗർ മുതൽ പെരുമ്പഴുതൂർ അരുവിപ്പുറം റോഡ് വരെ (ഭഗവതി നഗർ അരുവിപ്പുറം റോഡ്)
27	മുട്ടക്കാട് ജം. മുതൽ - വെളിയംകോട് റോഡ് വരെ
28	പുന്നക്കാട് ജം.മുതൽ - ആലംപൊറ്റ ജം. വരെ
29	പെരുമ്പഴുതൂർ അരുവിപ്പുറം റോഡിനും, തൊഴുക്കൽ ജം. ചെമ്പരത്തിവിള കടവ് റോഡിനും ഇടയ്ക്കുള്ള ലിങ്ക് റോഡ്
30	തൊഴുക്കൽ ജം.മുതൽ ചെമ്പരത്തിവിള കടവ് വരെ
31	അരുവിപ്പുറം മുതൽ - കൊല്ലമാംവിള വഴി - തെക്കത്തുനട വരെ
32	കൊല്ലമാംവിള മുതൽ - തവരവിള വരെ
33	തവരവിള മുതൽ - തെവിയൽ വഴി – രാമേശ്വരം ജം. വരെ
34	തെവിയൽ ജം. മുതൽ ചായ്ക്കോട്ടുകോണം ജം. വരെ
35	ചായ്കോട്ടുകോണം ജം. - മഞ്ചവിളാകം റോഡ്
36	കണ്ണൻകുഴി ജം. മുതൽ - അമരവിള ജം. വരെ
37	സിഎസ്ഐ ജം. - ചെങ്കൽ റോഡ്
38	സിഎസ്ഐ ജം.- ചെങ്കൽ റോഡിൽ നിന്നും വിഎച്ച്എസ്എസ് സ്കൂൾ വഴി നദി വരെയുള്ള റോഡ്
39	സിഎസ്ഐ ജം.- ചെങ്കൽ റോഡിൽ നിന്നും നെയ്യാർ നദീ പാർക്ക് വരെയുള്ള റോഡ്
40	രാമേശ്വരം പാലം മുതൽ പൂവാർ റോഡ് വരെ (കെഎസ്ആർടിസി) (വിശ്വഭാരതി ജം., വിശ്വ ഭാരതി സ്കൂൾ വഴി)

41	നെയ്യാറ്റിൻകര കോടതി റോഡ് മുതൽ -ആർഒബി ജം.-തെക്കത്തുനട റോഡ് വരെ (കന്നിപ്പുറം വഴി)
42	ജിഎച്ച്എസ്എസ് ജം. മുതൽപോലീസ് ക്വാർട്ടേഴ്സ് വരെയുള്ള റോഡ്
43	കൊന്നമൂട് ജം. മുതൽ - കോൺവെന്റ് റോഡ് വഴി - നെയ്യാറ്റിൻകര ജം. വരെ
44	ആലുംമൂട് ജം. മുതൽകോൺവെന്റ് റോഡ് - കുരിശ്ശടി ജം. - കവളാകുളം വഴി - മരപ്പാലം ജം. വരെ
45	കെഎസ്ആർടിസി സ്റ്റാൻഡ് - കുരിശ്ശടി ജം.
46	വ്ളാങ്ങാമുറി ജം. മുതൽ കവളാകുളം - മരപ്പാലം റോഡ് വരെ
47	ആറാലുംമൂട് - പുന്നക്കാട് റോഡ്
	പുതിയ റോഡുകൾ (നിർദ്ദിഷ്ട വീതി)
48	കൂട്ടപ്പന ക്ഷേത്രം - നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ (12 മീ.)

നിലവിലെ NH-66ൽ ഉൾപ്പെട്ടുവരുന്ന, നെയ്യാറ്റിൻകര നഗരസഭ വഴി കടന്നു പോകുന്ന കരമന - കളിയിക്കാവിള റോഡ് 30.2 മീറ്റർ ആയി വികസിപ്പിക്കുന്നതിനുള്ള നടപടികൾ പി.ഡബ്ല്യു.ഡി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ പ്ര ത നിർദ്ദേശം മാസ്റ്റർപ്ലാനിലും സ്വീകരിച്ചിരിക്കുന്നു.

27.2.2 ജംഗ്ഷൻ മെച്ചപ്പെടുത്തൽ

നിലവിലെ ഗതാഗത സ്ഥിതിയുടെ അടിസ്ഥാനത്തിൽ പ്രാഥമികമായി പരിഷ്ക്കരിക്കേണ്ട കവലകളെ സംബന്ധിച്ച, ഘട്ടംഘട്ടമായുള്ള വികസന നിർദ്ദേശങ്ങളും, അതിന്റെ മുൻഗണനാ ക്രമവും പട്ടിക 27.2 ൽ രേഖപ്പെടുത്തിയിരിക്കുന്നു. വിവിധ ജംഗ്ഷനുകളുടെ സവിശേഷതകളും, പ്രശ്നങ്ങളും വേറിട്ടതാണെങ്കിലും അടിസ്ഥാനപരമായ മെച്ചപ്പെടുത്തൽ എല്ലാ കവലകളിലും നിർദ്ദേശിക്കുന്നുണ്ട്.

സിഗ്നൽ സംവിധാനം, ജംഗ്ഷൻ വീതി കൂട്ടൽ, വഴിയോര വിളക്കുകൾ, കാൽനട യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, ബസ്ബേകൾ തുടങ്ങിയ സംവിധാനങ്ങൾ വിവിധ കവലകളിൽ നിർദ്ദേശിച്ചിരിക്കുന്നു.

പട്ടിക 27.2 ജം. മെച്ചപ്പെടുത്തൽ വിശദാംശങ്ങൾ

Sl.No.	Junctions	Signalized Intersection	Junction widening	Street Lighting	Sidewalk	Crosswalk	Bus Bays	Parking Areas	Public comfort Station
First phase									
1	*നെയ്യാറ്റിൻകര ജം.*	*		*	*	*	*	*	*
2	*ആലുംമൂട് ജം.*	*	*	*	*	*	*	*	*
3	*വഴിമുക്ക് ജം.*	*	*	*	*	*	*	*	*
4	*കൂട്ടപ്പന ജം.*	*	*	*	*	*	*	*	*
5	*ചെക്ക്പോസ്റ്റ് ജം.*	*	*	*	*	*	*	*	*
6	*ടിബി ജം.*	*	*	*	*	*	*	*	*
7	*അമരവിള ജം.*	*		*	*	*	*	*	*
8	*ആശുപത്രി ജം.*	*	*	*	*	*	*	*	*
9	*പെരുമ്പഴുതൂർ*	*	*	*	*	*	*	*	*
Second phase									
10	*ഓലത്താന്നി*			*	*	*			*
11	*മാമ്പഴക്കര*			*	*	*			*
12	*തൊഴുക്കൽ*			*	*	*			*
13	*കൊടങ്ങാവിള*			*	*	*	*	*	*
14	*ആറാലുംമൂട് ജം.*			*	*	*	*	*	*

Third phase									
15	*ചായ്കോട്ടുകോണം*			*	*	*			*
16	*സിഎസ്ഐ ജം.*	*		*	*	*			*
17	*പുന്നക്കാട് ജം.*			*	*	*			*
18	*കീലിയോട് ജം.*		*	*	*	*			*

27.2.3 ബസ് ബേ

പട്ടണത്തിലെ ഗതാഗതക്കുരുക്കിന് ഒരു പ്രധാന കാരണമാണ് ബസ് ബേകളുടെ അഭാവം. ബസുകൾ റോഡിൽ നിർത്തുന്നത് ഗതാഗത തടസ്സം സൃഷ്ടിക്കുന്നു. ഇതിന് പരിഹാരമായി പട്ടണത്തിലെ പ്രധാന ജംഗ്ഷനുകളായ വഴിമുക്ക്, ആറാലുംമൂട്, നിംസ്, കൂട്ടപ്പന, ടി.ബി ജം, ആലുംമൂട്, നെയ്യാറ്റിൻകര ജം., ടോൾ ജം., അമരവിള, ആർഒബി ജം, തൊഴുക്കൽ, പെരുമ്പഴുതൂർ, അരുവിപ്പുറം, മാമ്പഴക്കര, ചായ്കോട്ടുകോണം, ഓലത്താന്നി എന്നിവിടങ്ങളിൽ ബസ് ബേകൾ നിർദ്ദേശിച്ചിരിക്കുന്നു. ചിത്രം 27.2 ൽ ഇവയുടെ സ്ഥാനം ചിത്രീകരിച്ചിരിക്കുന്നു.



ചിത്രം 27.2 നിർദ്ദിഷ്ട ബസ് ബേകളുടെ സ്ഥാനം

27.2.4. കാൽനടയാത്രാ സൗകര്യങ്ങൾ

നിർദ്ദിഷ്ട ഗതാഗത രൂപരേഖയിൽ കാൽനടയാത്രാ സൗകര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. ആദ്യഘട്ടത്തിൽ അടിയന്തിരമായി ഈ സൗകര്യങ്ങൾ വികസിപ്പിക്കേണ്ട റോഡുകൾ ചുവടെ സൂചിപ്പിക്കുന്നു.

1. നെയ്യാറ്റിൻകര ജം.-കെഎസ്ആർടിസി ബസ് ജം. വരെ
2. ജില്ലാ ആശുപത്രി - ആലുംമൂട് ജം. വരെ
3. ആലുംമൂട് ജം. ടിബി ജം. വരെ
4. ആലുംമൂട് ജം. - നെയ്യാറ്റിൻകര ജം. വരെ
5. ജില്ലാ ആശുപത്രി - റെയിൽവേ സ്റ്റേഷൻ വരെ
6. ടിബി ജം. - താലൂക്ക് ആശുപത്രി ജം.വരെ
7. നെയ്യാറ്റിൻകര ജം. വരെയുള്ള കോർട്ട് റോഡ്
8. ആലുംമൂട് - കോൺവെന്റ് ജം.വരെ

കാൽനടപ്പാതകൾ, റോഡ് മുറിച്ച് കടക്കുന്നതിനുള്ള സൗകര്യങ്ങൾ, കാൽനട ഗതാഗതം നിയന്ത്രിക്കുന്നതിനുള്ള സിഗ്നലുകൾ തുടങ്ങിയ സൗകര്യങ്ങളാണ് വിഭാവനം ചെയ്യുന്നത്.

മേൽ സൂചിപ്പിച്ച എല്ലാ റോഡുകളിലും വഴിയോര നടപ്പാതകൾക്ക് കുറഞ്ഞത് 1.5 മീ. വീതിയും (അംഗപരിമിതർക്കുള്ള സൗകര്യങ്ങൾ ഉൾപ്പടെ), റോഡ് ക്രോസിംഗ് സൗകര്യങ്ങളും നൽകേണ്ടതാണ്. ഫുട്പാത്തുകൾക്ക് താഴെ സർവ്വീസ് കണ്ട്യൂട്ട് പൈപ്പുകളും സ്ഥാപിക്കാവുന്നതാണ്.

ഇതിനുപുറമെ, ആലുംമൂട് ജം. നിൽ കാൽനടയാത്രക്കാർക്കായി ഒരു മേൽപ്പാലവും, ആർഒബി ജം. നിൽ നിന്നും റെയിൽവേ സ്റ്റേഷനിലേയ്ക്കൊരു നടപ്പാതയും നിർദേശിക്കുന്നു. ചിത്രം 27.3 ൽ ഇവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം. 27.3 നിർദ്ദിഷ്ട കാൽനടയാത്രാ സൗകര്യങ്ങൾ നല്കേണ്ട റോഡുകൾ

27.2.5. പാർക്കിംഗ് സൗകര്യങ്ങൾ

പട്ടണത്തിലെ ഗതാഗതക്കുരുക്കിന് ഒരു പ്രധാന കാരണം പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. പ്രായോഗികവും നൂതനവുമായ മാർഗ്ഗങ്ങളിലൂടെ പാർക്കിംഗ് സംവിധാനങ്ങൾ ലഭ്യമാക്കേണ്ടത് വളരെ പ്രാധാന്യം അർഹിക്കുന്നു. പട്ടണത്തിനായി തയ്യാറാക്കിയ പാർക്കിംഗ് പ്ലാനിൽ നിശ്ചിത റോഡുകളിൽ 'നോ പാർക്കിംഗും', 'വൺവേ പാർക്കിംഗും', നിർദേശിച്ചിരിക്കുന്നു. ഇവയുടെ വിശദാംശങ്ങൾ ചിത്രം 27.4 ൽ രേഖപ്പെടുത്തിയിരിക്കുന്നു. പാർക്കിംഗ് നയത്തിലെ പ്രധാന ഉദ്ദേശ്യങ്ങൾ താഴെ സൂചിപ്പിക്കുന്നു.

- വഴിയോര പാർക്കിംഗ് പരമാവധി ഒഴിവാക്കുന്ന വിധത്തിൽ വികേന്ദ്രീകൃതമായി പാർക്കിംഗ് ഏരിയ വികസിപ്പിക്കുക.
- പൊതുഗതാഗത സൗകര്യങ്ങൾ ഉപയുക്തമാകും വിധം ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ എന്നിവയ്ക്കു സമീപം പാർക്കിംഗ് ഏരിയ വികസിപ്പിക്കുക.
- പട്ടണ മധ്യത്തിലെ പബ്ലിക് ഓഫീസുകൾക്കു സമീപമായി പാർക്കിംഗ് ഏരിയ കണ്ടെത്തുക.
- പാർക്കിംഗിനായുള്ള നൂതന സംവിധാനങ്ങളായ 'മൾട്ടി ലെവൽ പാർക്കിംഗ്', 'മെക്കാനിക്കൽ പാർക്കിംഗ്' തുടങ്ങിയവ നടപ്പിലാക്കുക.

ഇതിനു പുറമെ, പട്ടണത്തിലെ തിരക്കനുഭവപ്പെടുന്ന പ്രദേശങ്ങളിൽ 'പെയ്ഡ് പാർക്കിംഗ്' സംവിധാനങ്ങളും മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിർദ്ദേശിക്കുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ പട്ടിക 27.3 ൽ ചേർക്കുന്നു.



ചിത്രം 27.4 നിർദ്ദിഷ്ട പാർക്കിംഗ് നിയന്ത്രണങ്ങൾ

പട്ടിക 27.3 - 'പെയ്ഡ് പാർക്കിംഗ്' നിർദ്ദേശങ്ങൾ

ജംഗ്ഷനുകൾ	സ്ഥാനം
ടി ബി ജം.	ടൗൺ മാർക്കറ്റിനുള്ളിൽ ഇരുചക്ര വാഹന പാർക്കിംഗ്
റെയിൽവേ സ്റ്റേഷൻ	ആർഒബി ജം. നിലെ നിർദ്ദിഷ്ട നടപ്പാതയ്ക്കു സമീപം ഇരുചക്ര വാഹന പാർക്കിംഗ്
	റെയിൽവേ സ്റ്റേഷനു സമീപം
ആലുംമൂട് ജം.	കോൺവെന്റ് സ്കൂളിനു സമീപം
	കോടതിയ്ക്കു സമീപം
ആറാലുംമൂട്	ആറാലുംമൂട് മാർക്കറ്റിനുള്ളിൽ
നെയ്യാറ്റിൻകര ജം.	അക്ഷയ കോംപ്ലക്സിനു സമീപം

27.2.6. റെയിൽവേ വികസനം

പട്ടണത്തിൽ കൂടി കടന്നു പോകുന്ന റെയിൽപാത മേഖലാതലത്തിലും ദേശീയതലത്തിലും പട്ടണത്തെ മറ്റു സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്നു. റെയിൽവേയെ സംബന്ധിച്ച് ഉപരിപ്ലവമായ ചില നിർദ്ദേശങ്ങൾ മാത്രമാണ് ഇവിടെ നൽകിയിരിക്കുന്നത്. വിശദമായ പദ്ധതികൾക്ക് കൂടുതൽ സാങ്കേതിക സാധ്യതാ പഠനങ്ങൾ ആവശ്യമാണ്.

- തിരുവനന്തപുരം - നാഗർകോവിൽ റെയിൽപാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും
- തിരുവനന്തപുരം - പാറശ്ശാല റൂട്ടിൽ ലോക്കൽ ട്രെയിൻ സംവിധാനം
- നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള റോഡ് കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനും, ബസ് ഗതാഗതം സാധ്യമാക്കുന്നതിനുമായി ഒരു പുതിയ റോഡ് നിർദ്ദേശിച്ചിരിക്കുന്നു. ഇതിനു പുറമെ, ഈ റൂട്ടിൽ പുതിയ ബസ് സർവ്വീസും നിർദേശിക്കുന്നു. (ചിത്രം 27.5)
- കാൽനടയാത്രക്കാർക്കായി ആർഒബി ജംഗ്ഷനിൽ നിന്ന് റെയിൽവേ സ്റ്റേഷനിലേക്ക് ഒരു നടപ്പാത നിർദ്ദേശിച്ചിരിക്കുന്നു.
- റെയിൽവേ സ്റ്റേഷനിൽ മെച്ചപ്പെട്ട പാർക്കിംഗ് സൗകര്യങ്ങൾ നിർദ്ദേശിക്കുന്നു.
- അമരവിള മാരായമുട്ടം റോഡിൽ കണ്ണൻകുഴി റെയിൽവേ ഗേറ്റിന് പകരം മേൽപ്പാലത്തിനുള്ള നിർദ്ദേശം



ചിത്രം 27.5 റോഡ് വികസ നിർദ്ദേശങ്ങൾ

27.2.7 ജലഗതാഗതം

പട്ടണത്തിന്റെ വടക്കു നിന്നും തെക്കോട്ടൊഴുകുന്ന നെയ്യാറിൽ ജലഗതാഗത വികസനത്തിന് സാധ്യതയുണ്ട്. എന്നാൽ പ്രത്യേകമായ പദ്ധതികളിലേക്ക് ഇത് പ്രായോഗികമാക്കുന്നതിന് വിശദമായ ചില സാധ്യതാ പഠനങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

- നെയ്യാറിൽ കൂടി ചരക്ക് / യാത്രാ ഗതാഗത സാധ്യതാ പഠനം
- നെയ്യാറിൽ കൂടിയുള്ള വിനോദ സഞ്ചാര സാധ്യതാ പഠനം

27.2.8 മാസ്സ് റാപ്പിഡ് ട്രാൻസിറ്റ് സംവിധാനം (MRTS/LRTS)

തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുന്ന MRT സംവിധാനത്തിന്റെ സാധ്യതാ പഠനത്തിൽ നെയ്യാറ്റിൻകര പട്ടണം ഉൾക്കൊള്ളിച്ച് പഠനം നടത്തിയിരുന്നു. സുസ്ഥിര ഗതാഗത സംവിധാനമായി കണക്കാക്കപ്പെടുന്ന ലൈറ്റ് മെട്രോ പദ്ധതിയായാണ് (LRTS) തിരുവനന്തപുരം നഗരത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത സംവിധാനത്തിന്റെ പ്രയോജനം നെയ്യാറ്റിൻകര പട്ടണത്തിൽ കൂടി ലഭ്യമാക്കുന്നതിനും മെട്രോ സ്റ്റേഷൻ, സ്റ്റോപ്പുകൾ എന്നിവ വ്യക്തമാക്കുന്നതിനുമായി വിശദ പദ്ധതി രേഖാ പഠനം നിർദ്ദേശിക്കുന്നു.

27.3 സംഗ്രഹം

നെയ്യാറ്റിൻകര പട്ടണത്തിനായി രൂപീകരിച്ച ഭാവി വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ട ഗതാഗത രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ഭാവി വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളെയും, വികസന സാധ്യതകളെയും പ്രസ്തുത രൂപരേഖയിലൂടെ കണക്കിലെടുത്തിരിക്കുന്നു. പട്ടണ പ്രദേശത്തെ വികസന സാധ്യതയനുസരിച്ച് റോഡുകളെ വിവിധ ശ്രേണികളായി തരം തിരിച്ചിരിക്കുന്നു. ഇതിന് പുറമെ മേഖലാതല വികസന പദ്ധതികളുടെ വിശദാംശങ്ങളും രൂപരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

28. വികസന മേഖലാ നിർദ്ദേശങ്ങൾ

കൃഷി, മൃഗസംരക്ഷണം, വ്യവസായം, വാണിജ്യ വ്യാപാരം, ടൂറിസം, ജലവിതരണം, പൊതു ശുചിത്വം, ആരോഗ്യം, വിദ്യാഭ്യാസം, നഗരസൗകര്യങ്ങൾ, പരിസ്ഥിതി, പാർപ്പിട സൗകര്യങ്ങൾ/ചേരികൾ, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ വികസന നിർദ്ദേശങ്ങൾ ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

28.1 കാർഷിക മേഖല

നിലവിലെ ഭൂവിനിയോഗത്തിലെ പ്രധാന ഭൂഉപയോഗം കരകൃഷി ആണെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. സുസ്ഥിരമായ വികസനത്തിനും, കൂടുതൽ തൊഴിൽ പങ്കാളിത്തത്തിനും ഏറ്റവും ഉതകുന്നതാണ് കൃഷിയും, അനുബന്ധ മേഖലയിലെ വികസനവും. ഇതിനായി ഒരു സമഗ്ര കാർഷികനയം രൂപീകരിക്കുന്നതിനായി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

- പട്ടണത്തെ കാർഷിക കേന്ദ്രമായി വളർത്തുന്നതിനായി ഒരു കാർഷിക നയം രൂപപ്പെടുത്തുക.
- ഹൈടെക് ഫാമിംഗ്, ടെറസ് ഫാമിംഗ് തുടങ്ങിയ നാഗരിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക.
- വിവിധ സ്ഥലങ്ങളിൽ ഭൂമിയെക്കുറിച്ച് മനസ്സിലാക്കി അനുയോജ്യമായ കാർഷികവിളകൾ കൃഷി ചെയ്യാൻ സഹായിക്കുക.
- കാർഷിക അനുബന്ധ മേഖലയായ മൃഗസംരക്ഷണവും ഉൾപ്പെടുത്തി പാരസ്പര്യത്തോടെയുള്ള കൃഷിരീതി വ്യാപിപ്പിക്കുക.
- കാർഷികാധിഷ്ഠിത വ്യവസായങ്ങളും, അഗ്രോ ഫാമുകളും, ഫാം ടൂറിസം പദ്ധതികളും വികസിപ്പിച്ച് കൃഷി മേഖലയെ ലാഭകരമാക്കുക.
- ഒരു കേന്ദ്രീകൃത കാർഷിക സേവന കേന്ദ്രം **(സ്പെഷ്യൽ സോൺ 1, 2.63 ഏക്കർ)** സ്ഥാപിച്ച് കൃഷി മേഖലയിലെ എല്ലാത്തരം സേവനങ്ങളും ലഭ്യമാക്കുക. ഇത്തരത്തിൽ വിത്തുകളും, കാർഷികോപകരണങ്ങളും, സാമ്പത്തിക സഹായ മാർഗ്ഗങ്ങളും, പരിശീലനവും, വിളവിപണനവും, വിള സംഭരണവും ഉൾപ്പെടെ കർഷകർക്കാവശ്യമായ എല്ലാ സഹായങ്ങളും പ്രസ്തുത കേന്ദ്രത്തിൽ ലഭ്യമാക്കുക. നിലവിലെ പെരുമ്പഴുതൂർ കൃഷി ഓഫീസിനെ സേവന കേന്ദ്രത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുക. ആലംപൊറ്റ ജം. ന് സമീപം കാട്ടാക്കട റോഡിൽ ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. ചിത്രം 28.1 ൽ പദ്ധതി സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 28.1 കേന്ദ്രീകൃത കാർഷിക സേവന കേന്ദ്രം

ഈ കേന്ദ്രം മുഖേന ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

- പരിശീലന സൗകര്യവും, കർഷകർക്ക് ബോധവത്ക്കരണ ക്ലാസ്സുകളും
- കർഷകർക്കുള്ള സേവന സൗകര്യങ്ങൾ
- വിത്ത് ബാങ്കുകൾ

- ധനബാങ്കുകൾ
- സംഭരണ സൗകര്യം
- വിപണന മേളകൾ/പ്രദർശന കേന്ദ്രങ്ങൾ
- യന്ത്രങ്ങളും, ആധുനിക ശാസ്ത്രീയ ഉപകരണങ്ങളുടെ വിൽപ്പന/വാടക കേന്ദ്രം
- കാർഷിക കർമ്മ സേന രൂപീകരണം
- കാർഷിക സർവ്വകലാശാല എക്സ്റ്റൻഷൻ സെന്റർ
- പ്രകൃതി ദുരന്തനിവാരണ എക്സ്റ്റൻഷൻ സെന്റർ

- നെൽകൃഷി പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ നടപ്പിലാക്കാൻ നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട മേഖലാ നിയന്ത്രണങ്ങളിൽ ഇതിനുള്ള സാധ്യതകൾ നിലനിർത്തിയിരിക്കുന്നു.
- ദുരന്ത നിവാരണ സംവിധാനം പ്രസ്തുത സേവനകേന്ദ്രത്തിൽ ലഭ്യമാക്കി, വെള്ളപ്പൊക്കവും മറ്റും മൂലമുണ്ടാകുന്ന കൃഷിനാശം, യഥാസമയം കണ്ടെത്തി കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുവാനും നിർദ്ദേശിക്കുന്നു.
- നിലവിലെ ടൗൺ കൃഷി ഓഫീസ് വികസിപ്പിക്കുവാനും, പട്ടണ കേന്ദ്രത്തിലെ സ്ഥല ലഭ്യതയുള്ള മറ്റു പൊതു മേഖല സ്ഥാപനങ്ങളോടൊപ്പം മാറ്റി സ്ഥാപിക്കുവാനും നിർദ്ദേശിക്കുന്നു.

28.2 മൃഗസംരക്ഷണം

പട്ടണത്തിന്റെ ഭാവിവികസന കാഴ്ചപ്പാടിൽ കൃഷിമേഖയെപ്പോലെ പ്രാധാന്യം അർഹിക്കുന്നമേഖലയാണ് മൃഗസംരക്ഷണം. ഈ മേഖലയിൽ തൊഴിൽ അവസരങ്ങളും, സാമ്പത്തിക അടിത്തറയും സൃഷ്ടിക്കുന്നതിനായി ചില നയങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

- നിലവിലുള്ള മൃഗാശുപത്രി വിപുലീകരിക്കുകയും ഒരു വിവിധോദ്ദേശ പോളിക്ലിനിക് ആയി ഉയർത്തുകയും ചെയ്യുക.
- പെരുമ്പഴുതൂർ മൃഗാശുപത്രിയിൽ ക്ലിനിക്കൽ സൗകര്യങ്ങൾ വികസിപ്പിക്കുക.
- വെറ്റിനറി പബ്ലിക് ഹെൽത്ത് സെന്റർ, എബിസി (ആനിമൽ ബെർത്ത് കൺട്രോൾ) സെന്റർ എന്നിവ പട്ടണത്തിൽ സ്ഥാപിക്കുക.
- റീജിയണൽ അനിമൽ ഹെൽത്ത് സെന്റർ ഉൾപ്പടെയുള്ള മറ്റ് സൗകര്യങ്ങൾ പ്രസ്തുത പോളിക്ലിനിക്കുമായി ഏകോപിപ്പിക്കുക.
- വെറ്റിനറി സബ് സെന്റർ അമരവിളയിലും, കീളിയോടും സ്ഥാപിക്കുക.
- മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പരിശീലന സേവന കേന്ദ്രവും, എബിസി ട്രെയിനിംഗ് കേന്ദ്രവും (ലൈവ്സ്റ്റോക്ക് ട്രെയിനിംഗ് സെന്റർ) പട്ടണത്തിൽ മൃഗാശുപത്രിയോടൊപ്പം സ്ഥാപിക്കുക.
- 24 മണിക്കൂർ പ്രവർത്തിക്കുന്ന എമർജൻസി വെറ്റിനറി സൗകര്യവും വികസിപ്പിക്കുക.
- ശാസ്ത്രീയവും, ശുചിത്വമുള്ളതും, നൂതനവുമായ ഒരു മാംസസംസ്കരണശാല പട്ടണത്തിൽ നിർദ്ദേശിക്കുന്നു. (അറവുശാല/Abattoir)
- ശാസ്ത്രീയമായ ഒരു ചെറുകിട ആധുനിക മാംസസംസ്കരണശാല (ടൗൺ മാർക്കറ്റിൽ) നിർദ്ദേശിക്കുന്നു. (ഏകദേശം 0.5 ഏക്കർ വിസ്തൃതിയിൽ)
- പട്ടണത്തിലെ മാംസസംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ മാലിന്യ നിർമ്മാർജ്ജന നടപടികളും (പൗൾട്രി മാലിന്യമുൾപ്പെടെ) വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കുവാനും നിർദ്ദേശിക്കുന്നു. (നൂതന മാംസ സംസ്കരണശാലയിൽ നടപ്പിലാക്കാവുന്നതാണ്).
- ജൈവ മാതൃകയിൽ ഉള്ള മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, നാടൻ കന്നുകാലി ഇനങ്ങളുടെ സംരക്ഷണം, വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക.
- സർക്കാർ ഗോശാല സംരംഭങ്ങൾ വികസിപ്പിക്കുക.

28.3 വ്യവസായം

ചെറുകിട സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യത പട്ടണത്തിൽ നിലനിൽക്കുന്നു. വിശദനയങ്ങൾ രൂപീകരിച്ച് ഇവ നടപ്പിലാക്കേണ്ടതുണ്ട്. അതിനായി ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- നദീതട സംരക്ഷണവും, മണ്ണ് സംരക്ഷണവും, പ്രായോഗികമാക്കിക്കൊണ്ടുള്ള പാരമ്പര്യ ഓട് / കളിമൺ നിർമ്മാണ വ്യവസായ സംരംഭങ്ങളുടെ പുനരുജ്ജീവിപ്പിക്കൽ
- പട്ടണത്തിൽ നിലനിന്നുവരുന്ന കൈത്തറി വ്യവസായം പ്രോത്സാഹിപ്പിക്കുക.
- കൃഷി അനുബന്ധ വ്യവസായങ്ങളും, ഡയറി വ്യവസായവും വികസിപ്പിക്കുക വഴി പട്ടണത്തിന്റെ സാമ്പത്തിക അടിത്തറ വൈവിധ്യപ്പെടുത്തുക.
- പട്ടണത്തിലെ പ്രധാന വ്യവസായ സംരംഭമായ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ നവീകരിച്ച് നിലവാരമുയർത്തുക
- ചെറുകിട / കൃഷി അനുബന്ധ വ്യവസായങ്ങൾക്കായി ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുക. ആയതിനായി പെരുമ്പഴുതൂരിന് സമീപം നിർദ്ദേശിച്ചിരിക്കുന്ന കാർഷിക സേവന കേന്ദ്രത്തോടൊപ്പം ഈ പദ്ധതിയും നടപ്പിലാക്കാവുന്നതാണ്. തദ്ദേശീയമായ പഴം-പച്ചക്കറി ഉത്പന്നങ്ങൾ സംസ്കരിക്കുവാനും, മൂല്യവർദ്ധിത ഉല്പ്പാദന കേന്ദ്രവും പ്രസ്തുത വ്യവസായ പാർക്കിൽ നിർദ്ദേശിക്കുന്നു
- നെയ്യാറ്റിൻകര ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽവ്യവസായ സംഭരങ്ങൾ, വനിതാ സ്വയം തൊഴിൽ/ശാക്തീകരണ സംരംഭങ്ങൾ (ഏകദേശം 0.5 ഏക്കർ വിസ്തൃതിയിൽ) എന്നിവയ്ക്കായി ഒരു ചെറുകിട വ്യവസായ പാർക്ക് നിർദ്ദേശിക്കുന്നു.
- നെയ്യാറ്റിൻകരയുടെ ഭാവി വികസനം കണക്കിലെടുത്ത്, വ്യവസായ ആവശ്യങ്ങൾക്കായി ഒരു വ്യവസായ വികസന ഏരിയ പട്ടണത്തിൽ നിർദ്ദേശിക്കുന്നു. വ്യവസായ എസ്റ്റേറ്റ്, ക്ലസ്റ്റർ വ്യവസായം തുടങ്ങിയ സംരംഭങ്ങൾക്കു ഈ പദ്ധതി പ്രദേശം ഉപയോഗിക്കാവുന്നതാണ്. സിഎസ്ഐ ജം. - ചെങ്കൽ റോഡിൽ സിഡ്കോ വ്യവസായ ഏരിയ ഈ പദ്ധതിയ്ക്കായി നിർദ്ദേശിക്കുന്നു **(1.88 ഏക്കർ)**. പദ്ധതി സ്ഥാനം ചിത്രം 28.2 ൽ കാണിച്ചിരിക്കുന്നു.



ചിത്രം 28.2 നിർദ്ദിഷ്ട വ്യാവസായിക ഏരിയ

28.4 വാണിജ്യ -വ്യാപാരം

വാണിജ്യ വ്യാപാര മേഖല വികസനത്തിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു:

- ടൗൺ മാർക്കറ്റ്, അമരവിള മാർക്കറ്റ് എന്നിവയുടെ പുനർവികസനം നിർദ്ദേശിക്കുന്നു.
- പെരുമ്പഴുതൂർ, അമരവിള, ആറാലുംമൂട്, ഓലത്താന്നി എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഉപകേന്ദ്രങ്ങളുടെ സ്ഥാനം ചിത്രം 28.3 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉപകേന്ദ്രങ്ങളിൽ വിഭാവനം ചെയ്യുന്ന മുനിസിപ്പൽ സേവന കേന്ദ്രത്തിന്റെ മാതൃക ചിത്രം 28.4 ൽ കാണിച്ചിരിക്കുന്നു. സേവന കേന്ദ്രത്തിൽ വിഭാവനം ചെയ്യുന്ന സൗകര്യങ്ങൾ പട്ടിക 28.1 ൽ വിവരിക്കുന്നു.
- നെയ്യാർ മേള പോലെയുള്ള വാർഷിക / വ്യാപാര മേളകൾ നടത്തുവാനായി മേള/പ്രദർശന മൈതാന സൗകര്യം (ഫെയർ ഗ്രൗണ്ട്) പട്ടണത്തിൽ നിർദ്ദേശിക്കുന്നു. നിലവിലെ സ്റ്റേഡിയം പ്രദേശത്ത് പുതിയ ടൗൺ ഹാളിനോടൊപ്പമാണ് വിഭാവനം ചെയ്തിരിക്കുന്നത്.
- പ്രാദേശിക തലത്തിൽ ഒരു വാണിജ്യ വ്യാപാര കേന്ദ്രമായി ആറാലുംമൂട് മാർക്കറ്റിന്റെ പുനർവികസനം, മാർക്കറ്റ് കോംപ്ലക്സ് ഉൾപ്പെടെ.

- ആസൂത്രിതമായ വഴിയോരക്കച്ചവടം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നയപ്രകാരമുള്ള നടപടിക്രമങ്ങൾ (ടൗൺ വെൻഡിംഗ് കമ്മിറ്റി മുതലായവ) നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നു. ആസൂത്രിതമായ വഴിയോരക്കച്ചവടസ്ഥാനങ്ങൾ താഴെ സൂചിപ്പിക്കുന്നു:
    - ഹോസ്പിറ്റൽ-ആലുംമൂട് റോഡിലും,
    - കെഎസ്ആർടിസി സ്റ്റാൻഡിന് സമീപമായും,
    - റെയിൽവേ സ്റ്റേറേഷനിൽ നിന്നും ROB ജം.ലേക്കുള്ള നിർദ്ദിഷ്ട നടപ്പാതക്കു സമീപമായും
- നിലവിലെ പ്രധാന മാർക്കറ്റുകളുടെ ആസൂത്രിത വികസനം (പെരുമ്പഴുതൂർ, കൊടങ്ങാവിള, മാമ്പഴക്കര, ഓലത്താന്നി) അവയിലെ സൗകര്യങ്ങൾ (പാർക്കിംഗ്, ടോയ്ലെറ്റ് സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ഉപഭോക്താവിനും വ്യാപാരികൾക്കുമുള്ള മറ്റ് സൗകര്യങ്ങൾ) മെച്ചപ്പെടുത്തുവാനും നിർദ്ദേശിക്കുന്നു. മാലിന്യ നിർമ്മാർജ്ജനം, പാർക്കിംഗ്, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവ എല്ലാ മാർക്കറ്റുകളിലും ഒരുക്കേണ്ടതായിട്ടുണ്ട്. പട്ടണത്തിലെ മാർക്കറ്റുകളിൽ വിഭാവനം ചെയ്യുന്ന വികസനം ചിത്രം 28.4 ൽ രേഖപ്പെടുത്തിയിരിക്കുന്നു.
- കമ്മ്യൂണിറ്റി ഹാൾ ഉൾപ്പെടെ മുനിസിപ്പൽ ഷോപ്പിംഗ് സെന്റർ മാമ്പഴക്കര മാർക്കറ്റിനു സമീപം നിർദ്ദേശിക്കുന്നു.
- നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിലും, മേഖലാ നിയന്ത്രണങ്ങളിൽ പട്ടണ കേന്ദ്രത്തിന്റെ വാണിജ്യ-വ്യാപാര വികസനത്തിനുള്ള സാധ്യതകൾ നിലനിർത്തിയിരിക്കുന്നു.



ചിത്രം 28.3 ഉപകേന്ദ്രങ്ങളുടെ സ്ഥാനം



ചിത്രം 28.4 ഉപകേന്ദ്രങ്ങളിലെ മുനിസിപ്പൽ സേവന കേന്ദ്രത്തിന്റെ മാതൃക

പട്ടിക 28.1 മുനിസിപ്പൽ സേവന കേന്ദ്രത്തിലെ സൗകര്യങ്ങൾ.

മുനിസിപ്പൽ സേവന കേന്ദ്രത്തിലെ സൗകര്യങ്ങൾ	**അവശ്യമായ വിസ്തൃതി ച.മീ. ൽ**	
പാർക്ക്	5000	ഏകദേശം **0.75 Ha(1** ഏക്കർ)വിസ്തൃതി
ടൂറിസം കിയോസ്ക്	500	
ചെറു ഭക്ഷണ ശാലകൾ		
റീട്ടെയിൽ ഷോപ്പിംഗ്		
എ.ടി.എം		
ബാങ്ക്		
അക്ഷയകേന്ദ്രം		
ഡിസ്പെൻസറി / മെഡിക്കൽ ഷോപ്പ്		

എം.ആർ.എഫ്/എയ്റോബിക് ബിൻ		
ക്ലിനിക്/പിഎച്ച്സി/യുഎച്ച്സി		
ലൈബ്രറി	50	
സിനിമ	200	
മിനി കമ്മ്യൂണിറ്റിഹാൾ	200	
പബ്ലിക് കംഫോർട്ട് സ്റ്റേഷൻ	25	
കാർഷിക വികസന കേന്ദ്രം	50	
നഴ്സറി സ്കൂൾ	100	
ബസ് സ്റ്റേഷൻ	200	
ഓട്ടോ/ടാക്സി സ്റ്റാൻഡ് (10 കാറുകൾ, 15 ഓട്ടോകൾ)		
മാർക്കറ്റ് സ്പെയ്സ്	100	
സർവ്വീസ് ഇൻഡസ്ട്രീസ്	100	
പോലീസ് പോസ്റ്റ്	50	
പോസ്റ്റ് ഓഫീസ്		
ആകെ	**7525 (0.7525 Ha)**	



ചിത്രം 28.5 വാണിജ്യ കേന്ദ്രങ്ങളുടെ വിതാനം

28.5 വിനോദ സഞ്ചാരവും പൈതൃകവും

പട്ടണത്തിലെ വിനോദ സഞ്ചാര സാധ്യതകളുടെ സമഗ്ര പഠനത്തിൽ നിന്ന് പ്രസ്തുത മേഖലയിൽ നിലവിലുള്ളതും, ഭാവിയിലേക്ക് വികസിപ്പിക്കാനുതകുന്നതുമായ വിവിധ പദ്ധതികൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അതിനായുള്ള നിർദ്ദേശങ്ങൾ ചേർക്കുന്നു.

- അരുവിപ്പുറം, കൊടിതൂക്കിമല, നെയ്യാർ എന്നിവിടങ്ങളിലെ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി ടൂറിസം പഠനം നിർദ്ദേശിക്കുന്നു.
- വിവിധ പ്രദേശങ്ങൾ വിനോദസഞ്ചാരത്തിനായി വികസിപ്പിച്ചുകൊണ്ട്, പ്രകൃതി സംരക്ഷണത്തോടൊപ്പം, ഒരു പുതിയ സാമ്പത്തിക സ്രോതസ്സു കൂടി വികസിപ്പിക്കുക.

- ഈരാറ്റിൻപുറത്തെ ഒരു നദീതടപാർക്കായി വികസിപ്പിച്ച് ഇതിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുക **(സ്പെഷ്യൽ സോൺ 5, 4.20 ഏക്കർ)**
- സിഎസ്ഐ ജംഗ്ഷനു സമീപം, നെയ്യാറിന്റെ കരയിൽ നെയ്യാർ നദീ പാർക്ക് നിർദ്ദേശിക്കുന്നു **(സ്പെഷ്യൽ സോൺ 6, 3.43 ഏക്കർ)**
- അരുവിപ്പുറത്തെ ഒരു തീർത്ഥാടന കേന്ദ്രമായും വിനോദസഞ്ചാര കേന്ദ്രമായും വികസിപ്പിക്കുക. അതിനായി ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- നിലവിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന കുളങ്ങളെ നീന്തൽ പരിശീലനത്തിനായോ, അല്ലെങ്കിൽ മറ്റ് വിനോദ ഉപാധികൾക്കായോ പുനരുദ്ധരിക്കുക.
- പട്ടണത്തിന്റെ വടക്കു ഭാഗത്തുള്ള ഉപയോഗശൂന്യമായ പാറമട "ക്വാറി പാർക്ക്" ആയി വികസിപ്പിക്കുക.
- നിലവിലുള്ള ടൗൺ ഹാളിനെ ഒരു മ്യൂസിയം/ആർട്ട് ഗാലറി ആയി വികസിപ്പിച്ച് നെയ്യാറ്റിൻകരയിലെ ചരിത്ര പ്രധാനമായ രേഖകളും, സംഭവ വികാസങ്ങളും, ഗതകാല പ്രൗഢിയും പ്രദർശിപ്പിക്കുക.
- ടൂറിസം പദ്ധതികളിലൂടെയും, നെയ്യാർ പൈതൃക പാത തുടങ്ങിയ പദ്ധതിയിലൂടെയും നെയ്യാർ നദീതട സംരക്ഷണം ലക്ഷ്യമാക്കുന്നു (ഇവയുടെ വിശദ ഭൂപടങ്ങൾ അനെക്സിൽ നൽകിയിരിക്കുന്നു)
- നെയ്യാറിൽ കൂടിയുള്ള ജലഗതാഗത സാധ്യത വികസിപ്പിക്കുവാനായി ഒരു സാധ്യതാ പഠനം നിർദ്ദേശിക്കുന്നു.
- ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, അമ്മച്ചി പ്ലാവും, പരിസരത്തുള്ള മറ്റു പൗരാണിക കെട്ടിടങ്ങളും പൈതൃക-ടൂറിസം മേഖലയായി ഉയർത്തുവാനും, ഇതിനായി ഒരു വിശദ പൈതൃക പഠനം നടത്തുവാനും നിർദ്ദേശിക്കുന്നു.

നെയ്യാർ പാർക്ക്, ഈരാറ്റിൻപുറം പാർക്ക്, നെയ്യാർ നദീതട പൈതൃക പാത, ക്വാറി പാർക്ക് എന്നീ വിവിധ പദ്ധതികളുടെ സ്ഥാനങ്ങളും, വിശദാംശങ്ങളും ചിത്രം 28.6 മുതൽ 28.8 വരെ ഉള്ളവയിൽ രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 28.6 നെയ്യാർ നദീ പാർക്ക് വിഭാവനം



ചിത്രം 28.7 ഈരാറ്റിൻപുറം നദീ പാർക്ക് വിഭാവനം



ചിത്രം 28.7a ക്വാറി പാർക്ക് വിഭാവനം



ചിത്രം 28.8 നെയ്യാർ നദീതട പൈതൃക പാത വിഭാവനം

28.6 ജലവിതരണം

നിലവിലെ ജലവിതരണ സംവിധാനത്തിലെ പ്രശ്നങ്ങൾ പരിഹരിച്ച് പട്ടണത്തിൽ മുഴുവൻ സമയ ജലവിതരണം സാധ്യമാകത്തക്ക വിധത്തിൽ കുടിവെള്ള വിതരണ ശൃംഖല മെച്ചപ്പെടുത്തേണ്ടതുണ്ട്. നിരവധി സ്ഥലങ്ങളിൽ ജലദൗർലഭ്യവും, സംവിധാനത്തിലെ അപര്യാപ്തതയും പ്രധാന പ്രശ്നങ്ങളായി കണ്ടെത്തിയിട്ടുണ്ട്. ഇവയ്ക്കുള്ള പരിഹാരമായി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

- നിലവിലെ ജലവിതരണ ശൃംഖലയിലെ വിതരണ നഷ്ടം കുറയ്ക്കുകയും, ആയത് മെച്ചപ്പെടുത്തുകയും ചെയ്യുക.
- നിലവിലെ ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ ഭാവിയിലെ ജലത്തിന്റെ ലഭ്യത, ഏകദേശം 10-15 MLD ഉറപ്പുവരുത്തുക. നിലവിലെ ജല ശുദ്ധീകരണ സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ പുതിയ സംവിധാനങ്ങൾ നിർദ്ദേശിക്കുന്നു.
- ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലത്തിന്റെ കാര്യക്ഷമായ ഉപയോഗം, പുനരുപയോഗം, ജലസംരക്ഷണ മാർഗ്ഗങ്ങൾ (ഉദാ:മഴവെള്ളക്കൊയ്ത്ത്) തുടങ്ങിവയെ സംബന്ധിച്ച സാമൂഹ്യബോധവൽക്കരണം നടത്തുക. പട്ടണ മധ്യത്തിലെ എല്ലാ പൊതു സ്ഥാപനങ്ങളോട് അനുബന്ധിച്ചും മഴവെള്ളക്കൊയ്ത്ത് യൂണിറ്റുകൾ സ്ഥാപിക്കുക.
- പട്ടണത്തിൽ ഉടനീളം സ്ഥിതി ചെയ്യുന്ന ശുദ്ധജലസ്രോതസ്സുകളായ എല്ലാ കുളങ്ങൾ, അരുവികൾ, തുടങ്ങിവയുടെ പ്രകൃത്യാലുള്ള ശുദ്ധത നിലനിറുത്തി അവയെ കാര്യക്ഷമമായി സംരക്ഷിക്കുക. കുളങ്ങളുടെ വിവരങ്ങൾ പട്ടിക 28.2 ൽ ചേർത്തിരിക്കുന്നു. ഇവയിൽ ഉചിതമായ ഉപയോഗങ്ങൾക്കായുള്ള പദ്ധതികൾ രൂപീകരിക്കേണ്ടതാണ് (ഉദാ: മത്സ്യ കൃഷി, സ്വിമ്മിംഗ് പൂളുകൾ).
- പ്രാദേശികമായ ജലസ്രോതസ്സുകളെ ഉപയോഗപ്പെടുത്തി ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പിലാക്കി കുടിവെള്ളക്ഷമാത്തിന് പരിഹാരം കണ്ടെത്തുക. ഇത്തരത്തിൽ കുളത്തമ്മൽ (വെൺകുളം), പുന്നയ്ക്കാട്, പുത്തനമ്പലം, പവിത്രാനന്ദപുരം, ഓലത്താന്നി (നെയ്യാർ), മാമ്പഴക്കര, കരിപ്രക്കോണം (ക്വാറി) എന്നിവിടങ്ങളിൽ ഇതിനുള്ള സാധ്യത നിലവിലുണ്ട്.
- പട്ടണത്തിൽ പലഭാഗങ്ങളിലും കിണറുകളുടെ ഉപയോഗം വ്യാപകമായി കാണപ്പെടുന്നു. അതിനാൽ ഭൂഗർഭജലത്തിന്റെ സംരക്ഷണത്തിനും പുഷ്ടിപ്പെടുത്തലിനുമായി ഭൂജല പോഷണ

പദ്ധതികൾ നടപ്പിലാക്കുക. ഭൂഗർഭ ജലത്തിന്റെ ശോഷണവും മലിനീകരണവും ഒഴിവാക്കുന്നതിനായി സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുക. ഭൂഗർഭ ജല ഗുണനിലവാര പരിശോധന ടൗണിലെ വിവിധ ജല സ്രോതസുകളിൽ നടത്തുകയും, തുടർന്നു ആവശ്യമായ മലിനീകരണ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. കുടിവെള്ള ഗുണനിലവാര പരിശോധന കേന്ദ്രം പട്ടണത്തിൽ, വാട്ടർ അതോറിട്ടി ഓഫീസിനോടൊപ്പം സ്ഥാപിക്കുവാൻ നിർദ്ദേശിക്കുന്നു.

- ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനും ചോർച്ച മുതലായ നഷ്ടങ്ങളെ കുറിച്ച അവബോധം വളർത്തി ചോർച്ച രഹിത ജല വിതരണ ശൃംഖല വികസിപ്പിക്കുന്നതിനും ഉള്ള വിവര സങ്കേതാധിഷ്ഠിത സ്മാർട്ട് പദ്ധതികൾ നടപ്പിലാക്കുക.
- ഭൂപ്രകൃതിയുടെയും നീർത്തടങ്ങളുടെയും വിശദമായ പഠനങ്ങൾ നിർദ്ദേശിക്കുന്നു. ഇതു കൂടാതെ നീരുറവകളുടെ സംരക്ഷണവും (ചായ്ക്കോട്ടുകോണം ശുദ്ധജല നീരുറവ) നിർദ്ദേശിക്കുന്നു.



ചിത്രം 28.9 കുളങ്ങളുടെ ഉപയോഗങ്ങൾ

പട്ടിക 28.2 – കുളങ്ങളുടെ പട്ടിക

ക്ര.നം	വാർഡ് നം.	വില്ലേജ്	സർവ്വെ നമ്പർ	കുളത്തിന്റെ പേര്
1	1	നെയ്യാറ്റിൻകര	5	കൈതോട്ടുകോണം
2	2	നെയ്യാറ്റിൻകര	153	മൂലച്ചൽകോണം കുളം
3	2	നെയ്യാറ്റിൻകര	98	കരുമൺകുളം
4	2	നെയ്യാറ്റിൻകര	80	പുവംഗവിളാകം
5	3	നെയ്യാറ്റിൻകര	94	വേട്ടകുളം
6	5	പെരുമ്പഴുതൂർ	389	വെമ്പാനികരകുളം
7	5	നെയ്യാറ്റിൻകര	383	മരുതൂർകുളം
8	8	പെരുമ്പഴുതൂർ	401	അയ്യന്തലകോണംകുളം
9	8	പെരുമ്പഴുതൂർ	301	ശാസ്താൻകോണത്തുകുളം
10	9	പെരുമ്പഴുതൂർ	264	പേട്ടികകുളം
11	9	പെരുമ്പഴുതൂർ	94	വിഷ്ണുപുരം കുളം
12	9	പെരുമ്പഴുതൂർ	113	കല്ലാരികോണംകുളം
13	9	പെരുമ്പഴുതൂർ	81	കൈതചാണികുളം
14	10	പെരുമ്പഴുതൂർ	48	നല്ലചേരികുളം
15	10	പെരുമ്പഴുതൂർ	38	കുറവാട്ടു കുളം
16	11	പെരുമ്പഴുതൂർ	170	മംഗോട്ടു കുളം
17	12	പെരുമ്പഴുതൂർ	254	കുഞ്ഞുവിളങ്കരകുളം
18	14	പെരുമ്പഴുതൂർ	277	കിളിമാവിളകുളം
19	14	പെരുമ്പഴുതൂർ	288	കോട്ടൂർകുളം
20	17	നെയ്യാറ്റിൻകര	366	കരിയില കുളം
21	18	പെരുമ്പഴുതൂർ	19	കരിയാലെ കുളം
22	18	പെരുമ്പഴുതൂർ	4	ചാന്നികുഴി കുളം
23	19	പെരുമ്പഴുതൂർ	190	അരുതലച്ചികുളം
24	19	പെരുമ്പഴുതൂർ	195	പൊട്ടകുളം
25	19	പെരുമ്പഴുതൂർ	183	കുളവിത്തലകുളം
26	19	പെരുമ്പഴുതൂർ	167	കൂട്ടാളികോണംകുളം
27	20	പെരുമ്പഴുതൂർ	211	വാങ്കുളം
28	20	പെരുമ്പഴുതൂർ	298	ആറുകാൽകുളം
29	20	പെരുമ്പഴുതൂർ	206	കാട്ടുകുളം

30	20	പെരുമ്പഴുതൂർ	266	കോട്ടായികുളം
31	20	പെരുമ്പഴുതൂർ	233	കുഞ്ഞുകുളം
32	21	പെരുമ്പഴുതൂർ	272	ഇരവികുളം
33	22	പെരുമ്പഴുതൂർ	129	ചായകോട്ടുകുളം
34	22	പെരുമ്പഴുതൂർ	92	പാവൗ കുളം
35	23	പെരുമ്പഴുതൂർ	157	ഇരുമ്പിൽകുളം
36	29	നെയ്യാറ്റിൻകര	50	ആട്ടകുളം
37	30	നെയ്യാറ്റിൻകര	83	പുട്ടൻകുളം
38	33	നെയ്യാറ്റിൻകര	147	തെക്കേകുളം
39	33	നെയ്യാറ്റിൻകര	151	വടക്കേ കുളം
40	35	നെയ്യാറ്റിൻകര	100	പരാകോട്
41	35	നെയ്യാറ്റിൻകര	53	തോപ്പുകുളം
42	35	നെയ്യാറ്റിൻകര	73	കരിയംകുളം
43	36	നെയ്യാറ്റിൻകര	211	കോരകുളം
44	37	നെയ്യാറ്റിൻകര	274	മേക്കിരികുളം
45	39	നെയ്യാറ്റിൻകര	32	ഒലിയകുളം (മണലൂർ)
46	39	നെയ്യാറ്റിൻകര	323	കണിയംകുളം
47	40	നെയ്യാറ്റിൻകര	313	ഇഴകുളം

ഇവ കൂടാതെ നഗരസഭയിലുള്ള അമ്മോട്ടുകോണം, രാമേശ്വരം കുളം, താച്ചി കുളം, കൈത കുളം, തെഗർത്തല, താമര കുളം, പാവൂർ കുളം എന്നീ കുളങ്ങളിലും പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

28.7 പൊതുശുചിത്വം

ആസൂത്രിതമായ പൊതു ശുചിത്വ സംവിധാനത്തിന്റെ അഭാവം പട്ടണത്തിൽ നിലനിൽക്കുന്നു. നഗരവത്ക്കരണം വർദ്ധിച്ചു വരുന്ന കാലികമായ പ്രവണതയിൽ, ഒരു സംയോജിത സംവിധാനത്തിന്റെ അഭാവത്താൽ, ഭാവിയിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയേറെയാണ്. സാമൂഹിക പങ്കാളിത്തത്തോടും, സാമൂഹിക ഉത്തരവാദിത്വത്തോടുമുള്ള പദ്ധതികളും നയങ്ങളും ഇതിനായി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ഹരിത കേരളം പദ്ധതിയുടെ ഉപദൗത്യങ്ങളിൽ ഒന്നാണു ശുചിത്വ മാലിന്യ സംസ്കരണം. ഇതിനായി മുന്നോട്ടു വച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടും, നെയ്യാറ്റിൻകര പട്ടണത്തിന്റെ നിലവിലെ സ്ഥിതി വിലയിരുത്തിയും, മാലിന്യ സംസ്കരണത്തിനായി ഒരു മാർഗ്ഗരേഖ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നു.

ഈ ഭാഗത്തിൽ ആസൂത്രിത പൊതു ശുചിത്വ സംവിധാനത്തിന്റെ വിവിധ ഘടകങ്ങളേയും, നടപ്പിലാക്കേണ്ട വിധത്തിനെയും കുറിച്ച് പ്രതിപാദിക്കുന്നു. ഇതിനനുസൃതമായി പൊതു ശുചിത്വ നയങ്ങളും ഇതോടൊപ്പം പരാമർശിക്കുന്നു. നിലവിൽ പട്ടണത്തിൽ ലഭ്യമായ പരിമിതമായ സംവിധാനങ്ങളെ നവീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

28.7.1. പൊതുശുചിത്വ ഘടകങ്ങൾ

പൊതുശുചിത്വത്തിലെ മൂന്നു പ്രധാന ഘടകങ്ങളെക്കുറിച്ചാണ് ഈ ഭാഗത്തിൽ പ്രതിപാദിക്കുന്നത്.

1. ഖരമാലിന്യ സംസ്ക്കരണം
2. സിവറേജ് സംവിധാനം
3. മഴവെള്ള നിർമ്മാർജ്ജനത്തിനായുള്ള ഓടകൾ (Storm water drains)

ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

28.7.2 ഖരമാലിന്യ സംസ്ക്കരണം:

സംസ്ഥാനത്തെ മിക്ക പട്ടണങ്ങളും നഗരങ്ങളെയും സമ്മർദ്ദത്തിലാഴ്ത്തുന്ന ഒരു പ്രശ്നമായി വർത്തിച്ചിരിക്കുകയാണ്, ഖരമാലിന്യ സംസ്ക്കരണം. ലോകത്തിലെ പല സ്ഥലങ്ങളിലും വളരെ വിജയകരമായി കൈകാര്യം ചെയ്യപ്പെടുന്ന ഈ വിഷയം നമ്മുടെ നാടിനെ സംബന്ധിച്ച് ഒരു ദുഷ്കരമായ പ്രശ്നമായി മാറിയിരിക്കുകയാണ്. ചെറുകിട പരിഹാരങ്ങൾ

നടപ്പിലാക്കപ്പെടുന്നുവെങ്കിലും, പട്ടണത്തിന് ഒരു ഖരമാലിന്യ നിർമ്മാർജ്ജന സംസ്കരണ സംവിധാനം അത്യന്താപേക്ഷിതമാണ്. സമഗ്രമായ ഒരു നയരൂപീകരണം ഇവിടെ ആവശ്യമാണ്.

28.7.3 സാമൂഹിക പങ്കാളിത്തം

ഖരമാലിന്യ സംസ്കരണത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും മിക്കപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. എന്നാൽ ജീവനക്കാരുടെ കുറവ് കൊണ്ടും, ഇതിനായി ഒരു വ്യക്തമായ കാര്യനിർവ്വഹണ, സാങ്കേതിക സംവിധാനം നിലവില്ലാത്തതിനാലും നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു.

ഇതിനാൽ ഈ സംവിധാനത്തിൽ ഒരു മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. മേൽ പ്രസ്താവിച്ച പ്രകാരം 'പൊതു ശുചിത്വം' എന്നത് ഒരു സാമൂഹിക ഉത്തരവാദിത്വം കൂടിയാണ്.

'ശുചിത്വ കർമ്മ സേന' എന്ന ആശയം ഈ ചുറ്റുപാടിൽ പ്രസക്തമാണ്. 'പങ്കാളിത്തം - അവബോധം - പരിശീലനം - ഉത്തരവാദിത്വം' എന്നതാണ് ഈ കർമ്മസേനയുടെ പ്രവർത്തന രീതി. പട്ടണത്തിലെ വിദ്യാർത്ഥികൾ, താത്പര്യമുള്ള ജനങ്ങൾ, യൂത്ത് വോളന്റീർസ്, എൻഎസ്എസ്, എൻസിസി, വോളന്റിയർമാർ കൗൺസിലർമാർ, കുടുംബശ്രീ തുടങ്ങിയ കൂട്ടായ്മകൾ, സ്വയം സഹായ സംഘങ്ങൾ, റെസിഡൻസ് അസോസിയേഷൻ എന്നിവർക്കെല്ലാം ഇതിന്റെ ഭാഗമാകാവുന്നതാണ്.

വിജയകരമായ ഒരു കൂട്ടായ്മ രൂപീകരിക്കുവാനായി ചില നടപടിക്രമങ്ങൾ അനിവാര്യമാണ്. ഇത്തരത്തിൽ കാര്യക്ഷമമായ ഉത്തരവാദിത്വം ഏറ്റെടുക്കുവാനും, നടപ്പിലാക്കുവാനും കഴിയുന്ന ഒരു കൂട്ടായ്മ രൂപീകരിക്കേണ്ടതുണ്ട്. മുനിസിപ്പൽ അധികൃതർക്കൊപ്പം പട്ടണത്തിലെ ഖരമാലിന്യം സംസ്കരണ വിഷയത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുവാൻ ഈ കർമ്മസേനയ്ക്ക് സാധിക്കും. കർമ്മസേന രൂപീകരണ പ്രക്രിയ ചിത്രം 28.10 ൽ ചിത്രീകരിച്ചിരിക്കുന്നു.

രൂപീകരിച്ച കർമ്മസേനയ്ക്ക് പ്രാദേശിക ഉത്തരവാദിത്വം നൽകുന്നത് ഓരോ പ്രദേശത്തെ ജനങ്ങളിലേയ്ക്കും ഇവയുടെ സേവനം വേഗത്തിൽ എത്തിക്കാൻ സഹായിക്കും. വാർഡ് അടിസ്ഥാനത്തിൽ ഒന്നോ, അതിലധികമോ കർമ്മസേനകൾ നിലവിലുണ്ടാകാം. ഓരോ വാർഡ് കൗൺസിലർമാർ ആ പ്രദേശത്തെ ഈ കർമ്മസേനയുടെ / സേനകളുടെ സാരഥിയാകും.

28.7.4 ഖരമാലിന്യങ്ങൾ

പ്രധാനമായും രണ്ടായി ഖരമാലിന്യങ്ങളെ തരംതിരിച്ചിരിക്കുന്നു; ജീർണ്ണിക്കുന്നവയും, ജീർണ്ണിക്കാത്തവയും. ഭക്ഷ്യ വസ്തുക്കൾ, അവയുടെ അവശിഷ്ടങ്ങൾ, പച്ചക്കറി, മത്സ്യ-മാംസങ്ങൾ, അറവുശാലാ മാലിന്യങ്ങൾ, മാർക്കറ്റുകളിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ, ഹോട്ടലിൽ നിന്നുള്ള ഭക്ഷ്യ മാലിന്യം എന്നിങ്ങനെ ജീർണ്ണ സ്വഭാവമുള്ള എല്ലാതരം മാലിന്യങ്ങളും ജീർണ്ണിക്കുന്നവയിൽപ്പെടുന്നു. പ്ലാസ്റ്റിക്, ഗ്ലാസ്, ലോഹം, തുണികൾ തുടങ്ങി മണ്ണുമായി പൂർണ്ണമായി ലയിക്കാത്ത അജൈവമായ തരത്തിലുള്ള ഈ മാലിന്യങ്ങളെ വിവിധ രീതികളിലായാണ് സംസ്ക്കരിക്കേണ്ടത്. മിക്കപ്പോഴും മാലിന്യ സംസ്ക്കരണത്തിൽ വരുന്ന പിഴവ് ഇവയുടെ മിശ്രണമാണ്. ഉറവിടത്തിൽതന്നെ ഇവയെ വേർതിരിക്കുന്നതാണ് വിജയകരമായ ഒരു മാലിന്യ സംസ്കരണത്തിന്റെ ആദ്യ ചുവട്. ജീർണ്ണിക്കാത്ത മാലിന്യങ്ങൾ പ്രകൃതിയുമായി ഇണങ്ങിച്ചേരുന്നവയല്ല, ഇതിനാൽ തന്നെ ഇവയെ പ്രകൃതിയിൽ നിക്ഷേപിക്കുന്നത്, പ്രകൃതിയുടെയും അതിൽ ഉൾപ്പെടുന്ന ജീവജാലങ്ങളുടെയും നിലനില്പിനെത്തന്നെ ബാധിക്കുന്ന ഒന്നാണ്. ഇത്തരം പിഴവുകളാണ് മിക്കപ്പോഴും ഖരമാലിന്യ സംസ്കരണത്തിൽ തിരിച്ചടിയാകുന്നത്.

എയ്റോബിക് ബിന്നുകൾ (Aerobic bins), കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ഗാർഹിക, വാണിജ്യ/വ്യാവസായിക, സാമൂഹിക (Community) തലത്തിൽ, വിവിധ വിസ്തൃതി/ അളവിൽ ലഭ്യമാണ്. ഇവ ജീർണ്ണിക്കുന്ന മാലിന്യ സംസ്കരണത്തിനായുള്ള ഉത്തമ ഉപാധികളാണ്. സർക്കാർ സംവിധാനങ്ങൾ മുഖേന സബ്സിഡി നിരക്കിൽ നിരവധി കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ് മുതലായ സംസ്കരണ രീതികളും ലഭ്യമാണ്. മാർക്കറ്റുകളിൽ അല്ലെങ്കിൽ മാലിന്യ സംസ്കരണ പ്ലാന്റുകളിൽ ഇവ അഭികാമ്യമാണ്. ശാസ്ത്രീയമായ ലാൻഡ് ഫിൽ സംവിധാനവും പല സ്ഥലങ്ങളും നടപ്പിലാക്കുന്ന സംവിധാനമാണ്. എന്നാൽ അശാസ്ത്രീയമായ രീതിയാൽ ഇവയെ കൈകാര്യം ചെയ്യുന്നത് നിരവധി പാരിസ്ഥിതിക സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണമാകും. നിലവിൽ സംസ്ഥാനത്ത് ശാസ്ത്രീയമായ രീതിയിൽ ഒരു ലാൻഡ്ഫിൽ നിലവിലില്ല. ഇവ പട്ടണ അടിസ്ഥാനത്തിൽ / പ്രാദേശികാടിസ്ഥാനത്തിലാണ് ഏറ്റവും അഭികാമ്യം.



ചിത്രം 28.10 കർമ്മസേന രൂപീകരണ പ്രക്രിയ

ഉചിതമായ സംസ്കരണ രീതി സ്വീകരിച്ച്, നടപ്പിലാക്കുക എന്നതാണ് ആദ്യപടി. ഗാർഹികമായ സംസ്കരണരീതി വാണിജ്യ ഉപയോഗ കേന്ദ്രങ്ങളിൽ അഭികാമ്യമാവുകയില്ല. ഓരോ ഉപയോഗത്തിനും, മാലിന്യത്തിന്റെ തോതും, തരവും, ഘടകവും അനുസരിച്ചുള്ള ഉള്ള സംസ്കരണ സംവിധാനം നടപ്പിലാക്കേണ്ടതാണ്. ഇതിൽ നേരിടുന്ന പാകപ്പിഴയാണ് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും, സംവിധാനങ്ങളിൽ വിശ്വാസം നഷ്ടപ്പെടുത്തുന്നതും.

'ശുചിത്വ കർമ്മസേന'യ്ക്ക് ഇതിൽ പ്രധാന പങ്ക് വഹിക്കാൻ സാധിക്കും. ജനങ്ങളുടെ സംശയ നിവാരണത്തിനും, ഉചിതമായ മാലിന്യ സംസ്കരണ സംവിധാനങ്ങളെയും, ഇവയുടെ പ്രവർത്തനങ്ങളെയും കുറിച്ച് അവബോധം നൽകുവാനും കർമ്മസേനയ്ക്ക് സാധിക്കും. 'സമ്പൂർണ്ണ ശുചിത്വം' എന്ന ലക്ഷ്യം മുന്നോട്ട് വയ്ക്കുമ്പോൾ, പ്രദേശത്തെ എല്ലാ ജനങ്ങളിലേയ്ക്കും ഈ സേവനം എത്തിക്കുവാൻ സാധിക്കും.

ജീർണ്ണിക്കാത്ത മാലിന്യങ്ങളായ പ്ലാസ്റ്റിക്, ഗ്ലാസ്സ്, ഇലക്ട്രോണിക് വേസ്റ്റ് (ഇ-വേസ്റ്റ്) തുടങ്ങിയവയെ സംസ്ക്കരിക്കുവാനുള്ള സംവിധാനം നിലവില്ലാത്തതിനാൽ ഇവയെ ശേഖരിച്ച്, വേർതിരിച്ച്, വിപണനം ചെയ്യുവാൻ നിർദ്ദേശിക്കുന്നു. ഇതിനായി പട്ടണത്തിൽ, സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ, Material Recovery Facility (MRF) നടപ്പിലാക്കേണ്ടതുണ്ട്. നിലവിൽ ഉപയോഗശൂന്യമായ ക്വാറികളിൽ ഇത്തരം പൊതു ശുചിത്വ സംവിധാനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

ജീർണ്ണിക്കാത്ത മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച്, യഥാസമയങ്ങളിൽ മുനിസിപ്പാലിറ്റിയിലെ നിശ്ചിത കളക്ഷൻ കേന്ദ്രങ്ങളിൽ ശേഖരിക്കുവാനുള്ള വ്യവസ്ഥ നടപ്പിലാക്കുവാനുണ്ട്. ഓരോ വാർഡുകളിലേയും, ഉപ പ്രദേശങ്ങളിലേയും സംവിധാനം ശുചിത്വ കർമ്മ സേനയുടെ നേതൃത്വത്തിൽ നടപ്പാക്കാവുന്നതാണ്.

28.7.5 മാലിന്യ സ്രോതസ്സുകൾ

ഉറവിടങ്ങളിൽ തന്നെ ഉചിതമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്വീകരിക്കുന്നതാണ് അഭികാമ്യമായ വ്യവസ്ഥ. പട്ടണത്തിലെ നിലവിലെ പ്രധാന മാലിന്യ സ്രോതസ്സുകൾ തിരിച്ചറിയുകയും ഇവയുടെ തോത്, ഉചിതമായ മാലിന്യ സംസ്കരണ പദ്ധതി എന്നിവ തിരിച്ചറിയുകയും ഇതിനായി ആവശ്യമായ മാലിന്യ സംസ്കരണ സൗകര്യങ്ങൾ ഏർപ്പാടാക്കുകയും, ഇവയുടെ ഉപയോഗ രീതിയെക്കുറിച്ചുള്ള അവബോധം നൽകുകയും, ശുചിത്വ കർമ്മ സേന നേതൃത്വത്തിലും

നിർദ്ദേശത്തിലും ഇവ പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് വിഭാവനം ചെയ്യുന്ന മാലിന്യ നിർമ്മാർജ്ജന നയം. ഓരോ സ്രോതസ്സുകളും ഇവയിൽ പരിപാലിക്കുന്ന മാലിന്യ സംസ്കരണ നയങ്ങളും ചുവടെ ചേർക്കുന്നു:

ഗാർഹിക മാലിന്യം: പട്ടണത്തിലെ മാലിന്യ ഉത്പാദന കണക്കുകൾ പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ വരുന്നത് ഗാർഹിക മാലിന്യങ്ങളാണ്. നിലവിൽ നിരവധി മാലിന്യ സംസ്കരണ രീതികൾ; മുനിസിപ്പാലിറ്റി വക കളക്ഷൻ, സ്വന്തം പറമ്പിൽ സംസ്കരിക്കുക (കമ്പോസ്റ്റിംഗ്), സ്വന്തമായി മാലിന്യം സംസ്കരണ മാർഗ്ഗങ്ങൾ (ബയോഗ്യാസ് തുടങ്ങിയവ) ഉപയോഗിക്കുക, എന്നിവ പാലിക്കപ്പെടുന്നുവെങ്കിലും എല്ലാ ജനങ്ങളും ഇത്തരത്തിലുള്ള സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല. മാലിന്യം വലിച്ചെറിയുന്ന പ്രവണതയാണ് ഇന്നു കണ്ടുവരുന്നത്. ഒരു ആസൂത്രിത ചട്ടക്കൂട്ടിലേക്ക് എല്ലാ നഗരവാസികളേയും കൊണ്ടുവരുവാനും ഇതിലൂടെ 'സീറോ വേസ്റ്റ്' എന്ന ഫലത്തിൽ എത്തിച്ചേരുവാനുമായി ചില നയങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

1. പട്ടണത്തിലെ ഓരോ പ്രദേശങ്ങളെയും വാർഡ് തലത്തിലോ ഹെൽത്ത് സർക്കിൾ തലത്തിലോ ഉള്ള സോണുകളായി തിരിക്കുക.
2. മാലിന്യ സംസ്കരണത്തെപ്പറ്റി അവബോധവും, അറിവും നൽകുന്നതിനായി മുനിസിപ്പാലിറ്റി അംഗീകരിച്ച ശുചിത്വ കർമ്മസേന ഇത്തരത്തിലെ ഓരോ സോണുകളിലും പ്രവർത്തിക്കുന്നു.
3. ഇത്തരത്തിലെ ഓരോ സോണുകളിലെയും കർമ്മസേനയുടെ നേതൃത്വത്തിൽ (team leader) ഒരു ക്ലീൻ വാർഡൻ (clean warden) നിയുക്തനാകുന്നു. ക്ലീൻ വാർഡൻമാരുടെ പ്രവർത്തനം വാർഡ് കൗൺസിലർ വിലയിരുത്തുന്നു. എല്ലാ വീടുകളും ഈ പദ്ധതിയ്ക്ക് കീഴിൽ വരുന്നു.
4. ഈ ടീമിന്റെ നേതൃത്വത്തിൽ ആ സോണിലെ മാലിന്യ സംസ്കരണ സ്ഥിതിയെക്കുറിച്ച് പഠനം നടത്തുന്നു. ഓരോ വീടും സന്ദർശിച്ച് അവിടുത്തെ നിലവിലെ സ്ഥിതിയും, ഏത് മാലിന്യ സംസ്കരണ സൗകര്യങ്ങൾ നടപ്പിലാക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുവെന്നും, കുടുംബത്തിന്റെ സാമ്പത്തിക ശേഷി എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുന്നു.
5. ഈ വിവരങ്ങളിൽ നിന്നും ഉചിതമായ മാർഗ്ഗമേതാണെന്ന് കണ്ടെത്തുന്നു.
6. കർമ്മസേന കൗൺസിലർ വഴി മുനിസിപ്പാലിറ്റിയിൽ ആവശ്യങ്ങളുന്നയിക്കുന്നു. മുനിസിപ്പാലിറ്റി വേണ്ട സഹായങ്ങൾ നൽകുന്നു.
7. സാമ്പത്തിക സ്ഥിതിയും, സ്ഥല സൗകര്യവും കണക്കിലെടുത്ത് ഉചിതമായ സംസ്കരണ സൗകര്യങ്ങൾ (ബയോഗ്യാസ്, കമ്പോസ്റ്റിംഗ് തുടങ്ങിയവ) ഓരോ വീട്ടിലും നടപ്പിലാക്കുന്നു.
8. ഇവയുടെ മേൽനോട്ടം, ഇവയ്ക്കാവശ്യമായുള്ള സംശയ നിവാരണം, ഉപദേശങ്ങൾ എന്നിവ നൽകുന്നതിന് കർമ്മസേന സജ്ജമായിരിക്കുന്നു.
9. നിശ്ചിത സമയപരിധിയിൽ കർമ്മസേന ഇവയുടെ അവലോകനം നടത്തി, വേണ്ട മാറ്റങ്ങൾ നടപ്പിൽ വരുത്തുന്നു.
10. ഇതിനു പുറമെ മാലിന്യ സംസ്കരണ സൗകര്യം ഏർപ്പെടുത്താൻ സാധിക്കാത്ത ഗൃഹങ്ങൾക്കും, തോത് കൂടിയ മാലിന്യം സംസ്കരിക്കുന്നതിനുമായി ഓരോ വാർഡ് തലത്തിലും സമൂഹ സൗകര്യങ്ങൾ (community aerobic bin, biogas plant തുടങ്ങിയവ) ഏർപ്പെടുത്തേണ്ടതാണ്. ഇവയുടെ മേൽനോട്ടം കുടുംബശ്രീ പോലെയുള്ള സ്വയംസഹായ സംഘത്തിൽ നിക്ഷിപ്തമായിരിക്കും.
11. ഇതിനു പുറമെ ഓരോ സോണുകളിലും വരുന്ന റോഡുകളിലെയും മാലിന്യങ്ങൾ (street sweepings) മേൽപ്പറഞ്ഞ കമ്മ്യൂണിറ്റി സൗകര്യത്തിലോ അല്ലെങ്കിലും അടുത്തുള്ള ഗാർഹിക സൗകര്യത്തിലോ സംസ്കരിക്കാവുന്നതാണ്.
12. മാലിന്യങ്ങളിൽ നിന്നു ഉത്പാദിപ്പിക്കാവുന്ന കമ്പോസ്റ്റ് മുതലായവ, കൃഷി വകുപ്പുമായി സഹകരിച്ച് കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
13. ജീർണ്ണിക്കാത്ത മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള വിധവും, രീതികളും കർമ്മസേന ഓരോ സോണുകളിലേയും ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുന്നു. ഇത് പ്രകാരം വേർതിരിച്ച ജീർണ്ണിക്കുന്ന മാലിന്യങ്ങൾ നിശ്ചിത കാലയളവിൽ ശേഖരിക്കുവാനും ഇത് പട്ടണത്തിലെ MRF കേന്ദ്രത്തിലേക്ക് മാറ്റുവാനുമുള്ള നടപടികളും കർമ്മസേന നടപ്പിലാക്കും.
14. ഓരോ വർഷവും ഓരോ സോണിലും ഒരു ജനസമ്പർക്ക സഭ നടത്തുകയും, ഇവയിൽ പദ്ധതി വിവരങ്ങൾ, അവലോകനങ്ങൾ, നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ പങ്കു വയ്ക്കുകയും ചെയ്യുന്നു. നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന വാർഡൻമാർ, വിവിധതലത്തിലുള്ള പ്രവർത്തകർ, വീട്ടുകാർ എന്നിവർക്ക് സമ്മാനദാനം നൽകുന്നതുമാണ്.

മാർക്കറ്റ് മാലിന്യം: പട്ടണത്തിലെ മാർക്കറ്റ് മാലിന്യങ്ങളെ ഉചിതമായ രീതിയിൽ സംസ്ക്കരിക്കുവാനുള്ള നടപടിക്രമങ്ങൾ ചുവടെ നിർദ്ദേശിക്കുന്നു.

1. കർമ്മസേനയോടൊപ്പം വ്യാപാര വ്യവസായി ഏകോപന സമിതി അംഗങ്ങളെയും മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമാക്കുക.
2. പട്ടണത്തിലെ നിലവിലെ എല്ലാ മാർക്കറ്റുകളുടെയും (സർക്കാർ, പ്രൈവറ്റ്) സ്ഥിതിഗതികൾ (മാലിന്യതരം, തോത് എന്നിവ) സോൺ അടിസ്ഥാനത്തിൽ വിലയിരുത്തുക.
3. മാർക്കറ്റ് മാലിന്യ സംസ്കരണത്തിനായി വിവിധ മാർഗ്ഗങ്ങൾ അവലംബിക്കുക; Biogas plant, composting unit, vermin-compost, windrow compost തുടങ്ങിയവ
4. ഉചിതമായ ഉപകരണ സൗകര്യങ്ങൾ നൽകി, ഇവയുടെ പ്രവർത്തനം, മേൽനോട്ടം, മെയിന്റനൻസ് എന്നിവയെ സ്വയംസഹായ സംഘത്തിൽ നിക്ഷിപ്തമാക്കുക (കർമ്മസേനയുടെ നേതൃത്വത്തിൽ)
5. സൗകര്യങ്ങൾ സ്ഥാപിക്കുവാൻ ബുദ്ധിമുട്ടായ മാർക്കറ്റുകൾ ജനാഭിപ്രായം പരിഗണിച്ച് ഉചിതമായ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുകയോ, ഇവയിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് മറ്റു മാർഗ്ഗങ്ങളോട് അനുബന്ധിച്ച് സംസ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുക.
6. മാർക്കറ്റുകളുടെ പരിസരത്തുള്ള റോഡ് മാലിന്യങ്ങൾ ഇവിടെ സംസ്ക്കരിക്കുക.
7. അറവുശാല ഉള്ള മാർക്കറ്റുകൾക്ക്, മാലിന്യ സംസ്കരണ പ്ലാന്റ് ഇതിനോടൊപ്പം സ്ഥാപിക്കുക. ഇവയോടൊപ്പം തന്നെ പൗൾട്രി വേസ്റ്റ് മുതലായവയും സംസ്കരിക്കേണ്ടതാണ്.
8. നിശ്ചിത കാലയളവിൽ അവലോകനം നടത്തുകയും, ഉചിതമായ മാറ്റങ്ങൾ വരുത്തി, മാലിന്യ മുക്ത സ്ഥിതിയിലേയ്ക്ക് കൊണ്ടു വരേണ്ടതുമാണ്.
9. ജീർണ്ണിക്കാത്ത മാലിന്യങ്ങൾ പട്ടണത്തിലെ MRF കേന്ദ്രത്തിലേക്ക് വേർതിരിച്ച്, എത്തിക്കേണ്ടതുമാണ്.

വ്യവസായ മാലിന്യം: വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുകയും, അതിനനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യവസായ യൂണിറ്റിനോടൊപ്പം നിർബന്ധമാക്കേണ്ടതാണ്. ആപത്കരമായ മാലിന്യം (Hazardous waste) ഉത്പാദിപ്പിക്കുന്ന വ്യവസായം അതിനുള്ള സംസ്കരണ മാർഗ്ഗം അവലംബിക്കേണ്ടതാണ്. MRF സൗകര്യവും ഇതിനായി ഉപയോഗിക്കാവുന്നതാണ്. കർമ്മസേനയുടെ നേതൃത്വത്തിലായിരിക്കണം ഈ നടപടികൾ സ്വീകരിക്കേണ്ടത്.

ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിശകലനം ചെയ്യുകയും, തക്കതായ പ്രോത്സാഹനങ്ങൾ നൽകി, മാലിന്യ/മലിനീകരണ മുക്ത സ്ഥാപനങ്ങളായി ഇവയെ മാറ്റുകയും ചെയ്യേണ്ടതാണ്.

വാണിജ്യ സ്ഥാപനങ്ങൾ: ജീർണ്ണിക്കുന്ന മാലിന്യ സ്രോതസ്സുകളുടെ മറ്റൊരു പ്രധാന കേന്ദ്രമാണ് ഭക്ഷണശാലകൾ. ഇവയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പലപ്പോഴും അവ്യക്തമാണ്. വാർഡ് കൗൺസിലർ, ക്ലീൻ വാർഡൻ, കർമ്മസേന, വ്യാപാര വ്യവസായ സമിതി എന്നിവരുടെ ആഭിമുഖ്യത്തിൽ ഈ മേഖലയിലെ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി മാലിന്യ സംസ്കരണം നടപ്പിലാക്കേണ്ടതാണ്.

പ്രധാനമായും ജീർണ്ണിക്കുന്ന മാലിന്യങ്ങൾക്കായി ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സംവിധാനങ്ങൽ ആണ് ഉചിതം. പുതിയതായി തുടങ്ങുന്ന എല്ലാ സ്ഥാപനങ്ങളിലും ഇത് നിർബന്ധമാക്കേണ്ടതാണ്. ഇത് സ്ഥാപിക്കുവാൻ സാധ്യതയില്ലാത്ത ചെറുകിട സ്ഥാപനങ്ങൾ അടുത്തുള്ള കമ്മ്യൂണിറ്റി പ്ലാന്റുകളോ, മാർക്കറ്റിലെ പ്ലാന്റുകളോ ഉപയുക്തമാക്കേണ്ടതാണ്. ജീർണ്ണിക്കാത്ത മാലിന്യങ്ങൾ MRF കേന്ദ്രങ്ങളിലേക്ക് എത്തിക്കേണ്ടതാണ്.

പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് ഉചിതമായ പ്രോത്സാഹനം നൽകുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

പൊതു ഉപയോഗ സ്ഥാപനങ്ങൾ: ഓഡിറ്റോറിയം, ഹാളുകൾ, സർക്കാർ/പ്രൈവറ്റ് മറ്റു പൊതു സ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങിയ എല്ലാ പൊതുജനകേന്ദ്രങ്ങളിലും മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റുകളോ, മറ്റു ഉചിതമായ മാർഗ്ഗങ്ങളോ അവലംബിക്കേണ്ടതാണ്. ഇവ കർമ്മ സേനയുടെ

നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ഇവയിൽ നിന്നുള്ള ജീർണ്ണിക്കാത്ത മാലിന്യങ്ങൾ MRF കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

റോഡ് മാലിന്യങ്ങൾ (Street sweepings) : മുൻ ഭാഗങ്ങളിൽ പ്രതിപാദിച്ചിരുന്ന പോലെ മറ്റു മാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തി റോഡ് മാലിന്യങ്ങളെ സംസ്കരിക്കാവുന്നതാണ്.

അറവുശാല: സോണുകൾ തിരിച്ച് പട്ടണത്തിലെ അംഗീകൃതവും അല്ലാത്തതുമായ അറവുശാലകളുടെ വിവരങ്ങൾ ശേഖരിക്കുക. അംഗീകൃതമല്ലാത്തവയെ നിർത്തലാക്കുക. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സ്ഥിതിഗതികൾ വിലയിരുത്തി ഉത്തമമായ നടപടികൾ സ്വീകരിക്കുക.

ഇവയോട് അനുബന്ധമായ വ്യവസായങ്ങൾ ആരംഭിക്കുകയും (എല്ലുപൊടി, ബോൺ മീൽ ഇൻഡസ്ട്രി മുതലായവ) ഇതുവഴി ജൈവവള ഉത്പാദനം പ്രോത്സാഹിപ്പിച്ച് അനുകരണീയ മാതൃക സൃഷ്ടിക്കുകയും ചെയ്യുക.

ആശുപത്രി മാലിന്യങ്ങൾ: ആശുപത്രികളിലും, മറ്റു മെഡിക്കൽ സ്ഥാപനങ്ങളിലും നിന്നുള്ള ബയോ-മെഡിക്കൽ മാലിന്യം സംസ്ക്കരിക്കുവാനായി ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനു (IMA) കീഴിലുള്ള IMAGE സംവിധാനം എല്ലാ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുക. കർമ്മസേനയുടെ പ്രവർത്തന നയം ചിത്രം 28.11 ൽ രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 28.11 കർമ്മസേന പ്രവർത്തന നയം

28.7.6. ഖരമാലിന്യ സംസ്ക്കരണ നയങ്ങൾ

മേൽ പ്രസ്താവിച്ച പ്രശ്ന പരിഹാര മാർഗ്ഗങ്ങൾക്ക് പുറമെ ചില നയങ്ങളും മുന്നോട്ടു വയ്ക്കുന്നു.

1. മാലിന്യ ഉത്പാദനം കുറയ്ക്കുക എന്നതാണ് അവലംബിക്കേണ്ട പ്രധാന വ്യവസ്ഥ. ജീർണ്ണിക്കാത്ത മാലിന്യങ്ങൾക്കാണ് ഇത് പ്രത്യേകം ബാധകമാകുന്നത്. സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിൽ സ്വീകരിച്ചു വരുന്ന, 3R's-Reduce, Reuse, Recycle,

(കുറയ്ക്കുക, പുനരുപയോഗിക്കുക, റീസൈക്കിൾ ചെയ്യുക), എന്ന കാഴ്ചപ്പാടിലൂന്നിയുള്ള നയമാണ് ആവിഷ്കരിക്കേണ്ടത്.

2. പ്ലാസ്റ്റിക് മാലിന്യം കഴിവതും ഒഴിവാക്കുക. കവറുകൾ, ബോട്ടിലുകൾ എന്നിവയെ കഴിവതും ഒഴിവാക്കി പേപ്പർ ബാഗ്, കുപ്പികൾ എന്നിവ വിപണിയിൽ സുലഭമാക്കുക. ഇതിനായുള്ള ഉത്പാദന കേന്ദ്രങ്ങൾ പട്ടണത്തിൽ പ്രോത്സാഹിപ്പിക്കുക. കൂടിൽ വ്യവസായങ്ങളിൽ ഇവയും ഉൾപ്പെടുത്തുക.
3. പ്ലാസ്റ്റിക് കത്തിക്കുന്നത് നിരോധിക്കുക. കർശനമായ നടപടികൾ, ഫൈനുകൾ ഉൾപ്പെടെ ചുമത്തുക.
4. സാനിറ്ററി ഉത്പന്നങ്ങൾ വലിച്ചെറിയുന്നതിനു പകരം സംസ്കരിക്കുക. ഇതിനായി പ്രത്യേക മെഷീനുകൾ സ്കൂളിൽ സ്ഥാപിക്കുക. ഗാർഹിക ഉപയോഗത്തിനായി തദ്ദേശീയമായി സംസ്കരണ യന്ത്രങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ തുടങ്ങുക.
5. ഹാനികരമായ മാലിന്യം, ഇ-മാലിന്യം തുടങ്ങിയവ വലിച്ചെറിയാതെ, ഉചിതമായ രീതിയിൽ MRF കേന്ദ്രങ്ങളിൽ എത്തിക്കുക.
6. എല്ലാ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും ഒരു ജനകീയ പങ്കാളിത്തത്തോടെയുള്ള മുന്നേറ്റമായാണ് മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. ഉത്തരവാദിത്വം എല്ലാവരിലേക്കും എത്തിച്ച് നാടിന്റെ ശുചിത്വ സുസ്ഥിര വികസനത്തിനു ഒരു കൂട്ടായ്മ ആയി പ്രവർത്തിച്ച് ആസൂത്രിതമായ ഒരു സ്ഥിതിഗതി നടപ്പിലാക്കുവാൻ വിഭാവനം ചെയ്യുന്നു.

28.7.7 സ്വീവറേജ് സംവിധാനം

പൊതു ശുചിത്വ നിർദ്ദേശങ്ങളിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു ഘടകമാണ് സ്വിവറേജ് സംവിധാനം. ആസൂത്രിതമായൊരു സ്വിവറേജ് സംവിധാനം പട്ടണത്തിൽ നിലവിലില്ല. സെപ്റ്റിക് ടാങ്കുകളാണ് കൂടുതലായും ഉപയോഗിക്കുന്നത്. ഭാവിയിൽ ഭൂഗർഭ ജല മലിനീകരണം തടയുവാൻ ഒരു ആസൂത്രിത സ്വിവറേജ് സംവിധാനം അത്യന്താപേക്ഷിതമാണ്.

സീവേജ് മാലിന്യത്തിന്റെ അളവ് കണക്കാക്കിയ ശേഷം, സംസ്കരണത്തിന് അനുയോജ്യമായ സാങ്കേതികവിദ്യ തിരഞ്ഞെടുക്കേണ്ടതുണ്ട്. 'Human Excreta Management in Urban Kerala' –യുടെ World Bank Report- ൽ, സംസ്ഥാനത്തെ നഗര തദ്ദേശ സ്ഥാപനങ്ങളുടെ വലിപ്പവും, ജലഭൗമശാസ്ത്ര സാഹചര്യങ്ങളും അനുസരിച്ച് സാങ്കേതിക സംവിധാനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. 10 MLD-ൽ കൂടുതൽ, ദ്രവ മാലിന്യത്തിന്റെ തോത് ഉണ്ടെങ്കിൽ മതിയായ സൗകര്യങ്ങളുള്ള ഒരു മലിനജല സംസ്കരണ പ്ലാന്റ് (STP) ചെയ്യണ്ടതുണ്ട്. ദ്രവമാലിന്യത്തിന്റെ അളവ് 10 MLD-ൽ താഴെയായതിനാൽ നെയ്യാറ്റിൻകര നഗരസഭയ്ക്ക് ഈ സൗകര്യം ആവശ്യമില്ല.

മലിനജല സംസ്കരണത്തിന് വികേന്ദ്രീകൃത DEWATS സംവിധാനം (Decentralised waste water treatment system) നൽകാവുന്നതാണ്. പരിമിതമായ സ്ഥല ആവശ്യകതയും, ജനങ്ങൾക്ക് വളരെ കുറഞ്ഞ ബുദ്ധിമുട്ടു സൃഷ്ടിക്കുന്നവയുമാണ് ഡിവാട്ട്സ് മാതൃകയിൽ ഉള്ള സംസ്കരണ പ്ലാന്റുകൾ.

സെപ്റ്റേജ് സംസ്കരണത്തിനായി FSTP (Faecal Sludge Treatment Plant) സംവിധാനവും തിരഞ്ഞെടുക്കാവുന്നതാണ്. നെയ്യാറ്റിൻകര നഗരസഭയിൽ, ഡിസൈൻ ആവശ്യങ്ങൾക്കായി പരിഗണിക്കേണ്ട സെപ്റ്റേജിന്റെ അളവ് 13 KLD ആയതിനാൽ, ലോകബാങ്ക് റിപ്പോർട്ടിൽ നൽകിയിരിക്കുന്ന സ്ഥലപരമാനദണ്ഡങ്ങളിൽ പ്രകാരം എഫ്.എസ്.ടി.പി. യുടെ (FSTP) നിർമ്മാണത്തിന് 25 സെന്റ് സ്ഥലം ആവശ്യമാണ്. കൂടാതെ അനുബന്ധ സൗകര്യങ്ങൾക്കായി (ഓഫീസ് സ്ഥലം, വാഹനങ്ങൾ പാർക്ക് ചെയ്യൽ) 25% കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. സിവിൽ സ്റ്റേഷന് പിൻവശത്ത് സർക്കാർ പുറമ്പോക്കിൽ FSTP സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

സ്വിവറേജ് ശൃംഖലയുടെ അഭാവത്തിൽ, പ്രഥമഘട്ടത്തിൽ വീടുകളിൽ നിന്നു സ്വിവറേജ് മാലിന്യം ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുന്നതിനായി, ന്യൂമാറ്റിക് (pneumatic) പമ്പ് സമ്പ്രദായം ഉപയോഗിക്കാവുന്നതാണ്. സ്മാർട്ട് പദ്ധതികൾ വഴി പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ ഗാർഹിക ഉപയോഗത്തിനല്ലാത്ത ജല ആവശ്യങ്ങൾക്ക് (ചെടി നനയ്ക്കുക തുടങ്ങിയ) പ്ലാന്റിൽ നിന്നുള്ള ജലം ഉപയോഗിക്കാവുന്നതാണ്. ഫിൽറ്ററിംഗ് തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരണം ചെയ്യുന്ന മലിനജലം കൂടുതൽ ശുദ്ധീകരിച്ച് കാർഷിക മേഖലയിലെ ജലസേചനത്തിനും മറ്റു ആവശ്യങ്ങൾക്കും ഉപയോഗക്ഷമമാക്കാവുന്നതാണ്.

ഒരു മലിനജല സംസ്കരണ പ്ലാന്റ് സംവിധാനത്തിനുള്ള വിശദ സാങ്കേതിക പഠനവും നിർദ്ദേശിക്കുന്നു.

28.7.8 മഴവെള്ള നിർഗ്ഗമന സംവിധാനം

മഴവെള്ള നിർഗ്ഗമനത്തിനായി ചുവടെ ചേർക്കുന്ന നയങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

1. പ്രധാനമായും പട്ടണ കേന്ദ്ര പ്രദേശത്ത് മാത്രമാണ് മഴവെള്ളം വാർന്നു പോകുന്നതിനായി ഓടകൾ നിലവിലുള്ളത്. ഇവ വൃത്തിയാക്കി ഉപയോഗക്ഷമമാക്കുവാനും, ശൃംഖല വികസിപ്പിക്കുവാനായി കൂടുതൽ ഓടകൾ നിർമ്മിക്കുവാനും നിർദ്ദേശിക്കുന്നു. പട്ടണത്തിലെ മഴവെള്ള ഡ്രൈയിനേജ് സംവിധാനം മെച്ചപ്പെടുത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ഓടകൾ നിർമ്മിക്കുകയും ചെയ്യുക. ഇത്തരത്തിൽ നിർമ്മിക്കുന്ന ഓടകളിൽ നിന്നുള്ള ജലം സമീപത്തെ കുളത്തിലേയ്ക്കോ, താഴ്ന്ന പ്രദേശത്തേയ്ക്കോ ഫിൽറ്റർ ചെയ്തതിനു ശേഷം ഒഴുക്കിവിട്ട് ആയത് മണ്ണിലേയ്ക്ക് ഊർന്നിറങ്ങുന്നതിനുള്ള സൗകര്യമൊരുക്കുക.
2. ഭൂഗർഭ ജലസ്രോതസ്സുകളിലേക്ക് മഴവെള്ളം ഊർന്നിറങ്ങാൻ അവസരം ഉണ്ടാക്കുന്നത് വഴി, ജലനിരപ്പ് വർദ്ധിപ്പിക്കാൻ സാധിക്കും. ഇതിനായി റിറ്റെൻഷൻ കുളങ്ങൾ (വെള്ളം നിലനിർത്തി ഊർന്നിറങ്ങാൻ സഹായിക്കുന്നു) വികസിപ്പിക്കാൻ നിർദ്ദേശിക്കുന്നു. ഇതിനായി റോഡ് അരികുകളിൽ സ്ഥിതി ചെയ്യുന്ന നിലവിലെ കുളങ്ങളെയും താഴ്ന്ന പ്രദേശങ്ങളേയും ഉപയോഗിക്കാവുന്നതാണ്. നീരൊഴുക്കിനെ ആശ്രയിച്ച് ഇത്തരത്തിൽ ഒരു ശൃംഖല രൂപകല്പന ചെയ്യുന്നതിനായി ഒരു സാങ്കേതിക സാധ്യതാ പഠനവും നിർദ്ദേശിക്കുന്നു.
3. ഇത്തരത്തിലുള്ള സംവിധാനങ്ങൾ വഴി പട്ടണത്തിൽ പല ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ടിന് പരിഹാരമാകുന്നതാണ്. കുളങ്ങൾക്ക് പുറമെ പ്രകൃതിദത്ത തോടുകളും ഇതിനായി ഉപയോഗിക്കാവുന്നതാണ്.
4. മഴവെള്ളം ഇത്തരം ജലസ്രോതസ്സുകളിലേക്ക് നേരിട്ട് ഒഴുക്കി വിടുന്നത് മൂലമുള്ള മലിനീകരണ സാധ്യതയ്ക്ക് പരിഹാരമായി ജൈവ സൗഹൃദ സംവിധാനങ്ങളായ ജൈവവേലി, ബയോ സ്വെയിൽ (Bio swale) തുടങ്ങിയവ നിർദ്ദേശിക്കുന്നു. ഈ സംവിധാനം വഴി ജലം സ്വാഭാവികമായി ശുദ്ധീകരിച്ച് ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നു.
5. ഗാർഹിക ഉപയോഗത്തിനായി മഴവെള്ള സംഭരണികൾ എല്ലാ കെട്ടിടങ്ങളിലും നിർദ്ദേശിക്കുന്നു. ഇതിനു പുറമെ മഴക്കുഴികൾ നിർമ്മിക്കുന്നത് വഴി ഭൂഗർഭ ജലനിരപ്പ് ഉയർത്തുവാനും സാധിക്കുന്നു.

28.8 ആരോഗ്യം

പട്ടണത്തിൽ ആരോഗ്യ പരിപാലന സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാകും വിധം ഈ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

- നിലവിലെ ജില്ലാ ആശുപത്രി സമുച്ചയത്തിന്റെ ഭാവി വികസന ആവശ്യകത പരിഗണിച്ച് സമീപമുള്ള സ്ഥലം ഏറ്റെടുക്കാൻ നിർദ്ദേശിക്കുന്നു. പോലീസ് ക്വാർട്ടേഴ്സിനു സമീപമാണ് ഈ പദ്ധതിക്കു സ്ഥാനം നിർദ്ദേശിക്കുന്നത്. **(സ്പെഷ്യൽ സോൺ 4, 8.28 ഏക്കർ)** ചിത്രം 28.12 ൽ പദ്ധതി സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രദേശത്തു ആശുപത്രി ക്വാർട്ടേഴ്സ്, ആംബുലൻസ് പാർക്കിംഗ് എന്നിവ നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നു.
- ഹോസ്പിറ്റൽ സമുച്ചയത്തിന്റെ പുനർ വികസനം നടത്തി കാര്യക്ഷമമായ സ്ഥല വിനിയോഗവും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുക.
- പബ്ലിക് ഹെൽത്ത് സെന്ററുകളിലെ സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക (ചായ്ക്കോട്ടുകോണം, ഓലത്താന്നി, മാമ്പഴക്കര എന്നിവിടങ്ങളിൽ).
- ഇതര ചികിത്സാ സമ്പ്രദായങ്ങളായ ആയുർവേദം, ഹോമിയോ തുടങ്ങിയവയിലൂടെയുള്ള ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുക. ഇതിനു പുറമെ ടൂറിസം വികസന സാധ്യത മുന്നിൽ കണ്ട് പട്ടണത്തിൽ ഒരു ആയുർവേദ പഞ്ചകർമ്മ സുഖ ചികിത്സാ കേന്ദ്രം ആയൂർവേദ ആശുപത്രിയോടൊപ്പം നിർദ്ദേശിക്കുന്നു.
- എല്ലാ ആശുപത്രികളെയും, ബയോ മാലിന്യ നിർമ്മാർജ്ജന സംവിധാനം IMAGE- മായി ചേർന്ന് നടപ്പിലാക്കുക.
- ആയുർവേദ, സിദ്ധ ചികിത്സാ സമ്പ്രദായങ്ങൾക്കായി ഒരു 'ഹെർബൽ ബോട്ടാണിക്കൽ ഗാർഡൻ' പട്ടണത്തിൽ നിർദ്ദേശിക്കുന്നു.

- പകർച്ചവ്യാധികളുടെയും രോഗങ്ങളുടെയും ഇവ ഉണ്ടാവുന്ന കാലാവസ്ഥയുടെയും വിശദവിവരങ്ങൾ ഉൾപ്പെടെ ഭൗമ മാപ്പിംഗ് നിർദ്ദേശിക്കുന്നു.
- ഭക്ഷ്യ വസ്തുക്കളുടെയും, കാർഷിക ഉല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാനായി ഒരു ലാബ് സൗകര്യം കാർഷിക സേവന കേന്ദ്രത്തോടൊപ്പം നിർദ്ദേശിക്കുന്നു. ഇതിനായി ഒരു മൊബൈൽ സൗകര്യം അമരവിളയിൽ പ്രവർത്തിക്കുന്നുണ്ട്.
- ഇതിനു പുറമെ ആയുർവേദ ആശുപത്രി വികസനം, ആയുർവേദ സബ് സെന്റർ വികസനം (പുന്നക്കാട്), സിദ്ധ ഡിസ്പെൻസറി/ആശുപത്രി വികസനം, ഹോമിയോ ആശുപത്രി വികസനം, പാലിയേറ്റീവ് കെയർ സെന്റർ വികസനം, അർബൻ ഹെൽത്ത് സെന്റർ (കുളത്തുമ്മൽ) വികസനം, എന്നിവയും ആരോഗ്യ മേഖലയിൽ നിർദ്ദേശിക്കുന്നു.



ചിത്രം 28.12 നിർദ്ദിഷ്ട ആശുപത്രി വിപുലീകരണ മേഖല

28.9 വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ ചുവടെ ചേർക്കുന്ന ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- നിലവിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക. പഠനങ്ങളിലൂടെയും സർവ്വെകളിലൂടെയും നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അപര്യാപ്തതകൾ കണ്ടെത്തി പരിഹരിക്കുക. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, അംഗനവാടികളിലും ആധുനിക രീതിയിലുള്ള വിദ്യാർഥി സൗഹൃദ ശൗച്യാലയങ്ങൾ സ്ഥാപിക്കുക അവയുടെ പരിപാലനത്തിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലീസ് വകുപ്പുമായി സഹകരിച്ച് വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ (Student police cadets) ഹാജർ നിരീക്ഷിക്കുന്നതുൾപ്പെടെയുള്ള, ഇ-മോണിറ്ററിംഗ് സംവിധാനങ്ങൾ ആവിഷ്ക്കരിച്ച് അവരുടെ സാമൂഹ്യ-സുരക്ഷ ഉറപ്പുവരുത്തുക.
- ഡിജിറ്റൽ/ഹൈ സ്പീഡ് ബ്രോഡ്ബാന്റ് കണക്ഷൻ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമാക്കുകയും, ഇ-ലേണിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- ജൈവ വൈവിദ്ധ്യ പാർക്കുകൾ ഘട്ടംഘട്ടമായി എല്ലാ സ്കൂളുകളിലും വികസിപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.
- സ്കൂളുകളിലും, മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിലും വിദ്യാഭ്യാസത്തോടൊപ്പം ഹരിത തൊഴിൽ അധിഷ്ഠിതമായ നൈപുണ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക. (Community skill park (CSP) under ASAP project of GoK.)
- കായിക താരങ്ങൾക്കുള്ള പരിശീലന കേന്ദ്രവും താമസ സൗകര്യമുൾപ്പെടെയുള്ള പ്രാദേശിക കായിക പരിശീലന കേന്ദ്രം, സ്റ്റേഡിയം ഉൾപ്പെടെ നിർദ്ദേശിക്കുന്നു. നിലവിലെ

സ്റ്റേഡിയത്തിനു എതിർ വശത്തായാണു ഈ പദ്ധതി നിർദ്ദേശിക്കുന്നത്. ചിത്രം 28.13 ൽ ഈ പദ്ധതി സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നു. പ്രാദേശിക കായിക കേന്ദ്രത്തോടൊപ്പം തന്നെ പട്ടണത്തിനായി ഒരു ടൗൺ പാർക്കും ഈ പ്രദേശത്തു വികസിപ്പിക്കുവാൻ നിർദ്ദേശിക്കുന്നു **(സ്പെഷ്യൽ സോൺ 2, 8.23 ഏക്കർ)**

- ഗവൺമെന്റ് സ്കൂളുകളുടെ പഠന നിലവാരം ഉയർത്തുന്നതിനുതകുന്നതും അടിസ്ഥാന വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്യമാകുന്ന വിധത്തിലുമുള്ള പദ്ധതികൾ നടപ്പിലാക്കുക. ഇതിനായി മോഡൽ സ്കൂൾ പദ്ധതികൾ പട്ടണത്തിൽ നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നു. പ്രഥമ ഘട്ടത്തിൽ അമരവിള ജെബിഎസ്, അതിയന്നൂർ യുപിഎസ്, കൂട്ടപ്പന ജെബിഎസ്, ടൗൺ എൽപിഎസ്, നെയ്യാറ്റിൻകര എച്ച്.എസ്, ജി.ജി.എച്ച്.എസ്.എസ്, ഊരൂട്ടുകാല എം.ടി.എച്ച്.എസ്, ശാസ്താംതല യു.പി.എസ് എന്നീ സ്കൂളുകളിൽ ഇത്തരത്തിൽ വികസിപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. നഗരത്തിലെ ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുവാൻ നിർദ്ദേശിക്കുന്നു. (നെയ്യാറ്റിൻകര ബി.എച്ച്.എസ് പ്രഥമ ഘട്ടത്തിലും, നെയ്യാറ്റിൻകര ജി.എച്ച്.എസ്.എസ് അടുത്ത ഘട്ടത്തിലും)
- പട്ടണത്തിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശിക്കുന്നു.
- കുട്ടികൾക്കായി ഒരു സ്പെഷ്യൽ സ്കൂൾ (ബഡ്സ് മാതൃകയിൽ ഉള്ളത്) പട്ടണത്തിൽ നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നു. വയോജന കേന്ദ്രം, ബഡ്സ് സ്കൂൾ എന്നീ പദ്ധതികൾക്കായി നിർദ്ദിഷ്ട ആശുപത്രി വികസന മേഖലയ്ക്കു സമീപമായി സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നു. **(സ്പെഷ്യൽ സോൺ 3, 0.72 ഏക്കർ)** ചിത്രം 28.14 ൽ ഈ പദ്ധതി സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 28.13 പ്രാദേശിക കായിക പരിശീലന കേന്ദ്രം



ചിത്രം 28.14 വയോജന കേന്ദ്രം, ബഡ്സ് സ്കൂൾ

28.10 പൊതുജന സൗകര്യങ്ങൾ

നിലവിലെ പൊതുജന സൗകര്യങ്ങളും, സേവനങ്ങളും മെച്ചപ്പെടുത്തി പട്ടണത്തിലെ ജനങ്ങൾക്ക് ഉപയുക്തമാക്കുന്നതിനായി വിവിധ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

- പട്ടണത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കുവാൻ നിർദ്ദേശിക്കുന്നു
- ദേശീയപാതയിൽ നിലവിലെ മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന സ്ഥലത്തു പുതിയ മുനിസിപ്പൽ ടൗൺ ഹാൾ നിർദ്ദേശിക്കുന്നു, **(1.87 ഏക്കർ)**. ഇതിനോടൊപ്പം ഒരു ചെറിയ പാർക്കും, മേളകൾക്കായി ഒരു വ്യാപാരമേള മൈതാനം എന്നിവയും നിർദ്ദേശിക്കുന്നു. (ചിത്രം 28.15)
- നിലവിലെ സ്റ്റേഡിയത്തിനു എതിർ വശത്തായി പ്രാദേശിക കായിക കേന്ദ്രം, ടൗൺ പാർക്ക് എന്നീ പദ്ധതികൾ നിർദ്ദേശിക്കുന്നു. **(സ്പെഷ്യൽ സോൺ 2)**
- പട്ടണത്തിൽ പാർക്കുകളുടെയും തുറസ്സായ സ്ഥലങ്ങളുടെയും അഭാവവും, ടൂറിസം സാധ്യതയും പരിഗണിച്ചു കൊണ്ട്, ഈരാറ്റിൻപുറം പാർക്ക്, നെയ്യാർ പാർക്ക് എന്നിവിടങ്ങളിൽ നദീപാർക്കുകൾ **(സ്പെഷ്യൽ സോൺ 5, 6)**, പട്ടണ കേന്ദ്രത്തിനു സമീപം ടൗൺപാർക്ക് **(സ്പെഷ്യൽ സോൺ 2)** എന്നിവ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനു പുറമെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഓരോ വാർഡിലും ചെറിയ പാർക്കുകൾ, കുട്ടികൾക്കുള്ള പാർക്ക്/കളിസ്ഥലം തുടങ്ങിയവയും നിർദ്ദേശിക്കുന്നു. പാർക്കുകളുടെ വിവരങ്ങൾ ടൂറിസം മേഖലയിൽ വിശദീകരിച്ചിരിക്കുന്നു.
- പട്ടണത്തിന്റെ തിരക്കേറിയ പ്രദേശങ്ങളിൽ പൊതു ശൗച്യാലയങ്ങൾ സ്ഥാപിക്കുക. പട്ടണ ഉപകേന്ദ്രങ്ങൾ, നഗര കേന്ദ്രങ്ങളായ സിവിൽ സ്റ്റേഷൻ, ജില്ലാ ആശുപത്രി, ബസ് സ്റ്റേഷൻ, മുനിസിപ്പൽ ഓഫീസ്, ടൗൺ മാർക്കറ്റ് തുടങ്ങിയ സ്ഥലങ്ങളിലാണ് ഈ സൗകര്യം നിർദ്ദേശിക്കുന്നത്. ഇവയുടെ പരിപാലനത്തിന് സംവിധാനം ഏർപ്പെടുത്തുക.
- ടൂറിസം സംബന്ധിച്ച വിവരങ്ങൾ പൊതു ജനങ്ങൾക്കും, യാത്രക്കാർക്കും എത്തിക്കുന്നതിന്റെ ഭാഗമായി കിയോസ്കുകൾ സ്ഥാപിക്കുന്നതും നിർദ്ദേശിക്കുന്നു. ഉപകേന്ദ്രങ്ങളിലും, പട്ടണ കേന്ദ്ര പ്രദേശത്തും, പാർക്കുകളിലുമാണ് ഈ സംവിധാനം നിർദ്ദേശിക്കുന്നത്.
- പട്ടണത്തിൽ തെരുവുകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ച് പൊതു സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പു വരുത്തുക. ആദ്യ ഘട്ടത്തിൽ എല്ലാ പ്രധാന റോഡുകളിലും, പിന്നീടു ആവശ്യാനുസരണം മറ്റു റോഡുകളിലും നടപ്പിലാക്കുക.
- പൊതു ഉപയോഗ (സർക്കാർ/അർദ്ധ സർക്കാർ ഉപയോഗം ഉൾപ്പെടെ) മേഖലയിലെ ഓഫീസുകളിൽ ഗ്രിഡ് മാതൃകയിലുള്ള സോളാർ സംവിധാനം ഏർപ്പാടാക്കുവാനും നിർദ്ദേശിക്കുന്നു.
- പട്ടണത്തിൽ വയോജനങ്ങൾക്കായി ഒരു വയോജന കേന്ദ്രവും, ഇതിനോടൊപ്പം കുട്ടികൾക്കായി ഒരു സ്പെഷ്യൽ സ്കൂളും (ബഡ്സ് മാതൃകയിൽ ഉള്ളത്) നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട ആശുപത്രി വിപുലീകരണം നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തോടനുബന്ധിച്ചാണ് ഈ നിർദ്ദേശം. ഇതിനു പുറമെ നിലവിലെ 'പകൽ വീടിന്റെ' വികസനവും നിർദ്ദേശിക്കുന്നു.
- നഗരസഭയിലെ ഗ്രാമം പ്രദേശത്തു ഒരു സാംസ്കാരിക കേന്ദ്രം പദ്ധതിയും മാസ്റ്റർ പ്ലാനിൽ നിർദ്ദേശിക്കുന്നു.
- നിംസ്, അമരവിള, ടൗൺ എന്നീ പ്രദേശങ്ങളിൽ ഫയർ ഹൈഡ്രന്റ് പോയിന്റുകൾ സ്ഥാപിക്കുക.
- ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 'കമ്യൂണിറ്റി റസ്ക്യൂ വോളന്റിയേഴ്സ് സ്കീം' നടപ്പിലാക്കി സുസജ്ജമായ ഒരു കർമ്മസേന രൂപീകരിക്കുക
- അമരവിള മാർക്കറ്റ് പ്രദേശത്തു (ഏകദേശം 1 ഏക്കർ ഭൂമിയിൽ) ആധുനിക വിശ്രമ കേന്ദ്രം, താമസം, ഭക്ഷണം, പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടെ (മാർക്കറ്റ് പുനർ വികസനത്തിലൂടെ) മാതൃകാ ചിത്രം 28.16 ൽ കാണിച്ചിരിക്കുന്നു.



ചിത്രം 28.15 പുതിയ ടൗൺ ഹാൾ, കായിക കേന്ദ്രം-ടൗൺ പാർക്ക് നിർദ്ദേശങ്ങൾ



ചിത്രം 28.16 അമരവിള മാർക്കറ്റ് പുനർ വികസന മാതൃക

28.11 പരിസ്ഥിതി

പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകി മുന്നോട്ടു വയ്ക്കുന്ന വികസന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

- നെയ്യാറിലും മറ്റ് പ്രധാന തോടുകളിലും തടയണകൾ നിർമ്മിച്ച് (കരോണിക്കടവ് മുതലായ സ്ഥലങ്ങൾ) ഉപരിതല ജലസ്രോതസുകളിൽ നിന്ന് ജലം വാർന്നിറങ്ങി ഭൂഗർഭ ജല വിതാനം ഉയർത്തുവാനും, അതുവഴി ഭൂഗർഭ ജലലഭ്യതയുടെ സുസ്ഥിരത ഉറപ്പു വരുത്താനും നിർദ്ദേശിക്കുന്നു. നെയ്യാറിൽ അമരവിള, ഈരാറ്റിൻപുറം, അരുവിപ്പുറം, പാലക്കടവ് എന്നിവിടങ്ങളിൽ മിനി ഡാം / ചെക്ക് ഡാം എന്നിവ നിർദ്ദേശിക്കുന്നു.
- നദിയും, തോടുകളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് ഒരു നിശ്ചിത അകലത്തേക്ക് (ബഫർ സോൺ) സംരക്ഷിത പ്രദേശമായി നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ വിനോദസഞ്ചാര അവസരങ്ങൾ ഉപയുക്തമാക്കുന്നതിനും, നെയ്യാറിൽ നിന്നുമുള്ള വെള്ളപ്പൊക്കം തടയുന്നതിനും, നദീസംരക്ഷണത്തിനു ഉതകുന്ന വിധത്തിൽ നദിക്കിരുവശവും ജൈവസംരക്ഷണ പദ്ധതികൾ (ജൈവ നടപ്പാത, ഗ്രീൻ പാത്ത്) വികസിപ്പിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു.
    - നെയ്യാറിന്റെ ഇരു കരയിൽ നിന്നും 20 മീറ്റർ ദൂരം വരെയും,
    - മരുത്തൂർ തോട്, കണ്ണം കുഴി തോട്, ചെമ്പകപ്പാറ – വിഷ്ണുപുരം തോട്, കുട്ടപ്പന തോട്, എന്നിവക്ക് ഇരുവശങ്ങളിൽ നിന്നും 5 മീറ്റർ വരെയും സംരക്ഷണ മേഖല നിർദ്ദേശിക്കുന്നു.

നെയ്യാറിനും, പ്രധാന തോടുകളിലും ഖരമാലിന്യം വലിച്ചെറിയുന്നത് തടയേണ്ടതാണ്. ഇതിനായുള്ള സംരക്ഷണ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്. തോടുകളുടെ സംരക്ഷണത്തിനായി കോണ്ടൂർ ബണ്ടുകൾ നിർമ്മിക്കുകയും, തീരസംരക്ഷണത്തിനായി ജൈവവേലികളും മറ്റു പദ്ധതികളും ആസൂത്രണം ചെയ്യുവാനും നിർദ്ദേശിക്കുന്നു.



നദീ നടപ്പാത, മാതൃക



കുളങ്ങളുടെ സംരക്ഷണം, മാതൃക

- മഴവെള്ള സംഭരണത്തിനും, ഭൂഗർഭ ജല നിരപ്പ് ഉയർത്തുന്നതിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും പദ്ധതികൾ നിശ്ചിത പ്രദേശങ്ങളിൽ കൊണ്ടു വരേണ്ട ആവശ്യകതയും നിലനിൽക്കുന്നു. ചിറകളുടെയും, കുളങ്ങളുടെയും സംരക്ഷണം ഇവയുടെ വിശദപദ്ധതി രേഖകൾ തയ്യാറാക്കി യാഥാർത്ഥവൽക്കരിക്കേണ്ടതാണ്. മുൻഗണനാക്രമം നിർണയിച്ച് എല്ലാ ജലസ്രോതസുകളുടെയും നവീകരണവും സംരക്ഷണവും നടപ്പിലാക്കേണ്ടതാണ്. നദിയും, കുളങ്ങളും, തോടുകളും ഉൾപ്പെടെയുള്ള പട്ടണത്തിലെ എല്ലാ ജലസ്രോതസ്സുകളെയും സംരക്ഷിക്കുവാനും നിർദ്ദേശിക്കുന്നു. കുളങ്ങളെ മറ്റു അനുയോജ്യ ഉപയോഗങ്ങളിൽപ്പെടുത്തി ഉചിതമായ രീതിയിൽ സംരക്ഷിക്കുവാനും നിർദ്ദേശിക്കുന്നു.
- സ്വാഭാവിക നീരൊഴുക്ക് സംരക്ഷിക്കുന്നതിന് ജല നിർഗ്ഗമന സംവിധാനവും, നീർത്തട ആസൂത്രണവും അത്യന്താപേക്ഷിതമാണ്. ഇവയ്ക്ക് വേണ്ടിയുള്ള വിശദ പഠനങ്ങളും സർവ്വെകളും, ഭൂപടം തയ്യാറാക്കലും നിർദ്ദേശിക്കുന്നു. ജല നിർഗമനവും, ജല സംഭരണവും, മഴവെള്ള കൊയ്ത്തും സുസാധ്യമാക്കുന്നതിന് സൂക്ഷ്മ നീർത്തട പഠനം നടത്തി പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ നിർദ്ദേശിക്കുന്നു.
- ജലസ്രോതസ്സുകളുടെ മലിനീകരണം ഒഴിവാക്കുന്നതിനും കുടിവെള്ളത്തിന്റെ ശുദ്ധത നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ നിർദ്ദേശിക്കുന്നു. ഇതിനായി ഒരു ലാബ് സൗകര്യം നിർദ്ദേശിക്കുന്നു (കെഡബ്ല്യുഎ യുമായി ബന്ധപ്പെട്ട്)
- പ്രകൃതി ദുരന്ത നിവാരണത്തിന് ഒരു മുന്നറിയിപ്പ് സംവിധാനവും, പട്ടണത്തിനു വേണ്ടി ഒരു ദുരന്ത നിവാരണ പഠനവും നിർദ്ദേശിക്കുന്നു.
- പട്ടണത്തിലെ ഉയർന്ന പ്രദേശങ്ങൾ, പാറമടകൾ തുടങ്ങിയ പരിസ്ഥിതി പ്രധാന മേഖലകളിലെ വികസനം നിയന്ത്രിക്കുവാനും നിർദ്ദേശിക്കുന്നു.
- പരിസ്ഥിതിലോല മേഖലകളായ താഴ്ന്ന പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനും, ഉപയോഗ യോഗ്യമാക്കുന്നതിനുമായി പുതിയ കൃഷി സമ്പ്രദായങ്ങളും നിർദ്ദേശിക്കുന്നു, ഇവയുടെ സംരക്ഷണത്തിനുള്ള നയങ്ങൾ നിർദ്ദിഷ്ട ഭൂവിനിയോഗ ഭൂപടത്തിലും, മേഖലാ നിയന്ത്രണങ്ങളിലും പ്രതിപാദിക്കുന്നു.
- വായു മലിനീകരണം കുറയ്ക്കുന്നതിനായി പൊതുഗതാഗത മേഖലയെ പ്രോത്സാഹിപ്പിക്കുവാനും നിർദ്ദേശിക്കുന്നു.
- പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളായ വനവത്ക്കരണം (സാമൂഹ്യ വനവത്ക്കരണം), മരം മുറിക്കുന്നത് തടയൽ തുടങ്ങിയവയിലൂടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രായോഗികമാക്കുക. ഇതിനു പുറമെ പട്ടണത്തിൽ ഉദ്യാന നിർമ്മാണം, കാവുകളുടെ സംരക്ഷണം, നദീതീരത്തു മുളങ്കാടുകൾ മുതലായവ നട്ടുപിടിപ്പിയ്ക്കുക, നദീദ്വീപുകളിൽ വനവത്ക്കരണം എന്നിവയും നിർദ്ദേശിക്കുന്നു. കാവുകളുടെ സംരക്ഷണത്തിനായി 'ഹരിത

കേരളം', 'സംസ്ഥാന ജൈവ വൈവിദ്ധ്യ പദ്ധതി' തുടങ്ങിയവയിൽ ഉൾപ്പെടുത്തുവാനായി നിർദ്ദേശിക്കുന്നു.

28.12 പാർപ്പിടങ്ങളും ചേരികളും

പട്ടണത്തിലെ പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ചേരികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി ചില നയങ്ങൾ നിർദ്ദേശിക്കുന്നു:

- IHSDP പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ ചേരികളുടെയും വികസനം പൂർത്തിയാക്കുക എന്നത് നിർദ്ദേശിക്കുന്നു.
- ചേരി വിമുക്ത പട്ടണമായി നെയ്യാറ്റിൻകരയെ മാറ്റുന്നതിന് അവശേഷിക്കുന്ന ചേരികളെക്കുറിച്ച് പഠിക്കുവാനും, പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി ആവശ്യമായ പുനർ വികസന നടപടികൾ ആവിഷ്ക്കരിക്കുന്നതിനും നിർദ്ദേശിക്കുന്നു.
- ചേരി നിവാസികളുടെയും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുമായി പാർപ്പിട പദ്ധതികൾ (നവ കേരളം - ലൈഫ് പ്രോജക്ട്) പൂർത്തീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

28.13 ഊർജ്ജം

- പട്ടണത്തിൽ പ്രധാന തെരുവുകളിൽ (പ്രഥമ ഘട്ടത്തിൽ) സൗരോർജ്ജ/LED വിളക്കുകൾ സ്ഥാപിച്ച് പൊതു സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പു വരുത്തുക.
- പൊതു ഉപയോഗ (സർക്കാർ/അർദ്ധ സർക്കാർ ഉപയോഗം ഉൾപ്പെടെ) മേഖലയിലെ ഓഫീസുകളിൽ ഗ്രിഡ് മാതൃകയിലുള്ള സോളാർ സംവിധാനം ഏർപ്പാടാക്കുവാനും നിർദ്ദേശിക്കുന്നു.
- വൈദ്യുതി വിതരണത്തിനായുള്ള 11 കെവി ലൈനുകൾ ഭൂഗർഭ കേബിളുകളിലാക്കി മാറ്റി ഒരു റിംഗ് മെയിൻ സംവിധാനം സ്ഥാപിക്കുക.
- ഗാർഹിക വൈദ്യുതി വിതരണ ശൃംഖലകളും ഭൂഗർഭ കേബിൾ വഴിയാക്കുക, ഇതിനായി കേബിൾ ട്രെഞ്ചുകൾ എല്ലാ റോഡുകളിലും നൽകുക.
- വൈദ്യുതി ബിൽ ഒടുക്കുവാനായി ക്യാഷ് ഡിപ്പോസിറ്റ് മെഷീൻ സംവിധാനം നടപ്പിലാക്കുക.
- പ്രീ പെയ്ഡ് വൈദ്യുത മീറ്ററുകൾ നടപ്പിലാക്കുക.

28.14 ദുരന്ത നിവാരണം

നെയ്യാറ്റിൻകര നഗരസഭയുടെ ദുരന്ത സാദ്ധ്യത പഠനങ്ങളിൽ നിന്നും, നിലവിൽ നഗരസഭ ദുരന്ത സാദ്ധ്യത കുറഞ്ഞ പ്രദേശമായാണ് കാണപ്പെടുന്നത്. ഭാവിയിലെ നഗരസഭാ വികസനം കണക്കിലെടുത്തും, ഭാവിയിൽ ആവിർഭവിക്കാവുന്ന ദുരന്ത സാദ്ധ്യത മുൻകൂട്ടി കണ്ടും, ചുവടെ ചേർക്കുന്ന ദുരന്ത നിവാരണ ആശയങ്ങൾ മാസ്റ്റർ പ്ലാനിലൂടെ നിർദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ നയപ്രകാരം, മാസ്റ്റർ പ്ലാനുകളിലൂടെ ദുരന്ത സാധ്യത വിവരങ്ങൾ (Risk informed Planning) ജനങ്ങളെ അറിയിക്കേണ്ടതുമുണ്ട്.

28.14.1 നിർദ്ദിഷ്ട ഭൂവിനിയോഗവും ദുരന്ത സാധ്യതയും

നഗരസഭ പ്രദേശത്തിന് നിർദ്ദേശിച്ചിരിക്കുന്ന നിർദിഷ്ട ഭൂവിനിയോഗവും, വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങളും പരിശോധിക്കുമ്പോൾ, ചുവടെ പട്ടിക 28.3 ൽ രേഖപ്പെടുത്തിയ വിവരങ്ങൾ വ്യക്തമാകുന്നു.

പട്ടിക 28.3 വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങളിൽ ഉൾപ്പെടുന്ന നിർദിഷ്ട ഭൂവിനിയോഗ വിസ്തൃതി

നിർദിഷ്ട ഭൂവിനിയോഗം	വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭൂവിനിയോഗം (വിസ്തൃതി ച കിമി.)	വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭൂവിനിയോഗം (ശതമാനം)
Commercial Use Zone	0.14	1.91
Dry Agriculture Zone	1.86	25.97
Industrial Use Zone	0.05	0.72
Paddy/Low lying land	1.07	14.94
Proposed Town Hall	0.00	0.04

Public Semipublic Use Zone	0.14	1.93
Quarry	0.00	0.01
Residential Use Zone	3.16	44.08
Special zones	0.05	0.88
Transport Use Zone	0.23	3.18
Water body	0.45	6.33
Mixed use	0.84	16.59
Total flood prone area (in sqkm)	**7.17**	

മേൽ പട്ടികയിൽ നിന്നും, വെള്ളപ്പൊക്ക സാധ്യതയുള്ള നിർദിഷ്ട ഭൂവിനിയോഗത്തിൽ കൂ തൽ പാർപ്പിട ഉപയോഗ മേഖലയും (44%), കരക്കൃഷി മേഖലയും (26%), താഴ്ന്ന ഭൂപ്രദേശങ്ങളും (15%), മിശ്ര ഉപയോഗവുമാണെന്നു (17%) മനസ്സിലാകുന്നു.



ചിത്രം 28.17 നിർദിഷ്ട ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ പ്രളയ സാധ്യത പ്രദേശങ്ങളുടെ അവലോകനം

മുകളിൽ നൽകിയിരിക്കുന്ന ചിത്രം 28.17 ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളാണ് ദുരന്ത സാധ്യത ഭൂവിനിയോഗത്തിൽ ഉൾപ്പെടുന്നത്. നിലവിൽ വികസന നിയന്ത്രണങ്ങൾ (അധ്യായം 32) പ്രകാരം ഇവയെ നിർമ്മാണ രഹിത മേഖലയായി നിഷ്കർഷിക്കുന്നില്ലെങ്കിലും, പ്രസ്തുത പ്രദേശങ്ങളിലെ നിർമ്മാണങ്ങൾക്ക പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. ഈ പ്രദേശങ്ങൾക്കായി ദുരന്ത സാധ്യതാ പരിഗണന നൽകിയുള്ള ചില നിർമ്മാണ രീതികളും നയങ്ങളും മാസ്റ്റർ പ്ലാനിൽ നിർദ്ദേശങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു.

28.14.2 ദുരന്ത സാധ്യത ലഘൂകരണ നിർദ്ദേശങ്ങൾ

ദുരന്ത സാധ്യത പരിഗണിച്ചുള്ള ചില പൊതു നിർദ്ദേശങ്ങൾ ചുവടെ നൽകിയിരിക്കുന്നു. കൂടാതെ ഇവയുടെ വിശദമായ വിവരങ്ങൾ താഴെയുള്ള ഖണ്ഡികകളിൽ നൽകിയിട്ടുണ്ട്.

- പൊതുജന പങ്കാളിത്തത്തോടെയും, അവബോധം വളർത്തുന്നതിലൂടെയും, ദുരന്ത സാധ്യതകൾ കുറയ്ക്കുക.
- അനുയോജ്യമായ ആസൂത്രണ നയങ്ങൾ, നിയമങ്ങൾ, സ്പെഷ്യൽ പ്ലാനുകൾ, മാനദണ്ഡങ്ങൾ, കോഡുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സുരക്ഷിതമായ പാർപ്പിടവും മറ്റ അനുബന്ധ സൗകര്യങ്ങളും ഒരുക്കുക.
- ദുരന്ത സാധ്യതകൾ കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം നഗരസഭയും, പൊതുജനങ്ങളും തുല്യമായി കാണേണ്ടതാണ്. ഉണ്ടാകേണ്ടതുണ്ട്ഇതിനാ യി ശക്തമായ ഒരു സാമ്പത്തിക ക്രമീകരണവും .
- നെയ്യാറ്റിൻകര നഗരസഭയിലെ ദുരന്ത ലഘൂകരണ നിർദ്ദേശങ്ങൾ, നിർമ്മാണവുമായി ബന്ധപ്പെട്ടവ പൊതുമരാമത്ത വകുപ്പിനോടും, കുളങ്ങൾ സംരക്ഷിക്കുന്നതിനെ സംബന്ധിക്കുന്ന വിവരങ്ങൾ, തോടുകളുടെ സൈഡ് വാൾ നിർമ്മാണം എന്നിവ ഇറിഗേഷൻ വകുപ്പിനോടും, അറിയിച്ച നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് കൂടാതെ ജീർണിച്ച അവസ്ഥയിലുള്ള അംഗൻവാടി കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിലൂടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇവ പ്രയോജനപ്പെടുത്താനാകും.
- ദുരന്ത ലഘൂകരണത്തിന്റെ ഭാഗമായി മുന്നറിയിപ്പ് സംവിധാനങ്ങളുടെ ലഭ്യത ഒരു പരിധി വരെ ഉറപ്പാക്കേണ്ടതാണ്. ഇതിൽ ലഭ്യമായ സൗകര്യങ്ങൾ, ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞു, ഉചിതമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. മുന്നറിയിപ്പ് സംവിധാനങ്ങളുടെ പൂർണ്ണമായ ലഭ്യത ഒരു പരിധിവരെ ദുരന്തങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതാണ്.
- ദുരന്ത സാധ്യത മേഖലയിലെ നീരൊഴുക്ക് സംവിധാനങ്ങൾ, ഗതാഗത സംവിധാനങ്ങൾ എന്നിവ സുഗമമാക്കുക.
- ജൈവ വേലി, കയർഭൂവസ്ത്രം എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്രദമാക്കുക.
- ദുരിതാശ്വാസ ക്യാമ്പുകൾ, അഭയ കേന്ദ്രങ്ങൾ എന്നിവയിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ദുരന്ത പ്രതികരണ സംഘം, അവരെ സഹായിക്കുന്ന സന്നദ്ധ പ്രവർത്തകർ എന്നിവരുടെയും വിവരങ്ങൾ എപ്പോഴും പുതുക്കി തയ്യാറാക്കി വയ്ക്കേണ്ടതാണ്. ഇവരുടെ (Emergency Response Team – ERT) ടെയിനിങ് ഇടവിട്ട് നടത്തേണ്ടതുമാണ്.
- നെയ്യാറ്റിൻകര നഗരസഭയിലെ എല്ലാ ജനകീയ സംഘടനകൾക്കും അവബോധം വരുത്തി ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
- പ്രധാനമായും നഗരസഭയെ ബാധിക്കുന്ന ദുരന്തം വെള്ളപ്പൊക്കമാണ്. ആയതിനാൽ ഈ ദുരന്തത്തെ ലഘൂകരിക്കാനുള്ള ശ്രമങ്ങൾക്കാണ് മുൻതൂക്കം നൽകേണ്ടത്. ജലനിർഗമന പാതകൾ നന്നാക്കുക, ഇവയിലെ മാലിന്യ നിക്ഷേപങ്ങൾ മാറ്റുക, നദീതട മണ്ണ് സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക, കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ നടപടികൾ ആസൂത്രണം ചെയ്യ നടപ്പിലാക്കേണ്ടതുണ്ട്.

വെള്ളപ്പൊക്ക സാധ്യത ലഘൂകരിക്കാനുള്ള ചില പൊതു നിർദ്ദേശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- നഗരത്തിലെ ജലാശയങ്ങൾ, അഴുക്കുചാലുകൾ, കനാലുകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുക.
- നഗരത്തിലെ എല്ലാ കനാലുകളിലും അഴുക്കുചാലുകളിലും വർഷത്തിൽ രണ്ടുതവണയെങ്കിലും മണൽ നീക്കം ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.
- സുതാര്യമായി നിർമാണ പദ്ധതികൾക്ക് അംഗീകാരം നൽകി നഗരത്തിൽ കനാലുകളും ഡ്രെയിനുകളും കൈയേറുന്നില്ലെന്ന് ഉറപ്പാക്കുക.
- റോഡുകളുടെ വീതി കൂട്ടൽ, കേബിൾ, കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും നഗരത്തിലെ മറ്റ് ഭൂഗർഭ പ്രവർത്തനങ്ങളും ആരംഭിക്കുന്നതിന് മുമ്പ് PWD, BSNL, KWA, ജലസേചന വകുപ്പ് എന്നിവ തമ്മിൽ ശരിയായ ആശയവിനിമയം സ്ഥാപിക്കുക.
- നഗരത്തിന്റെ GIS അടിസ്ഥാനമാക്കിയുള്ള ജലമാർഗ്ഗങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കുക.

- നഗരത്തിലൂടെ ഒഴുകുന്ന അരുവികളുടെയും പ്രധാന ജലമാർഗ്ഗങ്ങളുടെ കരകളിൽ ജിഐ ഫെൻസിങ് സ്ഥാപിക്കുക.
- ജലസ്രോതസ്സുകളിലേക്ക് മാലിന്യം തള്ളുന്നതിനെതിരെ കർശന നടപടികൾ ഉറപ്പാക്കുക.
- തോടുകളും കനാലുകളും അഴുക്കുചാലുകളും ഉൾപ്പെടുന്ന എല്ലാ ജലമാർഗ്ഗങ്ങളും പരിപാലിക്കുന്നതിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- നദീ തടങ്ങളും, നീർത്തടങ്ങളും സംരക്ഷിക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക. ചിത്രം 28.18 ൽ സംരക്ഷണ മാർഗ്ഗങ്ങൾ നൽകിയിരിക്കുന്നു.



ചിത്രം 28.18 സംരക്ഷണ മാർഗ്ഗങ്ങൾ

- ശാസ്ത്രീയമായ പഠനങ്ങൾക്ക് അനുസൃതമായി ജലമാർഗ്ഗ ചാനൽ വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നദികളുടെ പുനരുദ്ധാരണം:- ജൈവവൈവിധ്യം, വിനോദം, വെള്ളപ്പൊക്ക മാനേജ്മെന്റ് , ലാൻഡ്സ്കേപ്പ് വികസനം എന്നിവയിലൂടെ ഒരു നദിയുടെയോ അരുവിയുടെയോ പാരിസ്ഥിതിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് സാധിക്കും.
    - പ്രകൃതിദത്ത അരുവികളുടെയും അഴുക്കുചാലുകളുടെയും നഷ്ടപ്പെട്ട കണ്ണികൾ പുനഃസ്ഥാപിക്കുക.
    - നദിയിലെ കളകൾ, മണ്ണ് എന്നിവ നീക്കം ചെയ്യുക.
    - ജലമാർഗ്ഗങ്ങൾ അടിസ്ഥാനമാക്കിയുള്ള വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുക.
    - കളിമണ്ണ് നീക്കം ചെയ്ത് ജലസ്രോതസ്സുകളുടെ ആഴം കൂട്ടുന്നത് ജല സംഭരണശേഷി വർധിപ്പിക്കുന്നതിനും, ജലം മണ്ണിലേക്ക് ഊർന്നിറങ്ങുന്നതിനും സഹായിക്കും.
- നഗരപരിധിയിലെ എല്ലാ കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. കുളങ്ങൾ മലിനമാക്കാതെ സംരക്ഷിക്കാനും, പരിപാലിക്കാനും തയ്യാറുള്ള പൗരസമൂഹ സംഘടനകൾക്ക് നികുതി സബ്സിഡി നൽകാവുന്നതാണ്.
- നദീതീരത്തെ അപ്സ്ട്രീം പഞ്ചായത്തുകളിൽ ഓട്ടോമേറ്റഡ് കാലാവസ്ഥാ സ്റ്റേഷനുകൾ സ്ഥാപിക്കുക
- നിലവിലുള്ള നദീ തടത്തിന്റെ നവീകരണം
- ഫ്ളഡ് വാൾ (flood wall) രൂപകൽപന. ചിത്രം 28.19 ൽ ഇതിന്റെ മാതൃക നൽകിയിരിക്കുന്നു.
- ജലമാർഗ്ഗങ്ങളുടെ വൃത്തിയാക്കുന്നതിലൂടെ തടസ്സമില്ലാത്ത ജലനിർഗ്ഗമനം സാധ്യമാക്കുക.



ചിത്രം 28.19 ഫ്ളഡ് വാൾ മാതൃക

28.14.3 വെള്ളപ്പൊക്ക സാധ്യത പരിഗണിച്ചു കൊണ്ടുള്ള നിർമ്മാണ രീതി

വെള്ളപ്പൊക്കത്തെ പ്രതിരോധിക്കുന്ന നിർമ്മാണം – ഒരു കെട്ടിടത്തിലേക്ക് വെള്ളം കയറുന്നത് തടയാൻ ലക്ഷ്യമിട്ടുള്ള എഞ്ചിനിയറിംഗ് പരിഹാരങ്ങൾ ഇതിൽ ഉൾപ്പെടുന്നു, കൂടാതെ കെട്ടിടങ്ങൾക്ക് വെള്ളപ്പൊക്കമുണ്ടാക്കുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കാനും കഴിയും. ചിത്രം 28.20, 28.21 എന്നിവയിൽ പരിഹാര മാർഗ്ഗങ്ങൾ നൽകിയിരിക്കുന്നു.

- ഫ്രീബോർഡ്– ജലനിരപ്പ് പ്രവചനത്തിൽ ഉള്ള അനിശ്ചിതത്വങ്ങൾ കണക്കിലെടുക്കുന്നതിനുള്ള ഒരു സുരക്ഷാ മാർജിൻ ആണ്. വെള്ളപ്പൊക്ക പ്രതിരോധത്തിന്റെ ഉയരം അല്ലെങ്കിൽ ഫ്ലോർ ലെവലും ഡിസൈൻ ഫ്ളഡ് ലെവലും തമ്മിലുള്ള വ്യത്യാസമാണിത്. പ്രദേശത്തെ വെള്ളപ്പൊക്കത്തിന്റെ തോത് അനുസരിച്ച് ഫ്രീബോർഡ് നൽകണം.
- തറ നിരപ്പിൽ നിന്നുയർന്ന കെട്ടിടങ്ങൾ
- ഡ്രൈ ഫ്ളഡ് പ്രൂഫിംഗ് – വെള്ളപ്പൊക്കത്തിൽ നിന്ന് ഒരു കെട്ടിടത്തിനെ സംരക്ഷിക്കുന്നതിന്, വെള്ളപ്പൊക്കത്തിൽ പ്രവേശിക്കാൻ കഴിയാത്തവിധം കെട്ടിടം നിർമ്മിക്കുക എന്നതാണ്. "ഡ്രൈ ഫ്ളഡ് പ്രൂഫിംഗ് " എന്ന രീതി
- വെറ്റ് ഫ്ലഡ് പ്രൂഫിംഗ് – വെറ്റ് ഫ്ലഡ് പ്രൂഫിംഗിൽ ഒരു കെട്ടിടത്തിനെ വെള്ളപ്പൊക്കത്തിൽ നിന്നുള്ള കേടുപാടുകളിൽ നിന്ന് തടയുകയോ പ്രതിരോധം നൽകുകയോ ചെയ്യുന്നു, അതേസമയം വെള്ളം കെട്ടിടത്തിൽ പ്രവേശിക്കാൻ അനുവദിക്കുന്നു.





ചിത്രം 28.20 എഞ്ചിനിയറിംഗ് പരിഹാരങ്ങൾ– ഫ്രീബോർഡ്, തറ നിരപ്പിൽ നിന്നുയർന്ന കെട്ടിടങ്ങൾ

- പ്രകൃതിദത്തമായ സസ്യവളർച്ച പ്രോത്സാഹിപ്പിച്ചോ അല്ലെങ്കിൽ ചരിവുകളുടെ സ്ഥിരതയെ സഹായിക്കുന്ന അനുയോജ്യമായ ഇനങ്ങളെ നട്ടുപിടിപ്പിച്ചോ ചരിവിന് ഒരു സസ്യ സംരക്ഷണം നൽകുക (ഉദാഹരണം വെറ്റിവർ).
- മരങ്ങൾ വെട്ടിമാറ്റിയ സ്ഥലങ്ങളിൽ ആഴത്തിലുള്ള ടാപ്പ് വേരുകൾ നീക്കം ചെയ്ത് വീണ്ടും മണ്ണ് നിറയ്ക്കണം. സോയിൽ പൈപ്പിങ്, മണ്ണിടിച്ചിൽ എന്നിവയ്ക്ക് കാരണമാകുന്ന ടാപ്പ് റൂട്ട് സിസ്റ്റത്തിന്റെ അമിത സാച്ചുറേഷൻ, ജീർണ്ണം എന്നിവ ഒഴിവാക്കാനാണിത്.





ചിത്രം 28.21 എഞ്ചിനിയറിംഗ് പരിഹാരങ്ങൾ– ഡ്രൈ ഫ്ളഡ് പ്രൂഫിംഗ്, വെറ്റ് ഫ്ലഡ് പ്രൂഫിംഗ്

മണ്ണിടിച്ചിൽ സാധ്യത കുറയ്ക്കുവാനുള്ള ചില പൊതു നിർദ്ദേശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- എല്ലാ ഡ്രെയിനേജ് ലൈനുകളും ശരിയായി പരിപാലിക്കേണ്ടതാണ്, പ്രത്യേകിച്ച് മഴക്കാലത്ത്. മൺസൂണിന് മുമ്പ്, ചരിവുകളിലെ എല്ലാ ജലമാർഗ്ഗങ്ങളും വൃത്തിയാക്കി വെള്ളത്തിന്റെ സ്വതന്ത്രമായ ഒഴുക്ക് ഉറപ്പിക്കേണ്ടതുണ്ട്.
- 25 ശതമാനത്തിലധികമുള്ള, 100 മീറ്ററിൽ കൂടുതൽ നീളവുമുള്ള ചെരിവുകളിൽ വീടുകളുടെ നിർമ്മാണത്തിനായി കട്ടിങ്, ഫില്ലിംഗ് ഒഴിവാക്കുക.
- 25 ശതമാനത്തിലധികം ചരിവുകളിൽ കോണ്ടൂർ ബണ്ടിംഗ് അല്ലെങ്കിൽ ടെറസിംഗ് വഴി മണ്ണ് സംരക്ഷണ രീതികൾ നടപ്പിലാക്കുക. ചിത്രം 28.22 ൽ ടെറസിംഗ് സംവിധാനം കാണിച്ചിരിക്കുന്നു.



ചിത്രം 28.22 ടെറസിംഗ് സംവിധാനം

28.14.4 ജലനിർഗമന മാർഗ്ഗങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ



ചിത്രം 28.23 പ്രകൃതിദത്ത ഡ്രെയിനേജ് ശൃംഖലകൾ (സ്രോതസ്സ്: ടൗൺ പ്ലാനിംഗ്)

നഗരസഭ പ്രദേശത്തുള്ള പ്രകൃതിദത്ത ഡ്രെയിനേജ് ശൃംഖലകൾ (ചിത്രം 28.23) മഴക്കാലങ്ങളിൽ അധിക മഴവെള്ളം നീക്കം ചെയ്യുന്നതിൽ പ്രധാന പങ്കു വഹിക്കുന്നതാണ്. ഈ ഡ്രെയിനേജ് ശൃംഖലകളിൽ ജലനിർഗമനത്തിനു ഉണ്ടാക്കുന്ന തടസ്സമാണ് മഴയുടെ പ്രഭാവം വർധിപ്പിക്കുന്നതും, വെള്ളപ്പൊക്ക ദുരന്തങ്ങൾ സൃഷ്ടിക്കുന്നതും. ഈ പ്രദേശങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, നികത്തുന്ന നെൽപ്പാടങ്ങൾ എന്നിവ

ഈ ദുരന്തങ്ങൾക്ക് ആക്കം കൂട്ടുന്നതും, അതിനാൽ ശ്രദ്ധ ചെലുത്തേണ്ടതുമായ വിഷയമാണ്. ഇത്തരം പ്രശ്നങ്ങൾ മഴവെള്ളം പ്രതലത്തിൽ നിന്നും ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നത് തടയുകയും, അധിക ജലം ഭൂതലത്തിലേക്കു ഒഴുക്കുകയും, വെള്ളപ്പൊക്കത്തിന് കാരണമാവുകയും ചെയ്യുന്നു.

ചിത്രം 28.23 പരിശോധിക്കുമ്പോൾ, നിലവിലെ പ്രകൃതിദത്ത ഡ്രൈനേജ് സംവിധാനത്തിനെ പറ്റി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. നെയ്യാറിലേക്കും, നെയ്യാറിൽ നിന്നുമാണ് പ്രധാനമായും പ്രകൃതിദത്ത ജലനിർഗ്ഗമനം. ഈ ജലപാതകളിൽ വരുന്ന തടസ്സങ്ങൾ, നീർച്ചാലുകൾ നികത്തുന്നത്, നീർച്ചാലുകളുടെ ആഴത്തിന്റെ കുറവ്, ജലപാതകളുടെ വശങ്ങളിൽ ഉള്ള നിർമ്മാണം, അനധികൃത മണൽ കടത്തു എന്നിവയാണ് സമീപ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകാൻ ഉള്ള പ്രധാന കാരണം.

വെള്ളപ്പൊക്കം തടയാൻ ജലാശയങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. നെയ്യാറിനു ഇരുവശത്തും 20 മീറ്ററും, മറ്റു പ്രധാനപ്പെട്ട നാല് തോടുകളുടെ ഇരുവശത്തും 5 മീറ്ററും ഒരു 'ജലാശയ ബഫർ സോൺ' നൽകണമെന്ന് മാസ്റ്റർ പ്ലാനിൽ (വികസന നിയന്ത്രണങ്ങളിൽ) നിർദ്ദേശിക്കുന്നു. വെള്ളപ്പൊക്ക ദുരന്ത സാധ്യത കുറയ്ക്കുവാനാണ് ഈ നിർദ്ദേശം. ഈ പ്രദേശത്തു പുതിയ നിർമ്മാണങ്ങൾ നിരോധിച്ചിരിക്കുന്നു.

28.14.5 ദുരിതാശ്വാസ കേന്ദ്രങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ

ദുരന്തത്തെ തുടർന്നുള്ള പ്രധാന നടപടി ദുരിതബാധിതരായ ജനങ്ങളെ സുരക്ഷിത പ്രദേശങ്ങളിലേക്ക് മാറ്റുക എന്നതാണ്. 2018 ലെ വെള്ളപ്പൊക്കത്തിന്റെ കാര്യത്തിൽ, പ്രളയബാധിത ജില്ലകളിലെ നിരവധി കുടുംബങ്ങളെ സ്കൂളുകൾ പോലുള്ള പൊതു കെട്ടിടങ്ങളിലേക്ക് മാറ്റുകയും അവരുടെ വീടുകൾ താമസയോഗ്യമാകുന്ന വരെ ഭക്ഷണവും താമസസൗകര്യവും നൽകുകയും ചെയ്തു. ഈ ആവശ്യത്തിനായി, കേരളത്തിലുടനീളം വൈദ്യുതി, ശുചിത്വം, മറ്റ് സൗകര്യങ്ങൾ എന്നിവയുള്ള അനുയോജ്യമായ കെട്ടിടങ്ങളുടെ ഒരു ലിസ്റ്റ് സർക്കാർ സൂക്ഷിക്കുന്നു.

നഗരസഭ പ്രദേശത്തെ ദുരന്ത സാധ്യത പ്രദേശങ്ങളിൽ നിന്നും ദുരന്തങ്ങളുടെ സമയത്തു ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നിവരുടെ നിർദ്ദേശം അനുസരിച്ചു തയ്യാറാക്കിയ ദുരിതാശ്വാസ കേന്ദ്രങ്ങളുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു. വെള്ളപ്പൊക്ക ദുരന്തം ഉണ്ടാകുമ്പോൾ അനുയോജ്യമായ കേന്ദ്രങ്ങൾ പട്ടിക 28.4 ലും , പൊതുവായുള്ള പുനരധിവാസ കേന്ദ്രങ്ങൾ പട്ടിക 28.5 ലും നല്കിയിരിക്കുന്നു. സ്ഥാപനങ്ങളുടെ വിവരങ്ങൾക്കു പുറമെ, അവിടത്തെ സൗകര്യങ്ങളുടെ വിവരവും പട്ടികയിൽ ചേർത്തിട്ടുണ്ട്. കൂടാതെ ജനങ്ങളെ ദുരന്തവേളയിൽ മാറ്റി പാർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില താഴെ പ്രതിപാദിക്കുന്നു.

- ജനങ്ങളെ മാറ്റിപാർപ്പിക്കുമ്പോൾ SDMA, DDMA എന്നിവരുടെ നിർദ്ദേശപ്രകാരമാണ് സന്നദ്ധ പ്രവർത്തകരുടെ പ്രവർത്തനം ഏകീകരിക്കേണ്ടത്.

- ദുരന്ത ആഘാത സാധ്യത മേഖലകളുടെ മാപ്പിംഗ് അനുസരിച്ചു ഒഴിപ്പിക്കൽ നടപടി ആരംഭിക്കുമ്പോൾ കൂടുതൽ റിസ്ക് ഉള്ള പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആയിരിക്കണം പ്രഥമ പരിഗണന.

- ഒഴിപ്പിക്കാൻ ഉപയോഗിക്കുന്ന പാതകളുടെ കാര്യക്ഷമത പരിശോധിക്കേണ്ടതാണ്.

- പ്രധാന വഴികളിൽ തടസ്സം ഉണ്ടെങ്കിൽ മാറി പോകേണ്ട വഴികളെ പറ്റിയുള്ള ധാരണ മുൻപേ ഉണ്ടാക്കി വയ്ക്കേണ്ടതാണ്.

- ജനനസംഖ്യ കണക്കിനു അനുസൃതമായാണ്, ഒഴിപ്പിക്കൽ പദ്ധതി ആവിഷ്കരിക്കേണ്ടത്.

- ഒന്നിലധികം ദുരിതാശ്വാസ കേന്ദ്രങ്ങൾ ഒരേ പ്രദേശത്തു ലഭ്യമായിരിക്കുന്ന പക്ഷം, ഓരോ പ്രദേശങ്ങളിൽ നിന്നും ഏതു കേന്ദ്രങ്ങളിലേക്കാണ് ജനങ്ങളെ മാറ്റുന്നത് എന്നതിനെ സംബന്ധിച്ച തത്സമയം വിവരങ്ങൾ കൈമാറേണ്ടതുണ്ട്.

- ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിനു ദുരന്തങ്ങളുടെ വ്യത്യസ്തതയെ അടിസ്ഥാനമാക്കിയുള്ള, മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

നിർണയിക്കപ്പെട്ടിട്ടുള്ള സുരക്ഷിതമായ പുനരധിവാസ കേന്ദ്രങ്ങൾ (പട്ടിക 28.5 നൽകിയിരിക്കുന്നത്) നെയ്യാറ്റിൻകര നഗരസഭയിലെ സുരക്ഷിത പുനരധിവാസ കേന്ദ്രങ്ങൾ സുശക്തമായ ഘടനയുള്ളതും, ദുർബലത സ്ഥിതി ഇല്ലാത്ത പ്രദേശത്തു നിൽക്കുന്നതും, അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നവയുമാണ്.

സർക്കാർ കെട്ടിടങ്ങൾ, അല്ലെങ്കിൽ ഇത്തരത്തിലുള്ള മറ്റു കെട്ടിടങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ, ആളുകളെ താൽക്കാലികമായി പുനരധിവസിപ്പിക്കുന്നതിന് പ്രത്യേകം രൂപകൽപ്പന ചെയ്ത വിവിധോദ്ദേശ്യ ഷെൽട്ടറുകൾ നിർമ്മിക്കാവുന്നതാണ്. സാധാരണ സമയങ്ങളിൽ ഈ ഷെൽട്ടറുകൾ വിവാഹ ആവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കാം. ഇതിൽ നിന്നും ലഭിക്കുന്ന ഫണ്ട് അറ്റകുറ്റപ്പണികൾക്കായി പ്രയോജനപ്പെടുത്താം. ഈ

ഷെൽട്ടറുകൾ വെള്ളപ്പൊക്കത്തിൽ നിന്നും ഉരുൾപൊട്ടലിൽ നിന്നും സുരക്ഷിതമായ സ്ഥലങ്ങളിലായിരിക്കണം. അത്തരം നിർമ്മാണത്തിൽ ഇനിപ്പറയുന്ന ദുരിതാശ്വാസ ക്യാമ്പ് മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്. (പട്ടിക 28.6)

പട്ടിക 28.4 വെള്ളപ്പൊക്കത്തിന് അനുയോജ്യമായ ദുരിതാശ്വാസ കേന്ദ്രങ്ങൾ

എ. ഒഴിപ്പിക്കൽ പദ്ധതി ദുരിതാശ്വാസ സൗകര്യങ്ങൾ						
ദുരന്തസാധ്യതയുള്ള വാർഡുകൾ	ജനസംഖ്യ (പുരുഷൻ/സ്ത്രീ)	ഏറ്റവും അടുത്ത ദുരിതാശ്വാസകേന്ദ്രം	ദുരിതാശ്വാസ കേന്ദ്രത്തിൽ ഉൾക്കൊള്ളുവുന്ന ജനസംഖ്യാ	വഴി		മൃഗങ്ങൾക്കുള്ള ഷെൽട്ടർ
				1	2	
1 ഇളവനിക്കര	100	വേങ്കുഴി LPS	200			മാമ്പഴക്കര മാർക്കറ്റ്
2 മാമ്പഴക്കര	50	വേങ്കുഴി LPS	100			മാമ്പഴക്കര മാർക്കറ്റ്
3 മുള്ളറവിള	50	നേഴ്സറി സ്കൂൾ	100			മാമ്പഴക്കര മാർക്കറ്റ്
4 പെരുമ്പഴുതൂർ	25	ഹൈസ്കൂൾ	100			പെരുമ്പഴുതൂർ സ്കൂൾ ഗ്രൗണ്ട്
5 ആലംപൊറ്റ	25	ഹൈസ്കൂൾ	100			"
6 പ്ലാവിള	150	CSI ഹാൾ മലഞ്ചാണി	200			"
7 തൊഴുക്കൽ	50	ചെമ്പരത്തിവിള ചർച്ച്	150			തൊഴുക്കൽ നഗരസഭ ഗ്രൗണ്ട്
8 വഴുതൂർ	100	ചെമ്പരത്തിവിള ചർച്ച്	150			"
9 കൊല്ലവാംവിള	100	LMS LP സ്കൂൾ	200			"
10 ഇരുമ്പിൽ	90	LMS LP സ്കൂൾ	100			ഗവ. ഗേൾസ് സ്കൂൾ ഗ്രൗണ്ട്
11 ഫോർട്ട്	45	ഠൗൺ LPS	100			"
12 കൃഷ്ണപുരം	60	അമരവിള LMS	200			"
13 രാമേശ്വരം	125	അമരവിള LMS	300			അമരവിള സ്കൂൾ ഗ്രൗണ്ട്
14 പുല്ലാമല	200	അമരവിള LMS	300			പുല്ലാമല സ്കൂൾ ഗ്രൗണ്ട്
15 പിരായുംമൂട്	80	ഭാലത്താന്നി CSI ചർച്ച് ഹാൾ	200			ഭാലത്താന്നി മാർക്കറ്റ്
16 ഭാലത്താന്നി	100	ഭാലത്താന്നി CSI ചർച്ച് ഹാൾ				"

പട്ടിക 28.5 നിർണയിക്കപ്പെട്ടിട്ടുള്ള സുരക്ഷിതമായ പുനരധിവാസ കേന്ദ്രങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്, സ്ഥിതി ചെയ്യുന്ന സ്ഥലം	ലഭ്യമായ മുറികൾ	ഉൾക്കൊള്ളാൻ കഴിയുന്ന ആളുകളുടെ എണ്ണം	ഉടമസ്ഥാവകാശ വിശദാംശങ്ങൾ (സർക്കാർ/സ്വകാര്യം) ഉടമസ്ഥരുടെ ഫോൺ നമ്പർ സഹിതം	സംവിധാനം/സൗകര്യത്തിന്റെ അവസ്ഥ (ഉചിതം/മെച്ചപ്പെടുത്തലിന്റെ ആവശ്യകത/ഉചിതമല്ല)			
					ജല ലഭ്യത	വൈദ്യുതി	ശൗചാലയം കുളിമുറി	പാചക ശാല/ഭക്ഷണ
സ്കൂൾ								
1.	LMS HSS അമരവിള	50	1000	മാനേജ്മെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	Govt.GHSS NTA	46	800	ഗവൺമെന്റ്	"	"	"	"
3.	Govt.HSS NTA	47	850	ഗവൺമെന്റ്	"	"	"	"
കമ്മ്യൂണിറ്റി സെന്ററുകൾ/ഹാളുകൾ								
1.	ഠൗൺഹാൾ	1	300	സർക്കാർ	"	"	"	"
2.								
ആരാധനാകേന്ദ്രങ്ങൾ								
1.	കൃഷ്ണസ്വാമി ക്ഷേത്രം	ഹാൾ	250	ദേവസ്വംബോർഡ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	CSI ചർച്ച്ഹാൾഭാലത്താന്നി	ഹാൾ	300	സ്വകാര്യം	"	"	"	"
3.	CSI ചർച്ച്ഹാൾഅമരവിള	ഹാൾ	400	സ്വകാര്യം	"	"	"	"

പട്ടിക 28.6 ദുരിതാശ്വാസ ക്യാമ്പ് മാനദണ്ഡങ്ങൾ (സ്രോതസ്സ്: NDMA)

PARAMETER (ഘടകം)	N & S DMA (ദേശീയ മാനദണ്ഡം)	UN (ഐക്യ രാഷ്ട്ര സഭ മാനദണ്ഡം)
Covered living area	3.5 sq m of covered area per person	3.5 sq m. Per person minimum In cold climates and urban areas 4.5 sqm. To 5.5 sqm. is more appropriate Minimum ceiling height of 2m
Fire Safety		30 m firebreak every 300 m
Gradient for camp site		1 to 5 %, ideally 2 to 4%

PARAMETER (ഘടകം)	N & S DMA (ദേശീയ മാനദണ്ഡം)	UN (ഐക്യ രാഷ്ട്ര സഭ മാനദണ്ഡം)
Drainage	proper drainage	Appropriate drainage
Communal latrine	One toilet for 30 persons	1 per 20 person
Latrine distance	Toilets shall not be more than 50m away from the relief camps Pit latrines and soak ways shall be at least 30 m from any ground water source and bottom of any latrine should be 1.5m above GWL	Not more than 50m from shelter and not closer than 6m
Shower		1 per 50 persons Separate, well drained, shower areas for men and women
Water supply	2.5 - 3 litres per person/per day of drinking water	20 litres per person per day
Distance to nearest water point	maximum distance from the relief camp to the nearest water point shall not be more than 500 mtrs	no individual Should have to walk for more than a few minutes. There should be at least one Water point for every 250 people.
Water tap stand	250 people/tap - based on a flow of 7.5 ltrs/min	1 per 80 persons
One wash basin	Per 100 people	
Private laundering and bathing areas	Per 50 people	
Lighting	basic lighting facilities	As appropriate
Registration area		As appropriate
Food	minimum calorie of 2,400 Kcal per day 1,700 Kcal per day for children	
Medical camps	Necessary arrangements especially for pregnant women children	
Feeding centre		1 per 20000 person

മുനിസിപ്പാലിറ്റിയിലും പരിസരങ്ങളിലും മനുഷ്യർക്കുള്ള ദുരിതാശ്വാസ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിലും, കന്നുകാലികളുടെയും പക്ഷികളുടെയും സംരക്ഷണത്തിനായി 'മൃഗസംരക്ഷണ കേന്ദ്രങ്ങൾക്ക്' അനുയോജ്യമായ സ്ഥലങ്ങൾ കൂടുതലായി കണ്ടെത്തേണ്ടതിന്റെ ആവശ്യകതയും ഉണ്ട്.

ദുരന്ത നിവാരണത്തിന്റെ മറ്റൊരു വശം ദുരിതാശ്വാസ കേന്ദ്രങ്ങളോട് അനുബന്ധമായും, അല്ലാതെയുമായ 'ലൈഫ്‌ലൈൻ സ്റ്റോറുകൾ' സ്ഥാപിക്കുക എന്നതാണ്. വെള്ളപ്പൊക്ക സമയത്ത് എമർജൻസി കിറ്റുകളും, ഉപകരണങ്ങളും, ബോട്ടുകളും പോലും സംഭരിക്കുന്ന തിരഞ്ഞെടുത്ത സ്റ്റോറുകളാണ് ഇവ. നഗരസഭ പ്രദേശത്ത് ഇവ നടപ്പിലാക്കാനും നിർദ്ദേശിക്കുന്നു.

ദുരന്ത ബാധിതരെ രക്ഷിക്കുന്നതിന് വായു മാർഗ്ഗ രക്ഷാ സംവിധാനങ്ങളും (ഹെലികോപ്റ്റർ) പ്രധാന പങ്കു വഹിക്കുന്നു. ഇതിനായി, ഹെലിപാഡുകളുടെ ലഭ്യത ഒരു വലിയ മുതൽക്കൂട്ടാണ്. മുനിസിപ്പാലിറ്റി അതിർത്തിക്കുള്ളിൽ ഹെലിപാഡ് സൗകര്യം ലഭ്യമല്ല (ചിത്രം 28.24). ഇത്തരം സന്ദർഭങ്ങളിൽ, ഒരു വലിയ ഓപ്പൺ എയർ സ്റ്റേഡിയം പോലുള്ള പ്രാദേശിക സൗകര്യങ്ങൾ ഒരു താൽക്കാലിക ഹെലിപാഡായി പ്രവർത്തിക്കാൻ കഴിയും. നിലവിൽ നഗരസഭയിലെ സ്റ്റേഡിയം പ്രദേശമാണ്, താത്കാലിക ഹെലിപാഡ് ആയി നിർദ്ദേശിക്കുന്നത്.

നഗരസഭാ പ്രദേശത്തിന് സമീപമുള്ള ഹെലിപാഡ് സൗകര്യങ്ങൾ ചിത്രം 28.24 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഏറ്റവും അടുത്തുള്ള ഹെലിപാഡ് വെള്ളായണി കായലിനു സമീപം ഏകദേശം 12 km അകലെയാണ്, കാട്ടാക്കടയിൽ സ്ഥിതി ചെയ്യുന്ന മറ്റൊരു ഹെലിപാഡ് സൗകര്യം ഏകദേശം 20 km അകലെയാണ്. 150–180 kmph വേഗതയുള്ള ഒരു ഹെലികോപ്റ്ററിന് ഏകദേശം 8 മിനിറ്റിനുള്ളിൽ തന്നെ ഈ ദൂരം യാത്ര ചെയ്ത് എത്താൻ സാധിക്കും.



ചിത്രം 28.24 ഹെലിപാഡ് സൗകര്യങ്ങൾ (സ്രോതസ്സ്: KSDMA)

28.14.5 ഗതാഗത മാർഗ്ഗങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനങ്ങളുടെ പ്രധാനപെട്ട ഒരു അവലോകനമാണ് ഗതാഗത മേഖലയെ സംബന്ധിച്ചു. നഗരസഭയെ ബാധിക്കുന്ന ഒരു പ്രധാന ദുരന്തം വെള്ളപ്പൊക്കമായതിനാൽ, മുനിസിപ്പാലിറ്റിയെ പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന സുപ്രധാന റോഡുകളുടെ ദുരന്ത സാധ്യത തിരിച്ചറിയേണ്ടതുണ്ട്. ഗതാഗത ശൃംഖല, വെള്ളപ്പൊക്ക സാധ്യതാ മേഖലയിൽ സ്ഥിതി ചെയ്യുന്ന പക്ഷം, ഈ ഇടനാഴികളിലെ ഗതാഗത തടസ്സം ചുറ്റുമുള്ള റോഡുകളെ ബാധിക്കുകയും, ഇത് മുഴുവൻ റോഡ് സംവിധാനത്തെയും മന്ദഗതിയിലാക്കുകയും ചെയ്യും. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ രക്ഷാപ്രവർത്തനത്തെയും അവശ്യവസ്തുക്കളുടെ ഗതാഗതത്തെയും സാരമായി ബാധിക്കും.

വെള്ളപ്പൊക്ക ദുരന്ത സാധ്യത പ്രദേശങ്ങളും, നിർദിഷ്ട റോഡ് വികസന നിർദ്ദേശങ്ങളും ഒരുമിച്ചു (ചിത്രം 28.25) അവലോകനം ചെയ്യുമ്പോൾ, പട്ടിക 28.7 ൽ നൽകിയിരിക്കുന്ന റോഡുകൾ ദുരന്ത സാദ്ധ്യത പ്രദേശത്തു സ്ഥിതി ചെയ്യുന്നതായി കാണുന്നു. ഇത് കൂടാതെ ഒരു റോഡിന്റെയും എത്ര ശതമാനം ദുരന്ത സാധ്യതയിൽ ഉൾപ്പെടുന്നു എന്നതും പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഏകദേശം 43 റോഡുകളാണ് ദുരന്ത സാദ്ധ്യത ഉള്ളവയായി കാണുന്നത്. നഗര മധ്യത്തിലൂടെ കടന്നു പോകുന്ന ദേശീയ പാത, മറ്റു പ്രധാന റോഡുകൾ എന്നിവ ഈ ലിസ്റ്റിൽ ഉൾപ്പെടുന്നു. റോഡുകളുടെ എത്ര ശതമാനം വെള്ളപ്പൊക്ക ദുരന്ത സാധ്യതയിൽ പെടുന്നു എന്ന അവലോകനം നടത്തിയതിൽ, ദേശീയ പാത, പെരുമ്പഴുതൂർ-ചെക്ക് പോസ്റ്റ് jn. എന്നീ റോഡുകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നതായി കാണുന്നത്. ROB jn.-പൂവൻകാല, കണ്ണങ്കഴി jn.-കോർട്ട് റോഡ്, അരുവിപ്പുറം-തെക്കുനട എന്നീ റോഡുകളെയാണ് രണ്ടാമതായി ഏറ്റവും കൂടുതൽ ബാധിക്കുന്നതായി കാണുന്നത്.

ദുരന്ത സാധ്യത പ്രവണത കണക്കിലെടുത്തു, സുഗമമായ ഗാതാഗതത്തിന് റിംഗ് റോഡുകളും ബൈപാസ് റൂട്ടുകളും കണ്ടെത്തേണ്ടതുണ്ട്. ഇതിലൂടെ ബാക്കിയുള്ള ഗതാഗത ശൃംഖലയിൽ തടസ്സം ഉണ്ടാകാനുള്ള സാധ്യത കുറയുന്നു. മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന നിർദിഷ്ട ഗതാഗത ശൃംഖല ഈ കാഴ്ചപ്പാട് സ്വീകരിച്ചു രൂപീകരിച്ചിരിക്കുന്നു.



ചിത്രം 28.25 ദുരന്ത സാധ്യതയുള്ള റോഡുകൾ (സ്രോതസ്സ്: ടൗൺ പ്ലാനിംഗ്)

റോഡുകളുടെ വശങ്ങളിൽ തുടർച്ചയായി തടസ്സമില്ലാതെ മഴവെള്ളം ഒഴുകുന്നതിന് സംവിധാനം നൽകുന്നതിലൂടെ വെള്ളപ്പൊക്കം തടയാൻ സാധിക്കും. മേൽ ഖണ്ഡികളിൽ നിർദ്ദേശിച്ചിരിക്കുന്ന സ്വാഭാവിക നീരൊഴുക്ക് പരിഹാരങ്ങൾ ഇതിനുതകുന്നതാണ്. കൂടാതെ, നിലവിലുള്ള പ്രധാന റോഡുകളും, താഴെ പട്ടികയിൽ നൽകിയിരിക്കുന്ന എല്ലാ നിർദിഷ്ട റോഡുകളും, എല്ലാ കാലാവസ്ഥക്കും അനുയോജ്യമായ റോഡുകളാക്കി (All weather roads) മാറ്റുന്നതാണ് മറ്റൊരു രീതി. ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകൾ കനത്ത മഴ പോലും പ്രതിരോധിക്കുന്നതാണ്. കാര്യമായ അളവിൽ വെള്ളം കയറാത്തതിനാൽ ഗതാഗത തടസ്സം കുറയുന്നതാണ്. ആയതിനാൽ, എല്ലാ കാലാവസ്ഥയിലും ഇവ ഗതാഗതയോഗ്യമായി തുടരുന്നു.

പട്ടിക 28.7 ദുരന്ത സാധ്യത റോഡുകളുടെ വിവരങ്ങൾ

Sl.No	Road_Name	Proposed width(in m)	Length of road in flood prone area(km)	Total length in km	% of road length in flood prone area
1	Muttakkad Jn - Veliyamcode Road	8	0.16	1.82	9.03
2	Thozhukkal Jn to Chemparathivila kadavu	8	0.27	1.77	15.10
3	Vlangamuri to kavalamkulam -Marappalam Road	8	0.32	0.97	17.42
4	Rameswaram Bridge to Poovar Road(till KSRTC)	8	0.10	0.68	5.28
5	Link Road b/w Perumpazhuthur Aruvipuram Road and Thozhikkal Jn - Chemparathivila kadavu Road	8	0.83	1.87	45.63

6	Alummoodu Jn to Marappalam Jn (via Convent Road ,Kurrissadi Jn,Marappalam Jn	8	0.88	3.16	48.44
7	Konnamoodu Jn to Neyyattinkara Jn (via Convent Road)	8	0.21	1.66	11.62
8	Neyyattinkara Court Road to ROB Jn - Thekkathunada road (via Kannipuram)	8	0.65	0.82	35.66
9	Pirayummoodu - Vattavila Road	8	0.08	0.14	4.38
10	Thavaravila to Rameswaran Jn (via Thevial)	8	0.24	1.79	13.44
11	Kannankuzhi Jn to Amaravila Jn	8	0.10	0.76	5.68
12	CSI Jn - Chenkal Road	8	0.77	0.47	42.46
13	Chaikottukonam Jn to Manchavilakom Road	8	0.23	2.56	12.39
14	Aruvipuram to Thekkathunada (via Kollamamvila)	8	1.27	2.30	69.95
15	Kollamamvila to Thavaravila	8	0.44	0.70	24.18
16	Bhagavathi nagar to Peumpazhuthur Aruvipuram Road(Bhagavathi nagar Aruvipuram Road	8	0.09	0.65	4.78
17	Mambhazhakkara Mudippura Jn to Maranalloor Road	8	0.31	2.00	16.93
18	CSI Jn - Chenkal Road to River park	8	0.14	0.37	7.92
19	Muttakkad Jn - Veliyamcode Road	8	0.80	1.82	43.73
20	Punnakkadu Jn to Alampotta Jn	8	0.28	0.95	15.22
21	Ilavanikara jn to Maranalloor Road (via Erattinpuram)	8	0.76	1.63	41.99
22	Ilavanikara Jn to Maranalloor Road	8	0.11	1.33	6.27
23	Mambhazhakkara to Perumkadavila Road	8	0.00	0.13	0.23
24	Thevial Jn to Chaikottukonam Jn	8	0.32	0.86	17.76
25	CSI Jn - Chenkal Road	8	0.00	0.05	0.08
26	Chemparathivila kadavu to Aruvipuram - Kollamamvila Road	8	0.24	0.24	13.01
27	ROB Jn Road to Proposed Hospital expansion Area (via Police Quarters)	8	0.03	0.56	1.89
28	Moonnukallinmoodu Jn to - Olathanni Jn (Konnamoodu - Kodangavila - Sasthamthala - Manalivila - Ayanimoodu)	12	0.26	4.37	14.14
29	Koottapana Temple to Perumbazhuthur Jn (via Punnakkadu - Vettamangalam - Kallumala)	12	0.11	4.85	6.25
30	Kanichamcode Road (Stadium Jn to Railway station Road)	12	0.13	0.34	7.21
31	Koottapana Jn to Maruthoor Road	12	0.31	0.76	17.23
32	Kannankuzhi Jn to Court Road (via Rameswaram)	12	1.24	1.77	68.36
33	Koottapana temple to Maruthoor Road	12	0.19	0.19	10.24
34	Neyyattinkara Railway station to District Hospital Jn	12	0.30	0.77	16.69
35	Moonnukallinmoodu Jn to - Olathanni Jn (Konnamoodu - Kodangavila - Sasthamthala - Manalivila - Ayanimoodu)	12	0.11	4.37	5.87
36	Koottapana Temple to Perumbazhuthur Jn (via Punnakkadu - Vettamangalam - Kallumala)	12	0.12	4.85	6.42
37	Keeliyodu Jn to Ilavanikkara (via Panthavila - Muttakkadu -Mambazhakara)	12	0.63	4.45	34.50
38	Koottapana Temple to Neyyattinkara Railway Station	12	0.12	0.40	6.42
39	ROB Jn to Poovankala Jn(via Arakkunnathu Palam - Thekkathunada - Thavaravila)	16	1.20	3.24	65.92

40	TB Jn to District Hospital Jn	16	0.20	0.38	10.85
41	Perumpazhuthur to Check Post Jn (via Aruvipuram - Marauyamuttom - Poovankala - Chaikottukonam - Kannankuzhi)	16	1.58	8.35	87.03
42	Neyyattinkara - Poovar Road (Neyyattinkara Jn - Till Municipal Boundary	18	0.79	4.00	43.70
43	NH - 66	30	1.44	8.69	78.91

28.15 സ്മാർട്ട് നഗര ഭരണവും ആസൂത്രിത വികസനവും

73, 74-ാം ഭരണ ഘടനാ ഭേദഗതി പ്രകാരം വികേന്ദ്രീകൃത ഭരണാധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും, സംയോജിത വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിന്റെ അഭാവം നിലനിൽക്കുന്നു. അതിൽ പ്രതിപാദിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ആസൂത്രിതമായി നിർവ്വഹിക്കുന്നതിന് ചിട്ടയായ മേൽനോട്ട- അവലോകന- നവീകരണ- നിർവ്വഹണ സംവിധാനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തേണ്ടത് ആവശ്യമാണ്.

പട്ടണങ്ങളുടെ വികസനത്തിനായി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ ഈ വിടവ് നികത്തുന്നതിനായി വർത്തിക്കേണ്ടതായിട്ടുണ്ട്. ഇതിനാൽ ഒരു സംയോജിത വികസന പ്രക്രിയയുടെ തുടക്കമായി ഈ മാസ്റ്റർ പ്ലാനിനെ കരുതാം.

ഭരണ പ്രദേശത്തിന്റെ വ്യാപ്തി കണക്കിലെടുക്കാതെ, ഭരണ നിർവഹണവും, ആസൂത്രിത വികസനവും ഒരേ കുടക്കീഴിൽ കൊണ്ടു വരാൻ സാധിച്ചാൽ മാത്രമേ മേൽപ്പറഞ്ഞ സംയോജിത സുസ്ഥിര വികസന പാതയിലേക്ക് എത്തിച്ചേരുവാൻ സാധിക്കുകയുള്ളൂ. ഈ രണ്ടു ഘടകങ്ങളെയും ഒരേ ചട്ടക്കൂടിനുള്ളിൽ കൊണ്ടു വരാൻ സാധിക്കുക എന്നതാണ് ഇതിൽ പ്രധാന്യമർഹിക്കുന്ന കാര്യം.

മേൽപ്പറഞ്ഞ കാഴ്ചപ്പാടിലൂടെ വീക്ഷിക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ നവീനമായ 'സ്മാർട്ട് സിറ്റി' പദ്ധതി പ്രത്യാശാവഹമാണ്. ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം നാഗരിക വികസന ഭരണം ആണെന്നിരിക്കെ, ഇതിൽ ഉപയുക്തമാകുന്ന അടിസ്ഥാന ഘടകത്തെ ഉയർന്നതലങ്ങളിലും (താലൂക്ക്, ജില്ല, സംസ്ഥാന, ദേശീയ) വികസനത്തിനും ഉപയോഗിക്കാൻ സാധിക്കും. ഇതിനാൽ ഈ പദ്ധതിയിൽ പ്രതിപാദിക്കുന്ന 'സ്മാർട്ട് വികസന'ഘടകങ്ങൾ എന്തെന്ന് മനസ്സിലാകുന്നത് വഴി, മറ്റു പ്രദേശങ്ങളിൽ ഇവയെ ഉപയുക്തമാക്കാൻ കഴിയും.

നിലവിലെ സ്ഥിതിയിൽ നിന്നും നിർദ്ദിഷ്ട സ്മാർട്ട് വികസനത്തിലേക്കുള്ള പാതയിൽ ഒരു പ്രാരംഭമായി ഈ മാസ്റ്റർ പ്ലാനിനെ കണക്കാക്കാവുന്നതാണ്. പട്ടണത്തിന്റെ വികസന ആവശ്യങ്ങളും, നിർദ്ദേശങ്ങളും, നിലവിലെ സ്ഥിതിഗതികളും സമന്വയിപ്പിച്ചാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സംയോജിത വികസന ഉദ്ദേശ്യത്തോടെ തയ്യാറാക്കിയിരിക്കുന്ന ഈ രേഖ ഇതിനാൽ സ്മാർട്ട് വികസന പ്രക്രിയയ്ക്ക് ഉപയോഗപ്രദമാക്കുവാൻ സാധിക്കുന്നതാണ്.

പട്ടിക 28.8 സ്മാർട്ട് വികസന ഘടകങ്ങൾ

Sl. No.	SMART CITY	INDICATORS
1.	Smart Economy	Entrepreneurship & Innovation
		Green Economy &Productivity
		Local & Global Interconnectedness
2.	Smart People	Embrace creativity
		Inclusive society
		21st Century education
3.	Smart Mobility	Mixed-modal access
		Prioritized clean & non-motorized options
		Integrated ICT
4.	Smart Living	Culturally vibrant & happy
		Safety
		Health Environment
5.	Smart Governance	Enabling supply & demand side policy
		Transparency & open data
		ICT & E-Governance
6.	Smart Environment	Green buildings
		Green energy
		Green urban planning



ചിത്രം 28.26 സ്മാർട്ട് വികസനം

ഇതിനു പുറമെ മാസ്റ്റർ പ്ലാനിൽ പ്രതിപാദിച്ചിരിക്കുന്ന വികസന സങ്കല്പങ്ങളും, നിർദ്ദേശങ്ങളും, സ്മാർട്ട് വികസന ഘടകങ്ങളുമായി സംയോജിപ്പിക്കേണ്ടതും അനിവാര്യമാണ്.

വികസനത്തിന് ഏറ്റവും അനിവാര്യമായ വിഭവം ഭൂമിയാണ്. നെയ്യാറ്റിൻകര പട്ടണത്തിൽ ഏകദേശം 50% ഓളം ഭൂമി കൃഷി-അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. ഇതിനാൽ പട്ടണത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന് വിഭവങ്ങളുടെ ലഭ്യത, ദൗർലഭ്യം തുടങ്ങിയ ഘടകങ്ങൾ വളറെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഭൂവിനിയോഗ ഭൂപടം കാലക്രമമായി പുതുക്കുകയും, നിലവിലെ വികസന നിലവാരം അവലോകനം ചെയ്യുവാൻ പ്രാപ്തമാകും വിധം ഭൂവിനിയോഗ മാപ്പ് ഉപയോഗപ്പെടുത്തുകയും വേണം.

മുൻപ് പ്രതിപാദിച്ച 'സ്മാർട്ട്' വികസന കാഴ്ചപ്പാടും, മാസ്റ്റർ പ്ലാനിലൂടെ അനുവർത്തിക്കുന്ന ഭൂവിനിയോഗ അധിഷ്ഠിതമായ വികസന കാഴ്ചപ്പാടും തമ്മിൽ അനുരൂപമായി വർത്തിക്കാൻ, മാറ്റങ്ങൾ ഈ തലത്തിലാണ് തുടങ്ങേണ്ടത്. കേരള സർക്കാരിന്റെ 'ഭൂമി - കേരളം' പോലുള്ള പദ്ധതികൾ ഈ കാഴ്ചപ്പാടിൽ നിന്നും തുടക്കമിട്ടവയാണ്. ഇത്തരം സംരംഭങ്ങൾ വളരെയധികം പ്രശംസ അർഹിക്കുന്നതായിരിക്കവെ, ഇവയെ ഉപരിതലത്തിലുള്ള (താലൂക്ക്, ജില്ല, സംസ്ഥാന, ദേശീയ) ആസൂത്രണത്തിന് ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നതിലൂടെയാണ് പരിപൂർണ്ണ സുതാര്യതയും, സമഗ്രതയും, സംയോജനവും വികേന്ദ്രീകൃത വികസന ആസൂത്രണത്തിൽ ഉറപ്പാക്കാൻ സാധിക്കുന്നത്.

ബന്ധപ്പെട്ട എല്ലാ സർക്കാർ-സർക്കാരേതര സംവിധാനങ്ങളുടെയും പ്രവർത്തന സമന്വയമാണ് സംയോജിത വികസനം എന്നതിന്റെ അടിസ്ഥാന ഘടകം. സ്മാർട്ട് വികസന പാതയിൽ ഇതിനാൽ ഒരു വിവര അധിഷ്ഠിത മുനിസിപ്പൽ ഭരണനിർവഹണ സഹായക സംവിധാനത്തിന്റെ (വസ്തുവകകളുടെ വിവരങ്ങൾ ശേഖരിച്ച്, കാലികമായി പുതുക്കി സംഭരിച്ച്, ഭരണ നിർവഹണം കാര്യക്ഷമമാക്കുന്ന സംവിധാനം) അത്യന്താപേക്ഷിതമാണ്. ഇത്തരം, വൈവിധ്യമാർന്ന വിവര-അധിഷ്ഠിത ഭരണ നിർവഹണ സംവിധാനങ്ങളിലൂടെ കാര്യക്ഷമമായ പ്രാദേശിക നയങ്ങളും നിർവ്വഹണ ചട്ടങ്ങളും രൂപപ്പെടുത്തുവാനും, ഫലപ്രദമായി നടപ്പിലാക്കുവാനും, നിലവിലുള്ള ഭരണ-നിർവ്വഹണ സംവിധാനങ്ങളിലെ പാളിച്ചകൾ മനസ്സിലാക്കുവാനും, വിഭവ സ്രോതസുകളുടെ സുസ്ഥിര ഉപയോഗം സാധ്യമാക്കുവാനും, നെയ്യാറ്റിൻകരയെ അത്യന്താധുനികമായ സ്മാർട്ട് സുസ്ഥിര ഹരിത നഗരമായി ലോക ഭൂപടത്തിൽ ഇടം നേടുവാനും സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.

ചിത്രം 28.27 ഒരു മാതൃകാ വിവര അധിഷ്ഠിത നഗരസഭാ ഭരണ നിർവഹണ സഹായക സംവിധാനത്തിന്റെ അടിസ്ഥാന ഘടകങ്ങളും വിവരങ്ങളും ചിത്രീകരിച്ചിരിക്കുന്നു. ഇത്തരം ഒരു സംവിധാനം നടപ്പിലാക്കുന്നത് വഴി, ഭൂമിയെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ലഭ്യമാകുകയും, സംയോജിത വികസന തീരുമാനങ്ങൾ എടുക്കുവാൻ എളുപ്പമാക്കുകയും സാധിക്കുന്നു. നിലവിലെ മാസ്റ്റർ പ്ലാനിൽ ഇത്തരം ഭൂ-വിവരങ്ങൾ ശേഖരിച്ചിരിക്കുന്നു. ഈ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ഇത്തരം ഒരു സംവിധാനം നടപ്പിലാക്കുക വഴി, ഭാവിയിൽ വരുന്ന എല്ലാ ഭൂമി സംബന്ധമായ വികസന മാറ്റങ്ങളെയും ആനുകാലികമായി പുതുക്കാൻ സാധിക്കുകയും, വികസനം നടപ്പിലാക്കേണ്ടതിനുള്ള ഭൂ-ലഭ്യത, ഭൂ-അനുയോജ്യത എന്നീ വിഷയങ്ങളിൽ തത്ക്ഷണം വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതുമാണ്. മുനിസിപ്പൽ ഭരണനിർവഹണ സഹായക സംവിധാനം എന്നത് ഡെവലപ്മെന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഒരു തുടക്കം മാത്രമാണ്. സർക്കാരിന്റെ മറ്റുള്ള വിവര സാങ്കേതിക-വിദ്യാ സംവിധാനങ്ങളും, ഇ-ഗവേൺസ് സംവിധാനങ്ങളുമായി, ഈ സംവിധാനത്തെ കൂട്ടിയോജിപ്പിക്കാൻ സാധിക്കുക എന്നത് ഉപരിതലത്തിൽ അനുവർത്തിക്കേണ്ട പ്രവർത്തികളാണ്. ഇത്തരത്തിൽ വിവര അധിഷ്ഠിതമായ സമീപനങ്ങളിലൂടെ മാത്രമേ സ്മാർട്ട് ഗവണൻസ് സാധ്യമാകുകയുള്ളൂ.



ചിത്രം 28.27 വിവര അധിഷ്ഠിത നഗരസഭാ ഭരണ നിർവഹണ സഹായക സംവിധാനം

ഈ സംവിധാനത്തിന്റെ ഉപഘടകമായി വസ്തു നികുതി, തൊഴിൽ നികുതി, റെജിസ്ട്രി നിരന്തരം പുതുക്കി സൂക്ഷിക്കേണ്ടതും, തുടർച്ചയായ മേൽ നോട്ടത്തിലൂടെ 100% വിഭവ സമാഹരണം ഉറപ്പു വരുത്തേണ്ടതുമാണ്.

ഇത്തരം സംവിധാനങ്ങൾ നടപ്പിലാക്കുക വഴി, ഒരു സ്മാർട്ട് വികസന സങ്കല്പം പ്രാവർത്തികമാക്കാനും, ഇതിലൂടെ മാസ്റ്റർ പ്ലാൻ സങ്കൽപ്പങ്ങളും വികസന നിർദ്ദേശങ്ങളും സമന്വയത്തിലൂടെ നടപ്പിലാക്കാനും, ഇവയുടെ പ്രഭാവം നിരീക്ഷിക്കാനും സാധിക്കുന്നു. വികസന കാഴ്ചപ്പാടിൽ സമയാസമയം വരുത്തേണ്ട മാറ്റങ്ങൾ ഇതിൽ നിന്നും ഉൾക്കൊള്ളാനും ഇതിനാൽ സാധിക്കുന്നു.

വൈവിധ്യമാർന്ന ഹരിത സാമ്പത്തിക അടിത്തറയോടു കൂടി വിവര അധിഷ്ഠിത ഭരണ സംവിധാനങ്ങളിലൂടെ കാര്യക്ഷമമായ പ്രാദേശിക വികസന നയങ്ങളും നിർവ്വഹണ-ചട്ടങ്ങളും രൂപപ്പെടുത്തുവാനും, ഫലപ്രദമായി നടപ്പിലാക്കുവാനും, നിലവിലുള്ള ഭരണ-നിർവ്വഹണ സംവിധാനങ്ങളിലെ പാളിച്ചകൾ മനസ്സിലാക്കുവാനും, വിഭവ സ്രോതസ്സുകളുടെ സുസ്ഥിര ഉപയോഗം സാധ്യമാക്കുവാനും, നെയ്യാറ്റിൻകരയെ ഒരു അത്യന്താധുനികമായ സ്മാർട്ട് സുസ്ഥിര നഗരമായി ലോക ഭൂപടത്തിൽ ഇടം നേടുവാനും സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.

28.16 മേഖലാ നിർദ്ദേശങ്ങളും, പ്ലാനിംഗ് മാനദണ്ഡങ്ങളും

പ്ലാനിംഗ് മാനദണ്ഡങ്ങൾ (U.R.D.P.F.I) പ്രകാരം വികസന മേഖലാ നിർദ്ദേശങ്ങൾ പര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക 28.9 ൽ നൽകിയിരിക്കുന്നു.

പട്ടിക 28.9 പ്ലാനിംഗ് മാനദണ്ഡങ്ങൾ പ്രകാരമുള്ള വികസന മേഖലാ നിർദ്ദേശങ്ങൾ

ക്രമ നം.	മേഖല	U.R.D.P.F.I മാനദണ്ഡങ്ങൾ പ്രകാരമുള്ള ആവശ്യകത	2038-ലെ ആവശ്യകത	നിലവിലെ സൗകര്യങ്ങൾ/മാസ്റ്റർ പ്ലാൻനിർദ്ദേശങ്ങൾ
1.	വാണിജ്യ-വ്യാപാരം	1000 ആളുകൾക്ക് 0.24 ഹെക്ടർ മുതൽ 0.32 ഹെക്ടർ വിസ്തീർണ്ണം എന്ന തോതിൽ നിർദ്ദേശിച്ചിരിക്കുന്നു.	ഭാവിയിലേക്ക് 0.22 ച.കി.മീ വിസ്തീർണ്ണം ആവശ്യമാണ്.	0.56 ച.കി.മീ നിർദ്ദേശിച്ചിട്ടുണ്ട്.
2.	ഖരമാലിന്യ സംസ്കരണം	ദിവസവും ഒരാൾ 0.75 കി.ഗ്രാം മാലിന്യം (എല്ലാ തരവും)എന്ന തോതിൽ പുറന്തള്ളുന്നു. ദിവസം 100 ടണ്ണിൽ താഴെ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്ന പ്ലാനിംഗ്	ദിവസവും 60 ടൺ മാലിന്യം സംസ്കരിക്കേണ്ടതുണ്ട്.	ജൈവമാലിന്യങ്ങൾക്ക് ആയി വികേന്ദ്രീകൃത ഏറോബിക്ബിൻ സംവിധാനവും, അജൈവ മാലിന്യം ശേഖരിക്കുന്നതിന് MRF

		ഏരിയകൾക്ക് കംപോസ്റ്റിംഗ് രീതിയാണ് നിർദ്ദേശി ച്ചിട്ടുള്ളത്.		സംവിധാനവും നിർദ്ദേശിച്ചിട്ടുണ്ട്.
3.	പാർക്കുകളും തുറസ്സായ സ്ഥലങ്ങളും	15000 ആളുകൾക്ക് 1 ഹെക്ടർ ഉള്ള നെയ്ബർഹുഡ് പാർക്കുകൾ നിർദ്ദേശിച്ചിരിക്കുന്നു.	ഭാവി ജനസംഖ്യപ്രകാരം 6 നെയ്ബർഹുഡ് പാർക്കുകൾ ആവശ്യമാണ്. ഇതിനായി 6 ഹെക്ടർ (15 ഏക്കർ) ഏരിയ ആവശ്യമായി കാണുന്നു	നിലവിൽ 3.43 ഏക്കറിൽ നെയ്യാർ പാർക്കും, 4.2 ഏക്കറിൽ ഈരാറ്റിൻപുറം പാർക്കും, 8.23 ഏക്കറിൽ ടൗൺ പാർക്കും, കായിക കേന്ദ്രവും മാസ്റ്റർപ്ലാനിലൂടെ നിർദേശിച്ചിട്ടുണ്ട്
4.	ജലവിതരണം	ഒരാൾക്ക് ഒരു ദിവസം 150 ലിറ്റർ എന്ന തോതിൽ നിർദ്ദേ ശിച്ചിരിക്കുന്നു.	ഭാവി ജനസംഖ്യയുടെ ഗാർഹികവും ഗാർഹികേതരവുമായ ഉപയോഗങ്ങൾക്കും(12 MLD), ഇതിനു പുറമെ, അഗ്നിശമന പ്രവർത്തനങ്ങൾക്കും (0.1 MLD), ഉദ്ദേശം 13 MLD ശേഷിയുള്ള പ്ലാന്റ് ആവശ്യമാണ്.	ജലവിതരണ മേഖലയിൽ നിലവിൽ ഏകദേശം 8 MLD കുറവ് കാണപ്പെടുന്നു. ആയതിനാൽ കൂടുതൽശേഷിയുള്ള 15 MLD പ്ലാന്റ് സ്ഥാപിക്കുവാൻ മാസ്റ്റർപ്ലാനിൽ നിർദേശിച്ചിട്ടുണ്ട്. (നിലവിലെ പ്ലാന്റിന്റെ നവീകരണവും നിർദേശിച്ചിട്ടുണ്ട്), കൂടാതെ ചെറുകിട ജലസേചന പദ്ധതികളും നിർദേശിച്ചിട്ടുണ്ട്.
5.	ആരോഗ്യസൗകര്യങ്ങൾ	15000 ആളുകൾക്ക് ഡിസ്പെൻസറി	6 എണ്ണം	3 ആരോഗ്യ സബ് സെന്ററുകളും നിരവധി പ്രൈവറ്റ് ഡിസ്പെൻസറികളും നിലവിൽ ഉണ്ട്.
		45000 മുതൽ 1 ലക്ഷം ആളുകൾക്ക് നഴ്സിംഗ് ഹോം, ചൈൽഡ് വെൽഫെയർ, മറ്റേണിറ്റി സെന്റർ	1 എണ്ണം	ജില്ലാ ആശുപത്രിയിൽ നിലവിൽ സൗകര്യങ്ങൾ ഉണ്ട്. കൂടാതെ സർക്കാർ ആയുർവേദ, ഹോമിയോ ആശുപത്രിഎന്നിവയും, പ്രൈവറ്റ്സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രിയായ നിംസ്, മറ്റു പ്രൈവറ്റ് ആരോഗ്യകേന്ദ്രങ്ങളും എന്നിവയും നിലവിലുണ്ട്.
		50,000 ആളുകൾക്ക് ഡയഗനോസ്റ്റിക് സെന്റർ	2 എണ്ണം	ജില്ലാ ആശുപത്രിയിൽ സൗകര്യങ്ങൾ ഉണ്ട് കൂടാതെ പ്രൈവറ്റ് ഡയഗനോസ്റ്റിക് സെന്ററുകൾ ഉണ്ട്
6.	സാമൂഹിക സാംസ്കാരിക സൗകര്യങ്ങൾ	5000 ആളുകൾക്ക് അംഗൻവാടി	16 എണ്ണം	44 വാർഡുകളിൽ ഭൂരിഭാഗം വാർഡുകളിലും അംഗനവാടി നിലവിലുണ്ട്
		5000 ആളുകൾക്ക് കമ്മ്യൂണിറ്റി റൂം	16 എണ്ണം	നഗരസഭാപ്രദേശത്തു ഏകദേശം 8 പ്രധാന ആഡിറ്റോറിയങ്ങൾ നിലവിലുണ്ട്. കൂടാതെ പല വാർഡുകളിലും കമ്മ്യൂണിറ്റി ഹാളുകളും നിലവിലുണ്ട് .
		15000 ആളുകൾക്ക് കമ്മ്യൂണിറ്റി ഹാൾ	6 എണ്ണം	

28.17 സംഗ്രഹം

പട്ടണത്തിലെ വിവിധ മേഖലകളെ അപഗ്രഥിച്ച് വികസന നിർദ്ദേശങ്ങൾ തയ്യാറാക്കിയാണ് അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വികസന മേഖലകളെ സംബന്ധിച്ച നയങ്ങൾ, പദ്ധതികൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

29. വികസനപദ്ധതികൾ – വിഭവസമാഹരണം

29.1 പദ്ധതികൾ, നിർവ്വഹണ ഏജൻസി, സാമ്പത്തിക സ്രോതസ്സ്

മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വ്യത്യസ്ത ഏജൻസികളിൽ നിന്ന് വിഭവ സമാഹരണം (resource mobilisation) നടത്തേണ്ട ആവശ്യകതയുണ്ട്. വിവിധ മേഖലകളിലെ വികസന പദ്ധതികൾ, നടപ്പിലാക്കാൻ ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ, അവയ്ക്കുള്ള സാമ്പത്തിക സ്രോതസ്സ് എന്നിവയുടെ വിശദാംശങ്ങൾ പട്ടിക 29.1 ൽ ചേർത്തിരിക്കുന്നു.

പട്ടിക 29.1 മേഖല നിർദ്ദേശങ്ങൾ, നിർവ്വഹണ ഏജൻസികൾ, സാമ്പത്തിക സ്രോതസ്സ് എന്നിവയുടെ വിശദാംശങ്ങൾ

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
	1. കാർഷിക മേഖല			
	പ്രോജക്ട്			
1	കേരള കാർഷിക സർവ്വകലാശാല എക്സ്റ്റൻഷൻ സെന്റർ	നഗരസഭ , കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, ദുരന്തനിവാരണ വകുപ്പ്	5 കോടി	നഗരസഭാ ഫണ്ട്, സംസ്ഥാന കാർഷിക വകുപ്പിന്റെ വിവിധ പദ്ധതികൾ
2	ടൗൺ തലത്തിൽ കേന്ദ്രീകൃത കാർഷിക പരിശീലന/സഹായ സേവന കേന്ദ്രം; പെരുമ്പഴുതൂരിലുള്ള നിലവിലെ കൃഷി ഭവൻ ഇതിനോടൊപ്പം മാറ്റി സ്ഥാപിക്കുക (സ്പെഷ്യൽ സോൺ 1) ഇതിനോടൊപ്പം പ്രകൃതി ദുരന്തനിവാരണ എക്സ്റ്റൻഷൻ സെന്റർ, കാർഷികാധിഷ്ഠിത വ്യവസായ സംരംഭം, അഗ്രോ ഫാമുകൾ			
3	നഗര കൃഷി / തരിശു ഭൂമി കൃഷി	കൃഷി വകുപ്പ് , നഗരസഭ	10 ലക്ഷം	
4	ഫാം ടൂറിസം	കൃഷി വകുപ്പ് , വ്യവസായ വകുപ്പ് , ടൂറിസം വകുപ്പ് , നഗരസഭ	25 ലക്ഷം	

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
	2. മൃഗസംരക്ഷണം / പരിപാലനം			
	പ്രോജക്ട്			
1	മൃഗാശുപത്രി വിപുലീകരിച്ച് വിവിധോദ്ദേശ പോളിക്ലിനിക് ആയി ഉയർത്തുക.; വെറ്റിനറി പബ്ലിക് ഹെൽത്ത് സെന്റർ, എബിസി (ആനിമൽ ബെർത്ത് കൺട്രോൾ) സെന്റർ എന്നിവ സ്ഥാപിക്കുക; റീജിയണൽ അനിമൽ ഹെൽത്ത് സെന്റർ പ്രസ്തുത പോളിക്ലിനിക്കുമായി ഏകോപിപ്പിക്കുക ; എബിസി ട്രെയിനിംഗ് സെന്റർ, ലൈവ്സ്റ്റോക്ക് ട്രെയിനിംഗ് സെന്റർ എന്നിവ മൃഗാശുപത്രിയോടൊപ്പം സ്ഥാപിക്കുക.	നഗരസഭ , മൃഗ സംരക്ഷണ വകുപ്പ്	3 കോടി	നഗരസഭാ ഫണ്ട്, സംസ്ഥാന മൃഗ–സംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികൾ
2	പെരുമ്പഴുതൂർ മൃഗാശുപത്രിയിൽ കൂടുതൽ ക്ലിനിക്കൽ സൗകര്യങ്ങൾ		25 ലക്ഷം	
3	വെറ്റിനറി സബ് സെന്റർ അമരവിളയിലും, കീളിയോടും സ്ഥാപിക്കുക. ;	നഗരസഭ , മൃഗ സംരക്ഷണ വകുപ്പ്	50 ലക്ഷം	
4	24 മണിക്കൂർ പ്രവർത്തിക്കുന്ന എമർജൻസി വെറ്റിനറി സൗകര്യം ; ജൈവ മാതൃകയിൽ ഉള്ള മൃഗസംരക്ഷണ പ്രവർത്തനങ്ങൾ, സർക്കാർ ഗോശാല സംരംഭങ്ങൾ		50 ലക്ഷം	

5	ശാസ്ത്രീയവും, ശുചിത്വമുള്ളതും, നൂതനവുമായ മാംസസംസ്കരണശാല (അറവുശാല/Abattoir);	നഗരസഭ , മൃഗ സംരക്ഷണ വകുപ്പ്, ശുചിത്വ മിഷൻ	2 കോടി	
6	ശാസ്ത്രീയമായ ഒരു ചെറുകിട ആധുനിക മാംസസംസ്കരണശാല (ടൗൺ മാർക്കറ്റിൽ)		1 കോടി	

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
	3. വ്യവസായം			
	പ്രോജക്ട്			
1	പാരമ്പര്യ ഓട് / കളിമൺ നിർമ്മാണ വ്യവസായ സംരംഭങ്ങൾ; കൈത്തറി വ്യവസായങ്ങൾ	നഗരസഭ , വ്യവസായ വകുപ്പ് , സംസ്ഥാന ഖാദി ബോർഡ്,	2 കോടി	നഗരസഭാ ഫണ്ട്, വ്യവസായ വകുപ്പ്, സംസ്ഥാന ഖാദി ബോർഡ്, എന്നിവയുടെ വിവിധ പദ്ധതികൾ, കേന്ദ്രസർക്കാർ പദ്ധതികൾ
2	കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ e-mobility production hub ആയി നിലവാരമുയർത്തുക;	നഗരസഭ , വ്യവസായ വകുപ്പ് , കെ.എ.എൽ	1 കോടി	നഗരസഭാ ഫണ്ട്, വ്യവസായ വകുപ്പ്, കെ.എ.എൽ, എന്നിവയുടെ വിവിധ പദ്ധതികൾ
3	ചെറുകിട / കൃഷി അനുബന്ധ വ്യവസായങ്ങൾ കാർഷിക സേവന കേന്ദ്രത്തോടൊപ്പം	നഗരസഭ , വ്യവസായ വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്	50 ലക്ഷം	നഗരസഭാ ഫണ്ട്, വ്യവസായ വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്
4	വ്യവസായ എസ്റ്റേറ്റ്, ക്ലസ്റ്റർ വ്യവസായം തുടങ്ങിയ സംരംഭങ്ങൾക്ക് ഒരു വ്യവസായ വികസന ഏരിയ (നെയ്യാറ്റിൻകര ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ വ്യവസായ സംഭരങ്ങൾ, വനിതാ സ്വയം തൊഴിൽ/ശാക്തീകരണ സംരംഭങ്ങൾ)	നഗരസഭ , വ്യവസായ വകുപ്പ്, സിഡ്കോ, കുടുംബശ്രീ, സംസ്ഥാന വനിത വികസന കോർപ്പറേഷൻ	5 കോടി	നഗരസഭാ ഫണ്ട്, വ്യവസായ വകുപ്പ്, വനിത വികസന കോർപ്പറേഷൻ , സിഡ്കോ, കുടുംബശ്രീ

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
	4. വാണിജ്യ വ്യാപാര മേഖല			
	പ്രോജക്ട്			
1	ടൗൺ മാർക്കറ്റ്, അമരവിള മാർക്കറ്റ് പുനർ വികസനം	നഗരസഭ	5 കോടി	നഗരസഭാ ഫണ്ട്, KIIFB
2	നിലവിലെ പ്രധാന മാർക്കറ്റുകളുടെ ആസൂത്രിത വികസനം (പെരുമ്പഴുതൂർ, കൊടങ്ങാവിള , മാമ്പഴക്കര, ഓലത്താന്നി)		2 കോടി	
3	പ്രാദേശിക വാണിജ്യ വ്യാപാര കേന്ദ്രമായി ആറാലുംമൂട് മാർക്കറ്റിന്റെ പുനർവികസനം		5 കോടി	

4	കമ്മ്യൂണിറ്റി ഹാൾ ഉൾപ്പെടെ മുനിസിപ്പൽ ഷോപ്പിംഗ് സെന്റർ മാമ്പഴക്കര മാർക്കറ്റിനു സമീപം		50 ലക്ഷം	
5	മേള/പ്രദർശന മൈതാന സൗകര്യം (ഫെയർ ഗ്രൗണ്ട്, ടൗൺ ഹാളിനോടൊപ്പം)		1 കോടി	
6	ഉപകേന്ദ്രങ്ങൾ (വികേന്ദ്രീകൃത വികസനം നടപ്പിലാക്കുന്നതിന് പെരുമ്പഴുതൂർ, അമരവിള, ആറാലുംമൂട്, ഓലത്താന്നി എന്നീ പ്രദേശങ്ങളിൽ നിർദ്ദേശിക്കുന്നു.)		4 കോടി	
7	ആസൂത്രിതമായ വഴിയോരക്കച്ചവടം	നഗരസഭ, NULM	1 കോടി	നഗരസഭ, NULM

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
	5. ടൂറിസം – പൈതൃകം			
	പ്രോജക്ട്			
1	ഈരാറ്റിൻപുറത്ത് നദീതട പാർക്ക് (സ്പെഷ്യൽ സോൺ 5) ;	നഗരസഭ , ടൂറിസം വകുപ്പ്	20 കോടി	നഗരസഭ, ടൂറിസം വകുപ്പ്
2	നെയ്യാറിന്റെ കരയിൽ നെയ്യാർ നദീ പാർക്ക് (സ്പെഷ്യൽ സോൺ 6) ;		20 കോടി	
3	മാമ്പഴക്കരക്ക് സമീപമുള്ള ഉപയോഗശൂന്യമായ പാറമടയിൽ "ക്വാറി പാർക്ക്".		20 കോടി	
4	അരുവിപ്പുറത്ത് തീർത്ഥാടന കേന്ദ്രം, വിനോദസഞ്ചാര കേന്ദ്രം ;	നഗരസഭ , ടൂറിസം വകുപ്പ്, അരുവിപ്പുറം ക്ഷേത്ര ട്രസ്റ്റ്	10 കോടി	നഗരസഭ, ടൂറിസം വകുപ്പ്, ക്ഷേത്ര ട്രസ്റ്റ്
5	നിലവിലെ ടൗൺ ഹാളിൽ ഒരു മ്യൂസിയം/ആർട്ട് ഗാലറി	നഗരസഭ , സംസ്ഥാന പുരാവസ്തു വകുപ്പ്, ടൂറിസം വകുപ്പ്	3 കോടി	നഗരസഭ , സംസ്ഥാന പുരാവസ്തു വകുപ്പ്, ടൂറിസം വകുപ്പ്
6	നെയ്യാർ പൈതൃക പാത പദ്ധതിയിലൂടെ നെയ്യാർ നദീതട സംരക്ഷണം	നഗരസഭ , സംസ്ഥാന പുരാവസ്തു വകുപ്പ്, ഇറിഗേഷൻ വകുപ്പ്	5 കോടി	നഗരസഭ , സംസ്ഥാന പുരാവസ്തു വകുപ്പ്, ഇറിഗേഷൻ വകുപ്പ
7	ഉപയോഗ ശൂന്യമായി കിടക്കുന്ന കുളങ്ങളെ വിനോദ ഉപാധികൾക്കായി പുനരുദ്ധരിക്കുക	നഗരസഭ	2 കോടി	നഗരസഭ
	പഠനം			
1	അരുവിപ്പുറം, കൊടിതൂക്കിമല, നെയ്യാർ എന്നിവിടങ്ങളിൽ ടൂറിസം സാധ്യതയ്ക്കുള്ള പഠനം	നഗരസഭ , ടൂറിസം വകുപ്പ്, സംസ്ഥാന പുരാവസ്തു വകുപ്പ്	10 ലക്ഷം	നഗരസഭ , ടൂറിസം വകുപ്പ്, സംസ്ഥാന പുരാവസ്തു വകുപ്പ്
2	വിശദ പൈതൃക പഠനം (ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, അമ്മച്ചി പ്ലാവ്, പരിസരത്തുള്ള മറ്റു പൗരാണിക കെട്ടിടങ്ങൾ)		10 ലക്ഷം	

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
	6. ജലവിതരണം			
	പ്രോജക്ട്			
1	നിലവിലെ ജല ശുദ്ധീകരണ സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കാനുള്ള സംവിധാനങ്ങൾ	നഗരസഭ , വാട്ടർ അതോറിറ്റി	50 ലക്ഷം	വാട്ടർ അതോറിറ്റി
2	കുളങ്ങളുടെയും ചിറകളുടെയും സംരക്ഷണത്തിലൂടെ ചെറുകിട ജലസേചന പദ്ധതികൾ	നഗരസഭ , ഇറിഗേഷൻ വകുപ്പ്	10 കോടി	നഗരസഭാ ഫണ്ട്, ഇറിഗേഷൻ വകുപ്പ്, ADAK

3	കുടിവെള്ളത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള ലാബ് സൗകര്യം (വാട്ടർ അതോറിട്ടി ഓഫീസിനോടൊപ്പം)	നഗരസഭ , വാട്ടർ അതോറിറ്റി , സംസ്ഥാന ഭൂഗർഭജല വകുപ്പ്	50 ലക്ഷം	വാട്ടർ അതോറിറ്റി , സംസ്ഥാന ഭൂഗർഭജല വകുപ്പ്
4	വിവര സങ്കേതാധിഷ്ഠിത സ്മാർട്ട് പദ്ധതികൾ		50 ലക്ഷം	
5	ചെറുകിട ജലവിതരണ പദ്ധതികൾ ; കുളത്തമ്മൽ (വെൺകുളം), പുന്നയ്ക്കാട്, പുത്തനമ്പലം, പവിത്രാനന്ദപുരം, ഓലത്താന്നി (നെയ്യാർ), മാമ്പഴക്കര, കരിപ്രക്കോണം (ക്വാറി)	നഗരസഭ , ഇറിഗേഷൻ വകുപ്പ്	50 ലക്ഷം രൂപ വീതം	KWA, ഇറിഗേഷൻ വകുപ്പ്
6	നീരുറവകളുടെ സംരക്ഷണം (ചായ്ക്കോട്ടുകോണം ശുദ്ധജല നീരുറവ);	നഗരസഭ, സംസ്ഥാന ഭൂഗർഭജല വകുപ്പ്	50 ലക്ഷം	വാട്ടർ അതോറിറ്റി , സംസ്ഥാന ഭൂഗർഭജല വകുപ്പ്
പഠനം				
1	ഭൂപ്രകൃതിയുടെയും നീർത്തടങ്ങളുടെയും വിശദമായ പഠനങ്ങൾ; വിവര സങ്കേതാധിഷ്ഠിത സ്മാർട്ട് പദ്ധതികൾ	നഗരസഭ , ഇറിഗേഷൻ വകുപ്പ്, CWRDM	25 ലക്ഷം	ഇറിഗേഷൻ വകുപ്പ്, CWRDM

ക്രമ നം	**മാസ്റ്റർ പ്ലാൻ പദ്ധതികൾ**	**ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ**	**ഏകദേശം തുക (രൂപ)**	**സാമ്പത്തിക സ്രോതസ്സ്**
7. പൊതു ശുചിത്വം				
പ്രോജക്ട്				
1	ഉപയോഗശൂന്യമായ ക്വാറികളിൽ പൊതു ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുക.	നഗരസഭ , ശുചിത്വ മിഷൻ	50 ലക്ഷം	നഗരസഭാ ശുചിത്വ മിഷൻ
2	സ്വിവറേജ് സൗകര്യ വികസനം (DEWATS മാതൃകയിൽ)	നഗരസഭ , ശുചിത്വ മിഷൻ	20 ലക്ഷം	
3	റിറ്റെൻഷൻ കുളങ്ങൾ (വെള്ളം നിലനിർത്തി ഊർന്നിറങ്ങാൻ സഹായിക്കുന്നു)	നഗരസഭ , ഇറിഗേഷൻ വകുപ്പ്	50 ലക്ഷം	നഗരസഭ ഫണ്ട്, KIIFB
4	മഴവെള്ള സംഭരണികളും, മഴക്കുഴികളും	നഗരസഭ	2 ലക്ഷം രൂപ വീതം	നഗരസഭ ഫണ്ട്
5	പട്ടണത്തിലെ മഴവെള്ള ഡ്രൈയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഓടകളുടെ നിർമ്മാണം/നവീകരണം	നഗരസഭ , PWD	2 കോടി രൂപ /km	നഗരസഭയുടെ തനത ഫണ്ട്. KIIFB
6	ഫീക്കൽ സ്ലഡ്ജ് സംസ്കരണ സംവിധാനം. (FSTP)	നഗരസഭ ശുചിത്വ മിഷൻ	2.5 കോടി രൂപ	നഗരസഭ ശുചിത്വ മിഷൻ
പഠനം				
1	നീരൊഴുക്കിനെ ആശ്രയിച്ച് മഴവെള്ള നിർഗ്ഗമന ശൃംഖല രൂപകല്പന ചെയ്യുന്നതിനായി ഒരു സാങ്കേതിക സാധ്യതാ പഠനം (drainage plan)	നഗരസഭ, ഇറിഗേഷൻ വകുപ്പ്	50 ലക്ഷം	നഗരസഭ, ഇറിഗേഷൻ വകുപ്പ്
2	ഒരു മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള വിശദ സാങ്കേതിക പഠനം	നഗരസഭ , ഇറിഗേഷൻ വകുപ്പ്, ശുചിത്വ മിഷൻ	10 ലക്ഷം	നഗരസഭ , ഇറിഗേഷൻ വകുപ്പ്, ശുചിത്വ മിഷൻ

ക്രമ നം	**മാസ്റ്റർ പ്ലാൻ പദ്ധതികൾ**	**ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ**	**ഏകദേശം തുക (രൂപ)**	**സാമ്പത്തിക സ്രോതസ്സ്**
8. വിദ്യാഭ്യാസം				
പ്രോജക്ട്				
1	എല്ലാ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ,	നഗരസഭ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്	5 കോടി	നഗരസഭ ഫണ്ട്,

	ഡിജിറ്റൽ/ഹൈ സ്പീഡ് ബ്രോഡ്ബാന്റ് കണക്ഷൻ, ഇ-ലേണിംഗ് സംവിധാനങ്ങൾ			സംസ്ഥാന വിദ്യാഭ്യാസ വകുപ്പിൻറെ വിവിധ പദ്ധതികൾ
2	അന്താരാഷ്ട്ര നിലവാരത്തിലുള്ള മാതൃകാ സ്കൂൾ; ഗവൺമെന്റ് സ്കൂളുകളുടെ പഠന നിലവാരം ഉയർത്തുന്നതിനായി മോഡൽ സ്കൂൾ പദ്ധതികൾ എന്നിവ	നഗരസഭ , സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്	5 കോടി	
3	കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്കൂളുകളിലും, മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിലും (കേരള സർക്കാരിന്റെ ASAP പ്രോഗ്രാമിനു കീഴിൽ)	നഗരസഭ , സംസ്ഥാന സർക്കാർ ASAP	1 കോടി	നഗരസഭ ഫണ്ട്, സംസ്ഥാന സർക്കാർ ASAP
4	പ്രാദേശിക കായിക പരിശീലന കേന്ദ്രം (സ്പെഷ്യൽ സോൺ 2)	നഗരസഭ , സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ	25 കോടി	നഗരസഭ ഫണ്ട്, KIIFB, സംസ്ഥാന സ്പോർട്ട്സ് – യുവജന ക്ഷേമ വകുപ്പിൻറെ വിവിധ പദ്ധതികൾ
5	എല്ലാ സ്കൂളുകളിലും ജൈവ വൈവിദ്ധ്യ പാർക്കുകൾ	നഗരസഭ , സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്	10 ലക്ഷം	നഗരസഭ ഫണ്ട്, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്
6	ആർട്ട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി	നഗരസഭ , സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്	5 കോടി	

ക്രമ നം	**മാസ്റ്റർ പ്ലാൻ പദ്ധതികൾ**	**ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ**	**ഏകദേശം ഇക (രൂപ)**	**സാമ്പത്തിക സ്രോതസ്സ്**
		9. ആരോഗ്യം		
		പ്രോജക്ട്		
1	ജില്ലാ ആശുപത്രിയുടെ വിപുലീകരണം (സ്പെഷ്യൽ സോൺ 4)	ജില്ലാ പഞ്ചായത്ത് , സംസ്ഥാന ആരോഗ്യ വകുപ്പ് , നഗരസഭ	50 കോടി	ജില്ലാ പഞ്ചായത്ത് , സംസ്ഥാന ആരോഗ്യ വകുപ്പ് , നഗരസഭ, KIIFB
2	ജില്ലാ ആശുപത്രിയുടെ പുനർ വികസനം		20 കോടി	
3	പബ്ലിക് ഹെൽത്ത് സെന്ററുകളിലെ സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ (ചായ്ക്കോട്ടുകോണം, ഓലത്താന്നി, മാമ്പഴക്കര)		5 കോടി	
4	നിർദ്ദിഷ്ട ആയുർവേദ, ഹോമിയോ ആശുപത്രി വികസനം, ആയുർവേദ സബ് സെന്റർ വികസനം (പുന്നക്കാട്), സിദ്ധ ഡിസ്പെൻസറി/ആശുപത്രി വികസനം, അർബൻ ഹെൽത്ത് സെന്റർ (കുളത്തുമ്മൽ) വികസനം,	നഗരസഭ , സംസ്ഥാന ആരോഗ്യ വകുപ്പ്	10 കോടി	നഗരസഭ , സംസ്ഥാന ആരോഗ്യ വകുപ്പ്, AYUSH
5	പാലിയേറ്റീവ് കെയർ സെന്റർ വികസനം,		10 കോടി	
6	ആയുർവേദ പഞ്ചകർമ്മ സെന്റർ	നഗരസഭ , സംസ്ഥാന ആരോഗ്യ വകുപ്പ്, ടൂറിസം വകുപ്പ്	5 കോടി	
7	ഭക്ഷ്യ വസ്തുക്കളുടെയും, കാർഷിക ഉല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാനായി ഒരു ലാബ് സൗകര്യം കാർഷിക സേവന കേന്ദ്രത്തോടൊപ്പം	നഗരസഭ , സംസ്ഥാന ആരോഗ്യ വകുപ്പ് , ഭക്ഷ്യ സുരക്ഷ വകുപ്പ്	20 ലക്ഷം	നഗരസഭ , സംസ്ഥാന ആരോഗ്യ വകുപ്പ്
5	ആയുർവേദ, സിദ്ധ ചികിത്സാ സമ്പ്രദായങ്ങൾക്കായി ഒരു 'ഹെർബൽ ബോട്ടാണിക്കൽ ഗാർഡൻ'	നഗരസഭ , സംസ്ഥാന ആരോഗ്യ വകുപ്പ്	20 ലക്ഷം	
6	ഭൗമ ആരോഗ്യ മാപ്പിംഗ് സംവിധാനം	നഗരസഭ , സംസ്ഥാന ആരോഗ്യ വകുപ്പ്	10 ലക്ഷം	

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
10. പരിസ്ഥിതി				
പ്രോജക്ട്				
1	നെയ്യാർ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ (ജൈവ വേലി നിർമ്മാണം, നദീതട നടപ്പാത, മുളങ്കാടുകൾ എന്നിവ)	നഗരസഭ , ഇറിഗേഷൻ വകുപ്പ്	10 കോടി	നഗരസഭാ, ഹരിത കേരള മിഷൻ
2	നെയ്യാറിലും മറ്റ് പ്രധാന തോടുകളിലും തടയണകൾ (കരോണിക്കടവ്, അമരവിള, ഈരാറ്റിൻപുറം, അരുവിപ്പുറം, പാലക്കടവ് എന്നിവിടങ്ങളിൽ മിനി ഡാം / ചെക്ക് ഡാം)	നഗരസഭ , ഇറിഗേഷൻ വകുപ്പ്	1 കോടി	നഗരസഭാ, ഹരിത കേരള മിഷൻ, ഇറിഗേഷൻ വകുപ്പ്
3	എല്ലാ ജല സ്രോതസ്സുകളുടെയും, സംഭരണികളുടെയും സംരക്ഷണം, നവീകരണം	നഗരസഭ , ഇറിഗേഷൻ വകുപ്പ്	1 കോടി	നഗരസഭാ, ഹരിത കേരള മിഷൻ
4	എല്ലാ കാവുകളും State Biodiversity Project - ൽ ഉൾപ്പെടുത്തി സംരക്ഷിക്കുക	നഗരസഭ , സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്	2 കോടി	നഗരസഭാ, സംസ്ഥാന ബയോഡൈവേർസിറ്റി ബോർഡ്
പഠനം				
1	നീർത്തട ആസൂത്രണം, സംരക്ഷണം പാലനം എന്നതിന് വിശദമായ പഠനം ;	നഗരസഭ, CWRDM , സംസ്ഥാന ഭൂവിനിയോഗ ബോർഡ്	50 ലക്ഷം	നഗരസഭ ഫണ്ട്
2	പ്രകൃതി ദുരന്ത നിവാരണത്തിന് മുന്നറിയിപ്പ് സംവിധാനം, ദുരന്ത നിവാരണ പഠനം	നഗരസഭ, ദുരന്തനിവാരണ വകുപ്പ്	50 ലക്ഷം	നഗരസഭ ഫണ്ട്, KSDMA

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
11. നഗര സൗകര്യങ്ങൾ				
പ്രോജക്ട്				
1	പുതിയ മുനിസിപ്പൽ ടൗൺ ഹാൾ, ഇതിനോടൊപ്പം ചെറിയ പാർക്ക്, മേളകൾക്കായി ഒരു വ്യാപാരമേള മൈതാനം	നഗരസഭ	10 കോടി	നഗരസഭ ഫണ്ട്
2	പൊതു ശൗചാലയങ്ങൾ	നഗരസഭ	15 ലക്ഷം വീതം ഓരോ കോംപ്ലക്സിനും	നഗരസഭ ഫണ്ട്, KURDFC, KIIFB
3	ടൂറിസം കിയോസ്കുകൾ (ഉപകേന്ദ്രങ്ങൾ, പട്ടണ കേന്ദ്ര പ്രദേശം, പാർക്കുകൾ എന്നിവിടങ്ങളിൽ)	നഗരസഭ, ടൂറിസം വകുപ്പ്	10 ലക്ഷം വീതം ഓരോ കിയോസ്കിനും	നഗരസഭ ഫണ്ട്, DTPC, KIIFB
4	പൊതു ശ്മശാനം (ഗ്യാസ് ക്രിമറ്റോറിയം)	നഗരസഭ , ശുചിത്വ മിഷൻ	10 കോടി	നഗരസഭ, ശുചിത്വ മിഷൻ
5	നിലവിലെ സ്റ്റേഡിയത്തിനു എതിർ വശത്തായി പ്രാദേശിക കായിക കേന്ദ്രം, ടൗൺ പാർക്ക് (സ്പെഷ്യൽ സോൺ 2)	നഗരസഭ , സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ	25 കോടി*	നഗരസഭ , സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ
6	സൗരോർജ്ജ തെരുവു വിളക്ക് സൗകര്യം	നഗരസഭ	15000/- രൂപ വീതം ഓരോ തെരുവ് വിളക്കിനും	നഗരസഭ ഫണ്ട്
7	ഈരാറ്റിൻപുറം പാർക്ക്, നെയ്യാർ പാർക്ക് എന്നിവിടങ്ങളിൽ നദീപാർക്കുകൾ, (സ്പെഷ്യൽ സോൺ 5, 6)	നഗരസഭ, ടൂറിസം വകുപ്പ്	40 കോടി*	നഗരസഭ ഫണ്ട്, ടൂറിസം വകുപ്പ്

8	കളിസ്ഥലം (നവീകരണം/ നിർമ്മാണം) സ്ഥല ലഭ്യതക്കനുസരിച്ച് ഓരോ വാർഡുകളിലും.	നഗരസഭ	അരലക്ഷം രൂപ വീതം	നഗരസഭ ഫണ്ട്
9	പട്ടണത്തിൽ വയോജനങ്ങൾക്കായി ഒരു വയോജന കേന്ദ്രവും, ഇതിനോടൊപ്പം കുട്ടികൾക്കായി ഒരു സ്പെഷ്യൽ സ്കൂളും (ബഡ്സ് മാതൃകയിൽ ഉള്ളത്) (സ്പെഷ്യൽ സോൺ 3)	നഗരസഭ , സംസ്ഥാന സർക്കാർ , കുടുംബശ്രീ, സാമൂഹിക നീതി വകുപ്പ്	5 കോടി	നഗരസഭ , കുടുംബശ്രീ, സാമൂഹിക നീതി വകുപ്പ്, KIIFB
10	നിലവിലെ പകൽ വീടിന്റെ വികസനം	നഗരസഭ , സാമൂഹിക നീതി വകുപ്പ്	10 ലക്ഷം	നഗരസഭ , സാമൂഹിക നീതി വകുപ്പ്
11	സാംസ്കാരിക കേന്ദ്രം പദ്ധതി (ഗ്രാമം പ്രദേശത്ത്)	നഗരസഭ	5 കോടി	നഗരസഭ
12	നിംസ്, അമരവിള, ടൗൺ എന്നീ പ്രദേശങ്ങളിൽ ഫയർ ഹൈഡ്രന്റ് പോയിന്റുകൾ	നഗരസഭ	2 ലക്ഷം രൂപ വീതം	നഗരസഭ, Fire and Rescue
13	ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 'കമ്യൂണിറ്റി റസ്ക്യൂ വോളന്റിയേഴ്സ് സ്കീം'.	നഗരസഭ, സംസ്ഥാന സർക്കാർ, ദുരന്തനിവാരണ വകുപ്പ്	10 ലക്ഷം	നഗരസഭ, സംസ്ഥാന സർക്കാർ, ദുരന്തനിവാരണ വകുപ്പ്
14	അമരവിള മാർക്കറ്റ് പ്രദേശത്തു (ഏകദേശം 1 ഏക്കർ ഭൂമിയിൽ) ആധുനിക വിശ്രമ കേന്ദ്രം, താമസം, ഭക്ഷണം, പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടെ (മാർക്കറ്റ് പുനർ വികസനത്തിലൂടെ).	നഗരസഭ	25 കോടി	നഗരസഭ

ക്രമ നം	**മാസ്റ്റർ പ്ലാൻ പദ്ധതികൾ**	**ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ**	**ഏകദേശം ഇക (രൂപ)**	**സാമ്പത്തിക സ്രോതസ്സ്**
12. പാർപ്പിടവും ചേരികളും				
പ്രോജക്ട്				
1	PMAY - നവകേരള ലൈഫ് മിഷൻ	നഗരസഭ, സംസ്ഥാന സർക്കാർ	10 കോടി	നഗരസഭാ, സംസ്ഥാന സർക്കാർ
പഠനം				
1	ചേരികളുടെ ഘട്ടംഘട്ടമായ വികസനം, ചേരി വിമുക്ത പട്ടണമാക്കുന്നതിനുള്ള വിശദ പഠനം	നഗരസഭ , കുടുംബശ്രീ	20 ലക്ഷം	കേന്ദ്ര/സംസ്ഥാന സർക്കാരുടെ വിവിധ പദ്ധതികൾ

ക്രമ നം	**മാസ്റ്റർ പ്ലാൻ പദ്ധതികൾ**	**ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ**	**ഏകദേശം ഇക (രൂപ)**	**സാമ്പത്തിക സ്രോതസ്സ്**
13. ഊർജ്ജം				
പ്രോജക്ട്				
1	പൊതു സ്ഥലങ്ങളിൽ സൗരോർജ്ജ/LED വിളക്കുകൾ ;	നഗരസഭ , KSEB	10 കോടി	നഗരസഭ , KSEB
2	പൊതു ഉപയോഗ ഓഫീസുകളിൽ ഗ്രിഡ് മാതൃകയിലുള്ള സോളാർ സംവിധാനം ;	നഗരസഭ , KSEB, ANERT	10 കോടി	നഗരസഭ , KSEB, ANERT
3	11 കെവി ലൈനുകൾ, ഗാർഹിക വൈദ്യുതി ശൃംഖലകൾ എന്നിവ ഭൂഗർഭ കേബിൾ വഴി നൽകുന്നതിനായി കേബിൾ ട്രെഞ്ചുകൾ ;	നഗരസഭ , KSEB, PWD	10 കോടി	നഗരസഭ , KSEB, PWD
4	ക്യാഷ് ഡിപ്പോസിറ്റ് മെഷീൻ സംവിധാനം (വൈദ്യുതി ബിൽ അടുക്കുവാനായി)	നഗരസഭ , KSEB	50 ലക്ഷം	നഗരസഭ , KSEB
5	പ്രീ പെയ്ഡ് വൈദ്യുത മീറ്ററുകൾ		50 ലക്ഷം	

ക്രമ നം	മാസ്റ്റർ പ്ലാൻ പദ്ധതികൾ	ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ	ഏകദേശം തുക (രൂപ)	സാമ്പത്തിക സ്രോതസ്സ്
14. ഗതാഗതം				
പ്രോജക്ട്				
1	റോഡുകളുടെ വികസന നിർദ്ദേശങ്ങൾ (പുതിയ റോഡ് ഉൾപ്പെടെ)	സംസ്ഥാന സർക്കാർ, നഗരസഭ , പി.ഡബ്ല്യു.ഡി, KSRTC, ട്രാഫിക്ക് പോലീസ്, ഗതാഗത വകുപ്പ്	2 കോടി രൂപ/കി. മീ / ലെയ്ൻ	നഗരസഭാ ഫണ്ട്, KIIFB, ഗതാഗത വകുപ്പ്
2	18 ജം.നുകളുടെ മെച്ചപ്പെടുത്തൽ		3 കോടി രൂപ വീതം	
3	കാൽനട യാത്രക്കാർക്കുള്ള സൗകര്യങ്ങളുടെ വികസനം		50 ലക്ഷം /കി.മീ.	
4	ആലുംമൂട് ജം. നിൽ കാൽനടയാത്രക്കാർക്കായി ഒരു മേൽപ്പാലം,		1 കോടി രൂപ	
5	പാർക്കിംഗ് നിയന്ത്രണങ്ങൾ (നോ പാർക്കിംഗും, വൺവേ പാർക്കിംഗും), പെയ്ഡ് പാർക്കിംഗ് വികസനം 5 ജംഗ്ഷനുകളിൽ ; പാർക്കിംഗ് ഏരിയ വികസനം തുടങ്ങിയവ		75 ലക്ഷം	
6	'മൾട്ടി ലെവൽ' പാർക്കിംഗ്		10 കോടി രൂപ വീതം	
7	16 ലൊക്കേഷനുകളിലെ ബസ് ബേ നിർമ്മാണം		2 കോടി രൂപ വീതം	
8	പുതിയ പാലങ്ങൾ, അനുബന്ധമായ റോഡ് വികസനം (ചെമ്പരത്തിവിള കടവിൽ, കന്നിപ്പുറം പാലം, ആയയിൽ-കരിയിലകുളങ്ങര പാലം)		10 കോടി രൂപ വീതം	
9	റെയിൽപാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണം ;	നഗരസഭ, റെയിൽവേ അതോറിറ്റി	100 കോടി	നഗരസഭ, റെയിൽവേ അതോറിറ്റി
10	ലോക്കൽ ട്രെയിൻ സംവിധാനം ;			
11	ആർഒബി ജം. നിൽ നിന്നും റെയിൽവേ സ്റ്റേഷനിലേയ്ക്കൊരു നടപ്പാത,		1 കോടി	
12	പാർക്കിംഗ് സൗകര്യങ്ങൾ		50 ലക്ഷം	
പഠനം				
1	പട്ടണത്തിൽ എംആർടിഎസ്/എൽആർടിഎസ് റെയിൽ പദ്ധതിയുടെ വിശദ പദ്ധതി രേഖ പഠനം	നഗരസഭ , റെയിൽവേ അതോറിറ്റി, NATPAC, Inland water ways Navigation Dept.	50 ലക്ഷം	നഗരസഭാ ഫണ്ട്, റെയിൽവേ അതോറിറ്റി, ഗതാഗത വകുപ്പ്
2	ജലഗതാഗത വികസനത്തിന് സാധ്യതാ പഠനങ്ങൾ		50 ലക്ഷം	

29.2 സംഗ്രഹം

14 വികസന മേഖലകളിലായി ഏകദേശം 500 കോടി രൂപയിലേറെ മൂല്യം വരുന്ന പദ്ധതികളാണ്, മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്നത്. പദ്ധതി നിർദ്ദേശങ്ങൾക്ക് പുറമെ, ചില മേഖലകളിലെ കൂടുതൽ സാദ്ധ്യതകൾ മനസ്സിലാക്കുവാനുള്ള പഠനങ്ങളും ഈ അദ്ധ്യായത്തിൽ നിർദ്ദേശിക്കുന്നു. പദ്ധതികൾക്കു പുറമെ, ഇവ നടപ്പിലാക്കേണ്ട ഏജൻസികൾ, ഇവയ്ക്ക ഫണ്ടിംഗ് നൽകാൻ സാധ്യതയുള്ള വകുപ്പുകൾ എന്നിവയും നിഷ്കർഷിക്കുന്നു. ഈ പദ്ധതി നിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്, നഗരസഭയുടെ വാർഷിക പദ്ധതികളിൽ ഇവയെ ഉൾകൊള്ളിക്കുക എന്നതാണ്. ഇത്തരത്തിൽ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്യുന്ന മേഖലാതല വികസന നിർദ്ദേശങ്ങൾ സാക്ഷാത്ക്കരിക്കാൻ സാധിക്കുന്നതാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളുടെ കൂടുതൽ വിശദാംശങ്ങൾ അദ്ധ്യായം 30 ൽ നൽകിയിരിക്കുന്നു.

30. മുൻഗണനാ പ്രവർത്തന പ്ലാൻ

മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് സംബന്ധിക്കുന്ന ആക്ഷൻ പ്ലാൻ ഈ അധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു. പദ്ധതികളുടെ വിവരങ്ങൾ, സ്ഥലത്തിന്റെ ഉടമസ്ഥത, പദ്ധതിയുടെ ആവശ്യകത, നടപ്പിലാക്കേണ്ട ഏജൻസികൾ, ഫണ്ടിംഗ് സാധ്യത, മുൻഗണന ക്രമം എന്നീ വിവരങ്ങൾ ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു.

30.1 കാർഷിക സേവന കേന്ദ്രം

നെയ്യാറ്റിൻകര പ്രദേശത്തെ കാർഷിക മേഖലയുടെ വികസനം മുൻനിർത്തിയാണ് ഈ പദ്ധതി നിർദ്ദേശിച്ചിരിക്കുന്നത്. കാർഷിക സംബന്ധിയായ എല്ലാ ആവശ്യങ്ങൾക്കും സേവന സൗകര്യങ്ങൾ നൽകുന്ന വിഭാവനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത് (സ്പെഷ്യൽ സോൺ 1).

30.1.1 ലൊക്കേഷൻ വിശദാംശങ്ങൾ

പദ്ധതി നിർദ്ദേശിച്ചിരിക്കുന്ന ഭൂമി കാട്ടാക്കട റോഡിൽ ആലംപോറ്റ ജംഗ്ഷന് സമീപം സ്ഥിതിചെയ്യുന്നു. പെരുമ്പഴുതൂർ വില്ലേജിലെ ബ്ലോക്ക് 24 ൽ സർവ്വേ നമ്പർ 284 (പാർട്ട്)-ലാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത പ്രദേശത്തിന് ഏകദേശം 2.63 ഏക്കർ വിസ്തൃതിയുണ്ട്. പദ്ധതിയുടെ ലൊക്കേഷൻ സ്കെച്ച് ചുവടെ ചേർത്തിരിക്കുന്നു (ചിത്രം 30.1, 30.2).



ചിത്രം 30.1. നിർദ്ദിഷ്ട കാർഷിക സേവന കേന്ദ്രം സ്ഥാനം

30.1.2 ഉടമസ്ഥാവകാശ വിശദാംശങ്ങൾ

പദ്ധതിക്ക് നിർദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലാണ്. ആയതിനാൽ ഈ ഭൂമി നഗരസഭ ഏറ്റെടുക്കയോ (അദ്ധ്യായം 32, ഖണ്ഡിക 16 പരിശോധിക്കുക), PPP മാതൃകയിൽ പദ്ധതി നടപ്പിലാക്കുകയോ ചെയ്യേണ്ടതായുണ്ട്.



ചിത്രം 30.2. നിർദ്ദിഷ്ട കാർഷിക സേവന കേന്ദ്രം ഏകദേശ സ്ഥാനം -ഉപഗ്രഹ ചിത്രം

30.1.3 പദ്ധതി സംക്ഷിപ്തം

കേന്ദ്രീകൃത കാർഷിക സേവന കേന്ദ്രം സ്ഥാപിക്കുന്നതു വഴി നല്ലയിനം വിത്തുകളുടെ ലഭ്യത ഉറപ്പാക്കുക, ആധുനിക കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുക, വിള സംഭരണം, വിപണന മേളകൾ എന്നിവ ഉൾപ്പടെ കർഷകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുവാൻ സഹായിക്കും. ഇവ കൂടാതെ സാമ്പത്തിക സഹായം, പരിശീലനം/ബോധവത്കരണ ക്ലാസുകൾ, കാർഷിക സർവകലാശാല എക്സ്റ്റൻഷൻ സെൻറർ, ദുരന്ത-നിവാരണ എക്സ്റ്റൻഷൻ സെൻറർ, എന്നീ സേവനങ്ങൾ നൽകുവാനും ഈ പദ്ധതിയിലൂടെ സാധിക്കും എന്ന് വിഭാവനം ചെയ്യുന്നു.

30.1.4 ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

ഈ പദ്ധതിയ്ക്കായി നഗരസഭ, കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നീ സർക്കാർ സംവിധാനങ്ങളെയാണ് ഉത്തരവാദിത്തപ്പെട്ട ഏജൻസികകളായി കണക്കാക്കുന്നത്.

30.1.5 പദ്ധതിയുടെ ആവശ്യകത

നെയ്യാറ്റിൻകര നഗരസഭയുടെ സാമ്പത്തിക സ്രോതസ്സിന്റെ ഒരു ഉറവിടമാണ് കാർഷിക മേഖല. നിലവിൽ ഈ മേഖലയുടെ ശോഷണം വ്യക്തമാണെങ്കിലും, ഭാവിയിലെ കാഴ്ചപ്പാട് കണക്കിലെടുക്കുമ്പോൾ, ഈ മേഖലയിലെ പ്രശ്നങ്ങൾ മറിക്കടക്കേണ്ടതായുണ്ട്. നഗരസഭയുടെ വർദ്ധിച്ച വരുന്ന നാഗരിക വളർച്ച കണക്കിലെടുത്താൽ, കാർഷിക ആവശ്യങ്ങൾക്കായുള്ള ഭൂമിയുടെ പരിമിതി സ്വാഭാവികമാണ്. എന്നാൽ നഗരസഭയോട് ചേർന്നുള്ള പഞ്ചായത്തുകളിൽ ഈ കാർഷിക വികസന സാധ്യത നിലനിൽക്കുന്നു. ഈ സാധ്യത ഉപയോഗപ്പെടുത്താനും, ഇതിനായുള്ള ഉയർന്ന ശ്രേണിയിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കാനും നഗരസഭയിൽ സാധിക്കുന്നതാണ്. ഈ വസ്തുത കണക്കിലെടുത്താണ് ഒരു കേന്ദ്രീകൃത കാർഷിക സേവന കേന്ദ്രം നഗരസഭയിൽ വിഭാവനം ചെയ്യുന്നത്. കർഷകർക്ക് ആവശ്യമുള്ള എല്ലാ സൗകര്യ സേവനങ്ങളും ഈ പദ്ധതി പ്രദേശത്തു വിഭാവനം ചെയ്യുന്നു. ഇതിലൂടെ ഒരു സുസ്ഥിര വികസന മാതൃക നടപ്പിലാക്കാൻ നഗരസഭയിൽ സാധിക്കുന്നതുമാണ്.

30.1.6 പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന സംവിധാനം

പദ്ധതിയുടെ പ്രാരംഭ ആശയ രൂപീകരണം, പ്രൊജക്ട് ഘടകങ്ങൾ തീരുമാനിക്കൽ, മൊത്തത്തിലുള്ള ചെലവ് കണക്കാക്കുന്ന ഒരു ഡ്രാഫ്റ്റ് DPR തയ്യാറാക്കൽ എന്നിവ ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ ചെയ്യേണ്ടതുണ്ട്. DPR ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ, പ്രാഥമിക രൂപകൽപ്പന, ചെലവ് എന്നിവ അടിസ്ഥാനമാക്കി അത് നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ക്ഷമത, സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സാധ്യതകൾ എന്നിവയെ

അടിസ്ഥാനമാക്കി PPP, BoT, മറ്റ അനുയോജ്യമായ വികസന മാതൃകകൾ സ്വീകരിക്കാവുന്നതാണ്. ഇത് കൂടാതെ പദ്ധതിക്കുള്ള ഭൂമി സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ഏറ്റെടുക്കൽ നടപടികളും സമാന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

30.1.7 പരിഹരിക്കേണ്ട മറ്റു അനുബന്ധ പ്രശ്നങ്ങൾ

കാർഷിക സേവന കേന്ദ്രം സ്ഥാപിക്കുന്നതിനോടൊപ്പം പെരുമ്പഴുതൂരിലുള്ള നിലവിലെ കൃഷിഭവൻ പദ്ധതി പ്രദേശത്തേക്ക് ഭരണ സൗകര്യാർത്ഥം മാറ്റി സ്ഥാപിക്കേണ്ടതുമുണ്ട്. കൂടാതെ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പദ്ധതി നടത്തിപ്പ് സമയത്ത് അഭിമുഖീകരിക്കേണ്ടതുമുണ്ട്.

30.1.8 ഏകദേശ പദ്ധതി ചെലവും ഫണ്ടിംഗും

DPR അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ ആണ് കൃത്യമായ പദ്ധതി ചെലവു കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ പദ്ധതി വിഭാവനം അടിസ്ഥാനമാക്കി ഏകദേശം 5 കോടി രൂപയാണ് പദ്ധതി ചിലവായി അനുമാനിക്കുന്നത്. നഗരസഭ, കാർഷിക വകുപ്പ് എന്നീ വകുപ്പുകൾ ചേർന്നു തനതു ഫണ്ട് ഇതിനായി ലഭ്യമാക്കാവുന്നതാണ്.

30.1.9 പദ്ധതി കാലയളവും മുൻഗണനയും

പദ്ധതി കാലയളവ് ഏകദേശം 2 വർഷമായി കണക്കാക്കുന്നു. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കേണ്ടതായുള്ളതുകൊണ്ട് പദ്ധതിക്ക് ദ്വിതീയ മുൻഗണന നൽകാവുന്നതാണ്.

30.2 പ്രാദേശിക കായിക കേന്ദ്രവും ടൗൺ പാർക്കും

കായിക പരിശീലനം, കളിസ്ഥലം, സ്റ്റേഡിയം, പാർക്ക് എന്നീ ഉപയോഗങ്ങൾക്കായി ഒരു പ്രാദേശിക കായിക കേന്ദ്രവും, നഗരവാസികൾക്കായി ഒരു ടൗൺ പാർക്കും (സ്പെഷ്യൽ സോൺ 2) നിലവിലെ നഗരസഭ സ്റ്റേഡിയത്തിനു എതിർ വശത്തായി നിർദ്ദേശിക്കുന്നു.

30.2.1 ലൊക്കേഷൻ വിശദാംശങ്ങൾ

നിലവിലെ സ്റ്റേഡിയത്തിനു എതിർവശത്തായി സ്ഥിതി ചെയ്യുന്ന 8.23 ഏക്കർ സ്ഥലത്താണ് പ്രാദേശിക കായിക കേന്ദ്രം, ടൌൺ പാർക്ക് എന്നിവ നിർദേശിക്കുന്നത്. നെയ്യാറ്റിൻകര വില്ലേജിൽ ബ്ലോക്ക് 22 ൽ 28-36, 44-49, 51-68, 84-87, 90, 92, 98, 133, 134, 141-144, 151, 154, 167, 168 (പാർട്ട്), 184 എന്നീ സർവ്വേ നമ്പറുകളിൽ പദ്ധതി പ്രദേശം വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ ലൊക്കേഷൻ സ്കെച്ച് ചുവടെ കാണിച്ചിരിക്കുന്നു (ചിത്രം 30.3, 30.4).



ചിത്രം 30.3 പ്രാദേശിക കായിക കേന്ദ്രവും ടൗൺ പാർക്കും ഏകദേശ സ്ഥാനം -ഉപഗ്രഹ ചിത്രം



ചിത്രം 30.4 പ്രാദേശിക കായിക കേന്ദ്രവും ടൗൺ പാർക്കും പദ്ധതി സ്ഥാനം

30.2.2 ഉടമസ്ഥാവകാശ വിശദാംശങ്ങൾ

പദ്ധതിക്ക് നിർദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലാണ്. ആയതിനാൽ ഈ ഭൂമി നഗരസഭ ഏറ്റെടുക്കയോ (അദ്ധ്യായം 32, ഖണ്ഡിക 16 പരിശോധിക്കുക), PPP മാതൃകയിൽ പദ്ധതി നടപ്പിലാക്കുകയോ ചെയ്യേണ്ടതായുണ്ട്.

30.2.3 പദ്ധതി സംക്ഷിപ്തം

കായിക മേഖലയിലെ വികസനത്തിനായി, ഉയർന്ന രീതിയിൽ ഉള്ള കായിക സൗകര്യങ്ങൾ യുവജനങ്ങൾക്ക് നൽകേണ്ടതുണ്ട്. വിവിധ കായിക ഇനങ്ങളുടെ കളിസ്ഥലം, മറ്റ സൗകര്യങ്ങൾ, പരിശീലന സൗകര്യ-സേവനങ്ങൾ, സ്റ്റേഡിയം സൗകര്യം, താമസ സൗകര്യങ്ങൾ എന്നിവയും ആവശ്യമുണ്ട്. ഈ മേഖലയിലെ വികസനത്തിനായി പ്രാദേശിക കായിക കേന്ദ്രം എന്ന വിഭാവനം ഈ ആവശ്യം സാധ്യമാക്കുന്നതിനാണ്. ഇത് കൂടാതെ പട്ടണത്തിലെ ജനങ്ങളുടെ മാനസിക ഉല്ലാസത്തിനായാണ് പാർക്ക്, അനുബന്ധ സൗകര്യങ്ങൾ എന്നിവ വിഭാവനം ചെയ്തിരിക്കുന്നത്.

30.2.4 ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

ഈ പദ്ധതിയ്ക്കായി നഗരസഭ, സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നീ സർക്കാർ സംവിധാനങ്ങളെയാണ് ഉത്തരവാദിത്തപ്പെട്ട ഏജൻസികകളായി കണക്കാക്കുന്നത്.

30.2.5 പദ്ധതിയുടെ ആവശ്യകത

നഗരസഭാ പ്രദേശത്ത് നിലവിൽ ഉയർന്ന നിലവാരമുള്ള കായിക സൗകര്യങ്ങൾ ലഭ്യമല്ല. നഗരസഭ, നെയ്യാറ്റിൻകര താലൂക്ക് എന്നീ പ്രദേശങ്ങൾ കണക്കിലെടുക്കുമ്പോൾ യുവജനങ്ങളുടെ ഉന്നമനത്തിനായി കായിക അടിസ്ഥിത സൗകര്യങ്ങൾ കുറവായി കാണുന്നു. യുവജനങ്ങളുടെ കായിക മൂല്യം വർദ്ധിപ്പിച്ച അവരുടെ വ്യക്തിപരമായ വളർച്ചക്കും , അവരെ രാജ്യത്തിന് അഭിമാനമേകുന്ന സ്വത്ത ആക്കി മാറ്റുവാനും ഇത്തരം കായിക സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. നിലവിൽ തലസ്ഥാന നഗരയിൽ മാത്രമാണ് ഈ സൗകര്യം ലഭ്യമായിട്ടുള്ളത്. ഈ സ്ഥിതിഗതി തിരിച്ചറിഞ്ഞു കൊണ്ടാണ് പ്രാദേശികമായ ഒരു കായിക കേന്ദ്ര സൗകര്യം വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ പട്ടണത്തിൽ പാർക്കുകളുടെയും തുറസ്സായ സ്ഥലങ്ങളുടെയും അഭാവം മൂലം പട്ടണ കേന്ദ്രത്തിനു സമീപം ടൗൺ പാർക്കിന്റെ ആവശ്യം നിലനിൽകുന്നു. ഈ ആവശ്യം നിറവേറ്റാനാണ് ടൗൺ പാർക്ക് കായിക കേന്ദ്രത്തോടൊപ്പം നിർദ്ദേശിക്കുന്നത്.

30.2.6 പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന സംവിധാനം

പദ്ധതിയുടെ പ്രാരംഭ ആശയ രൂപീകരണം, പ്രൊജക്ട് ഘടകങ്ങൾ തീരുമാനിക്കൽ, മൊത്തത്തിലുള്ള ചെലവ് കണക്കാക്കുന്ന ഒരു ഡ്രാഫ്റ്റ് DPR തയ്യാറാക്കൽ എന്നിവ ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

ചെയ്യേണ്ടതുണ്ട്. DPR ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ, പ്രാഥമിക രൂപകൽപ്പന, ചെലവ് എന്നിവ അടിസ്ഥാനമാക്കി അത് നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ക്ഷമത, സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സാധ്യതകൾ എന്നിവയെ അടിസ്ഥാനമാക്കി PPP, BoT, മറ്റ അനുയോജ്യമായ വികസന മാതൃകകൾ സ്വീകരിക്കാവുന്നതാണ്. ഇത് കൂടാതെ പദ്ധതിക്കുള്ള ഭൂമി സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ഏറ്റെടുക്കൽ നടപടികളും സമാന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

30.2.7 പരിഹരിക്കേണ്ട മറ്റു അനുബന്ധ പ്രശ്നങ്ങൾ

പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പദ്ധതി നടത്തിപ്പ് സമയത്ത് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

30.2.8 ഏകദേശ പദ്ധതി ചെലവും ഫണ്ടിംഗും

DPR അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ ആണ് കൃത്യമായ പദ്ധതി ചെലവു കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ പദ്ധതി വിഭാവനം അടിസ്ഥാനമാക്കി ഏകദേശം 25 കോടി രൂപയാണ് പദ്ധതി ചിലവായി അനുമാനിക്കുന്നത്. പ്രധാനമായും നഗരസഭ, സംസ്ഥാന സർക്കാർ, സംസ്ഥാന സ്പോർട്ട്സ് - യുവജന ക്ഷേമ വകുപ്പ്, KIIFB, കേന്ദ്ര സർക്കാർ എന്നീ ഏജൻസികൾ ചേർന്നുകൊണ്ടുള്ള ഫണ്ടാണ് പദ്ധതിയ്ക്ക് ലക്ഷ്യമിടുന്നത്.

30.2.9 പദ്ധതി കാലയളവും മുൻഗണനയും

പദ്ധതി കാലയളവ് ഏകദേശം 3 വർഷമായി കണക്കാക്കുന്നു. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കേണ്ടതായുള്ളതുകൊണ്ട് പദ്ധതിക്ക് തൃതീയ മുൻഗണന നൽകാവുന്നതാണ്.

30.3 വയോജന കേന്ദ്രവും, ബഡ്സ് സ്കൂളും

നിലവിൽ നഗരസഭയിലുള്ള വയോജനങ്ങൾക്കായുള്ള പകൽ വീടിന്റെ വികസനം അത്യാവശ്യമാണ്. ഇത് കൂടാതെ പട്ടണത്തിൽ വയോജനങ്ങൾക്കായി ഒരു വയോജന കേന്ദ്രവും, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കായി ഒരു സ്പെഷ്യൽ സ്കൂളും നെയ്യാറ്റിൻകര പട്ടണത്തിൽ ആവശ്യമുണ്ട്. അയതിനായി സംയോജിതമായി (സ്പെഷ്യൽ സോൺ 3) ഒരു വയോജന കേന്ദ്രവും, ബഡ്സ് മാതൃകയിലുള്ള ഒരു സ്പെഷ്യൽ സ്കൂളും നഗരത്തിൽ നിർദ്ദേശിക്കുന്നു.

30.3.1 ലൊക്കേഷൻ വിശദാംശങ്ങൾ

നിലവിലെ പോലീസ് ക്വാർട്ടർസിന് സമീപവും, റെയിൽവേ ലൈനിനും നെയ്യാറിനും സമീപത്തായും, നെയ്യാറ്റിൻകര വില്ലേജിൽ ബ്ലോക്ക് 53 ൽ സർവ്വേ നമ്പർ 56, 57(പാർട്ട്) -ൽ ഉൾപെടുന്ന 0.72 ഏക്കർ വിസ്തൃതിയുള്ള ഭൂമിയിൽ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ ലൊക്കേഷൻ സ്കെച്ച് ചുവടെ കാണിച്ചിരിക്കുന്നു (ചിത്രം 30.5, 30.6)



ചിത്രം 30.5 വയോജന കേന്ദ്രവും, ബഡ്സ് സ്കൂളും ഏകദേശ സ്ഥാനം -ഉപഗ്രഹ ചിത്രം



ചിത്രം 30.6 വയോജന കേന്ദ്രവും ബഡ്സ് സ്കൂളും പദ്ധതി സ്ഥാനം

30.3.2 ഉടമസ്ഥാവകാശ വിശദാംശങ്ങൾ

പദ്ധതിക്ക് നിർദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലാണ്. ആയതിനാൽ ഈ ഭൂമി നഗരസഭ ഏറ്റെടുക്കയോ (അദ്ധ്യായം 32, ഖണ്ഡിക 16 പരിശോധിക്കുക), PPP മാതൃകയിൽ പദ്ധതി നടപ്പിലാക്കുകയോ ചെയ്യേണ്ടതായുണ്ട്.

30.3.3 പദ്ധതി സംക്ഷിപ്തം

വയോജനങ്ങളുടെ സാമൂഹിക-പാർപ്പിട ആവശ്യങ്ങൾക്ക് പരിഹാരമായുള്ള ഒരു വയോജന കേന്ദ്രമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വയോജനങ്ങൾക്ക് ആവശ്യമുള്ള താമസ സൗകര്യം, ഉല്ലാസ സൗകര്യങ്ങൾ, ആരോഗ്യ സംവിധാനങ്ങൾ, ചികിത്സ സൗകര്യങ്ങൾ എന്നിവയെല്ലാം ഉൾപെടുന്ന ഒരു കേന്ദ്രമാണ് വിഭാവനം ചെയ്യുന്നത്. പ്രത്യേക കഴിവുകൾ, ആവശ്യങ്ങൾ എന്നിവ വേണ്ടിയിട്ടുള്ള കുട്ടികൾക്കായുള്ള ഒരു കേന്ദ്രവും ഒരു പട്ടണത്തിനു ഈ കാലഘട്ടത്തിൽ അത്യന്താപേക്ഷിതമാണ്. കുട്ടികളുടെ താമസ സൗകര്യം, ഉല്ലാസ സൗകര്യങ്ങൾ, പഠന സൗകര്യങ്ങൾ ചികിത്സ സൗകര്യങ്ങൾ എന്നിവയെല്ലാം ഉൾപെടുന്ന ബഡ്സ് സ്കൂൾ മാതൃകയിലുള്ള ഒരു കേന്ദ്രമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

30.3.4 ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

നഗരസഭാ, സംസ്ഥാന സർക്കാർ, കുടുംബശ്രീ, സാമൂഹിക നീതി വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങളെയാണ് ഉത്തരവാദിത്തപ്പെട്ട ഏജൻസികകളായി കണക്കാക്കുന്നത്.

30.3.5 പദ്ധതിയുടെ ആവശ്യകത

നിലവിലെ കാനേഷുമാരി വിവരങ്ങൾ പരിശോധിക്കുമ്പോൾ, വയോജനങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് വരും കാലങ്ങളിൽ കാണുന്നു. എന്നാൽ സാമൂഹിക സ്ഥിതി വിവരങ്ങൾ വെളിവാക്കുന്നത്, ഇവരുടെ പാർപ്പിട സൗകര്യങ്ങളുടെ അഭാവമാണ്. ഭാവിയിൽ ഈ വിഷയം ഉചിതമായി അഭിമുഖീകരിക്കേണ്ട ഉത്തരവാദിത്വം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതായുണ്ട്. നിലവിൽ നഗരസഭ പ്രദേശത്ത് നിലനില്ക്കുന്ന, ഓൾഡ് ഏജ് ഹോം, പകൽ വീടുകൾ എന്നിവയ്ക്ക് ഇതിനായുള്ള സൗകര്യങ്ങൾ ഒരുക്കുന്നത്തിൽ പരിമിതികളുണ്ട് എന്നതിനാൽ ഇതിനായി ഒരു വയോജന കേന്ദ്രം നെയ്യാറ്റിൻകര പട്ടണത്തിൽ ആവശ്യമുണ്ട്.

പ്രായമായുള്ളവരെ സുരക്ഷിതമായി നോക്കുവാനും, അവർക്ക് സമപ്രായത്തിലുള്ളവരുമായി സാമൂഹിക ഇടപെടലുകൾ നടത്തുന്നതിനും, അവരുടെ ആരോഗ്യവും, ആവശ്യങ്ങളും 24x7 നിറവേറ്റുന്നതുമായ ഒരു വയോജന കേന്ദ്രം തീർച്ചയായും പ്രയോജനകരമായിരിക്കും.

സ്പെഷ്യൽ ആവശ്യങ്ങളുള്ള കുട്ടികൾക്കുള്ള വിദ്യാലയങ്ങൾ ഇന്നത്തെ കാലഘട്ടത്തിലെ ഒരു ആവശ്യമാണ്. കുടുംബശ്രീ ഏജൻസി ആരംഭിച്ച ബഡ്സ് (BUDS) എന്ന ഡിസബിലിറ്റി മെയിൻസ്ട്രീമിംഗ് പ്രോഗ്രാം (Disability Mainstreaming Program) സാമ്പത്തികമായും വൈകാരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക വളരെ ആവശ്യമുള്ള സൗകര്യമാണ്. എന്നാൽ ഇത്തരം സൗകര്യങ്ങൾ എല്ലാ പ്രദേശങ്ങളിലും ലഭ്യമല്ല എന്നതിനാൽ, ഈ കുട്ടികൾ അവരുടെ മാതാപിതാക്കൾ എന്നിവർക്ക് ഒരുപാട്

ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ എല്ലാ നാഗരിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇത്തരം വിദ്യാഭ്യാസ, വികസന കേന്ദ്രങ്ങൾ അവശ്യമായി വികസിപ്പിക്കേണ്ടതായുണ്ട്. ഈ വിഷയം പരിഗണിച്ചാണ് ഇത്തരം ഒരു പദ്ധതി മാസ്റ്റർ പ്ലാനിലൂടെ നിർദ്ദേശിക്കുന്നത്.

30.3.6 പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന സംവിധാനം

പദ്ധതിയുടെ പ്രാരംഭ ആശയ രൂപീകരണം, പ്രൊജക്ട് ഘടകങ്ങൾ തീരുമാനിക്കൽ, മൊത്തത്തിലുള്ള ചെലവ് കണക്കാക്കുന്ന ഒരു ഡ്രാഫ്റ്റ് DPR തയ്യാറാക്കൽ എന്നിവ ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ ചെയ്യേണ്ടതുണ്ട്. DPR ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ, പ്രാഥമിക രൂപകൽപ്പന, ചെലവ് എന്നിവ അടിസ്ഥാനമാക്കി അത് നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ക്ഷമത, സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സാധ്യതകൾ എന്നിവയെ അടിസ്ഥാനമാക്കി PPP, BoT, മറ്റ അനുയോജ്യമായ വികസന മാതൃകകൾ എന്നിവ സ്വീകരിക്കാവുന്നതാണ്. ഇത് കൂടാതെ പദ്ധതിക്കുള്ള ഭൂമി സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ഏറ്റെടുക്കൽ നടപടികളും സമാന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

30.3.7 പരിഹരിക്കേണ്ട മറ്റു അനുബന്ധ പ്രശ്നങ്ങൾ

പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പദ്ധതി നടത്തിപ്പ് സമയത്തു അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

30.3.8 ഏകദേശ പദ്ധതി ചെലവും ഫണ്ടിംഗും

DPR അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ ആണ് കൃത്യമായ പദ്ധതി ചെലവു കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ പദ്ധതി വിഭാവനം അടിസ്ഥാനമാക്കി ഏകദേശം 5 കോടി രൂപയാണ് പദ്ധതി ചിലവായി അനുമാനിക്കുന്നത്. പ്രധാനമായും നഗരസഭാ, സംസ്ഥാന സർക്കാർ, സാമൂഹിക നീതി വകുപ്പ്, KIIFB എന്നീ ഏജൻസികൾ ചേർന്നുകൊണ്ടുള്ള ഫണ്ടാണ് പദ്ധതിയ്ക്ക് ലക്ഷ്യമിടുന്നത്.

30.3.9 പദ്ധതി കാലയളവും മുൻഗണനയും

പദ്ധതി കാലയളവ് ഏകദേശം 2 വർഷമായി കണക്കാക്കുന്നു. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കേണ്ടതായുള്ളതുകൊണ്ട് പദ്ധതിക്ക് ദ്വിതീയ മുൻഗണന നൽകാവുന്നതാണ്.

30.4 ആശുപത്രി വിപുലീകരണ മേഖല

ജില്ലാ ആശുപത്രിയുടെ ഭാവി വികസനത്തിനായി സ്ഥലം ഏറ്റെടുക്കുവാനും ഈ പദ്ധതി പ്രദേശത്ത് ആസൂത്രിതമായ ആശുപത്രി വിപുലീകരണം, അനുബന്ധ വികസനങ്ങൾ, ആശുപത്രി ക്വാർട്ടർസ്, ആംബുലൻസ് പാർക്കിംഗ്, പദ്ധതി പ്രദേശത്തെക്കുള്ള റോഡുകൾ, എന്നിവ നടപ്പിലാക്കുവാനും നിർദ്ദേശിക്കുന്നു. ഇതിനായി ഒരു ആശുപത്രി വിപുലികരണ മേഖല (സ്പെഷ്യൽ സോൺ 4) മാസ്റ്റർ പ്ലാനിലൂടെ നിർദ്ദേശിക്കുന്നു.

30.4.1 ലൊക്കേഷൻ വിശദാംശങ്ങൾ

നിലവിലെ പോലീസ് ക്വർട്ടേസിനു സമീപവും, റെയിൽവേ ലൈനിന് സമീപത്തായും വരുന്ന 8.28 ഏക്കർ സ്ഥലത്ത് ഈ പദ്ധതി നിർദേശിക്കുന്നു. നെയ്യാറ്റിൻകര വില്ലേജിൽ ബ്ലോക്ക് 53 ൽ സർവ്വേ നമ്പർ 31-43, 45, 101, 102, 110-114, 119-121, 123, 124 എന്നിവയിൽ ഈ പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നു. പദ്ധതിയുടെ ലൊക്കേഷൻ സ്കെച്ച് ചുവടെ കാണിച്ചിരിക്കുന്നു (ചിത്രം 30.7, 30.8).

30.4.2 ഉടമസ്ഥാവകാശ വിശദാംശങ്ങൾ

പദ്ധതിക്ക് നിർദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലാണ്. ആയതിനാൽ ഈ ഭൂമി നഗരസഭ ഏറ്റെടുക്കയോ (അദ്ധ്യായം 32, ഖണ്ഡിക 16 പരിശോധിക്കുക), PPP മാതൃകയിൽ പദ്ധതി നടപ്പിലാക്കുകയോ ചെയ്യേണ്ടതായുണ്ട്.

30.4.3 പദ്ധതി സംക്ഷിപ്തം

നെയ്യാറ്റിൻകര പ്രദേശത്തിന്റെ ആരോഗ്യ മേഖലയിൽ പ്രധാന പങ്കു വഹിക്കുന്ന ഒരു സ്ഥാപനമാണ് നെയ്യാറ്റിൻകര ജില്ലാ ആശുപത്രി. എന്നാൽ ജില്ലാ ആശുപത്രിയ്ക്ക് ആവശ്യമായ വികസന ഘടകങ്ങൾ കൊണ്ട് വരുന്നതിനുള്ള സ്ഥലപരിമിതി ഉണ്ട്. പുതിയ ബ്ലോക്കുകൾ, രോഗികൾക്കായുള്ള റൂം സൗകര്യങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ, എല്ലാ മെഡിക്കൽ ശ്രേണിയിലെയും, വിദഗ്ധ ഡോക്ടർമാരുടെ സേവനം എന്നീ ഘടകങ്ങൾ നടപ്പിലാക്കുവാനുള്ള സ്ഥലപരിമിതിയുടെ വിഷയം പരിഗണിച്ചു കൊണ്ടാണ് ഈ സോൺ മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്നത്.



ചിത്രം 30.7 ആശുപത്രി വിപുലീകരണ മേഖല ഏകദേശ സ്ഥാനം -ഉപഗ്രഹ ചിത്രം



ചിത്രം 30.8 ആശുപത്രി വിപുലീകരണ മേഖല പദ്ധതി സ്ഥാനം

30.4.4 ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

ജില്ലാ പഞ്ചായത്ത്, സംസ്ഥാന ആരോഗ്യ വകുപ്പ്, നഗരസഭ എന്നീ സർക്കാർ സംവിധാനങ്ങളെയാണ് ഉത്തരവാദിത്തപ്പെട്ട ഏജൻസികകളായി കണക്കാക്കുന്നത്.

30.4.5 പദ്ധതിയുടെ ആവശ്യകത

നെയ്യാറ്റിൻകര താലൂക്കിന്റെയും, ചുറ്റുമുള്ള പ്രദേശങ്ങളുടെയും ആരോഗ്യ പരിരക്ഷയ്ക്ക സുപ്രധാനമായ സ്ഥാനം വഹിക്കുന്ന ആരോഗ്യ കേന്ദ്രമാണ് നെയ്യാറ്റിൻകര ജില്ലാ ആശുപത്രി. എന്നാൽ നിലവിൽ ഈ ആരോഗ്യ സ്ഥാപനത്തിന്റെ വിപുലീകരണത്തിനു തടസ്സമായി നിൽക്കുന്നത്, ഇവിടത്തെ സ്ഥലപരിമിതിയാണ്.

നിലവിലെ ജില്ലാ ആശുപത്രിയോട് ചേർന്നും, എന്നാൽ സ്ഥല ലഭ്യത ഉണ്ടാകുന്നതുമായ പ്രദേശം ആവശ്യമായതിനാലാണ്, പ്രസ്തുത പ്രദേശത്ത് ഈ പദ്ധതി നിർദ്ദേശിച്ചിട്ടുള്ളത്.

30.4.6 പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന സംവിധാനം

പദ്ധതിയുടെ പ്രാരംഭ ആശയ രൂപീകരണം, പ്രൊജക്ട് ഘടകങ്ങൾ തീരുമാനിക്കൽ, മൊത്തത്തിലുള്ള ചെലവ് കണക്കാക്കുന്ന ഒരു ഡ്രാഫ്റ്റ് DPR തയ്യാറാക്കൽ എന്നിവ ഉത്തരവാദിത്തപെട്ട ഏജൻസികൾ ചെയ്യേണ്ടതുണ്ട്. DPR ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ, പ്രാഥമിക രൂപകൽപ്പന, ചെലവ് എന്നിവ അടിസ്ഥാനമാക്കി അത് നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ക്ഷമത, സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സാധ്യതകൾ എന്നിവയെ അടിസ്ഥാനമാക്കി PPP, BoT, മറ്റ അനുയോജ്യമായ വികസന മാതൃകകൾ എന്നിവ സ്വീകരിക്കാവുന്നതാണ്. ഇത് കൂടാതെ പദ്ധതിക്കുള്ള ഭൂമി സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ഏറ്റെടുക്കൽ നടപടികളും സമാന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

30.4.7 പരിഹരിക്കേണ്ട മറ്റു അനുബന്ധ പ്രശ്നങ്ങൾ

പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പദ്ധതി നടത്തിപ്പ് സമയത്ത് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

30.4.8 ഏകദേശ പദ്ധതി ചെലവും ഫണ്ടിംഗും

DPR അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ ആണ് കൃത്യമായ പദ്ധതി ചെലവു കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ പദ്ധതി വിഭാവനം അടിസ്ഥാനമാക്കി ഏകദേശം 50 കോടി രൂപയാണ് പദ്ധതി ചിലവായി അനുമാനിക്കുന്നത്. പ്രധാനമായും ജില്ലാ പഞ്ചായത്ത്, സംസ്ഥാന ആരോഗ്യ വകുപ്പ്, നഗരസഭ, KIIFB എന്നീ ഏജൻസികൾ ചേർന്നുകൊണ്ടുള്ള ഫണ്ടാണ് പദ്ധതിയ്ക്ക് ലക്ഷ്യമിടുന്നത്.

30.4.9 പദ്ധതി കാലയളവും മുൻഗണനയും

പദ്ധതി കാലയളവ് ഏകദേശം 3 വർഷമായി കണക്കാക്കുന്നു. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കേണ്ടതായുള്ളതുകൊണ്ട് പദ്ധതിക്ക് ദ്വിതീയ മുൻഗണന നൽകാവുന്നതാണ്.

30.5 ഈരാറ്റിൻപുറം പാർക്ക്

ഈരാറ്റിൻപുറത്തെ ഒരു നദീ തടപാർക്കായി വികസിപ്പിച്ചു ഈ പ്രദേശത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുകയും, പാർക്ക് വികസനം കൂടാതെ ഒരു എക്കോ-വാക്ക്-വേ (Eco-walkway) സംവിധാനം നൽകുവാനും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. (സ്പെഷ്യൽ സോൺ 5)

30.5.1 ലൊക്കേഷൻ വിശദാംശങ്ങൾ

ഈരാറ്റിൻപുറം ടൂറിസം പ്രദേശത്ത് ഉൾപ്പെടുന്ന (പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24 ൽ സർവ്വേ നമ്പർ 9) 4.2 ഏക്കർ വിസ്തൃതി വരുന്ന ഭൂമിയിൽ ഈ പദ്ധതി നിർദ്ദേശിക്കുന്നു. പദ്ധതിയുടെ ലൊക്കേഷൻ സ്കെച്ച് ചുവടെ കാണിച്ചിരിക്കുന്നു (ചിത്രം 30.9, 30.10).



ചിത്രം 30.9 ഈരാറ്റിൻപുറം പാർക്ക് ഏകദേശ സ്ഥാനം – ഉപഗ്രഹ ചിത്രം



ചിത്രം 30.10 ഈരാറ്റിൻപുറം പാർക്ക് പദ്ധതി സ്ഥാനം

30.5.2 ഉടമസ്ഥാവകാശ വിശദാംശങ്ങൾ

പദ്ധതിക്ക് നിർദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലാണ്. ആയതിനാൽ ഈ ഭൂമി നഗരസഭ ഏറ്റെടുക്കയോ (അദ്ധ്യായം 32, ഖണ്ഡിക 16 പരിശോധിക്കുക), PPP മാതൃകയിൽ പദ്ധതി നടപ്പിലാക്കുകയോ ചെയ്യേണ്ടതായുണ്ട്.

30.5.3 പദ്ധതി സംക്ഷിപ്തം

നെയ്യാറിന്റെ പ്രകൃതി ഭംഗി ജനങ്ങളുടെ ഉല്ലാസത്തിനായി, പൂർണ്ണമായും വിനിയോഗിക്കത്തക്കവണ്ണം ആസൂത്രിതമായ ഒരു ടൂറിസം വികസനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പദ്ധതി പ്രദേശത്ത് നിലവിൽ ചില ടൂറിസം വികസനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും, വിപുലമായ രീതിയിൽ ഉള്ള ടൂറിസം വികസനം ഈ പ്രദേശത്ത് ഇനിയും സാധ്യമാണ്. വാക്-വേ, ത്രക്കുപാലം, സിപ്പ് ലൈൻസ്, പാർക്ക്, ബോട്ടിംഗ്, ഈറ്ററീസ്, പച്ച തുരുത്ത്, മിയാവാക്കി വനങ്ങൾ, ഹെർബൽ ഗാർഡൻസ് തുടങ്ങിയ സൗകര്യങ്ങൾ നൽകുവാനാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ചില മാതൃക ചിത്രങ്ങൾ ചുവടെ നൽകിയിരിക്കുന്നു.



30.5.4 ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

നഗരസഭ, ടൂറിസം വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങളെയാണ് ഉത്തരവാദിത്തപ്പെട്ട ഏജൻസികകളായി കണക്കാക്കുന്നത്.

30.5.5 പദ്ധതിയുടെ ആവശ്യകത

നെയ്യാറ്റിൻകര നഗരസഭയെ സംബന്ധിച്ച, നെയ്യാറും, നെയ്യാറിന്റെ നദീ തടവും നൽകുന്ന ടൂറിസം സാദ്ധ്യതകൾ അനന്തമാണ്. നെയ്യാറ്റിൻകര നഗരസഭയുടെ മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്, നെയ്യാറിനെ ആസ്പദമാക്കിയുള്ള ഹെറിറ്റേജ് ടെയിൽ പദ്ധതി. ഈ പദ്ധതിയുടെ തുടക്കം ഈരാറ്റിൻപുറം പ്രദേശത്താണ്. ഇവിടെ നദിയുടെ വളരെ ഭംഗിയേറിയ ഒരു പ്രദേശമാണ്.

നഗരത്തിൽ പൊതുവായി പാർക്ക്, ഓപ്പൺ സ്പേസ് എന്നിവ കുറവായാണ് കാണപ്പെടുന്നത്. സ്ഥലപരിമിതി, സാമ്പത്തിക പരിമിതി എന്നിവ കണക്കിലെടുക്കുമ്പോൾ, ഇത്തരം പ്രകൃതി സൗന്ദര്യമുള്ള നദീതടങ്ങൾ ആസൂത്രിത ഗ്രീൻ സ്പേസ് ആയി വികസിപ്പിക്കുന്നത് ഉചിതമായി കാണുന്നു. ഈ ആവശ്യങ്ങൾ പരിഗണിച്ചാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

30.5.6 പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന സംവിധാനം

പദ്ധതിയുടെ പ്രാരംഭ ആശയ രൂപീകരണം, പ്രൊജക്ട് ഘടകങ്ങൾ തീരുമാനിക്കൽ, മൊത്തത്തിലുള്ള ചെലവ് കണക്കാക്കുന്ന ഒരു ഡ്രാഫ്റ്റ് DPR തയ്യാറാക്കൽ എന്നിവ ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ ചെയ്യേണ്ടതുണ്ട്. DPR ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ, പ്രാഥമിക രൂപകൽപ്പന, ചെലവ് എന്നിവ അടിസ്ഥാനമാക്കി അത് നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ക്ഷമത, സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സാധ്യതകൾ എന്നിവയെ അടിസ്ഥാനമാക്കി PPP, BoT, മറ്റ അനുയോജ്യമായ വികസന മാതൃകകൾ എന്നിവ സ്വീകരിക്കാവുന്നതാണ്. ഇത് കൂടാതെ പദ്ധതിക്കുള്ള ഭൂമി സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ഏറ്റെടുക്കൽ നടപടികളും സമാന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

30.5.7 പരിഹരിക്കേണ്ട മറ്റു അനുബന്ധ പ്രശ്നങ്ങൾ

പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പദ്ധതി നടത്തിപ്പ് സമയത്ത് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ പദ്ധതി പ്രദേശത്തേക്കുള്ള നിലവിലുള്ള റോഡിനു മാസ്റ്റർ പ്ലാനിൽ 8 മീറ്റർ വീതിയിൽ വികസന നിർദേശം ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പദ്ധതി നടത്തിപ്പ് സമയത്ത് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

30.5.8 ഏകദേശ പദ്ധതി ചെലവും ഫണ്ടിംഗും

DPR അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ ആണ് കൃത്യമായ പദ്ധതി ചെലവു കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ പദ്ധതി വിഭാവനം അടിസ്ഥാനമാക്കി ഏകദേശം 20 കോടി രൂപയാണ് പദ്ധതി ചിലവായി അനുമാനിക്കുന്നത്. പ്രധാനമായും നഗരസഭ, ടൂറിസം വകുപ്പ്, കേന്ദ്ര സർക്കാർ എന്നീ ഏജൻസികൾ ചേർന്നുകൊണ്ടുള്ള ഫണ്ടാണ് പദ്ധതിയ്ക്ക് ലക്ഷ്യമിടുന്നത്.

30.5.9 പദ്ധതി കാലയളവും മുൻഗണനയും

പദ്ധതി കാലയളവ് ഏകദേശം 2 വർഷമായി കണക്കാക്കുന്നു. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കേണ്ടതായുള്ളതുകൊണ്ട് പദ്ധതിക്ക് ദ്വിതീയ പരിഗണന നൽകാവുന്നതാണ്.

30.6 നെയ്യാർ പാർക്ക്

നെയ്യാർ നദീ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ പ്രദേശം നഗരസഭാ പ്രദേശത്തിനും, ചുറ്റുമുള്ള പ്രദേശങ്ങൾക്കും ഒരു ഉല്ലാസ കേന്ദ്രമായി വികസിപ്പിക്കുവാനുള്ള സാധ്യതയുള്ള ഒരു പ്രദേശമാണ്. പാർക്ക്, പ്ലേ ഏരിയ, ജല ടൂറിസം, മറ്റ അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം നൽകി ആസൂത്രിതമായി വികസിപ്പിച്ചെടുക്കാൻ പറ്റിയ ഭൂപ്രദേശമാണ് നഗരസഭയിൽ CSI ജംക്ഷനു സമീപം സ്ഥിതി ചെയ്യുന്നത്. (സ്പെഷ്യൽ സോൺ 6).

30.6.1 ലൊക്കേഷൻ വിശദാംശങ്ങൾ

CSI ജം-ചെങ്കൽ റോഡ് വഴി നെയ്യാറിന്റെ കരയിലായി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഈ പദ്ധതി നിർദ്ദേശിക്കുന്നു. ചെങ്കൽ വില്ലേജിൽ ബ്ലോക്ക് 81 ൽ 117, 118, 121, 122, 123, 183-192 സർവ്വേ നമ്പരുകളിൽ 3.43 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്താണ് ഈ പദ്ധതി പ്രദേശം. വ്യാപിച്ചു കിടക്കുന്നു. പദ്ധതിയുടെ ലൊക്കേഷൻ സ്കെച്ച് ചുവടെ കാണിച്ചിരിക്കുന്നു. (ചിത്രം 30.11, 30.12)



ചിത്രം 30.11 നെയ്യാർ പാർക്ക് ഏകദേശ സ്ഥാനം – ഉപഗ്രഹ ചിത്രം



ചിത്രം 30.12 നെയ്യാർ പാർക്ക് പദ്ധതി സ്ഥാനം

30.6.2 ഉടമസ്ഥാവകാശ വിശദാംശങ്ങൾ

പദ്ധതിക്ക് നിർദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലാണ്. ആയതിനാൽ ഈ ഭൂമി നഗരസഭ ഏറ്റെടുക്കയോ (അദ്ധ്യായം 32, ഖണ്ഡിക 16 പരിശോധിക്കുക), PPP മാതൃകയിൽ പദ്ധതി നടപ്പിലാക്കുകയോ ചെയ്യേണ്ടതായുണ്ട്.

30.6.3 പദ്ധതി സംക്ഷിപ്തം



നെയ്യാറിന്റെ കരയിലുള്ള ഈ ഭൂമിയുടെ പ്രകൃതി ഭംഗി ജനങ്ങളുടെ ഉല്ലാസത്തിനായി, പൂർണ്ണമായും വിനിയോഗിക്കത്തക്കവണ്ണം ആസൂത്രിതമായ ഒരു ടൂറിസം വികസനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വിപുലമായ രീതിയിൽ ഉള്ള ടൂറിസം വികസനം ഈ പ്രദേശത്ത് സാധ്യമാണ്. വാക്-വേ, സിപ്പ് ലൈൻസ്, പാർക്ക്, ബോട്ടിംഗ്, ഈറ്ററീസ്, പച്ച തുരുത്ത്, മിയാവാക്കി വനങ്ങൾ, ഹെർബൽ ഗാർഡൻസ്, അഡ്വെഞ്ചർ ടൂറിസം തുടങ്ങിയ സൗകര്യങ്ങൾ നൽകുവാനാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ചില മാതൃക ചിത്രങ്ങൾ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തേക്ക് പുല്ലാമല പി. ജി. എം. എച്ച്. എസ്. എസ്. -നു സമീപമുള്ള ഇഷ്ടിക ഫാക്ടറിയുടെ സമീപത്തുകൂടെയോ, നദീതടത്തിലൂടെയോ പ്രവേശന മാർഗ്ഗം നൽകാവുന്നതാണ്.

30.6.4 ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

നഗരസഭ, ടൂറിസം വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങളെയാണ് ഉത്തരവാദിത്തപ്പെട്ട ഏജൻസികകളായി കണക്കാക്കുന്നത്.

30.6.5 പദ്ധതിയുടെ ആവശ്യകത

നെയ്യാറ്റിൻകര നഗരസഭയെ സംബന്ധിച്ച, നെയ്യാറും, നെയ്യാറിന്റെ നദീ തടവും നൽകുന്ന ടൂറിസം സാദ്ധ്യതകൾ അനന്തമാണ്. നെയ്യാറ്റിൻകര നഗരസഭയുടെ മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്, നെയ്യാറിനെ ആസ്പദമാക്കിയുള്ള ഹെറിറ്റേജ് ടെയിൽ പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന, നെയ്യാറിനോട് ചേർന്ന് വികസിപ്പിക്കാൻ പറ്റിയ ഏറ്റവും വലിയ പാർക്ക് പ്രദേശമാണ്, നെയ്യാർ പാർക്ക് എന്ന വിഭാവനം. ഈ പ്രദേശത്തിനോട് ചേർന്ന് വരുന്ന നദിയുടെ ഭാഗം വളരെ ഭംഗിയേറിയ ഒരു പ്രദേശമാണ്.

നഗരത്തിൽ പൊതുവായി പാർക്ക്, ഓപ്പൺ സ്പേസ് എന്നിവ കുറവായാണ് കാണപ്പെടുന്നത്. സ്ഥലപരിമിതി, സാമ്പത്തിക പരിമിതി എന്നിവ കണക്കിലെടുക്കുമ്പോൾ, ഇത്തരം പ്രകൃതി സൗന്ദര്യമുള്ള നദിയോട് ചേർന്ന പ്രദേശങ്ങൾ ആസൂത്രിത ഗ്രീൻ സ്പേസ് ആയി വികസിപ്പിക്കുന്നത് ഉചിതമായി കാണുന്നു. ഈ ആവശ്യങ്ങൾ പരിഗണിച്ചാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

30.6.6 പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന സംവിധാനം

പദ്ധതിയുടെ പ്രാരംഭ ആശയ രൂപീകരണം, പ്രൊജക്ട് ഘടകങ്ങൾ തീരുമാനിക്കൽ, മൊത്തത്തിലുള്ള ചെലവ് കണക്കാക്കുന്ന ഒരു ഡ്രാഫ്റ്റ് DPR തയ്യാറാക്കൽ എന്നിവ ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ ചെയ്യേണ്ടതുണ്ട്. DPR ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ, പ്രാഥമിക രൂപകൽപ്പന, ചെലവ് എന്നിവ

അടിസ്ഥാനമാക്കി അത് നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ക്ഷമത, സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സാധ്യതകൾ എന്നിവയെ അടിസ്ഥാനമാക്കി PPP, BoT, മറ്റ അനുയോജ്യമായ വികസന മാതൃകകൾ എന്നിവ സ്വീകരിക്കാവുന്നതാണ്. ഇത് കൂടാതെ പദ്ധതിക്കുള്ള ഭൂമി സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ഏറ്റെടുക്കൽ നടപടികളും സമാന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

30.6.7 പരിഹരിക്കേണ്ട മറ്റു അനുബന്ധ പ്രശ്നങ്ങൾ

പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പദ്ധതി നടത്തിപ്പ് സമയത്ത് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ദേശീയ പാതയിൽ നിന്നും പദ്ധതി പ്രദേശത്തേക്കുള്ള നിലവിലുള്ള റോഡിനു മാസ്റ്റർ പ്ലാനിൽ 8 മീറ്റർ വീതിയിൽ വികസന നിർദേശം ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പദ്ധതി നടത്തിപ്പ് സമയത്ത് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

30.6.8 ഏകദേശ പദ്ധതി ചെലവും ഫണ്ടിംഗും

DPR അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ ആണ് കൃത്യമായ പദ്ധതി ചെലവു കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ പദ്ധതി വിഭാവനം അടിസ്ഥാനമാക്കി ഏകദേശം 20 കോടി രൂപയാണ് പദ്ധതി ചിലവായി അനുമാനിക്കുനത്. പ്രധാനമായും നഗരസഭ, ടൂറിസം വകുപ്പ്, കേന്ദ്ര സർക്കാർ പദ്ധതികൾ എന്നീ ഏജൻസികൾ ചേർന്നുകൊണ്ടുള്ള ഫണ്ടാണ് പദ്ധതിയ്ക്ക് ലക്ഷ്യമിടുന്നത്.

30.6.9 പദ്ധതി കാലയളവും മുൻഗണനയും

പദ്ധതി കാലയളവ് ഏകദേശം 2 വർഷമായി കണക്കാക്കുന്നു. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കേണ്ടതായുള്ളതുകൊണ്ട് പദ്ധതിക്ക് തൃതീയ മുൻഗണന നൽകാവുന്നതാണ്.

30.7 നിർദ്ദിഷ്ട ടൗൺ ഹാൾ

നെയ്യാറ്റിൻകര നഗരസഭയുടെ ഭാവി വികസനം കണക്കിലെടുക്കുമ്പോൾ, നഗരത്തിനു ഉചിതമായ ഒരു പുതിയ വിശാലമായ ടൗൺ ഹാൾ ആവശ്യമാണെന്ന് കാണുന്നു. നിലവിലെ ടൗൺ ഹാൾ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ നാമത്തിൽ ഒരു സ്വാതന്ത്ര്യ സമര സ്മരണ മ്യൂസിയമായി വികസിപ്പിക്കാൻ സാധിക്കുന്നതാണ്. ഈ കാഴ്ചപ്പാടോടെയാണ് പ്രസ്തുത പദ്ധതി മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നത്.

30.7.1 ലൊക്കേഷൻ വിശദാംശങ്ങൾ

നെയ്യാറ്റിൻകര വില്ലേജിൽ ബ്ലോക്ക് 26 ൽ സർവ്വേ നമ്പർ 3, 4, 5, 6, 7, 8, 9, 10 എന്നിവയിലായി ഈ പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നു. 1.87 ഏക്കർ വിസ്തൃതിയാണ് പദ്ധതി പ്രദേശത്തിന്. പദ്ധതി സ്ഥാനത്തിന്റെ ലൊക്കേഷൻ സ്കെച്ച് ചുവടെ കാണിച്ചിരിക്കുന്നു (ചിത്രം 30.13, 30.14)



ചിത്രം 30.13 ടൗൺ ഹാൾ ഏകദേശ സ്ഥാനം – ഉപഗ്രഹ ചിത്രം



ചിത്രം 30.14 ടൗൺ ഹാൾ പദ്ധതി സ്ഥാനം

30.7.2 ഉടമസ്ഥാവകാശ വിശദാംശങ്ങൾ

പദ്ധതിക്ക് നിർദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും നഗരസഭ ഉടമസ്ഥതയിലാണ്.

30.7.3 പദ്ധതി സംക്ഷിപ്തം



നഗരസഭയുടെ പുതുവായ ചടങ്ങുകൾക്ക് ഉചിതമായ രീതിയിൽ ഉള്ള, ഒരു നവീന മാതൃകയിൽ ഉള്ള, നഗരസഭയുടെ ഒരു ലാൻഡ്മാർക്ക് ആയി വർത്തിക്കാവുന്ന, കെട്ടിട സമുച്ചയവും, പാർക്കിങ്ങും, പാർക്കും, മറ്റു അനുബന്ധ സൗകര്യങ്ങളും, ചെറിയ മേള മൈതാനവും, ഒക്കെ ഉൾപ്പെടുന്ന ഒരു ടൗൺ ഹാൾ സമുച്ചയമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വിഭാവിത ടൗൺ ഹാളിന്റെ ഒരു രേഖ ചിത്രം മുകളിൽ നൽകിയിരിക്കുന്നു.

30.7.4 ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

നഗരസഭയെയാണ് ഉത്തരവാദിത്തപ്പെട്ട പ്രധാന ഏജൻസിയായി കണക്കാക്കുന്നത്.

30.7.5 പദ്ധതിയുടെ ആവശ്യകത

വികസനത്തിന്റെ പാതയിലുള്ള തിരുവനന്തപുരം ജില്ലയിലെ ഒരു പ്രധാന നാഗരിക കേന്ദ്രമാണ്, നെയ്യാറ്റിൻകര നഗരസഭ. ഭാവിയിലെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ, നഗരത്തിന്റെ ലാൻഡ് മാർക്ക് ആയി വർത്തിക്കുവാനുള്ള ഒരു പ്രധാന കെട്ടിട സമുച്ചയമാണ് നഗരത്തിന്റെ ടൗൺ ഹാൾ. ഭാവിയിലെ റോഡ് വികസനം, നിലവിലെ സൗകര്യങ്ങളുടെ അഭാവം, എന്നിവ പരിശോധിക്കുമ്പോൾ നഗരത്തിനു ഒരു നവീന മാതൃകയിലുള്ള ഒരു പുതിയ ടൗൺ ഹാൾ ആവശ്യമാണ്, പട്ടണ കേന്ദ്രത്തിനു സമീപം, നിലവിലെ ദേശീയ പാതയുടെ അരികിലായി സ്ഥിതി ചെയ്യുന്ന മുൻസിപ്പൽ സ്റ്റേഡിയം പ്രദേശമാണ് ഈ പദ്ധതിയ്ക്കായി വിഭാവനം ചെയ്യുന്നത്. നഗരസഭാ സ്റ്റേഡിയം വിപുലീകരിച്ചു പുതിയ സ്റ്റേഡിയം നിർമ്മിക്കുന്ന പശ്ചാത്തലത്തിലാണ് ഈ നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നത്.

30.7.6 പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന സംവിധാനം

പദ്ധതിയുടെ പ്രാരംഭ ആശയ രൂപീകരണം, പ്രൊജക്ട് ഘടകങ്ങൾ തീരുമാനിക്കൽ, മൊത്തത്തിലുള്ള ചെലവ് കണക്കാക്കുന്ന ഒരു ഡ്രാഫ്റ്റ് DPR തയ്യാറാക്കൽ എന്നിവ ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ ചെയ്യേണ്ടതുണ്ട്. DPR ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ, പ്രാഥമിക രൂപകൽപ്പന, ചെലവ് എന്നിവ അടിസ്ഥാനമാക്കി അത് നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ക്ഷമത, സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സാധ്യതകൾ എന്നിവയെ അടിസ്ഥാനമാക്കി PPP, BoT, മറ്റു അനുയോജ്യമായ വികസന മാതൃകകൾ സ്വീകരിക്കാവുന്നതാണ്. ഇത് കൂടാതെ പദ്ധതിക്കുള്ള ഭൂമി സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ഏറ്റെടുക്കൽ നടപടികളും സമാന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

30.7.7 പരിഹരിക്കേണ്ട മറ്റു അനുബന്ധ പ്രശ്നങ്ങൾ

നിലവിൽ പരിഹരിക്കേണ്ട മറ്റ് അനുബന്ധ പ്രശനങ്ങൾ ഇല്ലായെങ്കിലും, പദ്ധതി നടത്തിപ്പ് സമയത്തു അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരാം.

30.7.8 ഏകദേശ പദ്ധതി ചെലവും ഫണ്ടിംഗും

DPR അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ ആണ് കൃത്യമായ പദ്ധതി ചെലവു കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ പദ്ധതി വിഭാവനം അടിസ്ഥാനമാക്കി ഏകദേശം 10 കോടി രൂപയാണ് പദ്ധതി ചിലവായി അനുമാനിക്കുന്നത്. പ്രധാനമായും നഗരസഭയെയാണ് ഈ പദ്ധതിയ്ക്ക് ഫണ്ട് ചെയ്യുവാൻ ലക്ഷ്യമിടുന്നത്.

30.7.9 പദ്ധതി കാലയളവും മുൻഗണനയും

പദ്ധതി കാലയളവ് ഏകദേശം 2 വർഷമായി കണക്കാക്കുന്നു. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കേണ്ടതായുള്ളതുകൊണ്ട് പദ്ധതിക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്.

30.8 നിർദ്ദിഷ്ട വ്യാവസായിക ഏരിയ

നെയ്യാറ്റിൻകരയുടെ ഭാവി വികസനം കണക്കിലെടുത്ത് വ്യവസായ ആവശ്യങ്ങൾക്കായി ഒരു വ്യവസായ ഏരിയ പട്ടണത്തിൽ നിർദ്ദേശിക്കുന്നു. ക്ലസ്റ്റർ വ്യവസായം, മറ്റു വ്യവസായ സംരംഭങ്ങൾ, വ്യവസായ എസ്റ്റേറ്റ് തുടങ്ങിയ സംരംഭങ്ങൾക്ക് ഈ പദ്ധതി പ്രദേശം ഉപയോഗിക്കാവുന്നതാണ്.

30.8.1 ലൊക്കേഷൻ വിശദാംശങ്ങൾ

അമരവിള CSI ജംഗ്ഷന് സമീപമുള്ള സിഡ്കോ ടൈൽ ഫാക്ടറി പ്രദേശത്താണ് നിർദ്ദേശിച്ച സ്ഥലം സ്ഥിതി ചെയ്യുന്നത്. ചെങ്കൽ വില്ലേജിൽ ബ്ലോക്ക് 79 ൽ സർവ്വേ നമ്പർ 32 ൽ 1.88 ഏക്കർ വരുന്ന ഭൂമി ഈ പദ്ധതിക്കായി നിർദ്ദേശിക്കുന്നു. പദ്ധതി സ്ഥാനത്തിന്റെ ലൊക്കേഷൻ സ്കെച്ച് ചുവടെ കാണിച്ചിരിക്കുന്നു. (ചിത്രം 30.15, 30.16)



ചിത്രം 30.15 വ്യാവസായിക ഏരിയ പദ്ധതി ഏകദേശ സ്ഥാനം – ഉപഗ്രഹ ചിത്രം



ചിത്രം 30.16 വ്യാവസായിക ഏരിയ പദ്ധതി സ്ഥാനം

30.8.2 ഉടമസ്ഥാവകാശ വിശദാംശങ്ങൾ

പദ്ധതിക്ക് നിർദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും നഗരസഭ ഉടമസ്ഥതയിലാണ്.

30.8.3 പദ്ധതി സംക്ഷിപ്തം

വ്യാവസായിക ഏരിയ എന്ന നിർദ്ദേശത്തിലൂടെ നഗരത്തിലെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുവാൻ സാധിക്കുന്നതാണ്. പ്രസ്തുത പ്രദേശം വ്യവസായ എസ്റ്റേറ്റ് ആയോ, ഇൻഡസ്ട്രിയൽ ഹബ് ആയോ രൂപാന്തര പെടുത്താവുന്നതാണ്. വ്യവസായ വികസനത്തിന് അവശ്യമായ എല്ലാ സൗകര്യങ്ങളും ഇവിടെ നൽകേണ്ടതുണ്ട്. നഗരസഭയിൽ നിന്നും ഏകദേശം 16 km ദൂരത്തു സ്ഥിതി ചെയ്യുന്നതും, സംസ്ഥാനത്തിന്റെ തന്നെ ഏറ്റവും പ്രഗൽഭമായ പദ്ധതിയുമായ വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതി, അനന്തമായ വ്യവസായ വികസന സാധ്യതയാണ് മുന്നോട്ടു വയ്ക്കുന്നത്. ഇതിന്റെ ചുവടു പിടിച്ചു, അനുയോജ്യമായ വ്യവസായങ്ങൾ ഉൾപ്പെടുന്ന

സംരംഭങ്ങൾ തുടങ്ങുവാൻ സാധിച്ചാൽ, നഗരസഭയുടെ പ്രതിച്ഛായ തന്നെ മാറ്റുവാൻ ഈ പദ്ധതിക്ക് സാധിക്കുന്നതാണ്.



30.8.4 ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ

നഗരസഭ, വ്യവസായ വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങളെയാണ് ഉത്തരവാദിത്തപ്പെട്ട ഏജൻസികകളായി കണക്കാക്കുന്നത്.

30.8.5 പദ്ധതിയുടെ ആവശ്യകത

നഗരസഭയുടെ ഭാവി വളർച്ച കണക്കിലെടുക്കുമ്പോൾ, സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനു, കൂടുതൽ തൊഴിൽ ശാലകളും, തൊഴിൽ അവസരങ്ങളും സൃഷ്ടിക്കേണ്ടതായുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രധാന നയങ്ങളിൽ ഒന്ന് കൂടുതൽ വ്യവസായങ്ങൾ കൊണ്ട് വരുക എന്നതാണ്. ഈ കാഴ്ച്ചപ്പാട് ഉൾക്കൊണ്ടാണ്, നഗരസഭയിൽ ഇത്തരം ഒരു വ്യവസായ ഏരിയ നിർദ്ദേശം മുന്നോട്ട വച്ചിരിക്കുന്നത്. ഇതിലൂടെ തൊഴിൽ നൽകുവാനും, നഗരസഭയുടെ വരുമാനം വർധിപ്പിക്കുവാനും സാധിക്കുന്നതാണ്.

30.8.6 പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന സംവിധാനം

പദ്ധതിയുടെ പ്രാരംഭ ആശയ രൂപീകരണം, പ്രൊജക്ട് ഘടകങ്ങൾ തീരുമാനിക്കൽ, മൊത്തത്തിലുള്ള ചെലവ് കണക്കാക്കുന്ന ഒരു ഡ്രാഫ്റ്റ് DPR തയ്യാറാക്കൽ എന്നിവ ഉത്തരവാദിത്തപെട്ട ഏജൻസികൾ ചെയ്യേണ്ടതുണ്ട്. DPR ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ, പ്രാഥമിക രൂപകൽപ്പന, ചെലവ് എന്നിവ അടിസ്ഥാനമാക്കി അത് നടപ്പിലാക്കുന്നതിനുള്ള ഒരു പ്രവർത്തന മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ക്ഷമത, സംസ്ഥാന സർക്കാരിൽ നിന്നുള്ള സാമ്പത്തിക സാധ്യതകൾ എന്നിവയെ അടിസ്ഥാനമാക്കി PPP, BoT, മറ്റ അനുയോജ്യമായ വികസന മാതൃകകൾ എന്നിവ സ്വീകരിക്കാവുന്നതാണ്. ഇത് കൂടാതെ പദ്ധതിക്കുള്ള ഭൂമി സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ഏറ്റെടുക്കൽ നടപടികളും സമാന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

30.8.7 പരിഹരിക്കേണ്ട മറ്റു അനുബന്ധ പ്രശ്നങ്ങൾ

നിലവിൽ പരിഹരിക്കേണ്ട മറ്റ് അനുബന്ധ പ്രശനങ്ങൾ ഇല്ലായെങ്കിലും, പദ്ധതി നടത്തിപ്പ് സമയത്തു അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരാം. കൂടാതെ ദേശീയ പാതയിൽ നിന്നും പദ്ധതി പ്രദേശത്തേക്കുള്ള നിലവിലുള്ള റോഡിനു മാസ്റ്റർ പ്ലാനിൽ 8 മീറ്റർ വീതിയിൽ വികസന നിർദേശം ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പദ്ധതി നടത്തിപ്പ് സമയത്തു അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

30.8.8 ഏകദേശ പദ്ധതി ചെലവും ഫണ്ടിംഗും

DPR അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ ആണ് കൃത്യമായ പദ്ധതി ചെലവു കണക്കാക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ പദ്ധതി വിഭാവനം അടിസ്ഥാനമാക്കി ഏകദേശം 5 കോടി

രൂപയാണ് പദ്ധതി ചിലവായി അനുമാനിക്കുനത്. നഗരസഭാ, സംസ്ഥാന സർക്കാർ എന്നിവയുടെ ഫണ്ടാണ് പദ്ധതിക്ക് ഉദ്ദേശിക്കുന്നത്.

30.8.9 പദ്ധതി കാലയളവും മുൻഗണനയും

പദ്ധതി കാലയളവ് ഏകദേശം 2 വർഷമായി കണക്കാക്കുന്നു. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കേണ്ടതായുള്ളതുകൊണ്ട് പദ്ധതിക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്.

30.9 മുൻഗണന ക്രമം

Sl.No.	Name of project (പദ്ധതി)	Project duration in years (പദ്ധതി കാലാവധി)	Project phasing (ഫേസിങ് ക്രമം)			
			First priority (to be commenced within 5 years) [പ്രഥമ മുൻഗണന]	Second priority (to be commenced within 10 years) [ദ്വിതീയ മുൻഗണന]	Third priority (to be commenced within 15 years) [തൃതീയ മുൻഗണന]	Fourth priority (to be commenced within 20 years) [അവസാന മുൻഗണന]
1	കാർഷിക സേവന കേന്ദ്രം	2	-	Y	-	-
2	പ്രാദേശിക കായിക കേന്ദ്രവും ടൗൺ പാർക്കും	3	-	-	Y	-
3	വയോജന കേന്ദ്രവും ബഡ്സ് സ്കൂളും	2	-	Y	-	-
4	ആശുപത്രി വിപുലീകരണ മേഖല	3	-	Y	-	-
5	ഈരാറ്റിൻപുറം പാർക്ക്	2	-	Y	-	-
6	നെയ്യാർ പാർക്ക്	2	-	-	Y	-
7	നിർദ്ദിഷ്ട ടൗൺ ഹാൾ	2	Y	-	-	-
8	നിർദ്ദിഷ്ട വ്യാവസായിക ഏരിയ	2	Y	-	-	-

31. വിശദനഗരാസൂത്രണ പദ്ധതിയും റദ്ദാക്കലും

നെയ്യാറ്റിൻകര നഗരസഭാ പരിധിയിൽ സർക്കാർ അംഗീകരിച്ച "ഡി.റ്റി.പി സ്കീം ഫോർ നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് ഏരിയ" എന്ന വിശദ നഗരാസൂത്രണ പദ്ധതി നിലവിലുണ്ട്.

നെയ്യാറ്റിൻകര പട്ടണത്തിൽ നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ, ഇവ എത്രത്തോളം നടപ്പിലാക്കാൻ സാധിച്ചു എന്നതിന്റെ അവലോകനം, നഗര ഗ്രാമാസൂത്രണ നിയമം 2016 ചട്ടം 50(1) പ്രകാരം ആയത് മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചുകൊണ്ട് റദ്ദാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഈ അധ്യായത്തിൽ പരാമർശിക്കുന്നു.

31.1 നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് – വിശദനഗരാസൂത്രണ പദ്ധതി

31.1.1 വിശദനഗരാസൂത്രണ പദ്ധതിയുടെ അവലോകനം

വിശദ നഗരാസൂത്രണ പദ്ധതിയുടെ ഉദ്ദേശം:—നെയ്യാറ്റിൻകര ജംഗ്ഷനും ബസ് സ്റ്റാൻഡും ഉൾപ്പെടുന്ന പ്രദേശത്തിന്റെ ആസൂത്രിത വികസനവും റോഡുകളുടെ വീതി കൂട്ടലും പദ്ധതി പ്രദേശത്ത് വിഭാവനം ചെയ്തിരുന്നു. ഇതു കൂടാതെ പാർപ്പിട, വാണിജ്യ പൊതു – അർദ്ധ പൊതു മേഖലകൾക്ക് ഭൂമി നീക്കി വയ്ക്കാനും പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നു. ബസ് സ്റ്റാൻഡ് ഉൾപ്പെടുന്ന 0.19 ച.കീ.മീ നു വേണ്ടി തയ്യാറാക്കിയ വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് സർക്കാർ ഉത്തരവ് സ.ഉ(കൈ)240/86/LAD തിയതി: 22.11.1986 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

പ്രധാന നിർദ്ദേശങ്ങൾ: വിശദ നഗരാസൂത്രണ പദ്ധതിയുടെ വിഭാവനം സാധ്യമാക്കുന്നതിനായി ഭൂവിനിയോഗ നിർദ്ദേശങ്ങളും, റോഡ് വികസന നിർദ്ദേശങ്ങളും പദ്ധതിയിൽ മുന്നോട്ടു വച്ചിരുന്നു. പ്രസ്തുത പ്രധാന നിർദ്ദേശങ്ങൾ ചുവടെ (പട്ടിക 31.1) ചേർക്കുന്നു.

പട്ടിക 31.1 വിശദ നഗരാസൂത്രണ പദ്ധതി നിർദ്ദേശങ്ങൾ

ക്രമ നം.	പദ്ധതി നിർദ്ദേശങ്ങൾ	
1.	ദേശീയപാത 47 നു 18 മീ. വീതി കൂട്ടൽ	
2.	നെയ്യാറ്റിൻകര – പൂവാർ റോഡിനു 18മീ. – വീതി കൂട്ടൽ	
3.	കോർട്ട് റോഡിനും, വിശ്വഭാരതി റോഡിനും 18മീ. വീതി കൂട്ടൽ	
4.	KSRTC സ്റ്റാൻഡിനു സമീപത്ത് കൂടി കോൺവെന്റ് റോഡിലേക്കുള്ള നിർദ്ദിഷ്ട റോഡ് – 12മീ. വീതി കൂട്ടൽ	വടക്ക് വശത്തെ റോഡ്
		തെക്ക് വശത്തെ റോഡ്
5.	കോൺവെന്റ് റോഡിന് 9 മീ. വീതി കൂട്ടൽ	
6.	16 മീ വീതിയിൽ പുനരധിവാസത്തിനായി ഏറ്റെടുക്കാൻ പറഞ്ഞ സ്ഥലത്തിനടുത്തുകൂടെ കിഴക്ക് പടിഞ്ഞാറ് ദിശയിൽ പുതുതായി നിർദ്ദേശിച്ചിരിക്കുന്ന റോഡ്	
7.	വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ	
8.	പാർപ്പിട ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ	
9.	പുനരധിവാസത്തിനായി ഭൂമി ഏറ്റടുക്കാനുള്ള നിർദ്ദേശം	
10.	ടാക്സി പാർക്കിങ്ങിനായി ഭൂമി ഏറ്റടുക്കാനുള്ള നിർദ്ദേശം	
11.	വാണിജ്യ ആവശ്യങ്ങൾക്കായി ഭൂമി മാറ്റിവയ്ക്കുന്നതിനുള്ള നിർദ്ദേശം	
12.	പാർപ്പിട ആവശ്യങ്ങൾക്കായി ഭൂമി മാറ്റിവയ്ക്കുന്നതിനുള്ള നിർദ്ദേശം	
13.	പൊതു–അർദ്ധ പൊതു ആവശ്യങ്ങൾക്കായി ഭൂമി മാറ്റിവയ്ക്കുന്നതിനുള്ള നിർദ്ദേശം	
14.	ബസ് സ്റ്റാൻഡിനായി ഭൂമി മാറ്റിവയ്ക്കുന്നതിനുള്ള നിർദ്ദേശം	

പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിലയിരുത്തൽ:– പദ്ധതി പ്രദേശത്തെ പ്രധാന വികസന നിർദ്ദേശങ്ങളും ആയത് നടപ്പിലാക്കിയതിന്റെ നിലവിലെ സ്ഥിതിയും ചുവടെ (പട്ടിക 31.2) നൽകിയിരിക്കുന്നു.

പട്ടിക 31.2 വിശദ നഗരാസൂത്രണ പദ്ധതി വിലയിരുത്തൽ

ക്രമ നം.	പദ്ധതി നിർദ്ദേശങ്ങൾ	നിലവിലെ സ്ഥിതി
1.	ദേശീയപാത 47 നു 18 മീ. വീതി കൂട്ടൽ	18 മീ. വീതിയിൽ വികസിച്ചിട്ടുണ്ട്
7.	വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ	ഭൂരി ഭാഗവും വാണിജ്യ കേന്ദ്രമായി വികസിച്ചിട്ടുണ്ട്
8.	പാർപ്പിട ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ	പട്ടണത്തിന്റെ കേന്ദ്ര ഭാഗമായതിനാൽ ഭൂരിഭാഗവും വാണിജ്യ ആവശ്യങ്ങൾക്കായി വികസിച്ചിരിക്കുന്നു.
9.	പുനരധിവാസത്തിനായി ഏറ്റെടുക്കാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം	പട്ടണത്തിന്റെ കേന്ദ്ര ഭാഗമായതിനാൽ വാണിജ്യ ആവശ്യങ്ങൾക്കായി വികസിച്ചിരിക്കുന്നു.
10.	ടാക്സി പാർക്കിങ്ങിനായി ഏറ്റെടുക്കാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം	ടാക്സി സ്റ്റാൻഡായി വികസിച്ചിട്ടില്ല. നിലവിൽ ടി സ്ഥലം റോഡായി വികസിച്ചിരിക്കുന്നു.
11.	വാണിജ്യ ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നതിനു	പട്ടണത്തിന്റെ കേന്ദ്ര ഭാഗമായതിനാൽ ഭൂരി

	നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം	ഭാഗവും വിഭാവനം ചെയ്ത രീതിയിൽ വികസിച്ചിട്ടുണ്ട്. സ്കീമിന്റെ തെക്കു ഭാഗത്തായി നിർദ്ദേശിച്ച വാണിജ്യ സ്ഥലം വാസഗൃഹ മേഖലയായി തുടരുന്നു.
12.	പാർപ്പിട ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ	പട്ടണത്തിന്റെ കേന്ദ്ര ഭാഗമായതിനാൽ നല്ലൊരു ശതമാനം സ്ഥലം വാണിജ്യ ആവശ്യങ്ങൾക്കായി വികസിച്ചിരിക്കുന്നു.
13.	പൊതു-അർദ്ധ പൊതു ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ	പൊതു-അർദ്ധ പൊതു ആവശ്യങ്ങൾക്കായി വികസിച്ചിട്ടുണ്ട്
14.	ബസ് സ്റ്റാൻഡിനായി മാറ്റിവയ്ക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം	ബസ് സ്റ്റാൻഡായി വികസിച്ചിട്ടുണ്ട്

പ്രസ്തുത സ്ഥലത്തിന്റെ ആസൂത്രിത വികസനത്തിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും ഭാഗീകമായി മാത്രമേ നടപ്പിലാക്കാൻ സാധിച്ചുള്ളൂ എന്ന് അവലോകനത്തിൽ നിന്നും ബോധ്യമാകുന്നു.

സ്കീം നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾകൊള്ളിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ: നിലവിലെ വികസന സ്ഥിതിയും, ഭാവിയിലെ വികസന ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട്, വിശദ നഗരാസൂത്രണ പദ്ധതിയിലെ നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ താഴെ (പട്ടിക 31.3) നൽകിയിരിക്കുന്നു.

പട്ടിക 31.3 വിശദ നഗരാസൂത്രണ പദ്ധതി മാസ്റ്റർ പ്ലാനിൽ ഉൾകൊള്ളിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ

ക്രമ നം	**സ്കീമിലെ പ്രൊപോസൽ**		**മാസ്റ്റർ പ്ലാനിലെ നിർദ്ദിഷ്ട വികസനം** (Proposal in PLU)	**റിമാർക്സ്**
1.	ദേശീയപാത 47 ൽ 18 മീ. വീതി കൂട്ടൽ		30.2 മീ. വീതി കൂട്ടൽ	മാസ്റ്റർപ്ലാനിൽ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്
2.	നെയ്യാറ്റിൻകര – പൂവാർ റോഡിൽ 18മീ. – വീതി കൂട്ടൽ		18 മീ. വീതി കൂട്ടൽ	മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
3.	കോർട്ട് റോഡിലും, വിശ്വഭാരതി റോഡിലും 18മീ. വീതി കൂട്ടൽ		12 മീ. വീതി കൂട്ടൽ	നിലവിലെ വികസനത്തിന് അനുസരിച്ച് നിർദ്ദേശിച്ചിട്ടുണ്ട്
4.	KSRTC സ്റ്റാൻഡിനു സമീപത്ത് കൂടി കോൺവെൻറ് റോഡിലേക്കുള്ള നിർദ്ദിഷ്ട റോഡ് – 12മീ. വീതി കൂട്ടൽ	വടക്ക് വശത്തെ റോഡ്	റോഡ് വീതി കൂട്ടൽ നിർദ്ദേശിച്ചിട്ടില്ല	നിലവിലെ വികസനത്തിന് അനുസരിച്ച് നിർദ്ദേശിച്ചിട്ടുണ്ട്
		തെക്ക് വശത്തെ റോഡ്	8 മീ. വീതി കൂട്ടൽ	
5.	കോൺവെൻറ് റോഡിന് 9 മീ. വീതി കൂട്ടൽ		8 മീ. വീതി കൂട്ടൽ	നിലവിലെ വികസനത്തിന് അനുസരിച്ച് നിർദ്ദേശിച്ചിട്ടുണ്ട്
6.	വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ		വാണിജ്യ കേന്ദ്രമായി നിർദ്ദേശിച്ചിരിക്കുന്നു	മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
7.	പാർപ്പിട ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ		പട്ടണത്തിന്റെ കേന്ദ്ര ഭാഗമായതിനാൽ വാണിജ്യ കേന്ദ്രമായി നിർദ്ദേശിച്ചിരിക്കുന്നു	നിർദ്ദിഷ്ട ഭൂവിനിയോഗത്തിൽ വാണിജ്യ സോണിൽ പാർപ്പിട ഉപയോഗം അനുവദിനീയമാക്കിയിട്ടുണ്ട്.
8.	വാണിജ്യ ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം		സ്കീമിന്റെ തെക്കു ഭാഗത്തായി നിർദ്ദേശിച്ച വാണിജ്യ സ്ഥലം ഒഴികെ എല്ലാം വാണിജ്യ സോണായി നിർദ്ദേശിച്ചിരിക്കുന്നു.	നിലവിലെ വികസനമനുസരിച്ച്, പ്രായോഗികമായ വാണിജ്യ നിർദ്ദേശങ്ങൾ നിലനിറുത്തിയിട്ടുണ്ട്.
9.	പാർപ്പിട ആവശ്യങ്ങൾ ക്കായി മാറ്റിവയ്ക്കുന്നതിനു		പട്ടണത്തിന്റെ കേന്ദ്ര ഭാഗമായതിനാൽ വാണിജ്യ	നിർദ്ദിഷ്ട ഭൂവിനിയോഗത്തിൽ

	നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ	കേന്ദ്രമായി നിർദ്ദേശിച്ചിരിക്കുന്നു	വാണിജ്യ സോണിൽ പാർപ്പിട ഉപയോഗം അനുവദിനീയമാക്കിയിട്ടുണ്ട്.
10.	പൊതു-അർദ്ധ പൊതു ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ	പൊതു-അർദ്ധ പൊതു ആവശ്യങ്ങൾക്കായി നിർദ്ദേശിച്ചിരിക്കുന്നു	മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
11.	ബസ് സ്റ്റാൻഡിനായി മാറ്റിവയ്ക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം	ബസ് സ്റ്റാൻഡ് ആവശ്യങ്ങൾക്കായി നിർദ്ദേശിച്ചിരിക്കുന്നു	മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

പദ്ധതിയിലെ നിർദ്ദേശങ്ങൾ ഭാഗീകമായി മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചിരിക്കുന്നത്. പദ്ധതി പ്രദേശം നിലവിൽ നഗരസഭയുടെ പ്രധാനപ്പെട്ട ജംഗ്ഷൻ ആയി വികസിച്ചിരിക്കുന്നു. പ്രസ്തുത പ്രദേശത്തിന്റെ ജംഗ്ഷൻ വികസനവും മുൻ കാലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ പദ്ധതി പ്രകാരം, ദേശീയ പാത, നെയ്യാറ്റിൻകര ജംഗ്ഷൻ എന്നിവയുടെ വികസനം ഭാവിയിൽ നടപ്പിലാകുന്നതാണ്. ഈ സാഹചര്യത്തിൽ, നഗരസഭയുടെ മൊത്തമായ വികസനത്തിനുതകുന്ന വിധമുള്ള ആസൂത്രിത വികസനത്തിനായി ഒരു മാസ്റ്റർപ്ലാൻ നിലവിൽ വരുന്നതാണ് ടി പ്രദേശത്തിന്റെ വികസനത്തിന് ഉചിതമാകുക. ഈ അടിസ്ഥാനത്തിലാണ് നിലവിലെ വിശദ നഗരാസൂത്രണ പദ്ധതിയിലെ സാധ്യമായ നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കീം റദ്ദാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

31.1.2 സ്കീം റദ്ദാക്കൽ

ഡി.റ്റി.പി സ്കീമിന്റെ വിശദമായ അവലോകനത്തിൽ പ്രധാനപ്പെട്ട വികസന നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാലും മറ്റ് നിർദ്ദേശങ്ങൾ നിലവിൽ പ്രയോഗികമല്ലാത്തതിനാലും 2016-ലെ നഗര ഗ്രാമാസൂത്രണ ആക്ട് സെക്ഷൻ 50(1) ന്റെ പ്രോവിസോ 2 പ്രകാരം നെയ്യാറ്റിൻകര മാസ്റ്റർപ്ലാൻ സർക്കാർ അംഗീകരിക്കുന്ന (Sanction) മുറക്ക് നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി റദ്ദാകുന്നു.

ഭാഗം - IV
ഭൂവിനിയോഗ മേഖലാ നിയന്ത്രണങ്ങൾ

32. മേഖലാ നിയന്ത്രണങ്ങൾ

നഗരസഭയുടെ ആസൂത്രിത വികസനം സാധ്യമാക്കുവാൻ നഗരസഭാ പ്രദേശത്തെ വിവിധ മേഖലകളായി തിരിക്കുകയും, പ്രസ്തുത പ്രദേശങ്ങൾ വികസനസങ്കല്പത്തിനനുതകും വിധം ആസൂത്രിതമായി വികസിക്കുവാൻ പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പ്രസ്തുത മേഖലയുടെ സ്ഥലപരമായ വിശദാംശങ്ങൾ, നിർദിഷ്ട ഭൂവിനിയോഗത്തിന്റെയും, നിർദിഷ്ട ഗതാഗത ശൃംഖലയുടെയും, A0 മാപ്പുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. നെയ്യാറ്റിൻകര നഗരസഭയുടെ കേന്ദ്രഭാഗങ്ങൾ (central area) ടൗൺ സർവ്വേ രീതിയിൽ 100 ബ്ലോക്കുകളായിട്ടാണ് സർവ്വേ ചെയ്തിട്ടുള്ളത്. ഈ ഭാഗത്തിന്റെ സർവ്വേ വിവരങ്ങൾ A0 സൈസിലുള്ള മാപ്പിൽ വ്യക്തമായി രേഖപ്പെടുത്താൻ സാധിക്കാത്തതിനാൽ, ഈ ഭാഗത്തെ നിർദിഷ്ട ഭൂവിനിയോഗ വിവരങ്ങൾ, 9 'മോഡ്യൂൾ മാപ്പ്'കളിലായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ മോഡ്യൂൾ മാപ്പുകൾ നിർദിഷ്ട വിനിയോഗ മാപ്പിന്റെ ഏതു ഭാഗങ്ങളാണ് എന്ന് തിരിച്ചറിയുവാൻ ഒരു ഇൻഡക്സ് മാപ്പും തയ്യാറാക്കിയിരിക്കുന്നു. വികസന നിയന്ത്രണങ്ങൾ താഴെ പ്രതിപാദിക്കുന്നു.

1.0 നെയ്യാറ്റിൻകര നഗരസഭ ഉൾപ്പെടുന്ന ആസൂത്രണ പ്രദേശത്തിലെ ഭാവിയിലെ എല്ലാ കെട്ടിടങ്ങളും, ഭൂവികസനവും നെയ്യാറ്റിൻകര മാസ്റ്റർപ്ലാനിലെ മേഖലാ നിയന്ത്രണങ്ങൾക്ക് അനുസൃതമായിരിക്കണം.

2.0 വികസന നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്ക് മുനിസിപ്പൽ ഏരിയയെ വിവിധ സോണുകളായി തരം തിരിച്ചിരിക്കുന്നു.

- പാർപ്പിട ഉപയോഗ സോൺ.
- പാർപ്പിട സമ്മിശ്ര ഉപയോഗ സോൺ
- വാണിജ്യ ഉപയോഗ സോൺ.
- വാണിജ്യ ഉപകേന്ദ്ര സോൺ
- വ്യാവസായിക ഉപയോഗ സോൺ.
- പൊതു അർദ്ധ പൊതു ഉപയോഗ സോൺ
- കരകൃഷി സോൺ.
- ഗതാഗത സോൺ.
- നെൽ പാടങ്ങളും താഴ്ന്ന ഭൂപ്രദേശങ്ങളും
- ജലാശയങ്ങൾ
- ക്വാറിപ്രദേശം
- നിർദ്ദിഷ്ട ടൗൺ ഹാൾ
- നിർദ്ദിഷ്ട വ്യാവസായിക ഏരിയ

കൂടാതെ വികസന പദ്ധതികൾക്കായി താഴെ പ്രതിപാദിക്കുന്ന പ്രത്യേക മേഖലകൾ (സ്പെഷ്യൽ സോണുകൾ) കൂടി നിർദ്ദേശിച്ചിരിക്കുന്നു.

I	–	കാർഷിക സേവന കേന്ദ്രം
II	–	പ്രാദേശിക കായിക കേന്ദ്രവും ടൗൺ പാർക്കും
III	-	വയോജന കേന്ദ്രവും ബഡ്സ് സ്കൂളും
IV	–	ആശുപത്രി വിപുലീകരണ മേഖല
V	–	ഈരാറ്റിൻപുറം പാർക്ക്
VI	-	നെയ്യാർ പാർക്ക്

ഓരോ സോണിലേയും അനുവദനീയവും, നിയന്ത്രിതവും, നിരോധിതവുമായ ഉപയോഗങ്ങളുടെ സ്വഭാവം സംബന്ധിച്ച വിശദാംശങ്ങൾ താഴെ നൽകിയിട്ടുണ്ട്. മാസ്റ്റർപ്ലാനിലെ ഈ നിയന്ത്രണങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബന്ധപ്പെട്ട നിയമങ്ങൾക്കും, ആക്ടുകൾക്കും, ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും, വിജ്ഞാപനങ്ങൾക്കും അനുസൃതമായി പ്രാബല്യത്തിൽ കൊണ്ടു വരേണ്ടതാണ്. താഴെ പരാമർശിച്ചിട്ടുള്ള എല്ലാ നിയന്ത്രണങ്ങൾക്കും, KMBR-ൽ പ്രതിപാദിച്ചിട്ടുള്ള തത്തുല്യമായ വ്യവസ്ഥകളേക്കാൾ പ്രാമുഖ്യം ഉണ്ടായിരിക്കുന്നതാണ്. ഭാവിയിലെ എല്ലാ വികസനങ്ങളും ഈ വികസന നിയന്ത്രണങ്ങളിലോ, പ്രാബല്യത്തിലുള്ള ഏതെങ്കിലും വിശദ നഗരാസൂത്രണ പദ്ധതിയിലോ വ്യക്തമാക്കിയിട്ടില്ലെങ്കിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് നിയമങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

3.0 ഒരു സോണിലെ **'അനുവദനീയമായ ഉപയോഗങ്ങൾ'** എന്നത് സാധാരണഗതിയിൽ ഉൾപ്പെടുത്താവുന്ന എല്ലാ ഉപയോഗങ്ങളുമാണ്. അത്തരം ഉപയോഗങ്ങൾക്ക് നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിക്ക് (ഇതിനു ശേഷം സെക്രട്ടറി എന്ന് പരാമർശിക്കപ്പെടുന്നു) അനുമതി നൽകാവുന്നതാണ്.

4.0 പ്രത്യേക ഉപയോഗത്തിന് നിർദേശിച്ചിരിക്കുന്ന ഒരു സോണിൽ ആ സോണിന്റെ ഉദ്ദേശത്തെ ബാധിക്കാത്ത തരത്തിലുള്ള മറ്റ് ചില ഉപയോഗങ്ങളും ചിലപ്പോഴൊക്കെ അനുവദിക്കാവുന്നതാണ്. അത്തരം ഉപയോഗങ്ങളെ അവയുടെ പ്രകടന സവിശേഷതകൾ അടിസ്ഥാനമാക്കി വിശകലനം ചെയ്ത് പരിഗണിക്കേണ്ടതാണ്. അവയെ **'നിയന്ത്രിത ഉപയോഗങ്ങൾ -1'** (തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ന്റെ തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ സെക്രട്ടറിയ്ക്ക് നൽകാവുന്നത്), **'നിയന്ത്രിത ഉപയോഗങ്ങൾ-2'** (തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ന്റെ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ സെക്രട്ടറിയ്ക്ക് നൽകാവുന്നത്) എന്ന് തരംതിരിച്ചിരിക്കുന്നു.

5.0 സാധാരണ ഗതിയിൽ അനുവാദം നൽകാനാകാത്ത വിവിധ ഉപയോഗങ്ങളാണ് ഓരോ സോണുകളിലെയും 'നിരോധിത' ഉപയോഗങ്ങളിൽ ഉൾപ്പെടുന്നത്.

6.0 മാസ്റ്റർ പ്ലാനിന് അനുമതി ലഭിക്കുന്നതിനു മുമ്പ് ഖണ്ഡിക 5.0 ൽ പറഞ്ഞിരിക്കുന്നതു പ്രകാരം "നിരോധിത ഉപയോഗ"ത്തിൽ പെടുന്ന ഏതെങ്കിലും ഉപയോഗം നിലവിൽ വന്നിട്ടുണ്ടെങ്കിൽ അത്തരം ഉപയോഗത്തെ വിരുദ്ധ ഉപയോഗമായി പരിഗണിക്കാം. വികസന നിയന്ത്രണ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിയമപരമായി സ്ഥാപിതമായ അത്തരം വിരുദ്ധ ഉപയോഗം അതിന്റെ നിലവിലെ സ്ഥാനത്ത് തുടരാൻ അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഉപയോഗം സ്ഥലത്തിന്റെ നിർദ്ദിഷ്ട സ്വഭാവത്തെ പ്രതികൂലമായി സ്വാധീനിക്കുന്നില്ല എന്ന് ഉറപ്പു വരുത്തിക്കൊണ്ട് അറ്റകുറ്റ പണികൾക്ക് സെക്രട്ടറിക്ക് അനുവാദം നൽകാവുന്നതാണ്. എന്നാൽ കൂട്ടിച്ചേർക്കലോ, പരിവർത്തനമോ, പുനർ നിർമ്മാണമോ മറ്റോ ആവശ്യമാണെങ്കിൽ നിലവിലെ തറ വിസ്തീർണ്ണത്തിന്റെ 1.5 ഇരട്ടി വരെ അധികരിക്കാതെ നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) ന്റെ തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ സെക്രട്ടറിയ്ക്ക് അനുമതി നൽകാവുന്നതാണ്.

7.0 നിലവിലുള്ള പുരാവസ്തു പ്രാധാന്യമുള്ള നിർമ്മിതികളും, കാർഷികവും മതപരവുമായ ഉപയോഗങ്ങളും അതേ പോലെ തുടരാൻ എല്ലാ സോണുകളിലും അനുമതി നൽകാവുന്നതാണ്. അവ വിരുദ്ധ ഉപയോഗത്തിൽ ഉൾപ്പെടുത്തേണ്ടതില്ല.

8.0 മാസ്റ്റർ പ്ലാനിൽ വീതി വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന നിലവിലെ റോഡുകളുടെയും, പുതിയ റോഡുകളുടെയും വശങ്ങളിലെ നിർമ്മാണങ്ങൾക്കും, ഭൂവികസനങ്ങൾക്കും, മാസ്റ്റർപ്ലാനിലോ, നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതിയിലോ സർക്കാർ അംഗീകരിച്ച വിശദമായ റോഡ് അലൈൻമെന്റിലോ വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവത്തിൽ, റോഡിന്റെ മധ്യരേഖയിൽ നിന്നുള്ള അകലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയന്ത്രണങ്ങൾ ബാധകമാവുക. ജലാശയങ്ങൾ, റെയിൽവേ ഭൂമി, സംരക്ഷിത പുരാവസ്തു സ്മാരകങ്ങൾ/സ്ഥലങ്ങൾ എന്നിവ മൂലം റോഡിന്റെ ഏതെങ്കിലും ഒരു വശത്ത് വീതികൂട്ടുന്നത് തടസ്സപ്പെട്ടാൽ ആ ഭാഗത്ത് വീതി കൂട്ടുന്നതിന് വേണ്ടതായ അകലം മറുവശത്ത് നിന്ന് കണക്കാക്കേണ്ടതാണ്.

9.0 മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന 'കൂട്ടപ്പന ക്ഷേത്രം - നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ റോഡി'ന്റെ അലൈൻമെന്റ് മാറ്റുന്ന സാഹചര്യത്തിൽ, പുതിയ അലൈൻമെന്റിന്റെ ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചതിന് ശേഷം, ഒഴിവാക്കപ്പെടുന്ന സ്ട്രെച്ചുകളിലുള്ള ലാൻഡ് പാഴ്സലുകൾ, ടൗൺ പ്ലാനറുടെ കൺകറൻസോടെ പ്ര ത ഉപയോഗത്തിൽ നിന്ന് സമീപമുള്ള അനുയോജ്യമായ ഭൂവിനിയോഗത്തിലേക്ക് മാറ്റാവുന്നതാണ്. ഈ വ്യവസ്ഥ പുതിയ റോഡ് വികസന നിർദ്ദേശങ്ങൾക്ക് മാത്രമാണ് ബാധകം. വീതി കൂട്ടാനുള്ള നിർദ്ദേശങ്ങൾക്ക് ബാധകമല്ല.

10.0 കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് 2016 ൽ നിർവചിച്ചിരിക്കുന്ന Operational constructions മാസ്റ്റർ പ്ലാൻ ഏരിയയിൽ അനുവദനീയമാണ്.

11.0 മെട്രോ ലൈനുകൾ, മെട്രോ സ്റ്റേഷനുകൾ, മാസ് ട്രാൻസിറ്റ് സ്റ്റേഷനുകൾ, റെയിൽവേ ലൈനുകൾ എന്നിവയും അവയുമായി/ ഇതുമായി ബന്ധപ്പെട്ടു വരുന്ന മറ്റ് എല്ലാ അനുബന്ധ വികസനങ്ങളും മാസ്റ്റർ പ്ലാൻ ഏരിയയിൽ അനുവദനീയമാണ്.

12.0 നിലവിലെ പൊതു- അർദ്ധ പൊതു സ്ഥാപനങ്ങൾ, വ്യാവസായിക ഉപയോഗങ്ങൾ, അനുബന്ധ ഉപയോഗങ്ങൾ എന്നിവയുടെ വിപുലീകരണം, അവയോടു ചേർന്നുള്ള പ്ലോട്ടിലേക്ക്, പ്രസ്തുത പ്ലോട്ടിന്റെ സോൺ പരിഗണിക്കാതെ തന്നെ സാധ്യമാകുന്നതാണ്. എന്നാൽ ജലാശയങ്ങൾ, ജലാശയ ബഫർ എന്നീ പ്രദേശങ്ങളിൽ ഇത് ബാധകമായിരിക്കില്ല.

13.0 സർക്കാരിന്, മാസ്റ്റർപ്ലാനിലെ ഏതെങ്കിലും സാങ്കേതിക വിഷയത്തിനെ സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനറോട് കൂടിയാലോചിച്ച് സ്പഷ്ടീകരണം നൽകുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

14.0 ഒരുനിർദ്ദിഷ്ട ഉപയോഗ സോണിൽ "അനുവദിക്കുകയോ", "നിയന്ത്രിക്കുകയോ" ചെയ്തിരിക്കുന്ന ഉപയോഗങ്ങളുടെ സമാന സ്വഭാവമുള്ള ഉപയോഗമാണെങ്കിൽ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ സെക്രട്ടറിക്ക് പ്രസ്തുത ഉപയോഗ സോണിൽ അനുവദിക്കാവുന്നതാണ്.

15.0 നെൽ വയലുകളിലും തണ്ണീർത്തടങ്ങളിലും ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളോ ഭൂവികസനമോ നടത്തേണ്ടി വരികയാണെങ്കിൽ, ആയത് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

16.0 ചില പദ്ധതികൾക്കായി 'സ്പെഷ്യൽ സോൺ' എന്ന് പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങൾ മാസ്റ്റർ പ്ലാൻ അംഗീകൃതമായതിനു ശേഷം അഞ്ച് വർഷത്തിനുള്ളിൽ തന്നെ നഗരസഭ /പദ്ധതി നടപ്പിലാക്കേണ്ട ബന്ധപ്പെട്ട ഏജൻസി ഏറ്റെടുക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ലെങ്കിൽ ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ സെക്രട്ടറിക്ക് പ്രസ്തുത പ്രദേശങ്ങളുടെ നിയന്ത്രണത്തിൽ വ്യതിയാനം വരുത്തി ഏറ്റവും യോജിക്കുന്ന സമീപത്തെ ഭൂവിനിയോഗത്തിലേയ്ക്ക് മാറ്റാവുന്നതാണ്.

17.0 നിലവിലെ പൊതു/അർദ്ധ പൊതുഉപയോഗങ്ങൾ, വ്യാവസായിക ഉപയോഗങ്ങൾ, ഗതാഗത ഉപയോഗങ്ങൾ, കാറി പ്രദേശം എന്നിവ അതേപടി നിലനിർത്തിയിരിക്കുന്നു. നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ പൊതു/അർദ്ധ പൊതു ഉപയോഗ സോൺ, വ്യാവസായിക ഉപയോഗ സോൺ, ഗതാഗത സോൺ, കാറി പ്രദേശം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സോണുകളിൽ, പ്രസ്തുത ഉപയോഗത്തിൽ ഉൾപ്പെടാത്ത സ്വകാര്യ ഭൂമി ഉൾപ്പെടുന്നതായി വസ്തു സംബന്ധമായ റവന്യു രേഖകൾ പരിശോധിച്ച് സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം, പ്രസ്തുത വസ്തുവിൽ സമീപമുള്ള അനുയോജ്യമായ സോണിലെ വികസന നിയന്ത്രണങ്ങൾ പ്രകാരം സെക്രട്ടറിക്ക് നിർമ്മാണം അനുവദിക്കാവുന്നതാണ്.

18.0 നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ നിലവിൽ തോടുകൾ / ജലാശയങ്ങൾ എന്നിവയായി അടയാളപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളിൽ തോടുകളോ / ജലാശയങ്ങളോ അല്ലാത്ത സ്വകാര്യ ഭൂമി ഉൾപ്പെടുന്നുവെന്ന്, വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ച് സെക്രട്ടറിക്കു ബോധ്യപ്പെടുന്ന പക്ഷം, ജല നിർഗ്ഗമന പാതകൾക്ക തടസ്സം വരുന്നില്ലെന്ന് ഉറപ്പ് വരുത്തി, പ്രസ്തുത വസ്തുവിൽ സമീപമുള്ള സോണിലെ വികസന നിയന്ത്രണങ്ങൾ പ്രകാരം സെക്രട്ടറിക്കു നിർമ്മാണം അനുവദിക്കാവുന്നതാണ്.

19.0 കേന്ദ്ര/സംസ്ഥാന/തദ്ദേശസ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾ/ പദ്ധതികൾ എല്ലാ സോണുകളിലും (ജലാശയങ്ങൾ, ജലാശയ ബഫർ എന്നിവയിൽ ഒഴികെ) അനുവദനീയമാണ്.

20.0 'നെൽപാടങ്ങളും താഴ്ന്ന ഭൂപ്രദേശങ്ങളും' എന്ന ഭൂവിനിയോഗ സോണിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങൾ, സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ പെടുന്നതല്ലെങ്കിൽ, 300sqm ബിൽറ്റ് അപ്പ് ഏരിയ വരെ ഉള്ള വാസഗൃഹങ്ങൾ സെക്രട്ടറിക്ക് അനുവദിക്കാവുന്നതാണ്.

21.0 വ്യത്യസ്ത ഭൂവിനിയോഗ സോണുകൾ ഒരൊറ്റ പ്ലോട്ടിനുള്ളിൽ സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ ഈ സോണുകളുടെ വികസന നിയന്ത്രണങ്ങൾ അനുസരിച്ച് അനുവദനീയമായ എല്ലാ ഉപയോഗങ്ങളും പ്രസ്തുത പ്ലോട്ടിൽ സെക്രട്ടറിക്ക് അനുവദിക്കാവുന്നതാണ്. എന്നാൽ സമർപ്പിച്ച അപേക്ഷയിൽ, അനുവദനീയ ഉപയോഗത്തിൽ ഉൾപ്പെടാത്തതും, നിയന്ത്രിത ഉപയോഗത്തിൽ ഉൾപ്പെടുന്നതുമായ നിർമ്മാണങ്ങൾക്ക, ടൗൺ പ്ലാനറുടെ കാൺകറൻസോട് കൂടി സെക്രട്ടറിക്ക് അനുമതി നൽകാവുന്നതാണ്.എന്നാൽ ജലാശയങ്ങൾ, ജലാശയ ബഫർ, നെൽപ്പാടങ്ങളും താഴ്ന്ന ഭൂപ്രദേശങ്ങളും എന്നിവയിൽ വരുന്ന പ്ലോട്ടിന്റെ ഭാഗത്തിന് ഈ വ്യവസ്ഥ ബാധകമല്ല.

22.0 നിർദ്ദിഷ്ട വിനിയോഗ മാപ്പിൽ തോട്, കനാൽ, നദി, നിലവിലുള്ള പൊതുറോഡ്, റെയിൽവേ ലൈൻ എന്നിവയുടെ സർവേ അതിർത്തികളുടെ അഭാവത്തിൽ അവയുടെ അതിർത്തി തിരിച്ചറിയുന്നതിൽ വ്യക്തതക്കുറവ് ഉണ്ടാകുന്ന പക്ഷം, ഇവയുടെ റവന്യൂ രേഖകൾ, ഭൂമിയിലെ യഥാർത്ഥ സ്ഥാനം എന്നിവയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

23.0 0.5 ഹെക്ടറിൽ കുറയാതെ വിസ്തീർണമുള്ള സ്ഥലത്ത് 50 കോടി രൂപയിലേറെ മുതൽ മുടക്കു നടത്തുകയും, പ്രോജക്ട് കമ്മീഷൻ ചെയ്തു കഴിയുമ്പോൾ 250 പേർക്കെങ്കിലും പ്രത്യക്ഷ തൊഴിൽ നൽകുകയും ചെയ്യുന്ന തരത്തിലുള്ള വൻകിട വികസന നിർദേശത്തിന് ജലാശയങ്ങൾ, ജലാശയ ബഫർ ഒഴികെ മറ്റുള്ള സോണുകളിൽ അനുമതി നൽകാവുന്നതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് (നഗരകാര്യ) സെക്രട്ടറി അദ്ധ്യക്ഷനായും, തദ്ദേശ സ്വയംഭരണ

വകുപ്പ് (പ്ലാനിംഗ്) ന്റെ ചീഫ് ടൗൺ പ്ലാനറും, ആസൂത്രണ പ്രദേശത്തിന്റെ ചുമതലയുള്ള ജില്ലാ ടൗൺ പ്ലാനറും (കൺവീനർ), നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിയും അംഗങ്ങളുമായുള്ള ഒരു സമിതി സർക്കാർ ഇതിനായി രൂപീകരിക്കുന്നതും താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം സമിതിയുടെ ശുപാർശയിന്മേൽ അനുമതി നൽകാവുന്നതാണ്:

a. പ്രസ്തുത പ്രോജക്ടിന്റെ ഡെവലപ്പർ പ്രോജക്ടിന്റെ സാധ്യതാ റിപ്പോർട്ടും പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും (obtained from the Ministry of Environment and Forests,) സമിതിയുടെ യോഗ തീയതിക്ക് 15 ദിവസം മുമ്പെങ്കിലും സമിതി കൺവീനർക്കു സമർപ്പിക്കേണ്ടതാണ്.
b. ബന്ധപ്പെട്ട സംസ്ഥാന - കേന്ദ്ര ഏജൻസികളുടെ ക്ലിയറൻസുകളെല്ലാം തന്നെ ഡെവലപ്പർ സമിതിക്കു മുമ്പാകെ ഹാജരാക്കേണ്ടതാണ്.
c. ജല വിതരണം, മലിന ജല നിർമ്മാർജ്ജനം, ഖര മാലിന്യ സംസ്കരണം തുടങ്ങിയ പശ്ചാത്തല സൗകര്യ സംവിധാനങ്ങൾക്കെല്ലാം പര്യാപ്തമായ തോതിൽ തുക പ്രോജക്ടിൽ വകയിരുത്തേണ്ടതാണ്. പ്രത്യേക മലിന ജല നിർമ്മാർജ്ജന പ്ലാന്റും, ഖര മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും ഡെവലപ്പർ സ്വന്തം ചെലവിൽ ഏർപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്.
d. മേൽപ്പറഞ്ഞ സംവിധാനങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് നഗരസഭാ സെക്രട്ടറിക്ക് ഡെവലപ്പർ ഒരു ധാരണ പത്രം നൽകേണ്ടതാണ്.
e. പ്രാപ്യമായ റോഡിന്റെ ഏറ്റവും കുറഞ്ഞ വീതി 10 മീ. അഥവാ സമിതിയുടെ നിർദ്ദേശാനുസരണം ആയിരിക്കണം.
f. പ്രത്യേകം സൂചിപ്പിച്ചിട്ടില്ലെങ്കിൽ പ്രോജക്ട് 5 വർഷക്കാലയളവിനകം പൂർത്തീകരിക്കേണ്ടതാണ്.

24.0 Noise Pollution (Regulation & Control) Rule, 2000, അനുബന്ധ ഭേദഗതികൾ എന്നിവ പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന 'silence zone', ഈ മാസ്റ്റർ പ്ലാനിന് കീഴിലുള്ള അത്തരം പ്രദേശങ്ങൾക്ക് ബാധകമായിരിക്കും.

25.0 ജലാശയങ്ങൾ, ജലാശയ ബഫർ എന്നിവ ഒഴികെ എല്ലാ സോണുകളിലും Transmission/ Telecommunication/ Mobile tower, wireless station, പബ്ലിക് യൂട്ടിലിറ്റി കെട്ടിടങ്ങൾ, വാട്ടർ ടാങ്ക്, electric charging station അനുവദിനീയമാണ്.

26.0 ടോട്ട് ലോട്ട്, പാർക്ക് എന്നീ ഉപയോഗങ്ങൾ എല്ലാ സോണുകളിലും അനുവദിനീയമാണ്.

27.0 പബ്ലിക് യൂട്ടിലിറ്റി കെട്ടിടങ്ങൾ എന്നാൽ പൊതു ജന സേവനങ്ങൾക്കായി ഉപയോഗപ്രദമാകുന്ന കെട്ടിടങ്ങൾ എന്നാണ് ഉദ്ദേശിച്ചിരിക്കുന്നത് :ഉദാ .toilet, restroom, bus stop, ATM തുടങ്ങിയവ.

28.0 വിവിധ സോണുകളിലെ അനുവദനീയവും നിയന്ത്രിതവും, നിരോധിതയുമായ ഉപയോഗങ്ങൾ

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.1	**പാർപ്പിട ഉപയോഗ സോൺ**			
	പാർപ്പിടങ്ങൾ, അപ്പാർട്ട്മെന്റുകൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ	ആരാധനാലയങ്ങൾ		പ്രത്യേകം സൂചിപ്പിച്ചിട്ടില്ലെങ്കിലും ഉപയോഗം
	ക്രഷുകൾ, ഡേകെയർ സെന്ററുകൾ, നഴ്സറി സ്കൂൾ, കിന്റർ ഗാർട്ടൻ, അംഗൻവാടി, പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകൾ മുതൽ ഹയർ സെക്കണ്ടറി സ്കൂളുകൾ വരെ, നിലവിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിപുലീകരണം			
	രോഗ നിർണ്ണയ കേന്ദ്രങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ (ഔട്ട് പേഷ്യന്റ്)- തറ വിസ്തീർണ്ണം 500 ച.മീ. വരെ			
	കടകൾ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, റസ്റ്റോറന്റുകൾ- തറ വിസ്തീർണ്ണം 400 ച.മീ. വരെ			

	കയർ ഉൾപ്പെടെയുള്ള കുടിൽ വ്യവസായങ്ങൾ, ശല്യരഹിതവും, അസഹനീയമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1 കാണുക) - തറ വിസ്തീർണ്ണം 200 m^2 വരെ			
	ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് - തറ വിസ്തീർണ്ണം 200 m^2 വരെ			
	ഗോഡൗൺ/ വെയർ ഹൗസ്/ അപകടരഹിതമായ വസ്തുക്കളുടെ സംഭരണം, സ്റ്റാക്കിംഗ്യാർഡ് - തറ വിസ്തീർണ്ണം 150.ച.മീ. വരെ			
	അസംബ്ലിഹാൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപങ്ങൾ, കമ്മ്യൂണിറ്റിഹാളുകൾ, എക്സിബിഷൻ ഹാളുകൾ, ഗ്രന്ഥശാലകൾ, ജിംനേഷ്യം, സമ്മേളന ഹാളുകൾ- തറ വിസ്തീർണ്ണം 500 ച.മീ. വരെ			
	മാലിന്യ സംസ്കരണ സംവിധാനങ്ങൾ			
	പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളും അനുബന്ധ നിർമ്മാണങ്ങളും			
പ്രവേശന വഴിക്ക് കുറഞ്ഞത് 8 മീറ്റർ നിലവിൽ/നിർദ്ദിഷ്ട വീതി ഉണ്ടെങ്കിൽ				
	ലോഡ്ജുകൾ, ഡോർമെറ്ററികൾ, ഹോസ്റ്റലുകൾ, ടൂറിസ്റ്റ് ഹോമുകൾ, ഹോട്ടലുകൾ, അതിഥി മന്ദിരങ്ങൾ- തറ വിസ്തീർണ്ണം 1000 ച.മീ. വരെ			പ്രത്യേകം സൂചിപ്പിച്ചിട്ടാത്ത മറ്റേതെങ്കിലും ഉപയോഗം
	നിലവിലെ മെഡിക്കൽ സ്ഥാപനങ്ങളുടെ വിപുലീകരണം	ഗ്യാസ് ഗോഡൗണുകൾ		
	കടകൾ, ബാങ്കുകൾ ധനകാര്യസ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, റസ്റ്റൊറന്റുകൾ- തറ വിസ്തീർണ്ണം 1000 ച.മീ. വരെ	കടകൾ, ബാങ്കുകൾ ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, റസ്റ്റൊറന്റുകൾ- മൾട്ടിപ്ലക്സ്, ഷോപ്പിംഗ് മാൾ തറ വിസ്തീർണ്ണം 1000 ച.മീ. -നു മുകളിൽ		
	തീയേറ്ററുകൾ, സിനിമാശാലകൾ, അസംബ്ലിഹാളുകൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപം, കമ്മ്യൂണിറ്റി ഹാളുകൾ, പ്രദർശനകേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ, ജിംനേഷ്യം, സമ്മേളനഹാളുകൾ- തറ വിസ്തീർണ്ണം 1000 ച.മീ. വരെ	തീയേറ്ററുകൾ, സിനിമാശാലകൾ, അസംബ്ലിഹാളുകൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപം, കമ്മ്യൂണിറ്റി ഹാളുകൾ, പ്രദർശനകേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ, ജിംനേഷ്യം, സമ്മേളനഹാളുകൾ- തറ വിസ്തീർണ്ണം 1000 ച.മീ നു മുകളിൽ	.	

		ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ		
	ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ			
	ആശുപത്രികൾ, ആരോഗ്യ കേന്ദ്രങ്ങൾ, രോഗ നിർണ്ണയ കേന്ദ്രങ്ങൾ			

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.2	**പാർപ്പിട സമ്മിശ്ര ഉപയോഗ സോൺ**			
	പാർപ്പിട ഉപയോഗ സോണിലും, കരകൃഷി ഉപയോഗ സോണിലും ഉൾപ്പെട്ട താഴെ പരാമർശിച്ചിരിക്കുന്ന പ്രദേശങ്ങൾ മാത്രം 'പാർപ്പിട സമ്മിശ്ര ഉപയോഗ സോൺ' ആയി കണക്കാക്കുന്നു. I. തിരുവനന്തപുരം-നെയ്യാറ്റിൻകര-കന്യാകുമാരി ഹൈവേയുടെ അതിരു കളിൽ നിന്നും, 200 മീറ്റർ വരെ വശങ്ങളിലേയ്ക്കുള്ള ഭൂമി. II. താഴെ നൽകിയിരിക്കുന്ന റോഡുകളുടെ അതിരുകളിൽ നിന്നും 150 മീറ്റർ വരെ ഉള്ളിലേയ്ക്കുള്ള ഭൂമി. 1. നെയ്യാറ്റിൻകര- കാട്ടാക്കട റോഡ്. 2. നെയ്യാറ്റിൻകര- പൂവ്വാർ റോഡ്. പ്ലോട്ടിന്റെ 75% വരെ മേൽ നിർദ്ദേശിച്ചിരിക്കുന്ന അതിരുകൾക്കുള്ളിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ പ്ലോട്ടിനെ പൂർണ്ണമായും പാർപ്പിട സമ്മിശ്ര ഉപയോഗ സോൺ ആയി കണക്കാക്കാവുന്നതാണ്.			
	പാർപ്പിട ഉപയോഗ സോണിൽ അനുവദനീയമായ എല്ലാ ഉപയോഗങ്ങളും	ആരാധനാലയങ്ങൾ		പ്രവേശന വഴിക്ക് കുറഞ്ഞത് 8 മീറ്റർ നിലവിൽ/നിർദ്ദിഷ്ട വീതി ഉണ്ടെങ്കിൽ മാത്രം ഉപയോഗം
	ആട്ടോമൊബൈൽ വർക്ക് ഷോപ്പ്, ആട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷനുകൾ തറ വിസ്തീർണ്ണം 1000 ച.മീ. വരെ			
	പാർക്കിംഗ് പ്ലാസകൾ, ഓട്ടോ/ജീപ്പ്/ടാക്സി സ്റ്റാൻഡ്			
	പ്രവേശന വഴിക്ക് കുറഞ്ഞത് 8 മീറ്റർ നിലവിൽ/നിർദ്ദിഷ്ട വീതി ഉണ്ടെങ്കിൽ			
	പാർപ്പിട ഉപയോഗ സോണിൽ അനുവദനീയമായ എല്ലാ ഉപയോഗങ്ങളും			
	കടകൾ, പ്രൊഫഷണൽ ഓഫീസുകൾ, വാണിജ്യ ഓഫീസുകൾ/സ്ഥാപനങ്ങൾ, ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, റസ്റ്റോറെന്റുകൾ/കാന്റീൻ, ഹോട്ടലുകൾ, മാർക്കറ്റുകൾ, വെയ് ബ്രിഡ്ജ്	ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ ഗ്യാസ് ഗോഡൗണുകൾ		
	ഐടി/സോഫ്റ്റ് വെയർ യൂണിറ്റുകൾ- തറ വിസ്തീർണ്ണം- 1000 ച. മി. വരെ.			
	കയർ ഉൾപ്പെടെയുള്ള കുടിൽ വ്യവസായങ്ങൾ, ശല്യരഹിതവും, അസഹനീയമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1 കാണുക) - തറ വിസ്തീർണ്ണം - 500 m^2വരെ	ആട്ടോമൊബൈ വർക്ക് ഷോപ്പുകൾ /ആട്ടോമൊബൈ ൽ സർവ്വീസ് സ്റ്റേഷനുകൾ/ എന്നിവയുടെ തറ വിസ്തീർണ്ണം - 1000 ച.മീ. നു മുകളിൽ		
	ഗോഡൗണുകൾ/വെയർ ഹൗസുകൾ/അപകടരഹിത			

	മായ വസ്തുക്കളുടെ സംഭരണം എന്നിവയുടെ തറ വിസ്തീർണ്ണം-300 ച.മി. വരെ.			

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.3	**വാണിജ്യ ഉപയോഗ സോൺ**			
	കടകൾ, ഷോപ്പിംഗ് കോംപ്ലക്സ്, ഷോപ്പിംഗ് മാൾ, മൾട്ടിപ്ലക്സ്, ഹൈപ്പർ മാർക്കറ്റ്, റെസ്റ്റോറന്റ്, ഹോട്ടൽ, മാർക്കറ്റ്	ആരാധനാലയങ്ങൾ		
	പ്രൊഫഷണൽ ഓഫീസുകൾ, വാണിജ്യ ഓഫീസുകൾ/ സ്ഥാപനങ്ങൾ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഐ.ടി സോഫ്റ്റ് വെയർ യൂണിറ്റുകൾ			
	സിനിമാശാലകൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപം, കമ്മ്യൂണിറ്റി ഹാൾ			
	ഗോഡൗൺ/ വെയർ ഹൗസ്/ അപകടരഹിതമായ വസ്തുക്കളുടെ സംഭരണം, സ്റ്റാക്കിംഗ്യാർഡ്	ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ ഗ്യാസ് ഗോഡൗണുകൾ		
	ജിംനേഷ്യം, യോഗ സെന്ററുകൾ			
	കുടിൽ വ്യവസായങ്ങൾ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, ആട്ടോ മൊബൈൽ സർവ്വീസ് സ്റ്റേഷൻ, കോൾഡ് സ്റ്റോറേജ്, തടി മില്ല്, വെയ് ബ്രിഡ്ജ്, പ്രിന്റിംഗ് പ്രസ്സ്, ഐ.ടി ഹാർഡ് വെയർ/ ഇലക്ട്രോണിക് വ്യവസായങ്ങൾ, മാർബിൾ/ഗ്രാനൈറ്റ് സ്റ്റോറേജ്/ കട്ടിംഗ് സെന്റർ, ശല്യരഹിതവും അസഹനീയവുമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1 കാണുക) എന്നിവയുടെ തറ വിസ്തീർണ്ണം - 300 ച.മീ വരെ.	അറവുശാലകൾ, ഡയറി/ ഡയറിഫാം, പൗൾട്രി ഫാം		
	നിലവിലെ പാർപ്പിടങ്ങളുടെ വിപുലീകരണം, വാസഗൃഹങ്ങൾ, താഴത്തെ നിലകൾ വാണിജ്യ ഉപയോഗത്തിനുള്ള അപ്പാർട്ട്മെന്റുകൾ/ ഫ്ളാറ്റുകൾ, ഹോസ്റ്റൽ, ബോർഡിംഗ് ഹൗസ്,			പ്രത്യേകം സൂചിപ്പിച്ചിട്ടിാത്ത മറ്റേതെങ്കിലും ഉപയോഗം

	ലോഡ്ജുകൾ, അതിഥി മന്ദിരങ്ങൾ, ആശ്രമം, മഠം, മദ്രസ.			
	ഡേകെയർ, ക്രഷ്, നഴ്സറി/ കിന്റർ ഗാർട്ടൻ, നിലവിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലീകരണം			
	സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ, ഗ്രന്ഥശാല, വായനശാല, പ്രദർശന കേന്ദ്രം, ആർട്ട് ഗ്യാലറി മ്യൂസിയം, കൺവെൻഷൻ സെന്റർ			
	ക്ലിനിക്, രോഗ നിർണ്ണയ കേന്ദ്രം, ആശുപത്രികൾ - 10 കിടക്കകൾ വരെ നിലവിലെ മെഡിക്കൽ സ്ഥാപനങ്ങളുടെ വിപുലീകരണം.			
	കളിസ്ഥലങ്ങൾ, മേളകൾക്കുള്ള മൈതാനം, ഓപ്പൺ എയർ തീയേറ്റർ.			
	പാർക്കിംഗ് പ്ലാസ, ട്രാൻസ്പോർട്ട് ടെർമിനൽ			
	മാലിന്യ സംസ്കരണ സംവിധാനങ്ങൾ			
	പ്രവേശന വഴിയ്ക്ക് കുറഞ്ഞത് 8 മീറ്റർ നിലവിൽ/നിർദ്ദിഷ്ട വീതി ഉണ്ടെങ്കിൽ			
	ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ,		മൾട്ടിപ്ലക്സ് കോംപ്ലെക്സ്	പ്രത്യേകം സൂചിപ്പിച്ചിട്ടിാത്ത മറ്റേതെങ്കിലും ഉപയോഗം
	ഔട്ട് ഡോർ ഗെയിംസ് സ്റ്റേഡിയം			

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.4	**വാണിജ്യ ഉപകേന്ദ്ര സോൺ**			
	കടകൾ, ഷോപ്പിംഗ് കോംപ്ലക്സ്, റെസ്റ്റോറെന്റ്, ഹോട്ടൽ, മാർക്കറ്റ്	ആരാധനാലയങ്ങൾ		പ്രത്യേകം സൂചിപ്പിച്ചിട്ടിാത്ത മറ്റേതെങ്കിലും ഉപയോഗം
	പ്രൊഫഷണൽ ഓഫീസുകൾ, വാണിജ്യ ഓഫീസുകൾ/ സ്ഥാപനങ്ങൾ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഐ.ടി സോഫ്റ്റ് വെയർ യൂണിറ്റുകൾ, സിനിമാശാലകൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപം, കമ്മ്യൂണിറ്റി ഹാൾ			
	ജിംനേഷ്യം, യോഗ സെന്ററുകൾ			
	കുടിൽ വ്യവസായങ്ങൾ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, ആട്ടോ മൊബൈൽ സർവ്വീസ് സ്റ്റേഷൻ, ശല്യരഹിതവും അസഹനീയവുമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1 കാണുക)	അറവുശാലകൾ,		

	എന്നിവയുടെ തറ വിസ്തീർണ്ണം - 300 ച.മീ വരെ.			
	നിലവിലെ പാർപ്പിടങ്ങളുടെ വിപുലീകരണം, വാസഗൃഹങ്ങൾ, താഴത്തെ നിലകൾ വാണിജ്യ ഉപയോഗത്തിനുള്ള അപ്പാർട്ട്മെന്റുകൾ/ ഫ്ളാറ്റുകൾ, ഹോസ്റ്റൽ, ബോർഡിംഗ് ഹൗസ്, ലോഡ്ജുകൾ, അതിഥി മന്ദിരങ്ങൾ, ആശ്രമം, മഠം, മദ്രസ.	ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ, ഗ്യാസ് ഗോഡൗണുകൾ		
	ഡേകെയർ, ക്രഷ്, നഴ്സറി/ കിന്റർ ഗാർട്ടൻ, നിലവിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലീകരണം			
	സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ, ഗ്രന്ഥശാല, വായനശാല, പ്രദർശന കേന്ദ്രം , ആർട്ട് ഗ്യാലറി മ്യൂസിയം, കൺവെൻഷൻ സെന്റർ			
	ക്ലിനിക്, രോഗ നിർണ്ണയ കേന്ദ്രം, നിലവിലെ മെഡിക്കൽ സ്ഥാപനങ്ങളുടെ വിപുലീകരണം.			
	കളിസ്ഥലങ്ങൾ			
	പാർക്കിംഗ് പ്ലാസ / ഏരിയ			
	മാലിന്യ സംസ്കരണ സംവിധാനങ്ങൾ			

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.5	**വ്യാവസായിക ഉപയോഗ സോൺ**			
	ശല്യരഹിതവും അസഹനീയവുമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1) ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, ആട്ടോ മൊബൈൽ സർവ്വീസ് സ്റ്റേഷൻ, സ്പ്രേ പെയിന്റിംഗ് വർക്ക്ഷോപ്പ്, തടി മില്ല്, ടിംബർ യാഡ്, ഐസ് ഫാക്ടറി, കോൾഡ് സ്റ്റോറേജ്, മത്സ്യ- മാംസ സംസ്കരണ യൂണിറ്റ്, പ്രിന്റിംഗ് പ്രസ്സ്, ജലശുദ്ധീകരണ പ്ലാന്റ്, മാർബിൾ- ഗ്രാനൈറ്റ് സ്റ്റോറേജ്/ കട്ടിംഗ് സെന്റർ, വിവര സാങ്കേതിക വ്യവസായങ്ങൾ.	ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ ഗ്യാസ് ഗോഡൗണുകൾ ക്രഷർ യൂണിറ്റ്. സ്ഫോടക വസ്തുക്കളുടെയും, കരിമരുന്നുകളുടെയും സംഭരണം		പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം
	ഗോഡൗൺ/വെയർ ഹൗസ്/ അപകടരഹിതമായ വസ്തുക്കളുടെ സംഭരണം, സ്റ്റാക്കിംഗ്യാർഡ്, വെയ് ബ്രിഡ്ജ്.	അറവുശാല.		
	ഡയറി, ഡയറിഫാം/ ഡയറിയുമായി ബന്ധപ്പെട്ട	നിലവിലെ വ്യാവസായിക		

	വ്യവസായങ്ങൾ, പൗൾട്രി ഫാം, പന്നി ഫാം, പുകപ്പുര.	കെട്ടിടങ്ങളുടെ ഉപയോഗമാറ്റം		
	ഡ്രൈക്ലീനിംഗ് പ്ലാന്റ്, പവർപ്ലാന്റ്, സബ്സ്റ്റേഷൻ	ശല്ല്യമുള്ളതും, അസഹനീയവുമായ ഇനം വ്യവസായങ്ങൾ (അനുബന്ധം II)		
	വ്യവസായിക ഉപയോഗവുമായി ബന്ധപ്പെട്ട ഗതാഗത ടെർമിനലുകൾ.			
	വ്യവസായിക ഉപയോഗവുമായി ബന്ധപ്പെട്ട പാർപ്പിട ഉപയോഗങ്ങളും, മറ്റ് അനുബന്ധ ഉപയോഗങ്ങളും. മേൽപ്പറഞ്ഞ പാർപ്പിട ആവശ്യവുമായി ബന്ധപ്പെട്ട പാർക്കുകൾ, കളിസ്ഥലങ്ങൾ			
	മാലിന്യ സംസ്കരണ സംവിധാനങ്ങൾ			

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.6	**പൊതു-അർദ്ധ പൊതു ഉപയോഗ സോൺ** സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതപരമായ കെട്ടിടങ്ങൾ, അസംബ്ലി ഉപയോഗങ്ങൾ (ഉദാ : ഓഡിറ്റോറിയം, കൺവെൻഷൻ സെന്റർ, കമ്മ്യൂണിറ്റി ഹാൾ, ആരാധനാലയങ്ങൾ, മുതലായവ) എന്നിവയാണ് പൊതു അർദ്ധ പൊതു ഉപയോഗങ്ങൾ ആയി കണക്കാക്കിയിരിക്കുന്നത്.)			
	ലോക്കൽ/ സ്റ്റേറ്റ്/സെൻട്രൽ ഗവൺമെന്റ്/പബ്ലിക് സെക്ടർ ഓഫീസുകൾ/ സ്ഥാപനങ്ങൾ മറ്റ് പൊതു ഉപയോഗങ്ങൾ	ക്രമേഷൻ ഗ്രൗണ്ട്/ ക്രമറ്റോറിയം, ബറിയൽ ഗ്രൗണ്ട്, ശവക്കല്ലറകൾ		പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം
	പൊതു - അർദ്ധ പൊതു ഉപയോഗങ്ങളുടെ അനുബന്ധ ഉപയോഗങ്ങൾ	നിലവിലെ പൊതു - അർദ്ധ പൊതു കെട്ടിടങ്ങളുടെ ഉപയോഗമാറ്റം		
	പബ്ലിക് യൂട്ടിലിറ്റി ബിൽഡിംഗ്			
	നിലവിലെ പൊതു - അർദ്ധ പൊതു കെട്ടിടങ്ങളുടെ ഉപയോഗ മാറ്റം വരുത്താതെയുള്ള കൂട്ടിച്ചേർക്കൽ,			
	മാലിന്യ സംസ്കരണ സംവിധാനങ്ങൾ			
	പാർക്കിംഗ് പ്ലാസ/ഏരിയ			

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.7	**കരകൃഷി സോൺ**			
	കൃഷി, പുഷ്പ ഫലകൃഷി, സോഷ്യൽ ഫോറസ്റ്ററി, മറ്റ് ഇനം കൃഷികൾ	ക്രമേഷൻ ഗ്രൗണ്ട്/ ക്രിമറ്റോറിയം, ബറിയൽ ഗ്രൗണ്ട് ശവക്കല്ലറകൾ		
	ഡയറി ഫാം, മത്സ്യഫാം, സീഡ് ഫാം, പൗൾട്രി ഫാം,സസ്യ നഴ്സറി, പമ്പ് ഹൗസ്, കിണറുകൾ, ജലസേചനത്തിനുള്ള	അറവുശാലകൾ		

	കുളങ്ങൾ.			
	വാസഗൃഹങ്ങൾ - തറ വിസ്തീർണ്ണം 300 ച.മീ.			
	അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ധർമ്മശാലകൾ, ആശ്രമം, മഠം, മദ്രസ.	ആരാധനാലയങ്ങൾ		
	ക്ലീനിക് (ഔട്ട് പേഷ്യന്റ്), രോഗ നിർണ്ണയ കേന്ദ്രങ്ങൾ - തറ വിസ്തീർണ്ണം 300 ച.മീ വരെ. നിലവിലെ മെഡിക്കൽ സ്ഥാപനങ്ങളുടെ വിപുലീകരണം.			
	കടകൾ, പ്രൊഫഷണൽ ഓഫീസുകൾ, വാണിജ്യ ഓഫീസുകളും സ്ഥാപനങ്ങളും, ബാങ്കിംഗ്/ ധനകാര്യ സ്ഥാപനങ്ങൾ, റെസ്റ്റോറെന്റുകൾ കാന്റീൻ - തറ വിസ്തീർണ്ണം 300 ച.മീ വരെ.			
	ജിംനേഷ്യം, യോഗ സെന്ററുകൾ,			
	ഡേ കെയർ, ക്രഷ്, നഴ്സറി/ കിൻഡർ ഗാർട്ടൻ/പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകൾ മുതൽ ഹയർ സെക്കൻഡറി തലം വരെ ഗ്രന്ഥശാല, വായനശാല, നിലവിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലീകരണം.			
	ഗോഡൗൺ, വെയർ ഹൗസുകൾ, അപകടരഹിതമായ വസ്തുക്കളുടെ സംഭരണം - തറ വിസ്തീർണ്ണ - 300 ച.മീ വരെ. ശല്യരഹിതവും അസഹനീയവുമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1) ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, ആട്ടോ മൊബൈൽ സർവ്വീസ് സ്റ്റേഷൻ, സ്പ്രേ പെയിന്റിംഗ് വർക്ക്ഷോപ്പ്, തടി മില്ല്, ടിംബർ യാഡ്, ഐസ് ഫാക്ടറി, കോൾഡ് സ്റ്റോറേജ്, മത്സ്യ-മാംസ സംസ്കരണ യൂണിറ്റ്, പ്രിന്റിംഗ് പ്രസ്സ്, ജലശുദ്ധീകരണ പ്ലാന്റ്, മാർബിൾ-ഗ്രാനൈറ്റ് സ്റ്റോറേജ്/			

	കട്ടിംഗ് സെന്റർ, വിവര സാങ്കേതിക വ്യവസായങ്ങൾ			
	കളിസ്ഥലങ്ങൾ,			
	വെയ് ബ്രിഡ്ജ്.			
	മാലിന്യ സംസ്കരണ സംവിധാനങ്ങൾ പബ്ലിക് യൂട്ടിലിറ്റി കെട്ടിടങ്ങൾ			
പ്രവേശന വഴിയ്ക്ക് കുറഞ്ഞത് 8 മീറ്റർ നിലവിൽ/നിർദ്ദിഷ്ട വീതി ഉണ്ടെങ്കിൽ				
	ക്ലീനിക് (ഔട്ട് പേഷ്യന്റ്), രോഗ നിർണ്ണയ കേന്ദ്രങ്ങൾ - തറ വിസ്തീർണ്ണം - 500 ച.മീ. വരെ	ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ ഗ്യാസ് ഗോഡൗണുകൾ സ്ഫോടക വസ്തുക്കളുടെയും, കരിമരുന്നുകളുടെ-യും സംഭരണം		പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം
	കടകൾ, പ്രൊഫഷണൽ ഓഫീസുകൾ, വാണിജ്യ ഓഫീസുകളും സ്ഥാപനങ്ങളും ബാങ്കിംഗ്/ ധനകാര്യ സ്ഥാപനങ്ങൾ, റെസ്റ്റോറെന്റുകൾ, കാന്റീൻ, - തറ വിസ്തീർണ്ണം - 500 ച.മീ. വരെ.	ശല്ല്യവും, അസഹനീയവുമായ തരം വ്യവസായങ്ങൾ (അനുബന്ധം II)		
	ജിംനേഷ്യം, യോഗ സെന്ററുകൾ,			
	ഗോഡൗൺ, വെയർ ഹൗസുകൾ, അപകടരഹിതമായ വസ്തുക്കളുടെ സംഭരണം - തറ വിസ്തീർണ്ണം - 500 ച.മീ. വരെ.			
	ആഡിറ്റോറിയം, കല്ല്യാണമണ്ഡപം, കമ്മ്യൂണിറ്റിഹാൾ - തറ വിസ്തീർണ്ണം - 1000 ച.മീ വരെ.	ആഡിറ്റോറിയം, കല്ല്യാണമണ്ഡപം, കമ്മ്യൂണിറ്റിഹാൾ - തറ വിസ്തീർണ്ണം 1000 ച.മീ. നു മുകളിൽ		
	ആരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ			
	ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ			
	അപ്പാർട്ടുമെന്റുകൾ, വാസഗൃഹങ്ങൾ			

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.8	**ഗതാഗത സോൺ**			
	ഗതാഗത ടെർമിനലുകളും, മറ്റ് അനുബന്ധ നിർമ്മാണങ്ങളും.	ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ		പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം
	ഗതാഗത ടെർമിനലുമായി ബന്ധപ്പെട്ട ഷോപ്പുകൾ/			

	റെസ്റ്റോറെന്റുകൾ/കാന്റീൻ			
	ഗതാഗത ടെർമിനലുമായി ബന്ധപ്പെട്ട സ്റ്റാഫ് ക്വാർട്ടേഴ്സ്, ഓഫീസ്, അതിഥി മന്ദിരങ്ങൾ.			
	പാർക്കിംഗ് ഏരിയ/ പ്ലാസ, ഓട്ടോ/ടാക്സി/ജീപ്പ് സ്റ്റാൻഡ്			
	റെയിൽ ഗതാഗതവുമായി ബന്ധപ്പെട്ട ഉപയോഗങ്ങളും, നിർമ്മാണങ്ങളും			
	മാലിന്യ സംസ്കരണ സംവിധാനങ്ങൾ പബ്ലിക് യൂട്ടിലിറ്റി കെട്ടിടങ്ങൾ			

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ	നിയന്ത്രിത ഉപയോഗങ്ങൾ-1	നിയന്ത്രിത ഉപയോഗങ്ങൾ-2	നിരോധിത ഉപയോഗങ്ങൾ
28.9	**നെൽപ്പാടങ്ങളും, താഴ്ന്ന ഭൂപ്രദേശങ്ങളും**			
	നെൽ കൃഷി, മറ്റ് ഇനം കൃഷി, പുഷ്പ ഫലകൃഷി, മത്സ്യഫാം/സീഡ്ഫാം/പമ്പ് ഹൗസ്/കിണറുകൾ, ജലസേചനത്തിനുള്ള കുളങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണം / ഭൂവികസനം			പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ
28.10	**ജലാശയങ്ങൾ**
	പട്ടണ പ്രദേശത്തെ എല്ലാ പ്രകൃതിദത്ത ജലാശയങ്ങളുടെയും പരിപൂർണ്ണ സംരക്ഷണം
	1. നെയ്യാറിന്റെ ഇരുവശങ്ങളിൽ നിന്നും 20 m 2. മരുത്തൂർ തോട്, കണ്ണം കഴി തോട്, ചെമ്പകപ്പാറ – വിഷ്ണുപുരം തോട്, കുട്ടപ്പന തോട്, എന്നിവക്ക് ഇരുവശങ്ങളിൽ നിന്നും 5 m
	മേൽപ്പറഞ്ഞ പ്രദേശങ്ങളെ ആസൂത്രിത ഗ്രീൻ സ്പെയ്സ്/വാക്ക് വേ/റിക്രിയേഷണൽ സ്പേയ്സ് എന്നിവ ഒഴികെയുള്ള നിർമ്മാണ രഹിത മേഖലയായി നിർദ്ദേശിക്കുന്നു. (പ്രസ്തുത പ്രദേശങ്ങൾ നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ 'ജലാശയ ബഫർ' ആയി അടയാളപ്പെടുത്തിയിട്ടുണ്ട്.)

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ
28.11	**ക്വാറിപ്രദേശം**
	പ്രവർത്തനക്ഷമമായ ക്വാറികളിലെ നിർമ്മാണങ്ങൾ കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ചട്ടങ്ങൾക്കും, നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കും. നിലവിൽ പ്രവർത്തനരഹിതമായ ക്വാറികളിൽ ആസൂത്രിത ഗ്രീൻ സ്പെയ്സ്/വാക്ക് വേ/റിക്രിയേഷണൽ സ്പേയ്സ്/ക്വാറി പാർക്ക് എന്നിവയും, ഇവയോട് അനുബന്ധിച്ച മറ്റ് ചെറുകിട പൊതു ഉപയോഗങ്ങൾ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും, കേന്ദ്രങ്ങളും

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ
28.12	നിർദ്ദിഷ്ട **ടൗൺ ഹാൾ** *(നെയ്യാറ്റിൻകര വില്ലേജിൽ ടൗൺബ്ലോക്ക് 26 ൽ സർവ്വെ നം. 3,4,5,6,7,8,9,10)*
	ടൗൺഹാൾ, മേളകൾക്കുള്ള മൈതാനം, പാർക്ക് എന്നിവയ്ക്കാവശ്യമായ നിർമ്മിത ഉപയോഗങ്ങൾ, മറ്റ് അനുബന്ധ ഉപയോഗങ്ങൾ

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ
28.13	**നിർദ്ദിഷ്ട വ്യാവസായിക ഏരിയ** *(അമരവിള സിഎസ്ഐ ജം. നു സമീപമുള്ള സിഡ്കോ ടൈൽ ഫാക്ടറി പ്രദേശം (ചെങ്കൽ വില്ലേജിൽ ടൗൺബ്ലോക്ക് 79 ൽ സർവ്വെ നം. 32)*
	വ്യവസായ ഏരിയ/ വ്യവസായ എസ്റ്റേറ്റ് ബന്ധപ്പെട്ട നിർമ്മാണങ്ങൾ, മറ്റ് അനുബന്ധ ഉപയോഗങ്ങൾ

ഖണ്ഡിക നമ്പർ	**സ്പെഷ്യൽ സോണുകൾ**
28.14	**സ്പെഷ്യൽ സോണുകളിലെ നിർമ്മാണ പ്രവർത്തനം/ ഭൂവികസനം സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.**

ഖണ്ഡിക നമ്പർ	അനുവദനീയമായ ഉപയോഗങ്ങൾ
28.14.1	**സ്പെഷ്യൽ സോൺ I –കാർഷിക സേവന കേന്ദ്രം** *(കാട്ടാക്കട റോഡിൽ ആലംപൊറ്റ ജം. ന് സമീപം സ്ഥിതിചെയ്യുന്നു) - പെരുമ്പഴുതൂർ വില്ലേജിൽ, ബ്ലോക്ക് 24 ൽ സർവ്വെ നം. 284 (പാർട്ട്)*
	കാർഷിക സേവന കേന്ദ്രത്തിനും, വ്യാവസായിക എസ്റ്റേറ്റിനും ആവശ്യമായ നിർമ്മിത ഉപയോഗങ്ങൾ. മറ്റ് അനുബന്ധ ഉപയോഗങ്ങൾ
28.14.2	**സ്പെഷ്യൽ സോൺ II–പ്രാദേശിക കായിക കേന്ദ്രവും ടൗൺ പാർക്കും** *(നിലവിലെ സ്റ്റേഡിയത്തിന് എതിർവശത്തായി സ്ഥിതി ചെയ്യുന്നു.)* *നെയ്യാറ്റിൻകര വില്ലേജിൽ ടൗൺ ബ്ലോക്ക് 22 ൽ സർവ്വെ നം. 28 മുതൽ 36 വരെ, 44 മുതൽ 49 വരെ, 51 മുതൽ 68 വരെ, 84 മുതൽ 87 വരെ, 90, 92, 98, 133, 134, 141 മുതൽ 144 വരെ, 151, 154, 167, 168(പാർട്ട്), 184*
	സ്റ്റേഡിയം (ഇൻഡോർ, ഔട്ട്ഡോർ), കളിസ്ഥലങ്ങൾ എന്നിവയ്ക്കായുള്ള നിർമ്മാണം (ക്വാർട്ടേഴ്സ്, ഹോസ്റ്റൽ എന്നിവ), പാർക്ക് മറ്റ് അനുബന്ധ ഉപയോഗങ്ങൾ
28.14.3	**സ്പെഷ്യൽ സോൺ III- വയോജന കേന്ദ്രവും ബഡ്സ് സ്കൂളും** *(നിലവിലെ പോലീസ് ക്വാർട്ടേഴ്സിന് സമീപം, റെയിൽവേ ലൈനിനും നെയ്യാറിനും സമീപത്തായി സ്ഥിതി ചെയ്യുന്നു) - നെയ്യാറ്റിൻകര വില്ലേജിൽ ടൗൺബ്ലോക്ക് 53 ൽ സർവ്വെ നം.56, 57(പാർട്ട്)*
	വയോജന കേന്ദ്രം, സ്കൂൾ മറ്റ് അനുബന്ധ ഉപയോഗങ്ങൾ
28.14.4	**സ്പെഷ്യൽ സോൺ IV–ആശുപത്രി വിപുലീകരണ മേഖല** *(നിലവിലെ പോലീസ് ക്വാർട്ടേഴ്സിന് സമീപം, റെയിൽവേ ലൈനിനു സമീപത്തായി സ്ഥിതി ചെയ്യുന്നു) - നെയ്യാറ്റിൻകര വില്ലേജിൽ ടൗൺബ്ലോക്ക് 53 ൽ സർവ്വെ നം. 101, 102, 110 മുതൽ 114 വരെ, 119 മുതൽ 121 വരെ, 123, 124, 31 മുതൽ 43 വരെ, 45*
	ജില്ലാ ആശുപത്രിയുടെ വികസനത്തിനായുള്ള നിർമ്മാണ ഉപയോഗങ്ങൾ. മറ്റ് അനുബന്ധ ഉപയോഗങ്ങൾ.
28.14.5	**സ്പെഷ്യൽ സോൺ V–ഈരാറ്റിൻപുറം പാർക്ക്** *ഈരാറ്റിൻപുറം ടൂറിസം പ്രദേശം (പെരുമ്പഴുതൂർ വില്ലേജിൽ ടൗൺ ബ്ലോക്ക് 24 ൽ സർവ്വെ നം. 9)*
	പാർക്കുകളുടെ വികസനം/ മെച്ചപ്പെടുത്തൽ, ഇക്കോ വാക്ക് വേ, മറ്റ് അനുബന്ധ ടൂറിസം ഉപയോഗങ്ങൾ.
28.14.6	**സ്പെഷ്യൽ സോൺ VI–നെയ്യാർ പാർക്ക്** *(സി.എസ്.ഐ ജം. -ചെങ്കൽ റോഡ് വഴി നെയ്യാറിന്റെ കരയിലായി സ്ഥിതി ചെയ്യുന്നു) -* *(ചെങ്കൽ വില്ലേജിൽ ടൗൺ ബ്ലോക്ക് 81 ൽ സർവ്വെ നം. 117, 118, 121, 122, 123, 183 മുതൽ 192 വരെ)*
	പാർക്കുകളുടെ വികസനം/ മെച്ചപ്പെടുത്തൽ എന്നിവ ഇക്കോ വാക്ക് വേ, മറ്റ് അനുബന്ധ ടൂറിസം ഉപയോഗങ്ങൾ.

33. അനുബന്ധം

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിയിട്ടുള്ള വ്യവസായങ്ങളുടെ തരംതിരിക്കൽ പട്ടികയെ ആസ്പദമാക്കിയാണ് അനുബന്ധം 1, 2 എന്നിവ തയ്യാറാക്കിയിട്ടുള്ളത്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത സമാനമായ ഉപയോഗങ്ങൾ മുഖ്യനഗരാസൂത്രകന്റെ അനുമതിയോടെ പരിഗണിക്കാവുന്നതാണ്.

Annex 1

List of non-obnoxious and non-nuisance type of industries

1	Assembly of air coolers /conditioners ,repairing and servicing
2	Assembly of bicycles ,baby carriages and other small non motorizing vehicles
3	Bailing (hydraulic press)of waste papers
4	Bio fertilizer and bio-pesticides without using inorganic chemicals
5	Biscuits trays etc from rolled PVC sheet (using automatic vacuum forming machines)
6	Blending and packing of tea
7	Block making of printing without foundry (excluding wooden block making)
8	Chalk making from plaster of Paris (only casting without boilers etc. (sun drying / electrical oven)
9	Compressed oxygen gas from crude liquid oxygen (without use of any solvents and by maintaining pressure & temperature only for separation of other gases)
10	Cotton and woolen hosiers making (Dry process only without any dying / washing operation)
11	Diesel pump repairing and servicing (complete mechanical dry process)
12	Electric lamp (bulb) and CFL manufacturing by assembling only
13	Electrical and electronic item assembling (completely dry process)
14	Engineering and fabrication units (dry process without any heat treatment /metal surface finishing operations / painting)
15	Flavoured betel nuts production/ grinding (completely dry mechanical operations)
16	Fly ash bricks/ block manufacturing
17	Fountain pen manufacturing by assembling only
18	Glass ampules and vials making from glass tubes
19	Glass putty and sealant (by mixing with machine only)
20	Ground nut decorticating
21	Handloom/ carpet weaving (without dying and bleaching operation)
22	Leather cutting and stitching (more than 10 machine and using motor)
23	Manufacturing of coir items from coconut husks
24	Manufacturing of metal caps containers etc
25	Manufacturing of shoe brush and wire brush
26	Medical oxygen
27	Organic and inorganic nutrients (by physical mixing)
28	Organic manure (manual mixing)
29	Packing of powdered milk
30	Paper pins and u clips
31	Repairing of electric motors and generators (dry mechanical process)
32	Rope (plastic and cotton)
33	Scientific and mathematical instrument manufacturing
34	Solar module non conventional energy apparatus manufacturing unit
35	Solar power generation through solar photovoltaic cell, wind power and minihydelpower (less than 25 MW)
36	Surgical and medical products assembling only (not involving effluent / emission generating processes)
37	Aluminium utensils from aluminium circles by pressing only (dry mechanical operation)
38	Ayurvedic and homeopathic medicines (without boiler)

39	Bakery /confectionery /sweets products
40	Bi-axially oriented PP film along with metalizing operations
41	Biomass briquettes (sun drying) without using toxic hazardous wastes
42	Blending of melamine resins & different powder, additives by physical mixing
43	Brass and bell metal utensilsmanufacturing fromcircles(dry mechanicaloperation without re-rolling facility)
44	Candy
45	Cardboard or corrugated box and paper products (excluding paper or pulp manufacturing and without using boilers)
46	Carpentry & wooden furniture manufacturing (excluding saw mill) with the help of electrical (motorized) machines such as electrical wood planner, steel saw cutting circular blade, etc.
47	Cement products (without using asbestos / boiler / steam curing) like pipe ,pillar, jafri, well ring, block/tiles etc.(should be done in closed covered shed to control fugitive emissions)
48	Ceramic colour manufacturing by mixing & blending only (not using boiler and wastewater recycling process)
49	Chilling plant, cold storage and ice making
50	Coke briquetting (sun drying)
51	Cotton spinning and weaving (small scale)
52	Dal Mills
53	Decoration of ceramic cups and plates by electric furnace
54	Digital printing on PVC clothes
55	Facility of handling, storage and transportation of food grains in bulk
56	Flour mills (dry process)
57	Glass , ceramic, earthen potteries, tile and tile manufacturing using electrical kiln or not involving fossil fuel kiln
58	Glue from starch (physical mixing) with gas /electrically operated oven /boiler.
59	Gold and silver smithy (purification with acid smelting operation and sulphuric acid polishing operation) (using less or equal to 1 litre of sulphuric acid/ nitric acid per month)
60	Heat treatment with any of the new technology like ultrasound probe , induction hardening , ionization beam, gas carburizing etc.
61	Insulation and other coated papers (excluding paper orpipe manufacturing)
62	Leather foot wear and leather products (excluding tanning and hide processing except cottage scale)
63	Lubricating oil, greases or petroleum based products (only blending at normal temperature)
64	Manufacturing of pasted veneers using gas fired boiler or thermic fluid heater and by sun drying
65	Oil mill Ghani and extraction (no hydrogenation / refining)
66	Packing materials manufacturing from non asbestos fibre, vegetable fibre yarn
67	Phenyl/toilet cleaner formulation and bottling
68	Polythene and plastic processed products manufacturing (virgin plastic)
69	Poultry, Hatchery and Piggery
70	Power looms (without dye and bleaching)
71	Puffed rice (muri) (using gas or electrical heating system)
72	Pulverization of bamboo and scrap wood
73	Ready mix cement concrete
74	Reprocessing of waste cotton
75	Rice mill (Rice hullers only)
76	Rolling mill (gas fired) and cold rolling mill
77	Rubber goods industry (with gas operated baby boiler)
78	Saw mills

79	Soap manufacturing (hand made without steam boiling / boiler)
80	Spice grinding (>20 hp motor)
81	Steel furniture without spray painting
82	Steeping and processing of grains
83	Tyres and tube retreating (without boilers)
84	Chilling plant and icemaking without usingammonia
85	CO2 recovery
86	Distilled water (without boiler) with electricity as source of heat
87	Manufacturing of optical lenses (using electrical furnace)
88	Mineralized water
89	Tamarind powder manufacturing
90	Cutting, sizing and polishing of marble stone
91	Emery powder (fine dust of sand) manufacturing
92	Flyash export, transport &disposal facilities
93	Mineral stack yard / Railway sidings
94	Oil and gas transportation pipeline
95	Seasoning of wood in steam heated chamber
96	Synthetic detergent formulation
97	Tea processing (with boiler)
98	Food and food processing including fruits and vegetable processing
99	Jute processing without dyeing
100	Synthetic detergents and soaps(excluding formulation)
101	Cotton spinning and weaving (medium and large scale)
102	Almirah, Grill Manufacturing (Dry Mechanical Process)
103	Automobile servicing, repairing and painting (excluding only fuel dispensing)
104	Ayurvedic and homeopathic medicine
105	Dairy and dairy products
106	Fermentation industry including manufacture of yeast, beer, distillation of alcohol (Extra Neutral Alcohol)
107	Ice cream
108	Industry or processes involving foundry operations
109	Modular wooden furniture from particle board, MDF< swan timber etc, Ceiling tiles/ partition board from saw dust, wood chips etc., and other agricultural waste using synthetic adhesive resin, wooden box making (With boiler)
110	Non-alcoholic beverages(soft drink) & bottling of alcohol/non alcoholic products
111	Paint blending and mixing (Ball mill)
112	Printing press
113	Cashew nut processing
114	Coffee seed processing

Annex 2

List of obnoxious and nuisance type of industries

1	Dismantling of rolling stocks (wagons/coaches)
2	Chanachur and ladoo from puffed and beaten rice(muri and shira) using husk fired oven
3	Coated electrode manufacturing
4	Compact disc computer floppy and cassette manufacturing / Reel manufacturing
5	Flakes from rejected PET bottle
6	Manufacturing of silica gel
7	Manufacturing of tooth powder, toothpaste, talcum powder and other cosmetic items
8	Printing or etching of glass sheet using hydrofluoric acid
9	Silk screen printing, sari printing by wooden blocks
10	Thermometer manufacturing
11	Aluminium & copper extraction from scrap using oil fired furnace (dry process only)
12	Brickfields (excluding fly ash brick manufacturing using lime process)
13	Ceramics and Refractories
14	Coal washeries
15	Dry coal processing, mineral processing, industries involving ore sintering, pelletisating, grinding & pulverization
16	Ferrous and Non- ferrous metal extraction involving different furnaces through melting, refining, re-processing, casting and alloymaking
17	Fertilizer (granulation / formulation /blending only)
18	Fish feed, poultry feed and cattle feed
19	Fish processing and packing (excluding chilling of fishes)
20	Forging of ferrous and non – ferrous metals (using oil and gas fired furnaces)
21	Formulation/pelletization of camphor tablets, naphthalene balls from camphor/ naphthalene powders.
22	Glass ceramics, earthen potteries and tile manufacturing using oil and gas fired kilns, coating on glasses using cerium fluorides and magnesium fluoride etc.
23	Gravure printing, digital printing on flex, vinyl
24	Heat treatment using oil fired furnace (without cyaniding)
25	Hot mix plants
26	Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 – Items namely - Paint and ink Sludge/residues
27	Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 - Items namely - Brass Dross ,, Copper Dross,, Copper Oxide Mill Scale,, Copper Reverts, Cake & Residues,, Waste Copper and copper alloys in dispersible form,, Slags from copper processing for further processing or refining ,, Insulated Copper Wire,, Scrap/copper with PVC sheathing including ISRI-code material namely “Druid” ,, Jelly filled Copper cables ,, Zinc Dross-Hot dip Galvanizers SLAB,, Zinc Dross-Bottom Dross,, Zinc ash/Skimming arising from galvanizing and die casting operations,,Zinc ash/Skimming/other zinc bearing wastes arising from smelting and refining,, Zinc ash and residues including zinc alloy residues in dispersible from ,,
28	Lime manufacturing (using lime kiln)
29	Liquid floor cleaner, black phenyl, liquid soap, glycerol mono-stearate manufacturing
30	Manufacturing of glass
31	Manufacturing of iodized salt from crude/ raw salt
32	Manufacturing of mirror from sheet glass
33	Manufacturing of mosquito repellent coil
34	Manufacturing of Starch/Sago
35	Mechanized laundry using oil fired boiler

36	Paints and varnishes (mixing and blending)
37	Ply-board manufacturing(including Veneer and laminate) with oil fired boiler/ thermic fluid heater(without resin plant)
38	Potable alcohol (IMFL) by blending, bottling of alcohol products
39	Printing ink manufacturing
40	Reprocessing of waste plastic including PVC
41	Rolling mill (oil or coal fired) and cold rolling mill
42	Spray painting, paint baking, paint shipping
43	Steel and steel products using various furnaces like blast furnace /open hearth furnace/induction furnace/arc furnace/submerged arc furnace /basic oxygen furnace /hot rolling reheated furnace
44	Stone crushers
45	Surgical and medical products including prophylactics and latex
46	Tephlon based products
47	Thermocol manufacturing (with boiler)
48	Tobacco products including cigarettes and tobacco/opium processes
49	Transformer repairing/ manufacturing (dry process only)
50	Tyres and tubes vulcanization/ hotretreating
51	Vegetable oil manufacturing including solvent extraction and refinery /hydrogenated oils
52	Wire drawing and wire netting
53	Dry cell battery (excluding manufacturing of electrodes) and assembling & charging of acid lead battery on micro scale
53	Pharmaceutical formulation and for R & D purpose (For sustained release/ extended release of drugs only and not for commercial purpose)
54	Synthetic resins
55	Synthetic rubber excluding molding
56	Parboiled Rice Mills
57	Foam manufacturing
58	Industries engaged in recycling / reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 – Items namely - Used Oil – As per specifications prescribed from time to time.
59	Industries engaged in recycling / reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 – Items namely - Waste Oil ---As per specifications prescribed from time to time.
60	Producer gas plant using conventional up drift coal gasification (linked to rolling mills glass and ceramic industry refectories for dedicated fuel supply)
61	Isolated storage of hazardous chemicals (as per schedule of manufacturing, storage of hazardous chemicals rules ,1989 as amended)
62	Automobile Manufacturing (integrated facilities)
63	Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 - Items namely - Spent cleared metal catalyst containing copper,, Spent cleared metal catalyst containing zinc,,
64	Manufacturing of lubricating oils ,grease and petroleum based products
65	Industrial carbon including electrodes and graphite blocks, activated carbon, carbon black
66	Lead acid battery manufacturing(excluding assembling and charging of leadacid battery in micro scale)
67	Phosphate rock processing plant
68	Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 - Items namely - Spent catalyst containing nickel, cadmium, Zinc, copper, arsenic, vanadium and cobalt,
69	Processes involving chlorinated hydrocarbo
70	Sugar (excluding Khandsari)

71	Fibre glass production and processing (excluding moulding)
72	Fire crackers manufacturing and bulk storage facilities
73	Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 - Items namely - Dismantlers Recycling Plants -- Components of waste electrical and electronic assembles comprising accumulators and other batteries included on list A, mercury-switches, activated glass cullets from cathode-ray tubes and other activated glass and PCB-capacitors, or any other component contaminated with Schedule 2 constituents (e.g. cadmium, mercury, lead, polychlorinated biphenyl) to an extent that they exhibit hazard characteristics indicated in part C of this Schedule.
74	Milk processes and dairy products(integrated project)
75	Phosphorous and its compounds
76	Pulp & Paper (waste paper based without bleaching process to manufacture Kraft paper)
77	Coke making , liquefaction, coal tar distillation or fuel gas making
78	Manufacturing of explosives, detonators, fuses including management and handling activities
79	Manufacturing of paints varnishes, pigments and intermediate (excluding blending/mixing
80	Organic Chemicals manufacturing
81	Asbestos and asbestos based industries
82	Basic chemicals and electro chemicals and its derivatives including manufacturing of acid
83	Cement
84	Chlorates, per-chlorates & peroxides
85	Chlorine, fluorine, bromine, iodine and their compounds
86	Dyes and Dye- Intermediates
87	Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 - Items namely - Lead acid battery plates and other lead scrap/ashes/residues not covered under Batteries (Management and Handling) Rules, 2001. [* Battery scrap, namely: Lead battery plates covered by ISRI, Code word “Rails” Battery lugs covered by ISRI, Code word “Rakes”. Scrap drained/dry while intact, lead batteries covered by ISRI, Code word “rains”.
88	Industries engaged in recycling / reprocessing/ recovery/reuse of Hazardous Waste under schedule iv of HW(M, H& TBM) rules, 2008 - Items namely - Integrated Recycling Plants -- Components of waste electrical and electronic assembles comprising accumulators and other batteries included on list A, mercuryswitches, activated glass culletsfrom cathode - ray tubes and other activated glass and PCB-capacitors, or any other component contaminated with Schedule 2 constituents (e.g. cadmium, mercury, lead, polychlorinated biphenyl) to an extent that they exhibit hazard characteristics indicated in part C of this Schedule.
89	Manufacturing of glue and gelatin
90	Mining and ore beneficiation
91	Pesticides (technical) (excluding formulation)
92	Photographic film and its chemicals
93	Railway locomotive work shop/Integrated road transport workshop/Authorized service centers
94	Yarn / Textile processing involving any effluent/emission generating processes including bleaching, dyeing, printing and colouring
95	Chlor Alkali
96	Ship Breaking Industries
97	Oil and gas extraction including CBM (offshore & on-shore extraction through drilling wells)

98	Industry or process involving metal surface treatment or process such as pickling/ electroplating/paint stripping/heat treatment using cyanide bath/ phosphating or finishing and anodizing / enamellings/galvanizing
99	Tanneries
100	Synthetic fibers including rayon ,tyre cord, polyester filament yarn
101	Slaughter house (as per notification S.O.270(E)dated 26.03.2001)and meat processing industries, bone mill, processing of animal horn, hoofs and other body parts
102	Aluminium Smelter
103	Copper Smelter
104	Fertilizer (basic) (excluding formulation)
105	Iron & Steel (involving processing from ore/ integrated steel plants) and or Sponge Iron units
106	Pulp & Paper (waste paper based units with bleaching process to manufacture writing & printing paper)
107	Zinc Smelter
108	Petrochemicals Manufacturing (including processing ofEmulsions of oil and water)
109	Pharmaceuticals
110	Pulp & Paper (Large-Agro + wood) , Small Pulp &Paper (agro based-wheat straw/rice husk)
111	Distillery (molasses / grain / yeast based)

Annex 3

നെയ്യാറ്റിൻകര നഗരസഭ - വാർഡുകൾ

വാർഡ് നം.	വാർഡിന്റെ പേര്	വാർഡ് നം.	വാർഡിന്റെ പേര്
1	ആറാലുംമൂട്	23	ഇരുമ്പിൽ
2	പുത്തനമ്പലം	24	ഫോർട്ട്
3	മൂന്നുകല്ലിൻമൂട്	25	വ്ളാങ്കാമുറി
4	കൂട്ടപ്പന	26	കൃഷ്ണപുരം
5	പള്ളിവിളാകം	27	രാമേശ്വരം
6	പുന്നക്കാട്	28	നാരായണപുരം
7	കളത്തുവിള	29	അമരവിള
8	വടക്കോട്	30	പുല്ലാമല
9	മുട്ടക്കാട്	31	പിരായുംമൂട്
10	ഇളവനിക്കര	32	ഓലത്താന്നി
11	മാമ്പഴക്കര	33	ചുണ്ടവിള
12	മുള്ളറവിള	34	അത്താഴമംഗലം
13	പെരുമ്പഴുതൂർ	35	കവളാകുളം
14	ആലംപൊറ്റ	36	പനങ്ങാട്ടുകരി
15	പ്ലാവിള	37	നിലമേൽ
16	തൊഴുക്കൽ	38	മണലൂർ
17	വഴുതൂർ	39	ഊരുട്ടുകാല
18	കൊല്ലംവിള	40	ആലുംമൂട്
19	തവരവിള	41	ടൗൺ
20	കുളത്താമൽ	42	ബ്രഹ്മംകോട്
21	ചായ്ക്കോട്ടുകോണം	43	അതിയന്നൂർ
22	മരുതത്തൂർ	44	വഴിമുക്ക്

Annex 4

നെയ്യാറ്റിൻകര നഗരസഭ -വില്ലേജ്,ബ്ലോക്ക്

വില്ലേജ്	റീസർവ്വേ ബ്ലോക്ക് (ടൗൺ ബ്ലോക്ക്)
കോട്ടുകാൽ	2
അതിയന്നൂർ	1,3,4,5,6,7,8,9,10,11,12,13,14,15,23,24
പെരുമ്പഴുതൂർ	പെരുമ്പഴുതൂർബ്ലോക്ക് 24. ടൗൺ ബ്ലോക്ക് 17,18,19A, 41 മുതൽ 48 വരെ
കൊല്ലയിൽ	കൊല്ലയിൽബ്ലോക്ക് 42. ടൗൺ ബ്ലോക്ക് 65, 67 മുതൽ 73 വരെ
ചെങ്കൽ	74 മുതൽ 82 വരെ
നെയ്യാറ്റിൻകര	നെയ്യാറ്റിൻകര ബ്ലോക്ക് 22,23. ടൗൺ ബ്ലോക്ക് 16, 19യ, 20,21,22, 25 മുതൽ 40 വരെ, 49 മുതൽ 64 വരെ, 66, 83 മുതൽ 97 വരെ



ചിത്രം 33.1 വില്ലേജ്-ബ്ലോക്ക് അതിർത്തി മാപ്പ്